ഐതിഹ്യമാല

(മൂന്നാംഭാഗം)

മ. രാ. രാ.

കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ

എഴുതിയത്

പ്രസാധകന്മാർ:

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

ഐതിഹ്യമാല

(മൂന്നാംഭാഗം)

മ. രാ. രാ.

കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ

എഴുതിയത്

പ്രസാധകന്മാർ:

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.

മൂന്നാംപതിപ്പ് 1000 കോപ്പി.

തൃശ്ശിവപേരൂർ

മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്.

1125

All Rights Reserved

വില 2 ക.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിഷയവിവരം

	പ്രസ്താവന	...	ൻ—ഫഫ
	കൊട്ടാരത്തിൽ ശങ്കുണ്ണി	...	ഫന—നര
ഫ.	കിളിത്തിരുർ കുന്നിന്മേൽ ഭഗവതി	...	1 — 19
ഫ.	പൂന്താനത്തു നമ്പൂരി ...	...	19 — 25
ന.	ആലത്തൂർ നമ്പി ...	...	26 — 45
ര.	വയസ്സൂര ചതുർവ്വേദിഭട്ടതിരിയും യക്ഷിയും		46 — 50
ഒ.	രാമപുരത്തു വാരിയർ ...	...	50 — 52
ന.	ചെമ്പ്രയെഴത്തച്ഛന്മാർ	...	52 — 66
ഒ.	കൊച്ചിഴ്ശകുന്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്	...	66—145
വ.	അമ്മനൂർ പരമേശ്വരച്യാക്യാർ	...	145—150
ൻ.	ചേരാനല്ലൂർ കുഞ്ചുക്കുത്താവു്	...	150—166
ഫ൦.	കൊട്ടാരക്കരശ്ശോശാല ...	...	166—170
ഫഫ.	തേവലശ്ശേരിനമ്പി ...	...	170—214
ഫഫ.	ചില ഈശ്വരന്മാരുടെ പിണക്കം	...	214—217
ഫന.	പറങ്ങോട്ട നമ്പൂരി ...	...	218—222
ഫര.	പാക്കിൽശ്ശാസ്താവു് ...	...	222—228
ഫഠ.	കൊട്ടങ്ങല്ലൂർ വസൂരിമാല	...	228—232
ഫന്ന.	തൃപ്പൂണിത്തുറക്ഷേത്രത്തിലെ ഉത്സവങ്ങൾ		233—237
ഫഒ.	ആറന്മുളമാഹാത്മ്യം ...	...	237—254
ഫവ.	കോന്നിയിൽ കൊച്ചയ്യപ്പൻ	...	254—272

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi



സമർപ്പണം

മഹാമഹിമശ്രീ

സർ, ശ്രീരാമവർമ്മ ജി. സി. ഐ. ഇ.

അത്തം തിരുനാൾ കൊച്ചി മഹാരാജാവു്

തിരുമനസ്സിലെ തൃപ്പാദങ്ങളിൽ ഭയഭക്തി

ബഹുമാനപുരസ്സരം സമർപ്പിക്കുന്നതു്.

തൃപ്പാദഭക്തൻ

വെള്ളായ്ക്കൽ നാരായണമേനോൻ,

പ്രസാധകൻ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

ഐതിഹ്യമാല ഒന്നുമുതൽ മൂന്നുവരേയുള്ള ഭാഗങ്ങളുടെ ആവിർഭാവത്തിന്റെ നിദാനവും മറും സമഷ്ടിയായി കവി തിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറഞ്ഞുകഴിഞ്ഞിട്ടുള്ളതിനാൽ ആ വന്ദ്യമഹാകവിക്ക് നന്ദിപൂർവ്വം വന്ദനം പറയേണ്ടതായ ഒരു ഭാരമല്ലാതെ വേറെയൊന്നും പ്രസാധകനുണ്ടെന്നു തോന്നുന്നില്ല. എഴുപതു വയസ്സു കഴിഞ്ഞിട്ടും എഴുതുവാൻ മടിയില്ലാത്ത ഗ്രന്ഥകർത്താവിന്റെ ഭാഷാപോഷണാഭിലാഷം പ്രശംസനീയംതന്നെ. തുഞ്ചത്താചാര്യസ്വാമികളും ജന്മകവി കുലക്കുത്തു കുഞ്ചൻനമ്പ്യാരും യഥാക്രമം കിളിപ്പാട്ടിന്റേയും തുള്ളൽപ്പാട്ടിന്റേയും ആദികർത്താക്കളായിത്തീർന്നതുപോലെ വൃദ്ധകവി ശങ്കുണ്ണി അവർകൾ ഐതിഹ്യങ്ങളുടെ ആദികർത്താവാണെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. അനന്തരം അനവധി സൽക്കവികൾ കിളിപ്പാട്ടുകളും തുള്ളൽപ്പാട്ടുകളും മനസ്സിരുത്തിയുണ്ടാക്കീട്ടും ആ മഹാകവികളുടെ കൃതികൾക്കു കിടപിടിക്കാത്തതു് അത്ഭുതകരംതന്നെ. അതുപോലെത്തന്നെ ശങ്കുണ്ണി അവർകളുടെ ഐതിഹ്യരചനാരീതിയും ജാതിയും ഇതുവരെ അനന്യലഭ്യമായിട്ടാണിരിക്കുന്നതു്. ഈശ്വരദത്തമായ ഈ അനുഗ്രഹം സകലരാലും ശ്ലാഘനീയമാണല്ലോ. ഈദൃശന്മാരായ കവികൾക്കു ഭാഷാപോഷണം അയാസമാകുന്നതാകയാൽ അവരുടെ ശ്രമങ്ങൾക്കു വ്യത്യാസമില്ലെന്നാണു് വിചാരിക്കേണ്ടതു്. ചരിത്രത്തിൽ കണ്ണില്ലാത്തവർക്കു് ഐതിഹ്യങ്ങളുടെ മാഹാത്മ്യമറിവാൻ ശക്തിയില്ലാത്തതുകൊണ്ടു് അക്ഷുദ്രർ ഐതിഹ്യങ്ങളെ നിന്ദിച്ചാലും വന്ദിച്ചാലും വിവേകികൾ അതിനെ വകവെയ്ക്കാറില്ല. ഐതിഹ്യങ്ങൾ

Digitized By Kerala Sahitya Akademi

ചരിത്രങ്ങളുടേയും ആഖ്യായികകളുടേയും പുരാണങ്ങളുടേയും സ്ഥാനം വഹിക്കുന്നതിനാൽ അവയുടെ വൃദ്ധി വായനക്കാക്ക് പ്രമോടകരമായിരിക്കുന്നേ വഴിയുള്ളൂ. ഇതിനാൽ ഐതിഹ്യമാല ഒന്നാംഭാഗത്തിന്റെ ആമുഖോപന്യാസത്തിൽ ആ 'കേസരി' "രണ്ടാംഭാഗത്തിന്റെ വട്ടം വേഗത്തിൽ കൂട്ടിക്കൊള്ളുക" എന്നു ദീഘ്രദർശനം ചെയ്തതിനെ പ്രസാധകനും 'നാലാംഭാഗത്തിന്റെ വട്ടം' എന്നാക്കി ഇവിടെ ആവർത്തിച്ചു കൊള്ളുന്നു.

മാതൃഭാഷാപോഷണാത്മകം സ്വാഭാശക്തി എന്തെങ്കിലും ചെയ്യാത്തവൻ,

"പെറ്റ മാതാവിനുള്ള യൌവനമാകും വൃക്ഷം
പറ്റെ ഖണ്ഡിപ്പാനൊരു കോടാലിതന്നെ" എന്നാണ് തോന്നുന്നത്. സംക്ഷേപമായി മൂന്നുവിധത്തിൽ ഭാഷാഭിവൃദ്ധി വരുത്താവുന്നതാണ്. ക. സൽക്കാവ്യങ്ങൾ നിർമ്മിച്ച്, ഖ. സൽകവികളെ പ്രോത്സാഹിപ്പിച്ച്, ഗ. ക്ഷുദ്രകാവ്യങ്ങളുടെ പകപ്പുവകാശം വാങ്ങി അവയെ നശിപ്പിച്ച്. ഇവയിൽ ഒന്നും മൂന്നും മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിക്കുന്നതിനു് അപ്രാപ്തതകൊണ്ടും 'സർവ്വധർമ്മേഷു മദ്ധ്യമം' എന്ന പ്രമാണവാക്യംകൊണ്ടും മദ്ധ്യമമാർഗ്ഗത്തെയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. പല കവികളേയും പ്രോത്സാഹിപ്പിച്ച സ്വഭാഷയിൽ അനേകം സൽഗ്രന്ഥങ്ങൾ ഉണ്ടാക്കിക്കുന്നതിനു് ഈ പ്രസാധകനു യോഗം വന്നിട്ടുണ്ട്. ഇതരകവികളേക്കാളധികം ഇണക്കവും അനുകൂല്യവും പ്രദർശിപ്പിക്കുന്നതു ശങ്കുണ്ണി അവർകളാകയാൽ അദ്ദേഹത്തെ അലട്ടുവാൻ വൈമനസ്യം ജനിക്കാറില്ല. തന്മൂലം ഭാഷയ്ക്കു് അനല്പമായ സമ്പാദ്യം സിദ്ധിച്ചിട്ടുണ്ടെന്നു ഭാഷാഭിമാനികളെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ശങ്കുണ്ണി അവർകളുടെ പ്രായക്ഷയമോ വൈകല്യമോ ശരീരത്തിനു് അസ്വാസ്ഥ്യമോ സംഭവിക്കുന്നതുവരെ (സംഭവിക്കാതിരിക്കട്ടെ) അദ്ദേഹത്തോടു ഗ്രന്ഥനിർമ്മാണത്തിനപേ

Digitized By Kerala Sahitya Akademi

ക്ഷിക്കുന്നതായാൽ അദ്ദേഹം അതു സന്തോഷത്തോടുകൂടെ നിറവേറിത്തരുമെന്നാണു് പ്രസാധകന്റെ ഉത്തമവിശ്വാസം.

മന്ത്രങ്ങൾക്കു വള്ളിപുള്ളി വിസ്മൃങ്ങൾ ചേർത്തു നേരെയാക്കിയ ഒരു കവിക്കു ജ്ഞിമാരുടെ ശാപത്താലോ എന്തോ അംഗവൈകല്യം ഭവിച്ചതായി പ്രസാധകനു നല്ലവണ്ണം അറിവുള്ള ഒരു സംഗതിയാണു്. അതുകൊണ്ടും .അല്പജ്ഞതകൊണ്ടും ഈ വരകവിയുടെ ഉപന്യാസങ്ങളിൽ യാതൊരു തിരുത്തലും വരുത്തീട്ടില്ല. ഭക്തശിരോമണിയായ പൂന്താനത്തു നമ്പൂരി 'പത്മനാഭോ മരപ്രഭുഃ' എന്നു ചൊല്ലിയതു കേട്ട മറെറാരു നമ്പൂരി, "മരപ്രഭുവല്ല, അമരപ്രഭുവാണു്; സന്ധിചേർത്തു ചൊല്ലുക" എന്നു പറഞ്ഞപ്പോൾ "പിന്നെ മരപ്രഭുവാരാണു്? ഞാൻ മരപ്രഭുവുമാണു്" എന്നൊരു അശരീരിവാക്കു ശ്രീകോവിലിന്നകത്തുനിന്നു കേൾക്കപ്പെട്ടു. 'മഹാകവികളുടെ വാക്കിനെ അർത്ഥം അനുഗമിക്കുന്നു' എന്ന ആപ്തവാക്യം അയഥാർത്ഥമായിട്ടുള്ളതല്ല. നാനാതരകവിതാഗ്രന്ഥങ്ങൾകൊണ്ടു 'ലക്ഷ്മീഭായി ഗ്രന്ഥാവലി'യെ പോഷിപ്പിച്ച മഹാകവി ശങ്കുണ്ണി അവർകളുടെ ശ്രേയോഭിവൃദ്ധിക്കായി പ്രസാധകൻ ത്രിവിധകരണങ്ങൾകൊണ്ടും സദാ യത്നിക്കയല്ലാതെ മറെറാരുവിധത്തിൽ കൃതജ്ഞതാപ്രകടനത്തിനു ശക്തനാകുന്നില്ല.

ഐതിഹ്യമാലയുടെ ഒന്നും രണ്ടും ഭാഗങ്ങൾക്കു് ആമുഖോപന്യാസമെഴുതി മാറുകൂട്ടിയ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ (കേസരി) അവർകളെ സുധർമ്മയിലെ അംഗമായെടുത്തുപോയതിനാൽ ഈ മൂന്നാംഭാഗത്തിന്റെ പ്രസിദ്ധീകരണം അദ്ദേഹത്തിന്റെ അഭാവത്തെ അനുസ്മരിപ്പിക്കുന്നതിനാലുളവാകുന്ന ഹൃദയശല്യം അവാച്യമാകുന്നു. വൃദ്ധത്രയതപം ഏതാണ്ടു തികഞ്ഞിരിക്കുന്ന ശ്രീമാൻ ആർ. ഈശ്വരപിള്ള ബി. എ. അവർകളുടെ കാര്യസാരപരിപൂർണ്ണമായ ആമുഖോപന്യാസംകൊണ്ടു് ഈ പുസ്തകത്തെ അലങ്കരിക്കാൻ ക

Digitized By Kerala Sahitya Akademi

ങ്ങണ തോന്നിയ ആ മഹാത്മാവിനോടും അച്ചടി കായ്ത്തിൽ നിഷ്ണാത കാണിച്ച മലയാളത്തിലെ പ്രസിദ്ധമുദ്രാലയമായ 'മംഗളോദയ'ക്കാരോടും സവ്വോപരി ഈ പുസ്തകം തുപ്പാടങ്ങളിൽ സാദരം സമർപ്പിക്കുന്നതിനു സദയം കല്പിച്ചനുവദിച്ച മഹാമഹിമശ്രീ അത്തം തിരുനാൾ കൊച്ചി വലിയ തമ്പുരാൻ തുപ്പാടങ്ങളോടും പ്രസാധകൻ അത്യന്തം വാന്ദിയുള്ളവനായിരിക്കുന്ന വിവരം പ്രസ്താവിച്ചുകൊള്ളുന്നു.

റക്ഷ്മീഭായി ആപ്പീസ്,
തൃശ്ശിവപേരൂർ,
൧൧ കർക്കടകം ൧൧൦൦.

വെള്ളായ്ക്കൽ നാരായണമേനോൻ,
പ്രസാധകൻ.

Digitized By Kerala Sahitya Akademi

ആമുഖോപന്യാസം

ശ്രീമാൻ കുഞ്ഞിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി ആ പ്രകാശം എഴുതിയ ഐതിഹ്യമാലയുടെ മൂന്നാംഭാഗമാണ് ഇപ്പോൾ എന്റെ മുമ്പിൽ ഇരിക്കുന്നത്. ഇതിന് ഒരാമുഖം എഴുതണമെന്ന് എന്റെ ഒരു സ്നേഹിതനായ വെള്ളായ്ക്കൽ നാരായണമേനോൻ അവർകളുടെ ഒരു കത്തും എനിക്കു കിട്ടിയിട്ടുണ്ട്. ഇതിലേയ്ക്ക് എന്നെ തിരഞ്ഞുപിടിച്ചതിന്റെ ഉദ്ദേശ്യം അത്ര സുവ്യക്തമാകുന്നില്ല. മിസ്റ്റർ ശങ്കുണ്ണിയുടെ എഴുപതാമത്തെ വയസ്സിൽ എഴുതപ്പെട്ട ഒരു കൃതിക്കു വയസ്സിൽ ഒരു പടികൂടി കടന്ന ഒരാൾ വേണമെന്നായിരിക്കാം നിർബ്ബന്ധം. പക്ഷേ സാഹിത്യവിഷയത്തിൽ അദ്ദേഹം ഒരു അതിവൃദ്ധനും ഈയുള്ളവൻ കേവലം ഒരു ശിശുവും ആയിരിക്കുന്ന സ്ഥിതിക്ക് അദ്ദേഹത്തിന്റെ നിഗൂഢാശയങ്ങളേയും സങ്കല്പങ്ങളേയും പൂർണ്ണമായി ഗ്രഹിക്കുന്നതിനു സാധിക്കുമെന്നു തോന്നുന്നില്ല. എങ്കിലും സ്നേഹിതന്റെ അപേക്ഷയെ തീരെ നിരസിക്കാൻ കഴിവില്ലാത്തതിനാൽ, 'അബദ്ധം വാ, സുബദ്ധം വാ' വല്ലതും രണ്ടു വാക്കെങ്കിലും പറയാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു.

ലോകചരിത്രത്തിന്റെ ഭൂരിഭാഗവും ഇനിയും അലിഖിതമായിട്ടാണിരിക്കുന്നത്. ഇതിന്റെ അംശമായ സ്ഥലചരിത്രത്തിന്റേയും ജനചരിത്രത്തിന്റേയും സ്ഥിതിയും ഏകദേശം ഇങ്ങനെതന്നെയാണ്. ലോകത്തിന്റെ പുരോഗതി ഏറുന്നതിന്റെ അതിന്റെ പൂർവ്വചരിത്രജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു. ചരിത്രാന്വേഷികളുടെ നിരന്തരപരിശ്രമത്തിന്റെ ഫലമായിട്ട് അന്ധകാരത്തിൽ ലയിച്ചുകിടക്കുന്ന പല ചരിത്രാംശങ്ങളും പ്രതിക്ഷണം എന്നപോലെ വെളിപ്പെട്ടുവരുന്നുണ്ട്. രേഖപ്പെടുത്താതേയുള്ള പല ചരിത്രശകലങ്ങളും പലരുടേ

Digitized By Kerala Sahitya Akademi

യും അറിവിൽപ്പെട്ടവയായിട്ടുണ്ട്. ഇവയാണ് 'ഐതിഹ്യങ്ങൾ' എന്നു പറയപ്പെടുന്നത്. ഇവ ഇനിയും, പൊതുജനസമ്പത്തായിത്തീർന്നിട്ടില്ല. എന്നാൽ, ഇവ നിസ്സാരങ്ങളെന്നു വിചാരിച്ചു തള്ളിക്കളയേണ്ടവയല്ല. ഇവ സാധാരണ ചരിത്രങ്ങൾ നല്കാത്തതായ രസവും ജ്ഞാനവും പലപ്പോഴും നമുക്കു നല്കുന്നു. ചരിത്രകിരണങ്ങൾ വ്യാപിക്കാത്ത മൂലകളേയും മുക്കുകളേയും, ഇവ ഏറെക്കുറെ പ്രകാശമാനങ്ങളാക്കിത്തീർക്കുന്നു. പല സ്ഥലങ്ങളേയും ദിവ്യന്മാരേയും സംബന്ധിച്ചുള്ള 'കേട്ടുകേൾവി'കൾ കെട്ടുവളരെ ലോകത്തിലുണ്ട്. രാജ്യചരിത്രങ്ങൾ അവയെ അത്ര പ്രധാനമായി ഗണിച്ചുവരുന്നില്ലാ എന്നുവെച്ചു, അവയ്ക്കു കരുവിലയും ഇല്ലെന്നു വിചാരിക്കാൻ പാടില്ല. മനുഷ്യരുടെ ജ്ഞാനത്തിനേയും രസാനുഭവത്തേയും അല്പമെങ്കിലും വർദ്ധിപ്പിക്കുന്നതായ എല്ലാ സംഗതികളും ഏറെക്കുറെ വിലയുള്ളവതന്നെയാണ്. ആരോ ഇതിലേയ്ക്കു് അല്പമെങ്കിലും സഹായിക്കുന്നുവോ അവർ മനുഷ്യവർഗ്ഗത്തിന്റെ കൃതജ്ഞതയ്ക്കു് അർഹന്മാരുമാണു്. ജ്ഞാനത്തിന്റെ പരിധിയെ ഒന്നിനൊന്നു വളർത്തുന്നതു സാഹിത്യകാരന്മാർ കവികൾ വിദ്വാന്മാർ മുതലായവരുടെ ചുമതലയാണു്. ഈ ചുമതല എങ്ങിനെ എത്രമാത്രം നിർവ്വഹിക്കപ്പെടുന്നുണ്ടെന്നുള്ള കാര്യം ചിന്തിക്കേണ്ടിയിരിക്കുന്നു. പലവിധ സാഹിത്യങ്ങളും ഇപ്പോൾ ധാരാളമായി നമ്മുടെ ആപണങ്ങളിൽ വന്നു ചേരുന്നുണ്ടു്. ക്ഷുധാർത്തന്മാരായ വായനക്കാർ, അവയെ കണ്ണടച്ചു സ്വീകരിക്കയും ചെയ്യുന്നുണ്ടു്. എന്നാൽ, യഥാർത്ഥത്തിൽ ഇക്കൂട്ടത്തിൽ അസാധാരണങ്ങളും പോഷണകരങ്ങളുമായവ വളരെ ചുരുക്കമാണെന്നതന്നെ പറയാം. പക്ഷേ, ഇപ്പോൾ എന്റെ മുമ്പിലിരിക്കുന്ന ശ്രീമാൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ സുവർണ്ണമയിയായിരിക്കുന്ന 'ഐതിഹ്യമാല' ഇതിനു് കരുപൂജ്യമായ വ്യത്യസ്തമാണെന്നു സസന്തോഷം പറയേണ്ടിയിരിക്കുന്നു. ഭാഷാസാഹിത്യവിഷയത്തിൽ ഇതേവരെ ആരും സഞ്ചരിക്കാത്ത കരു നൂതനമാർഗ്ഗം

Digitized By Kerala Sahitya Akademi

ഇദ്ദേഹം നമുക്കായിട്ട് ഇപ്പോൾ ഇതാ തുറന്നിരിക്കുന്നു. ലഘു സാഹിത്യവർഗ്ഗത്തിൽ ഉൾപ്പെട്ട ഈ ഐതിഹ്യങ്ങൾ എല്ലാ ത്തരം വായനക്കാർക്കും വായിച്ചു രസിക്കത്തക്കവയാണ്. ഐതിഹ്യങ്ങൾക്കുള്ള കരു വിശേഷത എന്തെന്നാൽ അവസ്സു ചരിത്രത്തിനുൻറ യാഥാർത്ഥ്യവും, ആഖ്യായികയുടെ മനോധർമ്മവും, പുരാണങ്ങളുടെ പഴക്കവും ഉണ്ടെന്നുള്ളതാണ്. അവനമ്മുടെ യുക്തിയേക്കാൾ ബുധികം പ്രതിഭയേയാണ് രസിപ്പിയ്ക്കുന്നതു്. വായനക്കാർ ഇടയ്ക്കു വിരമിക്കുന്നുവെങ്കിൽ അതു് ആലോചനയ്ക്കുവേണ്ടിയല്ലാ, അത്ഭുതംനിമിത്തം മാത്രമാണ്. ഇപ്രകാരമുള്ള കരുതരം സാഹിത്യമാണ് കവിതിലകൻ മിസ്റ്റർ ശങ്കുണ്ണി മലയാളഭാഷയ്ക്കു് ഇപ്പോൾ സമ്മാനിച്ചിരിക്കുന്നതു്. അവധി വിശിഷ്ടകൃതികൾ നിമ്മിച്ചു ഭാഷയ്ക്കു പുഷ്ടിയും തനിയ്ക്കു ഖ്യാതിയും വരുത്തീട്ടുള്ള കരാളും രാജാക്കന്മാരിൽ നിന്നും പ്രഭുക്കന്മാരിൽനിന്നും വലിയ ബഹുമതി സിദ്ധിച്ച കവി കവിയും അയ്യ ശ്രീമാൻ ശങ്കുണ്ണിഅവർകളുടെ ഈ നൂതനകൃതിയെപ്പറ്റി ഞാൻ വല്ലതും കരഭിപ്രായം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ കൃതികൾതന്നെ അവയുടെ പ്രശംസയെ വഹിക്കുന്നുണ്ടു്. ഇവയുടെ വിഷയങ്ങളുടെ വിവിധതവും അവയെപ്പറ്റിയുള്ള സുവിസ്തൃതങ്ങളായ വിവരണങ്ങളും ഇടയ്ക്കിടെ പ്രക്ഷിപ്തങ്ങളായ സപാഭിപ്രായങ്ങളും അനുമാനങ്ങളും അദ്ദേഹത്തിൻെറ തപാനേപഷണതൽപരതയെയും ബുദ്ധിശക്തിയുടെ വ്യാപകതപത്തെയും നിശിതമായ ഉപലബ്ധിയേയും സൂചിപ്പിയ്ക്കുന്നു. ഈ കൃതികൾ വായിക്കുമ്പോൾ നാം പുരാതനകാലത്തിൻെറ അജ്ഞാതപ്രദേശങ്ങളിലേയ്ക്കു വഹിക്കപ്പെടുന്നുവെന്നു തോന്നിപ്പോകുന്നു. സർ വാൾട്ടർ സ്കാട്ടിൻെറ ആഖ്യായികകളോ, അറേബ്യൻ 'രജനീവിനോദങ്ങ'ളോ വായിക്കുമ്പോൾ നമുക്കുണ്ടാകുന്ന അത്ഭുതാദിരസങ്ങളെയാണു് ഈ കൃതികൾ വായനക്കാരിൽ ജനിപ്പിക്കുന്നതു്. ഇതേവരെ ആഖ്യാതങ്ങളും ഏറക്കുറെ അപൂർണ്ണങ്ങളുമായിരുന്ന അനേകം സംഗതികൾ മിസ്റ്റർ ശങ്കുണ്ണി ശേഖരിച്ചു പ

Digitized By Kerala Sahitya Akademi

രിശോധിച്ചു് അവയുടെ വാസ്തവാവാസ്തവങ്ങളെപ്പറ്റി വിവേചനംചെയ്തു കഥാകഥനരൂപത്തിലും സല്ലാപഭാഷയിലും വായനക്കാക്കു സുഗ്രാഹ്യവും രസകരവുമായ വിധത്തിൽ എഴുതിയിട്ടുള്ള ഈ ഐതിഹ്യങ്ങൾ ഭാഷാസാഹിത്യത്തിനു് ഒരു അനഘ്ഘാലങ്കാരമായി ഗണിക്കപ്പെടുമെന്നു. അനവധി സൽകൃതികൾ എഴുതുന്നതിൽ പ്രധാനമായി പ്രവർത്തിച്ചിരുന്ന ശങ്കുണ്ണിഅവർകളുടെ ബുദ്ധിശക്തിയുടേയും അദ്ദേഹത്തിന്റെ നിത്യസഖിയായ തൂവലിന്റേയും മനഃപൂർവ്വം അല്പം പോലും തേഞ്ഞുപോയിട്ടില്ലെന്നു് ഈ ഐതിഹ്യമാല തെളിയിക്കാതിരിക്കുന്നില്ല. പല സ്ഥലങ്ങളേയും ദിവ്യപുരുഷന്മാരേയുംപറ്റി ഇനിയും പല ഐതിഹ്യങ്ങളും കേരളത്തിലുണ്ടു്. ഇവയെക്കൂടി ശേഖരിച്ചു രേഖപ്പെടുത്തിവെയ്ക്കുന്നതിനു ശ്രീമാൻ ശങ്കുണ്ണി അവർകൾ ശ്രമിക്കുമെന്നു വിശ്വസിക്കയും ശ്രമിക്കണമെന്നു വായനക്കാക്കുവേണ്ടി ഞാൻ അപേക്ഷിക്കയും ചെയ്യുന്നു. വാർദ്ധക്യം ഇദ്ദേഹത്തെ സ്പർശിച്ചുതുടങ്ങിയെങ്കിലും അദ്ദേഹത്തിന്റെ തൂവലിനെ അതു് അല്പംപോലും ബാധിച്ചിട്ടില്ലാത്തതുകൊണ്ടു്, അതു താഴ്ത്തുവെക്കാറായിട്ടില്ലെന്നാണു് ജനങ്ങളുടെ പരക്കെയുള്ള ബോദ്ധ്യം. ഇതിന്റെ നാലും അഞ്ചും ഭാഗംകൂടി വായിക്കുന്നതിനു് അക്ഷമന്മാരായിരിക്കുന്നവരെ ഇദ്ദേഹം നിരാശപ്പെടുത്തുകയില്ലെന്നു നമുക്കു വിശ്വസിക്കാം. സാഹിത്യകാരന്മാർ പ്രായേണ പരഹിതാനുവർത്തികളെന്നു പ്രസിദ്ധമാണല്ലോ.

പറവൂർ,
൪—൧൨—൧൦൦.

ആർ. ഈശ്വരപിള്ള ബി. എ.

Digitized By Kerala Sahitya Akademi

പ്രസ്താവന

മുൻകാലങ്ങളിൽ കേരളത്തിൽ എന്നല്ല, ഇൻഡ്യയിൽ എങ്ങുംതന്നെ സ്ഥലങ്ങളേയൊ ജനങ്ങളേയൊ സംബന്ധിച്ചുള്ള ചരിത്രങ്ങൾ എഴുതിസ്സൂക്ഷിക്കുക സാധാരണമല്ലായിരുന്നുവല്ലോ. അതിനാൽ പണ്ടുണ്ടായിരുന്ന മഹാന്മാരേയും ഇപ്പോഴുള്ളവയായ ചില വിശിഷ്ടസ്ഥലങ്ങളേയും കുറിച്ചുള്ള വാസ്തവസംഗതികൾ അറിയുന്നതിന്നു നമുക്കിപ്പോൾ ശരിയായ മാർഗ്ഗമൊന്നും ഇല്ലാതെയാണിരിക്കുന്നത്. കാളിദാസൻ, മുരാരി, ഭേഭ്രതി മുതലായ പൂർവ്വകവികളുടേയും മറ്റും ചരിത്രങ്ങളെക്കുറിച്ചു മഹാന്മാരുടെ ഇടയിൽ ഇപ്പോഴും പക്ഷാന്തരങ്ങളും തർക്കങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഇതുകൊണ്ടാണല്ലോ. വാസ്തവത്തിൽ ചരിത്രകാരന്മാർക്കു കേട്ടുകേൾവികളും ഊഹാപോഹങ്ങളുമല്ലാതെ ശരിയായ പ്രമാണവും അടിസ്ഥാനവും പുരുക്കമായിട്ടാണിപ്പോളിരിക്കുന്നത്.

എന്നാൽ ചില പുരാതനക്ഷേത്രങ്ങളിലും മറ്റും ചില ഗ്രന്ഥചരികളും സ്ഥലപുരാണങ്ങളും ശിലാലേഖകളും മറ്റും കാണുന്നുണ്ട്. എങ്കിലും അവ മുഴുവനും വിശ്വാസയോഗ്യങ്ങളായിരിക്കുന്നില്ല. ചിലതു ചിലർ തങ്ങളുടെ കുടുംബത്തിന്നു പ്രാധാന്യമോ പ്രാമാണ്യമോ കൈക്കലുണ്ടെന്നു വരുത്താനായി ഇടക്കാലത്തു നിർമ്മിച്ചിട്ടുള്ളവയാണ്. അതിനാൽ അവയിൽ ശരിയായിട്ടുള്ളവയും ശരിയല്ലാത്തവയും ഏതെന്നു തീർച്ചപ്പെടുത്താൻതന്നെ ഇപ്പോൾ പ്രയാസമായിരിക്കുന്ന ഈ സ്ഥിതിക്ക് ഐതിഹ്യങ്ങളിലും പക്ഷാന്തരങ്ങൾ ഉണ്ടാവാതെയിരിക്കാൻ തരമില്ലല്ലോ. വൈക്കത്തു മുട്ടസ്സുനമ്പൂരി പ്രവർത്തിച്ചിട്ടുള്ളതായി ചിലർ പറയുന്ന മന്ത്രങ്ങൾതന്നെ നടുവിലേപ്പാട്ട പട്ടേരി കാണിച്ചിട്ടുള്ളതായി മറ്റു ചിലർ പറയുന്നതു കേൾക്കാം. ഇപ്രകാരംതന്നെ ചില പഴയ ശ്ലോകങ്ങൾ ചിലർ

Digitized By Kerala Sahitya Akademi

ചേലപ്പറമ്പിനേറതാണെന്നും മറു ചിലർ മഴമംഗലത്തി
നേറതാണെന്നും വേറെ ചിലർ പുനത്തിനേറതാണെന്നും മ
റും പറഞ്ഞു കൊല്ലുന്നതു കേൾക്കുന്നുണ്ടു്. ചില ടിക്കുകാർ
ചില മനുഷ്യരെക്കുറിച്ചും ചില ക്ഷേത്രങ്ങളെക്കുറിച്ചും പറയുന്ന
ഐതിഹ്യങ്ങൾതന്നെ വേറെ ചില ടിക്കുകാർ മറു ചില മ
നുഷ്യരേയും ക്ഷേത്രങ്ങളേയും കുറിച്ചു പറയുന്നതു കേൾക്കാം.
ഇവയുടെയൊക്കെ വാസ്തവം അറിയുന്ന കാര്യം അസാദ്ധ്യമാ
ണല്ലോ.

എന്നാൽ ഞാൻ ഈ ഐതിഹ്യങ്ങൾ എഴുതീട്ടുള്ളതും
പ്രധാനമായി കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിത്തന്നെ
യാണെങ്കിലും പലവിധത്തിലുള്ള അന്വേഷണങ്ങളും പരി
ശോധനകളും നടത്തീട്ടാകയാൽ ചിലതിനെല്ലാം ചില ലക്ഷ്യ
ങ്ങൾ കണ്ടുകിട്ടുകയും ചെയ്തിട്ടുണ്ടു്.. അതിനാൽ ഇവയിൽ വ
ലിയ പിശകുകൾ വരാൻ ഇടയില്ലെന്നാണു് എന്റെ വിശ്വാ
സം. യോഗ്യന്മാർ മുഖാന്തരമുള്ള കേട്ടുകേൾവികളും നിസ്സാ
രങ്ങളെന്നു വിചാരിക്കാൻ പാടില്ലല്ലോ.

"പോരുന്ന ലോകരു പരമ്പരയാ പറഞ്ഞു-
പോരുന്ന വാക്കിലയഥാർത്ഥ വിചാരമാകാ
ചേരാഞ്ഞടിക്കിലതു ചേക്കണമാത്മയുക്ത്യാ
പോരാത്തിടത്തു പരിപൂർത്തി വരുത്തിടണം."

എന്നാണല്ലോ അഭിജ്ഞാഭിപ്രായം. അതിനാൽ എന്റെ അ
റിവിൽപ്പെടാതെ വല്ല ന്യൂനതകളോ പിശകുകളോ ഈ ഐ
തിഹ്യങ്ങളിൽ വന്നുപോയിട്ടുണ്ടെങ്കിൽ അവ സജ്ജനങ്ങൾ
പൊറുത്തുകൊള്ളുമെന്നുതന്നെ വിശ്വസിക്കുന്നു.

കുറവും കുറവും കൂടാതെ ലോകത്തിൽ ഒന്നും കാണുക
യില്ലല്ലോ. അതിനാൽ അവയേക്കുറിച്ചു് അധികമൊന്നും വി
ചാരിക്കാനുമില്ല. അതൊക്കെ എങ്ങിനെയെല്ലാമിരുന്നാലും വ
ർത്തമാനപത്രങ്ങളിലും മാസികകളിലും ചേർത്തു പ്രസിദ്ധപ്പെടു
ത്താനായി കാരോരിക്കൽ എഴുതീട്ടുള്ള ഉപന്യാസങ്ങളെ ക്രോ

Digitized By Kerala Sahitya Akademi

ഡീകരിച്ച പുസ്തകത്രയേണ പ്രസിദ്ധപ്പെടുത്തിട്ടുള്ള ഐതിഹ്യമാലയുടെ രീതിയെ അനുകരിക്കാൻ ചില യോഗ്യന്മാരുണ്ടായിത്തീരുകയും ഇതിന്റെ ഒന്നാംഭാഗത്തിന്റെ ഒന്നാംപതിപ്പ് അചിരേണ തീർന്ന രണ്ടാംപതിപ്പുകൂടി പ്രസിദ്ധപ്പെടുത്താനിടയാവുകയും ചെയ്തിട്ടുള്ളതിനാൽ എനിക്കും പ്രസാധകനും ചാരിതാർത്ഥ്യത്തിന്റെ ധാരാളം അവകാശം സിദ്ധിച്ചിട്ടുള്ളതുകൊണ്ട് ഏറ്റവും സന്തോഷത്തോടുകൂടിയാണ് ഈ മൂന്നാംഭാഗം പ്രസിദ്ധപ്പെടുത്തുന്നതെന്നുള്ള വാസ്തവം പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു.

ഐതിഹ്യമാല രണ്ടാംഭാഗം പ്രസിദ്ധപ്പെടുത്തിയതു് എനിക്കു് അറുപതുവയസ്സു തികഞ്ഞതായ കൊല്ലം 1090-ാമാണ്ടാണു്. അന്നു് ഇങ്ങിനെയൊരു മൂന്നാംഭാഗംകൂടി പ്രസിദ്ധപ്പെടുത്താനിടയാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഷഷ്ടിപൂർത്തി കഴിഞ്ഞതിന്റെ ശേഷം എന്റെ ദേഹത്തിനു വന്നുകൂടിയ ക്ഷീണവും രോഗപീഡകളും നിമിത്തം സാഹിത്യപരിശ്രമത്തിൽ സാമാന്യത്തിലധികമായ നിരുത്സാഹതയും അശക്തതയും എനിക്കു് ഉണ്ടായിത്തീർന്നു. അതുകൊണ്ടുതന്നെയാണു് രണ്ടാംഭാഗം പുറത്തു വന്നതിന്റെ ശേഷം മൂന്നാംഭാഗം പുറപ്പെടുവാൻ പത്തുകൊല്ലത്തെ താമസം വന്നുകൂടിയതു്. എന്റെ ആപ്തമിത്രവും 'ലക്ഷ്മീഭായി' മാസികയുടെ ഉടമസ്ഥനുമായിരിക്കുന്ന വെള്ളായ്ക്കൽ നാരായണമേനോനവർകളുടെ നിരന്തരമായ പ്രോത്സാഹനമില്ലാതിരുന്നുവെങ്കിൽ ഈ മൂന്നാംഭാഗത്തിൽ കാണുന്ന ഉപന്യാസങ്ങൾ ഇതിലധികം കാലംകൊണ്ടുപോലും എഴുതിച്ചേർക്കുന്നതിനു് ഇടയാവുകയില്ലായിരുന്നു. ഇക്കാലത്തിനിടയ്ക്കു് എന്റെ അശക്തതയും നാരായണമേനോനവർകളുടെ പ്രോത്സാഹനവും തമ്മിലുണ്ടായ പോരാട്ടം കണ്ടു ചില്ലറയല്ലായിരുന്നു. കടുവിൽ അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിനു സിദ്ധിച്ച വിജയത്തിന്റെ ലക്ഷ്യമായിട്ടുകൂടിയാണു് ഈ മൂന്നാംഭാഗം ഇപ്പോൾ പുറത്തു വന്നിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

വയോവൃദ്ധനും രോഗബാധിതനുമായ ഞാൻ വിഷമസാഹചര്യത്തോടുകൂടി എഴുതീട്ടുള്ള ഈ ഉപന്യാസങ്ങളിൽ വല്ല ന്യൂനതയും വന്നുപോയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം പ്രോത്സാഹകനായ നാരായണമേനോനവർകൾക്കാണെന്നു് ഇനി വിശേഷിച്ചു പറയണമെന്നില്ലല്ലോ. എന്നാൽ ഈ ഏഴുപതാംവയസ്സിലും 'ലക്ഷ്മീഭായി ഗ്രന്ഥാവലി'യിലേയ്ക്കു് ഒരു പുസ്തകത്തിനുള്ള വകകൂടി ശേഖരിച്ചു കൊടുക്കാൻ സംഗതിയായതിൽ എനിക്കു് അപാരമായ സന്തോഷമുണ്ടെന്നുള്ള വാസ്തവവും വിസ്തരിച്ചായിരിക്കുന്നു. അതിനാൽ ഈ ഗ്രന്ഥാവലിക്കു നിദാനമായിരിക്കുന്ന മാസികയ്ക്കും അതിന്റെ ഉടമസ്ഥനും സർവ്വവിധമംഗളങ്ങളും ആശംസിച്ചുകൊണ്ടു് ഈ പ്രസ്താവനയെ സമാപിച്ചുകൊള്ളുന്നു.

കൊട്ടാരത്തിൽ ശങ്കുണ്ണി

Digitized By Kerala Sahitya Akademi

കൊട്ടാരത്തിൽ ശങ്കുണ്ണി

പുരാതനകാലങ്ങളിൽ ജീവചരിത്രമെഴുതുക എന്നതു വളരെ ചുരുക്കമായിരുന്നുവല്ലോ. അതിന്റെ കാരണം കാരോ കാലങ്ങളിൽ ഉണ്ടായിരുന്ന മഹാന്മാർ എല്ലാവരും എല്ലാം കൊണ്ടും ഏകദേശം തുല്യകക്ഷിന്മാരായിരുന്നതിനാൽ അന്യോന്യം അധികബഹുമാനത്തിനു് ഇടയില്ലാതെയിരുന്നതോ, അഥവാ പരസ്പരമുണ്ടായിരുന്ന മത്സരമോ അസൂയയോ ആയിരിക്കാം. തങ്ങളുടെ ജീവചരിത്രം തങ്ങാതന്നെ എഴുതുകയെന്നുള്ളതു് അവക്കു ലജ്ജാവഹമായിരുന്നതിനാലായിരിക്കാം അവർ അങ്ങിനെയും ചെയ്യാതെയിരുന്നിട്ടുള്ളതെന്നു തോന്നുന്നു.

എല്ലാ അവസ്ഥയിലും കുറഞ്ഞവരായ അവ്വാചീനന്മാക്കാണു് പൂർവ്വമഹാന്മാരുടെ ജീവചരിത്രം അറിയണമെന്നുള്ള ആഗ്രഹമുണ്ടാകുന്നതു്. അപ്പോൾ അതിനു തക്കതായ യാതൊരു ലക്ഷ്യവും ഇല്ലാതിരുന്നാൽ അവക്കുണ്ടാകുന്ന ഇച്ഛാഭംഗം എത്രമാത്രമായിരിക്കുമെന്നുള്ളതു് ഇപ്പോഴുള്ള ചരിത്രവായനക്കാക്കു് എല്ലാവക്കും അറിയാവുന്നതാണല്ലോ.

ചെറുപ്പകാലംമുതൽ കുറുമിച്ചു കളിക്കുകയും പഠിക്കുകയും മറും ചെയ്തു വളർന്നുവന്ന എനിക്കു പൂർവ്വകവികളെക്കുറിച്ചുള്ളതുപോലെ കുറു ബഹുമാനം ശങ്കുണ്ണിഅവർകളെക്കുറിച്ചു തോന്നുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ നല്ലനല്ല പ്രബന്ധങ്ങൾ കാണുമ്പോൾ അവയിൽ അദ്ദേഹത്തിന്റെ കുറു ജീവചരിത്രംകൂടി ചേർത്തിരുന്നുവെങ്കിൽ ഭാവികാലങ്ങളിലുണ്ടാവുന്നവക്കു് അതു തൃപ്തികരവും സന്തോഷാവഹവുമായിരിക്കും എന്നും ശങ്കുണ്ണി അവർവളർന്ന ജീവചരിത്രം എഴുതുന്നതിനു് എല്ലാംകൊണ്ടും ഈക്കാലത്തുള്ളവരിൽ യോഗ്യൻ ഞാൻതന്നെയാണെന്നും തോന്നാറുണ്ടായിരുന്നു. മറാരുടെയും വിഷയത്തിൽ എനിക്കിങ്ങിനെ തോന്നീട്ടില്ലാത്തതിനാൽ എന്റെ ഈ വിചാരം ശങ്കുണ്ണി അവർകളുമായി ബാല്യംമുതൽ ഇതുവരെയുള്ള

Digitized By Kerala Sahitya Akademi

സഹവാസംനിമിത്തം സിദ്ധിച്ചിട്ടുള്ള ഉഡുപരിചയംകൊണ്ടുണ്ടായിട്ടുള്ളതല്ലാതെ ചരിത്രമെഴുതുന്നതിനു് എനിക്കുള്ള വൈദഗ്ദ്ധ്യാഭിമാനംകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ശങ്കുണ്ണി അവർകളുടെ ജീവചരിത്രം കണ്ടെഴുതേണ്ടതാണെന്നും അതു ഞാൻതന്നെ ചേണ്ടതാണെന്നുമുള്ള വിചാരം എന്റെ മനസ്സിൽ അങ്കുരിച്ചു വളർന്നുതുടങ്ങീട്ടു വളരെക്കാലമായെങ്കിലും ഇതുവരെ ഈ സംഗതിയെപ്പറ്റി ഞാൻ ആരോടും പറഞ്ഞിട്ടില്ല. ഇപ്പോൾ ഇതൊന്നും അറിയാതെ 'ലക്ഷ്മീഭായി' എന്ന മാസികയുടെ മാനേജരും പത്രാധിപരുമായ വെള്ളാപ്പള്ളി നാരായണമേനോനവർകൾ ചെയ്ത പ്രേരണ എന്റെ മനോരഥത്തെ സഫലീകരിക്കാൻ കാരണമായിത്തീർന്നതിനാൽ എനിക്ക് ആദ്ദേഹത്തിന്റെ പേരിലുണ്ടായിരിക്കുന്ന കൃതജ്ഞത സീമാതീതമായിരിക്കുന്നു എന്നുള്ള വാസ്തവംകൂടി പ്രസ്താവിച്ചുകൊണ്ടു പ്രകൃതത്തിലേയ്ക്കു പ്രവേശിക്കുന്നു.

ശങ്കുണ്ണി അവർകളുടെ കുടുംബം വളരെ പുരാതനവും, കരയിൽ ഗ്രന്ഥസ്ഥാനവും മന്ത്രവാദവുംകൊണ്ടു് അത്യന്തം പ്രസിദ്ധവുമായിട്ടുള്ളതാകുന്നു. അഖിലശാസ്ത്രപാരാവാരപാരംഗതനും അതിമാനുഷനും 'പൂരാടംതിരുനാൾ' എന്നു പ്രസിദ്ധനുമായിരുന്ന അമ്പാപ്പൂരരാജാവിന്റെ കാലത്തു് ഈ കുടുംബക്കാർ മന്ത്രവാദവിഷയത്തിലും മറ്റും അദ്ദേഹത്തിന്റെ പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ള ഐതിഹ്യംതന്നെ ഈ കുടുംബത്തിന്റെ പുരാതനത്വാദികളെ സൂചിപ്പിക്കുന്നുണ്ടു്.

ശങ്കുണ്ണിഅവർകളുടെ പിതാവായ വാസുദേവൻഉണ്ണി അവർകൾ കലക്രമാഗതമായ മന്ത്രവാദത്തിലെന്നപോലെതന്നെ സംഗീതം, കരകൗശലം മുതലായ കലാവിദ്യകളിലും അതിസമർത്ഥനും നല്ല കായ്സ്ഥനുമായിരുന്നതിനാൽ ഏതദ്ദേശ്യരായ കട്ടെല്ലാവരുംതന്നെ അവരവരുടെ കുടുംബസംബന്ധങ്ങളായും സക്കർസംബന്ധങ്ങളായുമുള്ള സകല കാര്യങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശങ്ങളും സഹായങ്ങളും എ

Digitized By Kerala Sahitya Akademi

ല്ലായ്പോഴും അപേക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ദ്വിതീയപുത്രനാണു് ഈ ശങ്കുണ്ണി അവർകൾ.

ശങ്കുണ്ണി അവർകളുടെ സാക്ഷാൽ നാമധേയം 'വാസുദേവൻ' എന്നാണു്. അച്ഛന്റെ പേരും അതുതന്നെ ആയിരുന്നതിനാൽ അമ്മ ശൈശവത്തിൽ ഇദ്ദേഹത്തെ 'തങ്കം' എന്നു വിളിച്ചുവന്നു. കാലക്രമേണ ആ കാരണപ്പേരു 'തങ്കു' എന്നായിത്തീർന്നു. ഈ പേരിനു് അർത്ഥമൊന്നുമില്ലല്ലോ എന്നു വിചാരിച്ചു പിന്നീടു 'ശങ്കു' എന്നു വിളിച്ചുവരികയും അതോടുകൂടി ജാതിപ്പേരായ 'ഉണ്ണി' എന്നുകൂടി ചേർത്തു് എല്ലാവരും 'ശങ്കുണ്ണി' എന്നു പറഞ്ഞുതുടങ്ങുകയും ആ പേരു നടപ്പായിത്തീരുകയും ചെയ്തു. ശങ്കുണ്ണി അവർകൾക്കു് ഒരു ജ്യേഷ്ഠനും ഒരനുജനും എല്ലാവരിലും ഇളയവരായി രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു.

ശങ്കുണ്ണി അവർകളുടെ ജനനം കൊല്ലവർഷം 1080-ാമാണ്ടു മീനമാസം 23-ാംനു- വിശാഖം നക്ഷത്രത്തിൽ കോട്ടയത്തു സംഭവനമായ കൊട്ടാരത്തിൽത്തന്നെ ആയിരുന്നു. ഇദ്ദേഹം ചെറുപ്പത്തിൽ നല്ല സാമർത്ഥ്യവും ചുണയുമുള്ള ആളായിരുന്നുവെങ്കിലും വിദ്യാഭ്യാസവിഷയത്തിൽ വലിയ മടിയനായിരുന്നു. അച്ഛന്റെ നിർബ്ബന്ധംനിമിത്തം ഇദ്ദേഹം 7 വയസ്സുമുതൽ 10 വയസ്സുവരെ ചില ആശാന്മാരുടെ (എഴുത്തച്ഛന്മാരുടെ) അടുക്കൽ പഠിക്കാൻ പോയികൊണ്ടിരുന്നു. അതുതന്നെ മനസ്സോടും സന്തോഷത്തോടുംകൂടി അല്ലാതിരുന്നതിനാൽ അക്ഷരമുംകാൽംകൊണ്ടു മലയാളം കഷ്ടിച്ചു വായിക്കാനും എഴുതാനും വശമായതല്ലാതെ ഗ്രന്ഥങ്ങളിലൊന്നും പഠിക്കാൻ ഇദ്ദേഹത്തിനിടയായില്ല. പാഠശാലകളിൽ ചേർന്നു പഠിക്കുകയെന്നുള്ളതു് ഇദ്ദേഹം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, പത്തു വയസ്സു തികഞ്ഞതിനോടുകൂടി ആശാന്മാരുടെ അടുക്കൽ പോയിരുന്നുള്ള പഠിത്തം മതിയാക്കുകയും ചെയ്തു. അതിന്റെശേഷം 16 വയസ്സു കഴിയുന്നതുവരെ ഇദ്ദേഹം കേവലം മൃഗപ്രായമായി കാലക്ഷേപം ചെയ്തതേ ഉള്ളൂ. . ഏകദേശം 17 വയസ്സായപ്പോൾ

Digitized By Kerala Sahitya Akademi

തന്റെ സമപ്രായന്മാരായ ചിലർ പഠിക്കാൻ പോകുന്നതു കാണുകയും പഠിതാവിന്റെ ഫലത്തെക്കുറിച്ചുള്ള ബഹുമാനം തോന്നുകയും അപ്പോൾ തന്റെ അനഭിജ്ഞതയെപ്പറ്റി ഇദ്ദേഹത്തിനു പശ്ചാത്താപം. ഉണ്ടാവുകയും തനിക്കും വല്ലതും പഠിച്ചാൽ കൊള്ളാമെന്നുള്ള കരഗ്രഹം സ്വയമേവ ഇദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിക്കുകയും ചെയ്തു.

അതിന്റെശേഷം മഹാവിദ്വാനായിരുന്ന 'മണർകാട്ട ശങ്കുവാര്യർ' (എന്റെ അച്ഛൻ) അവർകളുടെ അടുക്കൽ സിദ്ധരൂപവും രഘുവംശകാവ്യം കന്നാംസർഗ്ഗത്തിൽ ഏതാനും ശ്ലോകങ്ങളും പഠിച്ചു. അപ്പോഴയ്ക്കും ആ ഗുരുനാഥൻ കാലകാലത്തേയ്ക്കു തന്റെ സ്ഥിരതാമസം പന്തളത്തുകോയിക്കലാക്കിയതിനാൽ പിന്നേയും ഏതാനും കാലത്തേയ്ക്കു ശങ്കുണ്ണി അവർകൾക്ക് ഒന്നും പഠിക്കാൻ തരമായില്ല. 17 വയസ്സു കഴിഞ്ഞതിന്റെശേഷം 1047-ാമാണ്ടു മിഥുനമാസത്തിൽ, വിശ്വവിശ്രുതനും വൈദ്യാഗ്രേസരനും പ്രൌഢകവിയും ഗംഭീരാശയനുമായിരുന്ന 1078-ാമാണ്ടു മീനമാസം 7-ാംന്തീ പരലോകപ്രാപ്തനായ വയസ്സരെ ആയ്മ്മൻ നാരായണൻമൂസ്സ് അവർകളുടെ അടുക്കൽ ശങ്കുണ്ണി അവർകൾ പിന്നേയും പഠിച്ചുതുടങ്ങി. അതു 1057-ാമാണ്ടുവരെ നിർവ്വിഘ്നമായി നടന്നുകൊണ്ടിരുന്നതിനാൽ അത്രയും കാലംകൊണ്ടു ശങ്കുണ്ണി അവർകൾ രഘുവംശം, മാഘം, നൈഷധം മുതലായ കാവ്യങ്ങളിൽ ഏതാനും സർഗ്ഗങ്ങളും സഹസ്രയോഗം, ഗുണപാഠം, ചികിത്സാക്രമം, അഷ്ടാംഗഹൃദയം മുതലായ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും പഠിക്കുകയും കരുവിധം വ്യുൽപത്തി സമ്പാദിക്കുകയും ചെയ്തു. ആയ്മ്മൻ നാരായണൻമൂസ്സ് അവർകൾക്കു പഠിപ്പിക്കുന്നതിനുള്ള വാസനയും സാമർത്ഥ്യവും അനന്യസാധാരണങ്ങളായിരുന്നു. അപ്രകാരംതന്നെ പഠിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കുള്ള മനസ്സും ബുദ്ധിയും ഉത്സാഹവും അന്യാദൃശങ്ങളുമായിരുന്നു. അതിനാൽ കരുവിധം ശ്ലോകാർത്ഥം മനസ്സിലാക്കാനുള്ള നൈപുണ്യം സമ്പാദിക്കുന്നതിനു ശങ്കുണ്ണി അവർ

Digitized By Kerala Sahitya Akademi

കൊക്കു് അധികമായ കാലതാമസവും പ്രയാസവും വേണ്ടിവന്നില്ല. ശങ്കുണ്ണി ഈവർക്കുള്ളതിലധികം കാലവും അധികം ഗ്രന്ഥങ്ങളും പഠിച്ചിട്ടുള്ള ചില സഹപാഠികൾ ചില ശ്ലോകങ്ങളുടെ പദം, വീഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവം (താൽപര്യാർത്ഥം) മുതലായവ അറിയാൻ പാടില്ലാതെ ഇരുന്ന വിഷമിക്കുന്ന അവസരങ്ങളിൽ ഗുരുനാഥന്റെ നിയോഗപ്രകാരം ഇദ്ദേഹം അവയെല്ലാം നിഷ്പ്രയാസം പറഞ്ഞുകൊടുക്കുന്നതു കണ്ടും കേട്ടും ഞാൻ മുതലായ സഹപാഠികൾ പലപ്പോഴും സന്തോഷിക്കുകയും അത്ഭുതപ്പെടുകയും ചെയ്യാറുണ്ടു്. ശങ്കുണ്ണി അവർകളുടെ ബുദ്ധിശക്തിയുടെ സ്ഥിതിക്കു കുറച്ചു കാലംകൂടി അദ്ദേഹം മുടങ്ങാ പഠിച്ചിരുന്നുവെങ്കിൽ ഒരു വൈദ്യനെന്നോ വൈയാകരണനെന്നോ താർക്കികനെന്നോ ജ്യോത്സ്യനെന്നോ, അഥവാ ചതുശ്ശാസ്ത്രപണ്ഡിതൻ എന്നതന്നെയോ ഉള്ള പേർ സമ്പാദിക്കുന്നതിനു് അദ്ദേഹത്തിനു് ഒരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ അദ്ദേഹത്തിനു് അതിലൊന്നിനും ആഗ്രഹവും സംഗതിയും ഉണ്ടായില്ലെന്നു ഉള്ളൂ. എങ്കിലും ആവക സകല ശാസ്ത്രങ്ങളിലും അല്പജ്ഞമായ സ്ഥാനം അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. 1056-ാമാണ്ടായപ്പോഴുണ്ടായ വാർദ്ധക്യംകൊണ്ടു് അച്ഛനും ഇതരകുടുംബങ്ങളുടെ ബാഹുല്യവും ഗൃഹഭരണക്ലേശത്തിലുള്ള വൈമുഖ്യവുംകൊണ്ടു ജ്യേഷ്ഠനും ഗൃഹകാര്യങ്ങൾ അന്വേഷിക്കുന്നതിനു സൌകര്യമില്ലാതെ വരികയാൽ ആ ഭാരമേറിയ കൃത്യംകൂടി കയ്യേൽക്കേണ്ടതായി വന്നതുനിമിത്തം ശങ്കുണ്ണി അവർകൾക്കു ഗുരുമുഖേനയുള്ള വിദ്യാഭ്യാസം അക്കാലംമുതൽ നിശ്ശേഷം നിറുത്തേണ്ടതായിവന്നു; അതിനാൽ അഷ്ടാംഗഹൃദയംപോലും മുഴുവൻ പഠിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും അദ്ദേഹം യഥാവസരം പിന്നേയും സംസ്കൃതങ്ങളായ ചമ്പൂപ്രബന്ധങ്ങളും നാടകങ്ങളും അലങ്കാരശാസ്ത്രങ്ങളും മറ്റും സ്വയമേവ നോക്കി തന്റെ വ്യുൽപത്തിയെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഇപ്പോഴും അദ്ദേഹം ആവക പരിശ്രമങ്ങൾ കേവലം മതിയാക്കീട്ടില്ല.

Digitized By Kerala Sahitya Akademi

ശങ്കുണ്ണി അവർകൾ കാവ്യങ്ങൾ പഠിച്ചുതുടങ്ങുന്നതിനു മുമ്പുതന്നെ കേവലം വിനോദത്തിനായി ചില മണിപ്രവാള പദ്യങ്ങളും പാട്ടുകളും ഉണ്ടാക്കിത്തുടങ്ങുകയും അവയിൽ തന്റെ വാസനാബലത്തെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നതിനാൽ ഇദ്ദേഹം മേലാൽ ഒരു കവിയായിത്തീരുമെന്നായിരുന്ന ഈശ്വരേച്ഛ എന്നു് ഊഹിക്കാൻ വഴിയുണ്ടായിട്ടുണ്ടു്. ഇദ്ദേഹം പ്രബന്ധരൂപമായി ഒന്നാമതുണ്ടാക്കീട്ടുള്ള കൃതി ശതകത്രയരൂപമായ സുഭദ്രാഹരണമണിപ്രവാളമാണു്. അതു് ഇദ്ദേഹം 1066-ാമാണ്ടു് 36-ാമത്തെ വയസ്സിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ നിർബ്ബന്ധംകൊണ്ടുണ്ടാക്കീട്ടുള്ളതുമാണു്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കുല്യനപ്രകാരമാണു് ഈ കൃതി ഇദ്ദേഹം ഉണ്ടാക്കീട്ടുള്ളതെന്നു് ആ തിരുമനസ്സിലെ അനുമോദനശ്ലോകംകൊണ്ടും കവിയുടെ ഒരു പ്രാർത്ഥനാശ്ലോകംകൊണ്ടും സ്പഷ്ടമാകുന്നുണ്ടു്. ആ ശ്ലോകങ്ങളെ താഴെ ചേർക്കുന്നു.

"കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം ശങ്കുണ്ണിദയാം പ്രിയ-
പ്പെട്ടാരെൻമൊഴി കേട്ടുതീർത്ത കൃതിയാമിപ്പുസ്തകം സാദരം
കൊട്ടൊസ്സുസ്സപ്രമോദകരമായ്ത്തീരാതിരിക്കില്ലിതിൻ
മാട്ടാരുമ്മൊഴി മുഖ്യരം സരസരീ! വാങ്ങിച്ചു വായിക്കുവിൻ."

ഒട്ടുക്കീലോകമെല്ലാം പുകൾപെരിയ പുമാൻ കോടിലിംഗശകായതി-
ക്കുട്ടാഖ്യക്ഷോണിപാലൻ കനിവിനൊടരുളിച്ചെയ്കയാൽ വൈകിടാതെ
ഇച്ചി ായ് തീർത്തിടുന്നൊരുകൃതിയധുനാ മന്ദനാകുന്ന ഞാനി-
ന്നൊട്ടാക്കെത്തെറ്റുപാടീടിലുമവ സകലം സജ്ജനം തീർത്തിടേണം."

ഇതുകൂടാതെ ശങ്കുണ്ണി അവർകൾ ഉണ്ടാക്കീട്ടുള്ള പ്രധാനകൃതികളുടെ പേരുകൾ താഴെ ചേർക്കുന്നു.

മണിപ്രവാളകൃതികൾ

2. കേശവദാസചരിത്രം, 3. ആസന്നമരണചിന്താശതകം, 4. കേരളവർമ്മശതകം, 5. ലക്ഷ്മീഭായിശതകം, 6. മാടമ്പള്ളിശതകം, 7. യാത്രാചരിതം, 8. അത്തച്ചമയസംസ്കൃതി, 9 മുറച്ചരിതം, 10. കപോതസന്ദേശകാവ്യം, 11. ഗൊള്ളിശ്ലോകം, (തർജ്ജമ.)

Digitized By Kerala Sahitya Akademi

ഭാഷാനാടകങ്ങൾ (തഞ്ചം)

12. മാലതീമാധവം. 13. വിക്രമോർവ്വശീയം.

ടി. പുരാണകഥകൾ

14. കുചേലഗോപാലം 15. സീമന്തിനീചരിതം. 16. പാഞ്ചാലധനഞ്ജയം. 17. ഗംഗാവതരണം.

ടി. കല്പിതകഥകൾ

18. ദേവീവിലാസം. 19. ജാനകീപരിണയം.

ആട്ടക്കഥകൾ

20. ശ്രീരാമപട്ടാഭിഷേകം. 21. ശ്രീരാമാവതാരം. 22 സീതാവിവാഹം 23. ഭ്രസ്തരഗോഗ്രഹണം. 24. കിരാതസൂനുചരിതം.

കൈകൊട്ടിക്കളിപ്പാട്ടുകൾ

25. നിവാതകവചകാലകേയവധം (24 വൃത്തം) 26 ശ്രീമൂലരാജവിലാസം (10 വൃത്തം) 27. വിക്ടോറിയാചരിതം (14 വൃത്തം) 28 ധ്രുവചരിതം (16 വൃത്തം) 29. ശോണാദ്രീശ്വരീമാഹാത്മ്യം (7 വൃത്തം 30. ആർദ്രാചരിത്രം (13 വൃത്തം) 31. ഭദ്രോൽപത്തി പാന. 32. രാണപ്പാന.

കിളിപ്പാട്ട്

33. വിനായകമാഹാത്മ്യം.

ശീതങ്കൽ തുള്ളൽപ്പാട്ടുകൾ.

34. ശ്രീഭ്രതനാഥോത്സവം. 35. ശ്രീമൂലമഹാരാജഷഷ്ടിപൂർത്തി മഹോത്സവം. 36. കല്യാണമഹോത്സവം. 37. ശ്രീശങ്കരവിലാസം.

വഞ്ചിപ്പാട്ടുകൾ.

38. കല്യാണോത്സവം 39. സീതാസ്വയംവരം.

ഗദ്യപ്രബന്ധങ്ങൾ

40. നൈഷധം. 41. വിശ്വാമിത്രചരിത്രം. 42 വിക്രമോർവ്വശീയനാടകകഥാസംഗ്രഹം. 43 അർജ്ജുനൻ. 44. ശ്രീകൃഷ്ണൻ. 45. ഐതിഹ്യമാല 1-ാംഭാഗം 46. ടി. രണ്ടാംഭാഗം.

Digitized By Kerala Sahitya Akademi

ഇവ കൂടാതെ ഇദ്ദേഹം അനേകം ഒറ്റശ്ലോകങ്ങളും ഖണ്ഡകൃതികളും ഉണ്ടാക്കീട്ടുണ്ട്. മേല്പറഞ്ഞവയിൽ 7_ം 8_ം നമ്പർ കൃതികൾ മലയാളമനോരമാപത്രത്തിലും, 3_ം 8_ം 11_ം നമ്പർ കൃതികൾ കവനകൌമുദിമാസികയിലും മാത്രം ചേർത്ത് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ളവയും 17_ം, 3_ം, 31_ം നമ്പർ കൃതികൾ അച്ചടിക്കപ്പെട്ടിട്ടില്ലാത്തവയുമാണ്. 2_ാംനമ്പർ 'രാജാകേശവദാസചരിത്ര'വും ശങ്കുണ്ണി അവർകൾ 1069_ാമാണ്ടിടയ്ക്കു കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരമുണ്ടാക്കീട്ടുള്ളതാണ്. ഇതിനെസ്സംബന്ധിച്ചു കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു ശങ്കുണ്ണി അവർകളുടെ പേർക്കയച്ചിട്ടുള്ള കത്തു തിരുവെഴുത്തിലെ ചില ശ്ലോകങ്ങൾ താഴെ പകർത്തുന്നു.

മൻമഹനസ്സുടെ കരളത്തിലധികം ക്രൂരകൊണ്ടു മാലോകരിൽ
തൻപേർ കൊണ്ടുനടന്ന യോഗ്യർ പലരിങ്ങുണ്ടായിരുന്നില്ലയോ?
അൻപേറുന്നവരിൽ കുതഞ്ഞതയൊടൊഞ്ഞി നമ്മളാ മാന്യവര
യൻപേറുന്ന ചരിത്രചിത്രമെഴുതിക്കാണിക്കുവാൻ നോക്കണം.

പലരുടെ ചരിതം ഞാൻ തീർത്തിടാം പിന്നെ വേറെ-
പ്പലരുടെ കഥ നന്നായ് താങ്കളുണ്ടാക്കി നോക്കൂ
പലരുമൊരുമയോടൊത്തിപ്രകാരം ചെയ്താൽ
പലരുടെയ ചരിത്രഗ്രന്ഥവും തീരുമല്ലോ.

ജ്ഞാനിക്കുത്തമനായ മന്ത്രിമണിയായ് നാട്ടാരിലിഷ്ടപ്പെട്ടം
രാജാകേശവദാസനേന്നൊരുമഹാനുണ്ടായിരുന്നില്ലയോ?
വ്യാജംപതമവൻെറജീവചരിതം ശ്ലോകപ്പടിക്കുള്ളു താൻ
ഹേ! ജാത്യന്ധാടു വിസൃമിച്ചെഴുതെടോ! സാരസ്യസാരാംബുധേ!

12_ാംനമ്പർ 'മാതലീമാധവം' ടി. കെ. കൃഷ്ണമേനോൻ ബി. എ., എം. ആർ. എ. എസ്., എഫ്. ആർ. എച്ച്. എസ്. അവർകൾ 'വിദ്യാവിനോദിനി'യുടെ പത്രാധിപരായിരുന്ന കാലത്തു് ആ മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്താനായി തർജ്ജമചെയ്തുകൊടുക്കണമെന്നു് അദ്ദേഹം നിർബ്ബന്ധപൂർവ്വം ആവശ്യപ്പെടുകയാൽ തർജ്ജമ ചെയ്തിട്ടുള്ളതും അതോടുകൂടി പുസ്തകമായിട്ടുകൂടി അച്ചടിക്കപ്പെട്ടിട്ടുള്ളതുമാണു്.

Digitized By Kerala Sahitya Akademi

17_ാം നമ്പർ നാടകം ശങ്കുണ്ണി അവർകൾ 1067 വൃശ്ചികത്തിൽ കോട്ടയത്തുവെച്ചു നടത്തപ്പെട്ട 'ഭാഷാപോഷിണീ'സഭയിൽവെച്ചുണ്ടായ കവിതാപരീക്ഷയിൽ 5 മണിക്കൂർകൊണ്ടു് ഉണ്ടാക്കീട്ടുള്ളതാണു്. 15_ം 16_ം നമ്പർ നാടകങ്ങൾ 'കവനോദയ'ത്തിൽ ചേർത്തു പ്രസിദ്ധപ്പെടുത്താനായി കടത്തനാട്ടു തീപ്പെട്ടുപോയ ഉദയവർമ്മ ഇളയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരവും 18_ം 19_ം നാടകങ്ങളും 8_ാംനമ്പർ ശതകവും 'ഭാഷാപോഷണീ'സഭയുടെ നോട്ടീസിൻപ്രകാരവും 20_ം 21_ം 22_ം 24_ം നമ്പർ ആട്ടക്കഥകൾ സഭാസ്ഥാരോഹണം ചെയ്ത കീഴിണിപ്പുറത്തു സ്വാമിയാർ തിരുമനസ്സിലെ കല്പനപ്രകാരവും 21_ാം നമ്പർ ആട്ടക്കഥ കൊച്ചി നാലാംകൂറായിരുന്ന തീപ്പെട്ടുപോയ കുഞ്ഞിക്കിടാവുതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരവും 28_ാംനമ്പർ ധ്രുവചരിതം ചെങ്ങന്നൂർ വഞ്ഞിപ്പുഴത്തമ്പുരാൻ തിരുമനസ്സിലെ താൽപര്യപ്രകാരവും 10_ാം നമ്പർ സന്ദേശകാവ്യവും 33_ാംനമ്പർ കിളിപ്പാട്ടും 'ലക്ഷ്മീഭായി' മാസികയുടെ ഉടമസ്ഥനായ വെള്ളായ്ക്കൽ നാരായണമേനോനവർകളുടെ താല്പര്യപ്രകാരവും ഉണ്ടാക്കീട്ടുള്ളവയാണു്. ഇവയിൽ 12_ം 13_ം നമ്പർ പുസ്തകങ്ങൾ കാരോ കൊല്ലം ബി. എ, എഫ്. എ. ക്ലാസ്സിലേയ്ക്കു മദ്രാസ് സർവ്വകലാശാലക്കാരാലും 1_ം 2_ം 32_ം 40_ം 41_ം 48_ം നമ്പറുകൾ ഒന്നിലധികം കൊല്ലങ്ങളിൽ സർക്കാർ പാഠശാലകളിലേയ്ക്കു തിരുവിതാംകൂർ ഗവർമ്മേണ്ടു വക ബുക്കുകമ്മറിക്കാരാലും പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ടു്.

കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കുണ്ടായിട്ടുള്ള പ്രസിദ്ധിയും ബഹുമതിയും ജനസമ്മതവും കുട്ടം ചില്ലറയായിട്ടുള്ളവയല്ല. 1067 വൃശ്ചികത്തിൽ ആദ്യമായി കോട്ടയത്തു കൂടിയ 'ഭാഷാപോഷിണി'സഭയിൽവെച്ചുനടത്തപ്പെട്ട മൂന്നു കവിതാപരീക്ഷകളിലും ശങ്കുണ്ണി അവർകൾ ചേരുകയും ജയിക്കുകയും അവയിൽ ഒന്നിനു സമ്മാനവും രണ്ടിനു പ്രശംസാപത്രങ്ങളും ലഭിക്കുകയും ചെയ്തിട്ടുണ്ടു്. അപ്രകാരംതന്നെ

Digitized By Kerala Sahitya Akademi

തൃശ്ശിവപേരൂർ ക്ലബിയ 'ഭാഷാപോഷിണി' സഭയിൽവെച്ചു നടത്തപ്പെട്ട പദ്യപരീക്ഷയിലും ഗദ്യപരീക്ഷയിലും ശങ്കുണ്ണി അവർകൾ ചേരുകയും രണ്ടിലും ജയിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 18-ാംനമ്പർ നാടകത്തിനു് കന്നാമതായും 8-ാംനമ്പർ ശതകത്തിനു രണ്ടാമതായും ഭാഷാപോഷിണീസഭയിൽ നിന്നു ശങ്കുണ്ണി അവർകൾക്കു സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. 1099-ൽ നാടുനീങ്ങിപ്പോയ ശ്രീമൂലം തിരുനാൾ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും 1076-ൽ നാടുനീങ്ങിയ ആറുങ്ങൽ മൂത്ത തമ്പുരാൻ തിരുമനസ്സുകൊണ്ടും വള, രത്നഖചിതങ്ങളായും മറുമുള്ള മോതിരങ്ങൾ, കസവുതുപ്പട്ടാവുകൾ, കവണികൾ മുതലായവ പലപ്പോഴും കല്പിച്ചുകൊടുത്തിട്ടുള്ളവകൂടാതെ ശങ്കുണ്ണി അവർകൾക്ക് ആണ്ടുതോറും ഒരു സമ്മാനം കല്പനപ്രകാരം നിത്യച്ചെലവു വതിവുകണക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിയിൽ രാജ്യഭാരമൊഴിഞ്ഞ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു മുതലായി മിക്ക തമ്പുരാക്കന്മാരും കോഴിക്കോട്ടു വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാൻ എന്ന പ്രസിദ്ധനായിരുന്ന തീപ്പെട്ടുപോയ സാമൂതിരിപ്പാടു തമ്പുരാൻ തിരുമനസ്സുകൊണ്ടും മറും മുണ്ടുകളും കടത്തനാട്ടു തീപ്പെട്ടുപോയ ഉദയവർമ്മ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു പയ്യന്നൂർ പവിത്രമോതിരം മുണ്ടുകൾ മുതലായി പലപ്പോഴായിട്ടു പല സമ്മാനങ്ങളും കേരളകാളിദാസനെന്ന പ്രസിദ്ധനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സുകൊണ്ടും അവിടുത്തെ ജ്യേഷ്ഠനായ മൂത്ത കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും വള, രത്നഖചിതങ്ങളായ മോതിരങ്ങൾ, കസവുതുപ്പട്ടാവുകൾ, മുണ്ടുകൾ മുതലായി അനേകസമ്മാനങ്ങളും ശങ്കുണ്ണി അവർകൾക്കു കല്പിച്ചുകൊടുത്തിട്ടുണ്ട്. ഇവ കൂടാതെ വഞ്ചിപ്പുഴത്തമ്പുരാൻ മുതലായ പ്രഭുക്കന്മാരും മറനേകം മാന്യന്മാരും ശങ്കുണ്ണി അവർകൾക്കു പലവിധ സമ്മാനങ്ങൾ കൊടുത്തിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ കൊച്ചിയിൽ ഇപ്പോൾ

Digitized By Kerala Sahitya Akademi

നാടുവാഴുന്ന മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തി തിരുനാൾ സംബന്ധിച്ച് 1094_ാമാണ്ടു കന്നിമാസം 23_ാംനു എറണാകുളത്തുവെച്ചു നടത്തിയ ഡർബാറിൽ (മഹാസഭയിൽ) വെച്ച് ആ തിരുമേനിയിൽനിന്നു 'കവിതിലകൻ' എന്നുള്ള സ്ഥാനവും അതിലുള്ളുള്ള സന്നതും മെഡലും ശങ്കുണ്ണി അവർകൾക്കു ലഭിക്കയും ചെയ്തു. തിരുവിതാംകൂർ കൊച്ചി ബ്രിട്ടീഷുമലബാർ എന്നീ മൂന്നു സംസ്ഥാനങ്ങളിൽനിന്നുമായി ഇത്ര വളരെ രാജസമ്മാനങ്ങളും മറ്റും ലഭിച്ചിട്ടുള്ള പേരെ ഒരു കവി നമ്മുടെ കേരളത്തിൽ ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

ശങ്കുണ്ണി അവർകളുടെ കീർത്തി എത്താത്തതായി കേരളഭൂമിയിൽ ഒരു ഭാഗവും അദ്ദേഹത്തെക്കുറിച്ചു കേട്ടിട്ടില്ലാതെ ഭാഷാഭിമാനികളായ കേരളീയരിൽ ഒരാളും ഉണ്ടായിരിക്കയില്ലെന്നു തീർച്ചയായി പറയാവുന്നതാണു്.

ശങ്കുണ്ണി അവർകൾ പ്രവേശിച്ചിട്ടുള്ള സകല കാര്യങ്ങളിലും അദ്ദേഹം നല്ല പേരുതന്നെ സമ്പാദിച്ചിട്ടുണ്ടു്. 1056_ാമാണ്ടു വിദ്യാഭ്യാസം മതിയാക്കി അദ്ദേഹം ഗൃഹഭരണം ആരംഭിച്ചപ്പോൾ തറവാട്ടിൽ ധനദൌർല്ലഭ്യം സാമാന്യത്തിലധികമുണ്ടായിരുന്നതിനാൽ അഹോവൃത്തിക്കു വേണ്ടുന്നതിനെ ഉദ്ദേശിച്ചു സമ്പാദിച്ചു കൊണ്ടുവരേണ്ടതായിട്ടുള്ളുടിവന്നു. അതിനാൽ അദ്ദേഹം ഉടനെ ഒരു പാദ്രിസായ്പിനെ മലയാളഭാഷ പഠിപ്പിക്കാനായി ഏർപ്പെട്ടു. അക്കാലം മുതൽ 1068_ാമാണ്ടു മകരമാസംവരെ 12 കൊല്ലം ശങ്കുണ്ണി അവർകൾ മാറിമാറി അഞ്ചാറു സായ്പന്മാരുടെ മലയാളമുൻഷിയായിട്ടാണിരുന്നിട്ടുള്ളതു്. ആ സായ്പന്മാരെല്ലാം സന്തോഷിച്ചു സബഹുമാനം ശങ്കുണ്ണി അവർകൾക്കു സർട്ടിഫിക്കേറുകൾ കൊടുത്തിട്ടുണ്ടു്. 1036_ാമാണ്ടു മകരത്തിൽ കോട്ടയത്തു 'മാർ ടീവന്നാസ്യാസു സിമ്മനാരി' ഹൈസ്കൂൾ ആരംഭിക്കയും ആരംഭത്തിൽത്തന്നെ ശങ്കുണ്ണി അവർകളെ അതിൽ മലയാളമുൻഷിയായി നിയമിക്കയും ചെയ്തു. അദ്ദേഹം അവിടേയും നല്ല പേരോടുകൂടിത്തന്നെയാണു് ആ ജോലി നടത്തിപ്പോ

Digitized By Kerala Sahitya Akademi

ന്നതു്. ശങ്കുണ്ണി അവർകൾ ക്ലാസിൽ പഠിപ്പിക്കുന്നതു കണ്ടാൽ അദ്ദേഹം പാഠശാലയിൽ ചേർന്നു വളരെക്കാലം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു പരിചയിച്ചിട്ടുണ്ടെന്നല്ലാതെ പാഠശാലകളിൽ ചേർന്നു പഠിച്ചിട്ടില്ലാത്ത കരാളാണെന്നു് ആരുംതോന്നുകയില്ല. സംഗതികൾ പറഞ്ഞു വിദ്യാർത്ഥികളെ ധരിപ്പിക്കുകയും ക്ലാസു ഭരിച്ചുകൊണ്ടുപോവുകയും ചെയ്യുന്നതിനു ശങ്കുണ്ണി അവർകൾക്കുള്ള വാസനയും സാമർത്ഥ്യവും കണ്ടു വേറെആരെന്നായാണു്. ഇംഗ്ലീഷുസ്കൂളുകളിൽ കുട്ടികൾ മലയാളമുൻഷികളെ കരണ്ടാട്ടം കളിപ്പിക്കുകയാണല്ലോ പ്രായേണ എല്ലാ ടിക്കുകളിലേയും പതിവു്. കുട്ടികളുടെ ആവകപിട്ടുകളൊന്നും ശങ്കുണ്ണി അവർകളുടെ അടുക്കൽ പറുകയില്ലെന്നു മാത്രമല്ല; അതൊന്നും അദ്ദേഹത്തിന്റെ അടുക്കൽ ആരും പരീക്ഷിച്ചുനോക്കാറുമില്ല. ശങ്കുണ്ണി അവർകളുടെ അടുക്കൽ കരു മണിക്കൂറെങ്കിലും പഠിക്കാനിടയാകുന്ന ഏതൊരുത്തനും അദ്ദേഹത്തിന്റെ പേരിൽ എന്തെന്നില്ലാത്ത കരു ഭയവും ഭക്തിയുമുണ്ടാകുമെന്നുള്ളതു തീച്ചയാണു്. അതു ശങ്കുണ്ണി അവർകൾ തന്റെ അന്തേവാസികളുമായി പെരുമാറുന്ന കരുതിവിശേഷംകൊണ്ടെന്നല്ലാതെ മറൊന്നും പറയാൻ കാണുന്നില്ല. ശങ്കുണ്ണി അവർകൾ തന്റെ അടുക്കൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു താൻ പഠിപ്പിക്കുന്ന ഭാഷയിൽ തന്നാൽകഴിയുന്ന അറിവുണ്ടാക്കിക്കൊടുക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ലാതെ ശമ്പളത്തെ മാത്രം വിചാരിച്ചു പഠിപ്പിക്കാറില്ല. പുതിയ പുതിയ അറിവുകൾ ഉണ്ടാക്കിക്കൊടുക്കുന്ന ഗുരുനാഥന്മാരിൽ വിദ്യാർത്ഥികൾക്കു ഭയഭക്തിബഹുമാനങ്ങൾ ഉണ്ടാകുന്നതു് കരത്ഭുതമല്ലല്ലോ. ശങ്കുണ്ണി അവർകളുടെ ശിക്ഷാസാമർത്ഥ്യത്തിനു മാർ ദീവന്നാസ്യോസു സിമ്മനാരിയിൽനിന്നു മട്രിക്കുലേഷൻ പരീക്ഷയ്ക്കു പോകുന്ന വിദ്യാർത്ഥികളാരും കരിക്കുലും മലയാളത്തിൽ തോൽക്കാറില്ലെന്നുള്ളതുതന്നെ കരുത്തമദൃഷ്ടാന്തമാണു്.

ശങ്കുണ്ണി അവർകളുടെ ഭാഷാകവിതയുടെ മാധുര്യത്തെ

Digitized By Kerala Sahitya Akademi

ആസ്വദിക്കാത്തവരായി കേരളനിവാസികളിൽ അധികംപേ രുണ്ടായിരിക്കാനിടയില്ലാത്തതിനാൽ അതിനെക്കുറിച്ചു ഞാൻ കുറേംതന്നെ പറയേണ്ടതെന്നു വിചാരിക്കുന്നില്ല. ഇദ്ദേഹം ആ ട്ടക്കഥകൾ ഉണ്ടാക്കിത്തുടങ്ങിയതുവരെ ഇദ്ദേഹത്തിനു സംസ്കൃതശ്ലോകവും ഉണ്ടാക്കാമെന്നുള്ളതുതന്നെ അധികമാരും അറി ഞ്ഞിരിക്കുമെന്നു തോന്നുന്നില്ല. ഇദ്ദേഹത്തിനു ഭാഷയിലെന്ന പോലെതന്നെ ശബ്ദാർത്ഥാലങ്കാരങ്ങൾക്കു യാതൊരു കുറവുംവ രുത്താതെ സംസ്കൃതത്തിലും പദ്യങ്ങൾ രചിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. അഥവാ സംസ്കൃതത്തിലായാലല്ലയോ ഇദ്ദേ ഹത്തിനു കുറച്ചധികം എളുപ്പമെന്നുകൂടി വിചാരിക്കേണ്ടിയി രിക്കുന്നു. ദൃഷ്ടാന്തത്തിനായി ചില ശ്ലോകങ്ങൾ താഴെ പക ർത്തുന്നു.

ശ്രീമദ്വിഷ്ണുപദോത്ഥിതം ശരധരം ശക്രായുധാലംകൃതം
ദൃശ്യാമളമാത്മവിഗ്രഹജിതക്രമവ്യാദമവ്യാഹതം
നിത്യാനന്ദിതനീലകണ്ഠമമലം വാതോത്ഥവോജ്ജൃംഭിതം
ഭ്രജാതീർത്തിഹരം നമാമി സതതം ശ്രീരാമധാരാധരം. 1

ശംഭോരാദ്യം തനൂജം ഗജവരവദനം പദ്മജാതാത്മജായാ-
മംഭോജാക്ഷഞ്ച ഭദ്രാം ഭവനയമഭവാം മൽഗുരുൻ സൽഗുണാഢ്യാൻ
ഡംഭോപേതാൻ ബുധഘ്നാനഖിലമുനിവരാൻ ഭ്രസുരേന്ദ്രാൻ സുരേന്ദ്രാൻ
രംഭാകാന്താരസംസ്ഥം കപികുലവൃഷഭം മാരുതിം ധീരമീഡേ. 2

ഈ അർത്ഥശബ്ദാലങ്കാരപ്രധാനങ്ങളായ ഈ വന്ദനശ്ലോകങ്ങൾ ‘ശ്രീരാമപട്ടാഭിഷേക’ത്തിലും ‘ഭ്രസുരഗോഗ്രഹണ’ത്തിലുമുള്ള വയാണു്. ‘ശ്രീരാമപട്ടാഭിഷേക’ത്തിലെ രണ്ടു ശ്ലോകങ്ങൾകൂ ടി താഴെ പകർത്തുന്നു.

ഇത്ഥം ശ്രുത്വാ ജനകതനയാഭാഷണം ഭീഷണാത്മാ
ക്രുദ്ധഃ സ്മൃത്വാ സപദി ഹൃദയേ സ്വർദ്ധയാ മദ്ധ്യമാംബാം
നത്വാ പാദേ രഘുകുലവരം ലക്ഷ്മണസ്സൽക്ഷരണാദ്യൽ-
ബദ്ധാടോപജ്വലിതനയനോ രൂക്ഷമിത്യാഹ വാചക്ഷ.

വ്യൂഢഗ്രസ്കന്ധഗ്രീവവാക്യപ്രവലിതഹൃദയൈവ്വാനരൈരുത്തരൈരു-
ദ്ദാനീതാഭിശ്ച താഭിഃ കപിവരവനിതാഭിസ്സമം സൽസഭാവാ
താരാ താരാധിപാസ്യാ ബഹുതരമുപഹാരാദിഭിർമ്മോദയിത്വാ
പ്രീതാം സീതാമവാദീൽ പ്രിയതരമിതി താം ഭ്രൂമിജാം രാമജായാം. 3

Digitized By Kerala Sahitya Akademi

ഇനി ശബ്ദാലങ്കാരപ്രധാനമായും അത്ഥാലങ്കാരപ്രധാനമായും ഭ്രസുരഗോഗ്രഹണത്തിലുള്ള ചില ശ്ലോകങ്ങൾകൂടി ഇവിടെ കാണിക്കാം.

വിഹായസാ വിഹായസാ ലസന്തു ഗന്ധമാദനം
വിഹായ സംധ്യസംവരോ വിരാധിസാധ്യസാധ്വസം
മഹാശുകാശുകം മുദാഗതം തദാശുഗാത്മജം
സഹാസമാഹ സാഞ്ജലീരുചാഗ്രുനം വചോഗ്രുനഃ. 1

കാലാനുകൂലമനുദ്ദിയ സുഖം വസന്തം
ലീലാലയേ ഹരിസുതഃ പ്രിയയാ വസന്തം
കാലാത്മജം പദനതഃ കലയൻ മുദന്തം
ലോലാശയോ നൃഗദദേത്യ ഗവാമുദന്തം. 2

ഇത്ഥം പാത്ഥരണോപഹൂതമധികപ്രൗഢോന്ധചക്രാനുജഃ
ശ്രുത്വാ ബദ്ധവിരോധമുദ്ധതമതിസ്സ്ഥാലുരേത്യാന്തികം
സാദ്ധം കസ്കരസാത്ഥമിത്രനികരൈസ്സ്വാത്ഥമത്യൽക്കട-
പ്രധ്വാനോദ്ധുതകഭ്രവാദ്ധിനിവഹഃ പ്രത്യാഹ വൃത്രാരിജം. 3

ഇനി ഭ്രസുരഗോഗ്രഹണത്തിലെ രണ്ടു ശ്ലോകംകൂടി ഇവിടെ പകത്താം.

കസുമേഷുശിലീമുഖപ്രവേശാ-
ദസമാനാം നിജപത്മിനീം വിവർണ്ണാം
പ്രസമീക്ഷ്യ കദാപി ധാത്തരാഷ്ട്ര-
സ്സസുമാം ഹന്ത! ജഗാമ പുഷ്പവാടീം. 1

ബാലാം മാധവലാളിതാം കസുമിതാം പത്രാങ്കുരാലംകൃതാം
പാർശ്വസ്ഥാം പരമജ്ഞനസ്യ കലിതാമാലാം തദാ മാധവീം
വീക്ഷ്യാനല്പതരേർഷ്യയേവ കലുഷോ ഗത്വാ നികഞ്ജാന്തരം
ദാക്ഷ്യാദത്ര വസന്നപേക്ഷത നിജാം ഭോഗ്യാം സ ദുര്യോധനഃ. 2

അത്ഥാലങ്കാരസമ്പൂർണ്ണങ്ങളായിരിക്കുന്ന ശ്ലോകങ്ങളിൽകൂടിയും ശബ്ദഭംഗികളെ ധാരാളം പ്രയോഗിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു യാതൊരു പ്രയാസവുമില്ലെന്നും കൈരളിയെപ്പോലെത്തന്നെ ഗൈർവ്വാണിയും അദ്ദേഹത്തിനു സ്വാധീനയായിട്ടാണിരിക്കുന്നതെന്നും മേൽക്കാണിച്ച ശ്ലോകങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ.

ഗ്രന്ഥകരണവും അതോടുകൂടി സ്വന്തമായ ഒരു ദേവസ്വ

Digitized By Kerala Sahitya Akademi

കായ്വിചാരവും മൻഷിപ്പണിയും പല വർത്തമാനപത്രങ്ങളേയും മാസികകളേയും പഠിച്ചുകൊണ്ടും ഗഠിച്ചുകൊണ്ടും സഹായിക്കുകയും വിശേഷിച്ചും മ: മനോരമയ്ക്കും ഭാഷാപോഷിണിമാസികയ്ക്കും വേണ്ടുന്ന വിധത്തിലെല്ലാം സഹായിച്ചു കൊടുക്കുകയും മറും നിരന്തരമായി ചെയ്തുകൊണ്ടിരിക്കുന്ന ശങ്കുണ്ണി അവർകൾ 1066-ാമാണ്ടുമുതൽ ഏകദേശം 24 സംവത്സരകാലംകൊണ്ടു് ഇത്ര വലുതരെ കൃതികൾ ഉണ്ടാക്കിത്തീർത്തതിൽ അത്ഭുതപ്പെടാനല്ലാതെ ഈ കൃതികൾക്കു വല്ല ന്യൂനതയുമുണ്ടെങ്കിൽ അതൊരു കുറവായി പറയാൻ ന്യായം കാണ്മാനില്ല. ശങ്കുണ്ണി അവർകൾ എന്തെങ്കിലും ഒരു കൃതി എഴുതിത്തീർത്താൽ അതു വീണ്ടും നോക്കി തിരുത്തി നന്നാക്കുകയും ആലോചിച്ചിരുന്ന കവിതയുണ്ടാക്കുകയും പതിവില്ല. നന്നായാലും ചീത്തയായാലും അപ്പോഴപ്പോൾ തോന്നുന്നതു് എഴുതിയിടുക മാത്രമേ അദ്ദേഹം പതിവുള്ളൂ. ഇതു കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കു പ്രധാനമായിട്ടുള്ള ഒരു ദോഷമാണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ശങ്കുണ്ണി അവർകൾ തന്റെ കൃതികളെ കുറച്ചുകൂടി മനസ്സിരുത്തി ആലോചിച്ചുണ്ടാക്കുകയും കുറേരണ്ടു പ്രാവശ്യംകൂടി നോക്കിത്തിരുത്തി നന്നാക്കി മാറിയെഴുതുകയും ചെയ്തിരുന്നുവെങ്കിൽ അവയ്ക്കു് ഇപ്പോഴത്തേതിൽ വളരെ കൂടുതലായ ഗുണങ്ങൾ ഉണ്ടാകുമായിരുന്നു. എന്നാൽ എന്തെങ്കിലും ഒരു പ്രബന്ധം എഴുതിത്തുടങ്ങിയാൽ അതു വല്ലവിധവും മുഴുവനാക്കാതെ അതിൽ നിന്നു വിരമിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു കവിതാവിഷയത്തിലുള്ള ഒരു പ്രധാനഗുണമാണെന്നുള്ളതും നിസ്സംശയം പറയാവുന്നതാണു്. അനേകം കൃതികൾ ആരംഭിക്കുകയും കുറേം മുഴുവനാക്കാതെയിരിക്കുകയും ചെയ്യുന്ന യോഗ്യന്മാരായ പല കവികൾ നമ്മുടെ കേരളത്തിൽ ഉണ്ടായിരുന്നു എന്നും ഇപ്പോഴും ഉണ്ടെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലോ. അപ്രകാരം ശങ്കുണ്ണി അവർകളുടെ കൃതികളിൽ അധികമൊന്നും മുഴുവനാകാതെ കിടപ്പുണ്ടെന്നു തോന്നുന്നില്ല.

Digitized By Kerala Sahitya Akademi

ശങ്കുണ്ണി അവർകൾക്ക് അത്താലങ്കാരത്തിലുള്ളതിലധികം ശ്രദ്ധയും പ്രതിപത്തിയും ശബ്ദാലങ്കാരത്തിലാണെന്നു ചിലർ വിചാരിക്കുകയും പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അദ്ദേഹം അവ രണ്ടിനായിട്ടും അധികം ക്ലേശിക്കാറില്ലെന്നും അനായാസേന ലഭിക്കുന്നവയെ ഉപേക്ഷിക്കാറില്ലെന്നു മാത്രമേ ഉള്ളൂ എന്നും പരിചിതന്മാക്കറിയാവുന്നതാണ്.

ഇനി ശങ്കുണ്ണി അവർകളുടെ മനോഹ്രണത്തെപ്പറ്റി വിചാരിക്കുകയാണെങ്കിൽ അതു് കട്ടും ചില്ലറയല്ല. ഔശ്ചരക്കുതി, ഹ്രുജുനഭക്തി, ഭ്രുതദയ, പരോപകാരതല്പരത, മതാചാരനിഷ്ഠ, ഹൃദയനിഷ്കളങ്കത മുതലായ അനേകഹ്രണങ്ങൾ ശങ്കുണ്ണി അവർകൾക്കു പൂർണ്ണമായിട്ടുണ്ട്. ഈശ്വരവിചാരം കൂടാതെ യാതൊന്നും പ്രവർത്തിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമുള്ള ഒരു ഹ്രണമാണ്. തനിക്കുണ്ടാകുന്ന ഏതുവിധമാപത്തുകളേയും ധൈര്യത്തോടും ക്ഷമയോടുംകൂടി സഹിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു ധാരാളം ശക്തിയുണ്ടെങ്കിലും അന്യന്മാരുടെ സങ്കടങ്ങൾ കണ്ടോ കേട്ടോ അറിഞ്ഞോ സഹിക്കുന്നതിനു് അദ്ദേഹം കേവലം അശക്തനാണ്. ആകപ്പാടെ നോക്കിയാൽ ശങ്കുണ്ണി അവർകൾ ഒരു സൽഹ്രണനും നിഷ്കളങ്കഹൃദയനും വിശ്വാസപൂർവ്വം സ്നേഹിക്കാൻ കൊള്ളാവുന്ന ഒരാളുമാണെന്നു നിസ്സംശയം പറയാവുന്നതാണ്.

വക്രോക്തികളും ഫലിതങ്ങളും പറയുന്നതിനു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമൊരു വാസനയുണ്ട്. ഇദ്ദേഹം വെടിപറയുന്നതു കേട്ടാൽ രസിക്കാതെ സഹൃദയന്മാരിൽ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആകപ്പാടെ ശങ്കുണ്ണി അവർകൾ സരസപ്രതീപ്രസാദം സിദ്ധിച്ചിട്ടുള്ള ഒരു രസികനും സരസനുമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ശങ്കുണ്ണി അവർകൾ ഒരു വലിയ കായ്മസ്ഥനും മറുമല്ലെങ്കിലും തന്റെ കായ്മങ്ങൾക്കു ദോഷങ്ങൾ നേരിടാതെ നോക്കിനടത്തിക്കൊണ്ടുപോകുന്നതിനു വേണ്ടത്തക്ക കായ്മവിവരം അദ്ദേഹത്തിനുണ്ട്.

Digitized By Kerala Sahitya Akademi

മിതവ്യയം ശങ്കുണ്ണി അവർകൾക്കുള്ള ഒരു പ്രധാനഗുണമാണു്. 'ആയം ദൃഷ്ട്വാ വ്യയാ കർത്താദായാദല്പതരോ വ്യയഃ' എന്നുള്ള പ്രമാണപ്രകാരമല്ലാതെ കയ്യിൽ കിട്ടുന്നതു മുഴുവനും പോരെങ്കിൽ കടം മേടിച്ചും ചെലവു ചെയ്യുന്ന സ്വഭാവം അദ്ദേഹത്തെ ലേശംപോലും ബാധിച്ചിട്ടില്ല. വരവിനു തക്കവണ്ണമല്ലാതെ അദ്ദേഹം ഒരിയ്ക്കലും ഒരുവകയ്ക്കും ചെലവു ചെയ്കയില്ല. 'ദീപാളി' എന്നു കേൾക്കുന്നതിനേക്കാൾ നല്ലതു് 'ലുബ്ധൻ' എന്നു കേൾക്കുന്നതാണെന്നു് അദ്ദേഹം പ്രസംഗവശാൽ പലപ്പോഴും എന്നോടുതന്നെ പറഞ്ഞിട്ടുണ്ടു്. ഇതുയും പറഞ്ഞതുകൊണ്ടു ശങ്കുണ്ണി അവർകൾ ലൌകികവും ഔദാര്യവുമില്ലാത്ത ഒരു പിശുക്കനാണെന്നു് ആരും തെറ്റിദ്ധരിച്ചുപോകരുതു്. തന്റെ സ്ഥിതിക്കു തക്കവണ്ണം വേണ്ടുന്ന ദിക്കിൽ വേണ്ടതുപോലെ ചെലവു ചെയ്യുന്നതിനു് അദ്ദേഹത്തിനു് ഒരു മടിയുമില്ല. അനാവശ്യകമായും അതിരു കവിഞ്ഞും അദ്ദേഹം യാതൊന്നും ചെലവു ചെയ്കയില്ലെന്നു മാത്രമേ ഉള്ളു. ശങ്കുണ്ണി അവർകൾ ഗൃഹഭരണം ആരംഭിച്ച കാലത്തു കുടുംബത്തിൽ നിത്യവൃത്തിക്കുതന്നെയും വളരെ ഞെരുക്കമായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുറച്ചു കാലംകൊണ്ടു് ആ സ്ഥിതി വിട്ടു് ഇടയ്ക്കിടെ അത്യാവശ്യത്തിനു വലിയ ബുദ്ധിമുട്ടൊന്നുമില്ലെന്നുള്ള നിലയിലായിട്ടുള്ളതു പരിശ്രമശീലനും സകലകലാകുശലനും ഭാഗ്യവാനുമായിരുന്ന ജ്യേഷ്ഠന്റെ നിരന്തരപരിശ്രമവും സഹായവും ഈശ്വരന്റെ കാരുണ്യസംയുക്തമായ അനുകൂല്യവുംകൊണ്ടാണെന്നാണു് ശങ്കുണ്ണി അവർകൾ വിചാരിക്കുകയും പറയുകയും ചെയ്യുന്നതെങ്കിലും അതിന്റെ പ്രധാന കാരണങ്ങൾ അദ്ദേഹത്തിന്റെ ഗൃഹഭരണനിപുണതയും മിതവ്യയശീലവും കൂടിയാണെന്നുള്ള വാസ്തവം പറയാതെയിരിക്കാൻ നിവൃത്തിയില്ല.

സമയനിശ്ചയം എന്നുള്ളതു ശങ്കുണ്ണി അവർകൾക്കുള്ള ഗുണങ്ങളിൽ കട്ടം അപ്രധാനമല്ലാത്ത വേറൊന്നാണു്. ഇന്നിന്ന സമയങ്ങളിൽ ഇന്നിന്ന പ്രവൃത്തികൾ ചെയ്കയെന്നു

Digitized By Kerala Sahitya Akademi

ശങ്കുണ്ണി അവർകൾ ഒരു നിശ്ചയം ചെയ്തിട്ടുണ്ട്. ആ നിശ്ചയത്തെ മിക്കവാറും തെറ്റിക്കാതെതന്നെ അദ്ദേഹം കഴിച്ചുകൂട്ടിപ്പോരുന്നുണ്ട്. 'പ്രതിദിനം അനേകകൃത്യങ്ങൾ നിർവ്വഹിക്കേണ്ടുന്നവക്ക് സമയനിശ്ചയമില്ലെങ്കിൽ ഒരു കാര്യവും ശരിയായിട്ടും വേണ്ടുന്ന സമയത്തും വേണ്ടതുപോലെയും നടക്കുകയില്ലെന്നു മാത്രമല്ല; ഒരിക്കലും മനസ്സിന്നു സുഖവും സൈ്വരവും ഉണ്ടായിരിക്കുകയുമില്ല. നേരെമറിച്ച് അനേകകൃത്യങ്ങൾ പ്രതിദിനം നിർവ്വഹിക്കേണ്ടതായി ഉണ്ടായിരുന്നാലും സമയനിശ്ചയംചെയ്ത് അതിൻപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവക്ക് ഒന്നും ഒരു ഭാരമായിരിക്കയില്ലെന്നു മാത്രമല്ല; അവരുടെ കൃത്യങ്ങൾ കുടിശ്ശികകൂടാതെ നടന്നുകൊണ്ടിരിക്കുകയും തന്നിമിത്തം അവക്ക് മനസ്സുഖവും സൈ്വരവും ഉണ്ടായിരിക്കുകയും ചെയ്യും' എന്നൊരു മഹാൻ പറഞ്ഞിട്ടുള്ളതു് എത്രയും വാസ്തവമാണെന്നതിന്നു ശങ്കുണ്ണി അവർകളുടെ സ്ഥിതി ഒരുത്തമദൃഷ്ടാന്തമായിട്ടാണിരിക്കുന്നത്. ദിനചാരങ്ങളായ അനേകകൃത്യങ്ങൾ ദിനംപ്രതി നിർവ്വഹിക്കേണ്ടിയിരിക്കുന്ന ശങ്കുണ്ണി അവർകൾക്ക് ഇപ്രകാരം ഒരു സമയനിശ്ചയമില്ലായിരുന്നുവെങ്കിൽ സാഹിത്യവിഷയത്തിലും മറ്റും യാതൊന്നും പ്രവർത്തിക്കാൻ അദ്ദേഹത്തിന്നു് ഒരിക്കലും സാധിക്കുകയില്ലായിരുന്നു.

മനുഷ്യരുടെ ഇഹലോകജീവിതം സുഖദുഃഖസമ്മിശ്രമായിട്ടല്ലാതെ ഇരിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകളുടെ വിഷയത്തിലും എത്രയും വാസ്തവമായിട്ടാണിരിക്കുന്നതു്. ഗൃഹഭരണത്തിന്നു് അത്യന്തം നിപുണയും പ്രിയവതിയും ഗൃഹലക്ഷ്മിയുമായിരുന്ന പ്രിയമാതാവു് 1048-ാമാണ്ടു തുലാമാസത്തിൽ പരലോകപ്രാപ്തയായതിനോടുകൂടിത്തന്നെ ശങ്കുണ്ണി അവർകളുടെ മനസ്സുഖം മിക്കവാറും അസ്തപ്രായമായി. രണ്ടുപേരുടെ മാതാവിനെപ്പോലെ നിരുപാധികമായ വാത്സല്യം പ്രപഞ്ചത്തിൽ മറ്റാർക്കുമുണ്ടാകയില്ലെന്നുള്ളതു് എല്ലാവർക്കും സുനിശ്ചിതമായിട്ടുള്ളതാണല്ലോ.

ജ്യേഷ്ഠൻ വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും ഒരു

Digitized By Kerala Sahitya Akademi

തിൽ സന്താനമുണ്ടാകുന്ന കാര്യം സംശയസ്ഥിതിയിലാക യാൽ പിതൃനിയോഗപ്രകാരം 1056_ാമാണ്ടു മകരമാസത്തിൽ ശങ്കുണ്ണി അവർകളും വിവാഹം ചെയ്കയും ആ ആണ്ടു മേട മാസത്തിൽത്തന്നെ ആ യുവതിയെ സഭർഗൃഹത്തിൽ കൂടിവെ ക്കുകയും ചെയ്തു. ആ സ്ത്രീ പഠിപ്പ്, ബുദ്ധി, കാര്യശേഷി, ഗൃ ഹഭരണസാമർത്ഥ്യം, ഭർതൃഹിതാനുവർത്തനം, ഭർതൃശുശ്രൂഷാ നൈപുണ്യം മുതലായ ഗുണവൈഭവംകൊണ്ടു ശങ്കുണ്ണി അ വർകളുടെ മാതൃവിയോഗദുഃഖത്തെ കുറച്ചുകാലത്തിനിടയിൽ വിസ്മൃതപ്രായമാക്കിത്തീർത്തു. അക്കാലത്തു ശങ്കുണ്ണി അവർകളു ടെ മാതൃവിയോഗാഗ്നിദഗ്ധമായ ഹൃദയവൃക്ഷം വീണ്ടുമൊന്നു തളിർത്തു. എങ്കിലും ആ സ്ഥിതി അധികകാലം നീണ്ടുനില്ക്കു ന്നതിനു ദുഷ്ടനായ ദൈവം അനുവദിച്ചില്ല. 1057_ാംമാണ്ട് ചിങ്ങമാസം 10_ാനു- ശങ്കുണ്ണി അവർകളുടെ ആ പ്രിയതമ സന്നിപാതജ്വരത്താൽ ബാധിതയാവുകയും 17_ാനു- പര ലോകം പ്രാപിക്കുകയും ചെയ്തു.

പ്രഥമപുത്രന്റെ ഭാര്യ വന്ധ്യയായിത്തീരുകയും ദ്വിതീ യപുത്രന്റെ പ്രിയപത്നിയായ ഗുണവതി അകാലകാലഗതി യെ പ്രാപിച്ചുപോവുകയും ചെയ്കയാൽ ദുഃഖിതനും വിഗ തഭാര്യനും വയോവൃദ്ധനുമായ പിതാവിന്റെ ശുശ്രൂഷ ചെ യ്യുമാത്രമായിരുന്ന ശങ്കുണ്ണി അവർകൾക്കു മനസ്സമാധാനത്തിനു പിന്നീടുണ്ടായിരുന്ന ഒരുപായം. ആ പിതാവും 1061_ാമാണ്ടു മകരമാസത്തിൽ പരലോകത്തെ പ്രാപിച്ചു.

തദനന്തരം ശങ്കുണ്ണി അവർകൾ സന്താനാർത്ഥം 1062_ാമാണ്ട് മിഥുനമാസത്തിൽ കുന്നക്കുടി വിവാഹം ചെയ്തു കയും 63 വൃശ്ചികത്തിൽ സഭവനത്തിൽ കൂടിവെയ്ക്കുകയും ചെയ്തു. ആ യുവതിയും ഗൃഹഭരണനൈപുണ്യം, ഭർതൃസ്നേഹം, ക്ഷമ, ക്ലേശസഹനശക്തി മുതലായ സദ്ഗുണങ്ങളാൽ പ്ര ശോഭിതയായിരുന്നു. തന്റെ സകല സുഖങ്ങൾക്കും നിദാന മായിട്ടുള്ളതു ഭർത്താവാണെന്നുള്ള ദൃഢവിശ്വാസത്തോടുകൂടിയി രുന്ന ആ ഗുണവതിക്കു ഭർത്താവിന്റെ മനസ്സുഖങ്ങൾ

Digitized By Kerala Sahitya Akademi

ക്കായി കൃത്യങ്ങളെ നടത്തുന്ന സംഗതിയിൽ തന്റെ ഊണും ഉറക്കവുംകൂടി അഗണ്യങ്ങളായിരുന്നു. ഇപ്രകാരമുള്ള ധർമ്മപ ത്നിയുടെ സഹവാസം നിമിത്തം ശങ്കുണ്ണി അവർകൾ പൂർവ്വക ഷ്ടദശകളെ അധികം സ്മരിക്കാതെ കരുവിധം സുഖമായിട്ടുത ന്നെ കുറച്ചുകാലത്തേയ്ക്കു കാലക്ഷേപം ചെയ്തുകൊണ്ടിരുന്നു.

അതിനിടയ്ക്കു ശങ്കുണ്ണി അവർകൾ തന്റെ സഹോദരി മാരെ രണ്ടുപേരേയും വിവാഹംചെയ്തുകൊടുക്കുകയും മൂത്ത സ ഹോദരി പ്രസവിച്ചു പുരുഷന്മാരും സ്ത്രീകളുമായിപത്തും ഇളയ സഹോദരി പ്രസവിച്ചു് അഞ്ചും കുട്ടികൾ ഉണ്ടാവുകയും ചെ യ്തു. ആ ഭാഗിനേയന്മാരേയും ഭാഗിനേയികളേയും അവരുടെ മാതാക്കന്മാരോടുകൂടി ഇങ്ങോട്ടു വരുത്തിയും' അങ്ങോട്ടു ചെന്നും കൂടെക്കൂടെ കണ്ടു ശങ്കുണ്ണി അവർകൾ ആനന്ദിക്കുകയും തന്റെ അനപത്യതാദുഃഖത്തെ കരുവിധം ശാന്തപ്പെടുത്തുകയും ചെ യ്തുകൊണ്ടിരുന്നു.

ശങ്കുണ്ണി അവർകൾ ഈ സ്ഥിതിയിൽ ഇരിക്കുന്നതിന്നും ഹതവിധി അധികകാലത്തേയ്ക്കു് അനുവദിച്ചില്ല. 1068_ാമാ ണ്ടു കർക്കടകമാസത്തിൽ മസൂരികാബാധിതനായി അദ്ദേഹം അത്യന്തം കഷ്ടപ്പെട്ടു. എങ്കിലും രാത്രിയും പകലും കരുപോ ലെ ഉറക്കവുമുപേക്ഷിച്ചു ജ്യേഷ്ഠൻകൂടെ അടുക്കലിരുന്നു രക്ഷിച്ചതുകൊണ്ടും ഈശ്വരകാരുണ്യംകൊണ്ടും ആയുസ്സിന്റെ ബലംകൊണ്ടും അദ്ദേഹം അതിൽനിന്നു് കരുവിധം രക്ഷപ്പെ ട്ടു കേറി. എങ്കിലും തന്റെ സകലഭാഗ്യങ്ങൾക്കും കാരണഭൂ തനും താൻ തന്നെ അച്ഛനെന്നപോലെ ഭയഭക്തിബഹുമാ നങ്ങളോടുകൂടി ആചരിച്ചും പ്രാണനേക്കാളധികം സ്നേഹിച്ചും പോന്നിരുന്ന ആളും ഗുണവാനുമായിരുന്ന പ്രിയജ്യേഷ്ഠൻ ആ മഹാവ്യാധിയാൽത്തന്നെ ബാധിതനായി ആ കർക്കടകത്തിൽ ത്തന്നെ പരലോകപ്രാപ്തനായിപ്പോയതിനാൽ ശങ്കുണ്ണി അ വർകൾക്കുണ്ടായ ദുഃഖം അത്യന്തം ദുസ്സഹമായിരുന്നു. ഇതി നും പുറമെ രണ്ടു സഹോദരിമാരും മൂത്ത സഹോദരിയു

Digitized By Kerala Sahitya Akademi

ുണ്ടായ പത്തു കുട്ടികളും ഇളയസഹോദരിയിലുണ്ടായ ഒരു പുത്രനും ഒരു പുത്രിയുമൊഴിച്ചു ശേഷം മൂന്നു കുട്ടികളുംകൂടി കുറച്ചുകാലത്തിനിടയ്ക്കു തുടരെത്തുടരെ അകാലനിര്യാണത്തെ പ്രാപിച്ചുപോവുകയാൽ ശങ്കുണ്ണി അവർകൾക്കുണ്ടായ മനസ്താപം അവാങ്മനോഗോചരമെന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല.

മുമ്പേതന്നെ വന്ധ്യയെന്നു് ഏകദേശം നിശ്ചയിക്കപ്പെട്ടിരുന്ന പൂവ്വജഭാര്യ വിധവയുംകൂടി ആയിത്തീരുകയും തന്റെ ഭാര്യ യഥാകാലം പ്രസവിക്കാതെയിരിക്കുകയും ചെയ്കയാൽ ശങ്കുണ്ണി അവർകൾ സന്തത്യർത്ഥം 1074_ാമാണ്ടു് അനുജനെ കൊണ്ടുകൂടി വിവാഹം ചെയ്യിക്കുകയും ആ സ്ത്രീയേയും സ്വഗൃഹത്തിൽ കുടിവെപ്പിക്കുകയും ചെയ്തു. അവരിലും സന്താനമുണ്ടാകാതെതന്നെ 1077_ാമാണ്ടു മകരമാസത്തിൽ ആ സഹോദരനും 1080_ാമാണ്ടു് ഇടവമാസത്തിൽ ആ സഹോദരപത്നിയും പരലോകത്തെ പ്രാപിച്ചു. മനുഷ്യപ്രയത്നംകൊണ്ടുമാത്രം ഒരു കാര്യവും സാധിക്കുകയില്ലെന്നും ഈശ്വരേച്ഛപോലെയല്ലാതെ ഒന്നും സംഭവിക്കുകയില്ലെന്നും ശങ്കുണ്ണി അവർകൾക്കു മുമ്പേതന്നെ ഉണ്ടായിരുന്ന വിശ്വാസം അപ്പോൾ ഒന്നുകൂടി ദൃഢീഭവിക്കയും അതോടുകൂടി അദ്ദേഹം മിക്കവാറും ഒരു വിരക്തനെപോലെയിരിക്കയും സന്തത്യർത്ഥമായി ഇനി ഒന്നും പരിശ്രമിക്കാൻ കഴികയില്ലെന്നും 'യൽ ഭാവി തൽ ഭവതു' എന്നും ഏകദേശം തീർച്ചപ്പെടുത്തുകയും ചെയ്തു. എങ്കിലും അങ്ങിനെ വിചാരിച്ചാൽപ്പോരെന്നും തങ്ങളാൽ കഴിയുന്നതെല്ലാം ഇനിയും ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്നും മറും ഞാൻ തമുലായ സ്നേഹിതന്മാരുടേയും മറു പല മാന്യസുഹൃത്തുക്കളുടേയും നിർബ്ബന്ധവും ഉപദേശവും നിമിത്തം ശങ്കുണ്ണി അവർകൾ 1081_ാമാണ്ടു മിഥുനമാസത്തിൽ മൂന്നാമതായി ഒന്നുകൂടി വിവാഹം ചെയ്തു.

തദനന്തരം ശങ്കുണ്ണി അവർകൾ അനിർവ്വചനീയമായ ഒരു കഷ്ടതകൂടി അനുഭവിക്കേണ്ടതായി വന്നു. അദ്ദേഹം രണ്ടാ

Digitized By Kerala Sahitya Akademi

മതു വിവാഹംചെയ്ത സകല സൽഗുണസമ്പൂർണ്ണയായ അ
ദ്വിതീയഭാര്യ 1083-ാമാണ്ടു മേടമാസത്തിൽ മസൂരികാദീന
ത്താൽ പരലോകപ്രാപ്തയായി. ഇതു ശങ്കുണ്ണി അവർകൾക്ക
ണ്ടായിട്ടുള്ള കഷ്ടാനുഭവസൌധങ്ങളുടെ എല്ലാംകൂടിയുള്ള കു
താഴികക്കുടമായിട്ടാണ് പരിണമിച്ചതു്. സൽഗുണനിധിയാ
യിരുന്ന ആ പ്രിയതമയെക്കുറിച്ചോർത്തു ദിവസത്തിൽ കരിക്ക
ലെങ്കിലും കുറെ കണ്ണീർ പൊഴിക്കാതിരിക്കാൻ ശങ്കുണ്ണി അ
വർകൾക്ക് ഇപ്പോഴും കഴിയുന്നുണ്ടെന്നു തോന്നുന്നില്ല.

1084-ാമാണ്ടു കർക്കടകത്തിൽ ജ്യേഷ്ഠത്തിയും പരലോക
പ്രാപ്തയായിപ്പോവുകയാൽ ഇപ്പോൾ ശങ്കുണ്ണി അവർകളുടെ
കുടുംബത്തിൽ അദ്ദേഹവും അദ്ദേഹം മൂന്നാമതു വിവാഹംചെ
യ്ത ആ ധർമ്മപത്നിയുമല്ലാതെ വേറെ ആരുമില്ല. അദ്ദേഹത്തി
ന്നു സന്താനലാഭം ഇതുവരെ സിദ്ധിച്ചിട്ടുമില്ല. എങ്കിലും അ
ദ്ദേഹം സന്തത്യർത്ഥം വളരെ നാളായിട്ടു ശക്തിക്കു തക്കവണ്ണ
വും അതിലധികവും അനേകസൽകർമ്മങ്ങൾ അവിച്ഛിന്നമാ
യി ചെയ്തുകൊണ്ടാണിരിക്കുന്നതു്. അതിനാൽ അനേകസ
ജ്ജനങ്ങളുടെ അനുഗ്രഹവും ആശീർവാദവും അചിരേണ സഫ
ലീഭവിച്ചു് അനേകം ശുഭസന്താനങ്ങളോടും ആയുരാരോഗ്യസ
മ്പൽസമൃദ്ധിയോടുംകൂടി ശങ്കുണ്ണി അവർകൾ ഇനിയും വള
രെക്കാലം സുഖമായി ജീവിച്ചിരിക്കുന്നതിനു സർവ്വേശ്വരൻ സദ
യം കടാക്ഷിക്കുമാറാകട്ടെ!

പന്തളം കൃഷ്ണവാരിയർ.

Digitized By Kerala Sahitya Akademi

ഐതിഹ്യമാല

(മൂന്നാം ഭാഗം)

൧൨. കിളിത്തൂർ കുന്നിന്മേൽ ഭഗവതി.

തിരുവിതാംകൂർ സംസ്ഥാനത്തു കോട്ടയം താലൂക്കിലുള്ള കിളിത്തൂർ ദേശം പണ്ടു തെക്കുംകൂർ രാജ്യത്തുൾപ്പെട്ടതായിരുന്നു. അതിനാൽ ഈ ഭഗവതീക്ഷേത്രം കിളിത്തൂർ ദേശക്കാർ തെക്കുംകൂർ രാജാവിന്റെ അനുവാദത്തോടും സഹായത്തോടും കൂടിയാണു പണികഴിപ്പിച്ചതു്. എന്നാൽ അവരുടെ വിചാരം ഇവിടെ ഭഗവതിയെ പ്രതിഷ്ഠിപ്പിക്കണമെന്നല്ലായിരുന്നു. ശാസ്താവിനെ പ്രതിഷ്ഠിപ്പിക്കണമെന്നു വിചാരിച്ചാണു് ആ ദേശക്കാർ ഈ ക്ഷേത്രം പണികഴിപ്പിച്ചതു്. പണിയെല്ലാം അവസ്ഥത്തിന്റെ കഠ തീർപ്പിക്കുകയും ശാസ്താവിന്റെ കരു വിഗ്രഹമുണ്ടാക്കിക്കുകയും പ്രതിഷ്ഠയ്ക്കു മുഹൂർത്തം നോക്കിച്ചു നിശ്ചയിക്കുകയും അടുത്തുള്ള തിരുവാപ്പുക്ഷേത്രത്തിലെ തന്ത്രിയായ ഭദ്രകാളി മഠപ്പള്ളി നമ്പൂരിപ്പാട്ടിലെ അടുക്കൽനിന്നു പ്രതിഷ്ഠയ്ക്കും കലശം മുതലായതിനും വേണ്ടുന്ന ഉപകരണങ്ങൾക്കും മറ്റും പടിത്തരച്ചാത്തു വാങ്ങുകയും സാമാനങ്ങൾ ശേഖരിച്ചു തുടങ്ങുകയും പ്രതിഷ്ഠാദികർമ്മം മുറയ്ക്കു നടത്തിക്കുന്നതിനായി കയിൽ പ്രധാനന്മാരായ പള്ളിയിൽ മേനോൻ, വെട്ടിക്കുളങ്ങരക്കയ്മൾ മുതലായവരുടെ അപേക്ഷപ്രകാരം തെക്കുംകൂർ രാജാവു മുൻകൂട്ടി സ്ഥലത്തെത്തി വേണ്ടുന്ന ചട്ടംകെട്ടുകളെല്ലാം ചെയ്തുകൊണ്ടു താമസം തുടങ്ങുകയും ചെയ്തു.

ഈ സംഗതികൾ നടന്നുകൊണ്ടിരുന്ന കാലത്തു കിളിത്തൂർദേശത്തു 'കണ്ണാട്ട്' എന്ന വീട്ടിൽ 'കോത' എന്നു പേരായി ഒരു സ്ത്രീയുണ്ടായിരുന്നു. വയോവൃദ്ധയും ഈശ്വരഭക്തയും സൽഗുണവതിയുമായിരുന്ന അവരെ എല്ലാവരും 'കോത

Digitized By Kerala Sahitya Akademi

യമ്മ' എന്നാണു് വിളിച്ചിരുന്നതു്. അവക്കു് ഏഴരനാഴിക വെളുപ്പിനു കുളിയും ചില ജപങ്ങളും മറും പതിവായിട്ടുണ്ടായിരുന്നു. കരു യോഗീശ്വരൻ അവക്കു് കരു ദിവ്യമന്ത്രം ഉപദേശിച്ചിരുന്നതിനാൽ ആ മന്ത്രം ജപിച്ചു ജപിച്ചു് അവരൊരു ദിവ്യയായിത്തീർന്നിരുന്നുവത്രേ. അവർ വെളുപ്പാൻ കാലത്തു കുളിക്കാൻ പോകുന്ന സമയം 'കാത്ത്യായിനി' എന്നു പേരായി അവക്കുണ്ടായിരുന്ന മകളെക്കൂടെ കൊണ്ടുപോവുക പതിവായിരുന്നു.

കരു ദിവസം വെളുപ്പാൻകാലത്തു കുളിക്കാൻപോകാറായപ്പോൾ കോതയമ്മ പതിവുപോലെ മകളെ വിളിച്ചിട്ടു് "അമ്മ മുൻപേ പോയ്ക്കൊള്ളു. ഞാൻ പിന്നാലെ വന്നുകൊള്ളാം" എന്നു പറയുകയാൽ വൃദ്ധ പോയി, പുഴയിലിറങ്ങി കുളി ആരംഭിച്ചു. അപ്പോൾ മറുകരയിൽനിന്നു് ആരോ വെള്ളത്തിലിറങ്ങി നടന്നു തന്റെ നേരെ വരുന്നതായിത്തോന്നുകയാൽ വൃദ്ധ സംഭ്രമഭയത്തോടുകൂടി 'കാത്ത്യായിനീ!' എന്നു് ഉറക്കെ വിളിച്ചു. അപ്പോൾ വെള്ളത്തിൽക്കൂടി നടന്നുവന്ന ആൾ ഉച്ചത്തിൽ വിളികേട്ടുകൊണ്ടു കോതയമ്മയുടെ അടുക്കലേയ്ക്കു ചെന്നു. അതു തന്റെ മകളായിരിക്കുമെന്നു വിചാരിച്ചു കോതയമ്മ "നീയിപ്പോൾ അക്കരയ്ക്കു പോയതെന്തിനാണു്?" എന്നു ചോദിച്ചു. അപ്പോൾ ആ വന്നയാൾ "അമ്മേ! ഞാൻ കരു കാത്ത്യായിനിതന്നെയാണു്; എങ്കിലും നിങ്ങളുടെ മകളല്ല" എന്നു പറഞ്ഞു. അതു കേട്ടു വൃദ്ധ സൂക്ഷിച്ചുനോക്കി. വൃദ്ധയ്ക്കു നയനേന്ദ്രിയശക്തി കുറഞ്ഞുപോയിരുന്നു എങ്കിലും അപ്പോൾ കുറേശ്ശെ നിലാവുണ്ടായിരുന്നതിനാൽ ആ വന്നയാൾ സർവ്വാംഗസുന്ദരിയും നവയൌവനയുക്തയുമായ കരു കന്യകയാണെന്നും ആ ബാലിക തലമുടി ഭംഗിയായി ചീകിക്കെട്ടി സുരഭിലകുസുമങ്ങൾ ചൂടുകയും കാതിൽ കാലയും കഴുത്തിൽ പാലക്കാമോതിരവും അരയിൽ പട്ടുവസ്ത്രവും ധരിക്കുകയും ചെയ്തിട്ടുണ്ടെന്നും വൃദ്ധ മനസ്സിലാക്കുകയും അവർ തമ്മിൽ സല്ലാപസംഭാഷണം നടക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

വൃദ്ധ—നീയെവിടെനിന്നാണ് വരുന്നത്? എങ്ങോട്ട പോകുന്നു?

കന്യക—ഞാൻ സപല്പം കിഴക്കുനിന്നാണ് വരുന്നത്. ഇവിടെ കുന്നിന്മേൽ പുത്തനായി ഒരു ക്ഷേത്രം പണികഴിപ്പിച്ചിട്ടുണ്ടല്ലോ. ഞാൻ അവിടെക്കയറി പാക്കാനായിട്ടാണ് പോകുന്നത്?

വൃദ്ധ—ആ അമ്പലം ശാസ്താവിനെ പ്രതിഷ്ഠിപ്പിക്കാനായിട്ട പണിയിച്ചിട്ടുള്ളതാണല്ലോ.

കന്യക—അത ശരിതന്നെ. എങ്കിലും ഞാൻ തന്നെ അവിടെപ്പാക്കും. ഞങ്ങൾ ഏഴപേരാണ് കിഴക്കുനിന്ന പോന്നത്. ശേഷമെല്ലാവരും ഇടയ്ക്ക് കാരോ സ്ഥലങ്ങളിൽക്കയറി താമസമായി. എനിക്കുമാത്രം എങ്ങും സ്ഥലം കിട്ടിയില്ല. അപ്പോഴാണ് ഇങ്ങിനെ ഒരു സ്ഥലം തയ്യാറായിട്ടുണ്ടെന്നറിഞ്ഞത്. ഉടനെ ഇങ്ങോട്ട പോരികയും ചെയ്തു. ശാസ്താവിനെ പ്രതിഷ്ഠിക്കാൻ വേണമെങ്കിൽ വേറെ അമ്പലം പണിയിച്ചുകൊള്ളുവാൻ നിങ്ങൾ നിങ്ങളുടെ സഹോദരൻ മുഖാന്തരം പള്ളിയിൽമേനോൻ മുതലായവരെ അറിയിച്ചേയ്ക്കുണം. അവർ രാജാവിന്റെ അടുക്കൽ അറിയിച്ചുകൊള്ളുമല്ലോ. ഇനി മേലാൽ ഈ കരയിൽ കുട്ടികൾക്കു കാത്ത്യായിനി എന്ന പേരിടുകയും പാലക്കാമോതിരം കെട്ടിക്കുകയും ചെയ്യരുതെന്നും നിങ്ങൾ നിങ്ങളുടെ സഹോദരൻ മുഖാന്തരം ജനങ്ങളെ അറിയിച്ചേയ്ക്കുണം. ഇതൊന്നും പറഞ്ഞതായിട്ടും നമ്മൾ തമ്മിൽ കണ്ടതായിട്ടും ആരോടും നിങ്ങൾ പറയുകയുമരുത്.

ഇവരുടെ ഈ സംഭാഷണം കേട്ടുകൊണ്ട് ആ ദേശക്കാരനും നല്ല ജ്യോത്സ്യനും പ്രശ്നമാർഗ്ഗനിപുണനും ഒരു ദിവ്യനുമായ കണിയാമ്പറമ്പിൽക്കണിയാൻ ഒരു മരത്തിനു മറഞ്ഞു നിന്നിരുന്നു. കന്യകയുടെ സംഭാഷണമവസാനിച്ച ഉടനെ ആ കണിയാൻ "അടിയൻ ഇതെല്ലാം കേട്ടവല്ലോ" എന്നു പറഞ്ഞു. അപ്പോൾ കന്യക, "എന്നാൽ നീയും ഇതൊന്നും

Digitized By Kerala Sahitya Akademi

ആരോടും മിണ്ടിപ്പോകരുതു്. നീ ആരോടെങ്കിലും ഇക്കാര്യം വല്ലതും പറഞ്ഞാൽ നിന്റെ സന്താനങ്ങളെല്ലാം എന്നും ചട്ടനും പൊട്ടനും (മുടന്തനും ബധിരനും) ആയിത്തീരും.” എന്നും വൃദ്ധയോടു്, “കന്നിനേൽ വന്നാൽ ഇനിയും നിങ്ങൾക്കു് എന്തെക്കാണാം” എന്നും പറഞ്ഞിട്ടു് ഉടനെ അദൃശ്യയായി ഭവിക്കുകയും ചെയ്തു.

ആ കന്യകയുടെ സ്വരൂപം കാണുകയും സംഭാഷണം കേൾക്കുകയും ചെയ്തിട്ടു ഭയവിസ്മയവിഹ്വലയായിത്തീർന്ന കോതയമ്മ ക്ഷണത്തിൽ കുളികഴിച്ചു വീട്ടിലെത്തി പതിവുള്ള ജപവും മറ്റും കഴിച്ചുകൂട്ടി. അപ്പോഴയ്ക്കും കോതയമ്മയുടെ സഹോദരനായ കൊച്ചയ്യപ്പനും അവിടെയെത്തി. ഉടനെ കോതയമ്മ കൊച്ചയ്യപ്പനോടു് “എടാ! കൊച്ചയ്യപ്പാ! കുന്നിനേൽ പണികഴിപ്പിച്ചിരിക്കുന്ന അമ്പലത്തിൽ ഒരു ഭഗവതി ഇളകൊണ്ടിരിക്കുന്നു. അതിനാൽ ഇനി ശാസ്താവിനെ പ്രതിഷ്ഠിപ്പിക്കണമെങ്കിൽ അമ്പലം വേറെ ഉണ്ടാക്കിക്കണം. അവിടെ ഇളകൊണ്ടിരിക്കുന്നതു സാക്ഷാൽ കാത്ത്യായിനിയാണു്. അതിനാൽ ഇനിമേലാൽ ഈ കരയിൽ ആക്കം കാത്ത്യായിനി എന്നു പേരിട്ടുകൂടാ. അരേയും പാലയ്ക്കാമോതിരം കെട്ടിക്കയുമരുതു്. നീ ഈ വിവരം കരയിൽ പ്രധാനന്മാരായ പള്ളിയിൽ മേനോൻ, വെട്ടിക്കളങ്ങരക്കയ്മാൾ മുതലായവരെ ഇപ്പോൾത്തന്നെ ധരിപ്പിക്കണം. രാജാവിന്റെ അടുക്കൽ അവരറിയിച്ചുകൊള്ളുമല്ലോ” എന്നു പറഞ്ഞു. ഇതു കേട്ടിട്ടു കോതയമ്മ എന്തോ വിചാരിയ്ക്കുന്നു എന്നാണു് കൊച്ചയ്യപ്പനു തോന്നിയതു്. എങ്കിലും അയാൾ ഉടനെ ഈ വിവരം പള്ളിയിൽമേനോൻ മുതലായവരെ ഗ്രഹിപ്പിക്കുകയും മേനോൻ തെക്കുംകൂർരാജാവിന്റെ അടുക്കൽ അറിയിക്കുകയും ചെയ്തു. കോതയമ്മ പറഞ്ഞതായതുകൊണ്ടു് ഇതു കേവലം അബദ്ധമായിരിക്കയില്ലെന്നു വിചാരിച്ചു രാജാവും പള്ളിയിൽ മേനോൻ മുതലായവരും കുന്നിനേൽക്കുട്ടുകയും കണിയാൻപറമ്പിൽക്കണിയാനെ വരുത്തി പ്രശ്നം ചെയ്യിച്ചുനോക്കിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

ഈ പണിക്കരം തീർത്തിരിക്കുന്ന ക്ഷേത്രത്തിൽ ദേവീസാന്നിദ്ധ്യ മുണ്ടായിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെയാണെന്നും സാക്ഷാൽ മഹാമായയാകുന്ന കാത്ത്യായിനീദേവി ലോകരക്ഷാർത്ഥം പല മൂർത്തികളായിപ്പിരിഞ്ഞു് ഇപ്പോൾ കേരളത്തിൽ സഞ്ചരിച്ചു് കാരോ സ്ഥലങ്ങളിൽ കയറി ഇളകൊണ്ടുതുടങ്ങിയിരിക്കുകയാണെന്നും അക്കൂട്ടത്തിൽ ഒരു മൂർത്തിയാണു് ഇവിടെയും ഇളകൊണ്ടിരിക്കുന്നതെന്നും പല മൂർത്തികളായി പിരിഞ്ഞിരിക്കുന്നുവെങ്കിലും എല്ലാം ആ മഹാമായ ഒരാൾതന്നെയാണെന്നും "ഏകൈവാഹം ജഗത്യത്ര ദ്വിതീയാ കാ മമാപരാ?" എന്നാണല്ലോ ദേവി അരുളിച്ചെയ്തിരിക്കുന്നതു് എന്നും മറ്റും കണിയാർ പറഞ്ഞു. അപ്പോൾ എല്ലാവരും ഇതെല്ലാം വിശ്വസിക്കുകയും ചെയ്തു.

ഈ സമയം കോതയമ്മയും കുന്നിന്മേലെത്തി. "കുന്നിന്മേൽ വന്നാൽ ഇനിയും നിങ്ങൾക്കു് എന്നേക്കാണാം" എന്നു ദേവി അരുളിച്ചെയ്തിരുന്നതിനെ ഓർത്തു് അവർ അമ്പലത്തിൽ കയറി ശ്രീകോവിലകത്തേയ്ക്കു നോക്കി. അപ്പോൾ അവർ അവിടെ "നാലെട്ടു തൃക്കൈകളിലുജ്ജ്വലിക്കും ശൂലാദിനാനായുധഭാസമാന"യായും "മൂർത്ത്യാ മനോജ്ഞ"യായുമിരിക്കുന്ന കാത്ത്യായിനിയെ പ്രത്യക്ഷമായിക്കണ്ടിട്ടു ഭയവിസ്മയാകുലയായിത്തീരുകയും ചില സ്തോത്രങ്ങൾ ചൊല്ലി ദേവിയെ സ്തുതിക്കുകയും ചെയ്തു. ആ സമയം ആ ഭക്തയെ തൊട്ടുകൊണ്ടു നോക്കിയവരെല്ലാം ദേവിയുടെ രൂപം മേല്പറഞ്ഞപ്രകാരം കണ്ടു് ഏറ്റവും ഭയാത്ഭുതപരവശന്മാരായിത്തീർന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അവിടെ ദുർന്നിരീക്ഷ്യമായ ഒരു തേജസ്സുമാത്രം ശേഷിക്കുകയും, ക്രമേണ അതും അദൃശ്യമായിത്തീരുകയും ചെയ്തു.

അനന്തരം അവിടെക്കൂടിയിരുന്ന മഹാന്മാരുടെ ആലോചന "അടുത്ത മുഹൂർത്തത്തിൽ പ്രതിഷ്ഠിപ്പിക്കാനായി പണിയിച്ചുവെച്ചിരിക്കുന്ന ശാസ്താവിന്റെ വിഗ്രഹം ഇനി എന്താണു് ചെയ്യേണ്ടതു്" എന്നായിരുന്നു. പുത്തനായി പണിയി-

Digitized By Kerala Sahitya Akademi

ച്ചിട്ടുള്ള ആമ്പലത്തിന്റെ അടുക്കൽത്തന്നെ തൽക്കാലം ഒരു ശ്രീകോവിൽ മാത്രം പണിയിച്ചു ശാസ്താവിന്റെ പ്രതിഷ്ഠ നടത്തിക്കാമെന്നു് എല്ലാവരുംകൂടി തീച്ചപ്പെടുത്തുകയും അപ്രകാരം അഞ്ചെട്ടുദിവസംകൊണ്ടു് ഒരു ശ്രീകോവിൽ പണിയിച്ചു കുറതീപ്പിക്കുകയും ചെയ്തു.

പ്രതിഷ്ഠയ്ക്കുള്ള ക്രിയകൾ തുടങ്ങുന്നതിനു തലേദിവസം തന്നെ തന്ത്രി, പരികർമ്മികൾ മുതലായവർ സ്ഥലത്തെത്തി. അപ്പോൾ അവിടെ ഉണ്ടായ വിശേഷങ്ങളെല്ലാം പള്ളിയിൽ മേനോൻ തന്ത്രിനമ്പൂരിപ്പാട്ടിലെ അടുക്കൽ അറിയിച്ചു. ഉടനെ നമ്പൂരിപ്പാട്ടീന്നു്, "എന്നാൽ ദേവീപ്രതിഷ്ഠകൂടി ഇപ്പോൾത്തന്നെ നടത്തുകയാണല്ലോ വേണ്ടതു്. ദേവി ഇവിടെ ഇളകൊണ്ടിട്ടുണ്ടെന്നു നിങ്ങൾക്കെല്ലാവർക്കും വിശ്വാസം വന്നിട്ടുണ്ടെങ്കിലും എല്ലാവർക്കും കാണത്തക്കവണ്ണം ഒരു ബിംബപ്രതിഷ്ഠകൂടിച്ചെയ്യേണ്ടതു് അത്യാവശ്യമാണു്. അങ്ങിനെ തീച്ചപ്പെടുത്തുന്നപക്ഷം അതിലേയ്ക്കും വേണ്ടുന്ന ഉപകരണങ്ങളും ഒരു ബിംബവും വേണം" എന്നു പറഞ്ഞു. അപ്പോൾ മേനോൻ മുതലായവർ, 'ഉപകരണങ്ങളൊക്കെ ഉണ്ടാക്കാം; അതിനു പ്രയാസമില്ല; ഈ മുഹൂർത്തത്തിനു പ്രതിഷ്ഠിക്കത്തക്കവണ്ണം ബിംബമുണ്ടാക്കിക്കുന്ന കാര്യം അസാദ്ധ്യമാണു്. അതിനാൽ ദേവീപ്രതിഷ്ഠ ഇനി ആദ്യമുണ്ടാകുന്ന മുഹൂർത്തത്തിലാകാമെന്നു വെയ്ക്കുന്നേ നിവൃത്തിയുള്ളൂ" എന്നു പറഞ്ഞു. "എന്നാൽ അങ്ങിനെ മതി" എന്നു നമ്പൂരിപ്പാട്ടീന്നും സമ്മതിച്ചു.

അന്നു രാത്രിയിൽ കോതയമ്മയ്ക്കു് ഒരു സ്വപ്നമുണ്ടായി. കുറച്ചു ദിവസംമുമ്പു് അവർ ആറുകടവിൽവെച്ചു കണ്ടതായ ആ കന്യക അവരുടെ അടുക്കൽച്ചെന്നു്, നിങ്ങൾ "പതിവായി കുളിക്കുന്ന കടവിൽനിന്നു സ്വല്പം വടിഞ്ഞാട്ടുമാറി ഒരു കയമുണ്ടല്ലോ. ആ കയത്തിൽ എന്റെ ഒരു ശിലാവിഗ്രഹം കിടക്കുന്നുണ്ടു്. അതെടുപ്പിച്ചു് ഈ അടുത്ത മുഹൂർത്തത്തിൽത്തന്നെ എന്റെ പ്രതിഷ്ഠയും നടത്തിക്കണം. തോണിയിൽക്കയറി ആ കയത്തിന്റെ സമീപത്തു ചെന്നാൽ അവിടെ വെള്ള

Digitized By Kerala Sahitya Akademi

ത്തിനടിയിൽനിന്നു ധാരാളമായി പാലക്കായ് പൊങ്ങിവരുന്നതു കാണാം. ആ സ്ഥലത്തു മുങ്ങിത്തപ്പിയാൽ വിഗ്രഹം കണ്ടുകിട്ടും" എന്നു പറഞ്ഞു എന്നായിരുന്നു സ്വപ്നം. സ്വപ്നം കണ്ട ഉടനെ ആ വൃദ്ധ ഉണർന്നു കണ്ണുതുറന്നു നോക്കീട്ട് അവിടെയെങ്ങും ആരേയും കണ്ടില്ല. എങ്കിലും ഇതു ദേവി എഴുന്നള്ളി അരുളിച്ചെയ്തതുതന്നെയാണെന്നു വിശ്വസിച്ചുകൊണ്ടു കോതയമ്മ ഈ വിവരം കൊച്ചയ്യപ്പൻമുഖാന്തരം അതിരാവിലെ പള്ളിയിൽ മേനോൻ മുതലായവരെ അറിയിച്ചു. കോതയമ്മയുടെ വാക്ക് ഒരിക്കലും മിഥ്യയായിപ്പോവുകയില്ലെന്നുള്ള വിശ്വാസം എല്ലാവർക്കുണ്ടായിരുന്നതിനാൽ പള്ളിയിൽ മേനോൻ മുതലായ ചില പ്രധാനന്മാർ വെള്ളത്തിൽ മുങ്ങിത്തപ്പുവാൻ പരിചയവും സാമർത്ഥ്യവുമുള്ള ചിലരോടുകൂടി ഉടനേ വള്ളത്തിൽക്കയറി ആ കയത്തിങ്കലേയ്ക്കു പോയി. അവിടെച്ചെന്നപ്പോൾ ഒരു സ്ഥലത്തു സംഖ്യയില്ലാതെ പാലക്കായ് വെള്ളത്തിനടിയിൽനിന്നു പൊങ്ങിവരുന്നതായി കാണുകയും അവിടെച്ചിലർ മുങ്ങിത്തപ്പിയപ്പോൾ ബിംബം കണ്ടുകിട്ടുകയും അതെടുത്തു കുന്നിന്മേൽ കൊണ്ടുവരികയും പിന്നെ ബിംബപരിഗ്രഹം മുതലായ സകല ക്രിയകളും ചെയ്തു നിശ്ചിതമുഹൂർത്തത്തിൽത്തന്നെ ദേവിയുടേയും ശാസ്താവിന്റേയും പ്രതിഷ്ഠയും കലശവും നടത്തുകയും ചെയ്തു. അതോടുകൂടി അതികേമമായി ഉത്സവവും നടത്തി.

അക്കാലത്തുതന്നെ തെക്കുംകൂർ രാജാവും തന്ത്രിയും പള്ളിയിൽ മേനോൻ മുതലായവരുംകൂടി ക്ഷേത്രത്തിൽ ഉത്സവം മുതലായ ആട്ടവിശേഷങ്ങൾ, മാസവിശേഷങ്ങൾ, നിത്യനിദാനം മുതലായവയ്ക്കു പടിത്തരം നിശ്ചയിക്കുകയും അവയ്ക്കെല്ലാം വകവെച്ചു ധാരാളം വസ്തുക്കൾ ദേവസ്വംപേരിൽ പതിക്കുകയും ചെയ്തു. അതിനാൽ ആ ഭഗവതീദേവസ്വം ഏററവും ധനപുഷ്ടിയുള്ളതായിത്തീർന്നു. അവിടെ പ്രാധാന്യവും ദേവിക്കുതന്നെ സിദ്ധിച്ചു. ശാസ്താവിനു് അവിടെ കരുപദേവന്റെ

Digitized By Kerala Sahitya Akademi

സ്ഥാനം മാത്രമേ സിദ്ധിച്ചുള്ളൂ. എങ്കിലും ദേവിക്ക് ഇതൊന്നു കൊണ്ടും നല്ല തൃപ്തിയായില്ല.

പടിത്തരം നിശ്ചയിച്ച ദിവസം രാത്രിയിൽ തെക്കുംകൂർ രാജാവിന് ഒരു സ്വപ്നമുണ്ടായി. സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്ന്, "ഇതൊന്നുകൊണ്ടും എനിക്കു തൃപ്തിയായിട്ടില്ല. എനിക്കു തൃപ്തിയാകണമെങ്കിൽ എന്റെ കോതയമ്മയ്ക്കുകൂടി എന്തെങ്കിലും കൊടുക്കണം. കോതയമ്മ സന്തോഷിച്ചാൽ ഞാനും സന്തോഷിക്കും" എന്നു പറഞ്ഞതായിട്ടായിരുന്നു സ്വപ്നം. ആ സമയത്തുതന്നെ ഇപ്രകാരമൊരു സ്വപ്നം പള്ളിയിൽ മേനോനുമുണ്ടായി. നേരം വെളുത്തയുടനെ പള്ളിയിൽ മേനോൻ രാജസന്നിധിയിലെത്തി തനിക്കുണ്ടായ സ്വപ്നത്തിന്റെ വിവരം അറിയിച്ചു. തനിക്കും ഇപ്രകാരമൊരു സ്വപ്നമുണ്ടായി എന്നു രാജാവും പറഞ്ഞു. ഉടനെ രണ്ടുപേരുംകൂടി ആളയച്ചു കണിയാൻപറമ്പിൽ കണിയാനെ വരുത്തി പ്രശ്നം വെയ്പിച്ചുനോക്കിച്ചു. അപ്പോൾ ഈ ഉണ്ടായിട്ടുള്ളതു ദേവിയുടെ ദർശനംതന്നെയാണെന്നും കോതയമ്മയ്ക്കുകൂടി എന്തെങ്കിലും ശരിയായിട്ടു കൊടുത്തില്ലെങ്കിൽ ദേവിയുടെ കോപവും തന്നിമിത്തം അനേകം അനർത്ഥങ്ങളുമുണ്ടായിത്തീരുമെന്നും കണിയാൻ വിധിച്ചു. അതിനാൽ കോതയമ്മയുടെ പേരിൽ എന്തെങ്കിലും പുഞ്ചനിലം ഇനാമായി പതിച്ചുകൊടുത്തതു കൂടാതെ അവരുടെ സഹോദരനായ കൊച്ചയ്യപ്പനെ ദേവസ്വത്തിൽ മാറാച്ചന്തിരമായി നിയമിക്കുകയും ചെയ്തു. കോതയമ്മയുടെ പേരിൽ പതിച്ചുകൊടുത്ത നിലത്തിനു 'കോത നേടിയ നിലം' എന്നാണ് പേരു പറഞ്ഞുവന്നിരുന്നതു്. അതു കാലക്രമേണ ലോപിച്ചു കോതാടി നിലമെന്നായിത്തീർന്നു. ആ നിലം എതാനും കൊല്ലങ്ങൾക്കുമുമ്പു (ഫഠെ_ാമാണ്ടു) വരെ കണ്ണാട്ടുവീട്ടുകാരുടെ കൈവശാനുഭവത്തിൽത്തന്നെ ഇരുന്നിരുന്നു. പിന്നീടു് അവർ എഴുതി വിറു കൊടുത്തതിനാൽ അന്യാധീനപ്പെട്ടുപോയി. എങ്കിലും ഇപ്പോഴും ആ നിലത്തിനു കോതാടിനിലം എന്നുതന്നെ

Digitized By Kerala Sahitya Akademi

ന്നെയാണു് പേരു പറഞ്ഞുവരുന്നതു്. ആ വീട്ടുകാക്കു് ദേവസ്വത്തിൽ ഫാസ്റ്റം-ാമാണ്ടുവരെ മാറാച്ചന്തിരവുമുണ്ടായിരുന്നു. പിന്നീടു ചില കാരണങ്ങളാൽ അതും മാറിപ്പോയി. എങ്കിലും ആ വീട്ടുകാക്കു പ്രതിവഷ്ടം ഒടെ പറ പെല്ലുവീതം ഗവമ്മേണ്ടിൽനിന്നു് ഇനാമായി ഇപ്പോഴും കൊടുത്തുവരുന്നുണ്ടു്.

കോതയമ്മയ്ക്കു് ഇനാമായി നിലം പതിച്ചുകൊടുത്ത കാലത്തു കണിയാൻപറമ്പിൽ കണിയാനും ചില വസ്തുക്കൾ കരമൊഴിവായി പതിച്ചുകൊടുത്തിരുന്നു. വിശേഷിച്ചു് അവരുടെ തറവാട്ടേയ്ക്കു മെച്ചമു് എന്നൊരു സ്ഥാനപ്പേരുകൂടി തെക്കുംകൂർ രാജാവു കല്പിച്ചുകൊടുത്തു. വസ്തുക്കളെല്ലാം അവർ കാരോകാലത്തായി എഴുതി വിറ്റുകളഞ്ഞതിനാൽ ഇപ്പോൾ അവക്കു കുടിപാക്കുന്ന പുരയിടവും മെച്ചമെന്നുള്ള സ്ഥാനപ്പേരും മാത്രമേ ഉള്ളു. എങ്കിലും ദേവിയുടെ ശാപം അവർ ഇന്നും അനുഭവിച്ചുകൊണ്ടുതന്നെ ഇരിക്കുന്നുണ്ടു്. കോതയമ്മയും ദേവിയുംതമ്മിൽ ആറുകടവിൽവെച്ചുണ്ടായ സംഭാഷണം മറഞ്ഞുനിന്നു കേട്ട കണിയാൻ ആ വർത്തമാനം അപ്പോൾത്തന്നെ സ്വകാര്യമായി അവന്റെ ഭാര്യയോടു പറഞ്ഞു. അതിനാൽ അവന്റെ കുടുംബത്തിലുണ്ടാകുന്ന പുരുഷന്മാർ പൊട്ടനോ ചട്ടനോ ആയിരിക്കുന്നതിനു് ഇപ്പോഴും വ്യത്യാസം വന്നിട്ടില്ല.

പ്രസ്തുത ഭഗവതീക്ഷേത്രത്തിൽ ആദ്യകാലംമുതൽക്കുതന്നെ തെക്കുംകൂർ രാജാവിനു നാമമാത്രമായി ഒരു മേലാഴ്മസ്ഥാനമുണ്ടായിരുന്നുവെങ്കിലും അവിടെ സകലകൈകാര്യകർത്തൃത്വവും കരക്കാക്കുതന്നെയായിരുന്നു. തെക്കുംകൂർ രാജ്യം തിരുവിതാംകൂറിൽ ചേർന്നിട്ടും വളരെക്കാലത്തേയ്ക്കു് ആ ദേവസ്വം കരക്കാരുടെ കൈവശത്തിൽത്തന്നെ ഇരുന്നിരുന്നു. കൊല്ലം 1ൻവ-ാമാണ്ടു് ഈ ദേവസ്വം തിരുവിതാംകൂർ സർക്കാരിൽച്ചേർക്കയും അതോടുകൂടി കരക്കാരുടെ അധികാരങ്ങളെല്ലാം വിട്ടുപോവുകയും ചെയ്തു. എങ്കിലും ആ ദേശക്കാർ ആ ദേവിയെ ഇപ്പോഴും തങ്ങളുടെ പരദേവതയായിത്തന്നെ ആദരിക്കു

Digitized By Kerala Sahitya Akademi

കയും ആചരിക്കുകയും ചെയ്തുവരുന്നുണ്ട്. മൂവായിരപ്പറ നില വും അസംഖ്യം പുരയിടങ്ങളും തനതുപേരിൽത്തന്നെ ഉണ്ടാ യിരുന്ന ഈ ദേവസ്വം സർക്കാരിൽച്ചേർത്തപ്പോൾ അന്നു ബ്രി ട്ടീഷുസിഡണ്ടും തിരുവിതാംകൂർ ദിവാനുമായിരുന്ന മൺറോ സായ്പവർകൾ ക്ഷേത്രത്തിലെ അടിയന്തിരങ്ങൾക്കു മുമ്പു നിശ്ച യിച്ചിരുന്ന പതിവുകളെല്ലാം കുറച്ചു കളഞ്ഞതിനാൽ അവി ടെ ഉത്സവാദികൾക്കു മുതൽ കട്ടം മതിയാകാതെയായിത്തീ ന്നു. ഇയ്യിടയുണ്ടായ ദേവസ്വം പരിഷ്കാരത്തോടുകൂടി ആ മതി യാകായ്ക പരമകാഷ്ഠയെ പ്രാപിക്കുകയും ചെയ്തു. എങ്കിലും ആ ദേശക്കാർക്കു ക്ഷേത്രകായ്ങ്ങളിലുള്ള പ്രതിപത്തിയും ശ്രദ്ധ യും കട്ടം കുറഞ്ഞുപോയിട്ടില്ലാത്തതിനാൽ അവിടെ വേണ്ടുന്ന കായ്ങ്ങളെല്ലാം ഇപ്പോഴും ഭംഗിയായിത്തന്നെ നടന്നുപോരു ന്നുണ്ട്. ക്ഷേത്രകായ്ങ്ങൾക്കായി ദേശക്കാർ എത്രാനും പണം ശേഖരിച്ചിട്ടുള്ളതിനാൽ സർക്കാരിൽനിന്നു പതിവുള്ളതു കഴി ച്ചു പോരാത്തതിനു ദേശക്കാരുടെ ആ പണത്തിൻെറ പലിശ യിൽനിന്നുകൂടി ചെലവുചെയ്താണു് അവിടെ അവർ ഉത്സവം മുതലായവ നടത്തിപ്പോരുന്നതു്. കരക്കാർ വിശേഷാൽ ചില തിരുവാഭരണങ്ങളും മറ്റുംകൂടി ഉണ്ടാക്കിച്ചിട്ടുണ്ടു്. അവയെ ല്ലാം കരക്കാരുടെ കൈവശംതന്നെയാണു് ഇപ്പോഴമിരിക്കുന്ന തു്. ഉത്സവകാലത്തും മറ്റു വിശേഷദിവസങ്ങളിലും ഉപ യോഗിക്കുന്നതിനായി അവർ അവ എടുത്തുകൊടുക്കുകയും അ ടിയന്തിരം കഴിഞ്ഞാൽ തിരിയേ വാങ്ങിവെച്ചു സൂക്ഷിക്കുകയും ചെയ്തുവരുന്നു. അവയൊന്നും അവർ സർക്കാരിലേയ്ക്കു വിട്ടുകൊ ടുത്തിട്ടില്ല.

കിളിത്തൂർകുന്നിന്മേൽ ദേവീപ്രതിഷ്ഠ കഴിഞ്ഞിട്ടു് ആദ്യ മായി നടന്ന ഉത്സവം മീനമാസത്തിൽ രോഹിണി കൊടി യേറും പൂരം ആറാട്ടുമായിട്ടായിരുന്നു. അങ്ങിനെതന്നെ ഇ പ്പോഴും നടന്നുവരുന്നു. മീനമാസത്തിൽ കാർത്തിക ഭഗവതിയു ടെ തിരുനാളെന്നു സങ്കല്പിച്ചു് ആ ദിവസത്തെയും കൊടിയേറ്റം പോലെതന്നെ ആഘോഷപൂർവ്വം കൊണ്ടാടിവരുന്നുണ്ടു്. അ

Digitized By Kerala Sahitya Akademi

തും ദേശക്കാർക്കൂടി പണം ചെലവുചെയ്താണ് നടത്തിവരുന്നതു്. സക്കാർക്ഷേത്രത്തിൽ ദേശക്കാരുടെ സഹകരണം ഇതുപോലെ മറെറങ്ങുമുണ്ടെന്നു തോന്നുന്നില്ല. ഈ ക്ഷേത്രത്തിൽ ഫഠഫഠ-ാമാണ്ടു ശ്രീകോവിലിനും ഫഠന്യഠ-ാമാണ്ടു മണ്ഡപത്തിനും ചെമ്പിടുവിച്ചതു ദേശക്കാർ തന്നെയാണ്. അടുത്തകാലത്തു് അഗ്നിബാധയാൽ നഷ്ടപ്പെട്ടുപോയ ശ്രീകോവിൽ സക്കാരനുവാടപ്രകാരം വീണ്ടും പണികഴിച്ചു ചെമ്പിടുവിക്കാൻ ഉത്സാഹിച്ചുവരുന്നതും ഈ ദേശക്കാർതന്നെ. ഇതെല്ലാം ആ ദേശക്കാക്ക ദേവിയേക്കുറിച്ചുള്ള ഭക്തികൊണ്ടു മാത്രമല്ല; ഭയംകൊണ്ടുകൂടിയാണ്. ആ ദേവിയുടെ ചൈതന്യവും മാഹാത്മ്യവും അത്രയ്ക്കുമാത്രമുണ്ടു്. അതിലേയ്ക്കു ചില ദൃഷ്ടാന്തങ്ങൾകൂടിപ്പറയാം.

കിളിത്തൂർദേശത്തു് ആക്കം കാത്ത്യായിനിയെന്ന പേരിട്ടുകയും പാലക്കായ്മാതിരം കെട്ടിക്കുകയുമരുതെന്നു ദേവി മുൻപേതന്നെ അരുളിചെയ്തിട്ടുണ്ടായില്ലോ. ആ രണ്ടു കൂട്ടവും ഇപ്പോഴും ആ ദേശത്തു പതിവില്ല. ആ ദേശത്തുള്ള പുരുഷന്മാർ സംബന്ധം ചെയ്താ മറെറാ കാത്ത്യായിനിയെന്ന പേരായ സ്ത്രീകളെ അന്യദേശത്തുനിന്നു് അവിടെക്കൊണ്ടുവന്നു താമസിപ്പിച്ചാലും സുഖമായി അധികം ദിവസം താമസിക്കാനിടയാകാറില്ല. എന്തെങ്കിലും കാരണവശാൽ ആ സ്ത്രീകൾ പെട്ടെന്നു് ആ ദിക്കുവിട്ടു പോകേണ്ടതായി വരും. ഇതു് ഇപ്പോഴും കണ്ടുവരുന്ന ഒരു സംഗതിയാണു്.

പണ്ടൊരിക്കൽ ചെങ്ങളം എന്ന ദേശത്തു് ഒരു വീട്ടിൽ സ്ത്രീസന്താനമില്ലാതെയിരുന്നതിനാൽ "ഒരു പെൺകുട്ടിയുണ്ടായാൽ ആ കുട്ടിയെ കിളിത്തൂർകുന്നിന്മേൽ ഭഗവതിയുടെ നടയിൽ കൊണ്ടുപോയിവെച്ചു ചോറു കൊടുത്തേയ്ക്കാം" എന്നു് ആ വീട്ടുകാർ നിശ്ചയിച്ചു. അനന്തരം അധികം താമസിയാതെ ആ വീട്ടിൽ ഒരു സ്ത്രീ ഗർഭംധരിക്കുകയും യഥാകാലം ഒരു പെൺകുട്ടിയെ പ്രസവിക്കുകയും ചെയ്തു. വീട്ടുകാർ അത്യന്തം സന്തോഷിച്ചു് ആറാംമാസത്തിൽ ചോറു കൊടുക്കുന്നതി

Digitized By Kerala Sahitya Akademi

നായി കുട്ടിയേയുംകൊണ്ടു കിളിത്തൂർ കുന്നിന്മേലെത്തി പല വഴിപാടുകളും നടത്തി, ചോറു കൊടുക്കുന്നതിനായി ആഭരണങ്ങളുമണിയിച്ചു നടയിൽക്കൊണ്ടുചെന്നു. ആ സമയം കുട്ടിക്കു് ഒരു ബോധക്ഷയമുണ്ടായി. കുട്ടി കണ്ണു തുറക്കുകയോ മുല കുടിക്കുകയോ ചെയ്യാതെ വെയിലത്തിട്ട താളുപോലെ വാടിത്തളർന്നു കിടക്കുന്നതുകണ്ടു കുട്ടിയുടെ മാതാപിതാക്കന്മാർ മാത്രമല്ല, ദേവീദർശനത്തിനായി അവിടെ വന്നുകൂടിയിരുന്ന അന്യജനങ്ങളുംപോലും അത്യന്തം വിഷണ്ണരായിത്തീർന്നു. ഉടനെ ഒരു വൈദ്യനെ വരുത്തി പ്രശ്നംവെയ്പിച്ചു നോക്കിക്കുകയും കുട്ടിയുടെ അസ്വാസ്ഥ്യത്തിന്റെ കാരണം, അതിനെ പാലക്കാമോതിരം കെട്ടിച്ചു നടയിൽ കൊണ്ടുവന്നതാണെന്നും ആ മോതിരമഴിച്ചു നടയ്ക്കുവെച്ചാൽ കുട്ടിക്കു സുഖമാകുമെന്നും പ്രശ്നക്കാരൻ വിധിക്കുകയും കുട്ടിയുടെ ഉടമസ്ഥന്മാർ ആ മോതിരമഴിച്ചു നടയ്ക്കുവെയ്ക്കുകയും ഉടനെ കുട്ടിക്കു സുഖമാവുകയാൽ ചോറുകൊടുത്തു കൊണ്ടുപോവുകയും ചെയ്തു. ആ പാലക്കാമോതിരം മറ്റുള്ള തിരുവാഭരണങ്ങളുടെ കൂട്ടത്തിൽ കരക്കാരുടെ കൈവശം ഇപ്പോഴുമവിടെ ഇരിക്കുന്നുണ്ടു്. അതു് അവിടെ ഉത്സവകാലങ്ങളിലും മറ്റും എഴുന്നള്ളിപ്പിനു് അങ്കിയിൽ ചാർത്തുകയാണു് ചെയ്തുവരുന്നതു്.

വൈക്കത്തു കോട്ടയംമുഖം സന്ധ്യാവേലയ്ക്കു വേണ്ടുന്ന അരി, കറിക്കോപ്പുകൾ മുതലായ സാമാനങ്ങളെല്ലാം കോട്ടയം പാവ്വത്യക്കാരൻ ശേഖരിച്ചു, വള്ളങ്ങളിലാക്കി വൈക്കത്തു കൊണ്ടുപോയി സന്ധ്യാവേല നടത്തുകയായിരുന്നു മുൻകാലങ്ങളിൽ പതിവു്. സാമാനങ്ങളെല്ലാം വള്ളങ്ങളിലാക്കി വൈക്കത്തേയ്ക്കു പുറപ്പെടുന്ന ദിവസം പാവ്വത്യക്കാരൻ മുതലായവരുടെ വകയായി കിളിത്തൂർ കുന്നിന്മേൽ ഭഗവതിക്കു് ഒരു ചരക്കിലട വഴിപാടു നടത്തുകയും പതിവായിരുന്നു. സർക്കാർ വക അടിയന്തിരങ്ങൾക്കുള്ള സാമാനങ്ങൾകൊല്ലാം കുത്തകയെപ്പാടായപ്പോൾ സന്ധ്യാവേലയ്ക്കുള്ള സാമാനങ്ങൾ പാവ്വത്യക്കാരന്മാർ ശേഖരിച്ചു കൊണ്ടുപോവുകയെന്നുള്ള പതിവു നിന്നുപോയി.

Digitized By Kerala Sahitya Akademi

അതോടുകൂടി കുന്നിന്മേൽഭഗവതിക്ക് പതിവുണ്ടായിരുന്ന അടവഴിപാടും നിറുത്തലായി. അപ്പോൾ വൈക്കത്തു ചില ദുർല്ലക്ഷണങ്ങൾ കണ്ടുതുടങ്ങി. സന്ധ്യവേലസ്സമയ്ക്കുള്ള പ്രഥമനിൽ അട്ട വീഴുക, കാളനിൽ ഗൌളി വീഴുക മുതലായ ദുർല്ലക്ഷണങ്ങൾ പതിവായിക്കണ്ടുതുടങ്ങിയപ്പോൾ അതിന്റെ കാരണമറിയുന്നതിനായി പ്രശ്നംവെയ്പിച്ചു നോക്കിച്ചു. അപ്പോൾ ഈ അമംഗളങ്ങൾ കാണുന്നതിന്റെ കാരണം കിളിരൂർ കുന്നിന്മേൽ ഭഗവതിക്ക് പതിവുള്ള വഴിപാടു നടത്താത്തതുകൊണ്ടു വൈക്കത്തപ്പനുണ്ടായിട്ടുള്ള വിരോധമാണെന്നും "എന്റെ കാത്ത്യായനിക്ക് പതിവുള്ളതു കൊടുക്കാതെ എനിക്കു പതിവുള്ളതു ഞാൻ സ്വീകരിക്കുകയില്ല" എന്നാണ് വൈക്കത്തപ്പന്റെ ഭാവമെന്നും പ്രശ്നക്കാരൻ വിധിച്ചു. അതിനെസ്സംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തുകയാൽ സർക്കാർ വകയായി ആ വഴിപാടു നടത്തിക്കൊള്ളുന്നതിനു ഗവർമ്മേൻറ് അനുവദിച്ചു. പണ്ടത്തെപ്പോലെയൊന്നുമില്ലെങ്കിലും സന്ധ്യവേല വകയായി ആ വഴിപാടു നാമമാത്രമായിട്ടെങ്കിലും ഇപ്പോഴും നടന്നുവരുന്നുണ്ട്.

ഇനി ഇവിടെ ദേവിക്ക് അട വഴിപാടു പ്രധാനമായിത്തീർന്നതിന്റെ കാരണംകൂടി പറയാം. ദേവിയുടെ ബിംബത്തിനു പ്രാണപ്രതിഷ്ഠ കഴിച്ച ദിവസം തന്ത്രിനമ്പൂരിപ്പാട്ടിലേയ്ക്ക് എന്തൊ അത്താഴമില്ലാത്ത ദിവസമായിരുന്നു. അതിനാൽ പലഹാരത്തിനു് അരി പൊടിച്ചു കൊണ്ടുചെന്നു കൊടുക്കണമെന്നു ശാന്തിക്കാരൻ കഴകക്കാരോടു പറഞ്ഞു. കഴകക്കാർ ഇരുനാഴി ഉണക്കലരിയാണ് പൊടിച്ചുകൊണ്ടുചെന്നു കൊടുത്തതു്. അതിനാൽ ശാന്തിക്കാരൻ അതിനു ചേരുന്ന ശർക്കരയും നാളികേരവും ചേർത്തുണ്ടാക്കിയതു വത്സൻ (അട) ആയിരുന്നു. അതു കണ്ടിട്ടു തന്ത്രിനമ്പൂരിപ്പാട്ട്, "വത്സനാണോ പലഹാരം? എന്നാൽ അതു നിവേദിച്ചിട്ടുവേണം തിന്നാൻ. ബിംബത്തിനു പ്രാണപ്രതിഷ്ഠ കഴിഞ്ഞിരിക്കുന്നതിനാൽ ഇപ്പോൾ എന്തെങ്കിലും നിവേദിക്കണമല്ലോ. അതിനു് ഇതുതന്നെ

Digitized By Kerala Sahitya Akademi

ന്നെ ആയിക്കളയാം" എന്നു പറഞ്ഞു് ആ വത്സനെടുത്തു വെച്ചു് അദ്ദേഹംതന്നെ നിവേദ്യം കഴിച്ചു. അന്നു രാത്രിയിൽ തന്ത്രിനമ്പൂരിപ്പാട്ടിലേയ്ക്കു ദേവിയുടെ ദർശനമുണ്ടായി. "പത്സൻ നിവേദ്യം എനിക്കു വളരെ തൃപ്തികരമായിരിക്കുന്നു. പതിവായി അത്താഴപ്പൂജയോടുകൂടി നിവേദിക്കുന്നതിനു് ഏർപ്പാടു ചെയ്യണം" എന്നു ദേവി അരുളിച്ചെയ്തതായിട്ടാണു് നമ്പൂരിപ്പാട്ടിലേയ്ക്കു ദർശനമുണ്ടായതു്. ഇങ്ങിനെ ദർശനമുണ്ടായ വിവരം പിറേറദ്ദിവസം തന്ത്രിനമ്പൂരിപ്പാടു രാജാവിൻെറ അടുക്കലും പള്ളിയിൽ മേനോൻ മുതലായവരോടും പറഞ്ഞു. അവർ പ്രശ്നംവെയ്പിച്ചു നോക്കിയതിൽ അതു ദേവിയുടെ അരുളപ്പാടു തന്നെയാണെന്നു പ്രശ്നക്കാരൻ വിധിക്കുകയുംചെയ്തു. അതിനാൽ പ്രതിദിനം അത്താഴപ്പൂജയ്ക്കു് ഇരുനാഴിയരിയുടെ പത്സൻകൂടി പടിത്തരക്കണക്കിൽ ചേർത്തെഴുതി. അതു പതിവായിത്തീരുകയുംചെയ്തു. അതിപ്പോഴും നടന്നുവരുന്നുമുണ്ടു്. അടവഴിപാടു ദേവിക്കു പ്രീതികരമാണെന്നു് അറിയുകയാൽ കാരോരുത്തർ കാരോ കായ്ങ്ങൾ സാധിക്കുന്നതിനായി യഥാശക്തി മൂന്നേകാലിടങ്ങഴി അരികൊണ്ടും ആറേകാലിടങ്ങഴിഅരികൊണ്ടും പന്ത്രണ്ടേകാലിടങ്ങഴി അരികൊണ്ടും ഇരുപത്തഞ്ചേകാലിടങ്ങഴി അരികൊണ്ടും മറും അടവഴിപാടു പ്രാർത്ഥിച്ചു തുടങ്ങുകയും എല്ലാവക്കും കായ്ങ്ങൾ സാധിച്ചുതുടങ്ങുകയും ചെയ്തു. അങ്ങിനെ അടവഴിപാടു് അവിടെ നടപ്പാവുകയും അതിനു പ്രാധാന്യം സിദ്ധിക്കുകയും ചെയ്തു. പന്ത്രണ്ടേകാലിടങ്ങഴി അരികൊണ്ടുള്ളതിനു 'പന്തിരുനാഴിയട' എന്നാണു് പേരു പറഞ്ഞുവരുന്നതു്. അതിൽക്കുറഞ്ഞതിനു് അരപ്പന്തിരുനാഴി, കാൽപ്പന്തിരുനാഴി എന്നും യഥാക്രമം പേർ പറയുന്നു. ഇരുപത്തഞ്ചേകാലിടങ്ങഴി അരികൊണ്ടുള്ള അട വലിയ ചരക്കിൽ (വാപ്പിൽ) അല്ലാതെ ഉണ്ടാക്കാൻ പാടില്ല. അതിനാൽ അതിനു 'ചരക്കിലട' എന്നും പേർ പറഞ്ഞുവരുന്നു. ചരക്കിലടയ്ക്കു നൂറൊന്നു നാഴി അരി, നൂറൊന്നു നാളികേരം, നൂറൊന്നു കഴഞ്ചുഴം, മൂന്നുതൂലാം ശർക്കര, മുന്നാഴി നെയ്യു് ഇങ്ങിനെ

Digitized By Kerala Sahitya Akademi

യാണ് പതിവ്. പന്തിരുനാഴിയട മുതലായവയ്ക്കും ഈ കണക്കനുസരിച്ച വീതപ്രകാരമുള്ള നാളികേരം, ശർക്കര മുതലായവ ചേർക്കണം. കടളിപ്പഴം കിട്ടാതെ വന്നാൽ അതിനുപകരം നേന്ത്രപ്പഴവും വരിക്കച്ചക്കപ്പഴവും ചേർക്കാറുണ്ട്. അടവഴിപാടുണ്ടായാൽ സമീപസ്ഥന്മാരായ ആബാലവൃദ്ധം അനേകം ജനങ്ങൾ ആ ക്ഷേത്രസന്നിധിയിൽ വന്നുകൂടുക പതിവാണ്. ഇത്രയിടങ്ങഴി അരികൊണ്ട് അടയുണ്ടായാൽ ബ്രഹ്മസ്വമായും ശാന്തിക്കാരൻ, കഴകക്കാരൻ, തേങ്ങാപ്പണിക്കാരൻ, പള്ളിയിൽ മേനോൻ, വെട്ടിക്കളഞ്ഞരക്കയ്യൻ, പാത്രം തേപ്പുകാരൻ, ഇലയും വിറകും കൊടുക്കുന്നയാൾ മുതലായവർക്ക് ഇത്ര ഇത്ര അട വീതം കൊടുക്കണമെന്നു കണക്കുണ്ട്. അതൊക്കെ കഴിഞ്ഞാൽ ഉള്ളതിൻെറ അവസ്ഥപോലെ ഒന്നോ രണ്ടോ അടവീതം അവിടെ വന്നുകൂടുന്നവർക്കെല്ലാവർക്കും കൊടുക്കണമെന്നുള്ളതു നിർബ്ബന്ധമാണ്. അതുപോലെ ഒരുഭാഗം വഴിപാട് നടത്തുന്ന ആൾക്കുമുണ്ട്. അതു കൊടുത്തില്ലെങ്കിലും ചെറുതെ വരുന്നവർക്കു കൊടുക്കാതെയിരിക്കാൻ പാടില്ല. അവർക്കു കൊടുക്കാതെയിരുന്നാൽ ആ വഴിപാടുകൊണ്ടു യാതൊരു ഫലവുമുണ്ടാവുകയില്ലെന്നു മാത്രമല്ല, ദേവിയുടെ വിരോധമുണ്ടാവുകയും ചെയ്യും. ഇതിനു ദൃഷ്ടാന്തമായി പല സംഗതികളുമുണ്ടായിട്ടുണ്ട്. അവയിൽ ഒന്നുമാത്രം പ്രസ്താവിച്ചുകൊള്ളുന്നു.

ഒരാണ്ടിൽ വൈക്കത്തു സന്ധ്യാവേലയ്ക്കു സാമാനങ്ങളെല്ലാം ശേഖരിച്ചു വള്ളങ്ങളിലാക്കിക്കൊണ്ടുപോയ പാവ്ത്ര്യക്കാരൻ പതിവുള്ള ചരക്കിലട കഴിച്ചിട്ടു ശാന്തിക്കാരൻ മുതലായ അനുഭവക്കാർക്കുമാത്രം പതിവുള്ളതു കൊടുത്തതിൻെറ ശേഷം പിന്നെയുണ്ടായിരുന്ന അടയെല്ലാം വാങ്ങി ഭാണ്ഡം കെട്ടിക്കൊണ്ടുപോയി. ഉടനെ വൈക്കത്തിനു യാത്രയാവുകയും ചെയ്തു. അട കിട്ടുമെന്നാഗ്രഹിച്ചു വന്നവരെല്ലാം ഇച്ഛാഭംഗത്തോടുകൂടി തിരിയെപ്പോയി. ചില കുട്ടികൾ ഉറക്കെ കരഞ്ഞുകൊണ്ടാണ് മടങ്ങിയതു്. അതു കണ്ടിട്ടു ചിലർ "ഇതു ഭഗവതി

Digitized By Kerala Sahitya Akademi

സഹിക്കുമെന്നു തോന്നുന്നില്ല. എന്തെല്ലാമാപത്തുകൾ വന്നു കൂടുമോ എന്തോ" എന്നു പറഞ്ഞുകൊണ്ടാണു് മടങ്ങിപ്പോയതു്. കായ്മും അങ്ങിനെതന്നെ പറയുകയും ചെയ്തു.

പാവ്ത്യക്കാരൻ മുതലായവർ വെമ്പനാട്ടുകായലിൽ എത്തിയപ്പോഴയ്ക്കും അതികലശലായി കാറും മഴയും തുടങ്ങി. കായലിൽ കാളം പെരുകി വള്ളങ്ങളിൽ വെള്ളം അടിച്ചുകയറി, വള്ളം മുങ്ങുമെന്നുള്ള ഭീക്കായി. പാവ്ത്യക്കാരൻ മുതലായവക്കു പരിഭ്രമവും കലശലായി. പ്രാണഭീതിനിമിത്തം ചിലർ നിലവിളിയും തുടങ്ങി. അപ്പോൾ പഴമപരിചയമുള്ളവരായി വള്ളത്തിലുണ്ടായിരുന്നതിൽ ചിലർ, "അവിടെ വന്നുകൂടിയിരുന്നവക്കാക്കും അടകൊടുക്കാഞ്ഞതു ഭഗവതിക്കൊട്ടും രസിച്ചില്ല. ദേവിയുടെ വിരോധംകൊണ്ടുതന്നെയാണു് ഇപ്പോൾ ഈ കാറും പിശറും വന്നുകൂടിയതു്. എന്തെങ്കിലും കരു പ്രായശ്ചിത്തം ചെയ്യാമെന്നു നിശ്ചയിച്ചില്ലെങ്കിൽ വള്ളങ്ങൾ മുങ്ങുകതന്നെ ചെയ്യും" എന്നു പറഞ്ഞു. അതു കേട്ടു പാവ്ത്യക്കാരൻ "എന്നാൽ വൈക്കത്തുപോയി സന്ധ്യവേലകഴിഞ്ഞു തിരിച്ചെത്തിയാലുടനെ പ്രായശ്ചിത്തമായി കരു ചരക്കിലടക്കൂടി കഴിക്കുകയും അവിടെ വരുന്നവക്കെല്ലാം ധാരാളമായി കൊടുക്കുകയും ചെയ്തേയ്ക്കാം.. ഈ കാറും പിശറും മാറട്ടെ" എന്നു പറഞ്ഞു. ഉടനെ കാറും മഴയും മാറുകയും കായൽ ശാന്തതയെ പ്രാപിക്കുകയും ചെയ്തു. സന്ധ്യവേല കഴിഞ്ഞു മടങ്ങിയെത്തിയ ഉടനെ പാവ്ത്യക്കാരൻ നിശ്ചയിച്ചതുപോലെ പ്രായശ്ചിത്തവഴിപാടു നടത്തുകയും അന്നവിടെ ചെന്നുകൂടിയവക്കെല്ലാം അട പതിവിലധികം കൊടുക്കുകയും ചെയ്തു. ദേവിയുടെ മാഹാത്മ്യത്തെസ്സംബന്ധിച്ചു് കുറേരണ്ടു സംഗതികൾകൂടി പറഞ്ഞിട്ടു് ഈ ലേഖനമവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

൧൦൭൬-ാമാണ്ടു കുംഭമാസത്തിൽ കിളിത്തൂർ ദേശത്തുതന്നെയുള്ള 'പുത്തൻമഠത്തിൽ ശിവയ്യൻ' എന്ന പരദേശബ്രാഹ്മണനു മസൂരികാ (വസൂരി) ദീനമുണ്ടായി. ദീനം ഏറവും

Digitized By Kerala Sahitya Akademi

കടുത്തവകയായിരുന്നു. അവിടെ ദീനരക്ഷയ്ക്കായിട്ടിരുന്നവരും ദീനം ചെന്നുകണ്ടവരായ അന്യന്മാരുമെല്ലാം ആ ബ്രാഹ്മണൻ കൂളിക്കുന്ന കാര്യം അസാദ്ധ്യമാണെന്നുതന്നെ തീർച്ചപ്പെടുത്തി. താൻ ഇതിനാലെ മരിച്ചുപോകുമെന്നു രോഗിക്കും തോന്നി. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം രാത്രിയിൽ കരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു, "കുന്നിന്മേൽ ഭഗവതിക്കു പന്ത്രണ്ടു ചരക്കിലട കഴിച്ചുകൂട്ടാമെന്നു നിശ്ചയിക്കു. അങ്ങേയ്ക്കു കൂളിച്ചുതൊഴാൻ സംഗതിയാകും" എന്നു പറഞ്ഞതായി തോന്നി. അദ്ദേഹം കണ്ണു തുറന്നു നോക്കിയപ്പോൾ ആരേയും കണ്ടില്ല. "എന്തോ വെറുതെ സ്വപ്നം കണ്ടതായിരിക്കും" എന്നു വിചാരിച്ച് അദ്ദേഹം പിന്നെയും കണ്ണടച്ചു കിടന്നു. അദ്ദേഹം മയങ്ങിത്തുടങ്ങിയപ്പോൾ പിന്നെയും യഥാപൂർവ്വം കരാൾ അടുക്കൽ ചെന്നു പറഞ്ഞതായി അദ്ദേഹത്തിനു തോന്നി. അങ്ങിനെ മൂന്നുപ്രാവശ്യമുണ്ടായി. മൂന്നാംപ്രാവശ്യം അദ്ദേഹം കണ്ണുതുറന്നു നോക്കിയപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു തരുണി ആ മുറിയിൽനിന്നു ഇറങ്ങിപ്പോകുന്നതായി അദ്ദേഹം കാണുകയും ചെയ്തു. അപ്പോൾ ഈ ദേവിയുടെ അരുളപ്പാടുതന്നെയാണെന്നു അദ്ദേഹത്തിനു തോന്നുകയും കൂളിച്ചുതൊഴുന്ന ദിവസംതന്നെ പന്ത്രണ്ടു ചരക്കിലട കഴിച്ചേയ്ക്കാമെന്നു അദ്ദേഹം നിശ്ചയിക്കുകയും ചെയ്തു. പിറേറദ്ദിവസം മുതൽ ദീനത്തിനു ഇറക്കം തുടങ്ങി. ദീനമാരംഭിച്ചതിന്റെ ഇരുപത്തിരണ്ടാം ദിവസം അദ്ദേഹത്തെ കൂളിപ്പിച്ചു. ഒരു വെള്ളിയാഴ്ചയാണു് അദ്ദേഹത്തെക്കൂളിപ്പിച്ചതു്. അടുത്ത ഞായറാഴ്ച അദ്ദേഹത്തെ കുന്നിന്മേൽക്കൊണ്ടുപോയി തൊഴിയിക്കുകയും അന്നുതന്നെ പന്ത്രണ്ടു ചരക്കിലട കഴിക്കുകയും ചെയ്തു.

ഈ ദേശത്തുതന്നെ മറെറാരു മഠത്തിൽ ഛഠവ്യ_ാമാണ്ടു യുവാവായ ഒരു ബ്രാഹ്മണനു വസൂരിദീനമുണ്ടായി. ആ ദീനവും ഏറവും കടുത്ത വകയായിരുന്നു. അദ്ദേഹവും ഈ ദീനത്താൽ മരിച്ചുപോകുമെന്നു് എല്ലാവരും തീർച്ചപ്പെടുത്തി. ആ

Digitized By Kerala Sahitya Akademi

ബ്രാഹ്മണന്റെ ഭാര്യയായ അമ്മ്യാർ വ്യസനാക്രാന്തയായിട്ട്, "എന്റെ ഭർത്താവിനെ കൂളിപ്പിച്ചു തൊഴിയിക്കാൻ സംഗതിയായാൽ തൊഴിയിക്കുന്ന ദിവസം എന്റെ കഴുത്തിൽ പതിവായി കെട്ടിവരുന്ന പവൻമാല ഞാൻ നടയ്ക്കു വെയ്ക്കുന്നാം" എന്നു നിശ്ചയിച്ചു. ഇതു മറ്റാരോടും പറഞ്ഞുമില്ല. ബ്രാഹ്മണനു ക്രമേണ ദീനം ഭേദപ്പെട്ടുതുടങ്ങി. പതിനെട്ടാം ദിവസം അദ്ദേഹത്തെ കൂളിപ്പിച്ചു. അപ്പോൾ അമ്മ്യാക്ക് വിചാരമായി. "അയ്യോ! എന്റെ പവൻമാല കൊടുക്കണമല്ലോ. അതു പ്രയാസമാണു്. ഇതിൽനിന്നു് ഒരു പവൻ ഊരിയെടുത്തു നടയ്ക്കു വെയ്ക്കാം; അതു മതി" എന്നു് ആലോചിച്ചു തീച്ചപ്പെടുത്തി. ബ്രാഹ്മണനെ നടയിൽക്കൊണ്ടുപോയി തൊഴിയിച്ച ദിവസം അമ്മ്യാരും കൂടെപ്പോയിരുന്നു. അവർ നിശ്ചയിച്ചതുപോലെ ഒരു പവൻ ഊരിയെടുത്തു നടയ്ക്കുവെച്ചു. ദീനമുണ്ടായ ബ്രാഹ്മണൻ ഉടനെ വിറച്ചുതുടങ്ങി. അതു ക്രമേണ വർദ്ധിച്ചു് അദ്ദേഹത്തിനു കലികൊണ്ടതുപോലെയായിട്ടു വെളിച്ചപ്പാടന്മാർ പറയുന്നതുപോലെ "കൊണ്ടുവാ, പവൻമാല അഴിച്ചുകൊണ്ടുവാ. അല്ലാതെ ഞാൻ സമ്മതിക്കയില്ല." എന്നു വിളിച്ചുപറഞ്ഞുതുടങ്ങി. ഉടനെ ബ്രാഹ്മണന്റെ ഭാര്യ പവൻമാല അഴിച്ചു ബ്രാഹ്മണന്റെ കൈയിൽക്കൊടുത്തു. അദ്ദേഹം അതു നടയ്ക്കുവെച്ചിട്ടു പള്ളിയിൽ മേനോനെ വിളിച്ചു് "ഇതെടുത്തു മറ്റുള്ള തിരുവാഭരണങ്ങളുടെ കൂട്ടത്തിൽ രക്ഷിച്ചുകൊള്ളണം. വിശേഷദിവസങ്ങളിൽ അകത്തുകൊട്ടാരത്തു ബിംബത്തിന്മേൽച്ചാർത്തിക്കണം" എന്നു പറയുകയും കലിയടങ്ങി ബ്രാഹ്മണൻ പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ചെയ്തു. ആ പവൻമാല ഇപ്പോഴും കരക്കാരുടെ കൈവശംതന്നെ ഇരിക്കുന്നു. വിശേഷദിവസങ്ങളിൽ ദേവിയുടെ ബിംബത്തിന്മേൽ ചാർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ പവൻമാലയിൽ ഒറക്കുഴവെച്ചതായ പതിനെട്ടു് അരപ്പവനും ഒരു മുഴപ്പവനുമാണുള്ളതു്. ഇങ്ങിനെ പറയുകയാണെങ്കിൽ കിളിത്തൂർക്കുന്നിന്മേൽ ഭഗവതിയുടെ അത്ഭുതമാഹാത്മ്യങ്ങൾ ഇനിയും വളരെയുണ്ടു്.

Digitized By Kerala Sahitya Akademi

വിസ്മരഭയത്താൽ അതിനായി തുനിയുന്നില്ല. ഈ ദേവിയുടെ പ്രതിഷ്ഠയെപ്പറ്റി ഒരു വിദ്വാൻ ഉണ്ടാക്കീട്ടുള്ളതായി കേട്ടിട്ടുള്ള ശ്ലോകംകൂടി താഴെ എഴുതിക്കൊള്ളുന്നു.

"കോളംബൊബ്ദേ 'സുപുജ്യേ' ദിനകൃതിരുഷഭേ കീരദേശാലയേസ്മിൻ
മംഗല്യേ സന്മുഹൂർത്തേ നിജജനഹിതകൃൽ ബിംബലീശോ മഹാത്മാ
യസ്യാ ബിംബപ്രതിഷ്ഠാം ക്ഷിതിവിബുധവരൈഃ കാരയാമാസ ധീര-
സ്സാ ദേവീ ശൈലകന്യാ കലയത കുശലം സർവ്വദാ സർവ്വദാ നഃ."

ഈ ശ്ലോകംകൊണ്ടു് ഇവിടെ ദേവീപ്രതിഷ്ഠ നടന്നതു കൊല്ലം ഒരുനൂററിപ്പതിനേഴാമാണ്ടു മീനമാസത്തിലാണെന്നും അതു നടത്തിച്ചതു തദ്ദേശവാസികളായ ജനങ്ങളുടെ ഇഷ്ടപ്രകാരം തെക്കുംകൂർ രാജാവാണെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ.

൨. പൂന്താനത്തു നമ്പൂരി

പൂന്താനത്തു നമ്പൂരി വേദാഭ്യസനമില്ലാത്ത ഒരു ബ്രാഹ്മണനായിരുന്നുവെന്നാണു് കേട്ടിരിക്കുന്നതു്. ബാല്യകാലത്തു കുറച്ചേതാണ്ടൊക്കെ പഠിച്ചിരുന്നുവെന്നല്ലാതെ അദ്ദേഹം ഒരു വിദ്വാനല്ലായിരുന്നു. അദ്ദേഹത്തിന്റെ ഇല്ലം ബ്രട്ടീഷുശീമയിൽ 'അങ്ങാടിപ്പുറം' എന്ന ദിക്കിലായിരുന്നു. പൂന്താനത്തു നമ്പൂരിയും മേൽപ്പുത്തൂർ നാരായണഭട്ടതിരിയും ജീവിച്ചിരുന്നതു് ഒരുകാലത്താണെന്നു കാണുന്നു. ഭട്ടതിരിയുടെ നാരായണീയം ഉണ്ടാക്കിക്കുറതീന്നതു് അതിലെ ആയുരാരോഗ്യസൌഖ്യം എന്നുള്ള കലിസംഖ്യകൊണ്ടു കൊല്ലവർഷം ന്യൂ-ാമാണ്ടു വൃശ്ചികമാസം ഇവ-ാംനു- ആണെന്നു നിശ്ചയിക്കാമല്ലോ. അതിനാൽ പൂന്താനത്തു നമ്പൂരി ജീവിച്ചിരുന്നതു കൊല്ലം വ-ാം ശതാബ്ദത്തിലായിരുന്നുവെന്നു തീർച്ചപ്പെടുത്താവുന്നതാണു്.

പൂന്താനത്തു നമ്പൂരിക്കു വളരെ ആഗ്രഹിച്ചിരുന്ന സീമന്തപുത്രനായിട്ടു് ഒരുണ്ണിയുണ്ടായി. ആ ഉണ്ണിയുടെ അന്ന

Digitized By Kerala Sahitya Akademi

പ്രാശനമടിയന്തിരം പ്രമാണിച്ചു സജ്ജനങ്ങളുടെ ഇല്ലങ്ങളിലെല്ലാം ക്ഷണിച്ചിരുന്നു. മുഹൂർത്തം രാത്രിയിലായിരുന്നു. ക്ഷണപ്രകാരം വന്നുചേർന്ന അന്തർജ്ജനങ്ങൾ അവരുടെ വസ്തുഭാണ്ഡങ്ങൾ അവിടെയൊരു സ്ഥലത്തു് ഉറക്കികിടത്തിയിരുന്ന ഉണ്ണിയുടെ മീതെ അറിയാതെ കൊണ്ടുചെന്നിട്ടു. ചോറൂണിനു മുഹൂർത്തമടുത്തപ്പോൾ ഉണ്ണിയുടെ അമ്മ ഉണ്ണിയെ എടുത്തു കൂളിപ്പിക്കാനായി ചെന്നപ്പോഴയ്ക്കും ഉണ്ണി ശ്വാസംമുട്ടി മരിച്ചിരിക്കുന്നതായിക്കണ്ടു. അപ്പോൾ അവിടെ കൂടിയിരുന്നവർക്കും വിശേഷിച്ചു് ഉണ്ണിയുടെ മാതാപിതാക്കന്മാർക്കുമുണ്ടായ വ്യസനം എത്രമാത്രമായിരുന്നുവെന്നുള്ളതു പറയണമെന്നില്ലല്ലോ. പ്രകൃത്യാതന്നെ ഒരു വിഷ്ണുഭക്തനും സാധുവുമായിരുന്ന പൂന്താനത്തു നമ്പൂരി ഉണ്ണി മരിച്ചതോടുകൂടി ഒരു വിരക്തനുംകൂടി ആയിത്തീർന്നു. അദ്ദേഹം തന്റെ പുത്രൻ മരിച്ചതിനാലുള്ള വ്യസനത്തോടുകൂടി ഉണ്ടാക്കിയ കൃതിയാണു് പ്രസിദ്ധമായ ജ്ഞാനപ്പാന. അത്യന്തം ദുസ്സഹങ്ങളായ വ്യസനങ്ങൾ നേരിടുന്ന കാലങ്ങളിൽ ഈ ജ്ഞാനപ്പാന വായിച്ചാൽ മനസ്സിനു വളരെ സമാധാനമുണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഇതു് എല്ലാവക്കും അത്ഥം മനസ്സിലാകത്തക്കവണ്ണം വളരെ ലളിതവും സരസവുമായിട്ടുള്ള ഒരു കൃതിയാണു്.

ഉണ്ണി മരിച്ചതിന്റെ ശേഷം പൂന്താനത്തു നമ്പൂരി കുളിയും ജപവും പ്രദക്ഷിണവും നമസ്കാരവുമായി മിക്കവാറും ഗുരുവായൂർ ക്ഷേത്രത്തിൽത്തന്നെ താമസിച്ചുകൊണ്ടിരുന്നു. ആക്കാലത്താണു് ഭജനത്തിനായി മേൽപ്പത്തൂർ ഭട്ടതിരിയും അവിടെച്ചെന്നുചേർന്നതു്. നാരായണഭട്ടതിരി നാരായണീയമുണ്ടാക്കാനായി ആരംഭിച്ചപ്പോൾ പൂന്താനത്തു നമ്പൂരി സന്താനഗോപാലം സന്താനകരമായിട്ടുള്ളതാണല്ലോ എന്നു വിചാരിച്ചു് ആ കഥ ഒരു പാനയായിട്ടുണ്ടാക്കാനും തുടങ്ങി. അതിവിദ്വാനും വേദജ്ഞനുമായിരുന്ന ഭട്ടതിരിക്കു ഭാഷാകവിതയെക്കുറിച്ചും വേദഹീനനും അർത്ഥജ്ഞാനശൂന്യനുമായ പൂന്താനത്തു നമ്പൂരിയെക്കുറിച്ചും അന്തരത്താൽ വളരെ പുച്ഛമുണ്ടായിരു

Digitized By Kerala Sahitya Akademi

ന്നു. സാധുവായ നമ്പൂരി ആ സൂക്ഷ്മാവസ്ഥ അറിയാതെ ഒരു ദിവസം താൻ ഉണ്ടാക്കിയ ഏതാനുമായിരുന്ന സന്താനഗോപാലം പാന ഭട്ടതിരിയുടെ അടുക്കൽ കൊണ്ടുചെന്ന് പിഴ നോക്കിത്തിരുത്തിക്കൊടുക്കണമെന്നുപേക്ഷിച്ചു. അപ്പോൾ ഭട്ടതിരി "ഭാഷാകവിതയിൽ നോക്കാനെന്തിരിക്കുന്നു? അതിൽ അബദ്ധമല്ലാതെ വല്ലതും കാണുമോ? വിശേഷിച്ചും പൂന്താനത്തിനു വിഭക്തിയുറച്ചിട്ടുമില്ല; അതിനാൽ അതു മുഴുവനും പിഴതന്നെയായിരിക്കും"—എന്നു പറഞ്ഞു. പലരും കേൾക്കെ ഭട്ടതിരി ഇങ്ങിനെ പറഞ്ഞപ്പോൾ നമ്പൂരി വ്യസനം സഹിക്കവഹിയാതെ പൊട്ടിക്കരഞ്ഞുപോയി. ആ സമയത്തു ശ്രീകോവിലകത്തുനിന്നു "പൂന്താനത്തിനു ഭട്ടതിരിയോളം വിഭക്തി ഉറച്ചിട്ടില്ലെങ്കിലും ഭട്ടതിരിയേക്കാൾ ഭക്തിയുറച്ചിട്ടുണ്ട്" എന്നൊരു അശരീരിവാക്കുണ്ടായി. ഗുരുവായൂരപ്പന്റെ ഈ അരുളപ്പാടു കേട്ടപ്പോൾ ഭട്ടതിരിക്കു വളരെ വ്യസനവും ലജ്ജയും പശ്ചാത്താപവുമുണ്ടായിട്ടെന്നുള്ളതു പറയണമെന്നില്ലല്ലോ. ഉടനെ ഭട്ടതിരി നമ്പൂരിയെ അന്വേഷിച്ചപ്പോൾ നമ്പൂരി വ്യസനിച്ചു കരഞ്ഞുകൊണ്ടു് അമ്പലത്തിന്റെ ഒരു കോണിൽപ്പോയിക്കിടക്കുന്നതായി അറിഞ്ഞു് അവിടെച്ചെന്നു്:—"ഹേ! പൂന്താനം ഞാൻ പറഞ്ഞതുകൊണ്ടു മുഷിഞ്ഞു വന്നു കിടക്കുകയാണോ? ഞാനപ്പോൾ ഒരു മനോരാജ്യം വിചാരിച്ചുകൊണ്ടിരുന്നതിനാൽ അങ്ങിനെ പറഞ്ഞുപെന്നേ ഉള്ളൂ. പൂന്താനത്തിന്റെ കവിത വളരെ നല്ലതാണെന്നു് അങ്ങേടെ ജ്ഞാനപ്പാനകൊണ്ടുതന്നെ സർവ്വസമ്മതമായിട്ടുള്ളതല്ലേ? പിന്നെ ഞാനങ്ങിനെ നേരമ്പോക്കായിട്ടു പറഞ്ഞതിനു് ഇത്ര മനസ്താപപ്പെടാനുണ്ടോ? സന്താനഗോപാലം തീന്നേടത്തോളം കാണട്ടെ. ഞാൻ നോക്കി തിരുത്തിത്തരാമല്ലോ" എന്നു പറഞ്ഞു നമ്പൂരിയെ സമാശ്വസിപ്പിക്കയും സന്താനഗോപാലം വാങ്ങി തീന്നേടത്തോളം ഭാഗം മുഴുവനും നോക്കി അതിനെക്കുറിച്ചും വളരെ ശ്ലാഘിച്ചു പറഞ്ഞു നമ്പൂരിയെ സന്തോഷിപ്പിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

സന്താനഗോപാലത്തിൽ ശ്രീകൃഷ്ണനും അർജ്ജുനനും കൂടി വൈകുണ്ഠത്തിൽ ചെന്ന ഭാഗത്തു വൈകുണ്ഠത്തെ ഏതുപ്രകാരമാണു് വർണ്ണിക്കേണ്ടതെന്നു വിചാരിച്ചുംകൊണ്ടു നമ്പൂരി ഒരുദിവസം കിടന്നുറങ്ങുമ്പോൾ ഗുരുവായൂരപ്പൻ വൈകുണ്ഠത്തെ നമ്പൂരിക്കു സ്വപ്നത്തിൽ കാണിച്ചുകൊടുത്തുവെന്നും അതിൻപ്രകാരമാണു് നമ്പൂരി വർണ്ണിച്ചിരിക്കുന്നതെന്നും ഒരു കേൾവിയുണ്ടു്. ഭട്ടതിരിയുടെ നാരായണീയം മുഴുവനും തീർന്ന ദിവസംതന്നെയാണു് പൂന്താനത്തു നമ്പൂരിയുടെ സന്താനഗോപാലം പാനയും കൂടതീർന്നതെന്നാണു് കേൾവി. ഭക്തശിരോമണിയായ പൂന്താനത്തു നമ്പൂരിയെ യോഗ്യനാക്കാൻവേണ്ടി ഗുരുവായൂരപ്പൻ പലരേയും അനുഗ്രഹമാക്കീട്ടുള്ളതായി പല കഥകളുമുണ്ടു്.

ഒരുദിവസം നമ്പൂരി ഒരു സ്തോത്രം ജപിക്കുമ്പോൾ "പത്മനാഭോ മരപ്രഭുഃ" എന്നു ചൊല്ലി. അതുകേട്ടു വിദ്വാനായ മറെറാരു നമ്പൂരി—"വിഷ്ണോ! മരപ്രഭുവല്ല; അമരപ്രഭുവാണു്. 'പത്മനാഭോമരപ്രഭുഃ' എന്നു സന്ധിചേർത്തു ചൊല്ലുകതന്നെ." എന്നു പറഞ്ഞു. അപ്പോൾ—"പിന്നെ മരപ്രഭു ആരാണു്; ഞാൻ മരപ്രഭുവുമാണു്—"എന്നൊരു അശരീരിവാക്കു ശ്രീകോവിലകത്തുനിന്നു കേൾക്കപ്പെട്ടു. അപ്പോൾ വിദ്വാൻനമ്പൂരി അന്ധനായിത്തീർന്നുവെന്നുള്ളതു പറയണമെന്നില്ലല്ലോ.

പൂന്താനത്തു നമ്പൂരിക്കു വ്യുൽപത്തിയില്ലായിരുന്നുവെങ്കിലും ഗുരുവായൂർ ക്ഷേത്രത്തിലിരുന്ന പല വിദ്വാന്മാർ ഭാഗവതം വായിച്ചു് അർത്ഥം പറയുന്നതു കേട്ടുകേട്ടു് അദ്ദേഹത്തിനു ഭാഗവതം ഏതു ഭാഗം വായിക്കുന്നതു കേട്ടാലും അർത്ഥം പറയാറായിത്തീർന്നു. എന്നുമാത്രമല്ല, ഭക്തനായ അദ്ദേഹം ഭക്തിരസത്തോടുകൂടി അർത്ഥം പറയുന്നതു കേൾക്കാൻ എല്ലാവർക്കും വളരെ കൌതുകമുണ്ടായിത്തീർന്നു. ഒടുക്കം ഭാഗവതം ആരു വായിച്ചാലും അർത്ഥം പറയാൻ പൂന്താനത്തു നമ്പൂരി വേണമെന്നു ജനങ്ങൾക്കു നിർബ്ബന്ധമായിത്തീർന്നു. അതുകൊണ്ടു വിദ്വാന്മാരായവർക്കു നമ്പൂരിയോടു കുറച്ചു അസൂയയും തോന്നി

Digitized By Kerala Sahitya Akademi

ത്തുടങ്ങി. എങ്കിലും ആരു വായിച്ചാലും അത്ഥം പറയുക പൂന്താനത്തു നമ്പൂരിതന്നെയെന്നു പതിവായിത്തീർന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ ഭാഗവതംവായന പതിവായിട്ടുണ്ടല്ലോ. ഒരു ദിവസം ഒരു വിദ്വാൻ വായിക്കാനും പൂന്താനത്തുനമ്പൂരി അത്ഥം പറയാനും തുടങ്ങി. വായന കേൾക്കാൻ പണ്ഡിതന്മാരും പാമരന്മാരുമായിട്ട് അസംഖ്യം ജനങ്ങളും അവിടെ വന്നുകൂടി. അന്നു വായിച്ച ഭാഗം രുഗ്മിണീസ്വയംവരം കഥയായിരുന്നു. വ്യുൽപത്തിയില്ലായിരുന്നതിനാൽ നമ്പൂരി അത്ഥം പറയുന്നതു് അദ്ദേഹത്തിന്റെ മനോധർമ്മംപോലെയെന്നല്ലാതെ ശ്ലോകാത്ഥം മനസ്സിലായിട്ടല്ലായിരുന്നു. അതിനാൽ രുഗ്മിണി കൃഷ്ണന്റെ അടുക്കലേയ്ക്കു ബ്രാഹ്മണനെ പറഞ്ഞയയ്ക്കുന്നടിക്കിൽ നമ്പൂരി—"രുഗ്മിണി ഇങ്ങനെ ഒക്കെപ്പറഞ്ഞു ബ്രാഹ്മണന്റെ കൈയിൽ ഒരെഴുത്തും കൊടുത്തയച്ചു" എന്നു് അത്ഥം പറഞ്ഞു. എഴുത്തു കൊടുത്തയച്ചു എന്നുള്ളതു ഭാഗവതത്തിൽ പറഞ്ഞിട്ടില്ലാത്തതായിരുന്നതിനാൽ ഇതു കേട്ടു കൊണ്ടിരുന്ന വിദ്വാനായ് ഒരു നമ്പൂരി പൂന്താനത്തു നമ്പൂരിയോടു്—'എഴുത്തു കൊടുത്തയച്ചു എന്നുള്ളതു് ഏതു ശ്ലോകത്തിലാണു് പറഞ്ഞതിരിക്കുന്നതു്' എന്നു ചോദിച്ചു. അതു കേട്ടപ്പോൾ പൂന്താനത്തു നമ്പൂരി മറുപടി പറയാൻ നിവൃത്തിയില്ലാതെ വിഷമിച്ചു. അപ്പോൾ ശ്രീകോവിലകത്തുനിന്നു് "എഴുത്തു കൊടുത്തയച്ചില്ല എന്നു് ഏതു ശ്ലോകത്തിലാണു് പറഞ്ഞിരിക്കുന്നതു്. ആ ബ്രാഹ്മണൻ എന്റെ അടുക്കൽ വന്നപ്പോൾ രുഗ്മിണിയുടെ കൈയെഴുത്തുകൂടി കൊണ്ടുവന്നിരുന്നു" എന്നൊരു അശരീരിവാക്കു കേൾക്കപ്പെട്ടു. ഇതു കേട്ടപ്പോൾ ദുഃശ്ശാഠ്യം ചോദിച്ച നമ്പൂരി വളരെ മധ്യമമാവുകയും പൂന്താനത്തു നമ്പൂരി സന്തോഷിക്കുകയും ശേഷമുള്ളവർ അത്ഭുതപ്പെടുകയും ചെയ്തു.

ഇപ്രകാരം കുറച്ചുകാലം കഴിഞ്ഞപ്പോഴയ്ക്കും പൂന്താനത്തു നമ്പൂരിയെക്കുറിച്ചു് എല്ലാവക്കും വളരെ ബഹുമാനമുണ്ടായിത്തീർന്നു. ക്ഷേത്രത്തിൽ പതിവായി നമസ്കാരഭക്ഷണത്തിനിരി

Digitized By Kerala Sahitya Akademi

ക്കുമ്പോൾ വേദജ്ഞന്മാരും വിദ്വാന്മാരും ആയ ബ്രാഹ്മണർ എത്രയുണ്ടായിരുന്നാലും പൂന്താനത്തു നമ്പൂരിയെ മാന്യസ്ഥാനത്തു് ഒന്നാമനായിട്ടിരുത്തുക പതിവായി. ക്രമമെന്ന ആരും പറഞ്ഞില്ലെങ്കിലും അദ്ദേഹത്തിനു മാന്യസ്ഥാനത്തിരിക്കാമെന്നായിത്തീർന്നു. അങ്ങിനെയിരിക്കുമ്പോൾ ദൂരസ്ഥനും വിദ്വാനും വേദജ്ഞനുമായ ഒരു നമ്പൂരിപ്പാടു് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനായി വന്നു. നമ്പൂരിപ്പാട്ടിലേയ്ക്കു് ഊണു ക്ഷേത്രത്തിൽത്തന്നെയായിരുന്നു. അതിനാൽ ക്ഷേത്രാധികാരിയായ നമ്പൂരി അന്നു ഭക്ഷണത്തിനു മാന്യസ്ഥാനത്തു നമ്പൂരിപ്പാട്ടിലെ ഇരുത്തണമെന്നു നിശ്ചയിച്ചു. പൂന്താനത്തു നമ്പൂരി ആ സംഗതിയറിയാതെ പതിവുപോലെ ഊണു കാലമായപ്പോൾ മാന്യസ്ഥാനത്തു് ഒന്നാമനായി പോയിരുന്നു. അപ്പോൾ ക്ഷേത്രാധികാരി പൂന്താനത്തു നമ്പൂരിയോട്ടു്—"മഹായോഗ്യനായിരിക്കുന്ന ഒരുത്തമബ്രാഹ്മണൻ ഇവിടെ വന്നിരിക്കുന്ന സ്ഥിതിക്കു് ഇന്നു താനിവിടെക്കടന്നിരുന്നതു ന്യായമായില്ല. അതിനാൽ വേഗമെണീറ്റു മാറിയിരിക്കു"—എന്നു പറഞ്ഞു. എങ്കിലും പല യോഗ്യന്മാർ കൂടി തനിക്കു സമ്മതിച്ചുതന്നിരിക്കുന്ന മാന്യസ്ഥാനം വിട്ടുകൊടുക്കുന്നതിനു മനസ്സുവരായ്കയാൽ പൂന്താനത്തു നമ്പൂരി എണീറ്റു മാറിയില്ല. അതിനാൽ ക്ഷേത്രാധികാരി അദ്ദേഹത്തിന്റെ കൈയ്ക്കു പിടിച്ചെണീപ്പിച്ചു. താൻ വേദോപനിഷത്തുകളുമല്ലാഞ്ഞിട്ടാണല്ലോ തന്നെ ഇങ്ങിനെ അവമാനിച്ചതെന്നു വിചാരിച്ചിട്ടു പൂന്താനത്തു നമ്പൂരിക്കു വളരെ വ്യസനമുണ്ടായി. അദ്ദേഹം ഉടനെ കരഞ്ഞുകൊണ്ടു പുറത്തേയ്ക്കിറങ്ങി. അപ്പോഴും ശ്രീകോവിലകത്തു നിന്നു—"പൂന്താനം ഇനി ഈ ദുഷ്ടന്മാരുടെ അടുക്കൽ താമസിക്കുകയും ഇവിടെ വരികയും വേണ്ട. പൂന്താനത്തിനു് എന്നൊക്കാണണമെങ്കിൽ ഞാൻ പൂന്താനത്തിന്റെ ഇല്ലത്തു വന്നുകൊള്ളാം" എന്നൊരു അശരീരിവാക്കുണ്ടായി. നമ്പൂരി അതു കേട്ടു സന്തോഷിച്ചു് അപ്പോൾത്തന്നെ തന്റെ ഇല്ലത്തേയ്ക്കു പോവുകയും ചെയ്തു.

Digitized By Kerala Sahitya Akademi

നമ്പൂരി ഇല്ലത്തു ചെന്നതിൻെറ ശേഷം ഭഗവാൻ വന്നു കണ്ടല്ലാതെ ഊണു കഴിക്കുകയില്ലെന്നു നിശ്ചയിച്ചു് അവിടെയിരുന്നു. അപ്പോൾ ഭക്തവത്സലനായ ഭഗവാൻ ശ്രീകൃഷ്ണൻ നമ്പൂരിയുടെ ഇല്ലത്തെഴുന്നള്ളി. ഭക്തശിരോമണിയായ നമ്പൂരി ഭക്തവത്സലനായ ഭഗവാനെ തൻെറ വാമ (ഇടത്തു) ഭാഗത്തു പ്രത്യക്ഷമായിക്കണ്ടു. നമ്പൂരി ഉടനെ എണീറു ഭഗവാനെ സാഷ്ടാംഗമായി നമസ്കരിച്ചു വന്ദിച്ചു. അപ്പോൾ ഭഗവാൻ—"ഇനി പൂന്താനം എന്നെ ഇവിടെയിരുന്നു സേവിച്ചാൽ മതി. എൻെറ സാന്നിദ്ധ്യം ഇവിടെയുണ്ടായിരിക്കും"—എന്നു് അരുളിച്ചെയ്തതിൻെറ ശേഷം മറയുകയും ചെയ്തു. നമ്പൂരി ഭഗവാനെ കണ്ടതായ ആ സ്ഥലത്തു് ഒരമ്പലം (ശ്രീകോവിൽ മാത്രം) പണിയിച്ചു് അവിടെ ശ്രീകൃഷ്ണൻെറ വിഗ്രഹത്തെ കുടിയിരുത്തി പതിവായി പൂജാനിവേദ്യാദികൾ കഴിച്ചു സേവിച്ചുകൊണ്ടിരുന്നു. ആ സ്ഥലം നമ്പൂരി ഇരുന്നതിൻെറ ഇടത്തുവശത്തായിരുന്നതിനാൽ ആ അമ്പലത്തിനു് 'ഇടത്തുപുറത്തമ്പലം' എന്നു പേരിടുകയും ചെയ്തു.

ഭാഗവതവും മറ്റും വായിച്ചു കേട്ടിട്ടുണ്ടായ പരിചയംകൊണ്ടും ഭഗവൽഭക്തികൊണ്ടും ഭഗവൽകാരുണ്യംകൊണ്ടും പൂന്താനത്തു നമ്പൂരി കാലക്രമേണ സംസ്കൃതത്തിലും കവിതയുണ്ടാക്കാൻ ശക്തനായിത്തീർന്നു.

പൂന്താനത്തു നമ്പൂരി ഗുരുവായൂർക്ഷേത്രം വിട്ടു് ഇല്ലത്തു സ്ഥിരവാസമാക്കിയതിൻെറ ശേഷം ഭഗവൽകാരുണ്യത്താൽ അദ്ദേഹത്തിനു മീനാക്ഷിയമ്മയ്ക്കുടിയ പുത്രസന്താനങ്ങൾ ധാരാളമുണ്ടാവുകയും അദ്ദേഹം പിന്നെയും വളരെക്കാലം അത്ഭുതപുത്രമിത്രകളത്രാദികളോടും ഭഗവാങ്കൽ നിശ്ചഞ്ചലതയും സുദൃഢവുമായ ഭക്തിയോടുംകൂടി സുഖമാകുംവണ്ണം ജീവിച്ചിരിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

൧൮. ആലത്തൂർ നമ്പി

ആലത്തൂർ നമ്പിയുടെ ഇല്ലം ബ്രിട്ടീഷുമലബാറിൽ പൊ
ന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂരംശത്തിൽ ആലത്തൂർ ദേശ
ത്താണ്. ഇതു കൂടാതെ അവിടുള്ള കൊച്ചിസംസ്ഥാനത്തു ത
ലപ്പിള്ളി താലൂക്കിൽ ചൂണ്ടൽ പ്രവൃത്തിയിൽ തായങ്കാവു ദേശ
ത്തും ഒരില്ലമുണ്ട്. അതു രണ്ടാമതുണ്ടായതാണ്. ആ ദേശത്തു
പണ്ടു ചൂണ്ടൽ മൂസ്സ് എന്നൊരാഢ്യവൈദ്യനുണ്ടായിരുന്നു. ആ
ഇല്ലത്തു് ഒരു കാലത്തു പുരുഷന്മാരാരുമില്ലാതെ ഒരു വിധവ
യും ഒരു കന്യകയും മാത്രമായിത്തീർന്നു. ആ കന്യകയെ ആല
ത്തൂർ നമ്പിമാരിലൊരാൾ സ്വസ്ഥാനമായി വിവാഹം ക
ഴിച്ചു അവിടെ ഭരിച്ചു കയറി. അതിനാലാണ് അവിടേയും ഒ
രില്ലം അവിടേയുണ്ടായതു്. ചൂണ്ടൽമൂസ്സിന്റെ ഇല്ലംവകയാ
യിട്ടുണ്ടായിരുന്ന ഏതാനും വസ്തുവകകളും നമ്പിക്കു കിട്ടി. ഏ
താനും വസ്തുക്കളും ഒരു ദേവസ്വവും അന്യാധീനപ്പെട്ടുപോയി
ട്ടുമുണ്ടു്.

ആലത്തൂർ നമ്പിയുടെ ഇല്ലത്തു് ഒരിക്കൽ പുരുഷന്മാരാ
രുമില്ലാതെ ഒരു കന്യക മാത്രമായിത്തീർന്നു. അന്നു് ആ കന്യ
കയെ സ്വസ്ഥാനമായി വിവാഹം കഴിച്ചു് അവിടെ ഭരിച്ചു
കയറിയതു കുറുമ്പാരനമ്പൂരിയുടെ ഇല്ലത്തുനിന്നൊരാളാ
ണു്. അതിനാൽ കുറുമ്പാരനമ്പൂരിയും ആലത്തൂർ നമ്പി
യും പരസ്പരം പുലയുള്ളവരായിത്തീർന്നു. അജാമിളമോക്ഷം,
ബാലധ്രുവചരിതം മുതലായവയുടെ നിർമ്മാതാവായ കുറു
മ്പാറ രാമോദരൻ നമ്പൂരി മരിച്ചിട്ടു് അധികം കാലമായിട്ടില്ല
ല്ലോ. ആ രാമോദരൻ നമ്പൂരി മരിച്ചപ്പോഴും ആലത്തൂർ ന
മ്പിമാർ പുല ആചരിച്ചിരുന്നതായിട്ടാണ് അറിയുന്നതു്. അ
തിനാൽ ഇപ്പോൾ ആലത്തൂർ നമ്പിയുടെ ഇല്ലത്തുള്ളവർ കു
റുമ്പാറ നമ്പൂരിയുടെ സന്താനപരമ്പരയിലുൾപ്പെട്ടവരാ
ണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ആലത്തൂർ നമ്പിമാരുടെ ചികിത്സയ്ക്കു് അനിതരസാധാ

Digitized By Kerala Sahitya Akademi

രണമായ ഒരു വിശേഷമുണ്ടെന്നുള്ളതു പ്രസിദ്ധമാണ്. അതിനുള്ള കാരണങ്ങളെ സംബന്ധിച്ചു പല ഐതിഹ്യങ്ങളുമുണ്ട്.

ആലത്തൂർനമ്പിയുടെ ഇല്ലത്തിനു സമീപം 'വൈദ്യൻതൃക്കോവിൽ' എന്നു പ്രസിദ്ധമായിട്ടു ഒരു ശിവക്ഷേത്രമുണ്ട്. പണ്ടൊരു കാലത്തുണ്ടായിരുന്ന ഒരു നമ്പി പതിവായി രണ്ടു നേരവും ആ ശിവക്ഷേത്രത്തിൽ പോയി ദർശനം കഴിച്ചുവന്നിരുന്നു. നമ്പി അമ്പലത്തിലേയ്ക്കു പോകുമ്പോൾ വഴിക്കുണ്ടായിരുന്ന ഒരാലിന്മേലിരുന്ന രണ്ടു പക്ഷികൾ "കോരുക്ക്, കോരുക്ക്" എന്നു ശബ്ദിക്കയും പതിവായിരുന്നു. ഒരു ദിവസം നമ്പി ആ പക്ഷികൾ മേല്പറഞ്ഞപ്രകാരം ശബ്ദിച്ചപ്പോൾ തിരിഞ്ഞുനിന്ന് ആ പക്ഷികളെ നോക്കി—

"കാലേ ഹിതമിതഭോജീ കൃതചംക്രമണഃ ക്രമേണ വാമശയഃ
അവിധൃതമൂത്രപുരീഷഃ സ്ത്രീഷു യതാത്മാ ച യോ നരഃ സോരുക്ക"

എന്നു പറഞ്ഞിട്ട് ഇല്ലത്തേയ്ക്കു പോയി. അതിൽപ്പിന്നെ ആ പക്ഷികളെ കാണുകയോ അവയുടെ ശബ്ദം കേൾക്കുകയോ ഉണ്ടായിട്ടില്ല. 'കോരുക്ക്' എന്നുള്ളതിനു, കഃ അരുക്ക്? രോഗമില്ലാത്തവനാര് എന്നാണല്ലോ അർത്ഥം. ആ ചോദ്യത്തിനു നമ്പിയുടെ മറുചടി—വേണ്ടുന്ന് കാലത്തു ഹിതമായും മിതമായും ഭക്ഷിക്കുന്നവനും ഊണു കഴിഞ്ഞാൽ കുറച്ചു നടക്കുകയും ഇടത്തുവശം ചരിഞ്ഞുകിക്കുകയും ചെയ്യുന്നവനും മലമൂത്രങ്ങളെ തടുക്കാതെ വേണ്ടുന്ന സമയത്തു വിസർജ്ജിക്കുന്നവനും സ്ത്രീകളിൽ അത്യാസക്തിയില്ലാത്ത (അടക്കമുള്ള)വനുമായിരിക്കുന്നതു് ആരോ ആ മനുഷ്യൻ അരോഗിയായിരിക്കും—എന്നാണല്ലോ. ഇതു് അവർക്കു സമ്മതമായതിനാലായിരിക്കാം ആ പക്ഷികൾ പിന്നെ പറഞ്ഞതു്.

പക്ഷികളെ കാണാതെയായതിന്റെ ശേഷം രണ്ടു ദിവസം കഴിഞ്ഞപ്പോൾ രണ്ടു ബ്രാഹ്മണകുമാരന്മാർ നമ്പിയുടെ അടുക്കൽ ചെന്നു തങ്ങളേക്കൂടെ അവിടെ താമസിപ്പിച്ചു വൈദ്യശാസ്ത്രം പഠിപ്പിക്കണമെന്നു് അപേക്ഷിക്കുകയും നമ്പി സമ്മതിക്കുകയും അവർ അന്നുതന്നെ പഠിച്ചുതുടങ്ങുകയും ചെ

Digitized By Kerala Sahitya Akademi

യ്തു. ആ കുട്ടികൾ മഹാ വികൃതികളായിരുന്നുവെങ്കിലും അത്യന്തം ബുദ്ധിമാന്മാരുമായിരുന്നതിനാൽ നമ്പിക്ക് അവരോടധികം വിരോധമില്ല, ഏറെയും സ്നേഹവും വാത്സല്യവുമാണുണ്ടായതു്. അവർ എന്തെല്ലാം കുസൃതികൾ കാട്ടിയാലും പറഞ്ഞാലും നമ്പി അവരെ ശാസിക്കാറില്ല. അതിനതിനു് അവരുടെ ദുസ്സാമർത്ഥ്യങ്ങൾ വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. പഠിക്കുന്ന സമയം നമ്പി പഠഞ്ഞുകൊടുക്കുന്നതൊന്നും അവർ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുകയില്ല. നമ്പി ഒരു വിധത്തിൽ ഒരു വാക്യത്തിനു് അർത്ഥം പറഞ്ഞുകൊടുക്കുമ്പോൾ അവർ അതിനു വേറെ നാലു വിധത്തിൽ അർത്ഥം പറഞ്ഞു് അങ്ങിനെയായാലെന്താ? ഇങ്ങിനെയായാലെന്താ? എന്നു ചോദ്യം തുടങ്ങും. അവയെല്ലാം ചേരുന്നവയും മറാരും വിചാരിക്കുകയും ധരിക്കുകയും ചെയ്തിട്ടില്ലാത്തവയുമായിരിക്കും. അതിനാൽ ആ സമയങ്ങളിലും നമ്പിക്കു സന്തോഷവും അത്ഭുതവുമല്ലാതെ അവരോടു കോപമോ വിരോധമോ ഉണ്ടായില്ല. ഒടുക്കം നമ്പി അവരെ പഠിപ്പിക്കുന്നതു് അവരിൽനിന്നു് അനേകവിധത്തിലുള്ള വിശേഷാർത്ഥങ്ങൾ കേട്ടു ധരിക്കാനായിത്തീർന്നുവെന്നു പറഞ്ഞാൽ മതിയല്ലോ.

ഒരു ദിവസം നമ്പി ഇല്ലത്തില്ലാതിരുന്ന സമയം ഈ ബ്രാഹ്മണകുമാരന്മാർ അവിടെയുണ്ടായിരുന്ന പടിപ്പുരമാളികയ്ക്കു തീവെച്ചു ചുട്ടു് അതു ഭസ്മാവശേഷമാക്കിക്കളഞ്ഞു. നമ്പി തിരിച്ചുവന്നപ്പോൾ സംഗതി മനസ്സിലായി എങ്കിലും അതിനെക്കുറിച്ചു് അവരോടൊന്നും ചോദിക്കുകപോലും ചെയ്തില്ല.

ഒരു ദിവസം നമ്പിയുടെ അച്ഛന്റെ ശ്രാദ്ധമായിരുന്നു. ബലിക്കു കൂട്ടിക്കാനായി നമ്പി പോയിരുന്ന സമയം ചില നായാടികൾ (വേടന്മാർ) പടിയ്ക്കൽ വന്നു ഭിക്ഷയ്ക്കായി വിളിച്ചു. ഈ ബ്രാഹ്മണബാലന്മാർ അടുക്കളയിൽ കടന്നു ബലിക്കായി വെച്ചു വെച്ചിരുന്ന കവ്യൻ (ചോറു്) എടുത്തുകൊണ്ടുപോയി നായാടികൾക്കു കൊടുത്തു. നമ്പി കുളിച്ചുവന്നപ്പോൾ ഈ വിവരമറിഞ്ഞു. എങ്കിലും വേറെ കവ്യൻ വെച്ചുണ്ടാക്കി ശ്രാ

Digitized By Kerala Sahitya Akademi

ദ്ധം നടത്തിയതല്ലാതെ ഇതിനേക്കുറിച്ചും ആ ബ്രാഹ്മണബാ
ലന്മാരോട് ഒന്നും ചോദിച്ചില്ല.

പിന്നെയൊരിക്കൽ നമ്പി ഈ ബ്രാഹ്മണകുമാരന്മാരോ
ടുകൂടി ഒരു രോഗിയെ കാണുന്നതിനായി ഒരു സ്ഥലത്തേയ്ക്കു
പോയി. അപ്പോൾ മദ്ധ്യേമാർഗ്ഗം ഒരു ചെറിയ നദിയുണ്ടായി
രുന്നു. മൂന്നുപേരുംകൂടി അവിടെയുണ്ടായിരുന്ന പാലത്തിന്മേൽ
ചെന്നു കേറി. ഏകദേശം മദ്ധ്യത്തിങ്കലായപ്പോൾ ഈ ബാല
ന്മാർ നമ്പിയെ പിടിച്ചു പുഴയിലേയ്ക്കു തള്ളിയിട്ടു. നമ്പി നീ
ന്തി അക്കരെയെത്തി, പിഴിഞ്ഞുടുത്തു തയാറായി. അപ്പോഴ
യ്ക്കും ബ്രാഹ്മണബാലന്മാരും അവിടെയെത്തി. പിന്നേയും മൂ
ന്നുപേരും കരുമിച്ചുതന്നേ പോയി. ഇതിനേക്കുറിച്ചും നമ്പി അ
വരോടൊന്നും ചോദിച്ചില്ല.

ഒരു തലവേദനക്കാരൻ തലവേദന കലശലാകുമ്പോൾ
നമ്പിയുടെ അടുക്കൽ ചെന്നു പറയുകയും നമ്പി വല്ലതും ചി
കിത്സ പറഞ്ഞയയ്ക്കുകയും അതുകൊണ്ടു കുറച്ചിടിവസത്തേയ്ക്കു
സുഖമായിരിക്കുകയും പിന്നേയും തലവേദന വരികയും സഹി
ക്കാൻ വയ്യാതാകുമ്പോൾ നമ്പിയുടെ അടുക്കൽ ചെന്നു പറയു
കയും പതിവായിരുന്നു. ആ പതിവുപോലെ ഒരിക്കൽ അ
യാൾ ചെന്നപ്പോൾ നമ്പി അവിടെ ഉണ്ടായിരുന്നില്ല. തല
വേദന സഹിക്കുവാൻ വയ്യാതിരുകയാൽ അയാൾ "അയ്യോ! ഞാനി
നി എന്താണ് വേണ്ടതു്? ഞാൻ ഇവിടെ കിടന്നു മരിക്കും"
എന്നു പറഞ്ഞു് ആ മുറ്റത്തു കിടന്നു നിലവിളിച്ചു. അ
പ്പോൾ ആ ബ്രാഹ്മണകുമാരന്മാർ അവിടെനിന്നിറങ്ങി പുര
യിടത്തിലേയ്ക്കു പോയി രണ്ടുകൂട്ടം പച്ചിലകൾ പറിച്ചുകൊ
ണ്ടു തിരിച്ചുവന്നു്, ആ തലവേദനക്കാരനെ വിളിച്ചുംകൊ
ണ്ടു് ഒരു മുറിക്കകത്തേയ്ക്കു കയറിപ്പോയി. അകത്തു കടന്നയുട
നേ വാതിലടച്ചു സാക്ഷയിട്ടു. നമ്പിയുടെ പുത്രന്മാരായ ചെ
റിയ ഉണ്ണികൾ ഇവരെന്താണു് ചെയ്യുന്നതെന്നു കാണാനായി
ആ മുറിയുടെ നിരയ്ക്കുണ്ടായിരുന്ന ചെറിയ ദ്വാരത്തിൽക്കൂടി
കണ്ണിഞ്ഞുനോക്കിക്കൊണ്ടു നിന്നു. അകത്തു കടന്ന ബ്രാഹ്മണകു

Digitized By Kerala Sahitya Akademi

മാരന്മാർ കരുക്കൂട്ടം പച്ചമരുന്നു തിരുമ്മിപ്പിഴിഞ്ഞു രോഗിയുടെ തലയിൽ പുരട്ടി. ഉടനേ തലയുടെ തൊലി ആകപ്പാടെ രോമത്തോടുകൂടി പൊങ്ങിവന്നു. ബ്രാഹ്മണബാലന്മാർ ആ തൊലിയെടുത്തു മാറിവെച്ചിട്ടു തലയോട്ടിൽ പറ്റിയിരുന്ന കരുതരം ചെറുപ്രാണികളെ തുത്തുകളയുകയും തൊലിയെടുത്തു വീണ്ടും തലയിൽ പതിക്കുകയും പിന്നെ കരുക്കൂട്ടം മരുന്നുകൂടെ ഉണ്ടായിരുന്നതും തിരുമ്മിപ്പിഴിഞ്ഞു നീരെടുത്തു തലയിൽ പുരട്ടുകയും തൊലി യഥാപൂർവ്വം കെട്ടിപ്പിടിപ്പിക്കുകയും ചെയ്തു. രോഗിക്കു തലവേദന മാറി സുഖമാവുകയാൽ വാതിൽ തുറന്നു പുറത്തിറങ്ങിയയുടനേ യാത്ര പറഞ്ഞു് അയാൾ പോയി. ബ്രാഹ്മണകുമാരന്മാർ പുറത്തിറങ്ങിയപ്പോൾ നമ്പിയുടെ ഉണ്ണികളെ കണ്ടിട്ടു് "ഇങ്ങനെ നോക്കിയാൽ കോങ്കണ്ണുണ്ടാകും" എന്നു പറയുകയും ഉള്ളങ്കയ്യിൽ പറ്റിയിരുന്ന മരുന്നു് അങ്കണത്തിന്റെ തൂണിന്മേൽ തേച്ചുകളയുകയും അതിന്റെ പിശിട്ടു് ആരും കാണാതെ അവർ എവിടെയോ കളയുകയും ചെയ്തു.

നമ്പി മടങ്ങിയെത്തി കുളി കഴിഞ്ഞു് അകത്തു ചെന്നു പുത്രന്മാരോടുകൂടി ഉണ്ണാനിരുന്നു. ഉണ്ടുകൊണ്ടിരുന്നപ്പോൾ ആ ഉണ്ണികൾ തലവേദക്കാരൻ വന്നതു മുതൽ ഉണ്ടായ സകല സംഗതികളും നമ്പിയോടു പറഞ്ഞു. ആ സമയം മറേറ ബ്രാഹ്മണകുമാരന്മാർ നമ്പിയുടെ അടുക്കൽച്ചെന്നു "ഞങ്ങൾക്കു് ഇനി ഇവിടെ താമസിക്കാൻ നിവൃത്തിയില്ല. പോകാനുള്ള സമയമായിരിക്കുന്നു. ഞങ്ങൾ ഇവിടെത്താമസിച്ചു പഠിക്കുകയും അങ്ങേ പല വിധത്തിൽ ഉപദ്രവിക്കുകയും ചെയ്തു. അതിനൊക്കെ തക്കതായ പ്രതിഫലം തരുന്നതിനു ഞങ്ങളുടെ കൈവശമൊന്നുമില്ല. എങ്കിലും ഇതിരിക്കട്ടേ" എന്നു പറഞ്ഞു് ഒരു ചെറിയ ഗ്രന്ഥം നമ്പിയുടെ നേരെ നീട്ടിക്കൊടുത്തു. നമ്പി ഉണ്ടുകൊണ്ടിരിക്കുകയായിരുന്നതിനാൽ ഇടത്തു കൈ നീട്ടി അതു മേടിച്ചു. അപ്പോൾ ബ്രാഹ്മണകുമാരന്മാർ "ഒരു നിവൃത്തിയുമില്ലാതെ മുട്ടുന്ന സമയം ഈ ഗ്രന്ഥമഴിച്ചു നോക്കിയാൽ ഇതിൽ എന്തെങ്കിലും സമാധാനം കാണും.

Digitized By Kerala Sahitya Akademi

ഈ ഗ്രന്ഥം ഈ ഇല്ലത്തുള്ളവരല്ലാതെ മറാരും കാണാനിട യാക്കരുതു്.'' എന്നു പറഞ്ഞു യാത്രയായി. നമ്പി വലത്തു കൈ മടക്കിപ്പിടിച്ചുകൊണ്ടു് അനുയാത്രയായി അവരുടെ പിന്നാലെ ചെന്നു. അവർ മുറത്തിറങ്ങുന്നതിനിടയ്ക്കു നമ്പിയും അവരും തമ്മിൽ ഒരു ചെറിയ സംഭാഷണം നടന്നു.

നമ്പി—നിങ്ങൾ ആരാണു്?

ബ്രാഹ്മണകുമാരന്മാർ—അതറിഞ്ഞിട്ടു് എന്തു വേണം?

നമ്പി—ഒന്നും വേണ്ടീട്ടല്ല. നിങ്ങൾ കേവലം മനുഷ്യരല്ലെന്നു തോന്നി. അതുകൊണ്ടു ചോദിച്ചതാണു്.

ബ്രാ. കു—എന്നാൽ ഞങ്ങൾ പക്ഷികളോ ദേവന്മാരോ ആണെന്നു വിശ്വസിച്ചുകൊള്ളണം?

നമ്പി—നിങ്ങൾ ഇവിടെ വന്നതെന്തിനു്?

ബ്രാ. കു—ആയുർവ്വേദചികിത്സയുടെ പ്രസിദ്ധിയും ഫലസിദ്ധിയും പ്രചാരവും വർദ്ധിപ്പിക്കാൻ.

നമ്പി—നിങ്ങൾ എന്റെ പടിപ്പുരയ്ക്കു തീ വെച്ചതെന്തിനാണു്?

ബ്രാ. കു—ആ സമയം ഇവിടെ ഇല്ലത്തിനു് അഗ്നിബാധയുണ്ടാകാനുള്ള ഒരു യോഗമുണ്ടായിരുന്നു. അതിങ്ങിനെ തീരട്ടെ എന്നു വിചാരിച്ചാണു്. എങ്കിലും അതു് ഇനിയൊരു കാലത്തുണ്ടാകും.

നമ്പി—ശ്രാദ്ധത്തിനു വെച്ചു കാച്ചാൻ എടുത്ത നായാടികൾ ക്കു കൊടുത്തതെന്തിനാണു്?

ബ്രാ. കു—അവർ വാസ്തവത്തിൽ നായാടികളല്ല. പിതൃക്കളാണു്. ശ്രാദ്ധത്തിനു സമയം അതിക്രമിച്ചതിനാൽ അവർ ഈ രൂപത്തിൽ വന്നു വിളിച്ചതാണു്. അപ്പോൾ അതെടുത്തു കൊടുത്തില്ലെങ്കിൽ അവർ ശപിക്കുകയും ഇവിടെ സന്തതിയും സമ്പത്തും നശിക്കുകയും ചെയ്യുമായിരുന്നു. അങ്ങിനെ വരരുതെന്നു വിചാരിച്ചു് അപ്രകാരം ചെയ്തതാണു്.

നമ്പി—എന്നെ പുഴയിൽ ഉരുട്ടിയിട്ടതോ?

Digitized By Kerala Sahitya Akademi

ബ്രാ. കു—അ സമയത്തു് അ പുഴയിൽ ഗംഗയുടേയും യമുനയുടേയും സരസ്വതിയുടേയും സാന്നിദ്ധ്യമുണ്ടായിരുന്നു. അപ്പോൾ അവിടെ സ്നാനം ചെയ്താൽ ത്രിവേണീസംഗമസ്നാനത്തിന്റെ ഫലം സിദ്ധിക്കുമായിരുന്നു. അതു് അങ്ങു് സിദ്ധിക്കാനായിട്ടു് അങ്ങിനെ ചെയ്തതാണു്.

ഇതുയും പറഞ്ഞപ്പോഴയ്ക്കും അവർ മുറത്തിറങ്ങുകയും അവിടെയുള്ള ആൽത്തറയിൽ കയറുകയും അവിടെചെല്ലു് അവർ അദൃശ്യരായി ഭവിക്കുകയും ചെയ്തു.

ബ്രാഹ്മണകുമാരന്മാരുടെ ആ സംഭാഷണം നിമിത്തം അവർ അശ്വിനീദേവന്മാരായിരുന്നുവെന്നും അവർതന്നെയാണു് തന്നെ പരീക്ഷിക്കാനായി ആലിന്മേൽ വന്നിരുന്ന 'കോരുക്കു്' എന്നു ചോദിച്ചതെന്നും നമ്പികു മനസ്സിലായി. അശ്വിനീദേവന്മാർ അന്തർദ്ധാനം ചെയ്ത ആ ആൽത്തറയിൽവെച്ചു് ഇപ്പോഴും ആണ്ടുതോറും പത്മമിട്ടു് അശ്വിനീദേവന്മാരെ പൂജിച്ചുപോരുന്നുണ്ടു്. ആലത്തൂർ നമ്പിമാക്കു ചികിത്സാവിഷയത്തിൽ അനിതരസാധാരണമായ പ്രചാരവും പ്രസിദ്ധിയും സിദ്ധിച്ചതു് ആ ഇല്ലത്തു് അശ്വിനീദേവന്മാരുടെ സാന്നിദ്ധ്യമുണ്ടായതുകൊണ്ടാണെന്നു് ഇനി വിശേഷിച്ചു പറയണമെന്നില്ലല്ലോ. അശ്വിനീദേവന്മാർ അവരുടെ കയ്യിന്മേൽപ്പറിയ മരുന്നു തേച്ച തുണ ചുരുട്ടി സല്പം പൊടിയെടുത്തു വെള്ളത്തിൽ കുഴച്ചു നെറ്റിയ്ക്കു പുരട്ടിയാൽ ഏതു തലവേദനയും തൽക്ഷണം മാറുമായിരുന്നു. അതു പലക്കും അനുഭവപ്പെട്ടിട്ടുള്ള കരു കായ്മാണു്. എങ്കിലും അന്നത്തെ ആ ഇല്ലം അന്നു തന്നെ ആ ദേവവൈദ്യന്മാർ പറഞ്ഞിരുന്നതുപോലെ ഏതാനും കാലത്തിനു മുമ്പു് അഗ്നിഭഗവാനു് ആഹാരമായിത്തീരുകയും അതോടുകൂടി ആ തുണം ഭസ്മാവശേഷമായിപ്പോവുകയും ചെയ്തു. അശ്വിനീദേവന്മാർ കൊടുത്ത ഗ്രന്ഥം ഇടത്തുകൈകൊണ്ടു വാങ്ങിയതിനാൽ ആലത്തൂർ നമ്പിമാർ ഇപ്പോഴും മരുന്നുകളോ മരുന്നിനു കുറിച്ചതോ ഇടത്തുകൈകൊണ്ടു കൊടുത്താൽ അധികം ഫലം കാണുമെന്നാണു് ജനപി

Digitized By Kerala Sahitya Akademi

ശ്വാസം. ഇനി ആ ഇല്ലത്തുള്ളവർ ചികിത്സാവിഷയമായി ചെയ്തിട്ടുള്ള ചില അത്ഭുതകർമ്മങ്ങളെപ്പറ്റിക്കൂടി സ്വല്പം പറഞ്ഞുകൊള്ളുന്നു.

സപ്തശ്രേഷ്ഠനായ സാക്ഷാൽ തക്ഷകൻ കരിക്കൽ കഠിന ഉദരരോഗം നിമിത്തം അവശനായിത്തീരുകയാൽ കഠിന ബ്രാഹ്മണന്റെ രൂപം ധരിച്ച് അന്ന ഗൃഹസ്ഥനായിരുന്ന നമ്പിയുടെ അടുക്കൽ ചെന്ന തന്റെ രോഗത്തിന്റെ വിവരമറിയിക്കുകയും തന്റെ ദീനം ഭേദമാക്കി അയയ്ക്കുണമെന്ന് അപേക്ഷിക്കുകയും ചെയ്തു. നമ്പി കഠിന മരുന്ന ചുക്കുവെള്ളത്തിൽ കലക്കി, ആ ബ്രാഹ്മണനെ അടുത്തിട കിടത്തീട്ട വായിൽ കഠിന കുഴൽവെച്ച വലത്തുകൈകൊണ്ടു പിടിച്ചുകൊണ്ട് ഇടത്തു കൈകൊണ്ടു മരുന്ന കുഴലിൽക്കൂടി കഴിച്ചുകൊടുത്തു. ആ മരുന്ന സേവിച്ച ക്ഷണത്തിൽത്തന്നെ വയറിൽവേദന മാറി ആ ദ്വേഹം പൂർണ്ണസുഖത്തെ പ്രാപിക്കുകയും അദ്ദേഹത്തോട നമ്പി "ഇനി പോകാം, ഇനി ഈ ദീനം കരിക്കലുമുണ്ടാവുകയില്ല" എന്ന പറയുകയും ചെയ്തു. അപ്പോൾ ആ ബ്രാഹ്മണൻ "എന്റെ രോഗം ശമിപ്പിച്ച കഷ്ടപ്പാട നീക്കിയ മഹാനായ അങ്ങേ വഞ്ചിക്കുന്നത് എനിക്ക വിഹിതമല്ലല്ലോ. അതിനാൽ ഞാനെന്റെ സത്യസ്ഥിതി അറിയിച്ചുകൊള്ളുന്നു. വാസ്തവത്തിൽ ഞാൻ കഠിന മനുഷ്യനല്ല. ഞാൻ തക്ഷകനെന്ന പറയപ്പെടുന്ന സർപ്പമാണ്. അവിടുന്ന് എന്റെ രോഗം ശമിപ്പിച്ചതിൽ എനിക്കുള്ള അപാരമായ സന്തോഷം നിമിത്തം ഇതാ ഞാൻ അനുഗ്രഹിക്കുന്നു: ഈ ഇല്ലത്തു ജനിക്കുന്നവരെ ആരേയും കഠിന കാലത്തും സർപ്പങ്ങൾ ദംശിക്കുകയില്ല. അഥവാ ദംശിച്ചാലും വിഷം വ്യാപിക്കുകയില്ല. ഈ ഇല്ലപ്പുരയിടത്തിനകത്തുവെച്ച് അന്യന്മാരേയും അപ്രകാരംതന്നെ. എനിക്ക ഇടത്തുകൈകൊണ്ടു മരുന്നൊഴിച്ചതന്നാണല്ലോ എന്റെ ദീനം ഭേദമാക്കിയത്. അതിനാൽ ഈ ഇല്ലത്തുള്ളവർ ഇടത്തുകൈകൊണ്ടു കൊടുക്കുന്ന മരുന്നിനും മറ്റും കൂടുതൽ ഫലമുണ്ടായിരിക്കും. എന്നും ഇവിടെ ഒരാൾക്കെങ്കിലും സർപ്പദുഷ്ടി ഉണ്ടാ

Digitized By Kerala Sahitya Akademi

യിരിക്കുകയും ചെയ്യും"—എന്നു പറഞ്ഞിട്ട് ബ്രാഹ്മണവേഷധാരിയായ തക്ഷകൻ അവിടെനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു.

അശ്വിനീദേവന്മാരുടേയും തക്ഷകന്റേയും അനുഗ്രഹം നിമിത്തം ഇപ്പോഴും ഇവിടെ കോങ്കണ്ണോ സപ്തദൃഷ്ടിയോ ഇല്ലാതെ ആരും ഉണ്ടാകാറില്ല. തക്ഷകന്റെ അനുഗ്രഹംകൂടി സിദ്ധിച്ചപ്പോൾ ഇടത്തുകയ്യിന്റെ മാഹാത്മ്യം കൂടുതൽ വർദ്ധിക്കുകയും ചെയ്തു. നമ്പിയുടെ ഇല്ലപ്പുരയിടം ഏകദേശം നാലേക്കറോളം വിസ്താരമുള്ളതാണ്. അതിന്റെ നാലു മൂലയ്ക്കും കാരോ സർപ്പക്കാവുമുണ്ട്. ആ ഇല്ലത്തുള്ളവരേയും ആ പുരയിടത്തിൽവെച്ച് അന്യന്മാരേയും ഇപ്പോഴും പാമ്പു കടിക്കുകയോ കടിച്ചാലും വിഷം വ്യാപിക്കുകയോ ചെയ്യാറില്ല.

കരിക്കൽ പാമ്പുമ്മേക്കാട്ട നമ്പൂരിമാരിൽ കരാഠക്കടീനമായിട്ട ചികിത്സയ്ക്കായി അന്നന്നുണ്ടായിരുന്ന കരാലത്തൂർ നമ്പിയെ വരുത്തിയിരുന്നു. കരു ദിവസം ഉച്ചതിരിഞ്ഞ സമയം മേക്കാട്ട നമ്പൂരിയും നമ്പിയുംകൂടി വെടി പറഞ്ഞുകൊണ്ടിരുന്ന സമയം അതിഭയങ്കരാകൃതിയായ കരു സർപ്പം അവരുടെ അടുക്കലേയ്ക്ക് ഇഴഞ്ഞുചെന്നു. അതു കണ്ടു നമ്പി ഭയപ്പെട്ട് എണീറ്റോടാൻ ഭാവിച്ചു. അപ്പോൾ നമ്പൂരി—ഭയപ്പെടുകയും പരിഭ്രമിക്കുകയും കൂടാതെ വേണ്ട, ഇവർ ഉപദ്രവിക്കുന്നവരല്ല—എന്നു പറഞ്ഞു. എന്നിട്ടും നമ്പിക്കു നല്ല ഉറപ്പു വന്നില്ല. സർപ്പം ഇഴഞ്ഞുചെന്നു നമ്പൂരിയുടെ മടിയിൽ കയറി കിടന്നു. അതുകൊണ്ടു നമ്പൂരിക്ക് കരിളകുകയുമുണ്ടായില്ലെന്നു പറയേണ്ടതില്ലല്ലോ. അതു കണ്ടപ്പോൾ നമ്പിക്കും കുട്ടി സമാധാനമായതിനാൽ യഥാപൂർവ്വം നമ്പൂരിയുടെ അടുക്കൽത്തന്നെ ചെന്നിരുന്നു. അപ്പോൾ ആ സർപ്പം നമ്പിയുടെ അടുക്കലേയ്ക്കു തല നീട്ടി. അതു കണ്ടപ്പോൾ നമ്പി വീണ്ടും പരിഭ്രമിച്ച് എണീക്കാൻ ഭാവിച്ചു. അപ്പോഴും നമ്പൂരി—വേണ്ട; അവിടെത്തന്നെ ഇരിക്കാം. ഭയപ്പെടേണ്ട, അതു് ഉപദ്രവിക്കാനല്ല; അതിന്റെ തലയ്ക്ക് എന്തോ സുഖക്കേടുള്ളതിനാൽ അതു നമ്പിയെ

Digitized By Kerala Sahitya Akademi

കാണിക്കാനായിട്ട തല നീട്ടിയതാണ്—എന്നു പറഞ്ഞു. നമ്പി സൂക്ഷിച്ചുനോക്കിയപ്പോൾ ആ സപ്പത്തിന്റെ തലയിൽ സപല്പം നീര് ഉരുണ്ടുകൂടിയിരിക്കുന്നതായിക്കണ്ടു. നമ്പി നമ്പൂരിയുടെ വാക്കു വിശ്വസിച്ച് കുറെവിധം ധൈര്യത്തെ അവലംബിച്ചുകൊണ്ട് കുറു കത്തിയെടുത്ത് ആ നീരു കീറുകയും അതിനകത്ത് കടിഞ്ഞിരുന്നിരുന്ന ഇല്ലിമുള്ള് എടുത്തുകളയുകയും അവിടെ കുറു മരുന്നു പുരട്ടുകയും സപ്പം പതുക്കെ ഇറങ്ങിവന്ന വഴിയേ പോവുകയും ചെയ്തു.

ഏതാനും ദിവസങ്ങൾകൊണ്ടു പാമ്പുമ്മേക്കാട്ടു നമ്പൂരിക്കു ദീനം മാറി സുഖമാവുകയാൽ നമ്പൂരി നമ്പിക്കു പലവിധസമ്മാനങ്ങളും മറും കൊടുത്തു യാത്രയാക്കി. നമ്പി പോകാനായിട്ട് ഇറങ്ങിയപ്പോൾ അനുയാത്രയായി നമ്പൂരിയും പിന്നാലെ ചെന്നു. ആ സമയം മുമ്പു നമ്പി മുള്ളെടുത്തുകളഞ്ഞു പിട്ട സപ്പം അവിടെ വന്നു. നമ്പി നോക്കിയപ്പോൾ നീരെല്ലാം പോയി, വ്രണവുമുണങ്ങി സപ്പത്തിനു നല്ല സുഖമായിരിക്കുന്നതായി കണ്ടു. ഉടനേ ആ സപ്പം വായിൽനിന്നു കുറു മാണിക്യക്കല്ലു നമ്പിയുടെ മുൻപിൽ ഇട്ടുകൊടുത്തു. നമ്പി അതു കണ്ടു സംശയിച്ചുനിന്നപ്പോൾ നമ്പൂരി—കുട്ടം സംശയിക്കേണ്ട. നമ്പി ദീനം ഭേദമാക്കിയതിനാൽ സന്തോഷിച്ചു സപ്പം അതു നമ്പിക്കു സമ്മാനമായി തന്നതാണ്. എടുത്തുകൊണ്ടുപോകാം—എന്നു പറഞ്ഞു. നമ്പി ആ മാണിക്യക്കല്ലു മെടുത്തുകൊണ്ടു പോവുകയും ചെയ്തു. ആ നാഗമാണിക്യം ഇപ്പോഴും ആലത്തൂർ നമ്പിയുടെ ഇല്ലത്തു് ഇരിക്കുന്നുണ്ടെന്നാണ് കേൾവി.

നവയൌവനയുക്തനും നല്ല സുന്ദരനും രസികനുമായ കുറു നമ്പൂരി കുഷ്ഠരോഗബാധിതനായിത്തീരുക നിമിത്തം പല വൈദ്യന്മാരെക്കൊണ്ടു ചികിത്സിപ്പിച്ചിട്ടും കുറു ഫലവുമുണ്ടാകായ്കയാൽ കടുക്കം അദ്ദേഹം ആലത്തൂർ നമ്പിയുടെ അടുക്കൽ ചെന്നു വിവരങ്ങളെല്ലാം പറഞ്ഞു. നമ്പി സപല്പനേരം മനസ്സിരുത്തി വിചാരിച്ചതിന്റെ ശേഷം, "കുറു മുന്നാഴി പെ

Digitized By Kerala Sahitya Akademi

രുമ്പാമ്പിൻനെയ്യ് സേവിക്കാമെങ്കിൽ ഞാൻ ഈ ദീനം ഭേദ
മാക്കാം. അല്ലാതെ ഞാനെന്നല്ല, ആര് വിചാരിച്ചാലും ഇതു
ഭേദപ്പെടുത്താൻ സാധിക്കയില്ല" എന്നാണ് പറഞ്ഞതു്. അ
തു കേട്ടപ്പോൾ നമ്പൂരിക്ക് വ്യസനം സഹിക്കവഹിയാതെയാ
യി. എന്തായാലും പെരുമ്പാമ്പിൻ നെയ്യ് സേവിക്കുന്ന കാ
ര്യം പ്രയാസംതന്നെ എന്നു തീച്ചപ്പെടുത്തി. ആലത്തൂർനമ്പി
തന്നെ ഇങ്ങിനെ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് പിന്നെ വൈദ്യ
ന്മാരെ കണ്ടതുകൊണ്ടു പ്രയോജനമൊന്നുമില്ലല്ലോ എന്നു വി
ചാരിച്ചു് അദ്ദേഹം ഉടനേ ചക്രവട്ടത്തെത്തി ഭജനം തുടങ്ങി.

"ആരുവി ചിതറി വീഴും നല്ല ചേരാരു തൻറെ
വടകരെ മരുതിൻകീഴിച്ചെന്നു ചേർന്നാരു ദൈവം
അമരകൾ പലവട്ടം കൈതൊഴും ചക്രവട്ടം
വിലസിന കുലദൈവം താങ്ങുവാനാകയെന്നേ"

എന്നുള്ള പ്രാർത്ഥനയോടുകൂടി അദ്ദേഹം പന്ത്രണ്ടു ദിവസം അ
വിടെ ഭജിച്ചതിൻറെ ശേഷം ഒരു ദിവസം രാത്രിയിൽ അ
ദ്ദേഹം അമ്പലത്തിൽ കിടന്ന് ഉറങ്ങിയിരുന്നപ്പോൾ ആരോ
രാൾ അദ്ദേഹത്തിൻറെ അടുക്കൽ ചെന്നു. "പതിവായി രാ
വിലേ പുഴയിൽ ചെന്നു കുളിക്കുമ്പോൾ സന്ധ്യാവന്ദനം കഴി
ഞ്ഞാലുടനെ പുഴയിൽനിന്നു മൂന്നുകുടന്ന (രണ്ടുകയ്യും നിറച്ചു)
വെള്ളം എടുത്തു കുടിക്കണം. അങ്ങിനെ നാല്പതു ദിവസം
ചെയ്താൽ ദീനം ഭേദമാകും" എന്നു പറഞ്ഞതായി അദ്ദേഹ
ത്തിനു തോന്നി. ഇതു ചക്രവട്ടത്തു ശാസ്താവ് അരുളിച്ചെയ്തതു
തന്നെയാണെന്നു വിശ്വസിച്ചു നമ്പൂരി പിന്നെ പതിവായി
അങ്ങിനെ ചെയ്തുകൊണ്ടു ഭജിച്ചു. അങ്ങിനെ നാല്പതു ദിവസം
കഴിഞ്ഞപ്പോഴയ്ക്കും ദീനമൊക്കെ ഭേദമായി നമ്പൂരി സ്വസ്ഥ
ശരീരനായിത്തീർന്നു.

അനന്തരം നമ്പൂരി ആലത്തൂർ നമ്പിയുടെ അടുക്കൽ
ചെന്നു, "പെരുമ്പാമ്പിൻനെയ്യ് സേവിക്കാതെതന്നെ എ
ൻറെ ദീനം ഭേദമായി" എന്നു പറഞ്ഞു. അപ്പോൾ നമ്പി,
"പിന്നെ എന്തു സേവിച്ചു" എന്നു ചോദിച്ചപ്പോൾ നമ്പൂരി

Digitized By Kerala Sahitya Akademi

"ഞാൻ ചക്രവട്ടത്തയ്യപ്പനെ സേവിച്ചു. അല്ലാതെ ഒന്നും സേവിച്ചില്ല" എന്നു പറഞ്ഞു. പിന്നെ നമ്പി ഉണ്ടായ സംഗതികളെല്ലാം വിവരമായി പറയാൻ പറഞ്ഞപ്പോൾ നമ്പൂരി ഭജനത്തിന്റെ വിവരവും അതിനിടയ്ക്കു തനിക്കു ദർശനമുണ്ടായതും പുഴയിൽനിന്നു വെള്ളം കോരിക്കൊടിച്ചിരുന്നതുമെല്ലാം വിസ്തരിച്ചു പറഞ്ഞു. ഉടനേ, നമ്പി "എങ്ങിനെയെങ്കിലും നമ്പൂരിക്കു സുഖമായല്ലോ, അതു സന്തോഷംതന്നെ. എങ്കിലും എനിക്ക് ആ സ്ഥലമൊന്നു കാണണം. നമ്പൂരിക്കൂടെ വരണം" എന്നു പറഞ്ഞു. പിന്നെ അവർ രണ്ടുപേരും കൂടിപ്പോയി ചക്രവട്ടത്തെ അമ്പലക്കടവിൽനിന്നു പുഴവക്കത്തുകൂടി കുറച്ചു ദൂരം ചെന്നപ്പോൾ അവിടെ ഒരു വലിയ പെരുമ്പാമ്പു ചത്തു ചീഞ്ഞുകിടക്കുന്നതും മഴവെള്ളത്തോടുകൂടി അതിന്റെ നെയ്യു പുഴയിലേയ്ക്ക് ഒഴുകിച്ചേരുന്നതും കണ്ടിട്ടു നമ്പി നമ്പൂരിയോടു, "ഇതാ, ഇതു കണ്ടുവോ? ഈ നെയ്യോടുകൂടിയ വെള്ളമാണു നമ്പൂരി പതിവായി കുടിച്ചിരുന്നതു്. മുന്നാഴി നെയ്യു സേവിക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഇപ്പോൾ മൂന്നിടങ്ങഴിയിലധികം നെയ്യു നമ്പൂരി സേവിച്ചിരിക്കും" എന്നു പറയുകയും, ശരിതന്നെയെന്നു നമ്പൂരി സമ്മതിക്കുകയും ചെയ്തു. ഈ രോഗത്തിനു് ഇന്നതു ചെയ്യണമെന്നുള്ള നിശ്ചയം നമ്പിക്കു് എത്രമാത്രമുണ്ടെന്നും അതുതന്നേ ചെയ്യാതെ ആ രോഗം ഭേദമാവുകയില്ലെന്നും ഇതുകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ.

പണ്ടൊരിക്കൽ ഒരാലത്തൂർ നമ്പി കല്പനപ്രകാരം വളരെക്കാലം തിരുവനന്തപുരത്തു താമസിച്ചിരുന്നു. അക്കാലത്തു് കിളിമാനൂർകൊട്ടാരത്തിൽ അന്നത്തെ മൂത്ത കോയിത്തമ്പുരാനു് ഒരു ദീനമുണ്ടായി. ദീനം തണ്ണീർദാഹമായിരുന്നു. അതു വർദ്ധിച്ചു് എത്ര വെള്ളം കുടിച്ചാലും മതിയാകാത്ത നിലയിലായി. അങ്ങിനെ കണക്കില്ലാതെ വെള്ളം കുടിക്കുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു കഞ്ഞി മുതലായവ കൂടാതെ പ്രതിദിനം നൂറൻപതു് ഇളന്നീരിന്റെ വെള്ളംകൂടി കുടിക്കുക

Digitized By Kerala Sahitya Akademi

എന്നൊരു പതിവു ചെയ്തു. അതുകൊണ്ടു മതിയായിട്ടല്ല. എങ്കിലും ഒരു കണക്കു വേണമല്ലോ എന്നു വിചാരിച്ചു് അങ്ങിനെ നിശ്ചയിച്ചതാണു്.

അങ്ങിനെയിരിക്കുമ്പോൾ കോയിത്തമ്പുരാൻ "എന്റെ ഈ ദാഹം ആരെങ്കിലും മാറ്റിയാൽ മാറുന്നവക്കു ഞാൻ ആയിരം രൂപ കൊടുത്തേയ്ക്കാം" എന്നു പറഞ്ഞുതുടങ്ങി. അങ്ങിനെ പലദിവസം കേട്ടപ്പോൾ കിളിമാനൂർകൊട്ടാരത്തിൽ ഒരു തമ്പുരാട്ടിയുടെ ഭർത്താവായി താമസിക്കുന്ന ആളും തിരുവനന്തപുരത്തു വലിയകൊട്ടാരത്തിലെ ഒരു പൂജക്കാരനും നമ്പിയുടെ ഒരു സ്നേഹിതനുമായ ഒരു നമ്പൂരി കോയിത്തമ്പുരാന്റെ ഒരാളെന്ന നിലയിൽ തിരുവനന്തപുരത്തു ചെന്നു നമ്പിയെ കണ്ടു വിവരമെല്ലാം പറഞ്ഞു ക്ഷണിച്ചു കിളിമാനൂക്കു കൊണ്ടുപോയി. അവിടെ എത്തിയ ദിവസംതന്നെ നമ്പി കോയിത്തമ്പുരാനെ കാണുകയും, ഒരു മരുന്നു കൊടുത്തു സേവിപ്പിക്കുകയും ചെയ്തു. പിറ്റേദിവസമായപ്പോൾ നൂറിനാല്പതു കരിക്കു് (ഇളന്നീർ) കൊണ്ടു മതിയായി. അന്നും മരുന്നു കൊടുത്തു. അടുത്ത ദിവസമായപ്പോൾ ഇളന്നീർ പത്തുകൂടി കുറഞ്ഞു. അങ്ങിനെ പതിനഞ്ചു ദിവസംകൊണ്ടു് ഒരു ഇളന്നീരായാൽ മതിയെന്നുള്ള സ്ഥിതിയിലായി. അപ്പോൾ നമ്പി "ഇപ്പോൾ ഇങ്ങിനെയിരിക്കട്ടെ. ഇനി ഞാൻ നാട്ടിലേയ്ക്കു് ഒന്നു പോയിവരാം. ഇല്ലത്തുനിന്നു പോന്നിട്ടു വളരെ നാളായി" എന്നു പറഞ്ഞു യാത്രയായി. കോയിത്തമ്പുരാൻ നമ്പിക്കു നൂറു രൂപ കൊടുത്തു. നമ്പി ഒന്നും മിണ്ടാതെ സന്തോഷസമേതം കൊടുത്തതു വാങ്ങിക്കൊണ്ടു പോവുകയും ചെയ്തു.

നമ്പി പോയതിന്റെ പിറ്റേദിവസംമുതൽ കോയിത്തമ്പുരാനു ദാഹം വർദ്ധിച്ചുതുടങ്ങി. പതിനഞ്ചു ദിവസംകൊണ്ടു പൂർവ്വസ്ഥിതിയിൽ നൂറൻപതു കിരിക്കിന്റെ വെള്ളം കുടിച്ചാലും മതിയാവുകയില്ല എന്നായി. കോയിത്തമ്പുരാൻ മുൻപു നമ്പിയെ വിളിച്ചുകൊണ്ടുവന്ന നമ്പൂരിയെ വിളിച്ചു നമ്പിയെ കരിക്കൽകൂടി കൊണ്ടുവരണമെന്നു പറഞ്ഞപ്പോൾ, നമ്പൂരി,

Digitized By Kerala Sahitya Akademi

"അതു പ്രയാസമാണ്. ഒരിക്കൽ ഞാൻ വിസ്മൃതിയായി. ഇനി അതിനു തയാറില്ല. അല്ലെങ്കിൽ ഇപ്പോൾ കൊടുത്തിട്ടുള്ളതു കൂടാതെ മൻപു പറഞ്ഞിട്ടുള്ളതുപോലെ ആയിരം രൂപ തികച്ചു കൊടുക്കണം. അങ്ങിനെ ചെയ്യാമെന്നു നിശ്ചയമുണ്ടെങ്കിൽ ഞാൻ പോയി നമ്പിയെ കൊണ്ടുവരാം. ആ സംഖ്യ നമ്പി വന്നാലുടനെ കൊടുക്കുകയും വേണം" എന്നു പറഞ്ഞു. നമ്പൂരിയുടെ അഭിപ്രായംപോലെ ചെയ്യാമെന്നു കോയിത്തമ്പുരാൻ സമ്മതിക്കുകയും നമ്പൂരി പോയി വീണ്ടും നമ്പിയെ കൊണ്ടുവരികയും ഉടനെ കോയിത്തമ്പുരാൻ ആയിരം രൂപ കെട്ടിക്കൊടുക്കുകയും, നമ്പി ചികിത്സിച്ചു രോഗം ഭേദപ്പെടുത്തുകയും ചെയ്തു.

ആലത്തൂർ നമ്പിയുടെ ഇല്ലത്തു് അപ്പന്മാരാണു് പൈതൃകത്തിൽ അധികം വിദ്വാന്മാരും പ്രസിദ്ധന്മാരുമായിത്തീരുകപതിവു്. അപ്പൻനമ്പിമാക്കു് സ്വല്പമൊരു കമ്പക്കുറവായ ഉണ്ടായിരിക്കുകയും പതിവാണു്. എങ്കിലും ഗ്രന്ഥത്തിനും കൈപ്പുണ്യത്തിനും ആക്കം കുറവുണ്ടായിരിക്കാറില്ല. ഇക്കഴിഞ്ഞ 1092-ാമാണ്ടു കഴിഞ്ഞുപോയ അപ്പൻനമ്പിതന്നെ ഏറ്റവും വിദ്വാനും പ്രസിദ്ധനുമായിരുന്നുവല്ലോ.

1092-ൽ കഴിഞ്ഞുപോയ അപ്പൻനമ്പിയുടെ ജ്യേഷ്ഠനായി കുമാരൻ ഉണ്ടായിരുന്നു. അവിടേയ്ക്കു പഠിപ്പും പ്രസിദ്ധിയും വളരെ കുറവായിരുന്നു. സ്വല്പമായി ഉന്മാദച്ഛായയുമുണ്ടായിരുന്നു. ഒരിക്കൽ അവിടുന്നു് കുറുപ്പാലത്തിനു സമീപം ഒരു സ്ഥലത്തു പോയി മടങ്ങി വരുമ്പോൾ കുതിരവട്ടത്തു വലിയ നായരുടെ ചില ഭൃത്യന്മാർ കണ്ടുകൂടി. വലിയ നായക്കു് അതികലശലായി ഒരു വയറിൽവേദനയായിട്ടു് ഇളയ നമ്പിയെ കൂട്ടിക്കൊണ്ടു ചെല്ലാനായി അവരെ പറഞ്ഞയച്ചിരിക്കുകയായിരുന്നു. അവർ മൂത്ത നമ്പിയെ കണ്ടപ്പോൾ ഇളയ നമ്പിയാണെന്നു തെറ്റിദ്ധരിച്ചു കൂട്ടിക്കൊണ്ടുപോയി. വലിയ നായർ വേദനയുടെ കാഠിന്യം നിമിത്തം ആഹാരം കഴിക്കാനും ഇരിക്കാനും കിടക്കാനും വയ്യാതെയായിട്ടു മുകളിൽ ഒരു കയറു

Digitized By Kerala Sahitya Akademi

കെട്ടി അതിന്മേൽ പിടിച്ചുകൊണ്ടുനിന്നു നിലവിളിക്കുകയായിരുന്നു. നമ്പി അവിടെ എത്തിയ ഉടനെ "എനിക്കു ദാഹം കലശലായിരിക്കുന്നു; അതിനു വല്ലതും വേണം" എന്നു പറഞ്ഞിട്ടു കുളിക്കാൻ പോയി. നമ്പി കുളി കഴിഞ്ഞു വന്നപ്പോൾ അഞ്ചാറു കരിക്കും പത്തുപതിനഞ്ചു പൂവൻപഴവും കൊണ്ടുചെന്നു കൊടുത്തു. നമ്പി അതിൽ രണ്ടു കരിക്കെടുത്തു തുളച്ചു വെള്ളം തലയിൽ കഴിച്ചു. ഒരു കരിക്കിന്റെ വെള്ളം കുടിച്ചു. രണ്ടു പഴവും തിന്നു. പിന്നെ രോഗിയോടു "കുറച്ചു പഴം തിന്നാമോ?" എന്നു ചോദിച്ചു. "വയ്യ" എന്നു വലിയ നായർ പറഞ്ഞപ്പോൾ നമ്പി "എങ്കിലും പരീക്ഷിച്ചുനോക്കൂ" എന്നു പറഞ്ഞു് ഒരു പഴമെടുത്തു ശകലം മുറിച്ചുകൊടുത്തു തീറ്റി. അതു തിന്നുകഴിഞ്ഞപ്പോൾ നമ്പി "ഇപ്പോൾ വേദന എങ്ങിനെയിരിക്കുന്നു?" എന്നു ചോദിച്ചു. "കുറച്ചു കുറവുണ്ടാ എന്നു സംശയം." എന്നു നായർ പറഞ്ഞു. നമ്പി കുറേശ്ശെ കുറേശ്ശയായി ഒരു പഴം മുഴുവൻ തീറ്റീട്ടു് "ഇപ്പോൾ എങ്ങിനെയിരിക്കുന്നു?" എന്നു ചോദിച്ചു. "വളരെ ഭേദമുണ്ടു്" എന്നു നായർ സമ്മതിച്ചു. പിന്നെ നമ്പി അവിടെ ഇരുന്നു് "ഒരു പഴംകൂടി തിന്നു് ഒരു കരിക്കിന്റെ വെള്ളവും കുടിക്കൂ" എന്നു പറഞ്ഞു. അതുകൂടി കഴിഞ്ഞപ്പോൾ വലിയനായർ "ഇപ്പോൾ വേദന കുറ്റമില്ല. എനിക്കു നല്ല സുഖമായി" എന്നു പറഞ്ഞു. നമ്പി അപ്പോൾത്തന്നെ അവിടേനിന്നു് ഇറങ്ങിപ്പോയി. വലിയ നായക്കു പിന്നെ മരിക്കുന്നതുവരെ വയറ്റിൽ വേദന ഉണ്ടായില്ല.

മേല്പറഞ്ഞ സംഗതിയുണ്ടായതു് ഒരു മീനമാസത്തിലാണു്. മദ്ധ്യാഹ്നസമയത്താണു് നമ്പി പോയതു്. കുറച്ചു് നടന്നപ്പോഴേക്കും വെയിലിന്റെ ചൂടുകൊണ്ടു നടക്കാൻവയ്യാതെയായി. അതു വലിയ ധനവാനായ ഒരു നായരുടെ വീടിനുള്ള പടിപ്പുരയായിരുന്നു. ആ വീട്ടിലെ കാരണവർ കണ്ടാലും കായ്ത്തിനും വളരെ യോഗ്യനും ചെറുപ്പക്കാര-

Digitized By Kerala Sahitya Akademi

നമായിരുന്നു. എങ്കിലും അയാൾ കുറച്ചുനാളായി ബധിരനായിത്തീർന്നിരുന്നു. അതിനു വളരെ ചികിത്സകളൊക്കെ ചെയ്തു നോക്കീട്ടും യാതൊരു ഗുണവും കാണായ്കയാൽ അയാളും വീട്ടിലുള്ള മറ്റാളുകളും അത്യന്തം വ്യസനിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് നമ്പി അവിടെച്ചെന്നു കയറിയതു്. നമ്പിയെ അറിയുന്നവരായി ആ വീട്ടിലാരുമുണ്ടായിരുന്നില്ല. അപ്പോൾ നമ്പിയുമായി പരിചയമുള്ള ഒരാൾ ദൈവഗത്യാ അവിടെ വന്നുചേരുകയും ആ മനുഷ്യൻ ഈ വന്നിരിക്കുന്നതു് ഇന്നാരാണെന്നു് ആ വീട്ടുകാരെ ഗ്രഹിപ്പിക്കുകയും ചെയ്തു. "അനേകം വൈദ്യന്മാർ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചു നോക്കീട്ടും ഒരു ഗുണവുമുണ്ടാകാത്ത സ്ഥിതിക്കു വിശേഷിച്ചു ഫലമൊന്നും ഉണ്ടാവുകയില്ലായിരിക്കാം; എങ്കിലും ഇതുകൂടി ഒന്നു പരീക്ഷിച്ചു നോക്കിക്കളയാം". എന്നു വിചാരിച്ചു് വീട്ടുകാർ ആ പരിചിതൻ മുഖാന്തരം വിവരം നമ്പിയെ അറിയിക്കുകയും ആ ബധിരനെ കൊണ്ടുചെന്നു കാണിക്കുകയും ചെയ്തു. നമ്പി ഉടനെ കുറച്ചു കൊട്ടെണ്ണ (വിളക്കിലൊഴിക്കുന്ന ഒരു മാതിരി എണ്ണ) വരുത്തി രോഗിയുടെ തലയിൽ തേപ്പിച്ചു പെയിലത്തു പിടിച്ചു നിറുത്തി. തീപോലെയുള്ള വെയിലത്തു കുറച്ചു നേരം നിന്നപ്പോഴേയ്ക്കും രോഗി വല്ലാതെ വിഷമിച്ചു. അയാളുടെ കഷ്ടപ്പാടു കണ്ടു വീട്ടിലുള്ളവരെല്ലാം കരച്ചിലും പിഴിച്ചിലും അലയും മുറയും തുടങ്ങി. കടുക്കം രോഗിയുടെ അമ്മ നമ്പിയുടെ അടുക്കൽച്ചെന്നു് "എന്റെ പ്രിയപ്പെട്ട ഏകപുത്രൻ ഇങ്ങിനെ വെയിലത്തു നിന്നു പൊരിയുന്നതു കണ്ടു സഹിക്കാൻ എനിക്കു ശക്തിയില്ല. രണ്ടു നാഴികയിലധികം നേരമായല്ലോ അവൻ കഷ്ടപ്പെടുന്നു; ഇനിയെങ്കിലും കയറിപ്പോകാനനുവദിച്ചാൽക്കൊള്ളാം" എന്നു വ്യസനസമേതം കരഞ്ഞുകൊണ്ടു പറഞ്ഞു. ഉടനെ നമ്പി രോഗിയുടെ അടുക്കൽച്ചെന്നു രണ്ടു ചെകിട്ടത്തും കാരോ 'ചീക്കു' വെച്ചുകൊടുത്തു. അതു കണ്ടു വീട്ടുകാർ പൂർവ്വാധികം ഉറക്കെ നിലവിളിച്ചു. എങ്കിലും തല്ലു

Digitized By Kerala Sahitya Akademi

കൊണ്ടതിനോടുകൂടി രോഗിക്കു ചെവി കേൾക്കാറായി. ഉട
നെ നമ്പി അവിടെനിന്നു പോവുകയും ചെയ്തു.

കരിക്കൽ കോട്ടയ്ക്കൽ താമസിച്ചിരുന്ന ഏറാൾപ്പാടത
ന്തുരാൻ ക്ഷയരോഗബാധിതനായിത്തീരുകയാൽ ചികിത്സ
യ്ക്കായി അനുജൻനമ്പിയെക്കൊണ്ടുപോയിരുന്നു. നമ്പി അവി
ടെയെത്തി കണ്ടപ്പോൾത്തന്നെ രോഗം അസാദ്ധ്യമെന്നു തീ
ർച്ചപ്പെടുത്തി. എങ്കിലും അതു പറയുകയോ ഭാവിക്കുകയോ
ചെയ്യുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു ചില ചികിത്സ
കൾ ചെയ്തുകൊണ്ട് അവിടെത്താമസിച്ചു. രോഗം പ്രതിദിനം
വർദ്ധിച്ചുകൊണ്ടിരുന്നു. തമ്പുരാനു രുചി ലവലേശമില്ലാതെയാ
യി. ഭക്ഷണം കുറഞ്ഞതിനോടുകൂടി ക്ഷീണവും കലശലായി.
"രുചിയോടുകൂടി കരുതുളച്ചോറുണ്ടിട്ട് അപ്പോൾത്തന്നെ മരി
ച്ചാലും സങ്കടമില്ല. അതിനു വല്ലതും നിവൃത്തിയുണ്ടോ?" എ
ന്നു തമ്പുരാൻ നമ്പിയോടു ചോദിച്ചു. "രുചിയുണ്ടാക്കാം" എ
ന്നു നമ്പി മറുപടിയും പറഞ്ഞു. അങ്ങിനെയല്ലാതെ പറയരു
തല്ലോ എന്നു വിചാരിച്ചാണു് നമ്പി അങ്ങിനെ പറഞ്ഞതു്.
പറഞ്ഞുകഴിഞ്ഞപ്പോൾ "ഇനി എന്താ നിവൃത്തി?" എന്നു വി
ചാരിച്ചിട്ടു നമ്പിക്കു മാർഗ്ഗമൊന്നും തോന്നിയില്ല. അപ്പോൾ
ജ്യേഷ്ഠൻ അവിടെ സമീപം 'അച്ചിപ്പ' എന്ന ദേശത്തു ചെ
ന്നിട്ടുണ്ടെന്നുകേട്ടു് ഉടനെ ആളയച്ചു കോട്ടയ്ക്കൽ വരുത്തി വി
വരമെല്ലാം പറഞ്ഞു. ജ്യേഷ്ഠൻനമ്പി തമ്പുരാനെച്ചെന്നു കണ്ടു്
"എന്തു ഭക്ഷിക്കാനാണു് അവിടുത്തേക്കു രുചി തോന്നുന്നതു്?" എ
ന്നു ചോദിച്ചു. "എനിക്കു് ഒന്നിനും രുചി തോന്നുന്നില്ല. എ
ന്നാൽ കുരുമുളച്ചോറെങ്കിലും രുചിയോടുകൂടി ഉണ്ടാൽക്കൊള്ളാ
മെന്നു മോഹമുണ്ടു്. രുചിയില്ലതാനും; പിന്നെ എന്താ ചെ
യ്യുക?" എന്നു തമ്പുരാൻ മറുപടി പറഞ്ഞു. ഉടനെ നമ്പി കുരു
മുളകുചേർത്തു വലിയ സദ്യയ്ക്കുള്ള വിഭവങ്ങളൊക്കെ ഉണ്ടാക്കാൻ പറഞ്ഞു.
ക്ഷണനേരത്തിൽ എല്ലാം തയ്യാറായി. ഇലവെച്ചു തമ്പുരാനെ വി
ളിച്ചുവരുത്തി അവിടെയിരുത്തി. ജ്യേഷ്ഠൻനമ്പി എന്തോ

Digitized By Kerala Sahitya Akademi

ഒരു മരുന്നു കയ്യിലിട്ടു തിരുമ്മി ഒരു ചെറിയ ഗുളികപോലെയാക്കി തമ്പുരാന്റെ വായിൽ ഇട്ടുകൊടുത്തിട്ട് ഇറക്കാൻ പറഞ്ഞു. അതിറക്കിയ ഉടനെ നെയ്യും പരിപ്പും കൂട്ടി ഒരുരുളച്ചോറു കൊടുത്തു. അതു് ഉണ്ടുകഴിഞ്ഞപ്പോൾ മൻപിലത്തെപ്പോലെ ഒരു പ്രാവശ്യംകൂടി മരുന്നു കൊടുത്തു. "ഇപ്പോൾ രുചി തോന്നുന്നുണ്ടോ?" എന്നു നമ്പി ചോദിച്ചു. "കുറച്ചുകൂടി ഉണ്ണാമെന്നു തോന്നുന്നുണ്ട്" എന്നു തമ്പുരാൻ പറഞ്ഞു. പിന്നെ കാളൻ മുതലായവയും മോരുംകൂട്ടി ഏകദേശം നാഴിയരിയുടെ ചോറും കൂടെ പ്രഥമനും കഴിച്ചു. തമ്പുരാനു വളരെ സന്തോഷമാവുകയും ചെയ്തു. ജ്യേഷ്ഠൻനമ്പി അനുവിടെത്തന്നെ താമസിച്ചു. പിറേറ്റിവസം രാവിലെ യാത്രയായപ്പോൾ "അനുജൻ ഇന്നു വരുന്നുവോ?" എന്നു ചോദിച്ചതിന്നു "ഞാൻ നാലു ദിവസം കഴിഞ്ഞു വരാം" എന്നു് അനുജൻനമ്പി മറുപടി പറഞ്ഞപ്പോൾ ജ്യേഷ്ഠൻനമ്പി "അതു വേണ്ട. ഇന്നില്ലെങ്കിൽ നാളെ രാവിലെ പോരു" എന്നു പറഞ്ഞിട്ടു പോയി. അന്നു രാത്രിയിൽ തമ്പുരാൻ തീപ്പെടുകയും ചെയ്തു.

ആ ജ്യേഷ്ഠൻനമ്പിക്കു പഠിപ്പ് അധികമുണ്ടായിരുന്നില്ലെന്നുമാത്രമല്ല, കുറേശ്ശെ കമ്പച്ഛായയുമുണ്ടായിരുന്നു. എങ്കിലും കൈപ്പുണ്യം മറാക്കും അതുണ്ടായിരുന്നില്ല. ചികിത്സ അപ്പോഴപ്പോൾ തോന്നുന്നതുപോലെയാണു് ചെയ്തു; ശാസ്ത്രപ്രകാരമൊന്നുമായിരിക്കയില്ല. എങ്കിലും കുന്നും ഫലിക്കാതെ വരാറില്ല. എണ്ണ കാച്ചി തേച്ചിട്ട് ഒരെണ്ണയും പിടിക്കാതെയും കുമ്പോൾ ആരെങ്കിലും ചെന്നു പറഞ്ഞാൽ ജ്യേഷ്ഠൻനമ്പി കുളിക്കുന്നതിന്നു മുമ്പാണെങ്കിൽ എന്തെങ്കിലും കുറെ എണ്ണയെടുത്തു് ഇടത്തുകൈകൊണ്ടു് അവരുടെ തലയിൽ തേപ്പിച്ചയയ്ക്കും. കുളി കഴിഞ്ഞിട്ടാണെങ്കിൽ എണ്ണ തലയിൽ കഴിച്ചുകൊടുക്കും. പിന്നെ അവർക്കു പച്ചെണ്ണ തേച്ചാൽ മതി. ഒരു ദീനവുമുണ്ടാകയില്ല.

ഈ ജ്യേഷ്ഠൻനമ്പി ഒരു കുട്ടഞ്ചേരി മൂസ്സിന്റെ അവതാ

Digitized By Kerala Sahitya Akademi

രമാണെന്നുകൂടി ജനങ്ങളുടെ ഇടയിൽ ഒരു വിശ്വാസമുണ്ടായിരുന്നു. അതിന്റെ കാരണമായി ഒരൈതിഹ്യവുമുണ്ട്.

ആലത്തൂർ നമ്പിമാർ വൈദ്യശാസ്ത്രം പഠിക്കുക കൂട്ടഞ്ചേരി മൂസ്സിന്റെ അടുക്കലാണ് പതിവ്. ആ പതിവനുസരിച്ച് ഈ ജ്യേഷ്ഠൻനമ്പിയുടെ മുത്തച്ഛനും അവിടെച്ചെന്നു പഠിച്ചു താമസിച്ചിരുന്നു. അന്നുണ്ടായിരുന്ന കൂട്ടഞ്ചേരി മൂസ്സു വൈദ്യസംബന്ധമായി ഭ്രഷ്ടലോകത്തിലുള്ള സകല ഗ്രന്ഥങ്ങളും നോക്കീട്ടുണ്ടായിരുന്നുവത്രേ. അദ്ദേഹം ഒരു ദിവസം ശിഷ്യനായ നമ്പിയോട്, "ഞാൻ അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം, ചരകം, സുശ്രുതം മുതലായി ഭ്രഷ്ടലോകത്തിലുള്ള സകല വൈദ്യഗ്രന്ഥങ്ങളും നോക്കീട്ടുണ്ട്. ഇനി ഒരാഗ്രഹമേ ഉള്ളൂ. നമ്പിയുടെ ഇല്ലത്തു് അശ്വിനിദേവന്മാർ കൊടുത്തതായ ഒരു ഗ്രന്ഥമുണ്ടെന്നു കേട്ടിട്ടുണ്ട്. അതുകൂടി ഒന്നു നോക്കിയാൽക്കൊള്ളാമെന്നാണ് ആഗ്രഹം. അതിനെന്താ നിവൃത്തി?" എന്നു ചോദിച്ചു. അതിനു മറുപടിയായി നമ്പി, "അതിനെന്താ പ്രയാസം? അവിടെച്ചെന്നൊന്നു ജനിച്ചാൽ മതിയല്ലോ" എന്നു പറഞ്ഞു. അതു കേട്ടിട്ടു മൂസ്സിനു വളരെ സന്തോഷമാണുണ്ടായതു്. ഉടനെ മൂസ്സു "മറുപടി വളരെ ഭംഗിയായി. ഇങ്ങിനെതന്നെയാണ് പറയേണ്ടതു്. ഇങ്ങിനെ എല്ലാ വിഷയത്തിലും എല്ലായ്പോഴും ഉചിതമായതു തോന്നട്ടെ" എന്നു പറഞ്ഞു നമ്പിയുടെ ശിരസ്സിൽ രണ്ടു കയ്യുംവെച്ചു് അനുഗ്രഹിക്കുകയും ചെയ്തു. അതുകൊണ്ടു് ഈ കൂട്ടഞ്ചേരി മൂസ്സു് ഇവിടെ വന്നു ജനിച്ച ആളാണ് ഈ ജ്യേഷ്ഠൻനമ്പി എന്നാണ് ജനശ്രുതി.

ആലത്തൂർ നമ്പിയുടെ ഇല്ലത്തു് അടുത്ത കാലത്തുണ്ടായിരുന്നവരിൽ പ്രസിദ്ധനും യോഗ്യനുമായിരുന്നതു 92-ൽ മരിച്ചുപോയ അപ്പൻനമ്പിതന്നെയായിരുന്നു. അവിടുന്നു കീർത്തിയും വിത്തസമ്പത്തും ശിഷ്യസമ്പത്തും ധാരാളമായി സമ്പാദിച്ചു. ഇപ്പോൾ ആ ഇല്ലത്തുള്ള മൂന്നു നമ്പിമാരേയും വൈദ്യശാസ്ത്രം പഠിപ്പിച്ചതു് അവിടുന്നുതന്നെയാണ്. പരേതനായ

Digitized By Kerala Sahitya Akademi

രാമവമ്മത്തു ചന്ദ്രശേഖരൻപിള്ള, ഇപ്പോൾ തൃശ്ശിവപേത്തുർ പട്ടണത്തിൽ ഒരു വൈദ്യശാല സ്ഥാപിച്ചു ചികിത്സ നടത്തിവരുന്ന രാമൻപിള്ള അവർകൾ മുതലായി അനേകം വൈദ്യന്മാർ അവിടുത്തെ ശിഷ്യവർഗ്ഗത്തിൽപ്പെട്ടവരാണല്ലോ.

92-ൽ മരിച്ചുപോയ നമ്പിയുടെ അനുജനായിട്ടും ഒരു നമ്പിയുണ്ടായിരുന്നു. അദ്ദേഹത്തിനു പ്രസവചികിത്സയിലാണ് അധികം പ്രസിദ്ധിയുണ്ടായിരുന്നതു്. ഒരിക്കൽ കോഴിക്കോട്ടു സാമൂതിരി കോവിലകത്തു് ഒരു തമ്പുരാട്ടിക്കു പ്രസവവേദന തുടങ്ങീട്ടു് അഞ്ചാറു ദിവസമായിട്ടും പ്രസവിക്കായ്കയാൽ അനേകം ഡാക്ടർമാരെ വരുത്തിക്കാണിച്ചു. എല്ലാവരും അസാദ്ധ്യമെന്നു പറഞ്ഞു് ഒഴിഞ്ഞതിന്റെ ശേഷം ഈ നമ്പി ചില വിദ്യകൾ പ്രയോഗിച്ചു് തള്ളയ്ക്കും പിള്ളയ്ക്കും യാതൊരു ദോഷവും പറ്റാതെ പ്രസവം നടത്തിയതിൽ സാമൂതിരിപ്പാട്ടുതമ്പുരാൻ സന്തോഷിച്ചു നമ്പിക്കു വീരശൃംഖല സമ്മാനിച്ചയച്ചു. ഇങ്ങിനെ ആലത്തൂർ നമ്പിമാരെസ്സംബന്ധിച്ചു പറയുകയെന്നുവെച്ചാൽ ഇനിയും അനേകം സംഗതികളുണ്ടു്. വിസ്താരഭയത്താൽ ചുരുക്കുന്നു.

ആലത്തൂർ നമ്പിമാരിൽ ചികിത്സാവിഷയത്തിൽ അധികം പ്രസിദ്ധിയും പ്രചാരവും സിദ്ധിക്കുക അപ്പന്മാക്കാണു് പതിവെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ആ പാരമ്പര്യക്രമമനുസരിച്ചു് ഇപ്പോൾ അവിടെ ആ സ്ഥാനം വഹിച്ചിരിക്കുന്നതു മൂന്നാമൻ നമ്പിയാണു്. അവിടുന്നു ചികിത്സാവിഷയത്തിൽ സിദ്ധിച്ചിട്ടുള്ള പ്രസിദ്ധിയും പ്രചാരവും ഒട്ടും ചില്ലറയല്ല. അവിടത്തേക്കുറിച്ചു പ്രത്യേകമൊരുപന്യാസമെഴുതേണ്ടതാകയാൽ അതിനിയൊരവസരത്തിലായിക്കൊള്ളാമെന്നു, കരുതി ഈ ലേഖനം ഇത്രയുംകൊണ്ടു് അവസാനിപ്പിക്കുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

൪. വയസ്കര ചതുർവ്വേദിഭട്ടതിരിയും യക്ഷിയും

വയസ്കരയില്ലത്ത് ഒരു കാലത്ത് പുരുഷന്മാരാരുമില്ലാതെ ഒരു കന്യക മാത്രമായിത്തീരുകയും ആ കന്യകയെ പിലാമന്തോൾ മൂസ്സ് സ്വസ്ഥാനമായി വിവാഹം കഴിച്ച് അവിടെ ദത്തുകയറുകയും ചെയ്തയാൽ അക്കാലം മുതല്ക്കാണല്ലോ അവിടെയുള്ളവക്ക് വയസ്കര മൂസ്സ് എന്നുള്ള പേരു സിദ്ധിച്ചത്. ഇതിനു മുമ്പും ഈ ഇല്ലത്ത് പലപ്പോഴും പുരുഷന്മാരില്ലാതെ ഒരു കന്യക മാത്രമായിത്തീരുക ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം കാരോരുത്തർ ആ കന്യകമാരെ സ്വസ്ഥാനമായി വിവാഹം കഴിച്ച് അവിടെ ദത്തുകേറുകയും അപ്രകാരം ദത്തു കയറുന്നവരുടെ പേരനുസരിച്ച് അവിടെ ഉണ്ടാകുന്നവക്ക് വയസ്കര നമ്പൂരി, വയസ്കര ഭട്ടതിരി, വയസ്കര പോറ്റി ഇങ്ങിനെ പല പേരുകളും സിദ്ധിക്കയും ചെയ്തിരുന്നു. ഒരിക്കൽ അവിടെ ഒരു ഭട്ടതിരി ദത്തുകയറിയതിനാൽ അക്കാലം മുതൽ പിന്നെ ഒരു ദത്തുണ്ടായതുവരെ അവിടെയുള്ളവരെ വയസ്കര ഭട്ടതിരി എന്നാണ് പറഞ്ഞുവന്നിരുന്നത്.

ഒരു കാലത്ത് വയസ്കരയില്ലത്ത് ആയുർവ്വേദമുൾപ്പെടെ നാലു വേദങ്ങളും പഠിച്ച ഒരു മഹാവിദ്വാനുണ്ടായിത്തീർന്നു. അദ്ദേഹത്തെ എല്ലാവരും 'ചതുർവ്വേദി ഭട്ടതിരി'യെന്നാണ് പറഞ്ഞുവന്നിരുന്നത്. അദ്ദഹം ഒരു മഹാവൈദ്യനും വലിയ മന്ത്രവാദിയുമായിരുന്നു. മന്ത്രവാദത്തിലുള്ള പ്രസിദ്ധികൊണ്ട് അദ്ദേഹത്തെ മന്ത്രവാദത്തിനായി പല ദിക്കുകളിൽനിന്നും ആളുകൾ വന്നു കൂട്ടിക്കൊണ്ടുപോവുക പതിവായിരുന്നു.

അങ്ങിനെയിരുന്ന കാലത്ത് ഒന്നു നാടുവാണിരുന്ന സാമൂതിരിപ്പാടുതമ്പുരാനു് ഒരു യക്ഷിയുടെ ഉപദ്രവം ഉണ്ടായിത്തീരുകയും പല മന്ത്രവാദികൾ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചു നോക്കീട്ടും ആ യക്ഷിയെ കഴിപ്പിക്കാൻ കഴിയാഞ്ഞയാൽ കടുക്കം സാമൂതിരിപ്പാടു തമ്പുരാന്റെ ആളുകൾ വന്നു ചതു

Digitized By Kerala Sahitya Akademi

ർവ്വേദിഭട്ടതിരിയെ കോഴിക്കോട്ടേയ്ക്കു കൂട്ടിക്കൊണ്ടുപോവുകയും ഭട്ടതിരി ചില മന്ത്രതന്ത്രപ്രയോഗങ്ങൾകൊണ്ടു് ആ യക്ഷിയെ സാമൂതിരിപ്പാട തമ്പുരാന്റെ ദേഹത്തിൽനിന്നു് ഉഴിഞ്ഞുമാറ്റിക്കളയുകയും ചെയ്തു. യക്ഷി തന്റെ ദേഹത്തിൽനിന്നു വിട്ടുമാറിയെന്നു പൂർണ്ണബോധം വരികയാൽ സാമൂതിരിപ്പാട തമ്പുരാൻ പലവിധസമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിച്ചു ചതുർവ്വേദിഭട്ടതിരിയെ സബഹുമാനം തിരിച്ചയച്ചു.

ഭട്ടതിരി കോഴിക്കോട്ടുനിന്നു തിരിച്ചുപോന്നു. നേരം വൈകിയപ്പോൾ വഴിക്കു് ഒരു നമ്പൂരിയുടെ ഇല്ലത്തു കയറി കുളിയും സന്ധ്യാവന്ദനാദികളും അത്താഴവും കഴിച്ചു് അവിടെ ഉപഗൃഹമായിട്ടുള്ള ഒരു മാളികയിൽ കിടന്നു. വഴി നടന്നുള്ള ക്ഷീണംകൊണ്ടു് കിടന്ന ഉടനെ അദ്ദേഹം ഉറങ്ങിത്തുടങ്ങി. അപ്പോൾ ആരോ അടുക്കൽ വന്നു "ഹേ! തലയിണയുടെ താഴെയിരിക്കുന്ന ഗ്രന്ഥം അവിടെനിന്നു മാറ്റിവെയ്ക്കണം" എന്നു പറഞ്ഞതായി അദ്ദേഹത്തിനു തോന്നി. പെട്ടെന്നുണർന്നു കണ്ണു തുറന്നുനോക്കിയപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ തന്റെ അടുക്കൽ നില്ക്കുന്നതായി അദ്ദേഹം കണ്ടു. വിളക്കു കെടുത്തീട്ടില്ലായിരുന്നതിനാൽ ആ സ്ത്രീയെ അദ്ദേഹത്തിനു പ്രത്യക്ഷമായി കാണാമായിരുന്നു. ആ സ്ത്രീ പിന്നെയും ആ ഗ്രന്ഥം മാറ്റിവെയ്ക്കാൻ പറഞ്ഞു. ചതുർവ്വേദിഭട്ടതിരി എവിടെപ്പോകുമ്പോഴും ഒരു മന്ത്രവാദഗ്രന്ഥം കൊണ്ടുപോവുകയും രാത്രികാലങ്ങളിൽ കിടക്കുമ്പോൾ അതു തലയ്ക്കൽ വെച്ചുകൊണ്ടു കിടക്കുകയും പതിവായിരുന്നു. അദ്ദേഹം പല സ്ഥലങ്ങളിൽനിന്നു ദുഷ്ടദേവതകളെ ഒഴിച്ചിട്ടുള്ള ആളും ഒഴിക്കുന്ന ആളുമാകയാൽ ആവകക്കാർക്കു് അദ്ദേഹത്തോടു വിരോധമുണ്ടാകുന്നതിനും തന്നിമിത്തം അവർ അദ്ദേഹത്തെ ഉപദ്രവിക്കാനും ഇടയുള്ളതുകൊണ്ടും ഈ ഗ്രന്ഥം കൈവശമുള്ളപ്പോൾ ഒരു ദേവതയ്ക്കും അദ്ദേഹത്തെ ബാധിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാണു് അദ്ദേഹം ആ ഗ്രന്ഥം കൊണ്ടുനടക്കുകയും അതു തലയ്ക്കൽവെച്ചുകൊണ്ടു കിടക്കുകയും ചെയ്തിരുന്നതു്. ഭട്ട

Digitized By Kerala Sahitya Akademi

തിരി ആ സ്ത്രീയുടെ അനിതരവനിതാസാധാരണമായ രൂപ
ലാവണ്യം കണ്ടു് അവൾ കേവലം മനുഷ്യസ്ത്രീയല്ലെന്നു നിശ്ച
യിക്കുകയും അത്യന്തം വിസ്മയിക്കുകയും ചെയ്തുകൊണ്ടു "നീ
ആരു്? ഇവിടെ വന്നതെന്തിനു്? ഈ ഗ്രന്ഥം മാറിവെയ്ക്കുന്ന
തെന്തിനു്?" എന്നു ചോദിച്ചു. "അങ്ങു് എന്നെ ഉപദ്രവിക്ക
കയില്ലെന്നു സത്യം ചെയ്താൽ ഞാൻ പരമാർത്ഥം പറയാം"
എന്നു് ആ സ്ത്രീ പറയുകയും അവളുടെ രൂപവിശേഷം കണ്ടു്
അവളിൽ ആസക്തമാനസനായിത്തീർന്ന ഭട്ടതിരി അപ്രകാരം.
സത്യംചെയ്കയും ചെയ്തു. ഉടനെ ആ സ്ത്രീ വീണ്ടും പറഞ്ഞു:
"ഞാൻ സാമൂതിരിപ്പാട്ടുതമ്പുരാനെ ബാധിക്കുകയും അവിടെ
നിന്നു് അങ്ങാൽ നിഷ്കാസിതയായിത്തീരുകയും ചെയ്ത യക്ഷി
യാണു്. ഭവാന്റെ രൂപസൌന്ദര്യം കണ്ടു ഭവാനിൽ അത്യ
ന്തം അനുരക്തയായിത്തീരുകയാലാണു് ഞാൻ ഇവിടെ പ
ന്നിരിക്കുന്നതു്. അതിനാൽ അങ്ങു് എന്നെ സദയം സ്വീകരി
ക്കണം. ആ ഗ്രന്ഥം മാറിവെയ്ക്കാതെ എനിക്കു ഭവാനെ തൊ
ടാൻ നിവൃത്തിയില്ലല്ലോ." ഇതു കേട്ട ഭട്ടതിരി "നീ എന്നെ
ഉപദ്രവിക്കുകയില്ലെന്നു സത്യം ചെയ്താൽ ഞാൻ ഗ്രന്ഥം മാ
റിവെയ്ക്കാം" എന്നു പറഞ്ഞു. അതു കേട്ട യക്ഷി സസന്തോ
ഷം സത്യം ചെയ്കയും ഭട്ടതിരി ഗ്രന്ഥമെടുത്തു മാറിവെയ്ക്കു
കയും അവർ സന്തോഷസമേതം ഭാര്യാഭർത്താക്കന്മാരുടെ നി
ലയിൽ ആ രാത്രിയെ നയിക്കുകയും ചെയ്തു. വെളുപ്പാൻകാല
മായപ്പോൾ തന്നെക്കൂടെ കൊണ്ടുപോകണമെന്നു യക്ഷി ഭട്ട
തിരിയോടും തന്നോടുകൂടി പോരണമെന്നു ഭട്ടതിരി യക്ഷിയോ
ടും അപേക്ഷിക്കുകയും അപ്രകാരം രണ്ടുപേരും സമ്മതിക്കു
കയും ചെയ്തു. അനന്തരം ഭട്ടതിരിയും അന്യന്മാർക്കു് അദൃശ്യയാ
യി യക്ഷിയും അവിടെനിന്നു പുറപ്പെട്ടു് ഏതാനും ദിവസ
ങ്ങൾകൊണ്ടു വയസ്കരയില്ലത്തു വന്നുചേരുകയും പിന്നെയും
അവർ ഭാര്യാഭർത്താക്കന്മാരെപ്പോലെ പരസ്പരസ്നേഹത്തോടുകൂ
ടിത്തന്നെ വർത്തിക്കുകയും ചെയ്തു. ആ യക്ഷി വിട്ടുപിരിയാതെ
സദാ വയസ്കരയില്ലത്തുതന്നെ താമസിച്ചിരുന്നുവെങ്കിലും ഭട്ട

Digitized By Kerala Sahitya Akademi

തിരിക്കല്ലാക്കെ മറാക്കും ആ ദിവ്യമൂത്തിയെ കാണാൻ പാടില്ലായിരുന്നു. അതിനാൽ ഈ കഥയൊന്നും മറാരും അറിഞ്ഞിരുന്നില്ല.

ഇങ്ങിനെ ഏതാനും കാലം കഴിഞ്ഞപ്പോൾ ആ യക്ഷി ഭട്ടതിരിയിൽനിന്നു ഗർഭം ധരിക്കുകയും അചിരേണ പ്രസവിച്ചു് ഒരു പെൺകുട്ടിയുണ്ടാവുകയും ചെയ്തു. അപ്പോഴെയ്ക്കും ഭട്ടതിരിക്കു യൌവനം ക്ഷയിക്കുകയാൽ അദ്ദേഹത്തിനും യക്ഷിക്കും പരസ്പരം വിരക്തി ജനിക്കുകയും യക്ഷി സപുത്രിയെ മേനക ശകുന്തളയെ എന്നപോലെ അവിടെ ത്യജിച്ചിട്ടു സ്വസ്ഥാനത്തേയ്ക്കു പോവുകയും ചെയ്തു. ആ യക്ഷിയുടെ അനുഗ്രഹത്താൽ ആ പുത്രിയും ദിവ്യയായ ഒരു യക്ഷിയായും പെട്ടെന്നു യൌവനയുക്തയായും തീരുകയും അന്യന്മാക്കു് അദൃശ്യയായി അവിടെത്തന്നെ താമസിക്കുകയും ചെയ്തു.

ചതുർവ്വേദിഭട്ടതിരി ചരമഗതിയെ പ്രാപിക്കാറായ സമയം സ്വപുത്രിയായ യക്ഷിയെ അടുക്കൽ വിളിച്ചു സ്വകാര്യമായി "ഞാൻ ഇഹലോകവാസം വിടാറായിരിക്കുന്നു എങ്കിലും നീ കുടുംബപരദേവതയായി എന്നും ഇവിടെത്തന്നെ വസിക്കണം. നിന്നെ ഒരു പരദേവതയായി ഇവിടെയുള്ളവർ എന്നും ആചരിച്ചുകൊള്ളും" എന്നു പറഞ്ഞിട്ടു് അദ്ദേഹം തന്റെ സജാതീയഭാര്യയിലുണ്ടായിരുന്ന പ്രഥമപുത്രനെയും അടുക്കൽ വിളിച്ചു തനിക്കു യക്ഷി ഭാര്യയായിത്തീർന്ന കഥയും പുത്രിയുണ്ടായതും ആ പുത്രി കുടുംബപരദേവതയായി താമസിക്കുന്നവിചരവും ആ പുത്രിയായ യക്ഷിയെ ആചരിക്കേണ്ടുന്ന ക്രമവും മറും പറയുകയും ഉടനെ മരിക്കുകയും ചെയ്തു.

ചതുർവ്വേദിഭട്ടതിരിയുടെ പുത്രിയായ യക്ഷി ഇപ്പോഴും അദൃശ്യയായി വയസ്കരയില്ലത്തു താമസിച്ചു വരുന്നുണ്ടെന്നാണു് വിശ്വാസം. ആ യക്ഷിയെ സുന്ദരിയായ സ്ത്രീയുടെ സ്വരൂപത്തിലും അഗ്നിഗോളമായും മറും എത്രയോ കാലങ്ങൾക്കു മുമ്പു വരെ പലരും കണ്ടിട്ടുള്ളതായി കേൾവിയുമുണ്ടു്.

വയസ്കരയില്ലത്തു് ഇപ്പോഴും ആണ്ടിലൊരിക്കൽ ഒരു ദി

Digitized By Kerala Sahitya Akademi

വസം കുറുപ്പന്മാരെക്കൊണ്ടു കളമെഴുത്തും പാട്ടും നടത്തി വരുന്നുണ്ട്. ഇതു മുൻപിനാലേ നടത്തിവരുന്നതാണ്. കുറുപ്പന്മാരെഴുതുന്ന കളങ്ങ (അഞ്ചുനിറത്തിലുള്ള പൊടികൊണ്ടു നിലത്തു വരയ്ക്കുന്ന സചിത്രപങ്ങ)ളുടെ കൂട്ടത്തിൽ ചതുർവ്വേദി ഭട്ടതിരിയുടേയും യക്ഷിയുടേയും കളങ്ങൾകൂടി ഇപ്പോഴും എഴുതിക്കാണുന്നുണ്ട്. യക്ഷിയെക്കുറിച്ചുള്ള പാട്ടിൽ കുറുപ്പന്മാർ "ചതുർവ്വേദിഭട്ടതിരിക്കു തിരുമകളായിരുന്നമ്മ" എന്നുകൂടി പാടുന്നുമുണ്ട്. അതിനാൽ ഈ ഐതിഹ്യം കേവലം അടിസ്ഥാനരഹിതമല്ലെന്നും ഏതോ ഒരു കാലത്തു് ഏതാണ്ടൊക്കെ ഉണ്ടായിട്ടുള്ളതാണെന്നും വിശ്വസിക്കാവുന്നതായിത്തന്നെ ഇരിക്കുന്നു.

൫. രാമപുരത്തു വാര്യർ

രാമപുരത്തു വാര്യരുടെ സ്വദേശം മീനച്ചൽത്താലൂക്കിൽ ചേന്ന രാമപുരംതന്നെയാണ്. ഇദ്ദേഹത്തിന്റെ ജനനം കൊല്ലം ൯-ാം ശതാബ്ദത്തിന്റെ കടുചിലായിരിക്കണം. ഇദ്ദേഹം സാമാന്യം വ്യുൽപത്തിയും നല്ല കവിതാവാസനയും ഉള്ള ആളായിരുന്നു. ഇദ്ദേഹത്തിന്റെ പ്രധാനകൃതി കുചേലവൃത്തം പഞ്ചിപ്പാട്ടാണ്. അതു കൂടാതെ ചില കുറേശ്ലോകങ്ങളും കീർത്തനങ്ങളും മറ്റുമല്ലാതെയൊന്നും ഇദ്ദേഹമുണ്ടാക്കീട്ടുള്ളതായി കാണുന്നില്ല. ഇദ്ദേഹം വഞ്ചിപ്പാട്ടുണ്ടാക്കാനുള്ള കാരണം താഴെ പറയുന്നു.

രാമപുരത്തു വാര്യർ ദാരിദ്ര്യം സഹിക്കവയ്യാതായിട്ടു സ്വദേശം വിട്ടു പുറപ്പെട്ടു വൈക്കത്തു ചെന്നു ചേർന്നു. ഈ ദാരിദ്ര്യദുഃഖം വൈക്കത്തപ്പൻതന്നെ തീർത്തുതരണം എന്നു പ്രാർത്ഥിച്ചുകൊണ്ടു് ഇദ്ദേഹം അവിടെയൊരു സംവത്സരഭജനം തുടങ്ങി. വൈക്കത്തു് "ഊട്ടുപുരയിൽ സദ്യയുള്ള ദിവസം മാത്രം കുറേ നേരം ഊണുകഴിക്കാം. സദ്യയില്ലെങ്കിൽ അന്നുണ്ണുകയും വേണ്ട" എന്നുള്ള നിശ്ചയത്തോടുകൂടിയാണ് വാര്യർ ഭജ.

Digitized By Kerala Sahitya Akademi

നം തുടങ്ങിയതു്. അദ്ദേഹം ഭജനം തുടങ്ങിയതിൽ പിന്നെ അവിടെ ഒരു ദിവസവും മുടങ്ങാതെ സദ്യയുണ്ടായിരുന്നുവെ ന്നാണു് കേട്ടിട്ടുള്ളതു്.

ഭജനം കാലംകൂട്ടുന്ന ദിവസം മാത്താണ്ഡവർമ്മമഹാരാ ജാവു വൈക്കത്തെഴുന്നള്ളി. വാര്യരു മഹാരാജാവിനെ സ്തുതി ച്ചു നാലഞ്ചു ശ്ലോകങ്ങളുണ്ടാക്കി എഴുന്നള്ളത്തോടുകൂടെയുണ്ടാ യിരുന്ന രാമയ്യൻ ദളവ മുഖാന്തരം തൃക്കൈയിലെത്തിച്ചു. തി രിയെ എഴുന്നള്ളത്തു പുറപ്പെട്ട ബോട്ടിൽ എഴുന്നള്ളുന്ന സമ യം കടവിൽ വാര്യരും ഹാജരുണ്ടായിരുന്നു. വാര്യരും കൂടിബോ ട്ടിൽ കയറിക്കൊള്ളുന്നതിനു കല്പിയ്ക്കുകയും വാര്യരും കൂടി കേറുകയും ചെയ്തു. ബോട്ടു നീക്കി കുറെ പോയപ്പോൾ വാര്യർ ഒരു വഞ്ചിപ്പാട്ടുണ്ടാക്കിപ്പാടുന്നതിനു തമ്പുരാൻ കല്പിച്ചു. ആ കല്പനപ്രകാരമാണു് കുചേലവൃത്തം വഞ്ചിപ്പാട്ടുണ്ടാക്കിയതു്. വഴിക്കൊക്കെ വാര്യർ പാട്ടുണ്ടാക്കുകയും പാടുകയും ചെയ്തുകൊ ണ്ടുപോയി. പള്ളിബോട്ടു തിരുവനന്തപുരത്തു കല്പാലക്കടവി ലടുത്തപ്പോഴയ്ക്കു പാട്ടു മുഴുവനാവുകയും ചെയ്തു. ആ പാട്ടിൽ "എങ്കലുള്ള പരമാത്മം പാട്ടുകൊണ്ടുണ്ടാം" എന്നു പ്രയോഗി ച്ചിരിക്കുന്നതുകൊണ്ടു വാര്യരു കുചേലനെപ്പോലെ ദരിദ്രനാ ണെന്നു സൂചിപ്പിച്ചിരിക്കുന്നു.

തിരുവനന്തപുരത്തു വന്നു ചേർന്നയുടനെ വാര്യക്കു താമ സിക്കുന്നതിനു് ഒരു സ്ഥലവും ആഴ്ചമുറയ്ക്കു് എണ്ണയും രണ്ടുനേ രവും പക്കത്തു ഭക്ഷണവും മറ്റും കൊടുക്കുന്നതിനു കല്പിച്ചു ചട്ടംകെട്ടി. അങ്ങിനെ വാര്യരു കുറച്ചു ദിവസം അവിടെ താ മസിച്ചു. കടുക്കും മുഖം കാണിച്ചു യാത്രയായിച്ചുപോയ സമ യം വാര്യക്കു യാതൊന്നും കല്പിച്ചുകൊടുത്തില്ല. കുചേലൻ ദ്വാരകയിൽ നിന്നൊന്നപോലെ വാര്യർ ഏറ്റവും വിഷാദ ത്തോടുകൂടി തിരുവനന്തപുരത്തുനിന്നു മടങ്ങിപ്പോയി. സ്വ ഗൃഹത്തിനടുക്കൽ ചെന്നപ്പോഴും വാര്യക്കു കുചേലനുണ്ടായതു പോലെയുള്ള പരിഭ്രമവും അസ്വാളിത്വവുമൊക്കെയുണ്ടായി. വാര്യർ തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലംകൊണ്ടു

Digitized By Kerala Sahitya Akademi

കല്പനപ്രകാരം വായ്ത്തരുടെ ഗൃഹം വലിയ മാളികയായിട്ടു പണിയിക്കുകയും ഗൃഹത്തിൽ വേണ്ടുന്ന സകല പാത്രങ്ങളും അവിടെയുള്ളവക്കെല്ലാം ആഭരണങ്ങളും കരമൊഴിവായിട്ടു വളരെ വസ്തുക്കളും കൊടുക്കുകയും കഴിഞ്ഞിരുന്നു. അനന്തരം വായ്ത്തരു കുചേലനെപ്പോലെ ആത്മമിത്രപുത്രകളത്രാദികളോടും മഹാരാജാവിങ്കലും ഈശ്വരങ്കലും വളരെ ഭക്തിയോടുംകൂടി സുഖമായി പാർക്കുകയും ചെയ്തു.

ന്യ. ചെമ്പ്രയെഴുത്തച്ഛന്മാർ

ചെമ്പ്രയെഴുത്തച്ഛന്റെ ഗൃഹം ബ്രിട്ടീഷ് മലബാറിൽ വള്ളുവനാട്ടു താലൂക്കിൽ തിരുവേഗപ്പുറ അംശത്തിൽ ചെമ്പ്രദേശത്തു പള്ളിപ്പുറം തീവണ്ടിസ്റ്റേഷനിൽനിന്നു കഷ്ടം നാഴികയടക്കാണു്. ഇവർക്കു സാമൂതിരികോവിലകത്തു പെൺവഴിത്തമ്പുരാക്കന്മാരിൽ മൂപ്പായ അമ്പാടി കോവിലകത്തു വലിയതമ്പുരാട്ടിയാണു് 'എഴുത്തച്ഛൻ' എന്നുള്ള സ്ഥാനം കൊടുത്തിട്ടുള്ളതു്. ഈ സ്ഥാനം തറവാട്ടിലേയ്ക്കായി കൊടുത്തിട്ടുള്ളതാകയാൽ ആ കുടുംബത്തിലുള്ളവരും ഉണ്ടായിരുന്നവരും ഇനി ഉണ്ടാകുന്നവരും എല്ലാം എഴുത്തച്ഛന്മാർതന്നെ. കുട്ടികളെ എഴുത്തിനിരുത്തുകയും എഴുത്തു പഠിപ്പിക്കുയും ചെയ്യുന്നവരെന്നതെക്കൻ ദിക്കുകളിൽ ആശാന്മാരെന്നാണല്ലോ പറഞ്ഞു വരുന്നതു്. വടക്കൻ ദിക്കുകളിൽ എഴുത്തച്ഛന്മാരെന്നു പറയപ്പെടുന്നവരുടെ പ്രധാനതൊഴിലും കുട്ടികളെ എഴുത്തിനിരുത്തുകയും എഴുത്തു പഠിപ്പിക്കുകയുമാണു്. അതിനാൽ എഴുത്തച്ഛൻ എന്നുള്ളതു് ആശാൻ എന്നുള്ളതിന്റെ ഒരു പര്യായപദമാണെന്നും അതൊരു ജാതിപ്പേരല്ലെന്നും ഈ രണ്ടു പദങ്ങൾക്കും ഗുരു എന്ന മാത്രമാണു് അർത്ഥമെന്നും മനസ്സിലാക്കേണ്ടതാണു്. തുഞ്ചത്തെഴുത്തച്ഛൻ ജാതിയിൽ ചക്കാലനായിരുന്നു എന്നാണല്ലോ പ്രസിദ്ധി. അദ്ദേഹത്തെ തുഞ്ചത്തു ഗുരു

Digitized By Kerala Sahitya Akademi

എന്നും പറയാറുണ്ടല്ലോ. ആധാതാവു്, അന്നദാതാവു്, ഉപനേതാവ്, വിദ്യാദാതാവ്, ഭയത്രാതാവു് ഈ അഞ്ചുപേരും പിതാക്കന്മാരാണെന്നാണല്ലോ പ്രമാണം. അതിനാൽ എഴത്തച്ഛൻ എന്നുള്ള വാക്കു് ഏറ്റവും ശരിയായിട്ടുള്ളതാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

ചെമ്പയെഴത്തച്ഛന്മാരും അവരുടെ പ്രധാനതൊഴിലാക്കി വെച്ചിരിക്കുന്നതു സ്വദേശത്തുള്ള അബ്രാഹ്മണബാലന്മാരെ എഴുത്തിനിരുത്തുകയും എഴുത്തു പഠിപ്പിക്കുകയുംതന്നെയാണു്. എങ്കിലും മന്ത്രവാദം നിമിത്തമാണു് അവക്കു പ്രസിദ്ധി സിദ്ധിച്ചിട്ടുള്ളതു്. മന്ത്രവാദം ഈ കുടുംബക്കാക്കു മുൻപിനാലേ ഉള്ളതാണു്. എങ്കിലും 'മാക്കു' എന്ന പേരായിരുന്ന എഴത്തച്ഛന്റെ കാലംമുതൽക്കാണു് തന്നിമിത്തമുള്ള ഖ്യാതി ലോകത്തിൽ സർവ്വത്ര വ്യാപിച്ചതു്. മാക്കു എഴത്തച്ഛൻ മന്ത്രവാദം പഠിച്ചതു കാക്കശ്ശേരി ഭട്ടതിരിയുടെ അടുക്കൽനിന്നാണു്. ചെമ്പയെഴത്തച്ഛന്മാരുടെ കുടുംബപരദേവത പേട്ടയ്ക്കൊരുമകനാണെങ്കിലും മാക്കുഎഴത്തച്ഛൻ ഗണപതിയെ സേവിച്ചു പ്രത്യക്ഷപ്പെടുത്തുകകൂടി ചെയ്തിരുന്നു. അദ്ദേഹം ഗണപതിയെ സ്വഗൃഹത്തിനു സമീപം പ്രതിഷ്ഠിച്ചു പതിവായി പൂജയും കർക്കടകമാസത്തിൽ പന്ത്രണ്ടു ദിവസവും മണ്ഡലകാലം മുഴുവനും (വൃശ്ചികം ഒന്നാംതീയതി മുതൽ നാല്പത്തൊന്നു ദിവസം) മുടങ്ങാതെ ഗണപതിഹോമവും നടത്തിയിരുന്നു. ആ ഗണപതിയെ ഇപ്പോഴും ആ ഗൃഹത്തിലുള്ളവർ സ്വയമേവ പതിവായി പൂജിച്ചുവരുന്നുമുണ്ടു്.

മന്ത്രവാദം സംബന്ധിച്ചു മാക്കുഎഴത്തച്ഛൻ അനേകം അത്ഭുതകർമ്മങ്ങൾ ചെയ്തിട്ടുണ്ടു്. അവയിൽ ചിലതു മാത്രം പറഞ്ഞുകൊള്ളുന്നു.

പൊന്നാനി താലൂക്കിലുള്ള ചൊവ്വരത്തുമനയ്ക്കലെ കരന്തജ്ജനം ആരുടേയോ ഉപദേശപ്രകാരം ഹനുമാനെ സേവിച്ചുതുടങ്ങി. സേവയിൽ എന്തോ തെറ്റു പറ്റുകയാൽ അന്തർജ്ജ

Digitized By Kerala Sahitya Akademi

നത്തിനു ബുദ്ധിഭ്രമം പിടിപെട്ടു. അതു ക്രമേണ വർദ്ധിച്ചു മൂഴ ഭ്രാന്തായിത്തീർന്നു. അനേകം മന്ത്രവാദികളെ മനയ്ക്കൽ വരുത്തി പലവിധത്തിലുള്ള മന്ത്രവാദങ്ങൾ ചെയ്യിച്ചു. കൊണ്ടും ഭ്രാന്തിനു യാതൊരു ഭേദവുമുണ്ടായില്ല. വലിയ മരത്തിന്മേലും പുരമുകളിലും മറ്റും കയറി, പാദങ്ങൾ എവിടെയെങ്കിലുമുറപ്പിച്ചിട്ടു തല കീഴായി തൂങ്ങികിടക്കുക, കിണറ്റിൽ ചാടുക, മനുഷ്യർക്കാർക്കും ഇളക്കാൻപോലും വയ്യാത്ത വലിയ കല്ലുകൾ നിഷ്പ്രയാസം എടുത്തുകൊണ്ടു നടക്കുക മുതലായ അത്ഭുതകർമ്മങ്ങളും മന്ത്രവാദത്തിനായി ചെല്ലുന്നവരുടെ മുഖത്തു തുപ്പുക, ചെകിട്ടത്തടിച്ച് അവരെ കാടിക്കുക മുതലായ അക്രമങ്ങളുമാണ് ആ അന്തർജ്ജനം ഭ്രാന്തുനിമിത്തം ചെയ്തുകൊണ്ടിരുന്നതു്. കുറു നിവൃത്തിയുമില്ലാതെയായിത്തീരുകയാൽ കുടുക്കം മാക്കു എഴുത്തച്ഛനെ മനയ്ക്കൽ വരുത്തി വിവരം പറഞ്ഞു. എഴുത്തച്ഛൻ കുറെ ആലോചിച്ചുനോക്കുന്നതിനും കുറെ ബലികൊടുക്കും വേണ്ടുന്ന സാമാനങ്ങൾക്കു ചുരുക്കത്തിൽ കുറെ ചാത്തെഴുതിക്കൊടുത്തു. അതു കണ്ടിട്ടു മനയ്ക്കലേ കാര്യസ്ഥൻ, "ഇതിനേക്കാൾ കേമമായി വട്ടങ്ങൾ കൂട്ടി വലിയ വലിയ മന്ത്രവാദങ്ങൾ പലരും നടത്തീട്ടു മാറാത്ത ഭ്രാന്ത് ഇതുകൊണ്ടാണോ മാറുന്നതു്? വിശേഷംതന്നെ" എന്നു് ആരും കേൾക്കാതെ ഹാസ്യമായി പറഞ്ഞു. എങ്കിലും കുറുക്കുകളെല്ലാം തയ്യാറാക്കിക്കൊടുത്തു. നേരം ഏഴര നാഴിക ഇരുട്ടായതിന്റെ ശേഷം എഴുത്തച്ഛൻ നാലുകെട്ടിൽ കുറു സ്ഥലത്തിരുന്നു പൂജ തുടങ്ങി. ആ സമയം കാര്യസ്ഥൻ പടിപ്പുരമാളികപ്പുവട്ടിൽ കുറു സ്ഥലത്തു കിടന്നുറങ്ങുകയായിരുന്നു. അപ്പോൾ ആരോ ആയാളുടെ തല തട്ടിട്ടിടിക്കുന്നതായിത്തോന്നി. ആയാൾ കണ്ണുതുറന്നു നോക്കീട്ടു് ആരേയും കണ്ടുമില്ല. ഇങ്ങനെ പല പ്രാവശ്യമായപ്പോൾ കിടക്കാൻ നിവൃത്തിയില്ലാതെ കാര്യസ്ഥൻ എണീറ്റു എഴുത്തച്ഛന്റെ അടുക്കൽ ചെന്നു വിവരം പറഞ്ഞു. അപ്പോൾ എഴുത്തച്ഛൻ "നിങ്ങൾ എന്റെ മന്ത്രവാദത്തെയോ എന്നെയോ പറ്റി ഹാസ്യമായി വല്ലതും വിചാരിക്കുകയോ പറയുകയോ

Digitized By Kerala Sahitya Akademi

ഉണ്ടായോ" എന്നു ചോദിക്കുകയും കായ്സ്ഥൻ പരമാത്മം സമ്മതിച്ചു പറയുകയും ക്ഷമായാചനം ചെയ്കയും ചെയ്തു. "ആട്ടെ, ഇനി അങ്ങിനെയുള്ള വിഡ്ഢിത്വം വിചാരിക്കയും പറയുകയും ചെയ്യരുതു്. ആ സ്ഥലത്തുനിന്നു മാറി എവിടെയെങ്കിലും കിടന്നുകൊള്ളു. ഉപദ്രവമൊന്നും ഉണ്ടാവുകയില്ല" എന്നു് എഴുത്തച്ഛൻ പറയുകയും കായ്സ്ഥൻ സ്ഥലം മാറിക്കിടക്കുകയും ചെയ്തു. പിന്നെ ഉപദ്രവമൊന്നും ഉണ്ടായതുമില്ല. എഴുത്തച്ഛൻ പിന്നെയും പൂജ മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു.

ആ സമയം കരു മുറിക്കകത്തിരുന്നിരുന്ന അന്തർജ്ജനം പെട്ടെന്നു ചാടിയെണീറു നാലുകെട്ടിലേയ്ക്കു ചെന്നു. ഇതു തന്നെ തല്ലാനുള്ള വരവാണെന്നറിഞ്ഞു് എഴുത്തച്ഛൻ വേഗത്തിലെണീറു പുറത്തേയ്ക്കിറങ്ങി. പിന്നാലെ അന്തർജ്ജനവുമെത്തി. എഴുത്തച്ഛൻ മുൻപിലും അന്തർജ്ജനം പിറകിലുമായി പുരയ്ക്കു. മൂന്നു പ്രദക്ഷിണമോടി. എഴുത്തച്ഛൻ ഗണപതിയുടെ മൂലമന്ത്രം ജപിച്ചു ഗണപതിയെ ധ്യാനിച്ചുകൊണ്ടാണു് ഓടിയതു്. മൂന്നു പ്രദക്ഷിണമോടിയതിന്റെ ശേഷം എഴുത്തച്ഛൻ തിരിഞ്ഞുനിന്നു. അപ്പോൾ അന്തർജ്ജനവും നിന്നു. അന്തർജ്ജനം "അയ്യോ! എന്നെ ഈ ഓറക്കൊമ്പനേക്കൊണ്ടു കുത്തിക്കല്ലേ; എന്നെ രക്ഷിക്കണേ; ഞാൻ ഈ ടിക്കപിട്ട പൊയ്ക്കൊള്ളാമേ" എന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടാണു് നിന്നതു്. "എനാൽ അകത്തേക്കു വരിക" എന്നു പറഞ്ഞു് എഴുത്തച്ഛൻ നാലുകെട്ടിലേക്കു കടന്നു. അന്തർജ്ജനവും പിന്നാലെ ചെന്നു. അവിടെ ചെന്നു് അന്തർജ്ജനത്തെ ബാധിച്ചിരുന്ന ദേവത പൊന്നുംവിളക്കു പിടിച്ചു സത്യംചെയ്തു് കഴിഞ്ഞുപോയി. അതോടുകൂടി അന്തർജ്ജനത്തിന്റെ ഭ്രാന്തും ഭേദമായി. അന്തർജ്ജനത്തിന്റെ ഭർത്താവായ നമ്പൂരിപ്പാടു് എഴുത്തച്ഛനു പലവിധം സമ്മാനങ്ങളും മറും കൊടുത്തു സന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്തു.

എഴുത്തച്ഛന്റെ ദേശത്തിനു സമീപം മരുത്തൂരംശത്തിൽ വലിയ ധനികനായ ചെള്ളാപ്പുള്ളി മേനോൻ എട്ടുകെട്ടും മാ

Digitized By Kerala Sahitya Akademi

ളികയായിട്ട് ഒരു പുര പണിയിച്ചു. പുരപണിക്കു കെട്ടിയ മാലിപ്പുരയുടെ നടുത്തൂണു നടുമുറ്റത്താണ് കുഴിച്ചിട്ടിരുന്നതു്. പുരപണി കഴിഞ്ഞതിന്റെ ശേഷം മാലിപ്പുര പൊളിച്ചുമാറി. എങ്കിലും നടുത്തൂണ് അവിടെനിന്നു് എടുത്തുമാറ്റാൻ ഒരു മാർഗ്ഗവും കാണായ്കയാൽ മേനോൻ ഏറ്റവും വിഷണ്ണനായിത്തീർന്നു. തൂണു വളരെ വണ്ണവും നീളവുമുള്ള ഒരൊറ്റത്തടിയായിരുന്നു. മേനോൻ പലരേയും വരുത്തിക്കാണിച്ചു. പുരയ്ക്കു കേടുപാടാതെ നടുമുറ്റത്തുനിന്നു് ഈ തൂണു മാറ്റുന്ന കാര്യം അസാദ്ധ്യം തന്നെയാണെണ് അതു വന്നുകണ്ടവരെല്ലാം പറഞ്ഞു. മേനോനു കുണ്ഠിതം ഉസ്സഹമായിത്തീർന്നു. ഒടുക്കം മേനോൻ മാക്കു എഴുത്തച്ഛനെക്കണ്ടു വിവരം പറഞ്ഞു. "പന്ത്രണ്ടു പറ മലരും നൂറൊട്ടു കൊട്ടത്തേങ്ങയും മൂന്നു തുലാം ശർക്കരയും ആയിരത്തെട്ടു കടലിപ്പഴവും അവിടെ ശേഖരിച്ചുചെയ്യണം. ഒരു രാത്രി അവിടെനിന്നു് എല്ലാവരും എവിടെയെങ്കിലും മാറിത്താമസിക്കണം. ആ രാത്രിയിൽ അവിടെ മനുഷ്യരാരും ഉണ്ടായിരിക്കാൻ പാടില്ല. ഇത്രയുമൊക്കെ തയ്യാറു ചെയ്തിട്ട് എന്നോടു വിവരം പറയുക. വല്ലതും നിവൃത്തിയുണ്ടാക്കാമോ എന്നു നോക്കാം" എന്നു് എഴുത്തച്ഛൻ പറയുകയാൽ മേനോൻ അപ്രകാരമെല്ലാം തയ്യാറുചെയ്തുകൊണ്ടു് വിവരം എഴുത്തച്ഛനെ അറിയിച്ചു. അന്നു പതിനെട്ടു നാഴിക ഇരുട്ടിയപ്പോൾ അവിടെനിന്നു മൂന്നു നാഴിക ദൂരെ ഭാരതപ്പുഴയിൽ എന്തോ വീണതുപോലെ ഒരു ശബ്ദം കേട്ടു. നേരം വെളുത്തപ്പോൾ ചെള്ളാപ്പുള്ളി മേനോന്റെ നടുമുറ്റത്തു നിന്നിരുന്ന തൂണ് അവിടെ കാണ്മാനില്ലായിരുന്നു. അതു ഭാരതപ്പുഴയിൽ കിടക്കുന്നതായി കാണുകയും ചെയ്തു. മേനോന്റെ പുരയ്ക്കു യാതൊരു കേടും പറ്റാതെ ആ തൂണെടുത്തുകൊണ്ടുപോയി ഭാരതപ്പുഴയിലിട്ടതു് എഴുത്തച്ഛന്റെ സേവാമൂത്തിയായ ഗണപതിയാണെന്നുള്ളതു വിശേഷിച്ചു പറയേണമെന്നില്ലല്ലോ.

എഴുത്തച്ഛന്റെ പറമ്പിൽ കറിസ്സാമാനങ്ങൾ ധാരാളമാ-

Digitized By Kerala Sahitya Akademi

യി കൃഷി ചെയ്യിക്കുക പതിവായിരുന്നു. അവിടെ കള്ളന്മാർ കയറി ചിലപ്പോൾ ചില സാമാനങ്ങൾ മോഷ്ടിച്ചുകൊണ്ടു പോയിത്തുടങ്ങിയതിനാൽ വേലക്കാർ ഒരു ദിവസം ആവിവരം മാക്കു എഴുത്തച്ഛനെ ഗ്രഹിപ്പിച്ചു. "ആട്ടെ; അതിനു സമാധാനം ഉണ്ടാക്കിക്കൊള്ളാം" എന്നു് എഴുത്തച്ഛൻ മറുപടി പറയുകയും ചെയ്തു. അന്നു രാത്രിയിലും കള്ളന്മാർ അവിടെ കയറി ചില സാമാനങ്ങൾ മോഷ്ടിച്ചു. അവർ ആ സാമാനങ്ങളെല്ലാം എഴുത്തച്ഛൻ കിടന്നിരുന്ന കട്ടിലിന്മേൽ ഒട്ടുക്കൽ കൊണ്ടുചെന്നു വെച്ചിട്ടു് എഴുത്തച്ഛനെ കട്ടിലോടുകൂടി എടുത്തുകൊണ്ടു പുരയ്ക്കു പ്രദക്ഷിണം വെച്ചുതുടങ്ങി. അങ്ങിനെ നേരം വെളുത്തു. അപ്പോൾ എഴുത്തച്ഛൻ ഉണരുകയും കള്ളന്മാർ പരമാർത്ഥമെല്ലാം പറയുകയും എഴുത്തച്ഛനോടു മാപ്പു ചോദിക്കുകയും ഇനി ഒരിക്കലും തങ്ങൾ അവിടെക്കയറി യാതൊന്നും മോഷ്ടിക്കയില്ലെന്നു സത്യം ചെയ്കയും ചെയ്തു. ഉടനെ എഴുത്തച്ഛൻ "അയൽവാസികളായ നിങ്ങൾ എന്തെങ്കിലും വേണമെങ്കിൽ ഇവിടെ വന്നു ചോദിച്ചാൽ തരുന്നതിനും എനിക്കു യാതൊരു വിരോധവുമില്ലല്ലോ. പിന്നെ നിങ്ങൾ രാത്രിയിൽ ഇങ്ങിനെ കഷ്ടപ്പെടുന്നതെന്തിനാണു്? ആട്ടെ. ഇനി ഇങ്ങിനെ ചെയ്യരുതെന്നേയുള്ളൂ. ഇപ്പോൾ നിങ്ങൾ മോഷ്ടിച്ചതു നിങ്ങൾതന്നെ കൊണ്ടുപൊയ്ക്കൊൾവിൻ" എന്നു പറഞ്ഞു് ആ സാമാനങ്ങൾ അവർക്കുതന്നെ കൊടുത്തയച്ചു. അതിൽപ്പിന്നെ അവിടെ കള്ളന്മാരുടെ ഉപദ്രവം ഒരിക്കലുമുണ്ടായിട്ടില്ല.

പാടത്തുവീട്ടിൽ കേളുമേനോൻ എന്നൊരു ധനികൻ മാക്കു എഴുത്തച്ഛന്റെ പ്രാണസ്നേഹിതനായിരുന്നു. അയാൾ മിക്കസമയവുംഎഴുത്തച്ഛന്റെ അടുക്കൽത്തന്നെയായിരിക്കും. രാത്രിയിൽ കിടപ്പും അയാൾക്കു് എഴുത്തച്ഛന്റെ അടുക്കൽത്തന്നെയാണു് പതിവു്. അങ്ങിനെയിരുന്ന കേളുമേനോനെ കടിവിട്ടു പ്രയോഗിച്ചു കൊല്ലുവാൻ അയാളുടെ ചില വിരോധികൾ ചില കടിയന്മാരെ ചട്ടംകെട്ടി ഏതാനും പണവും കൊടുത്തു് ഏർപ്പാടുചെയ്തു.

Digitized By Kerala Sahitya Akademi

ഒരു കോലോ ഇഴക്കിലിയോ എടുത്തു് ഒരു മനുഷ്യന്റെ നേരെ കാണിച്ചു് ഒരു മന്ത്രം ജപിച്ചു് കടിച്ചാൽ ആ മനുഷ്യനും കടിഞ്ഞു നിലത്തുവീണു മരിക്കും. ഇങ്ങിനെ ചെയ്യുന്നതിനു് കടിവിദ്യ എന്നും ഈ വിദ്യ പ്രയോഗിക്കുന്നവരെ കടിയന്മാർ എന്നുമാണു് പറയുക പതിവു്. മുൻകാലങ്ങളിൽ ബ്രിട്ടീഷുമലബാറിൽ കടിയന്മാർ ധാരാളമുണ്ടായിരുന്നു. ബ്രിട്ടീഷ് ഗവമ്മെൻറു് കടിയന്മാരെപ്പിടിച്ചു ശിക്ഷിച്ചു തുടങ്ങിയതിനാൽ ഇപ്പോൾ അവിടെ കടിയന്മാർ വളരെ കുറഞ്ഞിട്ടുണ്ടു്. കടിയന്മാക്കു് കടിക്കുകയെന്നും മാട്ടുക എന്നും രണ്ടുതരം വിദ്യകളുണ്ടു്. കടിവിദ്യയെക്കുറിച്ചു മുൻപു പറഞ്ഞുവല്ലോ. കടിയന്മാർ കാളയുടേയും കുതിരയുടേയും പട്ടിയുടേയും മറ്റും രൂപം ധരിച്ചും കടന്പയായിട്ടും രാത്രി കാലങ്ങളിൽ വഴിയിൽപ്പോയി നില്ക്കും. വിരോധികൾ ആ വഴിയെ വന്നാൽ പല വിധത്തിലുള്ള ഉപദ്രവങ്ങളുണ്ടാക്കും. ഇതിനാണു് മാട്ടുക എന്നു പറയുന്നതു്. തെക്കൻ ദിക്കുകളിൽ ഈവക വിദ്യകൾ നടപ്പില്ലാത്തതിനാലാണു് ഇതിനെക്കുറിച്ചു് ഇത്രയും വിവരിച്ചതു്.

തന്റെ വിരോധികൾ തന്നെ കൊല്ലാനായി കടിയന്മാരെ ചട്ടംകെട്ടീട്ടുണ്ടെന്നുള്ള സംഗതി കേളുമേനോൻ എങ്ങിനെയോ മനസ്സിലാക്കി. എന്നുമാത്രമല്ല, അയാൾ ഒരു ദിവസം രാത്രിയിൽ അത്താഴം കഴിഞ്ഞു കിടക്കാനായിട്ടു് എഴുവലിയ കാളയെ കാണുകയും അതു തന്നെ അകപ്പെടുത്താനായി ഒരൊടിയൻ വേഷംമാറി നില്ക്കുന്നതാണെന്നു മനസ്സിലാക്കുകയും ചെയ്തു. അതിനാൽ അയ്യാൾ ആ കാളയുടെ അടുക്കലേയ്ക്കു പോകാതെ സഭയം വഴിമാറി കാടി എഴുത്തച്ഛന്റെ വീട്ടിലേയ്ക്കുപോയി. അവിടെച്ചെന്നു് എഴുത്തച്ഛനെ കണ്ടപ്പോൾ "നിങ്ങൾ വലിയ മന്ത്രവാദിയും ഞാൻ നിങ്ങളുടെ ഇഷ്ടനുമായിരുന്നിട്ടും രാത്രി കാലങ്ങളിൽ കടിയന്മാരെ ഭയപ്പെട്ടു നടക്കേണ്ടതായി വന്നിരിക്കുന്നുവല്ലോ" എന്നു മേനോനും "ഇനി അങ്ങിനെ വേണ്ടിവരികയില്ല" എന്നു് എഴുത്തച്ഛനും

Digitized By Kerala Sahitya Akademi

പറഞ്ഞു. എഴുത്തച്ഛൻ ഉടനെ എന്തോ ഒരു വിദ്യ പ്രയോഗിച്ചു. കേളുമേനോനെ കൊല്ലാൻ സന്നദ്ധരായിരുന്ന കുടിയന്മാർ നാലുപേരും തൽക്ഷണം എഴുത്തച്ഛന്റെ പടിക്കലെത്തുകയും അവർ നേരം വെളുക്കുന്നതുവരെ പരസ്പരം അടിച്ചുകൊണ്ടു നില്ക്കുകയുംചെയ്തു. അവരിൽ ഒരാൾ ഒരു പാണനും ശേഷം മൂന്നുപേർ അവന്റെ കൂട്ടുകാരായ പറയരുമായിരുന്നു. നേരം വെളുത്തപ്പോഴെയ്ക്കും അടികൊണ്ടു നാലുപേരും ഏറവും അവശരായിത്തീർന്നു. അപ്പോഴും എഴുത്തച്ഛൻ പടിക്കൽ ചെന്നു. അപ്പോൾ അവർ പരസ്പരം അടിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. എഴുത്തച്ഛൻ അവരോട് "എന്താ കട്ട മതിയായോ?" എന്നു ചോദിച്ചു. അപ്പോൾ കുടിയന്മാർ "പൊന്നുതിരുമേനി! രക്ഷിക്കണം; അടിയങ്ങൾ വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണം" എന്നു പറഞ്ഞു. ഉടനെ എഴുത്തച്ഛൻ "ഇനി നിങ്ങൾ ഈ ദേശത്തു് ഒരിക്കലും കുടിവിദ്യ പ്രയോഗിക്കുകയില്ലെന്നു സത്യംചെയ്താൽ നിങ്ങളെ വിട്ടയയ്ക്കാം" എന്നു പറയുകയും ആ കുടിയന്മാർ അപ്രകാരം സത്യംചെയ്കയും എഴുത്തച്ഛൻ ഉടനെ അവരെ അവിടെനിന്നു പറഞ്ഞയയ്ക്കുകയും അപ്പോൾ അവർ അടി മതിയാക്കി യഥാപൂർവ്വം പരസ്പരസ്നേഹാകുലന്മാരായി പോവുകയുംചെയ്തു.

മാക്ക എഴുത്തച്ഛൻ ഒരിക്കൽ മുതുതല പനമ്പറമ്പക്കളത്തിൽ നായരുടെ വീട്ടിൽ ഒരു മന്ത്രവാദത്തിന്നായി പോയപ്പോൾ രാത്രിസമയത്തു വഴിമദ്ധ്യേ മുമ്പു കണ്ടിട്ടില്ലാത്ത ഒരു കടമ്പ കണ്ടു. ആ സ്ഥലത്തു് അതിന്നുമുമ്പു് ഒരിക്കലും കടമ്പ കണ്ടിട്ടില്ലാത്തതിനാൽ എഴുത്തച്ഛനു സംശയം തോന്നി. അദ്ദേഹം അടുത്തുചെന്നു കയ്യിലുണ്ടായിരുന്ന പിഞ്ഞാങ്കത്തികൊണ്ടു കടമ്പയുടെ ഒരു പടി മുറിച്ചു. അപ്പോൾ ആ കടമ്പ ഒരു മനുഷ്യനായിത്തീർന്നു. അവൻ വാസ്തവത്തിൽ കുടിയനായ ഒരു പറയനായിരുന്നു. അവൻ എഴുത്തച്ഛനെ കണ്ടയുടനെ താണു തൊഴുതുകൊണ്ടു "തമ്പുരാനേ! ക്ഷമിക്കണം. അവിടുന്നു് ഇതിലെ എഴുന്നള്ളുമെന്നു് അറിഞ്ഞിരുന്നില്ല. ഇതറിഞ്ഞിരുന്നുവെ

Digitized By Kerala Sahitya Akademi

ങ്കിൽ ഇങ്ങിനെ ചെയ്കയില്ലായിരുന്നു. മറെറാരാളെ അപായപ്പെടുത്താനാണ് ഈ വിദ്യ ചെയ്തതു്. തമ്പുരാനും ഈ ദിക്കിൽ സഞ്ചാരമുള്ളതുകൊണ്ടു് അടിയങ്ങൾ ഇനി കരിക്കലും ഈ പ്രദേശത്തു് കടിവിദ്യ പ്രയോഗിക്കുകയില്ല" എന്നു പറഞ്ഞു് അപ്രകാരം സത്യം ചെയ്തു് അവിടെനിന്നു പോയി.

എഴത്തച്ഛന്റെ അമ്പലത്തിലെ ഗണപതിയുടെ വിഗ്രഹം 'അൻപൊന്നു'കൊണ്ടുള്ളതാണു്. ആ ബിംബവും അവിടെയുള്ള മറു സാധനങ്ങളുമെല്ലാം മോഷ്ടിച്ചുകൊണ്ടു പോകുന്നതിനായി കരു നവരാത്രികാലത്തു ചില കള്ളന്മാർ അവിടെ ചെന്നു കയറി. അവിടെ കരു ഭൃത്യൻ കാവൽ കിടക്കുന്നുണ്ടായിരുന്നു. അവൻ ക്ലാം വലിക്കുന്നതു കേട്ടു നല്ല ഉറക്കമാണെന്നു് അറിഞ്ഞാണു് അകത്തു കള്ളന്മാർ കടന്നതു്. അകത്തു കയറിയ സമയം ആ ഭൃത്യനു തന്നെ ആരോ മൂർദ്ധാവടികൊണ്ടു് അടിക്കുന്നതായി തോന്നുകയാൽ അവൻ പെട്ടെന്നെഴുന്നേറ്റു. അതു കണ്ടു കള്ളന്മാർ പേടിച്ചു കാടിളപ്പായുകയുംചെയ്തു. അവക്കു് കനം മോഷ്ടിച്ചുകൊണ്ടുപോകുവാൻ സാധിച്ചില്ല.

മാക്കു എഴത്തച്ഛന്റെ സ്നേഹിതനായി കൊച്ചിയിൽ ക്കാരൻ എരോമമേനോൻ എന്നു പ്രസിദ്ധനായിട്ടു കരു വിഷവൈദ്യനുണ്ടായിരുന്നു. ആ മനുഷ്യന്റെ സ്ഥിരവാസം ചെന്ത്രപ്പു ക്ഷേത്രം സമീപം കരു സ്ഥലത്തായിരുന്നു. കരു ദിവസം ഉച്ചതിരിഞ്ഞ സമയം ഈ വിഷവൈദ്യനും വേറെ ചില രസികന്മാരുംകൂടി എഴത്തച്ഛന്റെ മാളികയിൽ വെടിപറഞ്ഞു രസിച്ചുകൊണ്ടിരുന്നപ്പോൾ ചില സ്ത്രീകൾ അവിടെ അടുത്തുള്ള വഴിയിൽക്കൂടി പോകുന്നതു കണ്ടു. അന്നു തൃത്താലക്ഷേത്രത്തിൽ ഉത്സവമായിരുന്നതിനാൽ ആ സ്ത്രീകൾ കാഴ്ചശ്രീവേലി കാണാൻ പോവുകയായിരുന്നു. അവരെക്കണ്ടപ്പോൾ വിഷവൈദ്യൻ മേനോൻ "വിഷവൈദ്യന്മാർ മന്ത്രശക്തികൊണ്ടു പാമ്പുകളെ വരുത്തി വിഷമെടുപ്പിക്കാറുണ്ടു്. അതുപോലെ എഴത്തച്ഛനും മന്ത്രശക്തികൊണ്ടു് ആ സ്ത്രീകളെയെല്ലാം ഇവിടെ വരു

Digitized By Kerala Sahitya Akademi

ത്താമോ?'' എന്നു ചോദിച്ചു. അതിനു മറുപടിയായി എഴുത്തച്ഛൻ ''എന്താഭാസത്തരമാണു് മേനോൻ പറയുന്നതു്? കരുകായ്വുംകൂടാതെ അന്യസ്ത്രീകളെ ഇങ്ങോട്ടു വരുത്തുന്നതു മയ്യാദയാണോ?'' എന്നു ചോദിച്ചു. ''അവരെ ഇവിടെ വരുത്തുകയെന്നുള്ളതു് അസാദ്ധ്യമാകയാലല്ലേ ഈ തത്വജ്ഞാനം പറയുന്നതു്?'' എന്നു മേനോൻ വീണ്ടും ചോദിച്ചു. എഴുത്തച്ഛൻ അവിടെയിരുന്നുകൊണ്ടു് ആ സ്ത്രീകളുടെ നേരെ കണ്ണു നോക്കി. സ്ത്രീകളെല്ലാം വഴിതെറ്റി. എഴുത്തച്ഛന്റെ പടിക്കലേയ്ക്കു നടന്നുതുടങ്ങി. അടുത്തു വന്നപ്പോൾ ആ സ്ത്രീകൾ മേനോന്റെ വീട്ടിലുള്ളവർതന്നെയാണെന്നു മനസ്സിലാവുകയും അവരെ യഥായോഗ്യം സൽക്കരിച്ചയയ്ക്കുന്നതിനു് എഴുത്തച്ഛൻ സഭാഗൃഹത്തിലുള്ള സ്ത്രീകളെ വിളിച്ചു പറയുകയും വന്ന സ്ത്രീകൾ യാത്രയായപ്പോൾ ''ഘോഷങ്ങൾ കണ്ടു് അമ്പലത്തിൽ അധികം താമസിക്കരുതു്. നേരം ഇരുട്ടുന്നതിനു മുമ്പു വീട്ടിലേയ്ക്കു പോകണം'' എന്നു പറഞ്ഞയയ്ക്കുകയുംചെയ്തു. അവിടെ കൂടിയിരുന്നവരെല്ലാം മേനോനെ പരിഹസിക്കുകയാൽ മേനോൻ ഏറ്റവും ഇളിഭ്യനായിത്തീർന്നു.

തിരുവിതാംകൂർ മഹാരാജവംശത്തെ നശിപ്പിക്കുന്നതിനായി കരിക്കൽ ചില ശത്രുക്കൾ ചില ആഭിചാരക്കാരെക്കൊണ്ടു ചില മാരണഭേദകങ്ങളെ വിടുവിച്ചു. ആ ബാധകളുടെ ഉപദ്രവം അവിടെ ദുസ്സഹമായിത്തീരുകയാൽ പലരെക്കൊണ്ടും പല മന്ത്രവാദങ്ങൾ ചെയ്യിച്ചിട്ടു് ഒരു ഫലവുമുണ്ടായില്ല. കടുക്കം കല്പനപ്രകാരം മാക്കു എഴുത്തച്ഛനെ തിരുവനന്തപുരത്തു കൊണ്ടുപോയി. എഴുത്തച്ഛൻ ചുരുക്കത്തിൽ മൂന്നു ദിവസത്തെ മന്ത്രവാദംകൊണ്ടു് ആ ബാധകളെ കഴിച്ചു. പിണിയാളിരുത്തിത്തുള്ളിച്ചു സത്യം ചെയ്യിച്ചാണു് എഴുത്തച്ഛൻ ആ ദേവതകളെ കഴിച്ചുവിട്ടതു്. മഹാരാജാവു തിരുമനസ്സുകൊണ്ടു വളരെ സന്തോഷിച്ചു് എഴുത്തച്ഛന്റെ രണ്ടു കൈയ്ക്കും പീരശ്ശംഖലയും മറ്റും കൊടുത്തു സബഹുമാനം പറഞ്ഞയച്ചു. ഇങ്ങിനെ മാക്കു എഴുത്തച്ഛന്റെ അത്ഭുതകർമ്മങ്ങൾ പറഞ്ഞു

Digitized By Kerala Sahitya Akademi

തുടങ്ങിയാൽ അവസാനമില്ലാതെയുണ്ട്. മുഴുവനും പറഞ്ഞു തീക്കുന്ന കാര്യം അസാദ്ധ്യമാകയാൽ അതിനായിത്തുനിയുന്നില്ല.

മാക്കു എഴുത്തച്ഛന്റെ ശിഷ്യനായി കുഞ്ഞുണ്ണി എഴുത്തച്ഛൻ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം വലിയ മന്ത്രവാദിയും അനേകം അത്ഭുതകർമ്മങ്ങൾ ചെയ്തിട്ടുള്ള ആളുമായിരുന്നു. അദ്ദേഹത്തിന്റെ അത്ഭുതകർമ്മങ്ങൾ കണ്ടറിഞ്ഞിട്ടുള്ളവർതന്നെ ഇപ്പോൾ പലരുള്ളതിനാൽ അവയെപ്പറ്റി അധികം വിസ്തരിക്കുന്നില്ല.

കുഞ്ഞുണ്ണിയെഴുത്തച്ഛൻ കരിക്കൽ ഒരു കിണറു കെട്ടിച്ചപ്പോൾ അതിനു പാലം വെയ്ക്കുന്നതിനായി ഒരു കരിങ്കല്ല് എടുത്തുകൊണ്ടുവരുവാൻ സ്വന്തം ഭൃത്യന്മാരായ രണ്ടുപേരെയും അഞ്ചെട്ടു കൂലിക്കാരെയുംകൂടി പറഞ്ഞയച്ചു. കല്ലു രണ്ടുമൂന്നു പറമ്പിട അകലെയാണ് കിടന്നിരുന്നതു്. അതിനു വളരെ നീളവും വീതിയും കനവുമുണ്ടായിരുന്നു. അയയ്ക്കപ്പെട്ടവർ ചെന്നു പിടിച്ചുനോക്കീട്ടു കല്ലൊന്നിളക്കാൻപോലും സാധിച്ചില്ല. ആ വിവരം ഭൃത്യന്മാർ എഴുത്തച്ഛന്റെ അടുക്കൽച്ചെന്നു പറഞ്ഞു. "എന്നാൽ ഞാൻ വരാം. നിങ്ങൾ രണ്ടുപേരും മാത്രം എന്റെ കൂടെ വന്നാൽ മതി" എന്നു പറഞ്ഞു് എഴുത്തച്ഛൻ ഒരു മുളവടിയുമെടുത്തുകൊണ്ടു് ആ ഭൃത്യന്മാരോടുകൂടിപ്പോയി. കല്ലുകിടന്ന സ്ഥലത്തുചെന്നു് എഴുത്തച്ഛൻ മുളവടികൊണ്ടു കല്ലിന്മേലൊന്നു തൊട്ടു. "ഇനി കല്ലെടുത്തു നോക്കുവിൻ" എന്നു ഭൃത്യന്മാരോടു പറഞ്ഞു. അവർ രണ്ടുപേരുംകൂടി അക്കല്ലു നിഷ്പ്രയാസമെടുക്കുകയും എഴുത്തച്ഛൻ ആ മുളവടികൊണ്ടു കല്ലിന്മേൽ തൊട്ടുകൊണ്ടിരിക്കുകയും അങ്ങിനെ കല്ലു് അനായാസേന എഴുത്തച്ഛൻ വീട്ടിൽ കൊണ്ടുചെരികയും ചെയ്തു. ഈ എഴുത്തച്ഛനും ഗണപതിയെസ്സേവിച്ചു പ്രത്യക്ഷപ്പെടുത്തീട്ടുള്ള ആളായിരുന്നു. (ഈ കുഞ്ഞുണ്ണി എഴുത്തച്ഛൻ മരിച്ചിട്ടു് ഇപ്പോൾ 19 കൊല്ലമേ ആയിട്ടുള്ളൂ.)

കുഞ്ഞുണ്ണിയെഴുത്തച്ഛന്റെ മകനായി കുഞ്ഞനെഴുത്തച്ഛൻ

Digitized By Kerala Sahitya Akademi

എന്നൊരാളുണ്ടായിരുന്നു. അദ്ദേഹവും വലിയ മന്ത്രവാദിയായിരുന്നു.

എഴത്തച്ഛന്റെ വീട്ടിനുസമീപം ഒരു മനയ്ക്കൽ ഒരു കുടിപെയ്യടിയന്തരത്തിനു ക്ഷണിച്ചിരുന്നതിനാൽ കൃഷ്ണനെഴത്തച്ഛനും അവിടെപ്പോയിരുന്നു. അതൊരു കടുത്ത വേനൽക്കാലത്തായിരുന്നതിനാൽ മഴയുണ്ടാവുകയില്ലെന്നു വിചാരിച്ചു സദ്യയ്ക്കിലവെയ്ക്കുന്നതിനു മുറത്തു പന്തലാണിട്ടിരുന്നത്. സദ്യയ്ക്കില ചെയ്യാറായപ്പോൾ ഇടിയും മിന്നലും മഴക്കാറും കലശലാവുകയും ഉടനെ മഴ തുടങ്ങുന്നതിനുള്ള ലക്ഷണങ്ങളെല്ലാം കണ്ടുതുടങ്ങുകയും ചെയ്തു. അപ്പോൾ അവിടെ കൂടിയിരുന്നവരും ഇല്ലത്തുള്ളവരുമെല്ലാം ഏറ്റവും വിഷണ്ണരായിത്തീർന്നു. ഗൃഹസ്ഥൻനമ്പൂരി എഴത്തച്ഛന്റെ അടുക്കൽച്ചെന്നു, "കായ്യം വലിയ വിഷ്മത്തിലായല്ലോ. ഇതിനു് എഴത്തച്ഛൻ എന്തെങ്കിലും നിവൃത്തിയുണ്ടാക്കണം" എന്നു പറഞ്ഞു. ഉടനെ എഴത്തച്ഛൻ സ്വഗൃഹത്തിൽപ്പോയി ഒരു ഗ്രന്ഥമെടുത്തുകൊണ്ടുവന്നഴിച്ചു രണ്ടായിപ്പകുത്തു പന്തലിന്റെ മുകളിൽ വെച്ചു. ആ ഇല്ലപ്പറമ്പിന്റെ അതിരുവരെ നാലുവശങ്ങളിലും അതികലശലായി മഴ പെയ്തു. അവിടെ മാത്രം പെയ്തില്ല. എല്ലാവരും വളരെ വിസ്മയിച്ചു. നമ്പൂരി എഴത്തച്ഛനെ യഥേഷ്ടം ഊണു കഴിപ്പിച്ചു ചില സമ്മാനങ്ങളും കൊടുത്തു സന്തോഷിപ്പിച്ചയച്ചു.

വിദ്വാൻ മാനവിക്രമൻ ഏട്ടൻതമ്പുരാൻ എന്നു പ്രസിദ്ധനായിരുന്നു തീപ്പെട്ടുപോയ സാമൂതിരിപ്പാടു തമ്പുരാൻ തിരുമനസ്സിലേയ്ക്കുണ്ടായിരുന്ന കാസരോഗം ഇദ്ദേഹമാണു് ഭേദപ്പെടുത്തിയതു്. ഇദ്ദേഹത്തിനു വൈദ്യവുമുണ്ടായിരുന്നു.

ഒരു സജ്ജനഗൃഹത്തിൽ ഒരു കല്യാണത്തിനു കിണ്ടിപോരാതെയിരുന്നതിനാൽ ആ വീട്ടുകാർ ആഞ്ചെട്ടു കിണ്ടിക്കായി കൃഷ്ണനെഴത്തച്ഛന്റെ അടുക്കൽ ആളയച്ചു. ആ ചെന്ന ആളോടു് എഴത്തച്ഛൻ "കിണ്ടി അവിടെയുള്ളതുകൊണ്ടു

Digitized By Kerala Sahitya Akademi

മതിയാകും; പോരെങ്കിൽ ഞാനവിടെ വരുമ്പോൾ ഉണ്ടാക്കി ക്കൊള്ളാം" എന്നു പറഞ്ഞ് ആ ആളെ മടക്കിയയച്ചു. എഴു ത്തച്ഛൻ കല്യാണവീട്ടിൽ ചെന്നപ്പോൾ എങ്ങിനെയോ എ ന്തോ അവിടെ വേണ്ടതിലധികം കിണ്ടി കാണപ്പെട്ടു.

ഈ എഴുത്തച്ഛൻ വലിയ കാളഭ്രാന്തനായിരുന്നു. നല്ല കാള എവിടെയുണ്ടെന്നു കേട്ടാലും എന്തു വിലകൊടുത്തും അ ദ്ദേഹം വാങ്ങും.

ഒരിക്കൽ അദ്ദേഹം വലിയ വില കൊടുത്തു രണ്ടു കാള കളെ വാങ്ങി. കണ്ടത്തിൽ പൂട്ടാനായി അവയെക്കൊണ്ടുപോ യി നുകം വെപ്പുകെട്ടിയപ്പോൾ രണ്ടു കാളകളും കിടന്നു. പൂട്ടു കാർ പഠിപ്പിച്ച വിദ്യകളൊക്കെ പ്രയോഗിച്ചുനോക്കീട്ടും കാള കളെ എണീപ്പിക്കാൻ കഴിഞ്ഞില്ല. "ഈ ശവങ്ങൾക്ക് ഇത്ര വ ലുതെ വിലകൊടുത്ത് ഇദ്ദേഹം വാങ്ങിയല്ലോ. ഇതു മഹാകഷ്ട മായിപ്പോയി" എന്നു പറഞ്ഞു കണ്ടു നിന്നിരുന്നവരെല്ലാം പ രിഹസിച്ചു ചിരിച്ചു. അപ്പോൾ എഴുത്തച്ഛൻ ഒരു പുല്ലു പറി ച്ചെടുത്തുകൊണ്ട് അങ്ങോട്ടു ചെന്ന് അതുകൊണ്ടു രണ്ടു കാള കൾക്കും കാരാ അടി വെപ്പുകൊടുത്തു. കാളകൾ എണീറു നടന്നു തുടങ്ങുകയും ചെയ്തു. അതിൽപ്പിന്നെ അക്കാളകൾ പൂ ട്ടാൻ കൊണ്ടുചെന്നു കെട്ടിയാൽ ഒരിക്കലും കിടന്നിരുന്നില്ല.

ചെമ്പുദേശത്തു തന്നെയുള്ള ഒരു വായ്മൂരുടെ ബ്രഹ്മരക്ഷ സ്സിനെ ഒഴിക്കാൻ വേണ്ടുന്ന ഉപകരണങ്ങൾക്ക് എഴുത്തച്ഛൻ ചാർത്തു കൊടുക്കുകയും വായ്മൂരുള്ളവർ സാമാനങ്ങളെല്ലാം ശേ ഖരിച്ചു ചെയ്കുകയും ചെയ്തു. അതിന്റെ ശേഷം കുഞ്ഞനെഴു ത്തച്ഛൻ അവിടെച്ചെന്നു ചില പൂജകളും ഹോമങ്ങളും മറ്റും ആരംഭിച്ചു. ഒരു ചക്രം വരച്ച് അതിൽ ഒരു തൂശനില വെ ച്ചിട്ടു രക്ഷസ്സു ബാധിച്ചിട്ടുള്ള വായ്മൂരെക്കൊണ്ടുവന്ന് ആ ഇല യിലിരുത്താൻ പറഞ്ഞു. അവിടെയുണ്ടായിരുന്നവരെല്ലാം ഇ ണങ്ങിയും പിണങ്ങിയും പല വിധത്തിൽ പറഞ്ഞുനോക്കീട്ടും വായ്മൂർ ആ ഇലയിൽ ചെന്നിരുന്നില്ല. ബലാൽ പിടിച്ചുകൊ ണ്ടുപോകാനായി ശ്രമിച്ചപ്പോൾ വായ്മൂർ ശവംപോലെ നി

Digitized By Kerala Sahitya Akademi

ശ്രേഷ്ഠനായിക്കിടന്നുകളഞ്ഞു. ഒരു നിവൃത്തിയുമില്ലെന്നായപ്പോൾ പൂജ കഴിച്ചുകൊണ്ടിരുന്ന എഴുത്തച്ഛന്റെ അടുക്കൽ ചെന്നു വിവരം പറഞ്ഞു. എഴുത്തച്ഛൻ ഉടനെ ഒരുപിടി അരിയും പൂവും വാരിയെടുത്തു ജപിച്ചുകൊടുത്തു് അതു് ആ വാല്യരുടെ ശിരസ്സിൽ കൊണ്ടുചെന്നിടാൻ പറഞ്ഞു. അരിയും പൂവും ശിരസ്സിലിട്ട ക്ഷണത്തിൽ വാല്യരെണീറു് ആ തൂശനിലയിൽചെന്നിരുന്നു. എഴുത്തച്ഛൻ ഭസ്മം ജപിച്ചിട്ടു തുള്ളിക്കുകയും രക്ഷസ്സു സത്യം ചെയ്തു് കഴിഞ്ഞുപോവുകയും ചെയ്തു.

ഈ കുഞ്ഞനെഴുത്തച്ഛൻ മരിച്ചിട്ടു് ഇപ്പോൾ കൻപതു കൊല്ലമേ ആയിട്ടുള്ളൂ. ഇദ്ദേഹത്തിന്റെ മകനാണു് ഇപ്പോൾ തറവാട്ടിൽക്കാരണവരായിരിക്കുന്ന കുഞ്ഞുചെഴുത്തച്ഛൻ. അദ്ദേഹവും നല്ല മന്ത്രവാദിയാണു്.

ചെമ്പുയെഴുത്തച്ഛന്മാർ മന്ത്രവാദം ചെയ്യണമെങ്കിൽ ആദ്യംതന്നെ അവരുടെ പൗരോഹിത്യകർമ്മത്തിനായി ആറണ അവിടെക്കൊടുക്കണം. ഇതു മുൻപിനാലെ ഉള്ള പതിവാണു്. പിന്നെ വല്ലതും കൊടുത്താലും കൊടുത്തില്ലെങ്കിലും യാതൊരു വിരോധവുമില്ല. വല്ലതും കൊടുത്താൽ വിശേഷിച്ചൊരു പ്രതിഫലത്തിയും കൊടുക്കാഞ്ഞാൽ വിപ്രതിഫലത്തിയും രണ്ടും അവക്കില്ല. അവർ ധനത്തിനായിട്ടല്ല, പരോപകാരാർത്ഥമായിട്ടാണു് മന്ത്രവാദം ചെയ്യുന്നതു്. അന്യന്മാക്കു സുഖവും തങ്ങൾക്കു യശസ്സുമുണ്ടാകണമെന്നുള്ള വിചാരമേ അവക്കുള്ളൂ. മാക്കു എഴുത്തച്ഛന്റെ കാലം മുതൽ ഇതുവരെ അതിനു യാതൊരു വ്യത്യാസവും വന്നിട്ടില്ല.

മാക്കു എഴുത്തച്ഛന്റെ കാല്ത്തു് അദ്ദേഹത്തിന്റെ പടിപ്പുരമാളികയിൽ ദിവസംപ്രതി അനേകം യോഗ്യന്മാർ വന്നുകൂടുകയും മൃദംഗവായന, വീണവായന, പാട്ടു മുതലായവയും ചതുരംഗക്കളി, ചെപ്പടിവിദ്യ മുതലായവയും പതിവായിരുന്നു. ഇതു കൂടാതെ എഴുത്തച്ഛൻ ശ്രീകൃഷ്ണന്റെ ഒരു ചിത്രംചെച്ചു് അതിന്റെ മുൻപിലിരുന്നു പതിവായി ഭാഗവതം വായിക്കുകയും ചെയ്തിരുന്നു. ആ ചിത്രം ഇപ്പോഴും അവിടെ ഇരി

Digitized By Kerala Sahitya Akademi

ക്കുന്നുണ്ട്. ഭാഗവതപാരായണം ഇപ്പോഴും അവിടെ പ്രതിദിനം പതിവായി നടത്തിവരുന്നുമുണ്ട്. കാലക്രമംകൊണ്ട് ആ ചിത്രത്തിനു ഭഗവൽസാന്നിദ്ധ്യമുണ്ടായിത്തീരുകയാൽ ആ മാളികയിൽ രാത്രികാലങ്ങളിൽ ചില ദിവ്യന്മാർ വന്നുപോകുന്നുണ്ടെന്നാണ് വിശ്വാസം. അതിനാൽ ആ പടിപ്പുരമാളികയിൽ രാത്രിയിൽ മനുഷ്യരാരും കിടക്കാറില്ല. അവിടെക്കിടന്നുറങ്ങുന്നവരെ ആരോ ഉരുട്ടിത്താഴെയിടുമെന്നുള്ളതു് തീച്ചയാണ്. രാത്രിയിൽ ചിലപ്പോൾ ആ മാളികയിൽ പാട്ടും വീണവായ്നായും മറ്റും കേൾക്കാറുണ്ടായിരുന്നുവെന്നല്ല, ഇപ്പോഴും ചിലപ്പോൾ കേൾക്കാം. ആ ഞായർ, ചൊവ്വ, വെള്ളി ഈ ആഴ്ചകളിലാണ്. ആകപ്പാടെ നോക്കിയാൽ ചെമ്പുയെഴുത്തച്ഛന്മാരുടെ വീട് ഒരു ദിവ്യസ്ഥലമാണെന്നതന്നെ പറയേണ്ടിയിരിക്കുന്നു.

* ൭ കൊച്ചിശ്ശുകൻതമ്പുരാൻ തിരുമനസ്സുകൊണ്ട്.

അമാനുഷപ്രഭാവനായിരുന്ന ശുകൻതമ്പുരാൻ തിരുമനസ്സിലേക്കുറിച്ചു കേട്ടിട്ടില്ലാത്തവരായി കേരളത്തിൽ ആരും തന്നെ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആ തിരുമേനി പ്രവർത്തിച്ചിട്ടുള്ള കടുംകൈകളേക്കുറിച്ചു കേട്ടാൽ അവിടുന്നു നീതിയും മര്യാദയുമില്ലാത്ത ക്രൂരനും അക്രമിയുമായിരുന്നു എന്നും ഇക്കാലത്തുള്ള ചില പരിഷ്കാരികൾക്കു തോന്നിയേയ്ക്കാം. എന്നാൽ വാസ്തവമങ്ങിനെയല്ല. അവിടുന്നു രാജ്യത്തു നീതി നടക്കണമെന്നും അക്രമങ്ങളൊന്നുമുണ്ടാകരുതെന്നും ജനങ്ങൾ സദാ സമാധാനത്തോടുകൂടി സൈ്വരമായി വസിക്കണമെന്നും

---

* ഇതു് കൊച്ചി നാടുവാഴിയായിരുന്ന തീപ്പെട്ടുപോയ കേരളവർമ്മ (കുഞ്ഞിക്കിടാവു) തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചെഴുതിത്തന്ന നോട്ടുകളനുസരിച്ചാണെന്നു ഞാൻ എഴുതിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

ആക്കം കരുവിധത്തിലും യാതൊരു സ്കടവും നേരിടരുതെന്നും വളരെ നിർബ്ബന്ധമുള്ള ആളായിരുന്നു. ആ നിർബ്ബന്ധത്തെ പാലിക്കാനായി അവിടുന്നു ചിലപ്പോൾ ചില കഠിനപ്രവൃത്തികൾ ചെയ്തിട്ടില്ലെന്നില്ല. എന്നാൽ അതെല്ലാം ദുഷ്ടന്മാരോടു മാത്രമാണു്. സാധുക്കളെ അവിടുന്നു് കരിക്കലും കരുവിധത്തിലും സങ്കടപ്പെടുത്തീട്ടില്ല. ദുഷ്ടന്മാരെ ശിക്ഷിക്കുകയും ശിഷ്ടന്മാരെ രക്ഷിക്കുകയുമാണല്ലോ രാജധർമ്മം. അതിനുവേണ്ടി ചില കഠിനമൈക്കൾ പ്രയോഗിച്ചാലും അതു് കരിക്കലും അനീതിയായി വരുന്നതല്ലല്ലോ. പിന്നെ, അക്കാലത്തു ജനങ്ങൾക്കു് ഇപ്പോഴത്തെപ്പോലെ വിദ്യാഭ്യാസമോ രാജഭക്തിയോ വിവേകമോ കനമുണ്ടായിരുന്നില്ല. കേവലം മൂഢന്മാരും അക്രമികളും അവിവേകികളുമായവരോടു ധർമ്മശാസ്ത്രപ്രകാരം മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്നാൽ രാജ്യത്തു നീതി നടത്താനും സമാധാനമുണ്ടാക്കാനും സാധിക്കയില്ലല്ലോ. അതിനാൽ അവിടുന്നു കാലമറിഞ്ഞു പ്രവർത്തിച്ചിരുന്നു എന്നു മാത്രമേ വിചാരിക്കാനുള്ളു.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവവതാരംചെയ്തരുളിയതു കൊല്ലം 728-ാമാണ്ടു കർക്കടകമാസം 10-ാംനു-വ്യാഴാഴ്ചയും പൂയം നക്ഷത്രവും അമാവാസി തിഥിയുംകൂടിയ സമയത്തായിരുന്നു. അക്കാലത്തു കൊച്ചി രാജകുടുംബത്തിലുള്ളവർ താമസിച്ചിരുന്നതു വെള്ളാരപ്പിള്ളിയിലുള്ള കോവിലകത്തായിരുന്നതിനാൽ അവിടെവെച്ചായിരുന്നു തിരുമനസ്സിലെ തിരുവവതാരം. ആ കോവിലകം ഇപ്പോഴുമുണ്ടു്.

തിരുമനസ്സിലെ തിരുവവതാരസമയം ജ്യോതിശ്ശാസ്ത്രപ്രകാരം അത്ര ശുഭപ്രദമല്ലായിരുന്നു. അതിനാൽ അവിടെ എല്ലാവർക്കും വിശേഷിച്ചു അമ്മതമ്പുരാട്ടിക്കും വളരെ മനസ്താപമുണ്ടായി. അക്കാലത്തു് അവിടെ സമീപത്തുള്ള കരു ക്ഷേത്രത്തിൽ ദിവ്യനായ കരു സന്ന്യാസി താമസിച്ചിരുന്നു. അമ്മതമ്പുരാട്ടി തന്റെ പുത്രനു കഷ്ടാരിഷ്ടതകളെല്ലാം നീങ്ങി മേലിൽ ക്ഷേമം സിദ്ധിക്കുന്നതിലേയ്ക്കു് എന്തെങ്കിലും മാർഗ്ഗമുണ്ടോ

Digitized By Kerala Sahitya Akademi

കിത്തരണമെന്നു് ഒരു പ്രതിപുരുഷൻമുഖാന്തരം ആ സന്ന്യാസിയോടപേക്ഷിച്ചു. ആ സന്ന്യാസി കുറെ പൂവെടുത്തു ജപിച്ചു് "ഈ പൂവു കൊണ്ടുപോയി രാജകുമാരനെക്കിടത്തിയിരിക്കുന്ന കിടക്കയുടെ ചുവട്ടിലിട്ടാൽ മതി. സകല ദോഷങ്ങളും നീങ്ങി രാജകുമാരൻ മേലിൽ കേങ്കേമനായിത്തീരും" എന്നു പറഞ്ഞു കൊടുത്തയയ്ക്കുകയും ആ പ്രതിപുരുഷൻ ആ പൂവു കൊണ്ടുപോയി രാജകുമാരന്റെ മെത്തയുടെ ചുവട്ടിൽ ഇടുവിക്കുകയുംചെയ്തു.

ശകുതൻ തിരുമനസ്സിലെ തിരുവവതാരം പൂയം രണ്ടാംകാലിൽ (അമ്മകാലിൽ) ആയിരുന്നതുകൊണ്ടോ എന്തോ അവിടെയ്ക്കു് ഏകദേശം മൂന്നു തിരുവയസ്സായപ്പോഴയ്ക്കും അമ്മത്തമുരാട്ടി തീപ്പെട്ടുപോവുകയാൽ പിന്നീടു തിരുമേനിയെ വേണ്ടതുപോലെ പരിചരിച്ചു വളർത്തിയതു് അവിടുത്തെ ചിറമ്മത്തമ്പുരാട്ടിയായിരുന്നു. തിരുമനസ്സുകൊണ്ടു് ആ ചിറമ്മയെ ആജീവനാന്തം പെറമ്മയെപ്പോലെതന്നെ വിചാരിക്കുകയുംചെയ്തിരുന്നു.

യഥാകാലം വേണ്ടതുപോലെ വിദ്യാഭ്യാസവും ആയുധാഭ്യാസവും ചെയ്തിക്കുകയാൽ, ബുദ്ധിശാലിയായിരുന്ന ശകുതൻ തിരുമനസ്സുകൊണ്ടു ചെറുപ്പത്തിൽത്തന്നെ നല്ല വിദ്വാനും യുദ്ധവിശാരദനുമായിത്തീർന്നു. ധീരതയും ശൂരതയും അവിടെയ്ക്കു പ്രകൃത്യാതന്നെ ഉണ്ടായിരിക്കുകയും ചെയ്തു. ൻമ്പതാമാണ്ടിനു ശേഷം രാജകുടുംബത്തിലുള്ളവരെല്ലാം സ്ഥിരവാസം വെള്ളാരപ്പിള്ളിയിൽനിന്നു മാറി തൃപ്പൂണിത്തുറെ ആക്കിയതിനാൽ ശകുതൻ തിരുമനസ്സിലെ വിദ്യാഭ്യാസവും മറും തൃപ്പൂണിത്തുറെവെച്ചുതന്നെയായിരുന്നു. അവിടെയ്ക്കു പത്തു തിരുവയസ്സായപ്പോഴയ്ക്കും നാലാംക്ലാസെന്നുള്ള സ്ഥാനം സിദ്ധിച്ചു. അപ്പോൾ മുതൽക്കു തന്നെ തിരുമനസ്സിലെ ധീരതയും ശൂരതയും കുറേശ്ശ വെളിപ്പെട്ടുതുടങ്ങുകയും അവിടെയ്ക്കു പതിനാറു തിരുവയസ്സായപ്പോഴയ്ക്കും 'ശകുതൻ' എന്നുള്ള തിരുനാമധേയം ചില കാരണങ്ങളാൽ പ്രസിദ്ധമായിത്തീരുകയും ചെയ്തു.

Digitized By Kerala Sahitya Akademi

കരിക്കൽ കണ്ട നമ്പൂരി കുറെ പണവുംകൊണ്ടു തൃപ്പൂണി ത്തുറെനിന്നും എറണാകുളത്തേക്കു പുറപ്പെട്ടു. വഴിക്കുവച്ചു ചില മാപ്പിളമാർ കൂടി പണം തട്ടിപ്പറിച്ചുകൊണ്ടു പോവുക യാൽ നമ്പൂരി വ്യസനാക്രാന്തനായി തൃപ്പൂണിത്തുറയ്ക്കുതന്നെ മടങ്ങുകയും വലിയതമ്പുരാൻ തിരുമനസ്സിലത്തിരുമുമ്പാകെ ച്ചെന്ന വിവരമെല്ലാം തിരുമനസ്സറിയിക്കുകയും ചെയ്തു. വലി യതമ്പുരാൻ തിരുമനസ്സുകൊണ്ടു വർത്തമാനമെല്ലാം കേട്ടതി ന്റെ ശേഷം "സൂക്ഷിച്ചു നടക്കേണ്ടതായിരുന്നു. അതിനിപ്പറ ഞ്ഞതുകൊണ്ടു പ്രയോജനമൊന്നുമില്ലല്ലോ. ആട്ടെ, ഉണ്ണിയു ടെ അടുക്കൽ വിവരമറിയിക്കു. എന്തെങ്കിലും നിവൃത്തിയുണ്ടാ ക്കും" എന്നാണു് അരുളിച്ചെയ്തതു്. (വലിയ തമ്പുരാൻ തിരു മനസ്സുകൊണ്ടു ശക്തൻ തിരുമേനിയെ 'ഉണ്ണി' എന്നാണു് വിളിച്ചിരുന്നതു്.) കല്പനകേട്ട നമ്പൂരി ശക്തൻ തിരുമനസ്സി ലെ തിരുമുൻപാകെയെത്തി വിവരമറിയിച്ചു. അപ്പോൾ ശ ക്തൻ തിരുമനസ്സുകൊണ്ടു കളിക്കോട്ടയുടെ (ഇപ്പോൾ തമ്പു രാക്കന്മാരുടെ ഇംഗ്ലീഷുസ്കൂളായി ഉപയോഗിച്ചുവരുന്ന കെട്ടി ടത്തിന്റെ) മുറ്റത്തു പന്തുകളിച്ചുകൊണ്ടു നില്ക്കുകയായിരു ന്നു. നമ്പൂരി വിവരമെല്ലാമറിയിച്ചുകഴിഞ്ഞപ്പോൾ "അമ്മാ മന്റെ അടുക്കൽ അറിയിക്കാമായിരുന്നല്ലോ" എന്നു കല്പിച്ചു. ഉടനെ നമ്പൂരി "അവിടെ അറിയിച്ചിട്ടു് ഇവിടെ അറിയി ക്കാനാണു് കല്പിച്ചതു്" എന്നറിയിച്ചു. "എന്നാൽ നമ്പൂരി ഇവിടെ നില്ക്കു. ഞാൻ അമ്മാമന്റെ തിരുമുൻപിലൊന്നു പോയിവരാം. എന്നരുളിച്ചെയ്തിട്ടു ശക്തൻ തിരുമനസ്സുകൊ ണ്ടു് അവിടെനിന്നെഴുന്നള്ളി വലിയതമ്പുരാൻ തിരുമനസ്സി ലെ തിരുമുൻപിലെത്തി അപ്പോൾ വലിയ തമ്പുരാൻ തിരുമ നസ്സുകൊണ്ടു് "എന്താ ഉണ്ണീ! നമ്പൂരിയുടെ വർത്തമാനമെ ല്ലാം കേട്ടില്ലേ? വലിയ കഷ്ടമായിപ്പോയി. ഇനി മേലാലെങ്കി ലും വഴിക്കു് ഇപ്രകാരമുള്ള അക്രമങ്ങളും മറ്റും നടക്കാതെയി രിക്കുന്നതിനു വേണ്ടുന്ന മാർഗ്ഗമാലോചിക്കണം. ഉണ്ണി എന്താ കണ്ടതും വിണ്ടാത്തതു്?"

Digitized By Kerala Sahitya Akademi

ശകുന്തൻതമ്പുരാൻ—അമ്മാമന്റെ തിരുവുള്ളമുണ്ടെങ്കിൽ എ ന്തെങ്കിലും നിവൃത്തിമാർഗ്ഗമുണ്ടാക്കാൻ ശ്രമിച്ചുനോക്കാം.

ചലിയതമ്പുരാൻ—ഉണ്ണി ചെയ്യുന്നതൊക്കെ എനിക്കു സമ്മ തമാണു്. എന്തെങ്കിലും ചെയ്തുകൊള്ളു. എല്ലാം ഞാൻ അ നുവദിച്ചിരിക്കുന്നു. ഉണ്ണി കുറച്ചുദിവസം എറണാകുളത്തു പോയിത്താമസിക്കണം. എന്നാൽ മതിയെന്നാണു് തോ ന്നുന്നതു്. എന്താ അതിനു വിരോധമുണ്ടോ?

ശകുന്തൻ—ഒരു വിരോധവുമില്ല. കല്പനപോലെ ചെയ്യാം.

ച. തമ്പുരാൻ—എന്നാൽ നാളെത്തന്നെ പോകണം. അവി ടെത്താമസിക്കുന്നതിനു വേണ്ടതെല്ലാം ഇപ്പോൾത്തന്നെ ചട്ടംകെട്ടിയേയ്ക്കാം. നമ്പൂരിക്കു പോയ വണവും കൊടു ത്തയയ്ക്കുകയുംചെയ്യാം.

ശകുന്തൻ—നമ്പൂരിക്കു വണം കൊടുത്തയയ്ക്കാൻ ഞാൻ പോ യി വന്നിട്ടു മതി. അതുവരെ ഇവിടെത്താമസിക്കട്ടെ.

ച. തമ്പുരാൻ—എന്നാൽ ഇഷ്ടംപോലെയാവട്ടെ.

ശകുന്തൻ തിരുമനസ്സുകൊണ്ടു ചലിയതമ്പുരാൻ തിരുമന സ്സിലെ തിരുമുൻപിൽനിന്നു പിരിഞ്ഞതിന്റെശേഷം നമ്പൂരി കുറച്ചു ദിവസം തൃപ്പൂണിത്തുറത്തന്നെ താമസിക്കുന്നതിനു ചട്ടംകെട്ടീട്ടു പിറേറദ്ദിവസംതന്നെ എറണാകുളത്തെഴുന്നള്ളി ത്താമസം തുടങ്ങി. അതിന്റെ പിറേറദ്ദിവസംതന്നെ അവി ടെ സമീപത്തുള്ള പള്ളികളിലേയ്ക്കെല്ലാം കാരോ കല്പനയയ ച്ചു. "സമീപസ്ഥന്മാരായ മാപ്പിളമാരെല്ലാം അടുത്ത ദിവസം രാവിലെ കാരോ വലിയ കടവും ഒരു മാറു നീളമുള്ള കാരോ ക യറുംകൊണ്ടു് എറണാകുളത്തു കായൽവക്കത്തു് എത്തിക്കൊ ള്ളണം" എന്നായിരുന്നു കല്പനയുടെ സാരം. കല്പനപോലെ അടുത്തദിവസം രാവിലെ ഏകദേശം അഞ്ഞൂറോളം മാപ്പിള മാർ കടവും കയറുംകൊണ്ടു നിശ്ചിതസ്ഥലത്തെത്തി. ശ കുന്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടും അവിടെ എഴുന്നള്ളി "മൂന്നുനാലുദിവസം മുൻപു് ഒരു നമ്പൂരിയുടെ ഏതാനും പ ണം തട്ടിപ്പറിച്ചുകൊണ്ടുപോയതു നിങ്ങളിൽ ആരെല്ലാംകൂടി

Digitized By Kerala Sahitya Akademi

യാണു്: സത്യം പറയണം. അകൃത്യം പ്രവത്തിച്ചവർ കുറ്റം ഏറുപറയുന്നപക്ഷം വലിയ ശിക്ഷകൂടാതെ കഴിക്കാം. ശേഷമുള്ളവക്കു സുഖമായി തിരിയേപ്പോവുകയും ചെയ്യാം. സത്യം വെളിപ്പെടാത്തപക്ഷം നിങ്ങൾ എല്ലാവരും വലിയ കഷ്ടത അനുഭവിക്കേണ്ടതായി വരും" എന്നു് അരുളിച്ചെയ്തിട്ടു മാപ്പിളമാരിലാരും കുറ്റം മറുപടി പറയായ്കയാൽ "ഇവരെയെല്ലാം ഉടനെ മനയ്ക്കൽകൊണ്ടുപോയി ആക്കട്ടെ" എന്നു കല്പിച്ചു. ആ ക്ഷണത്തിൽ രാജഭടന്മാർ മാപ്പിളമാരെ എല്ലാം വലിയ വഞ്ചികളിൽക്കയറ്റിക്കൊണ്ടുപോയി കഴുത്തിൽകുടങ്ങൾകെട്ടി 'കിഴവനച്ചാലിൽ' താഴ്ത്തി. (കൊച്ചിക്കായലിലുള്ള കപ്പൽച്ചാലിനു 'കിഴവനച്ചാൽ' എന്നാണു് പേരു പറഞ്ഞുവരുന്നതു്. ആ സ്ഥലത്തു 'കിഴവന' എന്നപേരായിട്ടു് ഒരു നമ്പൂരിയുടെ ഇല്ലമുണ്ടായിരുന്നു എന്നും അതിനാലാണു് ഈ പേരുണ്ടായതെന്നുമാണു് ഐതിഹ്യം. നമ്പൂരിയുടെ ഇല്ലമുണ്ടായിരുന്ന സ്ഥലമാകയാൽ അതിനു 'മനയ്ക്കൽ' എന്നും പറയാറുണ്ടു്.)

ശേഷമുള്ള മാപ്പിളമാരെല്ലാം അതിനടുത്ത ദിവസം കുടവും കയറുംകൊണ്ടു ഘോഷമാകുന്നതിനു വീണ്ടും ഒരു കല്പനയയച്ചു: തലേദിവസം നടന്ന സംഗതികളെല്ലാം അറിഞ്ഞിരുന്നതിനാൽ വീണ്ടും കല്പന കണ്ടപ്പോൾ മാപ്പിളമാരെല്ലാം ഭയവും വ്യസനവുംകൊണ്ടു് ഏറ്റവും പരവശന്മാരായിത്തീർന്നു. എല്ലാപ്പള്ളികളിൽനിന്നും പ്രമാണികളായിട്ടുള്ള മാപ്പിളമാരെല്ലാം കുറേശ്ശേ പണവുംകൊണ്ടു തിരുമുൻപാകെയെത്തി തിരുമുൽക്കാഴ്ചവച്ചു വന്ദിച്ചുകൊണ്ടു്, "അടിയങ്ങളെ കല്പിച്ചു രക്ഷിക്കണം. അടിയങ്ങളിലാരും അടിയങ്ങളുടെ അറിവോടുകൂടിയും യാതൊരു ദുസ്സാത്യവും പ്രവത്തിച്ചിട്ടില്ല. കഥയില്ലാത്ത വികൃതികളിലാരോ ആണു് ഈ അകൃത്യം പ്രവത്തിച്ചിട്ടുള്ളതു്. അവർ ഇന്നലത്തെ ശിക്ഷയിലകപ്പെട്ടിട്ടുണ്ടായിരിക്കണം. ഇനി മേലാൽ അടിയങ്ങളുടെ ജാതിക്കാരിലാരും ഇങ്ങി

Digitized By Kerala Sahitya Akademi

നെയുള്ള ദുഷ്ടത്യങ്ങൾ യാതൊന്നും ചെയ്യുന്നതല്ല. അഥവാ മേലാൽ അടിയങ്ങളുടെ ജാതിയിലുള്ളതിൽ ആരെങ്കിലും ഇങ്ങിനെ വല്ലതും പ്രവർത്തിച്ചതായി തിരുമനസ്സറിയുന്നതിനിടയായാൽ അന്നു അടിയങ്ങളെയെല്ലാം കായലിൽകൊട്ടിത്താഴ്ത്തുന്നതു് അടിയങ്ങൾക്കെല്ലാം പൂർണ്ണസമ്മതമാണു്" എന്നു തിരുമനസ്സറിയിച്ചു. "ഇനി മേലാൽ നിങ്ങളുടെ ജാതിക്കാരിൽ നിന്നു യാതൊരു ശല്യവുമുണ്ടാകയില്ലെന്നു നല്ല നിശ്ചയമുണ്ടെങ്കിൽ നിങ്ങൾക്കെല്ലാവർക്കും ഇപ്പോൾ പോകാം. ഇനി ആളയയ്ക്കുമ്പോൾ പറഞ്ഞാൽ മതി" എന്നരുളിച്ചെയ്തു. മാപ്പിളമാരെ മടക്കിയയച്ചിട്ടു ശങ്കരൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അപ്പോൾത്തന്നെ തുപ്പൻനിത്തൂരാച്ചൻഴി.നള്ളുകയും വലിയ തമ്പുരാൻ തിരുമനസ്സിലെ തിരുമുൻപിലെത്തി തിരുമുൽക്കാഴ്ചയായി ലഭിച്ച പണം തിരുമുൻപിൽ വെച്ചു വന്ദിച്ചിട്ടു്, "കള്ളന്മാരുടെ ശല്യം മേലാലുണ്ടാകാതെയിരിക്കത്തക്കവണ്ണം വേണ്ടതുപോലെ ചട്ടംകെട്ടീട്ടുണ്ടു്. ഈ പണം ചില മാപ്പിളമാർ കാഴ്ചവെച്ചതാണു്" എന്നു തിരുമനസ്സറിയിച്ചു. അതു കേട്ടു വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു "വളരെസ്സന്തോഷമായി. ഈ പണം ഉണ്ണിതന്നെ എടുത്തുകൊള്ളൂ" എന്നരുളിച്ചെയ്തു. അപ്പോൾ ശങ്കരൻ തിരുമനസ്സുകൊണ്ടു് "എനിക്കാവശ്യമുണ്ടാകുമ്പോൾ ഞാൻ വാങ്ങിക്കൊള്ളാം. ഇപ്പോൾ ഈ പണം ഇവിടെത്തന്നെ ഇരിക്കട്ടെ" എന്നരുളിച്ചെയ്തിട്ടു് അവിടെനിന്നു് എഴുന്നള്ളി. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു കള്ളന്മാരാൽ ആക്രമിക്കപ്പെട്ട നമ്പൂരിയെ തിരുമുൻപാകെ വരുത്തി ആപ്പണമെല്ലാം അദ്ദേഹത്തിനു കൊടുത്തു. അതു കള്ളന്മാർ തട്ടിപ്പറിച്ചു കൊണ്ടുപോയതിൽ വളരെ അധികമുണ്ടായിരുന്നതിനാൽ നമ്പൂരി ഏറ്റവും സന്തോഷിച്ചു യാത്രയറിയിച്ചുകൊണ്ടുപോയി. ശങ്കരൻ തിരുമനസ്സിലെ കടുംകൈപ്രയോഗങ്ങളിൽ ഇതു് ഒന്നാമത്തേതാണു്.

൯൫൰ാമാണ്ടു കന്നിമാസം ൧൮ാംനു- ശങ്കരൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു 'പീരുമേകരള' (മൂന്നാംകൂർ) തമ്പുരാൻ എന്നു

Digitized By Kerala Sahitya Akademi

സ്ഥാനം ലഭിച്ചു. അവിടെയ്ക്കു മുപ്പുത തിരുവയസ്സു തികഞ്ഞതിന്റെ ശേഷം ൻ൭ൈ൦മാണ്ടിടയ്ക്കു് ഒരു നൈത്യാരമ്മയെ ഉണ്ടാക്കണമെന്നു തോന്നുകയും വലിയ തമ്പുരാൻ തിരുമനസ്സിലെ അനുവാദത്തോടുകൂടി തൃശ്ശിവപേരൂർനിന്നു് ഒരു .യുവതിയെ വരുത്തി നൈത്യാരമ്മയാക്കുകയും നൈത്യാരമ്മയ്ക്കു വേണ്ടതെല്ലാം ആനേപഷിച്ചും ചട്ടംകെട്ടിയും കൊടുക്കുന്നതിനു ചെറുപറമ്പത്തു കുഞ്ഞിട്ടിമേനോൻ എന്ന ആളെ കല്പിച്ചു നിയമിക്കുകയും ചെയ്തു. ഈ മേനോൻ ചെറുപ്പംമുതൽ തിരുമനസ്സിലെക്കുടെത്താമസിച്ചു് ഏറവും പരിചയവും വിശ്വസ്തതയും സ്വാമിഭക്തിയും സിദ്ധിച്ചിട്ടുള്ള ആളും തിരുമനസ്സിലേയ്ക്കും നൈത്യാരമ്മയ്ക്കും തൃപ്തിയാകുംവണ്ണം വേണ്ടതെല്ലാം ആനേപഷിച്ചുകൊണ്ടിരിക്കുകയും അധികം കാലതാമസംകൂടാതെ തിരുമനസ്സിലേയ്ക്കു് ആ നൈത്യാരമ്മയിൽനിന്നു് ഒരു സ്ത്രീസന്താനം ജനിക്കുനയും ചെയ്തു.

അനന്തരം കുറച്ചു കാലം കഴിഞ്ഞപ്പോൾ കുഞ്ഞിട്ടിമേനോന്റെ നടപടികളെപ്പറ്റി തിരുമനസ്സിലേയ്ക്കു ചില സംശയങ്ങൾ തോന്നിത്തുടങ്ങുകയും സൂക്ഷ്മാനേപഷണങ്ങൾ നടത്തിയപ്പോൾ സംഗതി വാസ്തവമാണെന്നു ബോധപ്പെടുകയും ചെയ്കയാൽ തിരുമനസ്സുകൊണ്ടു് ഒരു ദിവസം കുഞ്ഞിട്ടിമേനോനെ തിരുമുൻപാകെ വരുത്തി നിത്തിക്കൊണ്ടു്, "കുഞ്ഞിട്ടിക്കു് ഇയ്യിട എന്നെക്കാണാതിരുന്നാൽക്കൊള്ളാമെന്നു തോന്നിത്തുടങ്ങീട്ടുണ്ടു് ഇല്ലേ? എന്നാൽ എന്റെ വിചാരം എപ്പോഴും കുഞ്ഞിട്ടിയെക്കണ്ടുകൊണ്ടിരിക്കണമെന്നാണു്. അതിനാൽ കുഞ്ഞിട്ടിക്കു് എന്നെ ഒരിക്കലും കാണാൻ വയ്യാതെയും എനിക്കു കുഞ്ഞിട്ടിയെ എല്ലായ്പോഴും കാണുന്നതിനു വിരോധമില്ലാതെയും ഇരിക്കത്തക്കവണ്ണമുള്ള ഒരു കൌശലം ചെയ്യുന്നതിനു ഞാൻ നിശ്ചയിച്ചിരിക്കുന്നു" എന്നരുളിച്ചെയ്തിട്ടു കുറച്ചുറക്കെ 'ആരവിടെ' എന്നു കല്പിച്ചു ചോദിക്കുകയും ഉടനെ രണ്ടു രാജഭൃന്മാർ തിരുമുൻപിലെത്തുകയും ചെയ്തു. അപ്പോൾ തിരുമനസ്സുകൊണ്ടു് അവരോടു "നിങ്ങൾ കുഞ്ഞിട്ടിയുടെ കൂ

Digitized By Kerala Sahitya Akademi

ണ്ണ രണ്ടും തുരന്നെടുത്തു് എന്റെ മുൻപിൽ വെയ്ക്കണം. ക്ഷണത്തിലാവട്ടെ; കട്ടം താമസിക്കരുതു്" എന്നരുളിച്ചെയ്തു. ഈ തു കേട്ടു കുഞ്ഞിട്ടിമേനോൻ വ്യസനസമേതം പല വിധത്തിൽ സങ്കടമറിയിക്കുകയും ക്ഷമായാചനം ചെയ്കയുമുണ്ടായി. എ ങ്കിലും തിരുമനസ്സുകൊണ്ടു് അതൊന്നും കൈക്കൊള്ളായ്കയാൽ രാജഭൃത്യന്മാർ ഉടനെ കല്പന നടത്തി. ഈതിന്റെ ശേഷം തിരുമനസ്സുകൊണ്ടു് മേനോനോടു "കുഞ്ഞിട്ടിയോടു് എനിക്കു് കട്ടം വിരോധമില്ല. ഇനിയും സുഖമായി ഇവിടെത്തന്നെ താമസിച്ചുകൊള്ളു. വേണ്ടതെല്ലാം ഞാൻ തന്നുകൊള്ളാം" എന്നും അരുളിച്ചെയ്തു.

വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ സംഗതികളെല്ലാമറിഞ്ഞു കുഞ്ഞിട്ടിമേനോനെ തിരുമുൻപാകെ വരുത്തി 'എന്താ കുഞ്ഞിട്ടീ! ഉണ്ണി സാഹസം പ്രവർത്തിച്ചു അല്ലേ? അതു കട്ടം വ്യസനിക്കേണ്ട. കുഞ്ഞിട്ടിയുടെ ആഗ്രഹമെന്താണെന്നു പറഞ്ഞാൽ അതുപോലെ ചെയ്യുന്നതിനു ഞാൻ ചട്ടം കെട്ടാം' എന്നരുളിച്ചെയ്തു. ഇതിനു മറുപടിയായിട്ടു മേനോൻ "തിരുമേനികളെക്കാണാതെ ജീവിച്ചിരിക്കുന്ന കായ്യം അടിയനു പരമനുകടമാണു്. അതിനാൽ അടിയന്റെ പേരിൽ തിരുവുള്ളമുണ്ടെങ്കിൽ ക്ഷണത്തിൽ അടിയന്റെ പ്രാണനെ കളിച്ചു കളയിക്കണം. ഇതിലധികമായി അടിയനു മറെറാരാഗ്രഹവുമില്ല" എന്നു തിരുമനസ്സറിയിക്കുകയും വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു മേനോന്റെ ആഗ്രഹംപോലെതന്നെ ഉടനെ അദ്ദേഹത്തെ വെടിവെയ്പിച്ചു കൊല്ലിക്കുകയും ചെയ്തു.

ചില കാരണങ്ങളാൽ ശങ്കരൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു നൈത്യാരമ്മയുടെ പേരിലും വിരോധത കപിക്കുകയാൽ കല്പിച്ചു വേറെയൊരു സ്ഥലമുണ്ടാക്കിച്ചു് നൈത്യാരമ്മയെ അങ്ങോട്ടു മാറിത്താമസിപ്പിക്കുകയും ചെയ്തു.

സന്നി. മാണ്ടു കർക്കടകമാസം വന്നപ്പോൾ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും അതിനു മുമ്പു തന്നെ ഇളയതമ്പു

Digitized By Kerala Sahitya Akademi

രാൻ തിരുമനസ്സുകൊണ്ടും തീപ്പെട്ടുപോവുകയാൽ ശക്തൻത മ്പുരാൻ തിരുമനസ്സിലേയ്ക്കു തിരുമുല്പു സിദ്ധിക്കുകയും അപിട്ടു ന്നു തന്റെ മാതുലന്മാരുടെ സംസ്കാരാദികളും തിരുചന്തളി (പിണ്ഡം) അടിയന്തിരവും യഥായോഗ്യം ഭംഗിയായും കേമ മായും നടത്തുകയും പള്ളിദീക്ഷ ആരംഭിക്കുകയും ചെയ്തു.

രാജ്യകാര്യങ്ങൾ സംബന്ധിച്ചു ചില പരിഷ്കാരങ്ങൾ ചെയ്യണമെന്നുള്ള വിചാരം ശക്തൻതമ്പുരാൻ തിരുമനസ്സി ലേക്കു മുൻപേതന്നെ ഉണ്ടായിരുന്നു. എങ്കിലും തിരുമുല്പു സി ദ്ധിക്കുന്നതുവരെ അതിനൊന്നും അവിടെയ്ക്കിടയായില്ല. സിം ഹാസനാരോഹണാനന്തരം അവിടുന്നു കല്പിച്ചു ചില ഏർപ്പാ ടുകൾ ചെയ്തുതുടങ്ങി. ആദ്യംതന്നെ രാജ്യരക്ഷാർത്ഥം തുപ്പുണി ത്തുറയും തൃശ്ശിവപേരൂരും കാരോ കോട്ടയും കിടങ്ങുമുണ്ടാക്കി ക്കുകയാണു് അവിടുന്നു ചെയ്തതു്. തൃശ്ശിവപേരൂരുണ്ടാക്കിച്ച വലിയ കോട്ടയുടെ മദ്ധ്യത്തിങ്കലായി ഒരു കോവിലകം പണി കഴിപ്പിക്കുകയും അതിന്റെ പുറവും ഒരു ചെറിയ കോട്ടകൂടി കെട്ടിക്കുകയും ആ കോട്ടയുടെ ഉപരിഭാഗത്തു് ഒരു വലിയ കൊടിമരം നാട്ടിച്ചു് കൊടി തൂക്കിക്കുകയും ചെയ്തു. വലിയ കോട്ടയുടെ പുറവും കാവൽ നില്ക്കുന്നതിനായി ഏതാനും ഈ ഴവരേയും അവരുടെ തലവനായി ഒരു തണ്ടാനേയും കല്പിച്ചു നിയമിച്ചു. നായന്മാരുടെ സകല ഗൃഹങ്ങളിൽനിന്നും യൌ വനയുക്തന്മാരായിട്ടുള്ളവരിൽ കാരോരുത്തർ പട്ടാളത്തിൽ ച്ചേർന്നുകൊള്ളണമെന്നു് ഒരു കല്പന പ്രസിദ്ധപ്പെടുത്തുകയും അതനുസരിച്ചു് ഏകദേശം പതിനായിരത്തോളം നായന്മാർ പട്ടാളത്തിൽച്ചേരുകയും അവരുടെ മേലധികാരികളായി നാ ലു കുമുടാന്തികളേയും അവരുടെ മേലാവായി പണിക്കരു വലി യ കപ്പിത്താൻ എന്നൊരു ഉദ്യോഗസ്ഥനേയും കല്പിച്ചു നിയമി ക്കുകയും ചെയ്തു. ആ പണിക്കർ വലിയ കപ്പിത്താൻ "കൊല്ലു ന്ന രാജാവിനു തിന്നുന്ന മന്ത്രി" എന്നുള്ളതുപോലെ ശക്തൻ തിരുമനസ്സിലേയ്ക്കു ചേന്ന ഒരുദ്യോഗസ്ഥനായിരുന്നു. ആ മനു ഷ്യനെപ്പോലെ ശൂരതയും ധീരതയും പരാക്രമവും ഗാംഭീര്യ

Digitized By Kerala Sahitya Akademi

യുമുള്ളവർ അക്കാലത്തെന്നല്ല, ഇക്കാലത്തും എങ്ങുമുണ്ടെന്നു തോന്നുന്നില്ല.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഗതാഗതസൌകര്യം, ശുചീകരണം മുതലായ വിഷയങ്ങളിലും പ്രത്യേകം ശ്രദ്ധവെച്ചിരുന്നു. അവിടുന്നു സ്വരാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചാരസൌകര്യത്തിനു വിസ്താരത്തിൽ വെട്ടുവഴികളുണ്ടാക്കിക്കുകയും വഴികളുടെ ഇരുവശങ്ങളിലും ഛായാവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനു് ഏർപ്പാടു ചെയ്കയും വഴികളുടെ ഇരുവശങ്ങളിലുമുള്ള വസ്തുക്കളുടെ ഉടമസ്ഥന്മാർ അവയുടെ അതൃത്തിവരെയുള്ള വഴികൾ ദിവസംതോറും അടിച്ചുവാരി വൃത്തിയാക്കിയിട്ടുകൊള്ളണമെന്നു കല്പന കൊടുക്കുകയും അപ്രകാരമെല്ലാം ശരിയായി നടത്തിയ്ക്കുകയും ചെയ്തു. തൃപ്പൂണിത്തുറ ക്ഷേത്രത്തിന്റെ കിഴക്കേ നടമുതൽ കിഴക്കേക്കോട്ടവാതിൽവരെയുള്ള മാർഗ്ഗത്തിലും അഞ്ചിട്ടു് അരയാൽവൃക്ഷങ്ങൾ അവിടുന്നു നട്ടുപിടിപ്പിക്കുകയും അവയിൽനിന്നു കരിലപോലും യാതൊരുത്തരും പൊട്ടിച്ചുപോകരുതെന്നു പ്രത്യേകം കല്പിക്കുകയും ചെയ്തിരുന്നു.

തിരുമനസ്സുകൊണ്ടു തന്റെ മാതുലന്മാരുടെ പള്ളിദീക്ഷകരു സംവത്സരം യഥാവിധി ആചരിക്കുകയും തിരുമാസമടിയന്തിരം ഭംഗിയായും കേമമായും നിർവ്വഹിക്കുകയും ചെയ്തതിന്റെ ശേഷം സ്വകീയപ്രിയപുത്രിയുടെ താലികെട്ടുകല്യാണം ആഘോഷപൂർവ്വം നടത്തിക്കുകയും ചെയ്തു. ആ കല്യാണം വകയ്ക്കു് ഏകദേശം ലക്ഷം രൂപ കല്പിച്ചു ചെലവു ചെയ്തു. ഏറ്റവും കേമമായി നടത്തപ്പെട്ട ആ അടിയന്തിരത്തിൽ തൃശ്ശിവപേരൂരുള്ള പ്രധാനപ്പെട്ട സകല നായർകുടുംബാംഗങ്ങളും സംബന്ധിച്ചിരുന്നു. ആ കൂട്ടത്തിൽ 'കരിമ്പറെ' പുമ്മുക്കുട്ടിയമ്മ'യും സന്നിഹിതയായിരുന്നു. സൌന്ദര്യം, സൌശീല്യം മുതലായ സകല സൽഗുണങ്ങളും പരിപൂർണ്ണമായിട്ടുണ്ടായിരുന്ന ആ തരുണീമണിയെ തിരുമനസ്സുകൊണ്ടു നൈത്യാരമ്മയാക്കി സ്വീകരിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

അന്നത്തെ ഇളയതമ്പുരാൻ തിരുമനസ്സിലേ വകയായി നാലഞ്ചു് ആടുകളുണ്ടായിരുന്നു. അവയ്ക്കു തിന്മാൻ കൊടുക്കുന്നതിനായി ഇളയതമ്പുരാൻ തിരുമനസ്സിലേ ക്കുടെത്താമസിച്ചിരുന്ന ചെറുപറമ്പത്തു കുഞ്ഞിക്കുണ്ണിമേനോൻ, കിഴക്കേ നടയിൽ ശക്തൻതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം വെച്ചുപിടിപ്പിച്ചിരുന്ന അരയാൽ വൃക്ഷങ്ങളിൽനിന്നു കുറെ ഇല പറിച്ചെടുത്തു. ഈ കുഞ്ഞിക്കുണ്ണിമേനോൻ ഇളയതമ്പുരാൻ തിരുമനസ്സിലെ സേവനം ഇംഷ്ടനും വിശ്വസ്തനും കുഞ്ഞിട്ടിമേനവന്റെ അനന്തരവനുമായിരുന്നു. എങ്കിലും അരയാൽ വൃക്ഷങ്ങളിൽനിന്നു് ഇല പറിച്ചെടുത്തു എന്നുള്ള വർത്തമാനം കേട്ട ക്ഷണത്തിൽ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അയാളെ പിടിപ്പിച്ചു വരുത്തി, കുടുമയ്ക്കു ചുറ്റിപ്പിടിച്ചുകൊണ്ടു വാളെടുത്തു് അയാളുടെ കഴുത്തു വെട്ടാൻ ഭാവിച്ചു. ആ സമയം ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അവിടെ ഓടിയെത്തുകയും "എന്നോടൊന്നിട്ടു കുഞ്ഞിക്കുണ്ണിനോടൊന്നോ" എന്നരുളിച്ചെയ്തുകൊണ്ടു ശക്തൻ തിരുമനസ്സിലെ അരയ്ക്കു കെട്ടിപ്പിടിക്കുകയും ചെയ്തു. ഉടനെ ശക്തൻ തിരുമനസ്സുകൊണ്ടു്, "ഇവന്റെ കാലത്താണു് ഈ രാജ്യം അന്യാധീനപ്പെട്ടുപോകുന്നതു്" എന്നരുളിച്ചെയ്തിട്ടു വാൾ നിലത്തു വലിച്ചെറിയുകയും "പോ, നിന്നെ എന്റെ മുൻപിൽ കാണരുതു്" എന്നു കല്പിച്ചു കുഞ്ഞിക്കുണ്ണിമേനവനെ പിടയയ്ക്കുകയും ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അയാളെ കൂട്ടിക്കൊണ്ടു് അവിടെനിന്നു് എഴുന്നള്ളുകയും ചെയ്തു.

തൃശ്ശിവപേരൂരുള്ള സകല നായർസ്ത്രീകളും പ്രതിദിനം വടക്കുന്നാഥക്ഷേത്രത്തിൽച്ചെന്നു ദർശനം കഴിച്ചുപോവുകയെന്നുള്ളതു പണ്ടേയുള്ള ഒരു പതിവാണു്. വലിയ കോട്ടയ്ക്കു പുറത്തു താമസിച്ചിരുന്ന ഒരു നായർസ്ത്രീയും ആ പതിവനുസരിച്ചു ദിവസംപ്രതി വടക്കുന്നാഥദർശനം നടത്തിപ്പോന്നിരുന്നു. കല്പനപ്രകാരം കോട്ടയ്ക്കു കാവലായി നിറുത്തപ്പെട്ടിരുന്ന ഈഴവരുടെ തലവനായ തണ്ടാൻ സർവ്വാംഗസുന്ദരിയും

Digitized By Kerala Sahitya Akademi

യൌവനയുക്തയുമായ ഈ സ്ത്രീയെ ഒരു ദിവസം കാണുന്നതി നിടയായി. ആ സ്ത്രീരത്നത്തിന്റെ ദർശനമാത്രയിൽത്തന്നെ തണ്ടാൻ തണ്ടാർശരപരവശനായിത്തീരുകയും ആ വിധത്തിൽ കുറച്ചു ദിവസം വളരെപ്പണിപ്പെട്ടു കഴിച്ചുകൂട്ടിയതിന്റെ ശേഷം അവൻ തന്റെ അഭിലാഷത്തെ ആ തരുണീമണിയെ ധരിപ്പിക്കുകയും ചെയ്തു. "വാച്യാവാച്യവിചാരമാശ്വിമുഖോ ലോകേഷു കാമീ ജനഃ" എന്നുണ്ടല്ലോ.

തണ്ടാൻ ശക്തൻ വലിയതമ്പുരാൻ തിരുമനസ്സിലെ ഇഷ്ടനും പ്രബലനുമായിരുന്നതിനാൽ അവന്റെ ഇഷ്ടത്തെ അനുസരിക്കാതെയിരുന്നാൽ അവൻ ആപത്തു വല്ലതുമുണ്ടാക്കിത്തീർത്തേക്കുമോ എന്നുള്ള ഭയവും സദാചാരവിരുദ്ധമായ അകൃത്യം പ്രവർത്തിക്കുന്നതിലുള്ള സങ്കടവും നിമിത്തം ആ അബല അത്യന്തം പരവശയായിത്തീർന്നു. എങ്കിലും ബുദ്ധിശാലിനിയായ ആ യുവതി തന്റെ പാരവശ്യം പുറത്തു കാണിക്കാതേയും അവനെ വെറുപ്പിക്കാതേയും തല്ക്കാലം ചില കഴികഴിവുകൾ പറഞ്ഞു പിരിഞ്ഞുപോയി. തണ്ടാന്റെ നിർബ്ബന്ധം പിന്നെയും ക്രമേണ വർദ്ധിച്ചുതുടങ്ങി. അതിനതിനു് ആ മനസ്വിനി കാരോ പ്രതിബന്ധങ്ങൾ പറഞ്ഞു കഴിച്ചുകൂട്ടിക്കൊണ്ടുമിരുന്നു.

ഇങ്ങിനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞതിന്റെ ശേഷം ഒരു ദിവസം തണ്ടാൻ ഈ സ്ത്രീ കോട്ടയ്ക്കകത്തേയ്ക്കു പോകുന്ന സമയമറിഞ്ഞു കോട്ടവാതില്ക്കലെത്തി കാത്തുനിന്നു. സ്ത്രീ അടുത്തു ചെന്നപ്പോൾ തണ്ടാൻ, "എന്താ ഇങ്ങിനെ കാരോ കഴികഴിവുകൾ പറഞ്ഞുതന്നെ കഴിച്ചുകൂട്ടാമെന്നാണോ വിചാരിക്കുന്നതു്? ഇതു നല്ല പന്തിയാകുമെന്നു തോന്നുന്നില്ല. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് എന്റെ കൈയിലാണെന്നു നല്ലവണ്ണം കാമ്മ വേണം. ആളറിയാതെയാണു് കളിക്കുന്നതു്. ഇനി തിരിയെ വരുമ്പോൾ തീച്ചു പറയണം. അല്ലെങ്കിൽ പിന്നെയുണ്ടാകുന്ന ഫലം അനുഭവംകൊണ്ടറിയാം" എന്നു പറഞ്ഞു. ആ സ്ത്രീ ഇതു കേട്ടിട്ടു് കുറും ഉത്തരം പറയാതെ

Digitized By Kerala Sahitya Akademi

അകത്തേയ്ക്കു കടന്നുപോയി. "എന്റെ വടക്കുന്നാഥാ! ഈ ആപത്തിൽനിന്നൊഴിയുന്നതിന് എന്തെങ്കിലും മാർഗ്ഗമുണ്ടാക്കിത്തരണേ. ഞാൻ പതിവായി ഭഗവദ്ദർശനം നടത്തുന്നതിന്റെ ഫലം എനിക്കിങ്ങിനെയാണല്ലോ വന്നുചേർന്നത്!" എന്നിങ്ങിനെ ഓരോന്നു വിചാരിക്കുകയും പതുക്കെപ്പതുക്കെ പറയുകയും ചെയ്തുകൊണ്ട് ആ സാധുവ്യസനത്തോടുകൂടിപ്പോയി കുളിയും ദേവദർശനവും കഴിക്കുകയും വീണ്ടും വിചാരമഗ്നയായിത്തീരുകയും ചെയ്തു. ഈശ്വരാ! എന്താണ് ചെയ്യേണ്ടത്? കോട്ടവാതിലടച്ചുകുറ്റിയിടുമ്പോൾ ആ ദുഷ്ടനോട് എന്താണ് പറയേണ്ടത്? ഇനി കഴികഴിവുകൾ പറഞ്ഞാൽ അവൻ സമ്മതിക്കുമെന്നു തോന്നുന്നില്ല. ഒരു നിവൃത്തിയുമില്ലാതെയായല്ലോ. എങ്കിലും ഈ ധർമ്മസങ്കടം വലിയതമ്പുരാൻ തിരുമനസ്സിലെ തിരുമുൻപാകെ ഒന്നറിയിച്ചുനോക്കാം. തണ്ടാൻ അവിടുത്തെ ഇഷ്ടനായിരിക്കുന്ന സ്ഥിതിക്ക് കല്പനയുണ്ടാകുന്നത് ഏതുപ്രകാരമായിരിക്കുമോ എന്തോ? എങ്ങിനെയെങ്കിലുമാകട്ടെ. 'നിവേദ്യതേ രക്ഷ്യജനേന ദുഃഖം തതഃ പരസ്താൽ പ്രഭവഃ പ്രമാണം' എന്നുണ്ടല്ലോ. അതിനാൽ പറയാനുള്ളതു പറയേണ്ടുന്ന സ്ഥലത്തു പറയുക. പിന്നെ വിധിപോലെ അനുഭവിക്കുക. അല്ലാതെ നിവൃത്തിയില്ലല്ലോ. ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവുമാണല്ലോ രാജധർമ്മം. തിരുമനസ്സുകൊണ്ടു നീതിമാനാണെന്നുള്ളതിനു സംശയമില്ല. അവിടെയ്ക്കും സ്വരാജ്യത്തു് ഈ അനീതി നടക്കുന്നതിനു സമ്മതമാണെങ്കിൽ ഇതെന്റെ കർമ്മഫലമാണെന്നു തീർച്ചയാക്കാം. അവിടുന്ന് ഇപ്പോൾ ഇവിടെ എഴുന്നള്ളിത്താമസിക്കുന്ന സ്ഥിതിക്ക് ഇതറിയിക്കാതെയിരിക്കുന്നതു ശരിയല്ല. എന്തായാലും ഒന്നറിയിച്ചുനോക്കുകതന്നെ" എന്നിങ്ങിനെ വിചാരിച്ചു നിശ്ചയിച്ചിട്ട് ആ സ്ത്രീ കോവിലകത്തു മാറത്തുചെന്നു വിഷാദത്തോടുകൂടി അങ്ങിനെ നിന്നു. അകസ്മാൽ ആ സ്ത്രീ അവിടെച്ചെന്നു നിന്നതു കണ്ടിട്ട് "എന്തിനാണ് വന്നുനില്ക്കുന്നത്" എന്നു തിരുമനസ്സുകൊണ്ടു കല്പിച്ചു് ഒരാളെ അയച്ചു ചോദിപ്പിക്കുകയും

Digitized By Kerala Sahitya Akademi

"കരു സങ്കടം തിരുമനസ്സുറിയിക്കാനാണു്" എന്നു് ആ സ്ത്രീ മറുപടി പറഞ്ഞയയ്ക്കുകയും ചെയ്തു. ഉടനെ തിരുമനസ്സുകൊണ്ടു് ആ അബലയെ തിരുമുൻപാകെ വരുത്തി "സങ്കടമെന്താണു്?" എന്നു കല്പിച്ചു ചോദിച്ചു. സ്ത്രീ സംഗതികളെല്ലാം വിവരമായി തിരുമനസ്സുറിയിച്ചു.

തിരുമനസ്സുകൊണ്ടു് — അവനങ്ങിനെ ആഗ്രഹമുണ്ടെങ്കിൽ അതു സാധിപ്പിച്ചുകൊടുക്കേണ്ടതാണു്. അതിനെന്താ വിരോധം?

സ്ത്രീ — ഇങ്ങിനെ കല്പനയാകുന്നതു സങ്കടമാണു്.

തിരുമനസ്സുകൊണ്ടു് — ഇതിൽ സങ്കടപ്പെടാനെന്താണുള്ളതു്? കുറവില്ല. കായ്കം ഇന്നതന്നെ നടക്കട്ടെ. ജനസഞ്ചാരം നിന്നിട്ടു് അവനവിടെ വന്നാൽ മതി. പത്തു നാഴിക രാത്രിയാകുന്നതിനു ശേഷം അവൻ അവിടെ എത്തിക്കൊള്ളുന്നതിനു പറഞ്ഞയച്ചാലും. ആട്ടെ, പൊയ്ക്കോ. ഇനി ഇവിടെ നിന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല. നാം കായ്കം തീർച്ചപ്പെടുത്തിക്കഴിഞ്ഞു.

ഈ കല്പന കേട്ടു് ആ സ്ത്രീ അത്യന്തം വ്യസനാക്രാന്തയായി കരഞ്ഞുംകൊണ്ടു് അവിടെനിന്നു് ഇറങ്ങിപ്പോവുകയും സിംഹത്തിന്റെ അടുക്കൽ മാൻപേടയെന്നപോലെ വിറച്ചും കൊണ്ടു തണ്ടാന്റെ അടുക്കൽ എത്തുകയും ചെയ്തു. അപ്പോൾ തണ്ടാൻ — എന്താ നിശ്ചയിച്ചതു്? തീർച്ച പറയണം — എന്നു പറയുകയും ആ സ്ത്രീ തിരുമനസ്സിലെ കല്പനപ്രകാരമെല്ലാം സമ്മതിച്ചു പറഞ്ഞിട്ടു സ്വഗൃഹത്തിലേയ്ക്കു പോവുകയും അവിടെ എത്തിയതിന്റെ ശേഷവും വ്യസനംനിമിത്തം ജലപാനം പോലും കഴിക്കാതെ ആപത്നിവാരണാർത്ഥം ഭക്തിപൂർവ്വം ഈശ്വരനേത്രന്ന ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു.

ആ സുന്ദരി സമ്മതിച്ചു പറഞ്ഞതുകൊണ്ടു തണ്ടാൻ സന്തോഷസാഗരവീചികളിൽ മുഴുകി നീന്തിത്തുടിച്ചുകൊണ്ടു തന്റെ വാസസ്ഥലത്തെത്തി വകലിന്റെ ദുസ്സഹമായ ദൈന്യത്തെ ശപിച്ചുകൊണ്ടിരുന്നു.

Digitized By Kerala Sahitya Akademi

ശകുന്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു യഥാകാലം നിത്യകർമ്മാനുഷ്ഠാനാദികളും അത്താഴമുതേത്തും കഴിച്ചതിന്റെ ശേഷം വലിയ കപ്പിത്താനെ തിരുമുൻപാകെ വരുത്തി, "ഇന്നു ചില നേരംപോക്കുകളും ഒരു ദീപക്കാഴ്ചയുമൊക്കെ വേണമെന്നു നിശ്ചയിച്ചിട്ടുണ്ടു്. അതിലേയ്ക്കു കുറെ എണ്ണയും തിരിത്തുണിയും നാലഞ്ചു പന്തവുംകൊണ്ടു ചില പട്ടാളക്കാരോടുകൂടി പത്തു മണി കഴിയുമ്പോഴേയ്ക്കും.....എത്തണം. ഞാൻ ഇപ്പോൾത്തന്നെ പോകുന്നു" എന്നു് അരുളിച്ചെയ്തു കപ്പിത്താനെ അയച്ചിട്ടു രണ്ടുമൂന്നു ഭൃത്യന്മാരോടുകൂടി പുറത്തേയ്ക്കു് എഴുന്നള്ളി, ആ സ്ത്രീയുടെ വീട്ടിനടുക്കലെത്തി, കുറ ഗ്രഹസ്ഥലത്തു ഭീമസേനൻ കീചകന്റെ വരവിനെ കാത്തു നൃത്താഗാരത്തിലെന്നപോലെ തണ്ടാന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ തണ്ടാൻ അത്തർ, പുഴു, കളഭം, കസ്തൂരി, പനിനീർ മുതലായ സുഗന്ധവസ്തുക്കളാലും സുരഭിലകുസുമങ്ങളാലും വിശേഷപ്പെട്ട വസ്ത്രങ്ങളാലും മറും അലംകൃതശരീരനായി, തന്നാൽ ആഗ്രഹിക്കപ്പെട്ട യുവതിയാലും ചേതോപഞ്ചകനായ പഞ്ചബാണനാലും അധർമ്മിഷ്ഠമർമ്മഭേദിയായ ധർമ്മരാജാവിനാലും നിർദ്ദിഷ്ടമായ സങ്കേതസ്ഥലത്തേയ്ക്കു് ഈശ്വരവിധിയാൽ നയിക്കപ്പെട്ട. തണ്ടാൻ ആ സ്ത്രീയുടെ വീട്ടിന്റെ പടിക്കകത്തെയ്ക്കു കടന്നപ്പോൾ ആ സന്നമരണന്റെ പിന്നാലെ അന്തകനെന്നപോലെ തിരുമനസ്സുകൊണ്ടു ഗൂഢമായിട്ടു കടന്നു. തണ്ടാൻ വീട്ടിനകത്തേയ്ക്കു കടക്കാനായി ഭാവിച്ചപ്പോൾ തിരുമനസ്സുകൊണ്ടു കടന്നു് അവന്റെ കുടുമയ്ക്കു പുറകിൽപ്പിടിക്കുകയും 'അങ്ങോട്ടല്ല; ഇങ്ങോട്ടു്" എന്നു് അരുളിച്ചെയ്തുകൊണ്ടു പിന്നാക്കം കുനു വലിക്കുകയും അതോടുകൂടി തണ്ടാൻ നിലത്തു പതിക്കുകയും ചെയ്തു. തിരുമനസ്സുകൊണ്ടു തണ്ടാനെ അവിടെയിട്ടു് അമർത്തിപ്പിടിച്ചുകൊണ്ടു്, "അതവിടെ? സാമാനങ്ങളൊക്കെ കൊണ്ടുവരട്ടെ. പന്തം കൊളുത്തട്ടെ. ഇവന്റെ ദേഹം മുഴുവനും തിരിത്തുണി പുറട്ടെ. എണ്ണ കഴിച്ചു നനയ്ക്കട്ടെ. തീ കൊളുത്തട്ടെ. ഇവ

Digitized By Kerala Sahitya Akademi

ന്റെ ആത്മനാടം പുറത്തു കേൾക്കാതെയിരിക്കുന്നതുവരെ ഭേരി കൊട്ടിഘോഷിക്കട്ടെ" എന്നിങ്ങിനെ അരുളിച്ചെയ്ത ക്ഷണത്തിൽ സകല സാധനങ്ങളുംകൊണ്ടു വലിയ കപ്പിത്താൻ മുതലായവർ അവിടെ എത്തുകയും കല്പനപോലെയെല്ലാം നടത്തുകയും തണ്ടാന്റെ ശരീരം മാത്രനേരംകൊണ്ടു ഭസ്മാവശേഷമായിത്തീരുകയും തിരുമനസ്സുകൊണ്ട് അപ്പോൾത്തന്നെ കോവിലകത്തെയ്ക്കു ഴുന്നള്ളുകയും കപ്പിത്താൻ മുതലായവരും അവരവരുടെ വാസസ്ഥലങ്ങളിലേയ്ക്കു മടങ്ങിപ്പോവുകയും ചെയ്തു.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ട് കരിക്കൽ എറണാകുളത്ത് എഴുന്നള്ളിത്താമസിച്ചിരുന്നപ്പോൾ അവിടെനിന്നു രണ്ടുമൂന്നു നമ്പൂതിരിമാർ തൃശ്ശിവപേരൂക്കായി പുറപ്പെട്ടു. അവർ എറണാകുളത്തുനിന്നു വഞ്ചി കയറി കരുപ്പടന്നെ ഇറങ്ങി. അവർ അവിടെയെത്തിയപ്പോൾ ഏകദേശം രണ്ടു നാഴിക വകലുണ്ടായിരുന്നു. അതിനാൽ അത്താഴത്തിനു വെള്ളമുണ്ടല്ലോ മറേറാ വല്ലയിടത്തുനിന്നുമെത്താമെന്നു വിചാരിച്ച് അവർ അവിടെനിന്നു കാൽനടയായി പുറപ്പെട്ടു. കുറച്ചു നടന്നതിന്റെ ശേഷം അവർ മദ്ധ്യേമാർഗ്ഗം കരു സ്ഥലത്തു മുറുക്കാനായിട്ടിരുന്നു. അപ്പോഴെയ്ക്കു നേരം ഏകദേശം സന്ധ്യയായിത്തുടങ്ങി. അവർ വെറിലമുറുക്കു കഴിഞ്ഞ് അവിടെനിന്നു പുറപ്പെടാൻ ഭാവിച്ചപ്പോൾ രണ്ടു ജോനകമാപ്പിളമാർ അവിടെയെത്തി. അവർ ആ നമ്പൂതിരിമാരോട്, "നമ്പൂരിശ്ശന്മാർ പുതുങ്ങോട്ടാണ് പുറപ്പെട്ടിരിക്കുന്നത്? ആ സമയത്തു സഞ്ചരിക്കാൻ നിങ്ങൾക്കു ഭയമില്ലയോ?" എന്നു ചോദിച്ചു. അപ്പോൾ നമ്പൂരിമാർ "ഇപ്പോൾ ശക്തൻ തിരുമനസ്സിലെ കാലമല്ലേ? ഇക്കാലത്ത് ആരെ ഭയപ്പെടണം? ഇപ്പോൾ ആകും എവിടെയും ഏതു സമയത്തും നിർഭയമായി സഞ്ചരിക്കാമല്ലോ" എന്നു പറഞ്ഞു. അതു കേട്ട മാപ്പിളമാർ, "ശക്തൻരാജാവിന്റെ ശക്തി കരുപ്പടന്നയ്ക്കു വടക്കോട്ടു ഫലിക്കയില്ല; ഇവിടെ ഞങ്ങളുടെ ശക്തിയേ നടക്കുകയുള്ളൂ. സംശയമുണ്ടെങ്കിൽ കാണിച്ചു

Digitized By Kerala Sahitya Akademi

തരാം. നിങ്ങളുടെ കയ്യിലുള്ളതൊക്കെ ഇങ്ങോട്ടു തന്നേയ്ക്കുക. തന്നില്ലെങ്കിൽ കുത്തിക്കമർത്തിക്കളയും" എന്നു പറഞ്ഞു്, അംയിൽത്തിരുകിയിരുന്ന ഉറയിൽനിന്നു കത്തി ഊരിയെടുത്തു. അതു കണ്ടു നമ്പൂരിമാർ ഭയപ്പെട്ടു് അവരുടെ കയ്യിലുണ്ടായിരുന്ന മോതിരങ്ങളും പണമടിശ്ശീലകളുമെല്ലാം മാപ്പിളമാരുടെ മുൻപിൽ വെച്ചുകൊടുത്തു. മാപ്പിളമാർ അവയെടുത്തുകൊണ്ടു് അവരുടെ വഴിക്കു പോയി. നമ്പൂരിമാർ തിരിയേ കരുപ്പടന്നവെച്ചെന്നു വഞ്ചികയറി എറണാകുളത്തേയ്ക്കും പുറപ്പെട്ടു. പിറേദിവസം രാവിലെ നമ്പൂരിമാർ എറണാകുളത്തെത്തി, ശക്തൻ തിരുമനസ്സിലെ തിരുമുൻപാകെച്ചെന്നു തലേദിവസം വഴിക്കുവെച്ചുണ്ടായ സംഗതികളെല്ലാം വിവരമായി അറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു വലിയ കപ്പിത്താനെ തിരുമുൻപാകെ വരുത്തി, "ഈ നമ്പൂരിമാരുടെ പണവും പണ്ടങ്ങളും തട്ടിപ്പറിച്ചുകൊണ്ടുപോയ കള്ളന്മാരെപ്പിടിച്ചു കളവുമുതലുകളോടുകൂടി നാളെ രാവിലെ ഇവിടെക്കൊണ്ടുവരണം. ഇപ്പോൾത്തന്നെ കരുപ്പടന്നയ്ക്കു പുറപ്പെട്ടോളൂ" എന്നരുളിച്ചെയ്തു. കല്പന കേട്ട മാത്രത്തിൽത്തന്നെ വലിയ കപ്പിത്താൻ അവിടെനിന്നു പുറപ്പെട്ടു. അന്നുതന്നെ കരുപ്പടന്നയെത്തി, കൌശലത്തിൽ അന്വേഷിച്ചറിഞ്ഞു് ആ കള്ളന്മാരെ പിടികൂടി അവരുടെ കൈയ്യ് വിലങ്ങുവെയ്ക്കുകയും കളവുമുതലുകളെടുപ്പിച്ചുകൊണ്ടു പിറേറദിവസം രാവിലെ അവരെ തിരുമുൻപാകെ കൊണ്ടുചെല്ലുകയും ചെയ്തു. ഉടനെ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ആ നമ്പൂരിമാരെ തിരുമുൻപാകെ വരുത്തി, ആ മാപ്പിളമാരെയും കളവുമുതലുകളും കാണിച്ചിട്ടു്, "ആ മാപ്പിളമാർ ഇവർതന്നെയോ, നിങ്ങളുടെ മോതിരങ്ങളും പണമടിശ്ശീലകളും ഇവതന്നെയോ?" എന്നു കല്പിച്ചു ചോദിച്ചു. അതു കേട്ടു നമ്പൂരിമാർ സൂക്ഷിച്ചുനോക്കീട്ടു്, "ആ മാപ്പിളമാർ ഇവർതന്നെയാണെന്നാണു് തോന്നുന്നതു്; മോതിരങ്ങളും മടിശ്ശീലകളും ഇവതന്നെ, സംശയമില്ല" എന്നു തിരുമനസ്സറിയിച്ചു. തിരുമനസ്സുകൊണ്ടു് ആ മോതിരങ്ങളും

Digitized By Kerala Sahitya Akademi

ധനമടിശ്ശീലകളും നമ്പൂരിമാക്ക കൊടുത്തു് അവരെ സന്തോഷിപ്പിക്കുകയും "ഇനി എപ്പോൾ വേണമെങ്കിലും എവിടെ വേണമെങ്കിലും സഞ്ചരിക്കാം. ലേശംപോലും ഭയപ്പെടേണ്ട" എന്നു് അരുളിച്ചെയ്തു് അയയ്ക്കുകയും ആ കള്ളന്മാരെ 'മനസ്സുൽ' ത്തന്നെ കൊണ്ടുപോകുന്നതിനു വലിയ കപ്പിത്താനു കല്പന കൊടുക്കുകയും ചെയ്തു. വലിയ കപ്പിത്താൻ ഉടനെത്തന്നെ ആ മാപ്പിളമാരെ വഞ്ചികളിൽക്കയറ്റിക്കൊണ്ടുപോയി കപ്പൽ ച്ചാലിൽ കെട്ടിത്താഴ്ത്തുകയും ചെയ്തു.

ശക്തൻ വലിയതമ്പുരാൻ തിരുമനസ്സിലെ ക്കുടെത്താമസിച്ചിരുന്നവരിൽ അവിടുത്തെ പ്രീതിക്കു പ്രത്യേകം പാത്രീഭവിച്ചിരുന്നതു കോട്ടപ്പുറത്തു കുഞ്ഞൻതിരുമുൽപ്പാടെന്നും മാളിയയ്ക്കൽ വലിയ യജമാനൻ എന്നും രണ്ടുപേരായിരുന്നു. വലിയ യജമാനനു് ആഭിജാത്യം സ്വല്പം കുറവായിരുന്നതിനാൽ കിരിയം, ഇല്ലം മുതലായ ഉയന്തരം നായന്മാർ അദ്ദേഹത്തിന്റെ ഗൃഹത്തിൽപ്പോയി ഭക്ഷണം കഴിക്കുകയും മറും പതിവില്ലായിരുന്നു. അതുനിമിത്തം യജമാനനു വളരെ കുണ്ഠിതമുണ്ടായിരുന്നു. ആ വിവരം തിരുമനസ്സുകൊണ്ടു് അറിയുകയും ചെയ്തിരുന്നു.

അങ്ങിനെയിരുന്ന കാലത്തു യജമാനന്റെ വീട്ടിൽ കരുതാലികെട്ടുകല്യാണമുണ്ടായി. ആ അടിയന്തിരത്തിനു് ആ ദേശത്തുള്ള സകല നായന്മാരും അവരുടെ സ്ത്രീകളും യജമാനന്റെ വീട്ടിൽച്ചെന്നു് അടിയന്തിരം വേണ്ടതുപോലെ നടത്തിക്കൊടുക്കണമെന്നു കല്പനയുണ്ടാവുകയും കല്പനപ്രകാരം എല്ലാവരും പോവുകയും മുഹൂർത്തസമയമായപ്പോൾ തിരുമനസ്സുകൊണ്ടും അവിടെ എഴുന്നള്ളുകയും ചെയ്തു. താലികെട്ടു കഴിഞ്ഞയുടനെ സദ്യയ്ക്കു് ഇലവെയ്ക്കാൻ കല്പനയായി. ഇല വെച്ചു് സകല വിഭവങ്ങളും വിളമ്പികഴിഞ്ഞപ്പോൾ സ്ത്രീകളും പുരുഷന്മാരും എല്ലാവരും ഭക്ഷണത്തിനിരിക്കാൻ കല്പിച്ചു. എല്ലാവരും ഇരുന്നയുടനെ തിരുമനസ്സുകൊണ്ടുതന്നെ രണ്ടുമൂന്നി

Digitized By Kerala Sahitya Akademi

ലയ്ക്കു ചോറു വിളമ്പുകയും ശേഷമിലകളിലെല്ലാം യജമാനനെക്കൊണ്ടു ചോറു വിളമ്പിക്കുകയും ചെയ്യും. അപ്പോൾ ഉണ്ടുതുടങ്ങാതെ എല്ലാവരും സംശയിച്ചിരുന്നു. അതു കണ്ടിട്ടു ശക്തൻതിരുമനസ്സുകൊണ്ടു്, "കട്ടം സംശയിക്കേണ്ട; എല്ലാവർക്കും ഊണുകഴിക്കാം; മാളിയയ്ക്കൻ ഇന്നുമുതൽ നല്ല നായരായിരിക്കുന്നു" എന്നു് അരുളിച്ചെയ്തിട്ടു പാളം ഉറനിപ്പിടിച്ചുകൊണ്ടു് അവിടെത്തന്നെ എഴുന്നള്ളിനിന്നു. തിരുമനസ്സിലേക്കുറിച്ചുള്ള ഭയം നിമിത്തം സ്ത്രീകളും പുരുഷന്മാരും ആബാലവൃദ്ധം എല്ലാവരും ഭക്ഷണം കഴിച്ചു. അനന്തരം നല്ല നായന്മാരായിട്ടുള്ള നാലു വീട്ടുകാരെ മാളിയയ്ക്കൽ യജമാനന്റെ ഇണങ്ങരാക്കിക്കല്പിക്കുകയും "ഇന്നു മുതൽ നായന്മാരെല്ലാവരും മാളിയയ്ക്കനെ നല്ല നായരായി ഗണിച്ചുകൊള്ളണം" എന്നു് അരുളിച്ചെയ്കയും ചെയ്തിട്ടു തിരുമനസ്സുകൊണ്ടു കോവിലകത്തെയ്ക്കെഴുന്നള്ളി. ആ കല്പനപ്രകാരംതന്നെ ഇന്നും നടന്നുവരുന്നു. വലിയ യജമാനനു് ആ യജമാനസ്ഥാനം ശക്തൻതിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്തതാണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അതു കൂടാതെ അദ്ദേഹത്തിനു നെടിയ കുട, ചങ്ങലവട്ടക മുതലായ പദവികളും തറവാട്ടേയ്ക്കു മേനവസ്ഥാനവും കൂടി കല്പിച്ചുകൊടുത്തു. മാളിയയ്ക്കൽ യജമാനന്റെ വീടു് തൃപ്പൂണിത്തുറയ്ക്കു സമീപം എരമ്പൂർ എന്ന ദേശത്താണു്. മാളിയയ്ക്കൽ വലിയ യജമാനന്റെ പേരിൽ ശക്തൻതിരുമനസ്സിലേയ്ക്കു വളരെ കരുണയും വാത്സല്യവുമുണ്ടായിരുന്നുവെങ്കിലും അവിടുന്നു യജമാനനു് അധീനനായിരുന്നു എന്നു് ആരും വിചാരിച്ചുപോകരുതു്. തിരുമനസ്സിലെ ഇഷ്ടംപോലെയല്ലാതെ യജമാനന്റെ ഇഷ്ടംപോലെ അവിടുന്നു് കരു കായ്വും കല്പിച്ചു ചെയ്തിരുന്നില്ല.

കരിക്കൽ ധനവാനായ കരീഴവൻ നിസ്സാരമായ കരു കുറ്റം (കരു നമ്പൂരിയെ തീണ്ടുകയോ മറ്റോ) ചെയ്തതിനു് അവനെപ്പിടിച്ചു തടവിൽ വെയ്ക്കുവാൻ തിരുമനസ്സുകൊണ്ടു കല്പന കൊടുത്തു. ഈഴവനെ കല്പനപ്രകാരം പിടിച്ചു തടവിൽ

Digitized By Kerala Sahitya Akademi

വെച്ചയുടനെ അവന്റെ ബന്ധുക്കൾ ചെന്നു കുറേപ്പണം കാഴ്ചവെച്ചു വലിയ യജമാനനെക്കണ്ടു സങ്കടം പറയുകയും ഏതു വിധവും അവനെ തടവിൽനിന്നു വിടുവിച്ചുകൊടുക്കണമെന്നു പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു. "ആട്ടെ വല്ലതും കൌശലമുണ്ടാക്കാമോ എന്നു നോക്കാം" എന്നു പറഞ്ഞു യജമാനൻ ആ കാഴ്ചദ്രവ്യം സ്വീകരിച്ചുകൊണ്ടു് അവരെ അയച്ചു. ഈ സംഗതി തിരുമനസ്സുകൊണ്ടു് എങ്ങിനെയോ ഉടൻ അറിയുകയും വലിയ കപ്പിത്താനെ തിരുമുൻപാകെ വരുത്തി, "തടവിലാക്കിയിരിക്കുന്ന ആ ഈഴവനെ നാളെ മാളിയപ്പുറത്തിന്റെ അടുക്കൽ വരുന്ന സമയം വെടിവെച്ചു കൊന്നേയ്ക്കണം" എന്നു കല്പിക്കുകയും ചെയ്തു. ഇതൊന്നും അറിയാതെ വലിയ യജമാനൻ പിറ്റേദിവസം രാവിലെ തിരുമുൻപിലെത്തി, ആ ഈഴവനെ തടവിൽനിന്നു വിടുവിക്കേണ്ടുന്ന കാര്യത്തെപ്പറ്റി തിരുമനസ്സറിയിച്ചുകൊണ്ടുനിന്നപ്പോൾ ഒരു വെടിയുടെ ശബ്ദം കേട്ടിട്ടു തിരുമനസ്സുകൊണ്ടു് അവിടെ പാറാവു നിന്നിരുന്ന ശിപായിയോടു്, "എന്താണു് ആ കേട്ടതു്?" എന്നു കല്പിച്ചു ചോദിച്ചു. ഉടനെ ശിപായി "ഇന്നലെ കല്പനപ്രകാരം തടവിലാക്കിയിരുന്ന ആ ഈഴവനെ വലിയ കപ്പിത്താൻ യജമാനൻ വെടിവെച്ചുകൊന്നു. ആ വെടിയുടെ ശബ്ദമാണു്" എന്നു തിരുമനസ്സറിയിച്ചു. അതുകേട്ടു തിരുമനസ്സുകൊണ്ടു് "കാ! ശരിതന്നെ, അവനെ ഇന്നു രാവിലെ വെടിവെച്ചുകൊല്ലുന്നതിനു നാം ഇന്നലെത്തന്നെ ചട്ടംകെട്ടീട്ടുണ്ടായിരുന്നു. അവനെ വിട്ടയയ്ക്കണമെന്നു മാളിയപ്പുറത്തിനഭിപ്രായമുണ്ടായിരുന്നുവെങ്കിൽ ഇന്നലെ എന്നോടു പറയായിരുന്നില്ലേ? എന്നാൽ അങ്ങിനെ ചെയ്യാമായിരുന്നു. ഇനി അതു പറഞ്ഞതുകൊണ്ടു പ്രയോജനമില്ലല്ലോ" എന്നരുളിച്ചെയ്തു. അതുകേട്ടു വലിയ യജമാനൻ ഏറ്റവും കുണ്ഠിതത്തോടുകൂടി തിരുമുൻപിൽനിന്നു പോവുകയും ചെയ്തു. ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു സേവന്മാരുടെ ഇഷ്ടപ്രകാരം യാതൊന്നും പ്രവർത്തിച്ചിരുന്നില്ലെന്നുള്ളതിലേയ്ക്കു ദൃഷ്ടാന്തമായി ഇങ്ങിനെ പല സം

Digitized By Kerala Sahitya Akademi

ഗതികഥ പറയാനുണ്ട്. വിസ്തരഭയത്താൽ അവയൊന്നും ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല.

ശക്തൻതമ്പുരാൻ തിരുമനസ്സിലേയ്ക്കു ചിറമ്മയുടെ പുത്രന്മാരായിട്ടുണ്ടായിരുന്ന സഹോദരന്മാർ രണ്ടുപേരും (ഇളയതമ്പുരാനും വീരകേരള=മൂന്നാംകൂർ തമ്പുരാനും) ശാസ്ത്രജ്ഞന്മാരായിരുന്നു. അവക്കു വേദാന്തശാസ്ത്രംകൂടി ഗ്രഹിച്ചാൽകൊള്ളാമെന്നു കുടുംബാഗ്രഹം ജനിക്കുകയാൽ അതു പഠിപ്പിക്കുന്നതിനു വേദാന്തികളായ പല മലയാളബ്രാഹ്മണരോടും ആവശ്യപ്പെട്ടതിൽ "വേദാന്തം ക്ഷത്രിയക്ക് അഹ്മായിട്ടുള്ളതല്ല" എന്നു പറഞ്ഞതല്ലാതെ ആരും പഠിപ്പിച്ചില്ല. അതിനാൽ ആ തമ്പുരാക്കന്മാർ തൃശ്ശിവപേരൂർ എഴുന്നള്ളിത്താമസിച്ചുകൊണ്ടു തുള്ള എന്ത്രാന്മാരുടെ സ്വാമിയാരായ ഒരു വേദാന്തിയെ അവിടെ വരുത്തിത്താമസിപ്പിക്കുകയും അദ്ദേഹത്തിന്റെ അടുക്കൽ വേദാന്തശാസ്ത്രം പഠിച്ചുതുടങ്ങുകയും അതോടുകൂടി വിഷ്ണുമുദ്ര ധരിക്കുകയും വിഗ്രഹാരാധന മുതലായ ചില കർമ്മങ്ങൾ ആചരിച്ചുതുടങ്ങുകയും ചെയ്തു. എന്നുമാത്രമല്ല, ആ തമ്പുരാക്കന്മാർക്ക് ക്രമേണ വിഷ്ണുമതത്തിൽ പ്രതിപത്തി വർദ്ധിച്ചുവരികയാൽ തുള്ള എന്ത്രാന്മാരുടെ ആചാരനടപടികളെ അവർ മിക്കവാറും സ്വീകരിക്കയും ചെയ്തു. ഇതുമൊക്കെ ആയതിന്റെശേഷം ആ തമ്പുരാക്കന്മാരെ പഠിപ്പിക്കുന്നതിനു തന്റെ ശിഷ്യന്മാരിലൊരാളെ തൃശ്ശിവപേരൂർ താമസിപ്പിച്ചിട്ട് ആ സ്വാമിയാർ സ്വദേശത്തേയ്ക്കു പോയി.

അക്കാലത്തു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ട് എഴുന്നള്ളിത്താമസിച്ചിരുന്നതു തൃപ്പൂണിത്തുറയായിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞശേഷം തന്റെ സഹോദരന്മാർ വേദാന്തശാസ്ത്രം പഠിച്ചുതുടങ്ങുകയും വിഷ്ണുമുദ്ര ധരിക്കുകയും വിഗ്രഹാരാധന മുതലായ ചില കർമ്മങ്ങൾ ആചരിച്ചുതുടങ്ങുകയും തുള്ള എന്ത്രാന്മാരുടെ ആചാരമര്യാദകളെ മിക്കവാറും സ്വീകരിക്കുകയും ചെയ്തിരിക്കുന്നതായി അവിടേയ്ക്ക് അറിവുകിട്ടി. ആ സഹോദരന്മാരുടെ പ്രവൃത്തികൾ തിരുമനസ്സിലേ

Digitized By Kerala Sahitya Akademi

ഷ്ണു കട്ടം രസിച്ചില്ല. എങ്കിലും താൻ അവക്ക വിരോധമായി വല്ലതും പ്രവർത്തിച്ചാൽ ചിറമ്മയ്ക്ക് മനസ്താപമുണ്ടായെങ്കിലോ എന്നു വിചാരിച്ചു. തൽക്കാലം അവിടുന്ന് കനം ചെയ്തില്ല.

അങ്ങിനെയിരിക്കുന്ന കാലത്ത് ഇളയതമ്പുരാനും വീരകേരളതമ്പുരാനുംകൂടി തങ്ങൾക്ക ചെലവിനു വെച്ചിരിക്കുന്ന സംഖ്യ കട്ടം മതിയാകുന്നില്ലെന്നും അതിനാൽ കുറച്ചു കൂട്ടിക്കൊടുക്കണമെന്നും ശകുന്തൻ വലിയതമ്പുരാൻ തിരുമനസ്സിലെ അടക്കലയ്ക്ക് കത്തുപേക്ഷ അയച്ചു. അതിനു ശകുന്തൻ തിരുമനസ്സുകൊണ്ടു, "ക്രമപ്രകാരമുള്ള ചെലവിനു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സംഖ്യകൊണ്ടു മതിയാകും. സ്വകീയാചാരവിരുദ്ധങ്ങളായ നടപടികൾക്കായി കൂടുതൽ സംഖ്യ അനുവദിക്കുന്നതല്ല" എന്നു മറുപടി കൊടുത്തു. ഈ മറുപടി അയച്ചതു നമ്പൂതിരിമാക്കന്മാർക്ക് കട്ടം രസിച്ചില്ലെന്നു മാത്രമല്ല, അന്നുമുതൽ അവർ ശകുന്തൻതിരുമനസ്സിലെപ്പോരിൽ വൈരം വർദ്ധിച്ചുവരികയും ചെയ്തു. അതിനാൽ ആ തമ്പുരാക്കന്മാർ ശകുന്തൻ തിരുമനസ്സിലെ നടപടിദോഷങ്ങളെ സവിസ്തരം വിവരിച്ചു് കരെഴുത്തെഴുതി, അക്കാലത്തു് ഇംഗ്ലീഷുകാരുടെ പ്രതിനിധിയായി (റസിഡൻറായി) വന്നു താമസിച്ചിരുന്ന മെക്കാളിസ്റ്റായ്പ്പിന്റെ പേർക്കയച്ചു. സായ്പ് ആ എഴുത്തു് ശകുന്തൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു കാണുന്നതിനായി അവിടേയ്ക്കയച്ചുകൊടുത്തു. ആ എഴുത്തു കണ്ടപ്പോൾ ശകുന്തൻ തിരുമനസ്സിലേയ്ക്ക് ഉണ്ടായ കോപം അതിദുസ്സഹമായിരുന്നു എന്നുള്ളതു പറയേണമെന്നില്ലല്ലോ. എഴുത്തു കണ്ട ക്ഷണത്തിൽ തിരുമനസ്സുകൊണ്ടു് ആ എഴുത്തുംകൊണ്ടു ചിറമ്മത്തമ്പുരാട്ടിയുടെ തിരുമുമ്പാകെ എഴുന്നള്ളി. അപ്പോൾ തമ്പുരാട്ടി, "കുഞ്ഞിപ്പിള്ള ഈ മദ്ധ്യാഹ്നസമയത്തു് ഇത്ര ബദ്ധപ്പെട്ടു വന്നതു് എന്തിനാണു്?" എന്നു കല്പിച്ചു ചോദിച്ചു. (അന്നു വലിയ തമ്പുരാട്ടിയായിരുന്ന ചിറമ്മത്തമ്പുരാട്ടി ശകുന്തൻതിരുമേനിയെ കാമനപ്പുരായി കുഞ്ഞിപ്പിള്ള എന്നാണു' വിളിച്ചുവ

Digitized By Kerala Sahitya Akademi

ന്നിരുന്നതു്.) ഉടനെ ശക്തൻ തിരുമനസ്സുകൊണ്ടു്, "വിശേഷിച്ചൊന്നുമില്ല; ചിറമ്മയുടെ പുത്രന്മാരുടെ പ്രവൃത്തികളെക്കുറിച്ചു സ്വല്പം തിരുമനസ്സറിയിക്കാനുണ്ടു്. അതിനായിട്ടാണു് ഞാനിപ്പോൾ വന്നതു്. അതു് അവരെക്കൂടി ഇവിടെ വരുത്തീട്ടാണു് നല്ലതെന്നു തോന്നുന്നു" എന്നു തിരുമനസ്സറിയിച്ചു. ആ തമ്പുരാക്കന്മാർ അപ്പോൾ തുപ്പണിഞ്ഞുതന്നെ ഉണ്ടായിരുന്നതിനാൽ തമ്പുരാട്ടി ഉടനെ മുണ്ടുടയിച്ചു് അവരെ അവിടെ വരുത്തി. അപ്പോൾ ശക്തൻതിരുമനസ്സുകൊണ്ടു് ആ എഴുത്തു വായിച്ചു കേൾപ്പിച്ചിട്ടു് "ഇതു ചിറമ്മയുടെ പ്രിയപുത്രന്മാരായ ഇവർ മെക്കാളിയുടെ പേക്കയച്ചിട്ടു് ഞാൻ കാണാനായി അയാൾ എനിക്കയച്ചുതന്നിട്ടുള്ളതാണു്" എന്നു് അരുളിച്ചെയ്തു. അതു കേട്ടിട്ടു തമ്പുരാട്ടി "ഇവരുടെ കാര്യമൊന്നും എന്നോടു പറയേണ്ട. കുഞ്ഞിപ്പിള്ളയുടെ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യട്ടെ; എനിക്കു യാതൊരു വിരോധവുമില്ല" എന്നരുളിച്ചെയ്തു. അപ്പോൾ ശക്തൻ തിരുമനസ്സുകൊണ്ടു് "ഇതിനൊക്കെ പകരം ചെയ്യാനും ഇവരെ നല്ല ശീലം പഠിപ്പിച്ചു മര്യാദയ്ക്കു നടത്താനും എനിക്കു വയ്യാഞ്ഞിട്ടല്ല. ഞാൻ വല്ലതും പ്രവർത്തിച്ചാൽ അതു ചിറമ്മയ്ക്കു വ്യസനകരമായിത്തീരുമല്ലോ എന്നമാത്രം വിചാരിച്ചു് ഞാൻ ഇതുവരെ ക്ഷമിച്ചുപോന്നതാണു്. ചിറമ്മയെ വിചാരിച്ചു് ഞാൻ ഈ പ്രാവശ്യംകൂടി ക്ഷമിക്കുന്നു. ഇവർ ഇനിയും ഇപ്രകാരം വല്ലതും പ്രവർത്തിച്ചാൽ അതിന്റെ ഫലം അപ്പോൾ അറിയാം" എന്നരുളിച്ചെയ്തിട്ടു് അവിടെനിന്നെഴുന്നള്ളി. ഉടനെ അരമനക്കാർ തമ്പുരാക്കന്മാരും പേടിച്ചു വിറച്ചുകൊണ്ടു് അവിടെനിന്നു് എഴുന്നള്ളി.

കരിക്കൽ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂരെഴുന്നള്ളിത്താമസിച്ചിരുന്നപ്പോൾ വടക്കുന്നാഥക്ഷേത്രത്തിന്റെ നാലുവശത്തും തേക്കുങ്കാടു നിറഞ്ഞിരിക്കുന്നതായും തന്നിമിത്തം അവിടെക്കൂടി ഗതാഗതം ചെയ്യുന്നതിനു ജനങ്ങൾക്കു വളരെ ഭയവും അസൌകര്യവും ഉള്ളതായിട്ടും

Digitized By Kerala Sahitya Akademi

കാണുകയാൽ ആ കാടെല്ലാം വെട്ടി മാററിച്ചു ക്ഷേത്രത്തിനു ചുററും വിസ്താരത്തിൽ പ്രദക്ഷിണവഴി ഉണ്ടാക്കിക്കണമെന്നു നിശ്ചയിച്ചു. കതു ദിവസം തിരുമനസ്സുകൊണ്ടു കൂടി എഴുന്നള്ളിനിന്നു കാടു വെട്ടിച്ചുതുടങ്ങിയപ്പോൾ 'പാറമേൽക്കാവ്' എന്നു പ്രസിദ്ധമായ അവിടെയുള്ള ഭഗവതീക്ഷേത്രത്തിലെ വെളിച്ചപ്പാടു വാളും ചിലമ്പും ധരിച്ചു തുള്ളിക്കൊണ്ടു തിരുമുമ്പാകെച്ചെന്നു, "ഇതെന്റെ അച്ഛന്റെ ജടയാണു്; ഇതിങ്ങിനെ വെട്ടിക്കളയാൻ പാടില്ല" എന്നു കോപഭാവത്തോടുകൂടി പറഞ്ഞു. അപ്പോൾ തിരുമനസ്സുകൊണ്ടു ഞാനിതൊക്കെ വെട്ടിക്കളയിച്ചു് ഇവിടം വെടിപ്പും വൃത്തിയും വരുത്തി ഇടുവിക്കാനാണു് നിശ്ചയിച്ചിരിക്കുന്നതു്. അനാവശ്യമായി കതും പറയാതെ പൊയ്ക്കോ; അതാണു് നല്ലതു്. ടിപ്പുസുൽത്താൻ വന്നു ക്ഷേത്രത്തിൽക്കടന്നു വടക്കുന്നാഥന്റെ ബിംബം ഇളക്കിപ്പുറിച്ചു പുറത്തു കളഞ്ഞപ്പോൾ നീയും നിന്റെ അച്ഛനും എവിടെപ്പോയിരുന്നു?" എന്നു് അരുളിച്ചെയ്തു. ഇതു കേട്ടപ്പോൾ വെളിച്ചപ്പാടിനു കോപം കുറച്ചുകൂടി വർദ്ധിച്ചു, തുള്ളൽ കുറച്ചുകൂടി കടുത്തു; "ആ ഹാ ഉണ്ണി എന്നോടു കളിക്കുന്നോ അല്ല? അറിവുണ്ടാകുമിപ്പോൾ" എന്നു പറഞ്ഞുകൊണ്ടു് അയാൾ തല വെട്ടിപ്പൊളിക്കാൻ തുടങ്ങി. വെളിച്ചപ്പാടിന്റെ വാൾ മൂർച്ചയില്ലാത്തതായിരുന്നതുകൊണ്ടു തല നല്ലപോലെ മുറിഞ്ഞില്ല. അപ്പോൾ തിരുമനസ്സുകൊണ്ടു, "നീ വിചാരിച്ചാൽ നമ്മോടു് എന്തു ചെയ്യാൻ കഴിയും? ആ വാളിനു മൂർച്ചയില്ലെങ്കിൽ മൂർച്ചയുള്ള വാൾ എന്റെ കൈയിലുണ്ടു്. ഇതായിരിക്കും നല്ലതു്" എന്നു് അരുളിച്ചെയ്തിട്ടു തിരുമനസ്സിലെ തൃക്കൈയിലിരുന്ന വള്ളിവാൾ തിരുമനസ്സുകൊണ്ടുതന്നെ വെളിച്ചപ്പാടിന്റെ ശിരസ്സിൽവെച്ചു ചിലമ്പുകൊണ്ടു മുട്ടിയിറക്കി. ആ വാൾ നല്ലപോലെ മൂർച്ചയുള്ളതായിരുന്നതിനാൽ വെളിച്ചപ്പാടിന്റെ ശരീരം ക്ഷണത്തിൽ രണ്ടായിപ്പിളർന്നു നിലത്തു പതിച്ചു. അതിന്റെശേഷം തിരുമനസ്സുകൊണ്ടു് അവിടെയുണ്ടായിരുന്ന കാടുകളെല്ലാം വെട്ടിക്കളയിച്ചു വെടിപ്പാക്കി

Digitized By Kerala Sahitya Akademi

ച്ചു ക്ഷേത്രത്തിനു ചുറ്റും പ്രദക്ഷിണവഴി ഉണ്ടാക്കിച്ചു. അതിനാൽ അവിടെ ജനങ്ങൾക്കു ഗതാഗതസൌകര്യവും നിർഭയതയും സിദ്ധിച്ചു.

ചുമ്മുക്കുട്ടിയമ്മ നൈത്യാരമ്മയ്ക്കു് അക്കാലംവരെ അവർ പ്രസവിച്ച സന്തതിയുണ്ടാകാതെയിരുന്നതിനാൽ അത്യന്തം മനസ്താപത്തോടുകൂടി "പന്തത്യത്ഥമായി വല്ലതും ചില സൽക്കർമ്മങ്ങൾ ചെയ്താൽ കൊള്ളാമായിരുന്നു" എന്നു് അവർ തിരുമനസ്സറിയിച്ചു. അതു കേട്ട ശക്തൻ തിരുമനസ്സുകൊണ്ടു്, "അതിനെന്താ വിരോധം? ചുമ്മുവിന്റെ ഇഷ്ടംപോലെയൊക്കെ ചെയ്യാമല്ലോ" എന്നു് അരുളിച്ചെയ്കയും അവരുടെ ഇഷ്ടപ്രകാരം പലവിധത്തിലുള്ള ദാനധർമാദിസൽക്കർമ്മങ്ങളും ബ്രാഹ്മണർക്കു പരക്കെ സദ്യയും പ്രതിഗ്രഹവുമൊക്കെ തുടുവിച്ചു പേരുർവെച്ചുതന്നെ നടത്തിക്കുകയും ചെയ്തു.

ഇവയെല്ലാം നടത്തിയതിന്റെ ശേഷം കുറച്ചു ദിവസം കഴിഞ്ഞിട്ടു ശക്തൻതമ്പുരാൻതിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറയ്ക്കെഴുന്നള്ളി. ഒരു ദിവസം അവിടുന്നു ചിറയ്ക്കത്തമ്പുരാട്ടിയുടെ തിരുമുമ്പാകെ എഴുന്നള്ളിയ സമയം തമ്പുരാട്ടി, "കുഞ്ഞിപ്പിള്ള പാറമേൽക്കാവിലെ വെളിച്ചപ്പാടിനെ കൊന്നു എന്നു കേട്ടു. ഭഗവതിയോടു് ഇങ്ങനെ ചെയ്യാമോ? ഇനി ഇതുനിമിത്തം എന്തെല്ലാമനർത്ഥങ്ങളാണാവോ ഉണ്ടാവുന്നതു്? ഈശ്വരന്മാരോടും മറ്റും കളിക്കുന്നതു് ഒട്ടും നല്ലതല്ല" എന്നരുളിച്ചെയ്തു. അതിനു മറുപടിയായി ശക്തൻതിരുമനസ്സുകൊണ്ടു, "ഞാൻ ഭഗവതിയോടു യാതൊന്നും ചെയ്തില്ല. ഞാൻ കൊന്നതു കോമരത്തെയാണു്. അവൻ അനാവശ്യമായി തുള്ളിക്കൊണ്ടുവന്നു ചില അസംബന്ധങ്ങൾ പറയുകയും ചില ധാർഷ്ട്യങ്ങൾ കാണിക്കുകയും ചെയ്തു. അതുകൊണ്ടാണു് ഞാനങ്ങിനെ ചെയ്തതു്. അതുനിമിത്തം ഭഗവതിക്കു് എന്നോടു് ഒരു വിരോധവും തോന്നുകയുമില്ല, ഇവിടെ ഒരനർത്ഥവും സംഭവിക്കുകയുമില്ല."

തമ്പുരാട്ടി—ആട്ടെ, ഇനി മേലാൽ ഇങ്ങനെയുള്ള സാഹസ

Digitized By Kerala Sahitya Akademi

മൊന്നും പ്രവത്തിക്കരുതു്. ഇതിൻെറയൊക്കെ ഫലം ഏ
ന്നെങ്കിലും കരിക്കൽ അനുഭവിക്കേണ്ടതായി വരും.

ശകുതൻതിരുമനസ്സുകൊണ്ടു്—ഈശ്വരവിരോധം വരത്തക്ക
വണ്ണം ഞാൻ കരിക്കലും യാതൊന്നും പ്രവത്തിക്കുകയില്ല;
ഇതുവരെ പ്രവത്തിച്ചിട്ടുമില്ല. ക്ഷേത്രത്തിൽ ചുറുമുണ്ടാ
യിരുന്ന കാടു കളയിച്ചു പ്രദക്ഷിണവഴി ഉണ്ടാക്കിച്ചതുകൊ
ണ്ടു് ഈശ്വരപ്രസാദമല്ലാതെ ഈശ്വരവിരോധം കരിക്കലു
മുണ്ടാകാനിടയില്ലല്ലോ.

തമ്പുരാട്ടി—ചുമ്മാവനു സന്തതിയുണ്ടാകാനായിട്ടു കുഞ്ഞിപ്പിള്ള
വളരെ സൽക്കമ്മങ്ങൾ ചെയ്യിച്ചുവെന്നു കേട്ടുവല്ലോ. ഇ
വിടെ നമുക്കും സന്തതി ചുരുക്കമായിട്ടല്ലേ ഇരിക്കുന്നതു്? അതിനായിട്ടൊന്നും ചെയ്യിച്ചില്ലല്ലോ. ഇതിനൊന്നും ചെ
യ്യിക്കാതെ മറേറതു നടത്തിച്ചതു നന്നായില്ല. നമ്മുടെ കാ
യ്യം കഴിഞ്ഞിട്ടല്ലേ മറെറല്ലാം വേണ്ടതു്?

ശകുതൻ തിരുമനസ്സുകൊണ്ടു്—ചിറമ്മ ഇങ്ങിനെ അന്യഥാ
ശങ്കിക്കരുതു്. ആ സൽക്കമ്മങ്ങളെല്ലാം ഞാൻ ചെയ്യിച്ചതു
കൂടിയായിരുന്നു. പക്ഷേ ചുമ്മാവനു സന്തതിയുണ്ടാകാനാ
യിട്ടാണെന്നു ചുമ്മാവും ജനങ്ങളും വിചാരിച്ചിരിക്കാം. അ
തുകൊണ്ടു നമുക്കെന്താണു്? നമ്മുടെ മുതൽ ചെലവുചെ
യ്തു ചെയ്യിക്കുന്ന സൽകമ്മങ്ങളുടെ ഫലം അന്യന്മാക്കു് അ
നുഭവിക്കാൻ കഴിയുമോ? "പൊരുൾ പോകുന്നിടത്തു പു
ണ്യം" എന്നല്ലേ അഭിജ്ഞവചനം? വൃക്ഷത്തിൻെറ ചുവ
ട്ടിൽ നനച്ചാൽ ഫലമുണ്ടാകുന്നതു മുകളിലല്ലേ? അതുപോ
ലെ ചുമ്മാവിനുവേണ്ടി എന്നു പറഞ്ഞു ചെയ്യിച്ച സൽകമ്മ
ങ്ങളുടെ ഫലമുണ്ടാകുന്നതു് ഇവിടെയായിരിക്കും.

ഇങ്ങിനെ അരുളിച്ചെയ്തു ചിറമ്മത്തമ്പുരാട്ടിയെ സമ്മ
തിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തിട്ടു് അവിടുന്നു
തിരുമുമ്പിൽനിന്നു് എഴുന്നള്ളുകയും ചെയ്തു.

ശകുതൻതമ്പുരാൻ തിരുമനസ്സുകൊണ്ടു നായാട്ടിനായി

Digitized By Kerala Sahitya Akademi

കരിക്കൽ ഒരു വനത്തിൽ എഴുന്നള്ളിയ സമയം ഒരു പുലി തിരുമനസ്സിലെ നേരെ ചാടിച്ചെന്നു. തിരുമനസ്സുകൊണ്ടു തല്ക്കാലം അല്പമൊന്നു പരിഭ്രമിച്ചു. എങ്കിലും ഉടൻ ധൈര്യത്തെ അവലംബിക്കുകയും തൃക്കൈയിലുണ്ടായിരുന്ന ഇരട്ടക്കുഴൽ തോക്കിൽനിന്നു് ഒരു നിറ വെടിയുതിർക്കുകയും ആ വെടിയേറ്റു പുലി തൽക്ഷണം നിലത്തു വീഴുകയും ചെയ്തു. തിരുമനസ്സിലെ സഹായത്തിനായി വേറൊരു വെടിക്കാരൻ കൂടെയുണ്ടായിരുന്നു. പുലിയെക്കണ്ട മാത്രയിൽ അവനെ കാണാതായി. പുലിയെക്കൊന്നതിന്റെ ശേഷം തിരുമനസ്സുകൊണ്ടു് അവൻ എവിടേയ്ക്കു പോയി ഒളിച്ചുവെന്നു് അറിയാനായിട്ടു നാലുപാടത്തേയ്ക്കും നോക്കി. അപ്പോൾ അവൻ ഒരു മരത്തിന്റെ മുകളിൽനിന്നു് ഇറങ്ങിവരുന്നതായി കണ്ടു. തന്റെ ദേഹരക്ഷയ്ക്കായി താൻ കൊണ്ടുവന്നവൻ അതു നോക്കാതെ സ്വദേഹരക്ഷയെ മാത്രം കരുതി പ്രവർത്തിച്ചതിനാൽ തിരുമനസ്സിലേയ്ക്കു് അവന്റെ പേരിൽ വളരെ അപ്രീതിയും കോപവുമുണ്ടായി. അതിനാൽ തിരുമനസ്സുകൊണ്ടു തന്റെ തോക്കിന്റെ മറേറക്കുഴലിലുണ്ടായിരുന്ന നിറ അവന്റെ നേരെ ഒഴിക്കുകയും അവനും ചത്തു നിലത്തു വീഴുകയും ഉടനെ തിരുമനസ്സുകൊണ്ടു നായാട്ടു മതിയാക്കി കോവിലകത്തേയ്ക്കു് എഴുന്നള്ളുകയും ചെയ്തു.

൯൦൨-ാമാണ്ടു നാടുനീങ്ങിയ തിരുവിതാംകൂർ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഒരിക്കൽ ആലുവാക്കൊട്ടാരത്തിൽ എഴുന്നള്ളിത്താമസിച്ചിരുന്നപ്പോൾ ഒരു ദിവസം മദ്ധ്യാഹ്നസമയത്തു്, കയ്യിൽ ഒരു പീലിക്കുന്തവും ചുമലിൽ ഒരു വലിയ ഭാണ്ഡവും വഹിക്കുകയും ധാരാളമായി വളർന്നിരുന്ന തലമുടി കെട്ടിവെയ്ക്കുകയും ചെയ്തിരുന്ന ഒരു മനുഷ്യൻ അവിടെ സമീപത്തുള്ള ഒരു മലയിൽനിന്നു് ഇറങ്ങി പുഴയിലേയ്ക്കു വരികയും കൊട്ടാരത്തിനു വടക്കുവശമുള്ള മണൽപ്പുറത്തു്, പീലിക്കുന്തവും ഭാണ്ഡവും വെച്ചിട്ടു് കുളിയും നിത്യകർമ്മാനുഷ്ഠാനാദികളും കഴിച്ചതിന്റെ ശേഷം ആ മണൽപ്പുറത്തുതന്നെ

Digitized By Kerala Sahitya Akademi

കരട്ടപ്പുക്കുട്ടി, ഭാണ്ഡത്തിൽനിന്നു് അരിയും പിറകും പാത്രവു മെടുത്തു സ്വയംപാകവും, ഉപ്പും മുളകും മാത്രം കൂട്ടി ഭക്ഷണവും കഴിച്ചിട്ടു പാത്രം തേച്ചുമുക്കി ഭാണ്ഡത്തിൽ വെച്ചുകെട്ടി ആ ഭാണ്ഡവും പീലിക്കന്തവുമെടുത്തുകൊണ്ടു വന്നവഴിയേതന്നെ പോവുകയും ചെയ്തു. രാമവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ഇതെല്ലാം കണ്ടുകൊണ്ടാണു് കൊട്ടാരത്തിൽ എഴുന്നള്ളിയിരുന്നിരുന്നതു്. ആ മനുഷ്യൻ തിരിച്ചുപോയിക്കഴിഞ്ഞപ്പോൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് അടുക്കൽ നിന്നിരുന്ന കേശവപിള്ള ദിവാൻജിയോടു, "ആ മണൽപ്പുറത്തു് അരിവെച്ചു് ഊണുകഴിച്ചുപോയ മനുഷ്യൻ ആരാണെന്നു മനസ്സിലായോ?" എന്നു കല്പിച്ചു ചോദിച്ചു. "അടിയനു മനസ്സിലായില്ല" എന്നു ദിവാൻജി തിരുമനസ്സറിയിച്ചപ്പോൾ തിരുമനസ്സുകൊണ്ടു്, "അതു നമ്മുടെ പെരുമ്പടപ്പിൽ മൂപ്പീനാണു്. അവിടുന്നു വയ്യാത്ത കായ്മം കൊണ്ടുമില്ല. ഇങ്ങിനെ കുറേനേരം കഴിച്ചുകൂട്ടാൻ എന്നാൽ സാദ്ധ്യമല്ല. ഇനിയൊരു ദിവസം ഇങ്ങോട്ടും വരുമുണ്ടായേയ്ക്കാം. അതിനി എന്നാണാവോ? എല്ലാവരും കരുതിയിരുന്നുകൊള്ളണം. ആളറിയാതെ അബദ്ധമൊന്നും പറയാനിടയാകരുതു്" എന്നരുളിച്ചെയ്തു. പിന്നെ നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം ശകുന്തളയും രാൻ തിരുമനസ്സുകൊണ്ടു് ഊട്ടുപുരക്കോട്ടാരത്തിലെഴുന്നള്ളി, രാമവമ്മമഹാരാജാവു തിരുമനസ്സിലെ കാണുകയും കുറച്ചുനേരം പരസ്പരം സംഭാഷണം ചെയ്തിരുന്നതിന്റെ ശേഷം തിരിയേ എഴുന്നള്ളുകയും ചെയ്തു.

കരാണ്ടിൽ ഇടവപ്പാതിയല്ല; മിഥുനപ്പാതി കഴിഞ്ഞിട്ടും മഴ പെയ്യാതിരുന്നതിനാൽ തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിലുള്ള ജനങ്ങൾകൂടി ശകുന്തളതിരുമനസ്സിലെ അടുക്കൽ സങ്കടമറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂരെഴുന്നള്ളി വാദ്ധ്യാൻ നമ്പൂരി മുതലായ മഹാബ്രാഹ്മണരെ തിരുമുൻപാകെ വരുത്തി, "മഴ പെയ്യിക്കാൻ വല്ലതും മാർഗ്ഗമുണ്ടോ!" എന്നു കല്പിച്ചു ചോദിച്ചു. "ജലജപം തുടങ്ങിയാൽ

Digitized By Kerala Sahitya Akademi

പന്ത്രണ്ടു ദിവസത്തിനകം മഴ പെയ്യും" എന്നവർ തിരുമനസ്സറിയിച്ചു. വരുന്ന ബ്രാഹ്മണക്കൊക്കെ അതികേമമായിട്ടുള്ള സദ്യയും ദക്ഷിണയുമായിട്ടു പിറ്റേദിവസംതന്നെ ജലജപം കല്പിച്ചു തുടങ്ങിച്ചു. അങ്ങിനെ പതിനൊന്നു ദിവസം കഴിഞ്ഞിട്ടും മഴ പെയ്തില്ല. പന്ത്രണ്ടാംദിവസം ജലജപത്തിനുള്ള സമയമായപ്പോൾ തിരുമനസ്സുകൊണ്ടു വാളുമുരിപ്പിടിച്ചു ജലജപസ്ഥലത്തു് എഴുന്നള്ളുകയും നമ്പൂരിമാരെ കല്പിച്ചു വിളിച്ചു "ജലജപം തുടങ്ങീട്ടു് ഇന്നു പന്ത്രണ്ടാംദിവസമായിരിക്കുന്നു. ഇതുവരെ മഴ പെയ്തില്ല. ഇന്നും മഴ പെയ്യാത്തപക്ഷം നിങ്ങളെ ആരേയും വെറുതെ വിട്ടയയ്ക്കുകയില്ല. എല്ലാവരും നല്ലപോലെ കരുതിക്കൊള്ളണം" എന്നരുളിച്ചെയ്കയും ചെയ്തു. കല്പന കേട്ടപ്പോഴേയ്ക്കും നമ്പൂരിമാക്കു ഭയവും വ്യസനവും പരിഭ്രമവും കലശലായി. ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കോപം വന്നാൽ കഴുത്തു വെട്ടിക്കളയാനും മടിക്കുന്ന ആളല്ലെന്നു് എല്ലാവക്കും അറിയാമായിരുന്നതുകൊണ്ടു നമ്പൂരിമാരെല്ലാവരും ഭീതിയോടുകൂടി ഈശ്വരനെ സ്മരിച്ചുകൊണ്ടു മനസ്സിരുത്തി ജലജപം തുടങ്ങി. അങ്ങിനെ കുറച്ചു നേരം കഴിഞ്ഞപ്പോഴേയ്ക്കും കാർമേഘംകൊണ്ടു് ആകാശമണ്ഡലം നിറയുകയും അതികേമമായി മഴ പെയ്തുതുടങ്ങുകയും ചെയ്തു. തിരുമനസ്സുകൊണ്ടു സന്തോഷിച്ചു് അന്നു നമ്പൂരിമാക്കെല്ലാവക്കും പതിവിലിരട്ടി ദക്ഷിണ കഴിച്ചു് അവരെ സന്തോഷിപ്പിക്കുകയും അന്നുമുതൽ മുടക്കം കൂടാതെ ധാരാളമായി മഴ പെയ്തുതുടങ്ങുകയും ചെയ്തു.

കരാട്ടത്തിരുനാൾദ്വിവസം ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു പതിവു സമയത്തു് അമൃതേത്തിനു് എഴുന്നള്ളാതെയിരുന്നതിനാൽ വലിയ (ചിറ്റമ്മ) തമ്പുരാട്ടിയും മറ്റുള്ള തമ്പുരാക്കന്മാരും കാത്തിരുന്നു. അങ്ങിനെ വളരെ നേരം കഴിഞ്ഞപ്പോൾ ശക്തൻതിരുമനസ്സുകൊണ്ടു് എഴുന്നള്ളുകയും അവിടുന്നും മറ്റുള്ള തമ്പുരാക്കന്മാരും അമൃതേത്തിനിരിക്കുകയും ചെയ്തു. ഉടനെ പതിവുപോലെ ശക്തൻതിരുമനസ്സിലേയ്ക്കു

Digitized By Kerala Sahitya Akademi

പിളമ്പിക്കൊട്ടത്തിട്ട വലിയ തമ്പുരാട്ടിയും അമ്മതേത്തിനിരുന്നു. പിന്നെ വലിയ തമ്പുരാട്ടി "കുഞ്ഞിപ്പിള്ള ഇന്നിത്ര താമസിച്ചതെന്താണു്?" എന്നു കല്പിച്ചു ചോദിച്ചു.

ശകുതൻ—ഇന്നു രാവിലെ ഞാൻ കുളിക്കാനായിട്ടു പുറപ്പെട്ടപ്പോൾ ഒരു മാപ്പിള ഒരു പശുവിനെ അറഞ്ഞു എന്നു കേട്ടു. എന്നാൽ അവന്റെ കഥ കഴിച്ചിട്ടാവാം കുളി എന്നു വിചാരിച്ചു് ഉടനെ പോയി, അന്വേഷിച്ചു് അവനെ പിടികൂടി കൊന്നതിന്റെ ശേഷമാണു് കുളിച്ചതു്. അതുകൊണ്ടു സ്വല്പം താമസം പറ്റിപ്പോയി.

തമ്പുരാട്ടി—കഷ്ടം! ഇന്നു് ആട്ടപ്പുറന്നാളായിട്ടു് ഇങ്ങിനെ ചെയ്തതു് കട്ടം നന്നായില്ല. സൽകർമ്മം ചെയ്യേണ്ടുന്ന ദിവസം ദുഷ്കർമ്മം ചെയ്യാമോ? നരഹത്യതന്നെ കഷ്ടം; വിശേഷിച്ചു ജന്മനക്ഷത്രദിവസം അതു മഹാ കഷ്ടംതന്നെ.

ശകുതൻ—ജന്മനക്ഷത്രദിവസം ഗോഹത്യ ചെയ്യുന്നതു് നല്ലതാണോ? അതു നല്ലതാണെങ്കിൽ ഞാൻ ചെയ്തതു തെറ്റുതന്നെ.

തമ്പുരാട്ടി—അവൻ ചെയ്തതു നന്നായില്ല. എങ്കിലും അതിന്റെ പാപം അവനല്ലേ അനുഭവിക്കുന്നതു്?

ശകുതൻ—ചിറ്റമ്മേ! അതിനു കുറച്ചു ഭേദമുണ്ടു്. അവൻ ചെയ്ത പാപം അവനനുഭവിക്കുമായിരിക്കാം. എങ്കിലും അതു കേട്ടിട്ടു ഞാനൊന്നും ചെയ്യാതെയിരുന്നാൽ അതും പാപമല്ലേ? അതു ഞാൻ അനുഭവിക്കേണ്ടതായി വരുമല്ലോ. യഥാക്രമം ശിക്ഷാരക്ഷകൾ ചെയ്തു് ഈ രാജ്യത്തു നീതി നടത്താനുള്ള ചുമതല എനിക്കാണു്. അതു ഞാൻ ചെയ്യാതെയിരുന്നാൽ പരലോകത്തു ചെല്ലുമ്പോൾ അതിനെക്കുറിച്ചു് എന്നോടു ചോദിക്കാൻ ആളുണ്ടല്ലോ. അതുകൊണ്ടു് എന്റെ കാലത്തു് ഇപ്രകാരമുള്ള ദുഷ്കൃത്യം ഈ രാജ്യത്തു് ആരും ചെയ്യാൻ ഞാൻ സമ്മതിക്കയില്ല.

ഇങ്ങിനെ അരുളിച്ചെയ്തുകൊണ്ടു് അമ്മതേത്തും കഴിച്ചു് അവിടുന്നു് അവിടെനിന്നു് എഴുന്നള്ളി.

Digitized By Kerala Sahitya Akademi

പ്രസിദ്ധമായ തൃശ്ശിവപേരൂർ പൂരം ശക്തൻ തിരുമനസ്സിലെക്കാലത്തു് അവിടുത്തെ കല്പനപ്രകാരം ഉണ്ടാക്കിയതാണു്. അതിനുമുൻപു് അവിടെ അങ്ങിനെ ഒരാഘോഷമുണ്ടായിരുന്നില്ല. ഒരിക്കൽ തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂരെഴുന്നള്ളിത്താമസിച്ചിരുന്നപ്പോൾ ആ ദേശക്കാരേയെല്ലാം തിരുമുൻപാകെ വരുത്തി, "ഇവിടെ ആണ്ടുതോറും മേടമാസത്തിൽ പൂരം ഒരാഘോഷദിവസമായി കൊണ്ടാടണം; അതിനു നാട്ടുകാർ തിരുവമ്പാടി, പാറമേക്കാവു് ഇങ്ങനെ രണ്ടു ഭാഗമായി പിരിഞ്ഞു സംഘം ചേർന്നു് അതു നടത്തണം. അന്നു സമീപത്തുള്ള ഭഗവതിമാരേയും ശാസ്താവു മുതലായ ദേവന്മാരേയും എഴുന്നള്ളിച്ചു വടക്കുന്നാഥക്ഷേത്രസന്നിധിയിൽ കൊണ്ടുവരണം; അവയിൽ തിരുവമ്പാടിയിൽനിന്നും പാറമേക്കാവിൽനിന്നുമുള്ള എഴുന്നള്ളത്തുകൾ പ്രധാനങ്ങളായിരിക്കണം; ഈ വകയ്ക്കു വേണ്ടുന്ന പണം ജനങ്ങൾ പിരിച്ചെടുത്തു ചെലവു ചെയ്യണം; പിന്നെ വേണ്ടുന്ന സഹായങ്ങളെല്ലാം നാം ചെയ്തുതരികയും ചെയ്യാം" എന്നരുളിച്ചെയ്കയും എഴുന്നള്ളത്തു സംബന്ധിച്ചും മറ്റും വേണ്ടുന്ന മുറകളും ചടങ്ങുകളുമെല്ലാം പ്രത്യേകം പ്രത്യേകം കല്പിക്കുകയും ചെയ്തു. ജനങ്ങളെല്ലാവരും ആ കല്പനയെ സമ്മതിക്കുകയും ആ ആണ്ടിൽത്തന്നെ പൂരമഹോത്സവം തുടങ്ങുകയും ചെയ്തു. തൃശ്ശിവപേരൂർ പൂരത്തിനു് ഇപ്പോഴും തുടർന്നുവരുന്ന ചട്ടവട്ടങ്ങളെല്ലാം ശക്തൻ തിരുമനസ്സുകൊണ്ടു് അന്നു കല്പിച്ചു നിശ്ചയിച്ചിട്ടുള്ളതുയാണു്. പൂരം തുടങ്ങിയ കാലംമുതൽ ആജീവനാന്തം അവിടുന്നുകൂടി എഴുന്നള്ളിയിരുന്നാണു് ആ മഹാത്സവം നടത്തിയിരുന്നതു്.

തിരുമനസ്സുകൊണ്ടു പൂരം സംബന്ധിച്ചുള്ള ശ്രമങ്ങളും ചട്ടംകെട്ടുകളും ചെയ്തുകൊണ്ടു രണ്ടുമൂന്നു മാസത്തോളം തൃശ്ശിവപേരൂർത്തന്നെ എഴുന്നള്ളിത്താമസിച്ചുപോയതുകൊണ്ടു് ആക്കാലത്തു് അമ്മതമ്പുരാൻ കോവിലകത്തേയ്ക്കു ചെലവിനുള്ള പണം അയച്ചുകൊടുക്കുന്നതിനു് അവിടേയ്ക്കു സാധിച്ചില്ല. അതിനാൽ വലിയ തമ്പുരാട്ടി തന്റെ പുത്രിമാരോടു്, "കു

Digitized By Kerala Sahitya Akademi

ഞ്ഞിപ്പിള്ള നമ്മുടെ കായ്മം മറന്നുപോയിരിക്കുമോ? ചെലവിനുള്ള പണം ഇതുവരെ അയച്ചുതന്നില്ലല്ലോ. ഇനി എവിടെനിന്നെങ്കിലും കുറച്ചു പണം കടം വാങ്ങുകതന്നെ; അല്ലാതെ നിവൃത്തിയില്ലല്ലോ" എന്നരുളിച്ചെയ്തു. അപ്പോൾ കൊച്ചുതമ്പുരാട്ടിമാർ, അമ്മയ്ക്ക് ഇങ്ങിനെതന്നെ പറയണം. അമ്മ കാപ്പനെ ക്രമത്തിലധികം വാത്സല്യിച്ച് എടുത്തു തലയിൽ വെയ്ക്കുന്നതിന്റെ ഫലമാണിതു്" എന്നു തിരുമനസ്സറിയിച്ചു. അതു കേട്ടു വലിയ തമ്പുരാട്ടി, "അതു ശരിയാണു്. ആട്ടെ, ഇനി കുഞ്ഞിപ്പിള്ള ഇവിടെ വന്നാൽ ഞാൻ മിണ്ടുകപോലുമില്ല, നിശ്ചയംതന്നെ" എന്നും അരുളിചെയ്തു. പൂരം കഴിഞ്ഞതിന്റെ ശേഷം ശകുതൻ തിരുമനസ്സിലേയ്ക്ക് ഈ സംഗതി (പണം അയച്ചുകൊടുത്തില്ല എന്നുള്ളതു്) കാമ്മ വരികയും ഉടനെ തൃപ്പണിത്തുറയ്ക്ക് എഴുന്നള്ളുകയും തൽക്ഷണം വലിയ തമ്പുരാട്ടിയുടെ തിരുമുൻപാകെയെത്തി, കരു കൂടാത്ത സ്വർണ്ണപുഷ്പം (സ്വർണ്ണംകൊണ്ടുണ്ടാക്കിയ പൂവ്) തൃപ്പാദത്തിങ്കൽ ചൊരിഞ്ഞു സാഷ്ടാംഗമായി നമസ്കരിച്ചിട്ട് "ചിറ്റമേ! എനിക്കു കുറച്ചൊരു അസ്വാളിത്തം പറ്റിപ്പോയി. അതു് അവിടുന്നു സദയം ക്ഷമിക്കണം. ചെലവിനുള്ള പണം പലിശയോടുകൂടി കൊണ്ടുവന്നിട്ടുണ്ടു്" എന്നു് അരുളിച്ചെയ്കയും പണം തിരുമുമ്പാകെ വെയ്ക്കുകയും ചെയ്തു. അപ്പോൾ വലിയ തമ്പുരാട്ടി, "എനിക്കു കുഞ്ഞിപ്പിള്ളയോടു യാതൊരു രസക്കേടുമില്ല. പണത്തിനു തല്ക്കാലമുണ്ടായ ബുദ്ധിമുട്ടുകൊണ്ടും എന്റെ ശുദ്ധഗതികൊണ്ടും സ്വല്പമായി വല്ലതും മനസ്സിൽ തോന്നിയിരുന്നുവെങ്കിലും കുഞ്ഞിപ്പിള്ളയേക്കണ്ടപ്പോൾത്തന്നെ അതെല്ലാം തീർന്നുപോയി" എന്നരുളിച്ചെയ്തു. ശകുതൻ തിരുമനസ്സുകൊണ്ടു് അതു കേട്ടു സന്തോഷിക്കുകയും ഉടനെ തിരുമുൻപാകെനിന്നു് എഴുന്നള്ളുകയും ചെയ്തു.

ശകുതൻതമ്പുരാൻ തിരുമനസ്സിലേക്കാലത്തു തിരുവിതാംകൂർ രാജ്യം വാണിരുന്നതു ൻെ-ാമാണ്ടു് നാടുനീങ്ങിയ രാമവർമ്മമഹാരാജാവു് തിരുമനസ്സുകൊണ്ടായിരുന്നു എന്നു മുൻപു

Digitized By Kerala Sahitya Akademi

പറഞ്ഞിട്ടുണ്ടല്ലോ. അവിടത്തെ ദിവാനായിരുന്ന കേശവപിള്ള കരിക്കൽ ആ മഹാരാജാവുതിരുമനസ്സിലേ അടുക്കൽ, "വല്ലപ്രകാരവും കൊച്ചിരാജ്യംകൂടി പിടിച്ചടക്കിയാൽ കൊള്ളാമെന്നു് അടിയനു് ആഗ്രഹമുണ്ടു്" എന്നറിയിച്ചു. അപ്പോൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു്, "ഇപ്പോഴത്തെ പെരുമ്പടപ്പിൽ മൂപ്പിലേ കാലത്തു് അതു് അസാദ്ധ്യംതന്നെയാണു്. സംശയമുണ്ടെങ്കിൽ കേശവൻ കൊച്ചിയിലോളം പോയി അവിടത്തെ സ്വഭാവം ആകപ്പാടേ കണ്ണു അറിഞ്ഞുപോരു" എന്നരുളിച്ചെയ്തു. അന്നുതന്നെ കേശവപിള്ള ദിവാൻജി കൊച്ചിയിലേയ്ക്കു പുറപ്പെട്ടു. തൃപ്പൂണിത്തുറയെത്തി, ശക്തൻതിരുമനസ്സിലേ കണ്ണു കണ്ടാൽക്കൊള്ളാമെന്നു് അവിടത്തെ സേവന്മാരിലൊരാൾ മുഖാന്തരം തിരുമനസ്സറിയിക്കയും തിരുമുൻപാകെ ചെല്ലാൻ കല്പനയാവുകയും ചെയ്തു. കേശവപിള്ള ദിവാൻജി കാണാനായി ചെന്ന സമയം ശക്തൻതിരുമനസ്സുകൊണ്ടു തൃക്കയ്യിൽ വാളുമുരിപ്പിടിച്ചു കളിക്കോട്ടയിൽ ലാത്തിക്കൊണ്ടിരിക്കയായിരുന്നു. തിരുമനസ്സിലേ കണ്ടപ്പോൾത്തന്നെ ദിവാൻജിയുടെ ദേഹം വിയക്കയും വിറച്ചുതുടങ്ങുകയും ചെയ്തു. അടുത്തു ചെല്ലാൻ ഭയം തോന്നുകയാൽ അകലെനിന്നു വന്ദിച്ചു. അപ്പോൾ തിരുമനസ്സുകൊണ്ടു് "എന്താ ളരെ നില്ക്കുന്നതു്? അടുത്തു വരു" എന്നു് അരുളിച്ചെയ്കയാൽ കേശവപിള്ള വളരെ ഭയത്തോടുകൂടി അടുത്തു ചെല്ലുകയും തിരുമനസ്സുകൊണ്ടു് കുശലപ്രശ്നാനന്തരം "കേശവനേ കണ്ടാൽ കൊള്ളാമെന്നു നാം വളരെ നാളായി വിചാരിക്കുന്നു. ഇപ്പോൾ കാണാൻ സംഗതിയായതു സന്തോഷമായി. കേശവനെ നാം നമ്മുടെ കരു സ്വന്തമാളായിട്ടാണു് വിചാരിച്ചിരിക്കുന്നതു്" എന്നരുളിച്ചെയ്കയും തൃക്കയിലിരുന്ന വാളും രണ്ടു കൈയ്കും വീരശൃംഖലയും കരുകുഞ്ഞു പാവുമുണ്ടും കല്പിച്ചുകൊടുത്തു യാത്രയയയ്കയും ചെയ്തു. കേശവപിള്ള സന്തോഷത്തോടും ഭയത്തോടുംകൂടിയാണു് സമ്മാനങ്ങൾ വാങ്ങിക്കൊണ്ടു തിരുമുൻപിൽനിന്നു പോയ

Digitized By Kerala Sahitya Akademi

ത്തു്. അദ്ദേഹം തിരുവനന്തപുരത്തെത്തി മഹാരാജാവു തിരുമനസ്സിലേ തിരുമുൻപാകെ ചെന്നപ്പോൾ, "എന്തെല്ലാമാണു് കേശവൻ പോയിട്ടുള്ള വർത്തമാനങ്ങൾ? കേശവന്റെ ആഗ്രഹം ഫലിക്കുമോ? എന്തു തോന്നുന്നു?" എന്നു കല്പിച്ചു ചോദിച്ചു. "ആ തിരുമനസ്സിലെ കാലത്തു് അസാദ്ധ്യംതന്നെയാണു്" എന്നു കേശവപിള്ള തിരുമനസ്സറിയിക്കുകയും "അതു ഞാൻ മുൻപേതന്നെ പറഞ്ഞില്ലേ? അദ്ദേഹത്തിന്റെ അടുക്കൽ കേശവന്റെ വിദ്യയൊന്നും പറകയില്ല. അദ്ദേഹം കരുരാജസിംഹമാണു്" എന്നു് അരുളിച്ചെയ്കയും ചെയ്തു.

അനന്തരം കുറച്ചുകാലം കഴിഞ്ഞപ്പോൾ വലിയമ്മ തമ്പുരാൻ തീപ്പെട്ടു. ആ വലിയ തമ്പുരാട്ടി ചിറമ്മ ആയിരുന്നുവെങ്കിലും പെറമ്മയേപ്പോലെതന്നെയാണു് ശക്തൻ തിരുമനസ്സുകൊണ്ടു വിചാരിച്ചുപോന്നതു്. അതിനാൽ ശവസംസ്കാരം മുതലായതിനു് അവിടുന്നുകൂടിക്കൂട്ടുകയും തിരുവന്തളി (പിണ്ഡം) അടിയന്തിരം കേമമായി നടത്തുകയും ചെയ്തു. കരുകൊല്ലത്തെ പള്ളിദീക്ഷ ശക്തൻ തിരുമനസ്സുകൊണ്ടും യഥാവിധി ആചരിച്ചു. തിരുമാസമടിയന്തിരം ഏറണാകുളത്തുവെച്ചു വളരെ ഭംഗിയായും കെങ്കേമമായുമാണു് കല്പിച്ചുനടത്തിയതു്. ഇങ്ങനെ കേമമായിട്ടൊരു തിരുമാസം ഇതിനുമുമ്പുണ്ടായിട്ടില്ലെന്നു് അന്നവിടെ കൂടിയിരുന്ന സകല ജനങ്ങളും സമ്മതിച്ചു. എങ്കിലും ആ തിരുമാസത്തിനു സല്പേരായിട്ടു് കരാക്ഷേപം വന്നുകൂടി. സദ്യയ്ക്കു വേണ്ടുന്ന പഞ്ചസാരയ്ക്കു് ഏല്പിച്ചിരുന്നതു് കൊച്ചിയിൽ ഒരു വലിയ കച്ചവടക്കാരനായിരുന്ന ദേവരേശക്കിണി എന്നൊരു കൊങ്ങിണിയെ ആയിരുന്നു. അയാൾ പഞ്ചസാര യഥാകാലം എത്തിച്ചുകൊടുക്കാതെയിരുന്നതിനാൽ സദ്യയ്ക്കു പഞ്ചസാര വിളമ്പാൻ സല്പേരം താമസം വന്നുപോയി. വിളമ്പിയപ്പോൾ ധാരാളം വിളമ്പിയെങ്കിലും അതു വേണ്ടുന്ന സമയത്തായില്ല എന്നു ചില ബ്രാഹ്മണർ ആക്ഷേപംപറഞ്ഞു. ആ ആക്ഷേപം തീർക്കുന്നതിനായി ശക്തൻതിരുമനസ്സുകൊണ്ടു നമ്പൂരിപ്പാടന്മാർക്കു നാ

Digitized By Kerala Sahitya Akademi

ലും, നമ്പൂരിമാക്ക് മൂന്നും, എഴുപ്രാന്മാർ തിരുമുല്പാടന്മാർ മുതലാവക്ക് രണ്ടും, പരദേശബ്രാഹ്മണക്ക് ഒന്നും, അമ്പലവാസികൾക്ക് അരയും ത്രുപവീതം പ്രതിഗ്രഹം കൊടുത്തു. പ്രതിഗ്രഹംപതിവിൽ കൂടുതൽ കിട്ടിയപ്പോൾ എല്ലാവക്കും വളരെ സന്തോഷമായി. മുമ്പേ ആക്ഷേപിച്ചവർതന്നെയും പിന്നെ സ്തുതിച്ചുതുടങ്ങി. തൃശ്ശിവപേരൂർ വാദ്ധ്യാൻനമ്പൂരി, ചൈടികന്മാർ, പ്രൂട്ടുകന്മാർ മുതലായി തിരുമാസ്മടിയന്തിരുത്തിന്നു വന്നകൂടിയിരുന്ന യോഗ്യന്മാക്കെല്ലാം പിറേറദ്ദിവസം വൻമുറിസ്സുട്ട്യ കഴിഞ്ഞതിൻെറശേഷം യിരുമനസ്സുകൊണ്ടു യഥാക്രമം സമ്മാനങ്ങളും കല്പിച്ചുകൊടുത്തു. സന്തോഷിപ്പിച്ച് അവരേയും യാത്രയച്ചു. അന്ന് അത്താഴമായേത്തു കഴിഞ്ഞു. പള്ളിക്കുറുപ്പിന് എഴുന്നള്ളാറായപ്പോൾ പണിക്കരു വലിയ കപ്പിത്താനെ തിരുമുൻപാകെ വരുത്തി, "ദേവരേശൻ പഞ്ചസാര സമയത്തിന്ന് എത്തിച്ചുതന്നില്ലെന്നുള്ള വിവരം പണിക്കരും അറിഞ്ഞിരിക്കുമല്ലോ. അവൻെറ പാപ്പു കൊച്ചിയിൽ കോട്ടയ്ക്കകത്താകയാൽ നമ്മേ കൂട്ടാക്കീട്ട് എന്തുവേണമെന്നു വിചാരിച്ചായിരിക്കണം അവൻ അങ്ങിനെ ചെയ്തുത്. അതിനാൽ നാളെ രാവിലെ ഞാനുണരുമ്പോൾ കണികാണ്മാൻ തക്കവണ്ണം അവൻെറ തല എൻെറ മുൻപിൽ കൊണ്ടുവരണം. കൊച്ചിയിൽ കോട്ടവാതിൽ അടയ്ക്കുന്നതിന്നുമുൻപ് അകത്തു കടക്കണം. അതിനാൽ ഇപ്പോൾത്തന്നെ പൊയ്ക്കോളു. ഞാൻ ഉറങ്ങാൻ പോകുന്നു" എന്നരുളിച്ചെയ്തിട്ട പള്ളിക്കുറുപ്പിറങ്ങിപ്പോന്നുള്ളി.

ഇവിടെ കൊച്ചിക്കോട്ടയുടെയും ദേവരേശക്കിണിയുടെയും സ്ഥിതിയെപ്പറ്റി സല്പം വിവരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ബ്രിട്ടീഷുകൊച്ചി എന്നു പറയപ്പെടുന്ന സ്ഥലം പണ്ടു കൊച്ചിരാജാവിൻെറ വകയായിരുന്നു. പോർത്തുഗീസ്സുകാർ ആദ്യം കൊച്ചിയിൽ വന്നസമയം അവരുടെ അപേക്ഷപ്രകാരം ആ സ്ഥലം രാജാവു് അവക്ക് കൊടുക്കുകയും രാജാവിൻെറ അനുമതിയോടുകൂടി അവരവിടെ ഒരു കോട്ട കൊട്ടിക്കുകയും ചെയ്തു. കോട്ടയുടെ പടിഞ്ഞാറുഭാഗം സമുദ്രവും വടക്കുഭാഗം അഴി

Digitized By Kerala Sahitya Akademi

യും (തുറമുഖവും) കിടങ്ങുമുണ്ടാക്കിയ്ക്കുകയും രണ്ടുമൂന്നു കോട്ട വാതിലുകളുണ്ടാക്കിച്ചു കോട്ടവാതിൽക്കലെല്ലാം പട്ടാളക്കാരുടെ കാവലേർപ്പെടുത്തുകയും ചെയ്തിരുന്നു. രാത്രി പത്തുമണിമുതൽ നാല്മണിവരെ കോട്ടവാതിലുകൾ അടച്ചിടുക പതിവായിരുന്നതിനാൽ ആ സമയത്തു് ആർക്കും കോട്ടത്തുകടന്നിനിന്നു പുറത്തേയ്ക്കും പുറത്തുനിന്നു് അകത്തേയ്ക്കും ഗതാഗതങ്ങൾ ചെയ്വാൻ നിവൃത്തിയില്ലായിരുന്നു. കോട്ടവാതിലുകൾ അടച്ചിരിക്കുന്ന സമയങ്ങളിൽ കോട്ടയ്ക്കകത്തും പട്ടാളക്കാരുടെ കാവലുണ്ടായിരുന്നു. പോർത്തുഗീസ്സുകാർ അവിടംവിട്ടു പോയതിന്റെ ശേഷം ആ സ്ഥലം ലന്തക്കാർ കൈവശപ്പെടുത്തി. അവരും ഏകദേശം ആറു കൊല്ലത്തോളം കാലം പോർത്തുഗീസ്സുകാരെപ്പോലെ സൈന്യസമേതം അവിടെപ്പാർത്തിരുന്നു. ലന്തക്കാർ അവിടെനിന്നു പോയതിന്റെ ശേഷമാണു് ആ സ്ഥലം ഇംഗ്ലീഷുകാരുടെ കൈവശമായിത്തീർന്നതു്. തദനന്തരം കോട്ട നശിച്ചുപോവുകയും ആ സ്ഥലത്തിനു 'ബ്രട്ടീഷുകൊച്ചി' എന്നു നാമം സിദ്ധിക്കുകയും ചെയ്തു. ഇപ്രകാരമാകുന്നു ബ്രിട്ടീഷുകൊച്ചിയുടെ ചരിത്രം. ഇനി ദേവദേശക്കിണിയെക്കുറിച്ചു പറയാം.

ദേവദേശക്കിണി വലിയ ധനവാനും പല സ്ഥലങ്ങളിൽ കച്ചവടം നടത്തിവന്നിരുന്ന ആളും കൊങ്ങിണികളുടെ പ്രധാനപ്പെട്ട ദേവസ്ഥലമായ തിരുമലദേവസ്വത്തിലെ അധികാരിയുമായിരുന്നു. എന്നു മാത്രമല്ല, സകല കൊങ്ങിണികളും അയാളുടെ വരുതിയിലുമായിരുന്നു. അയാളുടെ ശമ്പളത്തിൽ കായ്മസ്ഥന്മാരും കണക്കെഴുത്തുകാരും ഗ്രമസ്ഥന്മാരും ശേവുകക്കാരും മറ്റുമായി അനേകംപേരുമുണ്ടായിരുന്നു. അയാളുടെ പ്രധാനപ്പെട്ട കച്ചവടസ്ഥലവും ഭവനവും കൊച്ചിയിൽ കോട്ടയ്ക്കകത്തായിരുന്നതിനാൽ അയാൾക്കു കൊച്ചിരാജാവിനെപ്പോലും ഭയവും ബഹുമാനവും ഉണ്ടായിരുന്നില്ല! അക്കാലത്തു കോട്ട ലന്തക്കാരുടെ കൈവശമായിരുന്നതിനാൽ അവരെക്കുറിച്ചു മാത്രമേ അയാൾക്കു സ്വല്പം ബഹുമാനമുണ്ടായിരു

Digitized By Kerala Sahitya Akademi

ന്നുള്ളൂ. ഇപ്രകാരമായിരുന്ന ദേവരേശന്റെ സ്ഥിതി. ഇനി പ്രകൃതത്തിൽ പ്രവേശിക്കാം.

കല്പനകേട്ട മാത്രയിൽ വലിയ കപ്പിത്താൻ തന്റെ അരവാളും കുറച്ചു പണവും എടുത്തുകൊണ്ടു് കരു വഞ്ചിയിൽ കയറി കൊച്ചിയിൽ ഇറങ്ങുകയും കോട്ടവാതിൽ അടയ്ക്കുന്നതിന്നു മുൻപു കോട്ടയ്ക്കകത്തു കടക്കുകയും ചെയ്തു. കപ്പിത്താൻ പാണ്ഡികശാലയിൽ ചെന്നപ്പോൾ ദേവരേശൻ അന്നത്തെ പിരിവിന്റേയും വരവുചെലവുകളുടേയും കണക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദേവരേശൻ കപ്പിത്താനെ കണ്ടയുടനെ (കരു കസേര മൂണ്ടിക്കാണിച്ചിട്ടു്) "യജമാനൻ ഇവിടെ ഇരിക്കാമല്ലോ. എന്താ ഈ രാത്രിയിൽ ഇങ്ങോട്ടു പുറപ്പെട്ടതു്? വിശേഷിച്ചു വല്ല കായ്യവുമുണ്ടോ?" എന്നു ചോദിച്ചു.

കപ്പിത്താൻ—കുറച്ചു പട്ടിനു് അത്യാവശ്യമായിട്ടാണു് ഞാൻ വന്നതു്.

ദേവരേശൻ—ഇതിനു യജമാനൻതന്നെ ബുദ്ധിമുട്ടി വരണമെന്നില്ലായിരുന്നു. കരാളെ അയച്ചാൽ വേണ്ടുന്ന സമാനങ്ങളുംകൊണ്ടു ഞാനങ്ങോട്ടു വരുമായിരുന്നുവല്ലോ.

കപ്പിത്താൻ—ഞാൻതന്നെ വന്നു വാങ്ങിക്കൊണ്ടു ചെല്ലണമെന്നാണു് കല്പന. വല്ലവരേയുമയച്ചാൽ ശരിയാവുകയില്ലെന്നാണു് തിരുമനസ്സിലെ വിചാരം. ഉടനെ വേണമെന്നും ഞാൻതന്നെ വേണമെന്നുമാണു് കല്പിച്ചതു്. കല്പനയായതും ഇപ്പോളാണു്. അതിനാലാണു് ബദ്ധപ്പെട്ടു ഞാൻതന്നെ പോന്നതു്. അതുട്ടെ, പട്ടെടുക്കു. നോക്കട്ടെ.

ദേവരേശൻ—താഴ്ന്നതരം പട്ടുകൾ മാത്രമേ ഇവിടെ ഇരിക്കുന്നുള്ളൂ. മേൽത്തരം പട്ടുകളെല്ലാം മാളികയുടെ മുകളിലാണിരിക്കുന്നതു്.

കപ്പിത്താൻ—അധികം വേണ്ടതു് മേൽത്തരത്തിലാണു്. താഴ്ന്നതരത്തിലും കുറച്ചു വേണം.

ഉടനെ ദേവരേശൻ താഴ്ന്നതരം പട്ടു കപ്പിത്താൻ പറ

Digitized By Kerala Sahitya Akademi

ഞ്ഞിടത്തോളം മുറിച്ചുകൊടുത്തിട്ട മേത്തരം പട്ടെടുക്കുന്നതിന്നാ
യി കപ്പിത്താനോടുകൂടി മാളികയുടെ മുകളിലത്തെ നിലയി
ലേയ്ക്കു പോയി. അവിടെ ചെന്നയുടനെ ദേവരേശൻ വിശേ
ഷപ്പെട്ട ചില പട്ടുതരങ്ങളെടുത്തു മേശപ്പുറത്തു വെയ്ക്കുകയും രു
ണ്ടുപേരും കാരോ കസാലയിലിരുന്നുകൊണ്ടു സംഭാഷണമാരം
ഭിക്കുകയും ചെയ്തു.

ദേവരേശൻ—പഞ്ചസാരയെത്തിക്കാൻ സാല്പം താമസം വ
ന്നുപോയതുകൊണ്ട് എന്റെ പേരിൽ ഇപ്പോൾ തിരുവുള്ള
ക്കേടായിരിക്കും അല്ലേ? എന്റെ ജോലിത്തിരക്കുകൊ
ണ്ടു ഞാനാക്കായ്മം അന്വേഷിച്ചുപോയി. കാമ്മ വന്നയുടനെ
കൊടുത്തയയ്ക്കുകയും ചെയ്തു.

കപ്പിത്താൻ—തിരുവുള്ളക്കേടൊന്നും സാരമില്ല. നിങ്ങളൊന്നു
തിരുമുൻപാകെ ചെന്നാൽ അതൊക്കെ തീരും.

ദേവരേശൻ—എന്റെ താമസം ആ തമ്പുരാന്റെ രാജ്യത്താ
യിരുന്നുവെങ്കിൽ എന്റെ കഥ ഇപ്പോൾ കഴിയുമായിരു
ന്നു. ഈ കോട്ടയ്ക്കകത്തായതുകൊണ്ടു കുട്ടം ഭയം തോന്നു
ന്നില്ല.

ഇങ്ങിനെ കാരോന്നു പറഞ്ഞു കൊണ്ടിരുന്നതിനിടയ്ക്കു
കപ്പിത്താൻ ഉപായത്തിൽ അരവാളെടുത്തു് ദേവരേശന്റെ
കഴുത്തിനു് ഒരു വെട്ടുകൊടുത്തു. തൽക്ഷണം തല മുറിഞ്ഞു
താഴെ വീണു. കപ്പിത്താൻ ആ തല ഒരു പട്ടിൽ പൊതി
ഞ്ഞെടുത്തുകൊണ്ടു താഴത്തേയ്ക്കു പോന്നു. ദേവരേശൻ താഴ
ത്തേയ്ക്കു് ഇറങ്ങി വരാതിരുന്നതിനാലും രാത്രി വളരെ അധിക
മായിരുന്നതുകൊണ്ടും അയാൾ മാളികയുടെ മുകളിൽ കിടന്നു
റങ്ങുകയായിരിക്കുമെന്നു വിചാരിച്ചു് അയാളുടെ ഭൃത്യന്മാരും
മറും താഴത്തും കിടന്നുറങ്ങി. കപ്പിത്താൻ ദേവരേശന്റെ ത
ലയുംകൊണ്ടു് അപ്പോൾത്തന്നെ അവിടെനിന്നിറങ്ങി, കോട്ട
വാതിലിനു സമീപം ഒരു സ്ഥലത്തു ചെന്നിരുന്നു. നാലുമണി
ക്കു കോട്ടവാതിൽ തുറന്ന ഉടനെ പുറത്തിറങ്ങി, അങ്ങോട്ടുപോ
യ വഞ്ചിയിൽത്തന്നെ കയറി കപ്പിത്താൻ എറണാകുളത്തു

Digitized By Kerala Sahitya Akademi

ഞ്ഞുകയും കോവിലകത്തു ചെന്നപ്പോൾ തിരുമനസ്സുകൊണ്ട് പള്ളിക്കുറുപ്പുണന്നിട്ടില്ലായിരുന്നതിനാൽ ദേവരേശന്റെ തല പട്ടിൽനിന്നെടുത്തു് പള്ളിയറവാതിക്കൽ കെട്ടിത്തൂക്കീട്ടു പള്ളിക്കുറുപ്പുണരാനായി കാത്തുനില്ക്കുകയും ചെയ്തു. കുറച്ചു സമയം കഴിഞ്ഞപ്പോൾ തിരുമനസ്സുകൊണ്ടു പള്ളിക്കുറുപ്പുണർന്നു പള്ളിയറവാതിൽ തുറന്നു; ആ സമയം തിരുമനസ്സുകൊണ്ടു ആട്ടും ദേവരേശന്റെ തലയും രണ്ടാമതു വലിയ കപ്പിത്താനെയുമാണു് കണികണ്ടതു്. തിരുമനസ്സുകൊണ്ടു് ഏറ്റവും സന്തോഷിച്ചു കപ്പിത്താനോടു, "പണിക്കർ കുറച്ചു ബുദ്ധിമുട്ടിയായിരിക്കും, എങ്കിലും വിചാരിച്ച കായ്യം സാധിച്ചുവല്ലോ; വളരെ സന്തോഷമായി. പണിക്കർ വലിയ ധീരനും നല്ല ശൂരനും തന്നെ, സംശയമില്ല" എന്നരുളിച്ചെയ്തു.

കപ്പിത്താൻ—ഇതൊന്നും അടിയന്റെ ധീരതവും ശൂരതവും സാമർത്ഥ്യവും മറ്റും കൊണ്ടു സാധിക്കുന്നതല്ല. തിരുമനസ്സിലെ കല്പനയുടെ ശക്തികൊണ്ടു മാത്രമാണു്. കല്പനയുണ്ടെങ്കിൽ ഇതിലെക്കാൾ വലിയ കായ്യങ്ങൾ സാധിക്കുന്നതിനും ആൾക്കും കഴിയും.

തിരുമനസ്സുകൊണ്ടു്—ആട്ടെ, പണിക്കരിന്നലെ ഒട്ടും ഉറങ്ങിയിരിക്കയില്ലല്ലോ. പോയ്ക്കിടന്നു കുറച്ചുറങ്ങു. പിന്നെ കുളിയും ഊണും കഴിയുമ്പോൾ പണിക്കരെ ഇവിടെ കാണണം. ഇപ്പോൾ പൊയ്ക്കോളൂ.

കല്പന കേട്ടയുടനെ കപ്പിത്താൻ തിരുമുമ്പാകെനിന്നു പോവുകയും തിരുമനസ്സുകൊണ്ടു ദേവരേശന്റെ തല ഉടനെ കായലിൽ കെട്ടിത്താഴ്ത്തിച്ചിട്ടു നീരാട്ടുകുളി അമൃതൂട്ടു മുതലായതിനു് എഴുന്നള്ളുകയും ചെയ്തു.

തിരുമനസ്സുകൊണ്ടു് അമൃതേത്തു കഴിഞ്ഞു് എഴുന്നള്ളിയപ്പോഴയ്ക്കും വലിയ കപ്പിത്താൻ തിരുമുമ്പാകെയെത്തി. കപ്പിത്താനെക്കണ്ടയുടനെ തിരുമനസ്സുകൊണ്ടു്, "പണിക്കരെ കുറച്ചുകൂടി ബുദ്ധിമുട്ടേണ്ടിയിരിക്കുന്നു. ദേവരേശന്റെ പ്രാഭവവും പ്രതാപവും നിമിത്തം കൊച്ചിയിലുള്ള കൊമ്പദിനികളെ

Digitized By Kerala Sahitya Akademi

ല്ലാവരുംതന്നെ ഏറവും ഗവ്വിഷ്ടന്മാരായിത്തീന്നിട്ടുണ്ട്. അ തിനാൽ കൊച്ചിയിൽ പോയി സകല കൊങ്ങിണികളുടേയും അവരുടെ ദേവസ്വത്തിലേയും സകല ജംഗമസ്വത്തുക്കളും കൊള്ളയിട്ടു കൂത്തിവാരി ഇവിടെ കൊണ്ടുവരണം. ഇതിലേ യ്ക്ക് ആവശ്യമുള്ള സൈന്യങ്ങളെക്കൂടെ കൊണ്ടുപൊയ്ക്കോളൂ" എന്നരുളിച്ചെയ്തു. വലിയ കപ്പിത്താൻ ഉടനെ സൈന്യസമേ തം കൊച്ചിയിലെത്തി കൊങ്ങിണികളുടെ സ്വന്തവും ദേവ സ്വംവകയുമായുള്ള സകല സ്വത്തുകളും കൊള്ളയിട്ടു കൂത്തിവാ രിത്തുടങ്ങിയപ്പോൾ കൊങ്ങിണികളെല്ലാം പരവശരായിത്തീ രുകയും അവരുടെ വിഗ്രഹംകൂടി കപ്പിത്താൻ ഇളക്കിയെടുത്തു കൊണ്ടുപോയേയ്ക്കുമെന്നു ശങ്കിച്ച് അവരിൽ ചിലർ ആ വി ഗ്രഹമിളക്കിയെടുത്തുംകൊണ്ടു തിരുവിതാംകൂറിലെത്തി അഭ യം പ്രാപിയ്ക്കുകയും ചെയ്തു. കപ്പിത്താൻ അവരുടെ ഭരണി പാത്രങ്ങളും പൊൻവെള്ളിപണ്ടങ്ങളും പണവും രത്നങ്ങളുമെ ല്ലാം കൊണ്ടുപോയി തിരുമുമ്പാകെ വെച്ചു. ഉടനെ തിരുമന സ്സുകൊണ്ട് "ഇവയെല്ലാം നമ്മുടെ ഈടുവെപ്പിൽ കൊണ്ടു പോയി സൂക്ഷിക്കട്ടെ" എന്നു കല്പിക്കുകയും കപ്പിത്താൻ അവ യെല്ലാം ഈടുവെയ്പിൽ ഏല്പിക്കുകയും ചെയ്തു. 'തിരുമല ദേവ സ്വംവക' എന്നു പേരു വെട്ടീട്ടുള്ള പാത്രങ്ങളും മറും ഇപ്പോ ഴും തുപ്പൂണിത്തുറെ ഈടുവെപ്പിൽ കാണുന്നുണ്ട്.

കരിക്കൽ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവ നന്തപുരം പട്ടണവും രാമവർമ്മ മഹാരാജാവു തിരുമനസ്സിലേ യും കുന്നു കാണണമെന്നു നിശ്ചയിച്ച് അഞ്ചെട്ടു ഭൃത്യന്മാരോ ടുകൂടി അങ്ങോട്ടെഴുന്നള്ളി. അവിടുന്നു തിരുനന്തപുരത്തെ ത്തിയതു് കുറെ ദിവസം വെളുപ്പാൻകാലത്തായിരുന്നു. ആദ്യം തന്നെ മഹാരാജാവിനെക്കണ്ടുകളയാമെന്നു നിശ്ചയിച്ചു വലി യ കൊട്ടാരത്തിലേയ്ക്കെഴുന്നള്ളി. അപ്പോൾ, മഹാരാജാവു തി രുമനസ്സുകൊണ്ടു പള്ളിക്കുറുപ്പുണന്നു പുറത്തേയ്ക്കെഴുന്നള്ളിയി ല്ലെന്നും അതിനു് ഏകദേശം രണ്ടു നാഴികകൂടി താമസമുണ്ടാ കുമെന്നും തവണക്കാരൻ പറയുകയാൽ മഹാരാജാവു പ

Digitized By Kerala Sahitya Akademi

ള്ളിക്കുറുപ്പുണരുമ്പോഴയ്ക്കും ചില സ്ഥലങ്ങൾ കണ്ടിട്ടു തിരിച്ചു വരാമെന്നു നിശ്ചയിച്ചു ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഉടനെ അവിടെനിന്നു പുറപ്പെട്ടു. അവിടുന്ന് കാരോ സ്ഥലങ്ങൾ കണ്ടുകണ്ടു ക്രമേണ കുതിരലായത്തിൽ ചെന്നെത്തി. അപ്പോൾ ലക്ഷണയുക്തങ്ങളായ ചില കുന്നാംതരം കുതിരകൾ വളരെ ചടച്ചും ക്ഷീണിച്ചുമിരിക്കുന്നതായി കണ്ടു. "ഭായം വിചാരിപ്പുകാരനെവിടെ?" എന്നു കല്പിച്ചു ചോദിച്ചു. ഉടനെ ചില കുതിരക്കാർ 'വിചാരിപ്പുകാരങ്ങുന്ന്' ഇതാ വരുന്നു' എന്നു മൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. വിചാരിപ്പുകാരൻ അടുത്തു ചെന്നപ്പോൾ തിരുമനസ്സുകൊണ്ട് "ഈ കുതിരകൾ ഇങ്ങിനെ ക്ഷീണിച്ചിരിക്കുന്നതെന്താണു?" എന്നു കല്പിച്ചു ചോദിച്ചു.

വിചാരിപ്പുകാരൻ—ചിലതു് അങ്ങിനെയിരിക്കും. അതു് അവയുടെ സ്വഭാവമാണു്.

ശക്തൻ തിരുമനസ്സുകൊണ്ടു്—ഇതു സ്വാഭാവികമായിട്ടുള്ള ക്ഷീണമാണെന്നു തോന്നുന്നില്ല. ശരിയായി പുല്ലും മുതിരയും മറ്റും കൊടുത്താൽ ഇവ ഇങ്ങിനെ ക്ഷീണിക്കുന്നവയല്ല.

വിചാരിപ്പുകാരൻ—എന്നാൽ അങ്ങിനെയായിക്കൊള്ളട്ടെ. അതുകൊണ്ടു തനിക്കു നഷ്ടമൊന്നുമില്ലല്ലോ.

ശക്തൻ—എടാ! സ്വാമിദ്രോഹീ! എനിക്കു നഷ്ടമൊന്നും ഉണ്ടായിട്ടല്ല. ഈ കുതിരകളെ വേണ്ടതുപോലെ നോക്കി രക്ഷിക്കുന്നതിനായി നിയമിക്കപ്പെട്ടിരിക്കുന്ന നീ ആ വകയ്ക്കുള്ള ശമ്പളം വാങ്ങി സാപ്പാടു കഴിച്ചിട്ടു നിന്റെ ജോലി നീ ശരിയായി ചെയ്യാത്തതെന്താണെന്നാണു് ചോദിച്ചതു്.

വിചാരിപ്പു—ഇതു ചോദിക്കാൻ തനിക്കെന്തധികാരമാണു്? താനെന്റെ മേലാവാണോ?

ശക്തൻ—മേലാവല്ലെങ്കിലും അന്യായമായ പ്രവൃത്തി കണ്ടാൽ ആക്ഷേപം ചോദിക്കാം. കുതിരകളുടെ തീറ്റിസ്സാമാനങ്ങൾക്കു പതിവുള്ള വണം വാങ്ങി അപഹരിക്കുകയും ഈ മി

Digitized By Kerala Sahitya Akademi

ണ്ടാപ്രാണികളെ പട്ടിണിയിട്ടുകയുമല്ലേ നീ ചെയ്യുന്നതു്! സ്വാമിദ്രോഹി! നിന്നോടു ചോദിച്ചാൽ മതിയോ? നിന്റെ ദുഷ്പ്രവൃത്തിക്കുള്ള സമ്മാനം ഇതാ പിടിച്ചോ.

എന്നരുളിച്ചെയ്തിട്ടു വിചാരിപ്പുകാരന്റെ ചെകിട്ടത്തു തുടരെക്കൊണ്ടുതന്നെ കരടി പെമ്പുകൊടുത്തു. അടികൊണ്ട ക്ഷണത്തിൽ വിചാരിപ്പുകാരൻ നിലത്തു പതിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു ഭൃത്യസമേതം അവിടെനിന്നു് എഴുന്നള്ളുകയും ചെയ്തു. കരു നാഴിക കഴിഞ്ഞപ്പോൾ വിചാരിപ്പുകാരനു ബോധം വീണു. ഉടനെ അയാൾ കരു വിധത്തിൽ അവിടെനിന്നെണീറ്റു സങ്കടമറിയിക്കാനായി കരഞ്ഞുകൊണ്ടു വലിയ കൊട്ടാരത്തിലെത്തി. അപ്പോൾ മഹാരാജാവുതിരുമനസ്സുകൊണ്ടു പള്ളിയറയിൽനിന്നു പുറത്തെഴുന്നള്ളിയിരുന്നതിനാൽ വിചാരിപ്പുകാരൻ തിരുമുമ്പിൽച്ചെന്നു രാവിലെ ഉണ്ടായ സംഗതികളെല്ലാം തിരുമനസ്സറിയിച്ചു.

വിചാരിപ്പുകാരൻ—ഇവിടെ അടിയങ്ങളെയൊക്കെ ശിക്ഷിക്കാനും രക്ഷിക്കാനും അധികാരമുണ്ടു്. കല്പിച്ചു് എന്തുചെയ്താലും അതൊക്കെ അടിയങ്ങൾ സഹിക്കണം. അതിൽ സങ്കടമില്ല. വല്ലവരുമൊക്കെ ഇവിടെവന്നു് അടിയങ്ങളെ ഇങ്ങിനെയൊക്കെ ചെയ്യുന്നതു വലിയ സങ്കടമാണു്. ഇതിനേക്കുറിച്ചു കല്പിച്ചനേഷിച്ചു വേണ്ടതുപോലെ കല്പിച്ചു ചെയ്യണം.

മഹാരാജാവു്—ആ മനുഷ്യൻ ആരായിരിക്കും? അയാളുടെ വേഷം എങ്ങിനെയിരിക്കുന്നു?

വിചാരിപ്പു—കരു നമ്പൂരിയാണെന്നാണു് തോന്നുന്നതു്. പൂണൂലുണ്ടു്. തലമുടി വളർത്തിട്ടുണ്ടു്. കയ്യിൽ കരു വാളുമുണ്ടു്. അയാളുടെ കൂടെ അഞ്ചെട്ടു ഭൃത്യന്മാരുമുണ്ടു്.

മഹാ—എന്നാൽ പെരുമ്പടപ്പുമൂപ്പീന്നായിരിക്കണം. അല്ലാതെയാരും ഇവിടെ വന്നു് ഇങ്ങിനെ പ്രവർത്തിക്കാൻ ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ആട്ടെ, നീ പൊയ്ക്കോ. ഞാൻ ഇതിനെക്കുറിച്ചു് അന്വേഷിക്കാം.

Digitized By Kerala Sahitya Akademi

ഇങ്ങിനെ അരുളിചെയ്തു വിചാരിപ്പുകാരനെ അയച്ചു. അപ്പോഴയ്ക്കും ശകുന്തൻ തിരുമനസ്സുകൊണ്ടു കൊട്ടാരത്തിലെഴുന്നള്ളി. തിരുമനസ്സിലെ കണ്ട ക്ഷണത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് അഭ്യുത്ഥാനംചെയ്തു കൈയും പിടിച്ചുകൊണ്ടുപോയി ആസനാസല്ക്കാരം ചെയ്തിരുത്തീട്ടു തിരുമനസ്സുകൊണ്ടും ഇരുന്ന കുശലപ്രശ്നാദികളും ചെയ്തു. പരസ്പരം കുറഞ്ഞൊരു നേരമ്പോക്കു സല്ലാപം ചെയ്തതിന്റെ ശേഷം ശകുന്തൻ തിരുമനസ്സുകൊണ്ടു്, "ഇന്നു ഞാൻ ഇവിടെ ഒരു സാഹസം പ്രവർത്തിച്ചു. അതു് അവിടെ അറിഞ്ഞിരിക്കുമല്ലോ. ലക്ഷണയുക്തങ്ങളായ ആ കന്നാന്തരം കുതിരകളുടെ കഷ്ടസ്ഥിതി കണ്ടപ്പോൾ എനിക്കു കുറച്ചു കോപം വന്നുപോയി. അതുകൊണ്ടാണു് അങ്ങിനെ ചെയ്തതു്."

മഹാ—അവിടുത്തെ പ്രവൃത്തി വളരെ ഉചിതമായി. ഇതു ഞാൻ ചെയ്യേണ്ടതായിരുന്നു. ജോലിത്തിരക്കുകളും കൗടാസീന്യവും നിമിത്തം ഈ വക കാര്യങ്ങളിൽ ദൃഷ്ടിവെയ്ക്കാൻ എനിക്കു സാധിക്കുന്നില്ല. അതിനാൽ ഈ കള്ളന്മാരൊക്കെ വല്ലാതെ മുതുക്കുപോയി. ഇവരുടെ കള്ളത്തരത്തിനു് ഇങ്ങിനെയൊക്കെ ചിലപ്പോൾ ചെയ്യേണ്ടതാണു്. അല്ലെങ്കിൽ അതു ക്രമത്തിലധികം വർദ്ധിച്ചുപോകുമല്ലോ. ആട്ടെ, അവിടുന്നു് ഇങ്ങോട്ടു പുറപ്പെട്ടതു വിവരം മുൻകൂട്ടി എന്നെ അറിയിക്കാഞ്ഞതെന്താണു്? ഇവിടെ എപ്പോൾ എത്തി? വന്നയുടനെ ലായത്തിലേയ്ക്കായിരിക്കുമോ പോയതു്?

ശകുന്തൻ—ഞാൻ അരുണോദയമായപ്പോൾ ഇവിടെയെത്തി. അപ്പോൾ ഇവിടെ ഉറക്കമുണർന്നിട്ടില്ലായിരുന്നതിനാൽ ഉണർന്നു പുറത്തു വരുമ്പോഴേയ്ക്കും ചില സ്ഥലങ്ങളൊക്കെ നോക്കിക്കണ്ടു വരാമെന്നു വിചാരിച്ചു പുറപ്പെട്ടു. ആ വഴി ലായത്തിലും കയറാനിടയായി. ആ കുതിരകളുടെ പാരവശ്യം കണ്ടിട്ടു് എനിക്കൊട്ടും സഹിച്ചില്ല. അതുകൊണ്ടാണു് വിചാരിപ്പുകാരനെ പ്രഹരിക്കാനിടയായതു്. ഞാൻ ഇങ്ങോട്ടു പുറപ്പെടണമെന്നു മുൻകൂട്ടി വിചാരിച്ചിരുന്നില്ല. ഒരു മിച

Digitized By Kerala Sahitya Akademi

സം അങ്ങിനെ തോന്നി. ഉടനെ പുറപ്പെടുകയും ചെയ്തു. അതാണ് മുൻകൂട്ടി അറിയിക്കാതെയിരുന്നത്.

മഹാ—ഇവിടെ വന്നിട്ടെങ്കിലും കുറേണമെന്നു തോന്നിയല്ലോ. അതും കൂടാതെ കഴിച്ചുകളയാമെന്നു വിചാരിക്കാഞ്ഞതുതന്നെ ഭാഗ്യം. ആട്ടെ, ഇനി നമുക്കു കുളി മുതലായതു കഴിക്കാൻ പോകാം. നേരം അധികമായിരിക്കുന്നു.

ഇങ്ങിനെ കുറച്ചുനേരം പരസ്പരസംഭാഷണം കഴിഞ്ഞതിന്റെ ശേഷം നീരാട്ടുകുളി, അമൃതേത്തു മുതലായതിനായി രണ്ടു തിരുമേനിമാരും എഴുന്നള്ളി. ശകുതൻ തിരുമനസ്സിലേയ്ക്ക് എഴുന്നള്ളിത്താമസിക്കുന്നതിനു പ്രത്യേകമൊരു കൊട്ടാരം കഴിഞ്ഞുകൊടുത്തിരുന്നു. എങ്കിലും അമൃതേത്തു രണ്ടു തിരുമേനിമാക്കും കൂടി ഒരു സ്ഥലത്തുതന്നെയായിരുന്നു. രാമവർമ്മ മഹാരാജാവു തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചുകൊണ്ടു ശകുതൻതിരുമനസ്സുകൊണ്ടു സുഖമായി നാലുദിവസം തിരുവനന്തപുരത്തു് എഴുന്നള്ളിത്താമസിച്ചു. അതിനിടയ്ക്കു രണ്ടു തിരുമേനിമാരും കൂടിച്ചെഴുന്നള്ളി തിരുവനന്തപുരത്തുള്ള പ്രധാനസ്ഥലങ്ങളെല്ലാം സന്ദർശിച്ചു.

ഒരു ദിവസം ഉച്ചതിരിഞ്ഞ സമയം രണ്ടു തിരുമേനികളുംകൂടി കുറുവലപ്പുര മാളികയുടെ മുകളിൽ കാറ്റോ സംഗതികളെക്കുറിച്ചു സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനിടയ്ക്കു രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് "ഈ മാളികയുടെ മുകളിൽനിന്നു താഴത്തേയ്ക്കു ചാടാൻ ആരെങ്കിലുമുണ്ടാകുമോ?" എന്നു കല്പിച്ചുചോദിച്ചു. "കാറ്റോ ഉണ്ടാവും" എന്നു ശകുതൻ തിരുമനസ്സുകൊണ്ടു് അരുളിചെയ്തു. അതു കേട്ടു മഹാരാജാവു തിരുമനസ്സുകൊണ്ടു് തന്റെ അടുക്കൽ നിന്നിരുന്ന ഭൃത്യന്മാരോടു് "എന്താ ചാടാമോ?" എന്നു കല്പിച്ചുചോദിച്ചു. അവർ കാരോരുത്തം മുകളിൽനിന്നു താഴത്തേയ്ക്കു നോക്കീട്ടു് പ്രയാസമാണെന്നുള്ള ഭാവത്തോടുകൂടി പിൻമാറിനിന്നു. അപ്പോൾ ശകുതൻ തിരുമനസ്സുകൊണ്ടു തന്റെ ഭൃത്യന്മാരുടെ നേരെ ഒന്നു കല്പിച്ചുനോക്കി. അവരെല്ലാവരും ഉടനെ താഴ

Digitized By Kerala Sahitya Akademi

ത്തേയ്ക്കു ചാടി. എല്ലാവക്കും കാരോ തരത്തിൽ പരുക്കുകൾ പറ്റി. ചിലർ ബോധരഹിതരാവുകയും ചെയ്തു. ഉടനെ രാമവ൪മ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു്: "അവരെ എടുത്തുകൊണ്ടുപോയി ചികിത്സിക്കട്ടെ. കഴിയുന്നതും വേഗത്തിൽ അവരെ സുഖപ്പെടുത്തണം" എന്നരുളിച്ചെയ്തു. കല്പന കേട്ടമാത്രയിൽ ചിലർ വന്നു് അവരെ എടുത്തുകൊണ്ടുപോവുകയും ചെയ്തു.

ശക്തൻ തിരുമനസ്സുകൊണ്ടു നാലുദിവസം കഴിഞ്ഞു തിരിച്ചെഴുന്നള്ളത്തായപ്പോൾ ആ യാത്രയ്ക്കു വേണ്ടുന്ന സകല സൌകര്യങ്ങളും കായ്ങ്ങളുമെല്ലാം രാമവ൪മ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രത്യേകം കല്പിച്ചു ചട്ടംകെട്ടിയതിനാൽ വഴിക്കു യാതൊരു ബുദ്ധിമുട്ടിനുമിടയാകാതെ ശക്തൻ തിരുമനസ്സുകൊണ്ടു സസുഖം തിരിയെ തൃപ്പൂണിത്തുറെ എഴുന്നള്ളി. ആ എഴുന്നള്ളത്തുവകയ്ക്കു വേണ്ടിവന്ന ചെലവു മുഴുവനും മഹാരാജാവുതിരുമനസ്സുകൊണ്ടാണു് ചെയ്തതു്.

മാളികയുടെ മുകളിൽനിന്നു ചാടി പരുക്കുകൾ പറ്റി ചികിത്സയിൽ തിരുവനന്തപുരത്തു താമസിച്ചിരുന്നവർ ഒരു മാസംകൊണ്ടു സുഖക്കേടെല്ലാം മാറി പൂ൪വ്വസ്ഥിതിയെ പ്രാപിച്ചു. അനന്തരം മഹാരാജാവുതിരുമനസ്സുകൊണ്ടു് അവരെ തിരുമുൻപാകെ വരുത്തി, "നിങ്ങൾ എന്തു വിചാരിച്ചാണു് മാളികയുടെ മുകളിൽനിന്നു ചാടിയതു്" എന്നു ചോദിച്ചു. അപ്പോൾ അവർ, "അടിയങ്ങൾ അപ്പോൾ ചാടിയില്ലെങ്കിൽ അടിയങ്ങളുടെ കഥ അപ്പോൾത്തന്നെ കഴിയും; ചാടിയാൽ കുറെസമയം ജീവിച്ചുവെന്നും വരാമല്ലോ എന്നു വിചാരിച്ചാണു് ചാടിയതു്" എന്നു തിരുമനസ്സറിയിച്ചു. അതു കേട്ടു തിരുമനസ്സുകൊണ്ടു വളരെ സന്തോഷിക്കുകയും അവരുടെ സ്വാമിഭക്തിയെക്കുറിച്ചു് ഏറെയും പ്രശംസിക്കുകയും അവ൪ക്കു പലവിധ സമ്മാനങ്ങൾ കല്പിച്ചുകൊടുത്തു സന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്തു.

ശക്തൻ തിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറ എഴുന്നള്ളി.

Digitized By Kerala Sahitya Akademi

യതിന്റെ ശേഷം അധികം താമസിയാതെ തൃശ്ശിപേ
ത്രുക്കെഴുന്നള്ളുകയും രണ്ടു മാസത്തോളം അവിടെ താമസിക്കു
ന്നതിനു നിശ്ചയിക്കുകയും ചെയ്തു. ആ കാലത്ത് അനുജൻ
തമ്പുരാക്കന്മാർ തങ്ങളുടെ ഉപദേഷ്ടാവായ തുളുനാടൻസ്വാ
മിയാരെ തൃപ്പൂണിത്തുറ വരുത്തുകയും കുറച്ചു ദിവസം സൽ
ക്കാരപൂർവ്വം താമസിപ്പിച്ചതിന്റെ ശേഷം ഗുരുദക്ഷിണയും മ
റ്റും കഴിച്ചു സന്തോഷിപ്പിച്ചയയ്ക്കുന്നതിനു നിശ്ചയിക്കുകയും
ചെയ്തു. ഈ സംഗതി എങ്ങിനെയോ ശകുതൻ തിരുമനസ്സു
കൊണ്ട് അറിയുകയും "ഞാൻകൂടി തൃപ്പൂണിത്തുറെ വന്നു വന്ദി
ച്ചു് അനുഗ്രഹം വാങ്ങിയല്ലാതെ സ്വാമിയാരെ യാത്രയയയ്ക്കു
രുതു്" എന്നൊരു തിരുവെഴുത്തു് ഇളയ തമ്പുരാന്റെ പേക്കു
തൃപ്പൂണിത്തുറയ്ക്കു് അയയ്ക്കുകയും ചെയ്തു. തിരുവെഴുത്തു കണ്ടു്
ഇളയതമ്പുരാൻ വളരെ സന്തോഷിക്കുകയും "ജ്യേഷ്ഠനു് ഈ
കാര്യത്തിൽ തൃപ്തിയില്ലെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്ന
തു്. തിരുവെഴുത്തു കണ്ടിട്ടു് അങ്ങിനെ തോന്നുന്നില്ല. അവിടെ
യ്ക്കും സ്വാമിയാരെക്കുറിച്ചു വളരെ ഭക്തിയും ബഹുമാനവുമു
ണ്ടെന്നു തിരുവെഴുത്തുകൊണ്ടു സ്പഷ്ടമാകുന്നുണ്ടു്" എന്നു് അ
വിടുത്തെ അനുജനായ വീരകേരളതമ്പുരാനോടു് അരുളിച്ചെ
യ്കയും സ്വാമിയാരെ അയയ്ക്കാതെ അവിടെത്താമസിപ്പിയ്ക്കു
യും ചെയ്തു.

അനന്തരം പത്തു ദിവസം കഴിഞ്ഞപ്പോൾ ശകുതൻ വ
ലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറെ എഴുന്നള്ളു
കയും ഉടനെ സ്വാമിയാരെച്ചെന്നു കാണുകയും കാഴ്ചകൾ ചെ
ച്ചു വന്ദിച്ചു. കുശലപ്രശ്നാദികൾ ചെയ്തു യാത്രയയയ്ക്കുകയും
ചെയ്തു. സ്വാമിയാരെ ഡോലിയിൽ (മേനാവിൽ)കയറ്റി വാ
ദ്യഘോഷങ്ങളോടുകൂടിയാണു് അയച്ചതു്. കോട്ടവാതിൽവരെ
ശകുതൻ തിരുമനസ്സുകൊണ്ടും അനുയാത്രയായി എഴുന്നള്ളു
കയും അവിടെയെത്തിയപ്പോൾ സ്വാമിയാരെ ഇറക്കിയെഴുന്ന
ള്ളിച്ചു താഴെയിരുത്തുകയും "എന്റെയാണ്ടാക്കു ഭസ്മം കുറിയിടുക
വളരെ നിന്ദ്യമാണല്ലോ; അതുകൊണ്ടു ധാരയാവട്ടെ" എന്നു്

Digitized By Kerala Sahitya Akademi

അരുളിച്ചെയ്കയും ശക്തൻ തിരുമനസ്സിലെ കല്പനപ്രകാരം ഒരു വഞ്ചി നിറച്ചു ചാരം കൊഴക്കെ കലക്കി അവിടെ ചെ ച്ചിരുന്നതു മുഴുവനും സ്വാമിയാരുടെ ശിരസ്സിൽ അഭിഷേകം കഴിച്ചു് അവിടെനിന്നു് അയയ്ക്കുകയും ചെയ്തു. ഇതു കണ്ടിട്ടു് അനുജൻ തമ്പുരാക്കന്മാക്കു സഹിക്കാൻ വയ്യാതെ വ്യസനവും കോപവുമുണ്ടായി എങ്കിലും ശക്തൻ തിരുമനസ്സിലെക്കുറിച്ചു ള്ള ഭയം നിമിത്തം അവർ എല്ലാം സഹിച്ചു മൌനത്തെ അ വലംബിച്ചുകൊണ്ടുതന്നെ നിന്നു. ആ സ്വാമിയാർ അന്നു പോയിട്ടു പിന്നെ ശക്തൻ തിരുമനസ്സിലെ കാലം കഴിയുന്ന തുവരെ കൊച്ചിരാജ്യത്തു കടന്നിട്ടില്ല.

ഒരിക്കൽ ശക്തൻ തിരുമനസ്സുകൊണ്ടു് എറണാകുളത്തു നിന്നു തൃശ്ശിവപേരൂക്കു് ഒരു കാടിവഞ്ചിയിൽക്കയറി എഴുന്ന ള്ളിയപ്പോൾ ഇടയ്ക്കുവെച്ചു വടക്കുനിന്നു വേറെ ഒരു വഞ്ചി വ രുന്നതു കണ്ടു. ആ വഞ്ചി അടുത്തു വന്നപ്പോൾ അതിലിരു ന്നിരുന്ന ഒരു സോമയാജി (ചോമാതിരി) "ഇന്നിടത്തു് ഇന്ന ചോമാതിരി ഇന്നു രാവിലെ മരിച്ചുപോയിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ പേരിലുള്ള പട്ടത്താനം എനിക്കാക്കിത്തരണം" എന്നു തിരുമനസ്സുറിയിച്ചു. (ഒരു ചോമാതിരി മരിച്ചാൽ ആ വത്തമാനം ആദ്യം ചെന്നു തിരുമനസ്സുറിയിക്കുന്ന ആൾക്കാണു് മരിച്ചയാൾക്കു പതിവുള്ള പണക്കിഴിയുടെ അ വകാശം. അങ്ങിനെ ആദ്യം ചെന്നു് അറിയിക്കുന്നതിന്റെ പേരു് 'പീഴില്ലം പറയുക' എന്നാണു്. ചോമാതിരി പീഴില്ലം പറഞ്ഞയുടനെ തിരുമനസ്സുകൊണ്ടു്, "ആട്ടെ അതങ്ങിനെ ചെയ്യാം. ചോമാതിരി ഈ വഴി ഇനി തിരുവനന്തപുരത്തെ ക്കാണെങ്കിൽ എന്റെ ഈ കാടിവഞ്ചിയിൽക്കയറി പൊയ്ക്കോ ളൂ! എന്നാൽ വേഗത്തിലെത്താം. ഞാൽ ചോമാതിരിയുടെ വഞ്ചിയിലും പൊയ്ക്കൊള്ളാം" എന്നു് അരുളിച്ചെയ്കയും അ പ്രകാരം പരസ്പരം വഞ്ചി മാറുകയും ചെയ്തിട്ടു വഞ്ചിക്കാരോടു "നാളെ ഉദിക്കുന്നതിനു മുമ്പെ നിങ്ങൾ ചോമാതിരിയെ കുല ശേഖരപ്പെരുമാളുടെ മുമ്പിലെത്തിക്കണം" എന്നുംകൂടി അരു

Digitized By Kerala Sahitya Akademi

ളിച്ചെഴുന്നള്ളുകയും തിരുമനസ്സുകൊണ്ടു ചോമാതിരിയുടെ വ
ഞ്ചിയിൽത്തന്നെ എഴുന്നള്ളുകയും ചെയ്തു. താനും അർദ്ധരാത്രി
യായപ്പോൾ കാടിവഞ്ചി 'ഇടവ' എന്ന സ്ഥലത്തെത്തി. അ
വിടെനിന്നു തിരുവനന്തപുരത്തേയ്ക്കു വഞ്ചിക്കു പോകുവാൻ ക
ാലത്തു മാർഗ്ഗമില്ലായിരുന്നതിനാൽ വഞ്ചിക്കാർ ചോമാതിരി
യെ കെട്ടിയെടുത്തുംകൊണ്ടു കാടി. കരുവിധത്തിൽ നേരം
വെളുത്തപ്പോഴെയ്ക്കും അവർ ചോമാതിരിയെ തിരുവനന്തപുര
ത്തു വലിയ കൊട്ടാരത്തിലെത്തിച്ചു. മഹാരാജാവു തിരുമനസ്സു
കൊണ്ടു പള്ളിക്കുറുപ്പുണർന്നു പുറത്തെഴുന്നള്ളിയ ഉടനെ ചോ
മാതിരി "ഇന്നിടത്തു ഇന്ന ചോമാതിരി ഇന്നലെ രാവിലെ
മരിച്ചിരിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ പേരിലുള്ള പ
ട്ടത്താനങ്ങൾ എന്റെ പേരിൽ പതിച്ചുതരുന്നതിനു നല്ലന
യുണ്ടാകണം" എന്നു തിരുമനസ്സറിയിച്ചു. അതു കേട്ടപ്പോൾ,
ആറു ദിവസത്തെ വഴിക്കപ്പുറത്തുണ്ടായ ഒരു വർത്തമാനം അ
ഞ്ചു നാഴിക കഴിയുന്നതിനു മുമ്പു് ഒരാൾ ഇവിടെ വന്നു പറ
യണമെങ്കിൽ ശങ്കരൻ തിരുമനസ്സിലെ സഹായം കൂടാതെ
സാധിക്കുകയില്ലെന്നു തിരുമനസ്സിൽ തോന്നുകയാൽ മഹാരാ
ജാവു തിരുമനസ്സുകൊണ്ടു ചോമാതിരിയോടു്, "പോരുന്ന
വഴിക്കു പെരുമ്പടപ്പിൽ മൂപ്പിലെ കാണുകയുണ്ടായോ?" എ
ന്നു കല്പിച്ചു ചോദിച്ചു. ഉടനെ ചോമാതിരി "കണ്ടു; എന്നു
മാത്രമല്ല, അവിടന്നു് അവിടുത്തെ കാടിവഞ്ചിയിൽക്കയറി
എന്നെ ഇന്നു് ഉദിക്കുന്നതിനു മുമ്പേ ഇവിടെയെത്തിക്കണ
മെന്നു വഞ്ചിക്കാരോടു പ്രത്യേകം ചട്ടംകെട്ടി അയയ്ക്കുകയും
ചെയ്തു. അതുകൊണ്ടാണു് ഞാൻ ഇത്ര വേഗത്തിൽ ഇവിടെ
യെത്തിയതു്. എങ്കിലും മൂത്രവിസർജ്ജനത്തിനു കരയ്ക്കിറക്കാ
തെ വഞ്ചിക്കാർ എന്നെ വളരെ ബുദ്ധിമുട്ടിച്ചു" എന്നറിയി
ച്ചു. അപ്പോൾ തിരുമനസ്സുകൊണ്ടു് "ആട്ടെ, ചോമാതിരി
ഇവിടെത്താമസിക്കു. ആ ബുദ്ധിമുട്ടിനിടയാകാതെ ഞാൻ അ
യച്ചുകൊള്ളാം. ചോമാതിരി പോകുമ്പോൾ പറഞ്ഞേ പോ
കാവു. ഇപ്പോൾ വന്നിട്ടുള്ള വഞ്ചിക്കാർ മടങ്ങി പൊയ്ക്കൊള്ള

Digitized By Kerala Sahitya Akademi

ട്ടെ" എന്ന് കല്പിക്കുകയാൽ ഈ വഞ്ചിക്കാർ മടങ്ങിപ്പോവുക യും ചോമാതിരി തിരുവനന്തപുരത്തു താമസിക്കുകയും ചെയ്തു. നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ ചോമാതിരി യാത്രയറിയിച്ചു. ഉടനെ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു ചോമാതിരിയെ ഒരു കാടിപഞ്ചിയിൽക്കയറ്റി, പിറ്റേദിവസം അദ്ദേഹത്തെ തുശ്ശിവപേരൂരെത്തിക്കണമെന്നും വഴിക്കു കാണുന്ന കടവുകളിലെല്ലാമിറക്കി മൂത്രവിസർജ്ജനം കഴിപ്പിക്കണമെന്നും പ്രത്യേകം കല്പിച്ചയച്ചു. കല്പനപ്രകാരം വഞ്ചിക്കാർ ചോമാതിരിയേയുംകൊണ്ടു പുറപ്പെട്ടു. വഴിക്കു കടവു കണ്ട സ്ഥലങ്ങളിലെല്ലാം അവർ ചോമാതിരിയെ കരയ്ക്കിറക്കി മൂത്രമൊഴിപ്പിച്ചു. ചോമാതിരിക്കു മൂത്രവിസർജ്ജനം വേണ്ടെന്നു പറഞ്ഞാലും വഞ്ചിക്കാർ സമ്മതിക്കുകയില്ല. കല്പന ലംഘിക്കാൻ പാടില്ലെന്നു പറഞ്ഞു് അവർ ചോമാതിരിയെപ്പിടിച്ചു കരയ്ക്കിറക്കി മൂത്രമൊഴിപ്പിക്കാതെ ഒരു കടവും കടന്നുപോയില്ല. കുട്ടം വേണ്ടെന്നു ചോമാതിരി പറഞ്ഞാലും വഞ്ചിക്കാർ നിർബ്ബന്ധിച്ചു് അദ്ദേഹത്തെക്കൊണ്ടു കുറച്ചെങ്കിലും മൂത്രമൊഴിപ്പിക്കും. അങ്ങിനെ കൊണ്ടുപോയി അവർ അദ്ദേഹത്തെ പിറ്റേദിവസംതന്നെ തുശ്ശിവപേരൂരെത്തിച്ചു. ചോമാതിരി ശക്തൻതിരുമനസ്സിലെ തിരുമുമ്പാകെച്ചെന്നപ്പോൾ "എന്താ ചോമാതിരി സുഖമായി പോയിവോന്നു ഇല്ലേ?" എന്നു കല്പിച്ചു ചോദിച്ചു. അപ്പോൾ ചോമാതിരി, "അങ്ങോട്ടു പോയപ്പോൾ മൂത്രവിസർജ്ജനത്തിനു കരയ്ക്കിറക്കാതെയും ഇങ്ങോട്ടു പോന്നപ്പോൾ എനിക്കു വേണ്ടെങ്കിലും കണ്ട സ്ഥലത്തൊക്കെ കരയ്ക്കിറക്കി മൂത്രവിസർജ്ജനത്തിനു നിർബ്ബന്ധിച്ചും വഞ്ചിക്കാർ എന്നെ വളരെ ബുദ്ധിമുട്ടിച്ചു. അതല്ലാതെ വിശേഷമൊന്നുമുണ്ടായില്ല" എന്നു തിരുമനസ്സറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു്, "ചോമാതിരിക്കു് ഒരു പ്രാവശ്യംകൂടി തിരുവനന്തപുരത്തോളം പോയിവരാമോ?" എന്നു കല്പിച്ചു ചോദിച്ചു. അതിനു മറുപടിയായി ചോമാതിരി, "നിങ്ങൾ തമ്പിൽ മത്സരിക്കുന്നതിനൊക്കെ ബുദ്ധിമുട്ടാൻ ഞാൻ വേണമോ? അതു കൂ

Digitized By Kerala Sahitya Akademi

ടാതെ കഴിച്ചാൽക്കൊള്ളാം" എന്നരുണത്തിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു "ബുദ്ധിമുട്ടാണെന്നുണ്ടെങ്കിൽ വേണമെന്നില്ല" എന്നരുളിച്ചെയ്തു ചോമാതിരിയെ അയച്ചു.

ശകുതൻതിരുമനസ്സുകൊണ്ടു് അവിടുത്തെ നൈത്യാരമ്മയ്ക്കു് ഒരു വീടു പണിയിച്ചുകൊടുത്തു. പുരപണി കുറതീർന്നപ്പോൾ പാലുകാച്ചു് അടുത്തപ്പോൾ നൈത്യാരമ്മ, "പാലുകാച്ചടിയന്തിരം ഒരുവിധം കേമമായും ഭംഗിയായും നടത്തിയാൽക്കൊള്ളാമെന്നു് അടിയനാഗ്രഹമുണ്ടു്. ദേശക്കാരെയെല്ലാം ക്ഷണിച്ചു് ഒരു സദ്യ നടത്തിയാൽക്കൊള്ളാമെന്നാണു് അടിയന്റെ ആഗ്രഹം" എന്നു തിരുമനസ്സറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു്, "അതിനെന്താ വിരോധം? പുമ്മുവിന്റെ ഇഷ്ടംപോലെയാകാമല്ലോ. സദ്യയ്ക്കു വേണ്ടുന്ന വട്ടങ്ങൾക്കു പുമ്മുതന്നെ ഒരു വയ്ക്കോല എഴുതിത്തന്നേയ്ക്കു. അപ്രകാരമെല്ലാം ചട്ടംകെട്ടിയേയ്ക്കാം" എന്നരുളിച്ചെയ്തു. നൈത്യാരമ്മ വേണ്ടുന്ന സാമാനങ്ങൾക്കെല്ലാം ഒരു വയ്ക്കോല എഴുതിക്കൊടുക്കുകയും ആ വയ്ക്കോലപ്രകാരമെല്ലാം കല്പിച്ചു ചട്ടംകെട്ടി വട്ടം കൂട്ടിക്കുകയും ചെയ്തു. സദ്യയുടെ വട്ടമൊക്കെ വളരെ കേമമായിരുന്നു. അരി മാത്രം വയ്ക്കോലയിലെഴുതാൻ നൈത്യാരമ്മ മറന്നുപോയിരുന്നതിനാൽ അതു മാത്രമില്ലായിരുന്നു. അടിയന്തരദിവസം കറിക്കുവെട്ടും ദേഹണ്ഡവുമെല്ലാം കഴിഞ്ഞു. സദ്യയ്ക്കു കല്പനപ്രകാരം ദേശക്കാരെയൊക്കെ ക്ഷണിച്ചിരുന്നതിനാൽ അവരെല്ലാവരും വന്നു. സദ്യയ്ക്കു് ഇല വെയ്ക്കുകയും എല്ലാവരും ഉണ്ണാനിരിക്കുകയും സകല വിഭവങ്ങളും വിളമ്പുകയും ചെയ്തു. ചോറു മാത്രമില്ല. അപ്പോഴാണു് ചോറുണ്ടാക്കീട്ടില്ലെന്നു നൈത്യാരമ്മ അറിഞ്ഞതു്. കല്പനപ്രകാരം വട്ടം കൂട്ടി നടത്തുന്ന അടിയന്തിരമാകയാൽ എല്ലാം മുറയ്ക്കു നടക്കുമെന്നു വിചാരിച്ചു നൈത്യാരമ്മ ഇടയ്ക്കൊന്നും അന്വേഷിച്ചിരുന്നില്ല. എല്ലാവരും ഉണ്ണാനിരുന്നുകഴിഞ്ഞിട്ടറിഞ്ഞാൽ പിന്നെ നിവൃത്തിയൊന്നുമില്ലല്ലോ. എല്ലാവരും ചോറുകൂടാതെതന്നെ സദ്യയുണ്ണം കഴിച്ചുപോയി. ഇതു നൈത്യാരമ്മയ്ക്കു വലിയ അപമാന

Digitized By Kerala Sahitya Akademi

ത്തിനും കണ്ണിതത്തിനും കാരണമായി. നൈത്യാരമ്മ തിരുമുമ്പാകെച്ചെന്ന് ഇതിനെക്കുറിച്ചു വളരെ മനസ്താപത്തോടുകൂടി സങ്കടമറിയിച്ചു. അപ്പോൾ തിരുമനസ്സുകൊണ്ട്, "പുമ്മു വയ്യോലയിൽ അരി എഴുതിയിരുന്നില്ലായിരിക്കും. അതാണ് ചോറില്ലാതെയിരുന്നത്. അത് ഇനി പറഞ്ഞതുകൊണ്ടു പ്രയോജനമൊന്നുമില്ലല്ലോ" എന്നരുളിച്ചെയ്തു.

പണ്ട് കൊച്ചിരാജ്യത്തു പണിക്കർ, കയ്മൾ, കത്താവ് ഇങ്ങിനെ പല നാടുവാഴികളുമുണ്ടായിരുന്നു. അവരെല്ലാവരും വലിയ ധനവാന്മാരും ഗർവ്വിഷ്ടന്മാരുമായിരുന്നു. അവരിൽച്ചിലർ മാത്രമെ രാജഭോഗം കൊടുത്തും രാജകല്പന അനുസരിച്ചും നടന്നിരുന്നുള്ളു. മിക്കവരും രാജഭോഗം കൊടുക്കാതേയും രാജകല്പന അനുസരിക്കാതേയും നടക്കുന്ന മുഷ്ടന്മാരായിരുന്നു. അപ്രകാരമുള്ള ധിക്കാരികളെയെല്ലാം ശക്തൻ തിരുമനസ്സുകൊണ്ടു പിടിച്ചമർത്തുകയും അവരുടെ സർവ്വസ്വവും കൊള്ളചെയ്തു കുത്തിവാരി അപഹരിക്കുകയും ചെയ്തു. എന്നാൽ രാജഭോഗം ശരിയായി കൊടുക്കുകയും കല്പനയനുസരിച്ചു നടക്കുകയും ചെയ്തിരുന്നവരെ തിരുമനസ്സുകൊണ്ട് വേണ്ടതുപോലെ രക്ഷിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു.

മേല്പറഞ്ഞ നാടുവാഴികളുടെ കൂട്ടത്തിൽ 'മുരിയാടത്തു നമ്പ്യാർ' എന്നൊരാളുണ്ടായിരുന്നു. അയാൾ ജാതിയിൽ നായരായിരുന്നു. നമ്പ്യാർ എന്നുള്ളതു കല്പിച്ചുകൊടുത്ത ഒരു സ്ഥാനപ്പേരായിരുന്നു. അയാളുടെ ഭവനത്തിൽ സന്തതിയില്ലാതെ കുറെക്കം ഒരു വൃദ്ധ മാത്രം ശേഷിച്ചു. അതിനാൽ ആ സ്ത്രീതന്റെ കുടുംബത്തിലേയ്ക്ക് ചിലരെ ദത്തെടുക്കണമെന്നു നിശ്ചയിക്കുകയും ആ വിവരം ശക്തൻ തിരുമനസ്സിലെ അറിയിക്കയും ചെയ്തു. ആ കുടുംബം ഏറ്റവും ധനാഢ്യയുള്ളതായിരുന്നതിനാൽ അവരുടെ വസ്തുവകകളെല്ലാം കൈവശപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ശക്തൻ തിരുമനസ്സുകൊണ്ട് ആ സ്ത്രീയോടു ചോദിച്ചു, "ദത്തിനു വേണ്ടുന്ന

Digitized By Kerala Sahitya Akademi

തെല്ലാം വട്ടംകൂട്ടി, ദിവസവും മുഹൂർത്തവും നിശ്ചയിച്ചു വിവരമറിയിച്ചാൽ ദത്തെടുക്കാനുള്ളവരേയുംകൊണ്ടു ഞാനവിടെ വന്നുകൊള്ളാം. ഞാൻ കൊണ്ടുവരുന്നവരെ അല്ലാതെ വേറെ ആരേയും ദത്തെടുത്തു പോകയുമരുത്".'' എന്നൊരു കല്പനയയച്ചു. ആ സ്ത്രീ അപ്രകാരം ദത്തിനു വേണ്ടുന്നതെല്ലാം വട്ടംകൂട്ടി മുഹൂർത്തവും നിശ്ചയിച്ച വിവരം തിരുമനസ്സറിയിച്ചു. മുഹൂർത്തസമയമായപ്പോൾ പുരുഷനും സ്ത്രീയുമായിട്ടുള്ള രണ്ടു കുട്ടികളേയുംകൊണ്ടു ശങ്കരൻ തിരുമനസ്സുകൊണ്ട് ആ സ്ഥലത്തെഴുന്നള്ളി. ആ കുട്ടികൾ ഒരു തമ്പാന്റെ കോവിലകത്തേതായിരുന്നു. കുട്ടികൾ തമ്പാന്റെ ജാതിയിലുള്ളവരാണെന്നു് അറിഞ്ഞപ്പോൾ ആ സ്ത്രീക്കു് സീമാതീതമായ സന്തോഷമുണ്ടായി. ഉടനെ ദത്തിന്റെ ക്രിയകളും ചടങ്ങുകളുമൊക്കെ മുറയ്ക്കു നടത്തുകയും അവ കഴിഞ്ഞതിന്റെ ശേഷം സദ്യ ആരംഭിക്കുകയും ചെയ്തു. സദ്യ അതികേമമായിട്ടുണ്ടായിരുന്നു. അപ്പോൾത്തന്നെ ദത്തെടുക്കപ്പെട്ട കുട്ടികളേയും ഭക്ഷണത്തിനിരുത്തി. അവർക്കു് ആ വൃദ്ധ തന്നെ ചോറു വിളമ്പിക്കൊടുത്തു. അവർ ഉണ്ണാതെ നിഷാദഭാവത്തോടുകൂടിയിരുന്നതു കണ്ടിട്ടു വൃദ്ധ തിരുമുൻപാകെച്ചെന്നു്, "അടിയന്റെ അവകാശികളാക്കി ദത്തെടുക്കപ്പെട്ടവർ അടിയൻ വിളമ്പിക്കൊടുത്ത അന്നം ഭക്ഷിക്കാതെയിരിക്കുന്നതെന്താണു്? ഇതു് അടിയനു വളരെ സങ്കടമാണു്" എന്നുണർത്തിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു കുട്ടികളോടു് "ആട്ടെ, ഊണു കഴിക്കുന്നതിനു വിരോധമില്ല. പിന്നീടു വേണ്ടതു ഞാൻ നോക്കിക്കൊള്ളാം" എന്നു് അരുളിച്ചെയ്കയും കുട്ടികൾ മനസ്സോടുകൂടിയല്ലെങ്കിലും ഭക്ഷണം കഴിക്കുകയും ചെയ്തു. ദത്തു സംബന്ധിച്ചുള്ള സദ്യ മുതലായവയെല്ലാം കഴിഞ്ഞതിന്റെ ശേഷം ആ കുട്ടികളെ അവിടെത്തന്നെ താമസിപ്പിച്ചിട്ടു തിരുമസ്സുകൊണ്ടു കോവിലകത്തേയ്ക്കെഴുന്നള്ളി. കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ സ്ത്രീ മരിക്കുകയും അവരുടെ ശേഷക്രിയാദികൾ ആ കുട്ടികളെക്കൊണ്ടു തന്നെ ചെയ്യിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

അനന്തരം ശക്തൻ തിരുമനസ്സുകൊണ്ടു പൈലികന്നാർ മുതലായവരെ വരുത്തി, നായരുടെ അന്നം ഭക്ഷിച്ച ഈ ക്ഷത്രിയക്കുട്ടികളെ ഏതു സ്ഥിതിയിലാണ് ഇരുത്തേണ്ടതെന്ന് ആലോചിച്ചു. കുട്ടികൾ കല്പനയേ നിരസിക്കാൻ നിവൃത്തിയില്ലാതെ വരികയാൽ മനസ്സു കൂടാതെ ഭക്ഷിച്ചതാകയാൽ അവക്ക് ഭ്രഷ്ട കല്പിക്കാൻ പാടില്ലെന്നും അവരെ ഒരു പ്രത്യേക ജാതിക്കാരാക്കി ഇരുത്തേണ്ടതാണെന്നും അവരുടെ ആചാരങ്ങളെല്ലാം ക്ഷത്രിയരെപ്പോലെ ആയിരിക്കേണ്ടതാണെന്നും ക്രിയാദികൾ മന്ത്രം കൂടാതെ ബ്രാഹ്മണർ നടത്തിക്കൊടുക്കേണ്ടതാണെന്നും ഉപനായനം പൂണൂലിടാതെ നടത്തണമെന്നും അവരെ ദേവാലയവും ബ്രാഹ്മണാലയവുമില്ലാത്തതായ ഒരു ദേശത്തു് ഒരു നദീയീരത്തു താമസിപ്പിക്കേണ്ടതാണെന്നും മഹാബ്രാഹ്മണർ കൂടിയാലോചിച്ചു വിധിച്ചു. അതിനാൽ തിരുമനസ്സുകൊണ്ടു 'മലയാറ്റൂർ' എന്ന ദേശത്തു് അവക്കൊരു ഭവനം പണികഴിപ്പിച്ചു കൊടുക്കുകയും അവരെ അവിടെത്താമസിപ്പിക്കുകയും അവരുടെ ചെലവിനു പതിവായി സക്കാരിൽ നിന്നു കൊടുക്കുന്നതിനു കല്പിച്ചു് ഏർപ്പാടു ചെയ്കയും ചെയ്തു. ആ സ്ഥലത്തു് ആ കുട്ടികളുടെ വംശ്യന്മാർ ഇപ്പോഴും താമസിക്കുന്നുണ്ടു്. അവരുടെ ചിലവിനു് ഇപ്പോഴും കൊച്ചിസ്സക്കാരിൽ നിന്നാണു് കൊടുത്തുവരുന്നതു്. അവർ ആത്ര്യം തമ്പാക്കന്മാരായിരുന്നതിനാൽ അവരെ നായന്മാർ മുതലായവർ ഇപ്പോഴും വിളിച്ചുവരുന്നതു തമ്പാക്കന്മാരെന്നുതന്നെയാണു്. എന്നാൽ നമ്പ്യാരുടെ കുടുംബത്തിൽ ഒത്തുകൂറിയവരായതുകൊണ്ടു ബ്രാഹ്മണരും മറും അവരെ ഇപ്പോഴും നമ്പ്യാന്മാരെന്നാണു് പറഞ്ഞുവരുന്നതു്. ആ കുടുംബത്തിൽ കുട്ടികം ശേഷിച്ചിരുന്ന ആ സ്ത്രീ മരിച്ചതിന്റെ ശേഷം അവരുടെ സ്വത്തുവും കൊച്ചിസ്സക്കാരിലേയ്ക്കു ചേർന്നു. പാത്രങ്ങളും പണ്ടങ്ങളുമെല്ലാം വരുത്തി തിരുമനസ്സുകൊണ്ടു് ഈടുവെയ്പിൽ വെയ്പിച്ചു.

നമ്പ്യാരുടെ പാർത്തുള്ളിന്മേലും മറും പേരു വെട്ടിയിരുന്നതു 'മുകുന്ദപുരം' എന്നായിരുന്നു. അങ്ങിനെ പേരു വെട്ടീട്ടു

Digitized By Kerala Sahitya Akademi

ള്ള പണ്ടങ്ങളും പാത്രങ്ങളും തുപ്പുണിത്തുറെ ഈടുവെയ്പിൽ ഇപ്പോഴും കാണുന്നുണ്ട്.

തിരുവനന്തപുരത്തെ മുറജപത്തിന്റെ വട്ടങ്ങളും കേമത്തവും മറും ചില നമ്പൂരിമാർ പറഞ്ഞു കേട്ടിട്ട ശക്തൻതിരുമനസ്സുകൊണ്ട് അതൊക്കെ ഒന്നു പോയി കണ്ടും അനുഭവിച്ചും മനസ്സിലാക്കണമെന്നു നിശ്ചയിച്ച് ഒരു മുറജപക്കാലത്ത് അങ്ങോട്ട പുറപ്പെട്ട. പരിവാരങ്ങളൊന്നും കൂടാതെ ഏറവും ഗ്രുഢമായിട്ടായിരുന്നു ആ എഴുന്നള്ളത്ത്. ഒരു കട്ട്യാവു ഭാണ്ഡവും ഒരോലക്കുടയും ഒരു വടിയുമായി ഒരു നമ്പൂരിമട്ടിലാണ് എഴുന്നള്ളിയതു്. മുറജപക്കാലത്തു വഴിക്ക് കാരാസ്ഥലങ്ങളിലും നമ്പൂരിമാക്ക ഭക്ഷണത്തിനു സക്കാരിൽനിന്നു കേമമായി വട്ടംകൂട്ടിയിരിക്കുമല്ലോ. തിരുമനസ്സുകൊണ്ട് ആ സ്ഥലങ്ങളിലൊക്കെയിറങ്ങി നമ്പൂരിമാരുടെ കൂട്ടത്തിൽ അമുതേത്തു കഴിച്ചുകൊണ്ടാണ് എഴുന്നള്ളിയതു്. എങ്കിലും ഈശ്വരാനുകൂല്യംകൊണ്ടു വഴിക്ക് അറിയുന്നവരാരും കണ്ടില്ല. അങ്ങിനെ ക്രമേണ തിരുവനന്തപുരത്തെത്തി. പത്മതീർത്ഥത്തിൽ ഒരൊതുങ്ങിയ സ്ഥലത്തിറങ്ങി, കുടയും വടിയും ഭാണ്ഡവും കരയ്ക്കു വെച്ചിട്ട നീരാട്ടുകുളിയും നിത്യകർമ്മാനുഷ്ഠാനാദികളും കഴിച്ചു ശിവേലിപ്പുരയിൽച്ചെന്നു് അമൃതേത്തും കഴിച്ചു. അപ്പോഴും ആരും കണ്ടറിഞ്ഞില്ല. അമൃതേത്തു കഴിഞ്ഞു കൈകഴുകാനായി നേരത്തെ നിരാട്ടുകുളി കഴിച്ച കടവിൽത്തന്നെ ചെന്നിറങ്ങി കൈ കഴുകി. ആ സമയം രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു കരുവേലപ്പുരമാളികയുടെ മുകളിലിരുന്നുകൊണ്ടു കാണുകയും കണ്ടയുടനെ ആളറിയുകയും ചെയ്തു. എങ്കിലും അവിടുന്നു് അപ്പോൾ അറിഞ്ഞതായി ഭാവിക്കുകയും കണ്ണും പ്രവർത്തിക്കുകയും ചെയ്തില്ല. രാത്രിയായപ്പോൾ പത്മതീർത്ഥക്കരയിലെല്ലാം കല്പനപ്രകാരം തീവട്ടി (ദീപയഷ്ടി) കൊളുത്തിപ്പിടിക്കുകയും തിരുമനസ്സുകൊണ്ടു കരുവേലപ്പുരമാളികയുടെ മുകളിലെഴുന്നള്ളി നോക്കിക്കൊണ്ടിരിക്കുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ നമ്പൂരിമാർ അത്താഴം കഴിഞ്ഞു

Digitized By Kerala Sahitya Akademi

കൈകഴുകാനായി പത്മതീർത്ഥത്തിൽ പന്നിറങ്ങിത്തുടങ്ങി. ആ കൂട്ടത്തിൽ ശകുന്തൻ തിരുമനസ്സുകൊണ്ടു കൈകഴുകാനിറങ്ങിയതു രാവിലെ നീരാട്ടുകളി കഴിച്ച കടവിൽത്തന്നെയായിരുന്നു. അപ്പോഴും അവിടുത്തെ തൃക്കയ്യിൽ മാലക്കുടയും വടിയും കുട്ടിപ്പാവുഭാണ്ഡവുമുണ്ടായിരുന്നു. അവിടുന്നു കടവിൽ പന്നിറങ്ങിയ ഉടനെ രാമവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു രണ്ടു പട്ടക്കാരെ വിളിച്ചു "വടക്കേക്കരയിലുള്ള ആ ഇടുക്കുകടവിലിറങ്ങി കൈകഴുകുന്ന ആ കുട്ടിപ്പാവുഭാണ്ഡക്കാരനെ വിളിച്ചു് ഇവിടെ കൊണ്ടുവരണം. ഞാൻ പറഞ്ഞു എന്നു പറഞ്ഞാൽ അദ്ദേഹം വരും. നിങ്ങൾ ബലം പ്രയോഗിച്ചു കൊണ്ടുവരണമെന്നില്ല" എന്നു കല്പിച്ചയച്ചു. പട്ടക്കാർ കാടിപ്പെന്നു "കരുവേലപ്പുരമാളികയിൽ ചെല്ലാൻ കല്പനയായിരിക്കുന്നു" എന്നു പറഞ്ഞു. "അദ്ദേഹം ആളറിഞ്ഞുകഴിഞ്ഞു. ഇനി ഇവിടെ മടിക്കുകയും കളിക്കുകയും ചെയ്യുന്നതു യുക്തമല്ല" എന്നു വിചാരിച്ചു ശകുന്തൻ തിരുമനസ്സുകൊണ്ടു നേരെ കരുവേലപ്പുരമാളികയിലേയ്ക്കുതന്നെ എഴുന്നള്ളി. എഴുന്നള്ളത്തു കോവണിച്ചുവട്ടിലായപ്പോൾ രാമവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു താഴെ എഴുന്നള്ളി തൃക്കൈയ്ക്കു പിടിച്ചു മുകളിലേയ്ക്കു കൊണ്ടുപോയി. ആസനസല്ക്കാരം ചെയ്തിരുത്തീട്ടു് രാവിടുന്നും കരു കസാലയിലിരിക്കുകയും ഉടനെ സംഭാഷണമാരംഭിക്കുകയും ചെയ്തു.

രാമവമ്മ—ഇതെന്തൊരു നേരംപോക്കാണു്? ഈ ഗ്രാമസഞ്ചാരത്തിന്റെ ഉദ്ദേശമെന്താണു്?

ശകുന്തൻ—ഇങ്ങിനെയായാലല്ലാതെ ഈ ലോകത്തൊക്കെ വേണ്ടതുപോലെ കാണാനും മറും സാധിക്കയില്ലല്ലോ. നമ്മുടെ രാജ്യത്തെ ബാഹ്യങ്ങളും മറും കാണുകയും ആ കൂട്ടത്തിൽപ്പെട്ട സത്യമുണ്ടോന്നോക്കുകയും മറും ചെയ്യുന്നതിന്നു് ഇങ്ങിനെയായാലല്ലാതെ സാധിക്കുമോ?

രാമവമ്മ—അതല്ല. ഞാൻ അതു് ഉദ്ദേശിക്കാതിരുന്നില്ല. ഞാൻ രാവിലെത്തന്നെ അവിടുത്തെക്കണ്ടു. അപ്പോൾ സാ

Digitized By Kerala Sahitya Akademi

ധിച്ചു കഴിയട്ടെ എന്നു വിചാരിച്ചാണു് ഇതുവരെ ക്ഷമിച്ചതു്. ഇതൊക്കെ അവിടെയുള്ളപ്പോലെ സാധിക്കയില്ല.

ശകുതൻ—ഈ വക കളവുകൾ കണ്ടുപിടിക്കാൻ അവിടെയുള്ളം.

രാമവമ്മ—കൂടെ വേറെ ആരുണ്ടു്?

ശകുതൻ—ഇതാ ഈ കുടയും വടിയും ഭാണ്ഡവും മാത്രം.

രാമവമ്മ—അതും അത്ഭുതംതന്നെ. ഭൃത്യന്മാരാരും കൂടാതെ വേണ്ടുന്ന കാര്യങ്ങളൊക്കെ സ്വയമേവ സാധിക്കുന്ന അവിടുത്തെ ജനങ്ങൾ ശകുതനെന്നു പറയുന്നതു യഥാർത്ഥംതന്നെ. ശകുതൻ എന്നു വോര, സർവ്വശകുതൻ എന്നുതന്നെ പറയേണ്ടതാണു്. ആട്ടെ ആ വടിക്കകത്തു വാളായിരിക്കുമല്ലോ.

ശകുതൻ—അതങ്ങിനെതന്നെ. അതും ഇല്ലാതെ തനിച്ചു സഞ്ചരിക്കുന്നതു ചിലപ്പോൾ ആപൽക്കരമായി വന്നേയ്ക്കുമല്ലോ.

രാമവമ്മ—എന്നെ അറിയിക്കാതെ മടങ്ങിപ്പോകുന്നതെന്നാണിരിക്കുമോ വിചാരിച്ചിരുന്നതു്?

ശകുതൻ—സാധിച്ചുവെങ്കിൽ അങ്ങിനെ വേണമെന്നുതന്നെയായിരുന്നു വിചാരം. സാധിക്കുന്ന കാര്യം അസാദ്ധ്യമാണെന്നും വിചാരിക്കാതെയിരുന്നില്ല.

രാമവമ്മ—ആട്ടെ, കാണാൻ സാധിച്ചുവല്ലോ; സന്തോഷമായി. ഇനി മുറജപം കഴിഞ്ഞിട്ടു പോയാൽ മതി.

ശകുതൻ—അതിനു നിവൃത്തിയില്ല. ഇന്നുതന്നെ തിരിയെ മടങ്ങണമെന്നാണു് വിചാരിച്ചിരുന്നതു്. അതു തെറ്റിയല്ലോ. നാളെയെങ്കിലും പോകണം.

രാമവമ്മ—ആട്ടെ, അതു നാളെ നിശ്ചയിക്കാം. ഇപ്പോൾ നമുക്കു കിടക്കാൻ ശ്രമിക്കാം. നേരം രാത്രി അധികമായി.

ഇങ്ങിനെ സംഭാഷണം അവസാനിപ്പിച്ചതിന്റെശേഷം രണ്ടു തിരുമേനികളും പള്ളിക്കുറുപ്പിനെഴുന്നള്ളി. കുലശേഖരപ്പെരുമാൾ തിരുമനസ്സിലെ നിർബ്ബന്ധംനിമിത്തം ശകുതൻ തിരുമനസ്സുകൊണ്ടു് ആ പ്രാവശ്യവും നാലു ദിവസം തിരുവ

Digitized By Kerala Sahitya Akademi

നന്തപുരത്തു് എഴുന്നള്ളിത്താമസിച്ചു. രാമവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു വേണ്ടുന്ന ഭൃത്യന്മാരേയും മറും ഏർപ്പെട്ടത്തിക്കൊടുത്തു് രാജപദവിയോടുകൂടിത്തന്നെയാണു് ശക്തൻ തിരുമേനിയെ അവിടെ താമസിപ്പിച്ചിരുന്നതു്. തിരിച്ചെഴുന്നള്ളിയ സമയം വഴിക്കു വേണ്ടുന്ന സൌകര്യങ്ങളെല്ലാം കല്പനപ്രകാരം ചട്ടം കെട്ടിയിരുന്നു എന്നു മാത്രമല്ല, തിരുവനന്തപുരത്തുനിന്നു ബോട്ടിൽക്കയറിയാണു് തൃപ്പൂണിത്തുറെ എത്തിച്ചതു്.

ശക്തൻ തിരുമനസ്സുകൊണ്ടു് ആരുമറിയാതെ തിരുവനന്തപുരത്തു വന്നുപോകണമെന്നു വിചാരിച്ചുവല്ലോ. അതിന്നു പകരമൊന്നു പറഞ്ഞിക്കണമെന്നു രാമവമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു നിശ്ചയിച്ചു. എന്നാൽ അതു് ആരോടും കല്പിച്ചില്ലതാനും. കരിക്കൽ തിരുമനസ്സുകൊണ്ടു് അഷ്ടമിദർശനത്തിനായി വൈക്കത്തെഴുന്നള്ളുകയും, അവിടെ ഏതാനും ദിവസം താമസിക്കുകയും ചെയ്തു. അനന്തരം തിരിയെ എഴുന്നള്ളത്തു നിശ്ചയിച്ചു് കരു ദിവസം അത്താഴമമുതേത്തു കഴിഞ്ഞു ബോട്ടിലെഴുന്നള്ളി. ബോട്ടു നീക്കാറായപ്പോൾ തൃപ്പൂണിത്തുറയ്ക്കു പിടിക്കട്ടെ എന്നും നിശ്ശബ്ദമായിരിക്കണമെന്നും ബോട്ടു തൃപ്പൂണിത്തുറെ ക്ഷേത്രത്തിന്നു പടിഞ്ഞാറുവശത്തുള്ള തോട്ടുകടവിലടുക്കണമെന്നും കല്പിച്ചു. അപ്രകാരം ബോട്ടു് അവിടെ അടുത്ത ഉടനെ തിരുമനസ്സുകൊണ്ടു് കരു സാധാരണ മനുഷ്യനെപ്പോലെ കരു മുണ്ടും കരു തോർത്തുമുണ്ടും മാത്രമെടുത്തുകൊണ്ടു കരയ്ക്കിറങ്ങി നേരെ കിഴക്കോട്ടു കാൽനടയായി എഴുന്നള്ളി. അമ്പലക്കുളത്തിലെത്തി നീരാട്ടുകളികഴിച്ചു് ആ ഈറൻ തന്നെ ധരിച്ചുകൊണ്ടു് അമ്പലത്തിലെഴുന്നള്ളി. കരു ശരപ്പൊളിമാലയും പതക്കവും നടയ്ക്കുവെച്ചു സ്വാമിദർശനം കഴിച്ചു പുറത്തിറങ്ങി, ക്ഷണത്തിൽ ബോട്ടിലെഴുന്നള്ളി തിരിയെ എഴുന്നള്ളുകയും ചെയ്തു. അപ്പോൾ അവിടെ ഉത്സവമായിരുന്നു എന്നതന്നെയല്ല, അന്നു തൃക്കേട്ട പുറപ്പാടുമായിരുന്നു. വിളക്കിനെഴുന്നള്ളിച്ചു പടിഞ്ഞാറെ നടയിൽ മേളം പൊടിപൊടി

Digitized By Kerala Sahitya Akademi

ച്ചിരുന്നസമയത്താണു് തിരുമനസ്സുകൊണ്ടു സ്വാമിദർശനം കഴിച്ചു് എഴുന്നള്ളിയതു്. അതിനാൽ ആരും കണ്ടറിയുന്നതിനിടയായില്ല. തിരുമനസ്സുകൊണ്ടു തിരിയെ എഴുന്നള്ളി കുറച്ചു കഴിഞ്ഞപ്പോൾ അപരിചിതനായ ഒരാൾ അമ്പലത്തിൽ വന്നു വളരെ വിലപ്പിടിപ്പുള്ളതായ ഒരു ശരപ്പൊളിമാലയും പതക്കവും നടയ്ക്കുവെച്ചു സ്വാമിദർശനം കഴിച്ചുപോയതായി ശകുനൻ തിരുമനസ്സിലേയ്ക്കു് അറിവു കിട്ടി. മാലയും പതക്കവും വരുത്തി പരിശോധിച്ചപ്പോൾ പതക്കത്തിന്റെ പുറകുവശത്തു "തിരുവിതാംകൂർ രാമവമ്മ" എന്നു പേരു വെട്ടിയിരിക്കുന്നതായിക്കണ്ടു. ഉടനേ ആളുകളേ അയച്ചു് അന്വേഷിച്ചപ്പോൾ കുറച്ചു സമയം മുൻപേ പടിഞ്ഞാറെ തോട്ടകടവിൽ ഒരു ബ്രാഹ്മണൻ അടുത്തു കിടന്നിരുന്നുവെന്നും അതു വിട്ടുപോയിട്ടു് ഏകദേശം നാലുനാഴിക കഴിഞ്ഞിരിക്കുന്നുവെന്നും അറിവു കിട്ടി. ഈ വന്നുപോയതു് ഇന്നാരാണെന്നും ഇതു തന്നെ പറ്റിക്കുകയാണു് ചെയ്തതെന്നും ശകുനൻ തിരുമനസ്സുകൊണ്ടു് മനസ്സിലാക്കിയെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. രാമവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു പിറ്റേദിവസം രാവിലെ അമ്പലപ്പുഴെ എത്തുകയും ആ വഴി തിരുവനന്തപുരത്തിനു് എഴുന്നള്ളുകയും ചെയ്തു.

രാമവമ്മമഹാരാജാവു തിരുമനസ്സിലെ പ്രത്യേകപ്രീതിക്കു പാത്രീഭവിച്ചവരായി കേശവപിള്ളദിവാൻജിയേക്കൂടാതെ കുഞ്ചിക്കുട്ടി, കുതിരപ്പക്കി, വൈക്കം പത്മനാഭപിള്ള' ഇങ്ങിനെ മൂന്നുപേരു കൂടിയുണ്ടായിരുന്നു. അവർ മൂന്നു പേരും ഏറ്റവും വീരന്മാരും ശൂരന്മാരും യുദ്ധവിദഗ്ദ്ധന്മാരുമായിരുന്നു എന്നു മാത്രമല്ല, പ്രസിദ്ധമാന്ത്രികനായിരുന്ന തേവലശ്ശേരി നമ്പിയുടെ അടുക്കൽ ശിഷ്യപ്പെട്ടു് ഉപദേശം വാങ്ങീട്ടുള്ള പലിയ മന്ത്രവാദികളുമായിരുന്നു. അവർക്കു ശത്രുക്കളുടെ ആയുധമേറ്റു മരണം സംഭവിക്കാതെയിരിക്കുന്നതിനായി തേവലശ്ശേരി നമ്പി അവരെ രക്ഷ ധരിപ്പിക്കുകയും ചെയ്തിരുന്നു. സ്വർണ്ണത്തകിട്ടിൽ രക്ഷയെഴുതി അവരുടെ തുട കീറി തുടയ്ക്കകത്താ

Digitized By Kerala Sahitya Akademi

ണ്ട് നമ്പി രക്ഷ സ്ഥാപിച്ചിരുന്നതു്. അവരുടെ അത്ഭുതകമ്മങ്ങളും മറും വിവരിക്കുന്നതിന്നു് ഓരോരുത്തരേക്കുറിച്ചും പ്രത്യേകം പ്രത്യേകം ഓരോ ഉപന്യാസങ്ങൾ വേണ്ടിയിരിക്കുന്നതിനാൽ അതിനായി ഇപ്പോൾ ഉദ്യമിക്കുന്നില്ല. ഇവിടെ പ്രകൃതം ശക്തൻതമ്പുരാൻ തിരുമനസ്സിലേ ചരിത്രമാണല്ലോ. അതിനാൽ ആത്തിരുമേനിയുമായി കൂടിക്കാണാൻ സംഗതിയായിട്ടുള്ള കുഞ്ചിക്കുട്ടിയേക്കുറിച്ചുമാത്രം സംക്ഷേപം പറഞ്ഞുകൊള്ളുന്നു. കുഞ്ചിക്കുട്ടി തിരുവനന്തപുരത്തു വലിയ കൊട്ടാരം സപ്ലൈധികാര്യക്കാരായിരുന്നതിനാൽ അദ്ദേഹത്തെ എല്ലാവരും സാധാരണയായി പറഞ്ഞുവന്നിരുന്നതു് 'കുഞ്ചിക്കുട്ടി സപ്ലൈധികാര്യക്കാർ' എന്നായിരുന്നു.

ഒരിക്കൽ കൊച്ചിയും തിരുവിതാംകൂറും തമ്മിൽച്ചേർന്നതായ ഒരുത്തിസ്ഥലത്തു് ഒരാന കുഴിയിൽ വീണു. അതറിഞ്ഞു് ആ ആനയെ കുഴിയിൽനിന്നു കയറിക്കൊണ്ടു പോകാനായി കുഞ്ചിക്കുട്ടി സപ്ലൈധികാര്യക്കാർ പോയിരുന്നു. കുഞ്ചിക്കുട്ടി സ്ഥലത്തെത്തിയപ്പോഴേയ്ക്കും കൊച്ചിസ്സുക്കാരിൽനിന്നു താപ്പാനകളേയും മറും കൊണ്ടു് ആളുകൾ വന്നു് ആനയേക്കുഴിയിൽനിന്നു കയറി ഒരുത്തി കടത്തിക്കുഴിഞ്ഞിരുന്നു. കുഞ്ചിക്കുട്ടി അടുത്തു ചെന്നു തന്റെ മന്ത്രശക്തികൊണ്ടു് ആനയെ പുറകോട്ടു നടത്തി തിരിച്ചുകൊണ്ടുവന്നു ആനക്കൂട്ടിലാക്കിയടച്ചു. ഇണക്കവും പരിചയവും വരാത്ത കാട്ടാനയെ പിടിക്കാനോ തടുക്കാനോ അതിന്റെ അടുക്കൽച്ചെല്ലാനൊ ആർക്കും സാദ്ധ്യമല്ലല്ലോ. അതിനാൽ കൊച്ചിയിൽനിന്നു വന്നവർ കണ്ണും ചെയ്യാതെ നോക്കിക്കൊണ്ടുനിന്നേ ഉള്ളൂ.

ഈ വർത്തമാനം കേട്ട ശക്തൻ തിരുമനസ്സുകൊണ്ടു് തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേപ്പേക്കു് "അവിടെ സപ്ലൈധിയായിരിക്കുന്ന കുഞ്ചിക്കുട്ടിയെ ഒന്നു കണ്ടാൽക്കൊള്ളാമെന്നുണ്ടു്. അതിനാൽ സൌകര്യംപോലെ അവനെ ഇങ്ങോട്ടയച്ചാൽക്കൊള്ളാം" എന്നൊരു തിരുവെഴുത്തെഴുതിയയച്ചു. തിരുവെഴുത്തു കണ്ടയുടനെ മഹാരാജാവു തിരുമനസ്സു

Digitized By Kerala Sahitya Akademi

കൊണ്ടു സവ്വാധികാര്യക്കാരെ തിരുമുൻപിൽ വരുത്തി, "കുഞ്ചി ക്കുട്ടിയെ കണ്ണ. കാണാനായിട്ട തൃപ്പണിത്തുറയ്ക്ക് അയച്ചാൽ കൊള്ളാമെന്നു പെരുമ്പടപ്പിൽ മൂപ്പിലെ എഴുത്തു വന്നിരി ക്കുന്നു. എന്താ, കണ്ണ പോയിവരാൻ വയ്യേ?" എന്നു കല്പിച്ചു ചോദിച്ചു. "കല്പനയുണ്ടെങ്കിൽ വിടകൊള്ളാം" എന്നു സവ്വാ ധികാര്യക്കാർ ഉണത്തിക്കുകയും "ആട്ടെ, കണ്ണ പോയിവരൂ. സൂക്ഷിച്ചു വേണം. അദ്ദേഹം ഒരു ശുദ്ധാത്മാവാണ്. എങ്കി ലും മുൻകോപം കലശലാണ്. ദോഷ്യം വന്നാൽ എന്തും പ്രവത്തിക്കും; അങ്ങിനെയാണ് സ്വഭാവം. ആളറിഞ്ഞു പെ രുമാറിക്കൊണ്ടാൽ മതി" എന്നു കല്പിക്കുകയും ചെയ്തു. സവ്വാ ധികാര്യക്കാർ മഹാരാജാവു തിരുമേനിയെ വന്ദിച്ചുകൊണ്ട് അന്നുതന്നെ പുറപ്പെട്ടു. നാലാംദിവസം തൃപ്പണിത്തുറയെത്തി, സേവന്മാർമുഖാന്തരം അനുവാദം വാങ്ങിക്കൊണ്ടു തിരു മുൻപാകെച്ചെന്നു. ആ സമയം ശങ്കരൻ തിരുമനസ്സുകൊണ്ടു കളിമാളികയുടെ വരാന്തയിൽ ഒരു കസാലയിൽ എഴുന്നള്ളി യിരിക്കുകയായിരുന്നു. തൃക്കയ്യിൽ ഒരു വാളുമുണ്ടായിരുന്നു. സവ്വാധികാര്യക്കാർ അടുത്തുചെന്നു വന്ദിച്ചു. അപ്പോൾ ശങ്കരൻ തിരുമനസ്സുകൊണ്ട്, "കുഞ്ചിക്കുട്ടിയേക്കുറിച്ചു ധാരാ ളമായി കേട്ടിട്ടുണ്ട്. കാണാൻ കഴിഞ്ഞിട്ടില്ല. ഒന്നു കണ്ടാൽ കൊള്ളാമെന്നു ഞാൻ വിചാരിച്ചുതുടങ്ങീട്ടു വളരെ ദിവസമാ യി. ഇന്നു കണ്ടുവല്ലോ; സന്തോഷമായി."

സവ്വാധി—ഇവിടെ വിടകൊണ്ടു തൃപ്പാദം കണ്ടു വന്ദിച്ചാൽ കൊള്ളാമെന്ന് അടിയനും വിചാരിക്കാറുണ്ട്. അതിനുള്ള വിധി ഇന്നേ അടിയനു ലഭിച്ചുള്ളൂ.

ശങ്കരൻ—(തൃക്കയ്യിലിരുന്ന വാൾ കാണിച്ചുകൊണ്ട്) കുഞ്ചി ക്കുട്ടി ഇതു കണ്ടുവോ?

സവ്വാധി—ഇറാൻ. ചെറുതായിട്ടൊന്ന് അടിയന്റെ കൈ യിലുമുണ്ട്. (എന്നു പറഞ്ഞു് അരയിൽ കച്ചിച്ചുവെച്ചിരുന്ന അരവാളെടുത്തു കാണിച്ചു.)

ശങ്കരൻ—കാണട്ടെ, അതിങ്ങോട്ടൊന്നു തരൂ.

Digitized By Kerala Sahitya Akademi

സവ്വാധി—തൃക്കൈയിലിരിക്കുന്നതു് ഇങ്ങോട്ടു കല്പിച്ചുതന്നാൽ കൊള്ളാം.

(ശക്തൻ തിരുമനസ്സുകൊണ്ടു തൃക്കൈയിലിരുന്നിരുന്ന വാൾ കല്പിച്ചുകൊടുക്കുകയും സവ്വാധികായ്ക്കാർ താണതൊഴുതിട്ടു രണ്ടു കൈയും നീട്ടി വാങ്ങുകയും ചെയ്തതിന്റെശേഷം)

ശക്തൻ—ഇനി അതിങ്ങോട്ടു തരുമോ?

സവ്വാധി—നിവൃത്തിയില്ല. ഇതു തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് അടിയനു കല്പിച്ചു തന്നിട്ടുള്ളതാണു്. ഇതു് അടിയന്റെ ജീവനുള്ളപ്പോൾ താഴെ വെയ്ക്കുകയോ മറെറാരാളുടെ കയ്യിൽക്കൊടുക്കുകയോ ചെയ്കയില്ല.

ശക്തൻ—എന്നാൽ ഞാൻ തന്നതു് ഇങ്ങോട്ടു തന്നേയ്ക്കു.

സവ്വാധി—അടിയനു് ഇവിടുത്തെക്കുറിച്ചും ഭക്തി കുറവില്ല. അവിടുന്നു് അടിയനു കല്പിച്ചുതന്നതു് അടിയൻ തിരിച്ചുതരുന്നതു മര്യാദയല്ലല്ലോ. ഇതും അടിയൻ അടിയന്റെ ജീവനുള്ളപ്പോൾ താഴെ വെയ്ക്കുകയോ മറെറാരാളുടെ കയ്യിൽ കൊടുക്കുകയോ ചെയ്കയില്ല. അടിയനു കല്പിച്ചുതന്നതു തിരിച്ചുവാങ്ങുന്നതു് ഇവിടെയ്ക്കു യുക്തവുമല്ലല്ലോ.

ശക്തൻ—എടാ! സമർത്ഥ! നീ കുഞ്ഞിക്കുട്ടിയല്ല, ആനക്കുട്ടിയാണു്.

സവ്വാധി—ഇവിടെ വിചാരിച്ചാൽ അടിയനെ ആനക്കുട്ടിയാക്കാനും പൂനക്കുട്ടിയാക്കാനും കഴിയും.

ശക്തൻ—ആട്ടെ, സന്തോഷമായി. കുലശേഖരപ്പെരുമാളുടെ ആളുകളെല്ലാം നമ്മുടേയും സ്വന്തമാണു് എന്നു് അരുളിച്ചെയ്കയും ഒരു കുഞ്ഞു വാവുമുണ്ടും ഒരു വീരശൃംഖലയും കൂടി സമ്മാനമായി കല്പിച്ചുകൊടുത്തു സവ്വാധികായ്ക്കാരെ അയയ്ക്കുകയും ചെയ്തു.

കഴിയിൽ വീണ് ആനയെ തിരിച്ചുകൊണ്ടു പോന്നതിനെക്കുറിച്ചു വല്ലതും കല്പിച്ചു ചോദിച്ചേയ്ക്കുമോ എന്നുള്ള

Digitized By Kerala Sahitya Akademi

വിചാരം സഹ്യാധികാര്യക്കാരുടെ മനസ്സിൽ സാമാന്യത്തിലധികമുണ്ടായിരുന്നു. ഈശ്വരകൃപകൊണ്ടു് അതിനെപ്പറ്റിയാതൊന്നും കല്പിച്ചു ചോദിച്ചില്ല. തിരുമനസ്സിലെ ആയുധമേറു മരിക്കാനിടയാവുകയില്ലെന്നുള്ള ധൈര്യമുണ്ടായിരുന്നുവെങ്കിലും തിരുമൻപാകെനിന്നു പിരിഞ്ഞുപോന്നതിന്റെ ശേഷമേ സഹ്യാധികാര്യക്കാരുടെ മനസ്സിനു സമാധാനമുണ്ടായുള്ളൂ. സഹ്യാധികാര്യക്കാർ തൃപ്പണിഞ്ഞുറെനിന്നു് അന്നുതന്നെ പുറപ്പെടുകയും യഥാകാലം തിരുവനന്തപുരത്തെത്തി, തൃപ്പണിഞ്ഞുറെ ചെന്നിട്ടുണ്ടായ സംഗതികളെല്ലാം വിവരമായി തിരുമനസ്സറിയിക്കുകയും ചെയ്തു.

ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ചൊവ്വര എന്ന ദേശത്തു പുഴവക്കത്തായി ഒരു കോവിലകം പണികഴിപ്പിക്കുകയും ആ കോവിലകത്തിന്റെ തെക്കുവശം പുഴയായിരുന്നതിനാൽ ശേഷം മൂന്നു വശങ്ങളിലും കിടങ്ങുണ്ടാക്കിക്കുകയും അവിടെ ഒരു കൊടിമരം സ്ഥാപിച്ചു കൊടി തൂക്കിക്കുകയും ചെയ്തതിന്റെശേഷം ഏതാനും ദിവസം അവിടെ എഴുന്നള്ളിത്താമസിച്ചിരുന്നു. അക്കാലത്തു് ഒരു ശിവരാത്രിനാൾ തിരുമനസ്സുകൊണ്ടു് ആ കോവിലകത്തിന്റെ മുറ്റത്തിറങ്ങി ലാത്തിക്കൊണ്ടു നിന്നപ്പോൾ ചില നമ്പൂരിമാർ ഒരു തോണിയിൽ ക്കയറി പുഴയിൽക്കൂടി പോകുന്നതു കണ്ടിട്ടു് "ഇവിടെ കന്നിരങ്ങീട്ടു പോകണം" എന്നു വിളിച്ചരുളിച്ചെയ്തു. ഉടനെ നമ്പൂരിമാർ തോണി അവിടെ അടുപ്പിച്ചു കരയ്ക്കിറങ്ങി തിരുമുമ്പാകെച്ചെന്നു. ആ സമയത്തു് ഒരു മാപ്പിളയുടെ മൂക്കു തുളച്ചു കയറു കോർത്തുപിടിച്ചുകൊണ്ടു വാദ്യഘോഷങ്ങളോടുകൂടി രണ്ടു ഭടന്മാർ അവനെത്തിരുമുമ്പാകെ കൊണ്ടുചെന്നു. ഉടനെ തിരുമനസ്സുകൊണ്ടു് ഏന്തോ ഒരു ഭാഷയിൽ ഒരു വാക്കു് ആ ഭടന്മാരോടു് അരുളിച്ചെയ്കയും അവർ ആ മാപ്പിളയേയുംകൊണ്ടു പോവുകയും ചെയ്തു. ഇതു കണ്ടപ്പോൾ ഇതിന്റെ കാരണവും ഉദ്ദേശവുമൊന്നും മനസ്സിലാകായ്കയാൽ നമ്പൂരിമാർ വല്ലാതെ പരിഭ്രമിച്ചുവശായി. അതു കണ്ടപ്പോൾ തിരുമനസ്സു

Digitized By Kerala Sahitya Akademi

കൊണ്ടു "നിങ്ങൾ പരിഭ്രമിക്കുകയും അന്ധാളിക്കുകയും കന്നം വേണ്ട. നിങ്ങളെല്ലാവരുംകൂടി എങ്ങോട്ടായിട്ടാണു് പുറപ്പെട്ടിരിക്കുന്നതു്? അതു പറയുക" എന്നു് അരുളിച്ചെയ്തു. അപ്പോൾ നമ്പൂരിമാർ "ഇന്നു ശിവരാത്രിയാണല്ലോ. ഞങ്ങൾ ഉറക്കമൊഴിക്കാൻ ആലുവാമണപ്പുറത്തേയ്ക്കു പോവുകയാണു്" എന്നു ണത്തിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു് "എന്നാൽ നിങ്ങൾക്കു് ഇപ്പോൾ പോകാം. നാളെ രാവിലെ കുളിക്കാൻ തക്കവണ്ണം നിങ്ങളെല്ലാവരും ഇവിടെ വരണം" എന്നു് അരുളിച്ചെയ്കയും "അങ്ങിനെയാവാം എന്നു സമ്മതിച്ചു നമ്പൂരിമാർ അപ്പോൾത്തന്നെ തോണിയിൽക്കയറിപ്പോവുകയും ചെയ്തു.

പിറേറദ്ദിവസം രാവിലെ തിരുമനസ്സിലെ നീരാട്ടുകുളിയും നിത്യകർമ്മാനുഷ്ഠാനാദികളും കഴിഞ്ഞപ്പോഴേയ്ക്കും നമ്പൂരിമാരും ചൊവ്വരെയെത്തി, കുളിയും മറ്റും കഴിച്ചുകൊണ്ടു തിരുമുമ്പാകെച്ചെന്നു. ഉടനെ തിരുമനസ്സുകൊണ്ടു് അവർക്കു് കാരോപചാരം ചെയ്തു. പിന്നെ അവരുടെ ഭക്ഷണവും തിരുമനസ്സിലെ അമൃതേത്തും മറ്റും കഴിഞ്ഞതിന്റെ ശേഷം നമ്പൂരിമാർ വീണ്ടും തിരുമുമ്പാകെ ചെന്നപ്പോൾ, "ഇന്നലെ കരുമാപ്പിള്ളയെപ്പിടിച്ചു് ഇവിടെ കൊണ്ടുവന്നതു നിങ്ങളും കണ്ടുവല്ലോ. അവൻ ഇന്നലെ കരു പശുവിനെ അറുത്തതായിക്കേട്ടു. ഇങ്ങിനെയുള്ള ദുഷ്ടത്യം നമ്മുടെ രാജ്യത്തു നടക്കുകയാണെങ്കിൽ ഞാൻ ശിവരാത്രിവ്രതം അനുഷ്ഠിച്ചതുകൊണ്ടു് എന്തു ഫലമാണുള്ളതു്? അതിനാൽ അവനെ ഇന്നലെത്തന്നെ വെടിവെച്ചു കൊല്ലിച്ചു. ഇന്നലെ ശിവരാത്രിയായിട്ടു് ആ ദുഷ്ടത്യം നടന്നതായി കേട്ടതിന്റെ ദോഷം തീരാനായിട്ടാണു് ഞാനിന്നു ദാനം ചെയ്തതു്. ഇനി ബദ്ധപ്പാടു വല്ലതുമുണ്ടെങ്കിൽ നിങ്ങൾക്കു പോകാം. അതൊന്നുമില്ലെങ്കിൽ കുറച്ചുദിവസം ഇവിടെത്താമസിച്ചിട്ടു പോയാൽ മതി. ഇഷ്ടംപോലെയാവാം" എന്നരുളിച്ചെയ്കയും നമ്പൂരിമാർ അപ്പോൾത്തന്നെ യാത്രയറിയിച്ചുകൊണ്ടു പോവുകയും ചെയ്തു.

അതിന്റെ ശേഷം നാലുദിവസം കഴിഞ്ഞപ്പോൾ തിരു

Digitized By Kerala Sahitya Akademi

വിതാംകൂർ രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതായിക്കേട്ട ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു വളരെ വ്യസനിക്കുകയും "എന്റെ വലത്തുകൈ പോയി" എന്നു സഗൽഗദം അരുളിച്ചെയ്കയും ചെയ്തു. രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങിയതു, "കൊല്ലം തൊള്ളായിരത്തിൽപ്പരമൊരെഴുപതും മൂന്നുമാം കുംഭമാസേ നല്ലാരാറാംദിനെ ചേന്നിയലിനബുധവാരത്തിൽ" ആണെന്നുള്ളതു പ്രസിദ്ധമാണല്ലോ.

തദനന്തരം ശക്തൻതിരുമനസ്സിലെ പ്രധാന ശ്രമം കണ്ടുകൃഷിവസ്തുക്കളുണ്ടാക്കാനായിട്ടായിരുന്നു. തിരുമനസ്സുകൊണ്ടു കാരോ സ്ഥലങ്ങളിലെഴുന്നള്ളി "ഇന്നിടംമുതൽ ഇന്നിടംവരെ നമ്മുടെ തനതുവസ്തുക്കളാണു്" എന്നു് അരുളിച്ചെയ്കയും അവിടുന്നുകൂടി എഴുന്നള്ളിനിന്നു കന്നുപൂട്ടിക്കുകയും (ഉഴവു നടത്തിക്കുകയും) ചെയ്താൽപ്പിന്നെ ആ വസ്തുക്കൾ ആരുടെ വകയായിരുന്നാലും തിരുമനസ്സിലെ വകയായി. അവയിൽ പിന്നെ ആക്ഷേപം പ്രവേശിക്കാൻ പാടില്ല. ഇങ്ങിനെയാണു് ശക്തൻതിരുമനസ്സുകൊണ്ടു കണ്ടുകൃഷിവസ്തുക്കളുണ്ടാക്കിയതു്. ചില പാവപ്പെട്ട വസ്തുവുടമസ്ഥന്മാർക്കു കരേറ്റു വില കല്പിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങിനെ തിരുമനസ്സുകൊണ്ടു മുന്നൂറംപത്തഞ്ചു കണ്ടുകൃഷിസ്ഥലങ്ങളും അവിടങ്ങളിലൊക്കെ കാരോ കളങ്ങളും തോപ്പുകളും ഉണ്ടാക്കിച്ചു.

കരിക്കൽ തിരുമനസ്സിലെ സേവനായ കരാമ തിരുമനസ്സിലെ അടുക്കൽ "ഇവിടെ സർക്കാരിലേയ്ക്കു ധാരാളം മുതലെടുപ്പുണ്ടല്ലോ. പിന്നെ ഈ കണ്ടുകൃഷിക്കൂടി ഉണ്ടാക്കുന്നതെന്തിനാണു്?" എന്നു ചോദിച്ചതിനു മറുപടിയായി തിരുമനസ്സുകൊണ്ടു്, "നമ്മുടെ അനന്തരവന്മാരൊക്കെ കേവലം ഭോഷന്മാരും കായ്മശേഷിയില്ലാത്തവരുമാകയാൽ അവരുടെ കാലത്തു് ഈ രാജ്യം അന്യാധീനപ്പെട്ടു പോയേയ്ക്കാനെളുപ്പമുണ്ടു്. അങ്ങിനെ വന്നാലും നമ്മുടെ കുടുംബത്തിലുള്ളവർ പട്ടിണിയായി പോകരുതെന്നു വിചാരിച്ചു് ഇങ്ങിനെ ചെയ്തതാണു്. പതി

Digitized By Kerala Sahitya Akademi

ചായി കാരോ കണ്ടുകൃഷിസ്ഥലങ്ങളിൽനിന്നു നെല്ലും തോപ്പുകളിൽനിന്നു കഠിസ്സാമാനങ്ങളും നാളികേരം മുതലായവയും കിട്ടിക്കൊണ്ടിരുന്നാൽ അവക്കു പട്ടിണി കൂടാതെ കഴിച്ചുകൂട്ടാമല്ലോ" എന്നരുളിച്ചെയ്തു. കണ്ടുകൃഷിയുണ്ടാക്കുന്നതിനു തിരുമനസ്സുകൊണ്ടു ജന്മികളായ ചില നമ്പൂതിരിമാരുടെ വസ്തുക്കൾകൂടി അപഹരിച്ചതിനാൽ അവക്കു തിരുമനസ്സിലെപ്പേരിൽ വളരെ അതൃപ്തിയുണ്ടായി. എങ്കിലും തിരുമനസ്സുകൊണ്ടു് അവരുടെ വിരോധത്തെ കട്ടം വകവെച്ചില്ല.

കരിക്കൽ തിരുമനസ്സുകൊണ്ടു് കരു ഡോലിയിൽക്കയറി തൃശ്ശിവപേരൂരിൽനിന്നു പട്ടിക്കാട്ടേയ്ക്കു പുറപ്പെട്ടു. മുക്കാട്ടെന്ന സ്ഥലത്തെത്തിയപ്പോൾ ആ ദിക്കിൽ താമസിച്ചിരുന്ന ഇരിങ്ങാലക്കുടക്കാരായ ചില നമ്പൂരിമാർ അടുത്തുചെന്നു് അസഭ്യം പറഞ്ഞു തിരുമേനിയെ അധിക്ഷേപിക്കുകയും ഡോലിയിലേയ്ക്കു ചെളി കുത്തിയെടുത്തെറിയുകയും ചെയ്കയാൽ തിരുമനസ്സുകൊണ്ടു് ഏറവും കുപിതനായി വാളുമെടുത്തുകൊണ്ടു ഡോലിയിൽനിന്നു ചാടിയിറങ്ങി നമ്പൂരിമാരുടെ നേരെ പാഞ്ഞുചെന്നു. അതുകണ്ടു് എഴുന്നള്ളത്തോടുകൂടെയുണ്ടായിരുന്ന പട്ടപ്പുറത്തു കുഞ്ഞൻതിരുമൽപ്പാടു തിരുമനസ്സിലെ അരയ്ക്കു കെട്ടിപ്പിടിച്ചുകൊണ്ടു് "പൊന്നുസ്വാമീ! ബ്രഹ്മഹത്യ ചെയ്യരുതേ" എന്നു പറഞ്ഞു. അപ്പോഴേയ്ക്കും നമ്പൂരിമാരെല്ലാം ഭയവിഹ്വലരായി കാടിയൊളിച്ചുകഴിഞ്ഞു. അപ്പോൾ തിരുമനസ്സുകൊണ്ടു്, "ആട്ടെ, കുഞ്ഞനായിപ്പോയല്ലോ. അതുകൊണ്ടു ഞാൻ ക്ഷമിക്കുന്നു" എന്നു് അരുളിച്ചെയ്തിട്ടു വീണ്ടും ഡോലിയിൽക്കയറി എഴുന്നള്ളുകയും ചെയ്തു.

അതിനുശേഷം ശക്തൻ തിരുമനസ്സുകൊണ്ടു കുറച്ചുകാലം തൃശ്ശിവപേരൂർതന്നെ എഴുന്നള്ളിത്താമസിച്ചിരുന്നു. അപ്പോയിടയ്ക്കു് അനുജൻതമ്പുരാക്കന്മാർ വടക്കുനിന്നു് കരു ജ്യോത്സ്യൻ വായ്മൊഴി ഗ്രഹിച്ചുമായി തൃപ്പൂണിത്തുറെ വരുത്തി, "ശക്തൻതിരുമനസ്സുകൊണ്ടു് ഇനി എത്ര ജീവിച്ചിരിക്കുമെന്നു ഗണിച്ചുനോക്കി സൂക്ഷ്മം പറയണം" എന്നരുളിച്ചെയ്തു. തിരുമ

Digitized By Kerala Sahitya Akademi

നസ്സിലെ ജനനസമയം മുതലായതും പറഞ്ഞുകൊടുത്തു. വാ
യ്പൂർ ഗണിച്ചുനോക്കി തീച്ചപ്പെടുത്തി, ഇന്നായാണ്ട്, ഇന്ന മാ
സം ഇത്രാംതീയതി, ഇന്നസമയം, ചരമഗതിയെ പ്രാപിക്കു
മെന്നു് എഴുതിക്കൊടുത്തു. തമ്പുരാക്കന്മാർ സന്തോഷിച്ചു വാ
യ്പുക്ക് പല സമ്മാനങ്ങളും മറും കൊടുത്തു് അയയ്ക്കുകയും ചെ
യ്തു. ഈ വർത്തമാനം ശകുതൻ തിരുമനസ്സുകൊണ്ടു്, ചാരമുഖേ
ന അറിയുകയും ആ വായ്പൂർ തുഞ്ചിവപേത്രൂർക്കൂടി വടക്കോട്ടു ക
ടന്നുപോകാനായി ചെന്ന സമയം ഭടന്മാരെക്കൊണ്ടു് അയാ
ളെ പിടിപ്പിച്ചു തിരുമുമ്പാകെ വരുത്തുകയും "നീ തുപ്പുണി
ത്തുതൊപ്പോയി, ഞാൻ മരിക്കുന്നതു് ഇന്നദിവസമാണെന്നു തീ
ച്ചപ്പെടുത്തി എഴുതിക്കൊടുത്തുവോ?" എന്നു കല്പിച്ചു ചോദി
ക്കുകയും ചെയ്തു. വായ്പൂർ പേടിച്ചു വിറച്ചുകൊണ്ടു "ഗണിച്ചിട്ടു
കണ്ടപ്രകാരം അടിയൻ കുറിച്ചുകൊടുത്തു" എന്നുണർത്തിച്ചു.
അപ്പോൾ തിരുമനസ്സുകൊണ്ടു "നീ നിശ്ചയിച്ചതു ശരിയാകു
മെന്നു തോന്നുന്നില്ല. എന്നാൽ നീ ഇന്നു് അസ്തമിക്കുന്നതിനു
മുമ്പു മരിക്കുമെന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നു. അതിനു വ്യ
ത്യാസം വരികയുമില്ല" എന്നു് അരുളിച്ചെയ്തിട്ടു വലിയ കപ്പി
ത്താനെ തിരുമുമ്പാകെ വരുത്തി വായ്പൂരെ ചൂണ്ടിക്കാണിച്ചു
കൊണ്ടു് "ഇവന്റെ കഥ ഇന്നു് അസ്തമിക്കുന്നതിനുമുമ്പു കഴി
ച്ചേയ്ക്കുണം. ഇവനെ നാലുപേർക്കൂടി പിടിച്ചുകെട്ടി അടിക്ക
ട്ടെ" എന്നു കല്പിച്ചു. ഉടനെ നാലു രാജഭടന്മാർ വന്നു വായ്പൂ
രെ പിടിച്ചുകെട്ടി കൊണ്ടുപോയി വളരെ അടിക്കുകയും അ
സ്തമിക്കുന്നതിനുമുമ്പു അയാളുടെ കഥ കഴിക്കുകയും ചെയ്തു.

അതിന്റെ ശേഷം തിരുമനസ്സുകൊണ്ടു വടക്കാഞ്ചേരി
കോവിലകത്തെഴുന്നള്ളി, ഏതാനും ദിവസം അവിടെത്താമ
സിച്ചു. ആക്കാലത്തു് ഒരു ദിവസം ആവണപ്പുറത്തു നമ്പൂരി
തിരുമുമ്പാകെച്ചെന്നു് ഒരു ദിവസം തിരുമനസ്സിലേയ്ക്കു് ഒരു
വിരുന്നമൃതേത്തു നടത്തിയാൽക്കൊള്ളാമെന്നു് ആഗ്രഹമുള്ള
തിനാൽ ഒരു ദിവസം ഇല്ലത്തെയ്ക്കെഴുന്നള്ളിയാൽക്കൊള്ളാമെ
ന്നു തിരുമനസ്സറിയിച്ചു. തിരുമനസ്സു് അതു കല്പിച്ചനുവദിക്കു

Digitized By Kerala Sahitya Akademi

കയും ദിവസം നിശ്ചയിച്ചു പറഞ്ഞയയ്ക്കുകയുംചെയ്തു. നമ്പൂരി പോയി വിരുന്നമൃതേത്തിനു വേണ്ടുന്നതെല്ലാം വട്ടംകൂട്ടി. അദ്ദേഹം വലിയ ധനവാനായിരുന്നതിനാൽ വട്ടംകൂട്ടെല്ലാം ഏറവും കേമമായിട്ടായിരുന്നു. തിരുമനസ്സുകൊണ്ടു നിശ്ചിതദിവസം പട്ടാളക്കാർ മുതലായ പരിവാരങ്ങളോടുകൂടി നമ്പൂരിയുടെ ഇല്ലത്തെഴുന്നള്ളി. അപ്പോൾ നമ്പൂരി വെള്ളയും കരിമ്പടവും വിരിച്ചു നിറപറയും വിളക്കുംവെച്ചു് എല്ലാം തയ്യാറാക്കിയിരുന്നു. തിരുമനസ്സുകൊണ്ടു് അകത്തെഴുന്നള്ളി അവിടെ വിരിച്ചു തയ്യാറാക്കിയിരുന്ന കട്ടിലിൽ സപ്പല്പസമയം ത്തുഴുന്നള്ളിയിരുന്നു വിശ്രമിക്കുകയും അവിടെയുള്ള നമ്പൂരിമാരോടും മറും കുശലപ്രശ്നം ചെയ്കയും ചെയ്തതിൻറെശേഷം നീരാട്ടുകളി, അമൃതത്തു മുതലായവയും കഴിച്ചു. അമൃതേത്തു മുതൽ പട്ടാളക്കാർ മുതലായവരുടെ ഭക്ഷണംവരെയുള്ള സദ്യയുടെ വട്ടങ്ങളും മറും കെങ്കേമമായിരുന്നു. കുതിരകൾക്കൊക്കെ തിന്നുന്നതിനു നെൽക്കുതിര കൊയ്തിച്ചു വരുത്തിയാണു് കൊടുത്തതു്. നിറപറ വെച്ചിരുന്നതു പറകളിൽ പീരരായൻ പണമിട്ടു നിറച്ചായിരുന്നു. ഇവ ആകപ്പാടെ കണ്ടിട്ടു തിരുമനസ്സിലേയ്ക്കു് ഒട്ടും രസിച്ചില്ല. ഇരുയൊന്നും ആവശ്യമില്ലായിരുന്നുവെന്നും നമ്പൂരിയുടെ ധനത്തിൻറെ തിളപ്പു കൊച്ചധികമാണെന്നും തിരുമനസ്സിൽ തോന്നി. എങ്കിലും അതിനെക്കുറിച്ചു് ഒന്നും അരുച്ചെയ്തില്ല. അന്നു് അവിടെ എഴുന്നള്ളിത്താമസിക്കുകയും അവിടെ എല്ലാവക്കും സമ്മാനങ്ങൾ കല്പിച്ചുകൊടുക്കുകയും ചെയ്തിട്ടു പിറേറദിവസം രാവിലെ എഴുന്നള്ളത്തു പുറപ്പെടാനായി ഭാവിച്ചപ്പോൾ നമ്പൂരി തിരുമുമ്പാകെച്ചെന്നു "നാലുദിവസംകൂടി ഇവിടെ എഴുന്നള്ളിത്താമസിച്ചാൽക്കൊള്ളാമെന്നാഗ്രഹമുണ്ടു്" എന്നു തിരുമനസ്സുറിയിക്കുകയും "അതിനിപ്പോൾ സൌകര്യമില്ല" എന്നരുളിച്ചെയ്തിട്ടു് അപ്പോൾത്തന്നെ എഴുന്നള്ളുകയും ചെയ്തു. അടുത്ത ദിവസംതന്നെ നമ്പൂരിയുടെ മിക്ക വസ്തുക്കളും കല്പനപ്രകാരം കണ്ടുകെട്ടി സക്കാരിൽ ചേർക്കുകയും നമ്പൂരിയുടെ മുഷ്കു് അതോടുകൂടി ശമിക്കുകയുംചെയ്തു.

Digitized By Kerala Sahitya Akademi

പിന്നെ തിരുമനസ്സുകൊണ്ടു വടക്കാഞ്ചേരിയിൽനിന്നു വടക്കൻദിക്കുകളിലുള്ള പല സ്ഥലങ്ങളിൽ സഞ്ചരിച്ചതിന്റെശേഷം തൃശ്ശിവപേരൂർക്കു അവിടെനിന്നു് എറണാകുളത്തെത്തും എഴുന്നള്ളി. എറണാകുളത്തു് എഴുന്നള്ളിത്താമസിച്ചിരുന്നപ്പോൾ ഒരു ദിവസം അമ്പലത്തിലെഴുന്നള്ളിയ സമയം താടിയും തലയും വളർത്തിയ ഒരു മൂത്തതിനെ അവിടെക്കണ്ടിട്ടു് "എന്താ, മൂത്തതിനു് അമ്മയുടെ ദീക്ഷയാണോ?" എന്നു കല്പിച്ചു ചോദിച്ചു. അപ്പോൾ മൂത്തതു് "അതല്ല, ഗർഭദീക്ഷയാണു്" എന്നു തിരുമനസ്സറിയിച്ചു. അതു കേട്ടു തിരുമനസ്സുകൊണ്ടു "ബ്രാഹ്മണരെപ്പോലെ നിങ്ങൾക്കും ഗർഭദീക്ഷ പതിവുണ്ടോ?" എന്നു കല്പിച്ചു ചോദിച്ചതിനു മറുപടിയായി മൂത്തതു "ബ്രാഹ്മണാചാരങ്ങളിൽ പകുതി ഞങ്ങൾക്കുമുണ്ടു്" എന്നു തിരുമനസ്സറിയിച്ചു. തിരുമനസ്സുകൊണ്ടു ക്ഷേത്രത്തിൽനിന്നു കോവിലകത്തുണ്ടു് എഴുന്നള്ളിയ ഉടനെ മൂത്തതിനെ പിടിച്ചുകൊണ്ടുരുവാൻ കല്പിക്കുകയും രാജഭടന്മാർ പോയി മൂത്തതിനെപ്പിടിച്ചു തിരുമുമ്പാകെ കൊണ്ടുചെല്ലുകയും ചെയ്തു. കല്പനപ്രകാരം ഒരു ക്ഷൗരക്കാരനേയും അവിടെ വരുത്തി. "മൂത്തതിനു ബ്രാഹ്മണാചാരങ്ങളിൽ പകുതിയുണ്ടെന്നല്ലേ പറഞ്ഞതു്? അങ്ങിനെയാണെങ്കിൽ താടിയും തലയും മുഴുവൻ വളർത്താനാവശ്യമില്ല. അതിനാൽ ആപാദമസ്തകം ദേഹത്തിൽ പകുതിഭാഗം ക്ഷൗരം ചെയ്യട്ടെ" എന്നരുളിച്ചെയ്കയും അപ്രകാരം ചെയ്യിച്ചു മൂത്തതിനെ വിട്ടയയ്ക്കുകയും ചെയ്തു.

അതിനുശേഷം തിരുമനസ്സുകൊണ്ടു് എറണാകുളത്തും തൃപ്പൂണിത്തുറയും മാറിമാറി എഴുന്നള്ളിത്താമസിച്ചിരുന്നു: അക്കാലത്തു തിരുമനസ്സുകൊണ്ടു രാജ്യത്തു് അക്രമങ്ങൾ വല്ലതും നടക്കുന്നുണ്ടോ എന്നും തന്നെക്കുറിച്ചു ജനങ്ങൾ എന്തു പറയുന്നു എന്നും അറിയുന്നതിനായി രാത്രികാലങ്ങളിൽ ഗൂഢമായി പല സ്ഥലങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ തിരുമനസ്സിലെക്കൂടെ രണ്ടോ മൂന്നോ ഭൃത്യന്മാരുമുണ്ടായിരി

Digitized By Kerala Sahitya Akademi

ക്കും മിക്കപ്പോഴും അവിടുന്നു് ഏകാകിയായിട്ടുതന്നെയാണു് സഞ്ചരിക്കുക പതിവു്. എങ്ങിനെയായാലും തൃക്കയ്യിൽ ഒരു വാളില്ലാതെയിരിക്കാറില്ല.

ഒരു ദിവസം രാത്രിയിൽ തിരുമനസ്സുകൊണ്ടു് ഏകാകിയായി 'എളംകുളം' എന്ന സ്ഥലത്തു ചെന്നപ്പോൾ ഒരു മാപ്പിള കൂടക്കുടെ പിന്നാക്കം തിരിഞ്ഞുനോക്കിക്കൊണ്ടു ഗ്രഡമായിട്ടു പോകുന്നതു കണ്ടു. "ഇവൻ വല്ല സ്ഥലത്തും കയറി മോഷണം നടത്താനോ മറേറാ പോവുകയായിരിക്കണം. അങ്ങിനെയാണെങ്കിൽ അതു കണ്ടുപിടിക്കണം" എന്നു വിചാരിച്ചു തിരുമനസ്സുകൊണ്ടും ഗ്രഡമായിത്തന്നെ അവന്റെ പിന്നാലെ കൂടി. ആ മാപ്പിള ചെന്നു കയറിയതു് ഒരു നമ്പൂരിയുടെ ഇല്ലത്തായിരുന്നു. അവൻ ഇല്ലത്തിന്റെ മുറത്തു ചെന്നപ്പോൾ അകത്തുനിന്നു് ഒരു വൃഷലി ഇറങ്ങി അവന്റെ അടുക്കൽച്ചെന്നു് "എല്ലാം ചട്ടം കെട്ടീട്ടുണ്ടു്. അകത്തേയ്ക്കു കടക്കാം" എന്നു പറഞ്ഞു് അവനെ നാലുകെട്ടിനകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി ഒരു മുറിക്കകത്താക്കീട്ടു്, "ആ കട്ടിലിൽക്കയറിക്കിടന്നോളൂ. കുഞ്ഞാത്തോലു ഇപ്പോൾ ഇങ്ങോട്ടയച്ചേയ്ക്കാം" എന്നു പറഞ്ഞു പുറത്തേയ്ക്കു പോയി. മാപ്പിള അകത്തേയ്ക്കു കടന്നതിനോടുകൂടി ശകുതൻതമ്പുരാൻ തിരുമനസ്സുകൊണ്ടും നാലുകെട്ടിനകത്തു കടന്നു വാളൂരിപ്പിടിച്ചുകൊണ്ടു് ഒരു കോണിൽ കളിച്ചിരുന്നു. അപ്പോൾ അവിടുത്തെ അന്തർജ്ജനം അത്താഴം കഴിഞ്ഞു് ഒരു കോൽവിളക്കുമായി നാലുകെട്ടിലേയ്ക്കു വന്നു. അപ്പോൾ വൃഷലി "നേരം പതിവിൽ വളരെയധികമായല്ലോ. ഇന്നു പള്ളിക്കുറുപ്പിനു് ഇത്ര അമാന്തമെന്താണു്" എന്നു ചോദിച്ചു. അതിനു മറുപടിയായി അന്തർജ്ജനം "നമ്പൂരി ഇവിടെയില്ലല്ലോ എന്നു വിചാരിച്ചിട്ടാണു്" എന്നു പറഞ്ഞു. ഉടനെ ദാസി "ആട്ടെ, ഇനിയെങ്കിലും വേഗമാകട്ടെ, അടിയനു നിലം പൊത്താൻ വൈകി" എന്നു പറഞ്ഞപ്പോൾ അന്തർജ്ജനം "എനിക്കിനി കിടക്കാൻ താമസമൊന്നുമില്ല" എന്നു പറഞ്ഞുകൊണ്ടു ശയനഗൃഹത്തിനകത്തേയ്ക്കു ക

Digitized By Kerala Sahitya Akademi

ടക്കാനായി ഭാവിച്ചപ്പോൾ കട്ടിലിൽ മാപ്പിള ഇരിക്കുന്നതു കണ്ടു ഭയപ്പെട്ടു് "അയ്യോ! ഇതാരാണു്? ഈശ്വരാ! ശകുതൻരാജാവിന്റെ ശകുതി ഇവിടെ കിൽ ഫലിക്കയില്ലായിരിക്കുമോ" എന്നു പറഞ്ഞുകൊണ്ടു പിന്നാക്കം മാറിയപ്പോൾ മാപ്പിള കട്ടിലിൽനിന്നെണീറ്റു് അനന്തജ്ഞനെക്കടന്നുപിടിക്കാനായി അടുത്തു. അവൻ അനന്തജ്ഞനെ തൊട്ടു, തൊട്ടില്ല എന്നായപ്പോൾ ശകുതൻ തിരുമനസ്സുകൊണ്ടു മാപ്പിളയെ പിടിക്കുടി. അവനെ തിരുമനസ്സുകൊണ്ടു പിടിച്ചുവലിച്ചു മുറത്തു കൊണ്ടുപോയി വാൾകൊണ്ടു ചക്ക കൊത്തുന്നതുപോലെ കൊത്തിയരിഞ്ഞിട്ടു. പിന്നെ ദാസിയെ വിളിച്ചു "നമ്പൂരി എവിടെയാണു് പോയിരിക്കുന്നതെ"ന്നു കല്പിച്ചു ചോദിക്കുകയും "തുപ്പൂണിത്തുറയ്ക്കാണു്" എന്നു് അവൾ ഉണത്തിക്കുകയും ചെയ്തു. ഉടനെ തിരുമനസ്സുകൊണ്ടു "നീ ചെയ്ത ദുഷ്കൃത്യം വിചാരിക്കുമ്പോൾ നിന്നേയും കൊല്ലേണ്ടതാണു്. എങ്കിലും നീയൊരു സ്ത്രീയായിപ്പോയല്ലോ. അതിനാൽ ഞാൻ കൊല്ലുന്നില്ല. എങ്കിലും നിന്നെ വെറുതെ വിട്ടയയ്ക്കുന്നുമില്ല"എന്നു് അരുളിച്ചെയ്തിട്ടു് അവളുടെ കൈകൾ രണ്ടും മുറിച്ചുകളഞ്ഞു. പിന്നെ തിരുമനസ്സുകൊണ്ടു സമീപസ്ഥന്മാരായ ചില നായന്മാരേയും അവരുടെ സ്ത്രീകളേയും അവിടെ വിളിച്ചുവരുത്തി, "നമ്പൂരി ഇവിടെ വരുന്നതുവരെ നിങ്ങളെല്ലാവരും ഇവിടെ കാത്തുസൂക്ഷിച്ചുനിന്നുകൊള്ളണം" എന്നരുളിച്ചെയ്തിട്ടു് അപ്പോൾത്തന്നെ തുപ്പൂണിത്തുറയ്ക്കു് എഴുന്നള്ളുകയും ചെയ്തു.

പിറ്റേദിവസം രാവിലെ നമ്പൂരിയെ തിരുമുമ്പാകെ വരുത്തി, "ഇന്നലെ രാത്രിയിൽ നമ്പൂരിയുടെയില്ലത്തു ചില നേരമ്പോക്കുകളൊക്കെയുണ്ടായി. എങ്കിലും തരക്കേടൊന്നും പറ്റിയില്ല. എതായാലും നമ്പൂരി വേഗത്തിൽ ഇല്ലത്തേയ്ക്കു ചെല്ലേണ്ടതാവശ്യമാണു്" എന്നരുളിച്ചെയ്തു. കുറച്ചു പണവും കൊടുത്തു നമ്പൂരിയെ വേഗത്തിലയച്ചു. പിന്നെ കുറച്ചു കാലം തിരുമനസ്സുകൊണ്ടു തുപ്പൂണിത്തുറതന്നെ എഴുന്നള്ളിത്താമസിച്ചു.

Digitized By Kerala Sahitya Akademi

അനന്തരം തിരുമനസ്സുകൊണ്ടു ചൊവ്വരയ്ക്കെഴുന്നള്ളി. തിരുമനസ്സിലേയ്ക്കു നായാട്ടിൽ വളരെ ഭ്രമമുണ്ടായിരുന്നതുകൊണ്ടു കുറച്ചു ദിവസം അവിടെത്തന്നെ എഴുന്നള്ളിത്താമസിച്ചു. അങ്ങിനെ താമസിച്ചിരുന്ന കാലത്തു തിരുമനസ്സുകൊണ്ടു് ഒരു ദിവസം ഒരു പീലിക്കുന്തവും ധരിച്ചുകൊണ്ടു നായാട്ടിനെഴുന്നള്ളി. ഒരു മലയിൽച്ചെന്നപ്പോൾ ഒരു പന്നിയെക്കാണുകയാൽ അതിനെക്കൊല്ലുന്നതിന്നായി തിരുമനസ്സുകൊണ്ടു കുന്തവുമായി പാഞ്ഞടുത്തു. പന്നി ഭയപ്പെട്ടു് ഓടിത്തുടങ്ങി. തിരുമനസ്സുകൊണ്ടു് അതിനെ പിന്തുടർന്നു. അങ്ങിനെ ചെന്നപ്പോൾ 'ചെനിക്കാട്ട്' എന്നില്ലപ്പേരായ ഒരു നമ്പൂരി ആ വഴിയെ വരുന്നതു കണ്ടിട്ടു്, "നമ്പൂരീ! പിടിച്ചോളൂ, പിടിച്ചോളൂ പിട്ടുകളയരുതു്" എന്നു് ഉറക്കെ വിളിച്ചുപറഞ്ഞു. നമ്പൂരി അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന കട മലത്തിയിട്ടു പന്നിയെ പൊത്തിപ്പിടിക്കുകയും തിരുമനസ്സുകൊണ്ടു് ഓടിച്ചെത്തി പന്നിയെ കുത്തിക്കൊല്ലുകയും ചെയ്തു. അതിന്റെശേഷം തിരുമനസ്സുകൊണ്ടു നമ്പൂരിയോടു്, "നമ്പൂരി എവിടെപ്പോകാനായിട്ടാണു് പുറപ്പെട്ടിരിക്കുന്നതു്?" എന്നു കല്പിച്ചു ചോദിച്ചു.

നമ്പൂരി—ഇല്ലത്തു വളരെ ദാരിദ്ര്യമാണു്. ഇന്നത്തെ ഉപജീവനത്തിനുതന്നെ അവിടെ യാതൊന്നുമില്ല. അതിനാൽ വല്ലവരോടും യാചിച്ചു കുറച്ചു നെല്ലു വാങ്ങി കൊണ്ടുപോകണമെന്നു വിചാരിച്ചു പുറപ്പെട്ടിരിക്കുകയാണു്.

തിരുമനസ്സുകൊണ്ടു്—ആട്ടെ, നമ്പൂരി ഇപ്പോൾ ഇല്ലത്തേയ്ക്കുതന്നെ മടങ്ങിപ്പോയ്ക്കോളൂ. ഇന്നത്തെ ചെലവിനു വേണ്ടുന്ന നെല്ലു് അവിടെ എത്തിച്ചുകൊള്ളാം.

ഇതു കേട്ട നമ്പൂരി അദ്ദേഹത്തിന്റെ ഇല്ലത്തേയ്ക്കു മടങ്ങിപ്പോയി. തിരുമനസ്സുകൊണ്ടു് ഉടനെ ചൊവ്വര കോവിലകത്തു് എഴുന്നള്ളുകയും കണ്ടു കൃഷിവകയിൽനിന്നു നാല്പതു പറ നെല്ലു് ഉടനെ നമ്പൂരിയുടെ ഇല്ലത്തു് എത്തിച്ചുകൊടുക്കുന്ന

Digitized By Kerala Sahitya Akademi

തിനു കല്പിക്കുകയും അപ്രകാരം എത്തിച്ചുകൊടുക്കുകയും ചെയ്തു.

തിരുമനസ്സുകൊണ്ടു പിന്നെയും കുറച്ചുകാലംകൂടി ചൊവ്വരത്തന്നെ എഴുന്നള്ളിത്താമസിച്ചു. അക്കാലത്തു തൃശ്ശിവപേരൂർ ബ്രഹ്മസ്വമഠം അഗ്നിബാധയാൽ നശിച്ചുപോയിരിക്കുന്നു എന്നും തന്നിമിത്തം വേദാദ്ധ്യയനം നടത്താൻ സ്ഥലമില്ലാതെ വന്നിരിക്കുന്നു എന്നും വാദ്ധ്യാൻ നമ്പൂരി ശകുനം തിരുമനസ്സിലെ അടുക്കൽ അറിയിച്ചു. അതിനു തിരുമനസ്സുകൊണ്ടു്, "ചൊവ്വരെവച്ചു ത്രിസന്ധ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിലേയ്ക്കു വാദ്ധ്യാൻ നമ്പൂരിയും മറുള്ള ബ്രാഹ്മണോത്തമന്മാരെല്ലാവരും ഉടനെ ചൊവ്വരെ ചെന്നു ചേരണ"മെന്നുമാണു് മറുപടി അയച്ചതു്. അപ്രകാരം വാദ്ധ്യാൻനമ്പൂരി മുതലായവരെല്ലാം ചൊവ്വരെ ചെന്നുചേരുകയും ഉടനെ ത്രിസന്ധ തുടങ്ങുകയും ചെയ്തു. ത്രിസന്ധയ്ക്കു ബ്രാഹ്മണർ പതിവിലധികമുണ്ടായിരുന്നുവെങ്കിലും രണ്ടു നേരവുമുള്ള സദ്യയുടെ കേമത്തവും പതിവിൽ വളരെ അധികമായിരുന്നു.

ത്രിസന്ധ നടന്നുകൊണ്ടിരുന്ന കാലത്തു് ഒരു ദിവസം തിരുമനസ്സുകൊണ്ടു വലിയ കപ്പിത്താനെ തിരുമുമ്പാകെ വരുത്തി, "ഇവിടെ പതിവായി വേദഘോഷവും മറ്റും നടന്നുകൊണ്ടിരിക്കുന്ന സ്ഥിതിക്കു് ഈ ക്ഷേത്രത്തിനുസമീപം ഒരു പള്ളിയിരിക്കുന്നതു ഭംഗിയല്ല. അതിനാൽ അതു് ഉടനെ പൊളിപ്പിച്ചു പുഴയിൽ തള്ളിക്കളയണം" എന്നു കല്പിച്ചു. കല്പന കേട്ട ക്ഷണത്തിൽ കപ്പിത്താൻ സൈന്യസമേതം ചെന്നു പള്ളി പൊളിക്കാനാരംഭിച്ചു. ഉടനെ പള്ളിയുടെ ഉടമസ്ഥന്മാരും കൈസ്ഥാനക്കാരും മറ്റുംകൂടി ഒരു പെട്ടി നിറച്ചു് ഉറുപ്പികയുംകൊണ്ടു തിരുമുമ്പാകെ ചെന്നു പെട്ടി തിരുമുൽക്കാഴ്ചവച്ചു വന്ദിച്ചുകൊണ്ടു്, "അടിയങ്ങളെ കല്പിച്ചു രക്ഷിക്കണം. അടിയങ്ങളുടെ പള്ളി വളരെ പുരാതനമായിട്ടുള്ളതാണു്. . അതു പൊളിച്ചുകളയുന്നതു് അടിയങ്ങൾക്കു വളരെ സങ്കടമായിട്ടുള്ളതാണു്. അതിനാൽ അതു പൊളിക്കാതെയി

Digitized By Kerala Sahitya Akademi

രിക്കുവാൻ കല്പനയുണ്ടാകണം" എന്നു തിരുമനസ്സറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു വലിയ കപ്പിത്താനെ തിരിയെ തിരുമുമ്പാകെ വരുത്തി "ഇവരുടെ ആ പള്ളി വളരെ പുരാതനമായിട്ടുള്ളതാണെന്നും അതു പൊളിപ്പിച്ചുകളയുന്നതു് അവക്കു സങ്കടമാണെന്നും പറയുന്നുവല്ലോ. അതിനാൽ ആ പള്ളി ഇപ്പോൾ പൊളിപ്പിക്കണമെന്നില്ല" എന്നു കല്പിക്കുകയും കപ്പിത്താൻ സൈന്യങ്ങളേയും മറ്റും തിരിയെ വിളിച്ചുകൊണ്ടു പോവുകയും ചെയ്തു.

"ത്രിസന്ധ കഴിയുമ്പോഴേയ്ക്കും സക്കാർ ചെലവിന്മേൽ തൃശ്ശിവപേരൂർ ബ്രഹ്മസ്വംമഠം പണി തീർന്നിരിക്കണം" എന്നു കല്പന കൊടുത്തിരുന്നതിനാൽ അപ്രകാരം മഠത്തിന്റെ പണി തീർന്നിരുന്നു. ത്രിസന്ധ വളരെ ഭംഗിയായിട്ടു കഴിഞ്ഞുകൂടിയതിനാൽ തിരുമനസ്സുകൊണ്ടു സന്തോഷിച്ചു വാദ്ധ്യാൻ നമ്പൂരിക്കും മറ്റും യഥായോഗ്യം സമ്മാനങ്ങൾ കല്പിച്ചുകൊടുത്തു സന്തോഷിപ്പിച്ചു് അവരെ എല്ലാവരേയും തൃശ്ശിവപേരൂക്കയയ്ക്കുകയും പിന്നെ അധികം താമസിയാതെ തിരുമനസ്സുകൊണ്ടു തൃപ്പണിത്തുറയ്ക്കെഴുന്നള്ളുകയും ചെയ്തു.

തിരുമനസ്സുകൊണ്ടു തൃപ്പണിത്തുറെ എഴുന്നള്ളിത്താമസിച്ചിരുന്ന ആ കാലത്തു് അന്നു തിരുവിതാംകൂർ നാടുവാണിരുന്ന ബാലരാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു വൈക്കത്തെഴുന്നള്ളിയിരിക്കുന്നതായി അവിടേയ്ക്കു് അറിവു കിട്ടി. ബാലരാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു മഹാശുദ്ധനും നിർമ്മലഹൃദയനും പരമാർത്ഥിയും ആയിരുന്നതുകൊണ്ടു് അവിടുത്തെ വൈക്കത്തുവെച്ചു ക്ഷണിച്ചു തൃപ്പണിത്തുറെക്കൊണ്ടുവന്നു സല്ക്കരിച്ചു സന്തോഷിപ്പിച്ചു കരുപ്പുറം പന്തിരുകാതവും ആലങ്ങാട്ടം പറവൂരും ഉപായത്തിൽ പിണ്ടെടുക്കാമെന്നു വിചാരിച്ചു ശക്തൻ തിരുമനസ്സുകൊണ്ടു മഹാരാജാവു തിരുമനസ്സിലെ ക്ഷണിക്കുന്നതിനായി ഇളയതമ്പുരാനേയും പാലിയത്തു വലിയച്ചനേയുംകൂടി വൈക്കത്തേയ്ക്കയച്ചു. ഇളയതമ്പുരാനും പാലിയത്തച്ചനുംകൂടി വൈക്കത്തെത്തി മഹാരാജാവു

Digitized By Kerala Sahitya Akademi

തിരുമനസ്സിലെക്കണ്ടു ക്ഷണിച്ചിട്ട് "ഇപ്പോൾ അതിനു സൌകര്യമില്ലാത്തതിനാൽ ഇനിയൊരവസരത്തിലാവാം" എന്നു കല്പിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ട് അവരെ മടക്കിയയച്ചു. മഹാരാജാവു തിരുമനസ്സിലെ എഴുന്നള്ളത്തോടുകൂടി ചേലുത്തമ്പിദളവയുമുണ്ടായിരുന്നു. ചേലുത്തമ്പിയും പാലിയത്തച്ചനും തമ്മിൽ ഏറ്റവും സ്നേഹവും വിശ്വാസവുമുണ്ടായിരുന്നു. ചേലുത്തമ്പി പാലിയത്തച്ചനോടു ചോദിച്ചു ശകുനം തിരുമനസ്സിലെ അന്തർഗ്ഗതം മനസ്സിലാക്കുകയും അതു മഹാരാജാവു തിരുമനസ്സിലെ അറിയിക്കുകയും തൽക്കാലം തൃപ്പൂണിത്തുറയ്ക്കു് എഴുന്നള്ളരുതെന്നു പറഞ്ഞു വിരോധിക്കുകയും ചെയ്തതിനാലാണു് മഹാരാജാവു തിരുമനസ്സുകൊണ്ടു ക്ഷണം സ്വീകരിക്കാതേയും തൃപ്പൂണിത്തുറയ്ക്കു് എഴുന്നള്ളാതേയുമിരുന്നതു്. മഹാരാജാവു തിരുമനസ്സുകൊണ്ടു് എഴുന്നള്ളാതെയിരിക്കയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ശകുനൻ തിരുമനസ്സുകൊണ്ടു വിരുന്നുസല്ക്കാരത്തിനു വളരെ കേമമായി വട്ടം കൂട്ടുകയും ഇന്ന സമയം എഴുന്നള്ളത്തു തൃപ്പൂണിത്തുറ എത്തുമെന്നു നിശ്ചയിച്ചു് ആ സമയത്തു മഹാരാജാവു തിരുമനസ്സിലെ എതിരേല്ക്കാനായി പരിവാരസമേതം പടിഞ്ഞാറെ കോട്ടവാതിൽക്കൽ കാത്തുനില്ക്കുകയും ചെയ്തു. ആ സമയത്തു് ഇളയതമ്പുരാൻ തിരുമനസ്സിലെ ബോട്ടു കടവിൽ വന്നടുത്തു. ബോട്ടിൽ മഹാരാജാവു തിരുമനസ്സിലെ കാണായ്കയാൽ ശകുനൻ തിരുമനസ്സുകൊണ്ടു വലിയ ഇച്ഛാഭംഗത്തോടുകൂടി "എന്താ, കലശഖരപ്പെരുമാൾ കബളിപ്പിച്ചു അല്ലേ?" എന്നു കല്പിച്ചു ചോദിച്ചു. അപ്പോൾ ഇളയതമ്പുരാൻ "അദ്ദേഹത്തിനു് ഇപ്പോൾ ഇങ്ങോട്ടു വരാൻ സൌകര്യമില്ലെന്നും ഇനിയൊരിക്കലാകാമെന്നുമാണു് പറഞ്ഞതു്" എന്നു തിരുമനസ്സറിയിച്ചു. ഉടനെ ശകുനൻ തിരുമനസ്സുകൊണ്ടു് "ഇതെല്ലാം ആ വേലുത്തമ്പിയുടെ കൌശലമാണു്. ആട്ടെ, അവൻ നോക്കിക്കോട്ടെ" എന്നു് അരുളിച്ചെയ്തിട്ടു തൃപ്പൂണിത്തുറയപ്പന്റെ നടയ്ക്കലെഴുന്നള്ളിനിന്നുകൊണ്ടു് "എന്റെ പുണ്ണ്യത്രയീശ! നാല്പ

Digitized By Kerala Sahitya Akademi

തു ദിവസത്തിനകം ആ ചേലുത്തമ്പി എന്റെ കാൽക്കൽ വന്നുവീഴാൻ സംഗതിയാക്കിത്തരണേ" എന്നു പ്രാർത്ഥിക്കുകയും അപ്പോൾത്തന്നെ കളിക്കോട്ടയിലെയ്ക്കു പുറപ്പെടുകയും ചെയ്തു.

കളിക്കോട്ടയിലെഴുന്നള്ളിയിരുന്നുകൊണ്ടു പാലിയത്തച്ചനെ തിരുമുൻപാകെ വരുത്തി, ചൈക്കത്തു ചോയിട്ടുണ്ടായ സംഗതികളെപ്പറ്റി കല്പിച്ചു ചോദിക്കുകയും വലിയച്ചൻ എല്ലാം വിവരമായി തിരുമനസ്സറിയിക്കുകയും ചെയ്തു. തന്റെ അന്തർഗ്ഗതം ഇന്നതാണെന്നു ചേലുത്തമ്പിക്കു് അറിവു കൊടുത്തതു വലിയച്ചനാണെന്നു തിരുമനസ്സിലേയ്ക്കു് ഉഗ്രകോപമുണ്ടായിരുന്നതുകൊണ്ടും പാലിയത്തച്ചൻ തിരുമുൻപാകെ നിന്നിരുന്നതു കൈ ഭിത്തിയിന്മേൽച്ചാരി വടക്കോട്ടു നോക്കിയായിരുന്നതിനാലും തിരുമനസ്സുകൊണ്ടു രണ്ടർത്ഥമായിട്ടു "മേനോൻ ഇപ്പോഴത്തെ നില തെക്കോട്ടു ചാരിയാണെന്നു തോന്നുന്നു" എന്നരുളിച്ചെയ്തു. തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തതിലുള്ള ഗൂഢാർത്ഥം മനസ്സിലാക്കിക്കൊണ്ടു വലിയച്ചൻ "നില തെക്കോട്ടു ചാരിയാണെങ്കിലും ദൃഷ്ടി വടക്കോട്ടുതന്നെയാണു്" എന്നു മറുപടി ഉണർത്തിച്ചു. ഈ മറുപടി തിരുമനസ്സിലേയ്ക്കു് കട്ടം രസിച്ചില്ലെന്നു മാത്രമല്ലാ തിരുമനസ്സിൽ കോപാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്തു. അതിനാൽ തിരുമനസ്സുകൊണ്ടു്, "എടാ! സ്വാമിദ്രോഹി! പൊയ്ക്കോ. ഇനിമേൽ നിന്നെ എന്റെ മുൻപിൽ കാണരുതു്" എന്നു് അരുളിച്ചെയ്കയാൽ വലിയച്ചൻ പേടിച്ചു വിറച്ചു് ഉടനേ തിരുമുൻപിൽനിന്നു പോയി. പിന്നെ വലിയച്ചന്റെ താമസം മുള്ളുക്കുരെയായിരുന്നു. ശക്തൻ തിരുമനസ്സിലെ കാലം കഴിയുന്നതുവരെ വലിയച്ചൻ പിന്നെ അവിടെനിന്നു തെക്കോട്ടു് കരിക്കുലും കടന്നിട്ടില്ല.

ചേലുത്തമ്പി എഴുന്നള്ളത്തോടുകൂടി തിരുവനന്തപുരത്തെത്തിയതിന്റെ ശേഷം പട്ടാളക്കാരുടെ ശമ്പളത്തിൽ സല്ലും കുറവു ചെയ്കയും അവർക്കു് ഉപദ്രവകരങ്ങളായ ചില നിയമങ്ങൾ എഴുപ്പെടുത്തുകയും മാറും ചെയ്കയാൽ പട്ടാളക്കാർ

Digitized By Kerala Sahitya Akademi

ആകപ്പാടേ ക്ഷോഭിച്ചവശാവുകയും വേലുത്തമ്പിയെ കണ്ടാൽ വെടിവെച്ചു കൊല്ലണമെന്നു തീച്ചപ്പെടുത്തുകയും ചെയ്തു. ഈ വിവരമറിഞ്ഞു വേലുത്തമ്പി ഭയപ്പെട്ട തിരുവനന്തപുരത്തുനി ന്നു ഗൂഢമായി കളിച്ചോടി തുപ്പൂണിത്തുറെ എത്തുകയും ശകുതൻ തിരുമനസ്സിലേ കണ്ടാൽ കൊള്ളാമെന്നു് അവിടത്തെ ഇഷ്ടന്മാർ മുഖാന്തരം തിരുമനസ്സറിയിച്ചു് ആനവാടം വാങ്ങി ക്കൊണ്ടു തിരുമുൻപാകെ ചെന്നു് ഏതാനും പിൽക്കാശു തിരുമുൽക്കാഴ്ചവെച്ചു തുപ്പാടങ്ങളിൽ വീണു വന്ദിച്ചിട്ടു് "അടിയൻ എന്തെങ്കിലും അപരാധം ചെയ്തുപോയിട്ടുണ്ടെങ്കിൽ അവിടു ന്നു് അതെല്ലാം സദയം ക്ഷമിച്ചു് അടിയനു മാപ്പുതന്നു രക്ഷി ക്കണം" എന്നു് അപേക്ഷിക്കുകയും അവിടത്തെ ശരണം പ്രാ പിക്കാനുണ്ടായ കാരണം തിരുമനസ്സറിയിക്കുകയും ചെയ്തു. ഉ ടനേ ശകുതൻ തിരുമനസ്സുകൊണ്ടു്, 'ആട്ടെ, കുട്ടം ഭയപ്പെടേ ണ്ടാ, കൊച്ചിയിൽപ്പോയി താമസിച്ചോളൂ' എന്നു് അരുളി ച്ചെയ്കയും വേലുത്തമ്പിയെ കൊച്ചിക്കോവിലകത്തു ചെന്നു കയ്ച്ച താമസിപ്പിക്കുകയും ചെയ്തു.

താൻ പൂണ്ണത്രയീശന്റെ അടുക്കൽ പ്രാർത്ഥിച്ചതുപോലെ തന്നെ നാല്പതു ദിവസത്തിനകം വേലുത്തമ്പി തന്റെകാല്ക്കൽ വന്നു വീഴാൻ സംഗതിയായതിനാൽ ശകുതൻതിരുമനസ്സുകൊ ണ്ടു വളരെ സന്തോഷിക്കുകയും വേലുത്തമ്പി തിരുമുൽക്കാഴ്ച വെച്ചു വിൽക്കാശുരുക്കി കരു തലയിൽക്കെട്ടു പണിയിച്ചു പൂ ണ്ണത്രയീശനു നടയ്ക്കു വെയ്ക്കുകയും ചെയ്തു.

ശകുതൻ തിരുമനസ്സുകൊണ്ടു പിന്നെ കുറച്ചുദിവസംകൂടി തുപ്പൂണിത്തുറെ താമസിച്ചതിന്റെശേഷം തൃശ്ശിവപേരൂക്കെ ഴുന്നള്ളി. അവിടെത്താമസിച്ചിരുന്ന കാലത്തു തിരുമനസ്സി ലേയ്ക്കു കരു ശീലായ്മ ആരംഭിച്ചു. അതിനു പല ചികിത്സ കളും ചെയ്തുവെങ്കിലും അവയൊന്നും പിടിക്കാതെ ശീലാ യ്മ ക്രമേണ വർദ്ധിച്ചുതുടങ്ങി. ആ വിവരമറിഞ്ഞു് ഇളയ തമ്പു രാൻ അവിടത്തെ അനുജനോടുകൂടി തൃശ്ശിവപേരൂരെഴുന്നള്ളി. അവർ തിരുമുമ്പാകെയെഴുന്നള്ളിക്കുണ്ട സമയം ശകുതൻ തിരു

Digitized By Kerala Sahitya Akademi

മനസ്സുകൊണ്ട് "എനിക്ക് ദീനം ക്രമേണ വർദ്ധിച്ചുവരികയാണ്. ക്ഷീണവും സാമാന്യത്തിലധികമുണ്ട്. ഇനി ഇതു ഭേദമായി ഞാൻ സുഖമായിട്ടിരിക്കുമെന്നു തോന്നുന്നില്ല. അതിനാൽ നിങ്ങൾ ഇവിടെത്തന്നെ താമസിക്കണം. പൊയ്ക്കളയരുത്. എന്റെ കാലം കഴിഞ്ഞാൽ രാജ്യം മുറപോലെ രക്ഷിച്ചുകൊള്ളണം. വടക്കുന്നാഥക്ഷേത്രത്തിൽ യോഗിയാരേ അവരോധിക്കുക, ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ തച്ചുടയകയ്മളെ അവരോധിക്കുക, പാലിയത്തു മേനവനു മന്ത്രിസ്ഥാനം കൊടുക്കുക, ഇംഗ്ലീഷുകാരോടു മത്സരിച്ചു പെടിവെയ്ക്കുക ഇങ്ങനെ നാലുകൂട്ടം കാര്യം കരിക്കലും ചെയ്യരുതു്. ഇവ നാലും ചെയ്താൽ നമ്മുടെ രാജ്യം പൊയ്പോകും" എന്നു് അരുളിച്ചെയ്കയും ആ അവനജൻതമ്പുരാക്കന്മാരെ അവിടെത്തന്നെ താമസിപ്പിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രാവിലെ ശക്തൻ തിരുമനസ്സുകൊണ്ടു് അമൃതെടുത്തു കഴിച്ചുകൊണ്ടിരുന്ന സമയം ഇളയതമ്പുരാക്കന്മാർ അവിടെ എഴുന്നള്ളുകയും അവർ രണ്ടുപേരുംകൂടി, "ജ്യേഷ്ഠന്റെ അമൃതേത്തു കണ്ടിട്ടു രുചിക്ഷയം സാമാന്യത്തിലധികമുണ്ടെന്നു തോന്നുന്നുണ്ടു്. വല്ലതിനും രുചി തോന്നുന്നുണ്ടെങ്കിൽ അരുളിച്ചെയ്താൽ അത്താഴമുതേത്തിനു തക്കവണ്ണം തയാറാക്കാം" എന്നണത്തിച്ചു. അതു കേട്ടിട്ടു ശക്തൻ തിരുമനസ്സുകൊണ്ടു് "ഇവർ നമ്മുടെ കാലം കഴിഞ്ഞാൽപ്പിന്നെ രാജ്യം ഭരിക്കേണ്ടുന്നവരാണല്ലോ. ഇവരുടെ കല്പനാശക്തി എത്രമാത്രമുണ്ടെന്നു് ഒന്നു പരീക്ഷിക്കണം" എന്നു തിരുമനസ്സിൽ വിചാരിച്ചിട്ടു് "എനിക്കു് ഒന്നിലും നല്ല രുചി തോന്നുന്നില്ല. എങ്കിലും ചക്ക കൂട്ടാൻ വെച്ചാൽ കുറച്ചു കൂട്ടാമെന്നു തോന്നുന്നുണ്ടു്" എന്നു് അരുളിച്ചെയ്തു. ഉടനെ ഇളയതമ്പുരാക്കന്മാർ "അതു വൈകുന്നേരത്തേയ്ക്കുണ്ടാക്കാം" എന്നണത്തിച്ചിട്ടു തിരുമുൻപാകെനിന്നു് എഴുന്നള്ളി. ഉടനെ അവർ രണ്ടുപേരും "എവിടെ നിന്നെങ്കിലും എന്തു വില കൊടുത്തിട്ടും വൈകുന്നേരത്തേയ്ക്കു് ഒരു ചക്ക കൊണ്ടുവരണം" എ

Digitized By Kerala Sahitya Akademi

ന്നു കല്പിച്ചു പണവും കൊടുത്തു പല സ്ഥലങ്ങളിലേയ്ക്കും ആളുകളെ അയച്ചു. നേരം വൈകിയപ്പോഴേയ്ക്കും ചക്കയെങ്ങും കിട്ടിയില്ലെന്നും പറഞ്ഞു് ആ ആളുകളെല്ലാം മടങ്ങിവന്നു. ശകുതൻ തിരുമനസ്സുകൊണ്ടു് അത്താഴമുതേത്തിനു് എഴുന്നള്ളിയിരുന്നപ്പോൾ ഇളയ തമ്പുരാക്കന്മാർ തിരുമുൻപാകെ എഴുന്നള്ളി വന്ദിച്ചുനിന്നു. അപ്പോൾ ശകുതൻ തിരുമനസ്സുകൊണ്ടു് "എന്താ ചക്ക കിട്ടിയില്ലായിരിക്കും അല്ലേ?" എന്നു കല്പിച്ചു ചോദിച്ചു. ഉടനെ തമ്പുരാക്കന്മാർ, "കന്നിമാസം കാലമാകയാൽ ചക്ക കിട്ടാൻ വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. ഞങ്ങൾ പണവും കൊടുത്തു പല സ്ഥലങ്ങളിൽ ആളുകളെ അയച്ചു് അന്വേഷിപ്പിച്ചു. എങ്ങും കിട്ടിയില്ല. ഞങ്ങളുടെ അമാന്തം കൊണ്ടുമില്ല. ഞങ്ങൾ കഴിയുന്ന ശ്രമങ്ങളെല്ലാം ചെയ്തുനോക്കി. കായ്മും സാധിച്ചില്ല എന്നേ ഉള്ളു. എവിടെനിന്നെങ്കിലും ഒരു ചക്കയെങ്കിലും വരുത്താനായിട്ടു നാളേയും ശ്രമിച്ചുനോക്കാം" എന്നുണർത്തിച്ചു. അപ്പോൾ ശകുതൻ തിരുമനസ്സുകൊണ്ടു്, "അയ്യോ, കഷ്ടം! വിഡ്ഢികളേ! ഒരു ചക്ക വരുത്താൻപോലും ശേഷിയില്ലാത്ത നിങ്ങൾ ഇനി മേലാൽ ഒരു രാജ്യം ഭരിക്കുന്നതെങ്ങിനെയാണു്?" എന്നരുളിച്ചെയ്തു.

അത്താഴമുതേത്തു കഴിഞ്ഞതിന്റെ ശേഷം ശകുതൻ തിരുമനസ്സുകൊണ്ടു വലിയ കപ്പിത്താനെ തിരുമുൻപാകെ വരുത്തി, "നാളെ രാവിലെ ബ്രാഹ്മണർക്കു പാരണ ഒരു സദ്യയും ചില ദാനങ്ങളും മറ്റും വേണമെന്നു നിശ്ചയിച്ചിരിക്കുന്നു. അതിനാൽ അതിനു വേണ്ടുന്നവയെല്ലാം നേരം വെളുക്കുന്നതിനു മുൻപു തയ്യാറാക്കിക്കൊടുക്കണം. സദ്യയ്ക്കു പ്രഥമൻ, എരിശ്ശേരി, ഉപ്പേരി, തോരൻ മുതലായവയെല്ലാം ചക്കകൊണ്ടു വേണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്" എന്നരുളിച്ചെയ്തു. "കല്പനപോലെയെല്ലാം തയ്യാറാക്കിക്കൊള്ളാം" എന്നുണർത്തിച്ചിട്ടു വലിയ കപ്പിത്താൻ അപ്പോൾത്തന്നെ തിരുമുൻപാകെനിന്നു പോയി. നിശ്ചിതസമയത്തിനു മുൻപുതന്നെ കപ്പിത്താൻ സകല സാധനങ്ങളും അവിടെ തയ്യാറാക്കി എത്തിച്ചുകൊടു

Digitized By Kerala Sahitya Akademi

ത്തു. നേരം വെളുക്കുന്നതിന്നുമുൻപു പഴത്തതും പച്ചയുമായി അഞ്ഞൂറിലധികം ചക്ക അവിടെ വന്നുചേർന്നു. സദ്യയുടെ അവശ്യം കഴിഞ്ഞിട്ടു പിന്നേയും വളരെ ചക്ക ശേഷിച്ചുകിടന്നിരുന്നു. സദ്യ ഏറ്റവും കെങ്കേമമായി എന്നുള്ളതു പറയണമെന്നില്ലല്ലോ. ശകുന്തൻതിരുമനസ്സുകൊണ്ടു നാമൂരിമാക്ക് പരക്കെ പലവിധത്തിലുള്ള ദാനങ്ങളും ചെയ്തു.

പിന്നേയും ശീലായ്മ ക്രമേണ വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നതിനാൽ ശകുന്തൻ തിരുമനസ്സുകൊണ്ടു പിന്നേയും പ്രതിദിനം പലവിധത്തിലുള്ള ദാനങ്ങൾ ചെയ്തുകൊണ്ടുതന്നെയിരുന്നു. കിംബഹുനാ? ൻവൃ.ാമാണ്ടു കന്നിമാസം ഫ്ര.ാംനു-ആ രാജകേസരി തൃശ്ശിവപേരൂർവെച്ചുതന്നെ കാലധർമ്മത്തെ പ്രാപിക്കുകയും ചെയ്തു.

തിരുമനസ്സിലെ പള്ളിശ്ശവം ദഹിപ്പിച്ചതു തൃശ്ശിവപേരൂർ കോവിലകത്തിന്റെ തെക്കുവശമുള്ള തോപ്പിലാണു്. ആ സ്ഥലത്തിന്നു ചുറ്റും ചെറിയതായി ഒരു മതിൽ കെട്ടിച്ചിട്ടുള്ളതു് ഇപ്പോഴും കാണ്മാനുണ്ടു്. അവിടെ അക്കാലംമുതൽ പതിവായി വിളക്കുവെച്ചു വന്നിരുന്നതു് ഇപ്പോഴും നടന്നുവരുന്നുമുണ്ടു്. ആകപ്പാടെ വിചാരിച്ചാൽ ശകുന്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരുമാനുഷപ്രഭാവനായിരുന്നുവെന്നതന്നെ പറയേണ്ടിയിരിക്കുന്നു.

---

൨൪. അമ്മന്നൂർപരമേശ്വരച്യാക്യാർ

വേഷത്തിന്റെ ഭംഗികൊണ്ടും അഭിനയത്തിന്റെ തന്മയത്വം മുതലായ ഗുണങ്ങൾകൊണ്ടും അമ്മന്നൂർ പരമേശ്വരച്യാക്യാരോടു തുല്യനായ ഒരു നടൻ ഇക്കാലത്തില്ലെന്നല്ല, അക്കാലത്തുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സ്ഥിരവാസം മൂഴിക്കുളത്തുള്ള സ്വഭവനത്തിലായിരുന്നുവെങ്കിലും തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ മൂന്നു രാജ്യങ്ങളിലുമുള്ള രാജാക്ക-

Digitized By Kerala Sahitya Akademi

ന്മാർ, പ്രഭുക്കൾ, ധനവാന്മാർ മുതലായവർ അദ്ദേഹത്തിന്റെ വേഷവും ആട്ടവും കാണാനായി ക്ഷണിച്ചുവരുത്തി കൂടക്കൂടെ കൂടിയാട്ടങ്ങൾ നടത്തിക്കാറുണ്ടായിരുന്നു.

കൊല്ലം ഫനന്ത-ാമാണ്ടു നാടു നീങ്ങിയ മാത്താണ്ഡവമ്മമഹാരാജാവു് ഇളയതമ്പുരാനായിരുന്ന കാലത്തു തന്റെ സേവനം പള്ളിയറ വിചാരിപ്പുകാരനുമായിരുന്ന ഈശ്വരപിള്ളയെ ആട്ടമഭ്യസിപ്പിക്കാനായി ഈ ചാക്യാരെ തിരുവനന്തപുരത്തു വരുത്തി താമസിപ്പിച്ചിരുന്നുവെന്നും ഈശ്വരപിള്ള വിചാരിപ്പുകാക്കു് ആട്ടത്തിൽ (കഥകളിയിൽ) അസാമാന്യമായ പ്രസിദ്ധിയും കൈലാസോദ്ധരണം, സപ്തർഷിവർണ്ണന, സമുദ്രവർണ്ണന മുതലായവ അഭിനയിച്ചാടുന്നതിൽ അനന്യസാധാരണമായ സാമർത്ഥ്യവും ഗ്രഹണവും തന്മയത്വവും സിദ്ധിച്ചതിനുള്ള പ്രധാനകാരണം ആ ചാക്യാരുടെ ശിക്ഷാസാമർത്ഥ്യമാണെന്നുമുള്ളതു പ്രസിദ്ധമാണല്ലോ.

മാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ഇളയതമ്പുരാനായിരുന്ന കാലത്തും തിരുവനന്തപുരത്തു പുഴപ്പുറക്കൊട്ടാരത്തിൽ (അന്നു് അവിടുന്നു് അവിടെയാണു് എഴുന്നള്ളിത്താമസിച്ചിരുന്നതു്) എന്നും കഥകളി പതിവായിരുന്നു. ഒരു ദിവസം കഥകളി കാണാൻ തിരുമനസ്സിലെ അടുക്കൽ പരമേശ്വരച്ചാക്യാരുമുണ്ടായിരുന്നു. അന്നു 'കാർത്തവീര്യാർജ്ജുനവിജയ'മായിരുന്നു കഥ. രാവണന്റെ കൈലാസോദ്ധരണം കണ്ടിട്ടു തിരുമനസ്സുകൊണ്ടു ചാക്യാരോടു്—എന്താ ചാക്യാരേ! കൈലാസോദ്ധരണം നന്നായോ?—എന്നു കല്പിച്ചു ചോദിച്ചു. അതിനു മറുപടിയായി ചാക്യാരു്, "തരക്കേടില്ല. കൈലാസം കുറച്ചുകൂടി വലിയതാണെന്നാണു് ധരിച്ചിരുന്നതു്" എന്നറിയിച്ചു. പിന്നെ അതിനെക്കുറിച്ചു് ഒന്നും കല്പിച്ചില്ല. പിറേറദിവസം ഉച്ചതിരിഞ്ഞ സമയം ചാക്യാരെ കൊട്ടാരത്തിൽ വരുത്തി "കൈലാസോദ്ധാരണം ഒന്നാടിക്കണ്ടാൽക്കൊള്ളാം" എന്നു കല്പിച്ചു. വേഷം കെട്ടാതെയാടുന്നകാര്യത്തിൽ കുറച്ചു മടിയുണ്ടായിരുന്നുവെങ്കിലും കല്പന അനുസ

Digitized By Kerala Sahitya Akademi

സരിക്കാതെയിരിക്കുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ചു ചാക്യാർ ഉടനെ രണ്ടാംമുണ്ടു് അരയിൽ മുറുക്കിക്കെട്ടിക്കൊണ്ടു് ആട്ടം ആരംഭിച്ചു. താൻ തലേദ്ദിവസം പറഞ്ഞ വാക്കൊരുത്തു്, തന്നെ പരീക്ഷിക്കാനായിട്ടാണു് ഈ കല്പനയെന്നു മനസ്സിലായതിനാൽ ചാക്യാർ നല്ലപോലെ മനസ്സിരുത്തിയാണു് ആടിയതു്. തലേദ്ദിവസം ദശമുഖന്റെ വേഷം കെട്ടിയാടിയ ആൾ മുതലായി കൊട്ടാരം വക കളിയോഗത്തിലുള്ള എല്ലാവരും സേവന്മാരും അമ്മച്ചിയും അവിടെയുണ്ടായിരുന്നു. ചാക്യാരുടെ ആട്ടം വളരെ കേമമായി എന്നുള്ളതു പറയണമെന്നില്ലല്ലോ. ആട്ടം കണ്ടു തിരുമനസ്സുകൊണ്ടു മുതലായി എല്ലാവരും വളരെ സന്തോഷിക്കുകയും വിസ്മയിക്കുകയും ചെയ്തു. വിസ്മയാകുലയായ അമ്മച്ചി "അമ്പമ്പോ! കൈലാസപർവ്വതം ഇത്ര വലിയതാണോ? ഇന്നലെ ആടിക്കണ്ടപ്പോൾ അതു് ഏകദേശം നമ്മുടെ വേളിക്കുന്നിനോളമുണ്ടായിരിക്കുമെന്നേ തോന്നിയുള്ളൂ" എന്നു പറഞ്ഞു. തിരുമനസ്സുകൊണ്ടു് ഉടനെ രത്നഖചിതമായ ഒരു മോതിരം ചാക്യാക്കു കല്പിച്ചു സമ്മാനിക്കുകയും ആട്ടത്തിൽ അദ്വിതീയന്മാരാണെന്നു സഭയമേ അഭിമാനിച്ചിരുന്ന കൊട്ടാരംവക കഥകളി യോഗക്കാരെല്ലാം അപ്പോൾ 'സലയ്ജ്ജാഹ്' മാടുകയും ചെയ്തു.

പരമേശ്വരച്ചാക്യാർ കല്പനപ്രകാരം തിരുവനന്തപുരത്തു താമസിച്ചിരുന്നപ്പോൾ ഒരു ദിവസം പകലേ വെയിലാറിയ സമയം കാറ്റുകൊള്ളാനായി കടൽപ്പുറത്തേക്കു പുറപ്പെട്ടു. കടൽപ്പുറത്തെത്തിയപ്പോൾ അവിടെ നാട്ടുകാരായിട്ടും യൂറോപ്യന്മാരായിട്ടും മറ്റും വളരെയാളുകൾ കാറ്റുകൊള്ളാനായി വന്നുകൂടിയിരുന്നു. അക്കൂട്ടത്തിൽ റസിഡെണ്ടുസായ്പും മദാമ്മയും അവരുടെ വാത്സല്യഭാജനമായ ഒരു പട്ടിയുമുണ്ടായിരുന്നു. ആ പട്ടി സായ്പോ മദാമ്മയോ പറയാതെ ആരേയും കടിക്കാറില്ലെങ്കിലും വലിയ സിംഹത്താനെപ്പോലെ ഭയങ്കരമൂർത്തിയായ അതിനെക്കണ്ടാൽ അപരിചിതന്മാരായ ഏവരും ഭയപ്പെട്ടുപോകുമായിരുന്നു. കടിക്കാനല്ലെങ്കിലും ആ പട്ടി കാ

Digitized By Kerala Sahitya Akademi

ണന്നവരുടെയെല്ലാമടുക്കൽ മണത്തു മണത്തു ചെല്ലുക പതിവായിരുന്നു. ആ പതിവുപോലെ അതു ചാക്യാരുടെ അടുക്കലേയ്ക്കും ചെന്നു. ചാകാരു വല്ലാതെ ഭയപ്പെട്ടു 'പട്ടി, പട്ടി' എന്നു് ഉറക്കെ വിളിച്ചു പറഞ്ഞു. അനുവാദം കൂടാതെ അതു കടിക്കയില്ലെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ പട്ടിയെ തിരിച്ചു വിളിക്കാതെ സാമ്പ്യം മദാമ്മയും ചാക്യാരുടെ പരിഭ്രമം കണ്ടു ചിരിച്ചുംകൊണ്ടു നിന്നതേ ഉള്ളൂ. പിന്നെ ഗത്യന്തരമൊന്നുമില്ലെന്നുകണ്ടു ചാക്യാർ കുനിഞ്ഞു് അവിടെനിന്നു് ഒരു കല്ലെടുത്തു പട്ടിയെ ലക്ഷ്യമാക്കി ഒരേറുകൊടുത്തതായി ഭാവിനയിച്ചു. വാസ്തവത്തിൽ എറിഞ്ഞതായി നടിക്കുകമാത്രമേ ഉണ്ടായുള്ളൂ എങ്കിലും ഏറു കൊണ്ടതായി തോന്നുകയാൽ പട്ടി ഉറക്കെ നിലവിളിച്ചുകൊണ്ടു് അവിടെനിന്നു് ഓടിപ്പോയി. പട്ടിക്കു് ഏറുകൊണ്ടതായിത്തന്നെ തോന്നുകയാൽ സാമ്പ്യം മദാമ്മയും അത്യന്തം കുപിതരായിത്തീർന്നു. ഈ അക്രമം പ്രവർത്തിച്ച ആൾ ആരാണെന്നു സാമ്പ്യ തന്റെ അടുക്കലുണ്ടായിരുന്ന ചിലരോടു ചോദിക്കുകയും ആ മനുഷ്യൻ കല്പനപ്രകാരം വന്നു താമസിക്കുന്ന ഒരു ചാക്യാരാണെന്നു മനസ്സിലാക്കുകയും ചെയ്തു. കല്പനപ്രകാരം വന്നു താമസിക്കുന്ന ആളാണെങ്കിൽ ഈ വിവരം തിരുമനസ്സറിയിക്കാതെ പ്രതിക്രിയ ചെയ്യുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ചു സാമ്പ്യം മദാമ്മയും കൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. അപ്പോൾ തിരുമനസ്സുകൊണ്ടും കടൽക്കാറ്റു കൊള്ളുന്നതിന്നായി കടൽപ്പുറത്തു ബഗ്ലാവിൽ എഴുന്നള്ളീട്ടുണ്ടെന്നറിയുകയാൽ സാമ്പ്യം മദാമ്മയും അവിടെച്ചെന്നു വിവരം തിരുമനസ്സറിയിച്ചു. ഉടനെ ചാക്യാരെ തിരുമുമ്പാകെ വരുത്തി കല്പിച്ചു ചോദിച്ചപ്പോൾ ചാക്യാർ ഉണ്ടായ വാസ്തവമെല്ലാം തിരുമനസ്സറിയിച്ചു. എറിഞ്ഞില്ലെന്നു പറയുന്നതു ശുദ്ധമായ വ്യാജമാണെന്നും നാട്ടുകാരും കണ്ടു തങ്ങളുടെ പട്ടി കരിക്കലും ഭയപ്പെടുകയില്ലെന്നും സാമ്പ്യം മദാമ്മയും വാദിച്ചു. 'ഇതിനെന്താണു് സമാധാനമെന്നു കല്പിച്ചു ചോദിച്ചപ്പോൾ ചാക്യാർ 'വാസ്തവം സാമ്പ്യനേയും ബോധ്യപ്പെടുത്താ

Digitized By Kerala Sahitya Akademi

മോ എന്നു നോക്കട്ടെ' എന്നു പറഞ്ഞു സ്വല്പം പിന്നാക്കം മാറി താണുനിന്നു് അവിടെ കരിങ്കല്ലുകൊണ്ടിട്ടിരുന്ന വലിയ നടക്കല്ലു വളരെ പ്രയാസപ്പെട്ടു കലുക്കി ഇളക്കിയെടുത്തു സായ്പിന്റെ തലയിലേയ്ക്കിട്ടതായി ഒരു നാട്യംകാണിച്ചു. ആ കല്ലു തന്റെ തലയിൽവീണു എന്നുതന്നെ തോന്നിപ്പോവുകയാൽ സായ്പ് "അയ്യോ!" എന്നു് ഉറക്കെ നിലവിളിച്ചുകൊണ്ടു് ഉടനെ അവിടെ മറിഞ്ഞുവീണു. കല്ലു് സായ്പിന്റെ തലയിൽവീണു എന്നുതന്നെ തോന്നിപ്പോവുകയാൽ മദാമ്മയും ഏറവും പരവശയായിത്തീർന്നു. വീണിട്ടു വളരെ നേരം കഴിഞ്ഞതിന്റെ ശേഷമാണു് സായ്പിനു ബോധം വീണതു്. ബോധംവീണു് എണീറ്റിരുന്നിട്ടും കുറച്ചു വെള്ളം കുടിക്കുകയും തണുത്ത വെള്ളംകൊണ്ടു് മുഖം കഴുകുകയും കുറച്ചുനേരം കാറോൽക്കുകയും ചെയ്തതിന്റെ ശേഷമാ സായ്പിനു സംസാരിക്കാറായുള്ളു. സായ്പു പിന്നെയും തലയിൽ തപ്പിനോക്കി, കല്ലു തലയിൽ വീണില്ലെന്നു തീർച്ചപ്പെടുത്തിയതിന്റെശേഷം "നമ്മുടെ പട്ടിക്കും ഏറുകൊണ്ടില്ലായിരിക്കും. ഇപ്രകാരം അഭിനയസാമർത്ഥ്യമുള്ള ഒരു നടനെ ഞാൻ യൂറോപ്പുരാജ്യങ്ങളിലെങ്ങും കണ്ടിട്ടില്ല. ഇവിടെ ഇങ്ങിനെ ഒരു മഹാനുണ്ടായിത്തീർന്നതു കേരളത്തിനു് ആകപ്പാടെ അഭിമാനകരംതന്നെ. വാസ്തവമറിയാതെ ഈ മഹാന്റെ പേരിൽ മഹാരാജാവിന്റെ അടുക്കൽ പരാതി അറിയിച്ചതിനെക്കുറിച്ചു ഞാൻ നിർവ്യാജം വ്യസനിക്കുകയും ചാക്യാരോടു മാപ്പുചോദിക്കുകയും ചെയ്തുകൊള്ളുന്നു" എന്നു പറയുകയും ചാക്യാക്കു പല സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു. അപ്പോഴേയ്ക്കും നേരം വൈകിയതിനാൽ എല്ലാവരും പരസ്പരം യാത്രപറഞ്ഞു് അവരവരുടെ വാസസ്ഥലങ്ങളിലേയ്ക്കു പുറപ്പെട്ടു. ആ സമയം മുമ്പു് കാടിപ്പായ പട്ടിയും അവിടെ വന്നുചേർന്നു. അപ്പോൾ സായ്പിനും മദാമ്മയ്ക്കും വളരെ സന്തോഷമായി എന്നുള്ളതു പറയണമെന്നില്ലല്ലോ.

ഇപ്രകാരമെല്ലാം പറഞ്ഞതുകൊണ്ടുതന്നെ പരമേശ്വരച്ചാക്യാരുടെ അഭിനയത്തിനു് അന്യസാധാരണമായ ഗുണമുണ്ടായി

Digitized By Kerala Sahitya Akademi

ുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. അതിനാൽ ഇനി അധികം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

പരമേശ്വരച്ചാക്യാരുടെ വാക്കുസാമർത്ഥ്യത്തെപ്പറ്റിയും പല ഐതിഹ്യങ്ങൾ കേട്ടിട്ടുണ്ട്. അതൊക്കെ ഇനിയൊരവസരത്തിൽ വിചാരിക്കാമെന്നു വെച്ചാനല്ലാതെ ഇപ്പോൾ നിവൃത്തിയില്ല. അതിനാൽ ഇയ്യിടെ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ തൃക്കയ്യിൽനിന്നു വീരശൃംഖല ലഭിച്ച പരമേശ്വരച്ചാക്യാരും ഈ പരമേശ്വരച്ചാക്യാരുടെ കുടുംബജാതനാണെന്നുകൂടി വായനക്കാരെ അറിയിച്ചുകൊണ്ടു വിരമിക്കുന്നു.

—:o:—

ചേരാനല്ലൂർ കുഞ്ഞുക്കുത്താവു്

ചേരാനല്ലൂർ കുത്താവിന്റെ ഭവനം ഇപ്പോൾ കൊച്ചി സംസ്ഥാനത്തു കണയന്നൂർ താലൂക്കിൽ ചേരാനല്ലൂർ ദേശത്താണു്. ഇടപ്പിള്ളിത്തീവണ്ടിസ്റ്റേഷനിൽനിന്നു രണ്ടു നാഴിക വടക്കുമാറിയാണു് ഈ ഭവനം. ഇവരെ സാധാരണമായി പറഞ്ഞുവരുന്നതു് 'ചേരാനല്ലൂർ കുത്താവ്' എന്നാണെങ്കിലും ഇവരുടെ കുടുംബത്തിനുള്ള സ്ഥാനപ്പേരു 'കുന്നത്തു രാമക്കുമാരക്കൈമൾ' എന്നാണു്.

പണ്ടു് ഇവരുടെ തറവാടു വരാപ്പുഴയായിരുന്നു. അവിടെയുണ്ടായിരുന്ന സ്ഥാനപ്പേരു 'പടിഞ്ഞാറേടത്തു പടനായർ' എന്നായിരുന്നുവെന്നും ഇവരുടെ തറവാട്ടിലുള്ള കൊച്ചി രാജാവിന്റെ പടനായകസ്ഥാനമുണ്ടായിരുന്നതിനാലാണു് ഈ സ്ഥാനപ്പേരു സിദ്ധിച്ചതെന്നും ഒരു കേൾവിയുണ്ടു്. ഇവർക്കു വരാപ്പുഴെ ചില പുരയിടങ്ങളും മറ്റും അടുത്തകാലംവരെയുണ്ടായിരുന്നു. അതിനാൽ ഈ കേൾവി കേവലം അടിസ്ഥാനരഹിതമാണെന്നു തോന്നുന്നില്ല.

Digitized By Kerala Sahitya Akademi

എറണാകുളം ജില്ലയിൽ ഇപ്പോൾ 'അഞ്ചിക്കയ്യൽ ജില്ല' എന്നാണല്ലോ പേരു പറഞ്ഞു വരുന്നതു്. ആ സ്ഥലം അഞ്ചു കയ്യൽമാരുടെ വകയായിരുന്നു. അതിനാലാണു് ആ ജില്ലയ്ക്കു് ഈ പേരു സിദ്ധിച്ചതു്. ആ കയ്യൽമാർ അന്യം നിന്നുപോയപ്പോൾ അതിലൊരു കുടുംബം പടിഞ്ഞാറേയ്ക്കടത്തു പടനായരുടെ തറവാട്ടേയ്ക്കായുങ്ങി. അതിനാൽ എറണാകുളത്തു് ഇവരുടെ സ്ഥാനപ്പേരു 'ചെറുകാട്ടു് ഇരവിക്കയ്യൽ' എന്നായിത്തീർന്നു. ഈവക സംഗതികളെല്ലാംകൊണ്ടും മുൻപു് ഇവരുടെ സ്ഥാനപ്പേരു കയ്യൽ എന്നായിരുന്നു എന്നും കുത്താവെന്നുള്ള സ്ഥാനം പിന്നീടുണ്ടായതാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. കുത്താവെന്നും കയ്യൽ എന്നും പണിക്കരെന്നും കുറുപ്പെന്നും മറ്റുമുള്ള സ്ഥാനങ്ങൾ രാജാക്കന്മാർ കല്പിച്ചുകൊടുക്കുന്നതാണല്ലോ. ചേരാനല്ലൂർ കുത്താവിനു പണ്ടുണ്ടായിരുന്ന കയ്യൽ എന്ന സ്ഥാനം ഇടക്കാലത്തു് ഏതോ ഒരു രാജാവു ഭേദപ്പെടുത്തി കുത്താവെന്നാക്കിയതായിരിക്കാം.

മുകുന്ദപുരം താലൂക്കിലുള്ള 'കോടശ്ശേരിക്കുത്താവി'നെ ചിലർ 'തമ്പാൻ' എന്നും പറയാറുണ്ടു്. അവിടെ ഒരു കവിതക്കാരൻ കുത്താവുണ്ടായിരുന്നുവല്ലോ. അദ്ദേഹത്തെ "കോടശ്ശേരിക്കുഞ്ഞൻതമ്പാൻ" എന്നാണു് സാധാരണയായി പറഞ്ഞുവന്നിരുന്നതു്. കോടശ്ശേരികുത്താവിന്റെ കുടുംബത്തിലെ സ്ത്രീകളെ 'തമ്പായിമാർ' എന്നാണു് പറയുന്നതു്. എന്നാൽ ചേരാനല്ലൂർ കുത്താവിന്റെ സ്ത്രീകളെ പറയുന്നതു 'കുഞ്ഞമ്മമാർ' എന്നാണു്. ഇവരുടെ ഒരു ശാഖാകുടുംബം തിരുവിതാംകൂറിൽ മൂവാറ്റുപുഴത്താലൂക്കിൽ 'തൃക്കാരിയൂർ' ദേശത്തുമുണ്ടു്. അവിടെയുള്ള സ്ത്രീകളെയും കുഞ്ഞമ്മമാർ എന്നുതന്നെയാണു് പറഞ്ഞുവരുന്നതു്. തിരുവിതാംകൂറിൽ വേറെയുള്ള കുത്താക്കന്മാരുടെ സ്ത്രീകളേയും പറഞ്ഞുവരുന്നതു കുഞ്ഞമ്മമാർ എന്നുതന്നെയാണു്. തിരുവിതാംകൂറിൽ കയ്യൽ എന്ന സ്ഥാനപ്പേരായിരുന്ന ചില കുടുംബക്കാർ ഈയിട കുത്താവെന്ന പേരുവെച്ചു് എഴുത്തുകുത്തുകൾ തുടങ്ങിയിരിക്കുന്നതായിക്കാണുന്നുണ്ടു്.

Digitized By Kerala Sahitya Akademi

ുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. അതിനാൽ ഇനി അധികം വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

പരമേശ്വരച്ചാക്യാരുടെ വാക്കുസാമർത്ഥ്യത്തെപ്പറ്റിയും പല ഐതിഹ്യങ്ങൾ കേട്ടിട്ടുണ്ട്. അതൊക്കെ ഇനിയൊരവസരത്തിൽ വിചാരിക്കാമെന്നു വെച്ചാനല്ലാതെ ഇപ്പോൾ നിവൃത്തിയില്ല. അതിനാൽ ഇയ്യിടെ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ തൃക്കയ്യിൽനിന്നു വീരശൃംഖല ലഭിച്ച പരമേശ്വരച്ചാക്യാരും ഈ പരമേശ്വരച്ചാക്യാരുടെ കുടുംബജാതനാണെന്നുകൂടി വായനക്കാരെ അറിയിച്ചുകൊണ്ടു വിരമിക്കുന്നു.

—:o:—

ചേരാനല്ലൂർ കുഞ്ഞുക്കത്താവു്

ചേരാനല്ലൂർ കത്താവിന്റെ ഭവനം ഇപ്പോൾ കൊച്ചി സംസ്ഥാനത്തു ക്കണയന്നൂർ താലൂക്കിൽ ചേരാനല്ലൂർ ദേശത്താണു്. ഇടപ്പിള്ളിത്തീവണ്ടിസ്റ്റേഷനിൽനിന്നു രണ്ടു നാഴിക വടക്കുമാറിയാണു് ഈ ഭവനം. ഇവരെ സാധാരണമായി പറഞ്ഞുവരുന്നതു് 'ചേരാനല്ലൂർ കത്താവു്' എന്നാണെങ്കിലും ഇവരുടെ കുടുംബത്തിനുള്ള സ്ഥാനപ്പേരു 'കുന്നത്തു രാമക്കമ്മാൾ' എന്നാണു്.

പണ്ടു് ഇവരുടെ തറവാടു വരാപ്പുഴയായിരുന്നു. അവിടെയുണ്ടായിരുന്ന സ്ഥാനപ്പേരു 'പടിഞ്ഞാറേടത്തു പടനായർ' എന്നായിരുന്നുവെന്നും ഇവരുടെ തറവാട്ടിലുള്ള കൊച്ചി രാജാവിന്റെ പടനായകസ്ഥാനമുണ്ടായിരുന്നതിനാലാണു് ഈ സ്ഥാനപ്പേരു സിദ്ധിച്ചതെന്നും ഒരു കേൾവിയുണ്ടു്. ഇവർക്കു വരാപ്പുഴെ ചില പുരയിടങ്ങളും മറ്റും അടുത്തകാലംവരെയുണ്ടായിരുന്നു. അതിനാൽ ഈ കേൾവി കേവലം അടിസ്ഥാനരഹിതമാണെന്നു തോന്നുന്നില്ല.

Digitized By Kerala Sahitya Akademi

എറണാകുളം ജില്ലയിൽ ഇപ്പോൾ 'അഞ്ചിക്കയ്യൽ ജില്ല' എന്നാണല്ലോ പേരു പറഞ്ഞു വരുന്നതു്. ആ സ്ഥലം അഞ്ചു കയ്യൽമാരുടെ വകയായിരുന്നു. അതിനാലാണു് ആ ജില്ലയ്ക്കു് ഈ പേരു സിദ്ധിച്ചതു്. ആ കയ്യൽമാർ അന്യം നിന്നുപോയപ്പോൾ അതിലൊരു കുടുംബം പടിഞ്ഞാറേയ്ക്കടുത്തു പടനായരുടെ തറവാട്ടേയ്ക്കായുങ്ങി. അതിനാൽ എറണാകുളത്തു് ഇവരുടെ സ്ഥാനപ്പേരു 'ചെറുകാട്ടു് ഇരവിക്കയ്യൽ' എന്നായിത്തീർന്നു. ഈവക സംഗതികളെല്ലാംകൊണ്ടും മുൻപു് ഇവരുടെ സ്ഥാനപ്പേരു കയ്യൽ എന്നായിരുന്നു എന്നും കത്താവെന്നുള്ള സ്ഥാനം പിന്നീടുണ്ടായതാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. കത്താവെന്നും കയ്യൽ എന്നും പണിക്കരെന്നും കുറുപ്പെന്നും മറ്റുമുള്ള സ്ഥാനങ്ങൾ രാജാക്കന്മാർ കല്പിച്ചുകൊടുക്കുന്നതാണല്ലോ. ചേരാനല്ലൂർ കത്താവിനു പണ്ടുണ്ടായിരുന്ന കയ്യൽ എന്ന സ്ഥാനം ഇടക്കാലത്തു് ഏതോ ഒരു രാജാവു ഭേടപ്പെട്ടത്തി കത്താവെന്നാക്കിയതായിരിക്കാം.

മുകുന്ദപുരം താലൂക്കിലുള്ള 'കോടശ്ശേരിക്കത്താവി'നെ ചിലർ 'തമ്പാൻ' എന്നും പറയാറുണ്ടു്. അവിടെ ഒരു കവിതക്കാരൻ കത്താവുണ്ടായിരുന്നുവല്ലോ. അദ്ദേഹത്തെ "കോടശ്ശേരിക്കുഞ്ഞൻതമ്പാൻ" എന്നാണു് സാധാരണയായി പറഞ്ഞുവന്നിരുന്നതു്. കോടശ്ശേരിക്കത്താവിന്റെ കുടുംബത്തിലെ സ്ത്രീകളെ 'തമ്പായിമാർ' എന്നാണു് പറയുന്നതു്. എന്നാൽ ചേരാനല്ലൂർ കത്താവിന്റെ സ്ത്രീകളെ പറയുന്നതു 'കുഞ്ഞമ്മമാർ' എന്നാണു്. ഇവരുടെ ഒരു ശാഖാകുടുംബം തിരുവിതാംകൂറിൽ മൂവാറ്റുപുഴത്താലൂക്കിൽ 'തൃക്കാരിയൂർ' ദേശത്തുമുണ്ടു്. അവിടെയുള്ള സ്ത്രീകളെയും കുഞ്ഞമ്മമാർ എന്നുതന്നെയാണു് പറഞ്ഞുവരുന്നതു്. തിരുവിതാംകൂറിൽ വേറെയുള്ള കത്താക്കന്മാരുടെ സ്ത്രീകളേയും പറഞ്ഞുവരുന്നതു കുഞ്ഞമ്മമാർ എന്നുതന്നെയാണു്. തിരുവിതാംകൂറിൽ കയ്യൽ എന്ന സ്ഥാനപ്പേരായിരുന്ന ചില കുടുംബക്കാർ ഈയിട കത്താവെന്ന പേരുവെച്ചു് എഴുത്തുകുത്തുകൾ തുടങ്ങിയിരിക്കുന്നതായിക്കാണുന്നുണ്ടു്.

Digitized By Kerala Sahitya Akademi

ഈ പേരുമാറ്റം അവർ സ്വയമേവ ചെയ്തതാണു്. രാജകല്പനപ്രകാരവും മാറ്റുമല്ല.

മേല്പറഞ്ഞപ്രകാരം പല വിധത്തിലുള്ള സ്ഥാനമാനങ്ങളോടുകൂടിയ ചേരാനല്ലൂർ കുന്നത്തു കുടുംബത്തിൽ ജനിച്ച ആളാണു് നമ്മുടെ കഥാനായകനായ കുഞ്ചുക്കുത്താവു്. ഇദ്ദേഹത്തിന്റെ ജനനമരണങ്ങൾ ഏതേതാണ്ടുകളിലായിരുന്നു എന്നറിയുന്നതിനു മാർഗ്ഗമൊന്നും കാണുന്നില്ല. എങ്കിലും ഇദ്ദേഹം ജീവിച്ചിരുന്നതു് ഏകദേശം ഇരുനൂറു കൊല്ലങ്ങൾക്കു മുൻപായിരുന്നു എന്നുള്ളതിനു ചില ലക്ഷ്യങ്ങളുണ്ടു്.

കുഞ്ചുക്കുത്താവു ചെറുപ്പത്തിൽത്തന്നെ സ്വദേശം വിട്ടുപോയി, ഏതാനുംകാലം പരദേശങ്ങളിൽ സഞ്ചരിക്കുകയും താമസിക്കുകയും ചെയ്തിരുന്നു. ആ ടിക്കുകളിൽനിന്നു് അദ്ദേഹം മന്ത്രവാദം, വൈദ്യം, പാട്ടു, വീണവായന, ഇന്ദ്രജാലം മുതലായ പല വിദ്യകളിൽ അനിതരസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചുകൊണ്ടാണു് സ്വദേശത്തു തിരിച്ചെത്തിയതു്. സ്വദേശത്തു വന്നതിന്റെ ശേഷവും അദ്ദേഹം ഉപയോഗിച്ചിരുന്ന വേഷഭാഷാടികളെല്ലാം പരദേശീയംതന്നെയായിരുന്നു.

കുഞ്ചുക്കുത്താവിനു പല വിദ്യകളും അറിയാമായിരുന്നുവെങ്കിലും അദ്ദേഹം അധികമായി പ്രയോഗിച്ചിരുന്നതു് ഇന്ദ്രജാലമാണു്. അതിനാൽ ആ വിഷയത്തിലാണു് അദ്ദേഹത്തിനു് അധികം പ്രസിദ്ധിയുണ്ടായതു്. അദ്ദേഹം ഹനുമാനെസ്സേവിച്ചു പ്രത്യക്ഷമാക്കിയിരുന്നതിനാൽ ഏതൊരു കാര്യം സാധിക്കുന്നതിനും അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. വിശേഷിച്ചു് അദ്ദേഹം ചില കുട്ടിച്ചാത്തന്മാരെയും സേവിച്ചു വശംവദന്മാരാക്കിയിരുന്നു.

കുഞ്ചുക്കുത്താവു പരദേശത്തുനിന്നു മടങ്ങിവന്നു കുറച്ചു കാലം കഴിഞ്ഞപ്പോൾ തറവാട്ടിൽ മൂപ്പുസ്ഥാനം ലഭിച്ചു. എങ്കിലും അദ്ദേഹം കുടുംബകാര്യങ്ങളൊന്നും അന്വേഷിച്ചിരുന്നില്ല. അവയെല്ലാം അനന്തരവരെക്കൊണ്ടു നടത്തിക്കയാണു്

Digitized By Kerala Sahitya Akademi

ചെയ്തിരുന്നതു്. അദ്ദേഹം മിക്കപ്പോഴും താമസിച്ചിരുന്നതു രാജസന്നിധിയിലാണു്. ചിലപ്പോൾ മാത്രമേ സ്വഗൃഹത്തിൽ താമസിച്ചിരുന്നുള്ളൂ.

കൊച്ചിസംസ്ഥാനത്തു വടുതലപ്പുഴയ്ക്കു വടക്കുള്ള നികുതി മുഴുവനും പിരിച്ചു സക്കാരിലടയ്ക്കുന്നതിനു ചേരാനല്ലൂർക്കുത്താവിനെ കല്പനപ്രകാരം അധികാരപ്പെടുത്തിയിരുന്നു. വളരെക്കാലം അവർ ആ ജോലി ശരിയായി നടത്തിക്കൊണ്ടിരിക്കുകയുംചെയ്തു. ആ ഏർപ്പാടു ഭേദപ്പെടുത്തിയതു് 1074-ാമാണ്ടാണു്.

കരാണ്ടിൽ നികുതി അടച്ചുതീർക്കാതെയിരുന്നതിനാൽ സക്കാരിൽനിന്നു കുത്താവിനെ അടുക്കൽ ആളെ അയച്ചു. അപ്പോൾ കുഞ്ഞുക്കുത്താവു ഗൃഹത്തിലുണ്ടായിരുന്നു. തറവാട്ടു കാര്യങ്ങളന്വേഷിക്കുകയും നികുതി പിരിച്ചു സക്കാരിലടയ്ക്കുകയും മറ്റും ചെയ്തിരുന്ന അനന്തരവൻ അപ്പോൾ അവിടെയുണ്ടായിരുന്നില്ല. പുറത്തു് എവിടെയോ പോയിരിക്കുകയായിരുന്നു. അതിനാൽ കുഞ്ഞുക്കുത്താവു് ആ വന്ന ആളോടു് "അനന്തരവൻ ഇപ്പോൾ ഇവിടെയില്ല. അയാൾ എന്തോ കാര്യമായി പുറത്തെവിടെയോ പോയിരിക്കുകയാണു്. എന്റെ കൈവശം പണമൊന്നുമില്ല. അതിനാൽ നാളെ വരണം. അപ്പോഴയ്ക്കും അനന്തരവൻ വരുമായിരിക്കാം. അയാൾ വന്നില്ലെങ്കിലും നാളത്തേയ്ക്കു പണമുണ്ടാക്കിത്തരാം" എന്നു പറഞ്ഞു. വന്നയാൾ അതു കേട്ടു് അപ്പോൾ മടങ്ങിപ്പോവുകയും അടുത്ത ദിവസം വീണ്ടും വരികയും ചെയ്തു. അന്നും കാര്യാന്വേഷണക്കാരനായ അനന്തരവൻകുത്താവു വന്നിട്ടില്ലായിരുന്നു. എങ്കിലും താൻ പറഞ്ഞിരുന്നതുപോലെ ചെയ്യാതെയിരിക്കുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ചു കുഞ്ഞുക്കുത്താവു് അകത്തുനിന്നു് കരുപെട്ടിയെടുത്തുകൊണ്ടുവന്നു തുറന്നു സക്കാരിലേയ്ക്കു ചെല്ലാനുണ്ടായിരുന്ന സംഖ്യ മുഴുവനും അതിൽനിന്നു് എണ്ണിക്കൊടുത്തു. അതു മുഴുവനും അക്കാലത്തു കൊച്ചിരാജ്യത്തു നടപ്പുണ്ടായിരുന്ന ഇരട്ടിപ്പുത്തനായിരുന്നു. മുഴുവനും എണ്ണിക്കഴിഞ്ഞപ്പോൾ "പുത്തനെക്കുറിച്ചു വല്ല സംശയവുമു

Digitized By Kerala Sahitya Akademi

ണ്ടെങ്കിൽ പെട്ടിമുറിച്ചോ ഉരുക്കിയോ നോക്കിക്കൊള്ളണം" എന്നു കുഞ്ഞുക്കുത്താവു പറഞ്ഞു. വന്നിരുന്ന ആൾ വേണ്ടുന്ന പരിശോധനയെല്ലാം കഴിച്ചതിന്റെ ശേഷം "എല്ലാം നല്ല പുത്തൻതന്നെയാണു്. സംശയമൊന്നുമില്ല" എന്നു പറഞ്ഞു്, പുത്തനെല്ലാം വാരിക്കെട്ടിക്കൊണ്ടുപോയി. അയാൾ പോയി കുറച്ചു സമയം കഴിഞ്ഞപ്പോൾ അനന്തരവൻകുത്താവു വന്നു. അപ്പോൾ അദ്ദേഹത്തോടു നികുതിവക പണത്തിന്നു സക്കാരിൽനിന്നു് ആളെ അയച്ചിരുന്നുവെന്നും താൻ പണമുണ്ടാക്കിക്കൊടുത്തയച്ചു എന്നും കുഞ്ഞുക്കുത്താവു പറഞ്ഞു. ഇതു കേട്ടപ്പോൾത്തന്നെ അനന്തരവൻകുത്താവു വല്ലാതെ ഭയപ്പെട്ടു. കാരണവരുടെ കൈവശം പണമുണ്ടായിരുന്നില്ലെന്നു് അനന്തരവനു് അറിയാമായിരുന്നു. പിന്നെ പണമുണ്ടാക്കിക്കൊടുത്തയച്ചതു് ഇന്ദ്രജാലംകൊണ്ടായിരിക്കണമല്ലോ. അതിനാൽ അനന്തരവൻകുത്താവു് "അയ്യോ! അതു വേണ്ടായിരുന്നു. സക്കാരിനെ വഞ്ചിക്കുന്നതു വിഹിതമല്ലല്ലോ. എന്നുമാത്രമല്ല, സംഗതി വെളിപ്പെടുമ്പോൾ നമ്മൾ ശിക്ഷ അനുഭവിക്കേണ്ടതായും വന്നേയ്ക്കാം" എന്നു പറയുകയും പണവുംകൊണ്ടു ക്ഷണത്തിൽ എറണാകുളത്തേയ്ക്കു പോവുകയുംചെയ്തു. എറണാകുളത്തെത്തി പണം ഏറുവാങ്ങേണ്ടുന്ന ഉദ്യോഗസ്ഥന്മാരുടെ അടുക്കൽച്ചെന്നു "നികുതിവക പണം ഹാജരാക്കിയിരിക്കുന്നു. ഇതു് ഏറുവാങ്ങി രസീതു തരണം" എന്നു പറഞ്ഞപ്പോൾ ഉദ്യോഗസ്ഥന്മാർ "നികുതിവക പണമെല്ലാം ഇവിടെ അടച്ചതിന്നിരിക്കുന്നു" എന്നു പറഞ്ഞു. അപ്പോൾ കുത്താവു്, "കാരണവർ കൊടുത്തയച്ച അപ്പണം വേറൊരിനമാണു്. അതിനാൽ അതു മടക്കിത്തരികയും ഞാൻ കൊണ്ടുവന്നിരിക്കുന്ന പണം ഏറുവാങ്ങി പ്രമാണം തരികയും ചെയ്യണ"മെന്നു നിർബ്ബന്ധിച്ചു. അതിനാൽ ആ ഉദ്യോഗസ്ഥന്മാർ അങ്ങിനെ സമ്മതിച്ചു. കാരണവർ കൊടുത്തയച്ച പണം എടുത്തുകൊണ്ടുവന്നു് എണ്ണിയേല്പിക്കുന്നതിനായി അഴിച്ചുനോക്കിയപ്പോൾ അതു മുഴുവനും ഇരട്ടപ്പുത്തന്റെ വലിപ്പത്തിൽ വൃത്താകാ

Digitized By Kerala Sahitya Akademi

മായി മുറിച്ച കാലക്കഷണങ്ങളായിരുന്നു. അതു കണ്ടു് എല്ലാവരും വിസ്മയിക്കുകയും അതും നികൃതിവക പണം ഏറുവാങ്ങിക്കൊണ്ടു് അതിനുള്ള രസീതും കൊടുത്തയയ്ക്കുകയും ചെയ്തു. കുഞ്ഞുക്കുത്താവു പരദേശത്തുനിന്നു മടങ്ങിവന്നിട്ടു് ആദ്യം പ്രയോഗിച്ച വിദ്യ ഇതായിരുന്നു. ഇതു കഴിഞ്ഞപ്പോഴക്കു് അദ്ദേഹത്തിന്റെ പ്രസിദ്ധി സർവ്വത്ര പരന്നു.

കരിക്കൽ തൃപ്പുണിത്തുറെനിന്നു ചില കൊച്ചുതമ്പുരാക്കന്മാർ കുത്താവിന്റെ ഭവനത്തിൽ എഴുന്നള്ളുകയും ചില വിദ്യകൾ കണ്ടാൽക്കൊള്ളാമെന്നു കുഞ്ഞുക്കുത്താവിനോടു് ആവശ്യപ്പെടുകയും ചെയ്തു. കുഞ്ഞുകുത്താവു നാലു തോക്കെടുത്തു നിറച്ചു നാലു ഭൃത്യന്മാരെ വിളിച്ചു് ഓരോ തോക്കുവീതം അവരുടെ കയ്യിൽ കൊടുത്തു് അപ്പിടെയുള്ള വലിയ കുളത്തിന്റെ നാലു കരയിലും നിറുത്തീട്ടു്, "ഞാൻ ഈ കുളത്തിൽ മുങ്ങിയാൽ പൊങ്ങിവരുന്ന സമയം നിങ്ങൾ എന്നെ വെടിവെയ്ക്കണം" എന്നു പറഞ്ഞു. ഭൃത്യന്മാർ അരയും തലയും മുറുക്കി വെടിവെയ്ക്കാനായി സന്നദ്ധരായിക്കഴിഞ്ഞു എന്നു കണ്ടപ്പോൾ കുത്താവു കുളത്തിലിറങ്ങി മദ്ധ്യഭാഗത്തു ചെന്നു മുങ്ങി. കൊച്ചുതമ്പുരാക്കന്മാരും ഭൃത്യന്മാരും നോക്കിക്കൊണ്ടു നിന്നു. ഏകദേശം മുന്നേമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ കുഞ്ഞുക്കുത്താവിന്റെ തല വെള്ളത്തിനു മുകളിൽ കണ്ടു. ഉടനെ ഭൃത്യന്മാർ വെടിവെയ്ക്കുകയും കുഞ്ഞുക്കുത്താവിന്റെ തല പൊട്ടിച്ചിതറുകയും കുളത്തിലെ വെള്ളം രക്തമയമായിത്തീരുകയും കുറച്ചുസമയം കഴിഞ്ഞപ്പോൾ കുഞ്ഞുക്കുത്താവിന്റെ മൃതശരീരവും വെള്ളത്തിനുമീതെ പൊങ്ങിവരികയും ചെയ്തു. ഇതെല്ലാം കണ്ടു കൊച്ചുതമ്പുരാക്കന്മാർ വല്ലാതെ ഭയപ്പെട്ടുകയും "കുത്താവു് ഇങ്ങിനെ മരിച്ചതിന്റെ കാരണമെന്തായിരിക്കും? കാരണമെന്തായാലും വലിയ കഷ്ടമായിപ്പോയി. കുത്താവിന്റെ വിദ്യ കാണാൻ വന്നിട്ടു നമുക്കു മരണം കാണാനാണല്ലോ സംഗതിയായതു്. കുത്താവു പറഞ്ഞിട്ടാണെങ്കിലും ഈ ഭൃത്യന്മാർ വെടിവെച്ചതു ന്യായമായില്ല. വെടിവെയ്ക്കുന്ന സമയം കുത്താവു

Digitized By Kerala Sahitya Akademi

യു വെള്ളത്തിൽ മുങ്ങിക്കളയും. വെടി കൊള്ളാനിടയാവുകയില്ല എന്നാണു് വിചാരിച്ചതു്. അല്ലെങ്കിൽ വെടിവെയ്ക്കാൻ സമ്മതിക്കയില്ലായിരുന്നു. അഥവാ കത്താവിനു് അബദ്ധം പറ്റിപ്പോയതല്ലയോ? വെടി വരുമ്പോഴ്ക്കും മുങ്ങിക്കളയാമെന്നായിരിക്കും വിചാരിച്ചിരുന്നതു്. വെടിയുണ്ടയുടെ വേഗംകൊണ്ടു് അതിനിട കിട്ടിയില്ലായിരിക്കും. എങ്ങിനെയായാലും കായ്യം വലിയ കഷ്ടമായി" എന്നും മറ്റും അരുളിച്ചെയ്കയും ചെയ്തു. അപ്പോഴ്ക്കും കുഞ്ഞുക്കുത്താവിന്റെ മൃതശരീരം വെള്ളത്തിൽത്താണു. ഉടനെ അദ്ദേഹത്തിന്റെ മാളികയിൽ കരു വീണവായന കേട്ടുതുടങ്ങി. അപ്പോൾ ആ പെടിക്കാരായ ഭൃത്യന്മാർ കൊച്ചുതമ്പുരാക്കന്മാരുടെ അടുക്കൽച്ചെന്നു് "ഈ കഷ്ടസംഭവം തുക്കൺപാത്തതിനാൽ തിരുമനസ്സിലുണ്ടായിരിക്കുന്ന അസ്വാസ്ഥ്യം ആ മാളികയിലെഴുന്നെള്ളി വീണവായന കുറച്ചു കേട്ടാൽത്തീരും" എന്നറിയിച്ചു. ഉടനെ കൊച്ചുതമ്പുരാക്കന്മാർ മാളികയിലെഴുന്നള്ളി. അപ്പോൾ അവിടെ വീണവായിച്ചുകൊണ്ടിരുന്നിരുന്നതു കുഞ്ഞുക്കുത്താവായിരുന്നു. കുത്താവനെക്കണ്ടപ്പോൾ ആ തമ്പുരാക്കന്മാർക്കുണ്ടായ സന്തോഷവും വിസ്മയവും എത്രമാത്രമായിരുന്നു എന്നു പറയാൻ പ്രയാസം. അവർ കരുതിക്കൊണ്ടു വന്നിരുന്ന സമ്മാനങ്ങളെല്ലാം കൊടുത്തു കുത്താവിനെ അത്യന്തം ബഹുമാനിച്ചതിന്റെ ശേഷം മടങ്ങിയെഴുന്നള്ളുകയും ചെയ്തു.

ഒരു ദിവസം കുഞ്ഞുകുത്താവും ഒരു നമ്പൂരിയുംകൂടി ചതുരംഗം വെച്ചുകൊണ്ടിരുന്നപ്പോൾ കുത്താവിന്റെ ചില സ്നേഹിതന്മാർ അവിടെച്ചെന്നു്, "ഞങ്ങൾ വഞ്ചി കളിക്കാനായി പുറപ്പെട്ടിരിക്കുകയാണു്. യജമാനൻ കൂടെ വരണം" എന്നു പറഞ്ഞു. ചതുരംഗത്തിലുള്ള രസംകൊണ്ടു കുത്താവു "ഞാൻ വരുന്നില്ല. നിങ്ങൾ പോയി വഞ്ചി കളിക്കുവിൻ; ഞങ്ങൾ ചതുരംഗം കളിക്കാം" എന്നു പറഞ്ഞു. അതു കേട്ടു് ആ സ്നേഹിതന്മാർ സമ്മതിക്കാതെ വീണ്ടും നിർബന്ധിക്കുകയാൽ കുത്താവു നമ്പൂരിയോടു് "ഞാൻ പോയി ക്ഷണത്തിൽ മടങ്ങി

Digitized By Kerala Sahitya Akademi

ചന്നോസ്സ്യാം. അപ്പിടുന്നപ്പ് ഇവിടെത്തന്നെ ഇരിക്കണം. പൊസ്സ്യൂളയരുതു്" എന്നു പറഞ്ഞിട്ടു് അവരോടുകൂടിപ്പോയി. ഉടനെ എല്ലാവരും കൂടിച്ചെന്നു തോണിയിൽ കയറി കളി തുടങ്ങി സ്വല്പസമയം കഴിഞ്ഞപ്പോൾ തോണിയുടെ കൊമ്പത്തിരുന്നിരുന്ന കുത്താപ്പു് എങ്ങിനെയോ തെറിച്ചു വെള്ളത്തിൽ വീഴുകയും ഉടനെ താണുപോവുകയും ചെയ്തു. വഞ്ചിയിലുണ്ടായിരുന്ന കൂട്ടുകാക്കു പരിഭ്രമമായി. ചിലർ വെള്ളത്തിൽ ചാടി മുങ്ങിത്തപ്പിനോക്കി കുത്താപ്പിന്റെ മൃതശരീരംപോലും എങ്ങും കണ്ടില്ല. പിന്നെ വലക്കാരെ വരുത്തി വല വീശിച്ചു നോക്കി. എന്നിട്ടും കണ്ടില്ല. കുത്താപ്പിന്റെ ശവംപോലും കണ്ടുകിട്ടുന്ന കാര്യം അസാദ്ധ്യമെന്നു തീച്ചയാവുകയാൽ അവരെല്ലാവരും ഏറവും വിഷാദത്തോടുകൂടി കളി മതിയാക്കി കരയ്ക്കു കയറി. ഈ വർത്തമാനം കുത്താപ്പിന്റെ ഗൃഹത്തിലറിയിക്കാതെയിരിക്കുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചു് അവരെല്ലാവരുംകൂടി അങ്ങോട്ടു നടന്നു. അവർ അവിടെച്ചെന്നപ്പോൾ കുത്താപ്പും നമ്പൂരിയുംകൂടി യഥാപൂർവ്വം ചതുരംഗം വെച്ചുകൊണ്ടിരിക്കുന്നതു് കണ്ടു് അവർ അത്ഭുതപ്പെട്ടു. "യജമാനൻ ഞങ്ങളെ ഇങ്ങിനെ വ്യസനിപ്പിച്ചതു വലിയ കഷ്ടമായിപ്പോയി" എന്നു അവർ പറഞ്ഞപ്പോൾ "നിങ്ങൾ ഞങ്ങളുടെ ചതുരംഗായോധനമുദ്ധ്യമാക്കാൻ ശ്രമിച്ചതും കഷ്ടമായിപ്പോയി" എന്നു കുത്താപ്പും പറഞ്ഞു.

കുഞ്ഞുകുത്താപ്പിന്റെ അത്ഭുതകർമ്മങ്ങളേക്കുറിച്ചു പരദേശത്തു കേൾക്കുകയാൽ അവിടെനിന്നു കെങ്കേമനായ കരിന്ത്രജാലക്കാരൻ ഇദ്ദേഹത്തെ പരീക്ഷിക്കാനായി ഇങ്ങോട്ടു പുറപ്പെട്ടു അയാൾ എറണാകുളത്തെത്തി, അടുത്ത ദിവസം കായലിൽവെച്ചു് ഒരു കളി നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി ഒരു പരസ്യം പ്രസിദ്ധിപ്പെടുത്തി. നിശ്ചിതസമയമായപ്പോഴ്ക്കും എറണാകുളത്തു കായൽക്കരയിൽ അസംഖ്യമാളുകൾ കൂടി. കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടും പരിവാരസമേതം അവിടെയെഴുന്നള്ളി. അക്കൂട്ടത്തിൽ കുഞ്ഞുക്കു

Digitized By Kerala Sahitya Akademi

ത്താവുണ്ടായിരുന്നു. ആ പരദേശി വന്നിരിക്കുന്നതു കുഞ്ഞുക്കുത്താവിനെ പരീക്ഷിക്കാനാണെന്നു് ആൾക്കും അറിയാൻ പാടില്ലായിരുന്നു. അയാൾ ആ പരമാർത്ഥം ആരോടും പറഞ്ഞുമില്ല. എങ്കിലും കുഞ്ഞുക്കുത്താവു് ഈ വാസ്തവം ഊഹിക്കാതിരുന്നില്ല. സമയമായപ്പോൾ ആ ഐന്ദ്രജാലികൻ ചില സാമാനങ്ങൾ കെട്ടിയെടുത്തുകൊണ്ടു് ഒരു മെതിയടിയിൽക്കയറി വെള്ളത്തിന്റെ മീതെ നടന്നു കായലിലേയ്ക്കു പോയി. കരയിൽനിന്നു് ഏകദേശം നൂറടി അകലെച്ചെന്നു് അവിടെ വെള്ളത്തിനു മീതെ ഒരു കരിമ്പടം വിരിച്ചു് അതിൽ—

"പേനക്കത്തികൾ പേനയും പിനസലും പിച്ചാത്തി പിഞ്ഞാണവും
ചീനത്തുശിയുമുണ്ടനൂല ചരട്ടം തീപ്പെട്ടി കാൽപ്പെട്ടിയും"

മറും നിരത്തിവെച്ചു്. "കാടിവരുവിൻ, കാടി വരുവിൻ; സാമാനം മെച്ചം, വില സഹായം; ഇപ്പോൾ തീർന്നുപോകും" എന്നും മറും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. "കുഞ്ഞുക്കുത്താവിനു വായുസ്തംഭം, ജലസ്തംഭം മുതലായവ അറിയാമെങ്കിൽ വെള്ളത്തിന്റെ മീതെ നടന്നു ചെല്ലും, അങ്ങിനെ ചെന്നില്ലെങ്കിൽ അദ്ദേഹത്തിനു് ആ വക വിദ്യകൾ അറിഞ്ഞുകൂടെന്നു തീച്ചപ്പെടുത്തുകയും ചെയ്യാമല്ലോ" എന്നു വിചാരിച്ചാണു് ആ പരദേശി ഇങ്ങിനെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നതു്. അയാൾ സാഹങ്കാരം ഇങ്ങിനെ വിളിച്ചുപറയുന്നതു കേട്ടപ്പോൾ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു കുഞ്ഞുക്കുത്താവിനെ അടക്കൽ വിളിച്ചു് "എന്താ അവിടെച്ചെന്നു വല്ലതും വാങ്ങിക്കൊണ്ടു വരാൻ വയ്യേ?" എന്നു കല്പിച്ചു ചോദിച്ചു. "കല്പനയുണ്ടെങ്കിൽ പരീക്ഷിച്ചുനോക്കാം" എന്നു കുത്താവു മറുപടി അറിയിച്ചപ്പോൾ "ആട്ടെ, കുറെ പരീക്ഷിച്ചുനോക്കൂ" എന്നു വീണ്ടും കല്പിച്ചു. ഉടനെ കുഞ്ഞുക്കുത്താവു് ഒരു വലിയ വെള്ളക്കുതിരയുടെ പുറത്തു കയറി വെള്ളത്തിനു മീതെ ഓടിച്ചു് അങ്ങോട്ടു ചെന്നു. അപ്പോഴയ്ക്കും കരിമ്പടവും കച്ചവടസ്സാമാനങ്ങളും കച്ചവടക്കാരനും എല്ലാം വെള്ളത്തിൽ താണുകഴിഞ്ഞു. കായലിൽക്കിടന്നു മുങ്ങിയും പൊങ്ങിയും വെള്ളം കുടിച്ചു മരി

Digitized By Kerala Sahitya Akademi

ക്കാൻ തുടങ്ങിയ ആ പാരദേശികനെ കുഞ്ഞുക്കുത്താവു പിടിച്ചു വലിച്ചു തന്റെ കുതിരയുടെ പുറത്തു കയറിയിരുത്തിക്കൊണ്ടു കുതിരയെ തിരിയെ ഓടിച്ചു കരയ്ക്കെത്തീട്ട് ആ പരദേശിയോട് "എന്താ, പരീക്ഷ കട്ട മതിയായോ?" എന്നു ചോദിച്ചു. അപ്പോൾ ആ പരദേശി തൊഴുതുകൊണ്ട് "അബദ്ധം പിണഞ്ഞുപോയി. ക്ഷമിക്കണം. എന്റെ പ്രാണരക്ഷ ചെയ്തതിനായി പ്രത്യേകം വന്ദനം പറഞ്ഞുകൊള്ളുന്നു. ഇനി എന്റെ ജീവനുള്ളപ്പോൾ ഞാൻ യജമാനനെ പരീക്ഷിക്കാൻ പുറപ്പെടുകയില്ല" എന്നു പറഞ്ഞു സത്യം ചെയ്ത് ലജ്ജാവനതമുഖനായി അവിടെനിന്നു മടങ്ങി പരദേശത്തുതന്നെ പോയി.

കരു വേനൽക്കാലത്തു വഴിപോക്കരായും മറ്റുമുള്ള അനവധിയാളുകൾ കുത്താവിന്റെ മാളികയിൽ വന്നുകൂടി. അവർ വെയിലുകൊണ്ടു പരവശന്മാരായിട്ടാണ് അവിടെക്കയറിയതു്. മാഹം കലശലായിട്ടുണ്ടായിരുന്നതിനാൽ കുടിക്കാൻ വെള്ളം വേണമെന്നു് അവർ കുഞ്ഞുക്കുത്താവിനോടു പറഞ്ഞു. "എന്തു വെള്ളമാണു് വേണ്ടതു്?" എന്നു കുത്താവു ചോദിച്ചപ്പോൾ "കരിക്കായാൽ കൊള്ളാം; അല്ലെങ്കിൽ ഇവിടത്തെ സൌകര്യംപോലെ എന്തു വെള്ളമായാലും വിരോധമില്ല" എന്നവർ പറഞ്ഞു. അപ്പോൾ കുത്താവു "കരിക്കുതന്നെ ആവാം; ഇവിടെ സൌകര്യക്കുറവൊന്നുമില്ല. പക്ഷേ തെങ്ങിന്മേൽക്കയറാൻ ഇപ്പോൾ ഇവിടെ നമ്മുടെ ഭൃത്യന്മാരാരുമില്ല, എന്നൊരു തരക്കേടു മാത്രമേ ഉള്ളൂ. വാലിയക്കാരെ കക്കെ കാരോ കാര്യങ്ങൾക്കായി കാരോ സ്ഥലങ്ങളിലേയ്ക്കു പറഞ്ഞയച്ചിരിക്കുകയാണു്. അതുകൊണ്ടു വിരോധമൊന്നുമില്ല; തെങ്ങിലും കയറാൻ എനിക്കുമറിയാം. നല്ല പരിചയമില്ല എന്നേ ഉള്ളൂ" എന്നു പറഞ്ഞു കുത്താവുതന്നെ ചെന്നു് കരു തെങ്ങിന്മേൽക്കയറി അതിൽനിന്നു് കരു കരിക്കു പറിച്ചു താഴെയിട്ടതിന്റെ ശേഷം ആ തെങ്ങിന്മേൽനിന്നു മറ്റൊരു തെങ്ങിന്മേലേയ്ക്കു ചാടി. അതിന്മേൽനിന്നും കരു കരിക്കു പറി-

Digitized By Kerala Sahitya Akademi

ച്ചിട്ടിട്ടു പിന്നൊരു തെങ്ങിന്മേലേയ്ക്കു ചാടി. അങ്ങിനെ കാ
രാ കരിക്കുപീതം പറിച്ചുകൊണ്ടു് അദ്ദേഹം കരു കുരങ്ങനെ
പ്പോലെ അവിടെയുണ്ടായിരുന്ന തെങ്ങിന്മേലൊക്കെ ചാടി ന
ടന്നു. അവിടെക്കൂടിയിരുന്നവർ ഇതു കണ്ടു് അത്യന്തം വിസ്മ
യിച്ചു. എങ്കിലും കടുക്കം ചാട്ടം പിഴച്ചു കത്താവു നിലത്തു
വീണു. അതു കണ്ടു പരിഭ്രമിച്ചു് അവിടെയുണ്ടായിരുന്നവരെ
ല്ലാം കൂടിച്ചെന്നു നോക്കിയപ്പോൾ അദ്ദേഹത്തിനു ബോധമി
ല്ലായിരുന്നു. അത്യന്തം വിവശനായിരിക്കുന്നതു കണ്ടു് അദ്ദേ
ഹം അപ്പോൾത്തന്നെ മരിച്ചുപോകുമെന്നു് എല്ലാവരും തീച്ച്
പ്പെടുത്തി. കത്താവിന്റെ അവശത കണ്ടപ്പോൾ വെള്ളം കു
ടിക്കണമെന്നു വിചാരിച്ച കാര്യം എല്ലാവരും മറന്നു. അവർ
ഏറ്റവും വിഷണ്ണന്മാരായിത്തീർന്നു അവരെല്ലാവരും ഇതിക
ർത്തവ്യതാമൂഢന്മാരായി അങ്ങിനെ നിന്നപ്പോൾ കത്താവു വാ
യ്തുറന്നു കാണിച്ചു. അതു കണ്ടിട്ടു് "അദ്ദേഹത്തിനു വെള്ളം
കുടിക്കണമെന്നുണ്ടായിരിക്കും; അതുകൊണ്ടായിരിക്കും വായ്
പൊളിച്ചു കാണിക്കുന്നതു്. ആരെങ്കിലും ചെന്നു് കരു കരിക്ക
ക്ഷണത്തിൽ ചെത്തിക്കൊണ്ടു വരണം" എന്നു് കരാറു പറ
ഞ്ഞു. ഉടനെ ചിലർ കരിക്കു ചെത്തിക്കൊണ്ടു വരുവാനായി
കാടിപ്പോയി. അപ്പോൾ കരു ചെത്തിയ കരിക്കും കൊണ്ടു കു
ഞ്ഞുകത്താവു് അവിടെ വന്നു. തെങ്ങിൽനിന്നു വീണു് അവശ
നായിക്കിടന്നിരുന്ന കുഞ്ഞുകത്താവു തൽക്ഷണം അദൃശ്യനായി
ത്തീരുകയും ചെയ്തു. ആ സമയം അവിടെയുണ്ടായിരുന്ന ജന
ങ്ങൾക്കുണ്ടായ വിസ്മയം വാചാമഗോചരമെന്നല്ലാതെ മറൊ
ന്നും പറയാനില്ല. കത്താവു തെങ്ങിന്മേലെല്ലാം ചാടിനടന്ന
തു ഹനുമാന്റെ അനുഗ്രഹം കൊണ്ടും താഴെ വീണു മരി
ക്കാൻ തുടങ്ങിയതായിക്കാണിച്ചതു് ഇന്ദ്രജാലവിദ്യകൊണ്ടുമാ
യിരുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ക
ത്താവു തെങ്ങിന്മേൽ ചാടി നടക്കുന്നതു കണ്ടപ്പോൾ ജന
ങ്ങൾക്കുണ്ടായ വിസ്മയം അവശനായിക്കിടന്നിരുന്ന അദ്ദേഹ
ത്തെ സ്വസ്ഥശരീരനായിക്കണ്ടപ്പോൾ ശതഗുണീഭവിച്ചു. ക

Digitized By Kerala Sahitya Akademi

രിക്കു ചെത്തിക്കൊടുത്തു. ഓഫം തീർന്നതിന്റെ ശേഷം വീണ്ടും എല്ലാവരും മാളികയിൽ കൂടി. അപ്പോൾ കുഞ്ഞുക്കുത്താവു "വെള്ളംകുടി കഴിഞ്ഞുവല്ലോ, ഇനി കന്നു മുറുക്കിയാൽക്കൊള്ളാമെന്നുണ്ടായിരിക്കും ഇല്ലേ? ആവശ്യമുള്ളവക്കൊക്കെ മുറുക്കാം" എന്നു പറഞ്ഞു മുറുക്കുചെട്ടി തുറന്നുചെയ്തു. അതിൽ മുറുക്കാനുള്ളതൊന്നുമുണ്ടായിരുന്നില്ല. അപ്പോൾ ഒരാൾ "ഈ ചെട്ടിയിൽ മുറുക്കാനുള്ളതൊന്നുമില്ലല്ലോ" എന്നു പറഞ്ഞു. ഉടനെ കുത്താവു "കന്നുമില്ലെങ്കിൽ എല്ലാമിപ്പോൾ വരുത്താമല്ലോ" എന്നു പറഞ്ഞു. അതു കേട്ടു് ആ ജനക്കൂട്ടത്തിൽ ഒരാൾ "ഞങ്ങൾക്കുവേണ്ടി അങ്ങിനെ ബുദ്ധിമുട്ടണമെന്നില്ല. ഇവിടെയിപ്പോൾ വാലിയക്കാരാരും ഇല്ലാതെയിരിക്കുന്നതുകൊണ്ടു മുറുക്കുസാമാനങ്ങൾ വാങ്ങാനും യജമാനൻതന്നെ പോകണമായിരിക്കുമല്ലോ" എന്നു പറഞ്ഞു. "നിങ്ങൾ ആതൊക്കെയെന്തിനറിയുന്നു? നിങ്ങൾ വേണമെങ്കിൽ മുറുക്കിക്കൊള്ളണം. അപ്പം തിന്നുന്നവർ കുഴിയെണ്ണുന്നതെന്തിനാണു്?" എന്നു കുത്താവു പറഞ്ഞപ്പോഴയ്ക്കും എവിടെനിന്നോ എന്തോ മുറുക്കാനുള്ള സാധനങ്ങളെല്ലാം പെട്ടിയിൽ നിറഞ്ഞുകഴിഞ്ഞു. ഒന്നാന്തരം ചെറില, അടയ്ക്ക, പുകയില്ല, നൂറു്, ഏലത്തരി, ഗ്രാമ്പൂവു്, വാൽമുളകു്, ജാതിക്ക, ജാതിപത്രി മുതലായവയെല്ലാം കണ്ടു് ആ ജനങ്ങൾ പൂർവ്വാധികം വിസ്മയിക്കുകയും ആവശ്യമുള്ളവരൊക്കെ മുറുക്കിയതിന്റെ ശേഷം എല്ലാവരും കുത്താവിനെ വന്ദിച്ചു യാത്ര പറഞ്ഞു പോവുകയും ചെയ്തു.

വിശേഷിച്ചു വല്ലവരുമുള്ളപ്പോൾ ഒരു സാധനവും കുഞ്ഞുക്കുത്താവു വാലിയക്കാരെയും മറ്റും പറഞ്ഞയച്ചു വരുത്തുകപതിവില്ല. ആവശ്യമുള്ളതെല്ലാം താനെ അവിടെ വന്നുകൊള്ളും. അങ്ങിനെയാണു് പതിവു്. ഈ സാമാനങ്ങളെല്ലാം ആവശ്യംപോലെ കൊണ്ടുവന്നു കൊടുക്കുന്നതു കുഞ്ഞുക്കുത്താവു സേവിച്ചു പ്രത്യക്ഷമാക്കീട്ടുള്ള കൂട്ടിച്ചാത്തന്മാരാണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

Digitized By Kerala Sahitya Akademi

കുഞ്ഞുക്കുത്താവിന്റെ അത്ഭുതകർമ്മങ്ങൾ ഇങ്ങിനെ ഇനിയും വളരെപ്പറയാനുണ്ട്. അവ മിക്കവാറും കയ്പഴത്തമ്പാന്റെ വിദ്യകളെ അനുകരിക്കുന്നവയാകയാലും ലേഖനഭൈഗല്ല്യത്തെ ഭയപ്പെട്ടും ഇനി അധികം വിസ്തരിക്കുന്നില്ല. ദേവാസുരയുദ്ധത്തിൽ സഹായിക്കുന്നതിനു ചെല്ലുവാനായിട്ടു ക്ഷണക്കത്തു വാങ്ങുവാൻവേണ്ടി ആകാശമാർഗ്ഗത്തിങ്കൽനിന്നു ദേവേന്ദ്രൻ കയ്പഴത്തമ്പാന്റെ പേർക്കയയ്ക്കാറുള്ളതുപോലെ കുഞ്ഞുക്കുത്താവിന്റെ പേർക്കും അയയ്ക്കാറുണ്ട്. തമ്പാനെപ്പോലെ കുത്താവും വാങ്ങുവാൻവേണ്ടി പിടിച്ചുതന്നെ സ്വർഗ്ഗത്തിലേയ്ക്കു കയറിപ്പോവുകയും മറും പലപ്പോഴും ഉണ്ടായിട്ടുമുണ്ട്. തമ്പാൻ തിരുവിതാംകൂർ മഹാരാജാവിന്റെ തിരുമുമ്പിൽവെച്ചാണെന്നും കുത്താവു കൊച്ചി വലിയ തമ്പുരാന്റെ തിരുമുമ്പിൽവെച്ചാണെന്നും മാത്രമേ വ്യത്യാസമുള്ളൂ. രണ്ടുപേർ കാണിച്ചതാണെങ്കിലും ഒരുപോലെയുള്ള രണ്ടു സംഗതികൾ പ്രത്യേകം പ്രത്യേകം വിചാരിക്കുന്നതു് അനാവശ്യമാണല്ലോ.

•കുഞ്ഞുക്കുത്താവു വൈദ്യം വകയായും മന്ത്രവാദം വകയായും ഇന്ദ്രജാലം വകയായും അസ്ത്രശസ്ത്രപ്രയോഗങ്ങൾ സംബന്ധിച്ചുള്ളവയായും സേവാമാർഗ്ഗങ്ങൾ വിവരിക്കുന്നവയായും മറും അനേകം ഗ്രന്ഥങ്ങൾ പരദേശത്തുനിന്നു സമ്പാദിച്ചുകൊണ്ടുവന്നു സ്വഗൃഹത്തിൽ സൂക്ഷിച്ചുവെച്ചിരുന്നു. അദ്ദേഹം ഒഴിവുണ്ടായിരിക്കുന്ന സമയങ്ങളിൽ അനന്തരവന്മാരിൽ ചിലർ ആ ഗ്രന്ഥങ്ങളെടുത്തുനോക്കി സ്വകാര്യമായി ചില വിദ്യകൾ പഠിച്ചുതുടങ്ങി. കുറച്ചു കാലത്തേയ്ക്കു കുഞ്ഞുക്കുത്താവു് അനന്തരവരുടെ ഈ കളവു് അറിഞ്ഞില്ല. കുറച്ചു കഴിഞ്ഞപ്പോൾ ഇതറിയുന്നതിനു ചില കാരണങ്ങളുണ്ടായി.

ചെരാനല്ലൂർ കുത്താവിന്റെ ഗൃഹമിരിക്കുന്ന പുരയിടത്തിന്റെ കിഴക്കുവശം കുമ്പളം, വെള്ളരി, മത്ത മുതലായവ കൃഷി ചെയ്യുന്നതിനു കൊള്ളാവുന്ന സ്ഥലമാണു്. അവിടെ ഓരോണ്ടുതോറും പതിവായി മേല്പറഞ്ഞവ കൃഷി ചെയ്യാറുണ്ടായിരുന്നു. കുഞ്ഞുക്കുത്താവു് അവിടെയുള്ളപ്പോൾ അദ്ദേഹം കാല

Digitized By Kerala Sahitya Akademi

ത്തെ എഴുന്നേറ്റ് അവിടെച്ചെന്ന നോക്കി കുമ്പളം, മത്ത മുതലായവയുടെ ഫലപുഷ്ടി കണ്ടാനന്ദിക്കുക പതിവായിരുന്നു. ആ പതിവനുസരിച്ച് അദ്ദേഹം ഒരു ദിവസം കാലത്തു ചെന്ന നോക്കിയപ്പോൾ ഒരു കുമ്പളങ്ങയിന്മേൽ ത്രുപാവട്ടത്തിൽ മറുപുറം തുളഞ്ഞുതായ ഒരു ദ്വാരം കണ്ടു. ഇതെന്തെന്ന സംശയിച്ചു പരിശോധിച്ചപ്പോൾ എല്ലാത്തിന്മേലും അങ്ങിനെ കാണുരാ ദ്വാരംവീതം കാണുകയാൽ അനന്തരവരെ വിളിച്ച് ഇതിന്റെ കാരണമെന്തെന്ന ചോദിച്ചു. അപ്പോൾ ഒരനന്തരവൻ "ഞാൻ അസ്ത്രശാസ്ത്രഗ്രന്ഥമെടുത്തു നോക്കിയപ്പോൾ ഒരു പ്രയോഗം കണ്ടു. ആ വിദ്യ ഫലിക്കുമോ എന്നു പരീക്ഷിച്ചുനോക്കുവാനായി തെങ്ങിന്റെ ഈക്കിൽകൊണ്ട് ഒരസ്ത്രമുണ്ടാക്കി പ്രയോഗിച്ചതാണ്. ഞാൻ ഒന്നിന്മേൽ മാത്രമേ എയ്തുനോക്കിയുള്ളൂ" എന്നു പറഞ്ഞു. അതു കേട്ട കുഞ്ഞുക്കുത്താവ്, ഗുരുപദേശം കൂടാതെ ഗ്രന്ഥത്തിൽ കാണുന്നവ പ്രയോഗിച്ചു തുടങ്ങിയാൽ അനർത്ഥങ്ങളുണ്ടായേയ്ക്കും; അതിനാൽ അങ്ങിനെ ചെയ്യരുതു്" എന്നു മാത്രം മറുപടി പറഞ്ഞു.

പിന്നൊരനന്തരവൻ സേചാക്രമഗ്രന്ഥമെടുത്തു നോക്കി ചില മന്ത്രങ്ങൾ പഠിച്ചുകൊണ്ടു ഹനുമാനെസ്സേവ തുടങ്ങി. ഒടുക്കം അയാൾക്കു ഭ്രാന്തു പിടിച്ചു. അതുകൂടിയായപ്പോൾ കുഞ്ഞുക്കുത്താവു് "ഈ ഗ്രന്ഥങ്ങൾ ഇവിടെ പെച്ചിരുന്നാൽ ഇനി ഇതിനേക്കാൾ വലിയ അനർത്ഥങ്ങളും ഉണ്ടായേയ്ക്കും" എന്നു വിചാരിച്ച് അവയെല്ലാമെടുത്തു പുട്ട നശിപ്പിച്ചുകളഞ്ഞു. ആ ഭ്രാന്തു പിടിച്ച ആളുടെ ബാധയെ പിടിച്ചു ചിറവൂർ ക്ഷേത്രത്തിന്റെ മുൻവശത്തുള്ള ആൽത്തറയ്ക്കൽ കുടിയിരുത്തുകയും ചെയ്തു.

ചേരാനല്ലൂർ കുത്താവിന്റെ വകയായി ചിറവൂർ എന്ന ദേശത്തു് ഒരു ക്ഷേത്രമുണ്ടു്. ഗുരുവായൂരപ്പനെത്തന്നെയാണു് അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. ചേരാനല്ലൂർക്കുത്താവിനുണ്ടായിട്ടുള്ള ശ്രേയസ്സുകൾക്കൊക്കെ പ്രധാനകാരണം ആ സ്വാമിയാണു്. കുഞ്ഞുക്കുത്താവു് ആ ക്ഷേത്രത്തിൽ മൂന്നു പ്രാ

Digitized By Kerala Sahitya Akademi

വശ്യം അതിനിഷ്ടയോടുകൂടി സംവത്സരഭജനം നടത്തീട്ടുണ്ട്. മൂന്നാമത്തെ സംവത്സരഭജനം കഴിഞ്ഞതിൽപ്പിന്നെയാണ് അദ്ദേഹത്തിന്റെ കീർത്തി ലോകത്തിൽ സർവ്വത്ര വ്യാപിച്ചതു്. ഇനി ആ ക്ഷേത്രമുണ്ടായതു് എങ്ങിനെയെന്നുകൂടി പറഞ്ഞിട്ട് ഈ ഉപന്യാസം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

ഇളമുക്കാരനായിരുന്ന ഒരു ചേരാനല്ലൂർക്കുത്താവു ഗുരുവായൂർപ്പെന്ന ഭക്തിപൂർവ്വം സ്വാമിയെപ്പൂജിച്ചു താമസിച്ചിരുന്നു. അങ്ങിനെ പത്തുപന്ത്രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ കാരണവർ മരിച്ചുപോവുകയാൽ ഈ കുത്താവിന്നു തറവാട്ടിൽ പോകേണ്ടിവന്നു. തറവാട്ടിൽ മുത്തയാൾ നടത്തേണ്ടതായ അനേകം കാര്യങ്ങളുള്ളതിനാൽ അദ്ദേഹം തറവാട്ടിൽ വന്നു താമസിക്കണമെന്നു പറഞ്ഞു് ആളുകൾ ചെന്നു. അപ്പോൾ അദ്ദേഹത്തിന്നു ഗുരുവായൂരപ്പന്റെ സന്നിധിയിൽനിന്നു വിട്ടുപിരിയുന്ന കാര്യം ഏറ്റവും വ്യസനകരമായിത്തീർന്നു. തറവാട്ടിൽ വന്നു താമസിക്കാതെയിരിക്കാൻ നിവൃത്തിയില്ലാതെയും വന്നു. അതിനാൽ അദ്ദേഹം വല്ലാതെ വിഷണ്ണനായിഭവിച്ചു. "എന്റെ ഗുരുവായൂരപ്പാ! ഞാനെന്താണ് ചെയ്യേണ്ടതു്? അവിടുന്നുതന്നെ ഇതിന്നൊരു നിവൃത്തിയുണ്ടാക്കിത്തരണം" എന്നു വിചാരിച്ചുകൊണ്ടു രാത്രിയിൽ കിടന്നുറങ്ങിയപ്പോൾ കുത്താവിന്നു് ഒരു സ്വപ്നമുണ്ടായി. "നീ ഒട്ടും വ്യസനിക്കേണ്ട; നാളെത്തന്നെ സ്വഗൃഹത്തിലേയ്ക്കു പൊയ്ക്കൊള്ളുക. ഞാൻ അവിടെ വന്നുകൊള്ളാം. അവിടെ ഒരു നല്ല സ്ഥലം നോക്കി ക്ഷേത്രം പണിയിക്കുകയും സുമുഹൂർത്തത്തിൽ പ്രതിഷ്ഠ നടത്തിക്കയും ചെയ്യണം. എന്റെ സാന്നിദ്ധ്യം അവിടെയുണ്ടായിരിക്കും. പ്രതിഷ്ഠയ്ക്കു സമയമാകുമ്പോൾ അവിടെ വരുന്ന തന്ത്രിയെക്കൊണ്ടു പ്രതിഷ്ഠ നടത്തിക്കണം. മുൻകൂട്ടി ആരോടും പറയണമെന്നില്ല" എന്നൊരാൾ അടുക്കൽച്ചെന്നു പറഞ്ഞതായിട്ടാണ് കുത്താവു സ്വപ്നം കണ്ടതു്. ഇതു ഗുരുവായൂരപ്പൻ അരുളിച്ചെയ്തതുതന്നെയാണെന്നു വിശ്വസിച്ചു കുത്താവു പിറേദ്ദിവസംതന്നെ സ്വദേശത്തേയ്ക്കു പോന്നു.

Digitized By Kerala Sahitya Akademi

കത്താവു സ്വഗൃഹത്തിലെത്തിത്താമസം തുടങ്ങീട്ട് അധികം താമസിയാതെതന്നെ സ്ഥലം നോക്കി നിശ്ചയിച്ചു ക്ഷേത്രം പണി നടത്തിക്കുകയും പ്രതിഷ്ഠിക്കാനുള്ള വിഗ്രഹമുണ്ടാക്കിച്ചുവെയ്ക്കുകയും മുഹൂർത്തം നോക്കിച്ചു നിശ്ചയിക്കുകയും പ്രതിഷ്ഠയ്ക്കു വേണ്ടുന്ന ഉപകരണങ്ങളെല്ലാം ശേഖരിക്കുകയും ചെയ്തു, തന്ത്രി വരാനായി കാത്തിരുന്നു.

അക്കാലത്തു ചേന്നാസ്സുനമ്പൂതിരിപ്പാട്ടിലേയ്ക്കും ഒരു സ്വപ്നമുണ്ടായി. "ചേരാനല്ലൂർ കത്താവു ചിറ്റൂർദേശത്തു് ഒരു ക്ഷേത്രം പണിയിച്ചു, പ്രതിഷ്ഠയെല്ലാം വട്ടംകൂട്ടി വെച്ചുകൊണ്ടിരിക്കുന്നു. മുഹൂർത്തം ഇന്നുച്ചയ്ക്കാണു്. അതിനു തക്കവണ്ണം അവിടെച്ചെന്നു പ്രതിഷ്ഠ നടത്തണം" എന്നായിരുന്നു സ്വപ്നം. അതനുസരിച്ചു നമ്പൂരിപ്പാട് അവിടെയെത്തുകയും നിശ്ചിതമുഹൂർത്തത്തിൽത്തന്നെ പ്രതിഷ്ഠ നടത്തുകയും ചെയ്തു. കത്താവു തന്ത്രിയ്ക്കു ദക്ഷിണ ചെയ്തതു് ഒരു പൊൻകിണ്ണം നിറയെ വിൽക്കാശായിരുന്നു. കിണ്ണം നിറയെ വിൽക്കാശു കൊണ്ടുചെന്നു തന്ത്രിയുടെ മുൻപിൽ ചൊരിഞ്ഞിട്ടു കിണ്ണം തിരിയെക്കൊണ്ടുപോന്നു. തന്ത്രി കത്താവിനോട് "എല്ലാം വളരെ ഭംഗിയായി. ഈ ക്ഷേത്രത്തിൽ ഗുരുവായൂരപ്പന്റെ സാന്നിദ്ധ്യം എന്നും വേണ്ടതുപോലെ ഉണ്ടായിരിക്കും" എന്നു സന്തോഷസമേതം പറഞ്ഞു് അനുഗ്രഹിച്ചു. അപ്പോൾ കത്താവു്, "ഈ ക്ഷേത്രം കാലക്രമേണ ഗുരുവായൂർ ക്ഷേത്രത്തെ അതിശയിക്കും, ഇല്ലേ?" എന്നു ചോദിച്ചു. "ഇതില്ല; അതിലൊരു പടി താഴെയായിരിക്കുമെ ഉള്ളൂ" എന്നു തന്ത്രി പറഞ്ഞപ്പോൾ "അതെന്തുകൊണ്ടാണു്?" എന്നു കത്താവു ചോദിച്ചു. അപ്പോൾ തന്ത്രി "ആ പൊൻകിണ്ണത്തോടുകൂടിത്തന്നെ ദക്ഷിണ ചെയ്തിരുന്നുവെങ്കിൽ കത്താവു വിചാരിച്ചതുപോലെതന്നെ ആകുമായിരുന്നു. അങ്ങിനെ ചെയ്തില്ലല്ലോ. അതുകൊണ്ടാണു്" എന്നു പറഞ്ഞു. കത്താവു് ആ പൊൻകിണ്ണംകൂടി എടുത്തു കൊണ്ടുചെന്നുകൊടുത്തു. തന്ത്രി അതു സ്വീകരിച്ചില്ല. "എനിക്കു മനസ്സോടുകൂടി തന്നതു മതി. അതിലു

Digitized By Kerala Sahitya Akademi

ധികം ആവശ്യമില്ല" എന്നു പറഞ്ഞു, തന്ത്രിനമ്പൂതിരിപ്പാട പോവുകയും ചെയ്തു. ഇപ്രകാരമാണ് ആ ക്ഷേത്രത്തിന്റെ ഉത്ഭവം. ഇവിടത്തെ ദേവനെ ചേരാനല്ലൂർ കുത്താക്കുന്നാർ ആവരുടെ കുലപരദേവതയായി ഇപ്പോഴും ആചരിച്ചുവരുന്നുമുണ്ട്.

൫൦. കൊട്ടാരക്കരഗ്രാശാല

തിരുവിതാംകൂറിൽ കൊല്ലം ഡിവിഷനിൽപ്പെട്ട കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര എന്ന ദേശത്ത് ഒരു ശിവക്ഷേത്രമുണ്ട്. ഈ ക്ഷേത്രം പണ്ടു കൊട്ടാരക്കര (ഇളയിടത്തു സ്വരൂപം) രാജാവിന്റെ വകയായിരുന്നു. ആ സ്വരൂപത്തിലെ രാജാക്കന്മാർ ഈ ശിവനെ അവരുടെ പരദേവതയായിട്ടാണ് ആചരിക്കുകയും ആദരിക്കുകയും ചെയ്തുവന്നിരുന്നത്. കൊട്ടാരക്കര ദേശം തിരുവിതാംകൂറിലേയ്ക്ക് കൂട്ടുങ്ങിയതിനോടുകൂടി ഈ മഹാദേവക്ഷേത്രവും തിരുവിതാംകൂർ സർക്കാർവകയായിത്തീർന്നു. ആ ക്ഷേത്രത്തിന്റെ തെക്കുവശത്തു മതിൽക്കകത്തായി ഒരു ഗോശാല ഇപ്പോഴും കാണ്മാനുണ്ട്. അതിന്റെ ഉത്ഭവത്തെപ്പറ്റിയാണ് ഇവിടെ പറയാൻ ഭാവിക്കുന്നത്.

പണ്ടു ബ്രിട്ടിഷുമലബാർകാരനായ ഒരു നമ്പൂരി അനപത്യതനിമിത്തം വളരെ ദുഃഖിച്ച് അനേകം സൽക്കർമ്മങ്ങളും ദാനധർമ്മങ്ങളും ക്ഷേത്രങ്ങളിൽ വഴിപാടുകളും മറ്റും നടത്തിയതിന്റെ ഫലമായി ഒരു പുത്രസന്താനമുണ്ടായി. അപ്പോൾ ആ മാതാപിതാക്കന്മാർ വളരെ സന്തോഷിച്ചുവെങ്കിലും ആ സന്തോഷം അധികനാളുത്തയ്ക്കു നീണ്ടുനിന്നില്ല. ഉണ്ണിയുടെ ജാതകഫലം ചിന്തിച്ചതിൽ അദ്ദേഹം ഇരുപതാമത്തെ വയസ്സിൽ വിഷഭയമുണ്ടായി മരിക്കുമെന്നു സമർത്ഥന്മാരായ അനേകം ജ്യോത്സ്യന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. അതിനാൽ മാതാപിതാക്കന്മാർക്ക് സന്തോഷത്തിലധികം സന്താ

Digitized By Kerala Sahitya Akademi

ചമുണ്ടായിത്തീന്നു. "ഇതിനക്കാൾ നല്ലതു് ഉണ്ണി ഉണ്ടാകാതെയിരിക്കുകതന്നെയായിരുന്നു" എന്നു് അവക്കു തോന്നി. എങ്കിലും ആ ഉണ്ണി ക്രമേണ വളന്നുവരികയും അദ്ദേഹത്തിന്റെ ഉപനയനം സമാവത്തനം മുതലായവ യഥാകാലം അച്ഛൻ നമ്പൂരി നടത്തുകയും ചെയ്തു. യഥാക്രമം വേദാധ്യയനവും വിദ്യാഭ്യാസവും ചെയ്കയാൽ പതിനാറു വയസ്സു കഴിഞ്ഞപ്പോഴ്ക്കും ആ ബ്രാഹ്മണകുമാരൻ നല്ല വേദജ്ഞനും വിദ്വാനുമായിത്തീന്നു. ആകൃതികൊണ്ടും പ്രകൃതികൊണ്ടും മനോഹരനായ ആ ഉണ്ണിനമ്പൂരിയുടെ പ്രായത്തെ അതിക്രമിച്ചുള്ള വളർച്ചയും ദേഹപുഷ്ടിയും കണ്ടു മാതാപിതാക്കന്മാർ "ഇവൻ അല്പായുസ്സായിട്ടു പോകൻതന്നെ ഉണ്ടായവനാണു്" എന്നു വിചാരിച്ചു പ്രതിദിനം ദുഃഖിച്ചുകൊണ്ടിരുന്നു. മാതാപിതാക്കന്മാർ സദാ ദുഃഖിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം ആ ഉണ്ണിനമ്പൂരി കാലക്രമേണ മനസ്സിലാക്കുകയും "ഇതുകൊണ്ടു വിഷാദിക്കാനൊന്നുമില്ല. പതിനാറാമത്തെ വയസ്സിൽ മരിക്കാതെ മാർക്കണ്ഡനെ രക്ഷിച്ച ഈശ്വരൻ് എന്നെയും രക്ഷിക്കാൻ കഴിയും" എന്നു മനസ്സിൽ ദൃഢമായി നിശ്ചയിക്കുകയും അപ്പോൾമുതൽ അദ്ദേഹം വലിയ ഈശ്വരഭക്തനായിത്തീരുകയും ചെയ്തു.

അനന്തരം ആ ഉണ്ണിനമ്പൂരി ഇല്ലത്തുനിന്നിറങ്ങി, കേരളത്തിലുള്ള മഹാക്ഷേത്രങ്ങളിലെല്ലാം ചെന്നു സ്വാമിദർശനം ചെയ്തുകൊണ്ടു സഞ്ചരിച്ചു. അങ്ങിനെ ക്രമേണ അദ്ദേഹം ആറാനുള്ളെന്നുചൊന്നു ആറനുള്ളുഗവാനെ ഭജിച്ചുകൊണ്ടു് അദ്ദേഹം അവിടെ ഒരു മണ്ഡലം (നാല്പത്തൊന്നു ദിവസം) താമസിച്ചു. നാല്പത്തൊന്നാംദിവസം രാത്രിയിൽ അദ്ദേഹം അമ്പലത്തിൽ കിടന്നു് ഉറങ്ങിയ സമയം ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നു, "അങ്ങേയ്ക്കു് ഇപ്പോൾ ഇരുപതാമത്തെ വയസ്സായിരിക്കുന്നു. ഇവിടെത്താമസിച്ചാൽ ഫലസിദ്ധി ഉണ്ടാവുകയില്ല. ഇളയിടത്തു (കൊട്ടാരക്കര) മഹാദേവനെ ഭജിച്ചുകൊണ്ടു് അവിടെച്ചെന്നു താമസിക്കുക. ആ മഹാ

Digitized By Kerala Sahitya Akademi

ദേവൻ അങ്ങയുടെ ആപത്തൊഴിച്ചു രക്ഷിക്കും" എന്നു പറഞ്ഞതായി അദ്ദേഹത്തിനു തോന്നി. അദ്ദേഹം പെട്ടെന്നു കണ്ണു തുറന്നു നോക്കി. അപ്പോൾ അവിടെയെങ്ങും ആരെയും കണ്ടില്ല. ഇതു കരുണാനിധിയായ തിരുവാറന്മുളയപ്പൻതന്നെ അരുളിച്ചെയ്തതാണെന്നു വിശ്വസിച്ചുകൊണ്ട് അദ്ദേഹം അടുത്ത ദിവസംതന്നെ അവിടെനിന്നു പുറപ്പെട്ട കൊട്ടാരക്കരയെത്തി ഇളയിടത്തു മഹാദേവനെ ഭജിച്ചു തുടങ്ങി.

അങ്ങിനെ നാല്പതു ദിവസം കഴിഞ്ഞതിന്റെ ശേഷം ഒരു ദിവസം വൈകുന്നേരം ആ നമ്പൂരി സന്ധ്യാവന്ദനത്തിനായി അമ്പലത്തിൽനിന്നിറങ്ങി കുളത്തിലേയ്ക്കു പോയപ്പോൾ എവിടെനിന്നോ ഒരു കൂറ്റൻ സപ്പം ചീറിക്കൊണ്ട് അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു. അതുകണ്ടു നമ്പൂരി "കാ! നമ്മുടെ ജാതകഫലമനുഭവിക്കാനുള്ള കാലമായിരിക്കുമോ? ഇതിനെത്തടുക്കാൻ മഹാദേവനു ശക്തിയില്ലെങ്കിൽ അനുഭവിക്കുകതന്നെ. സപ്തഭ്രഷ്ണനായ സർവ്വേശ്വരനും ഒരു സപ്പത്തെത്തടുക്കാൻ നിവൃത്തിയില്ലാതെ വരികയില്ല" എന്നു വിചാരിച്ചുകൊണ്ടു കുളത്തിലിറങ്ങി സന്ധ്യാവന്ദനവും ജപവുമെല്ലാം നടത്തി. സപ്പം കുളക്കടവിൽ കയറ്റി ചെന്നുനിന്നു. നമ്പൂരി മറ്റൊരു വഴിയേ കയറ്റി കയറി, അമ്പലത്തിലെത്തി പ്രദക്ഷിണം ചെയ്തുതുടങ്ങി. അപ്പോൾ സപ്പം അവിടേയുമെത്തി അദ്ദേഹത്തെപ്പിൻതുടർന്നു. സപ്പം ഏറ്റവുമടുത്തപ്പോൾ നമ്പൂരി നടയിൽ ചെന്നു സാഷ്ടാംഗമായി നമസ്കരിച്ചുകൊണ്ട് അവിടെക്കിടന്നു. അപ്പോൾ ദീപാരാധനയ്ക്കു നട അടച്ചിരിക്കുകയായിരുന്നു. സപ്പം നമ്പൂരിയെ തൊട്ടു, തൊട്ടില്ല എന്ന സ്ഥിതിയിലായപ്പോൾ എവിടെനിന്നോ ഒരു പരുന്തു വന്നു് ആ സപ്പത്തെ റാഞ്ചി (പെട്ടെന്നു കൊത്തിയെടുത്തു)കൊണ്ടുപോയി. ദീപാരാധനയ്ക്കു നട തുറന്നപ്പോൾ നമ്പൂരി എണീറ്റു. അപ്പോൾ സപ്പത്തെ അവിടെയെങ്ങും കണ്ടില്ല. സപ്പത്തെ പരുന്തു കൊന്നു് അമ്പലത്തിന്റെ മതിൽക്കു പുറത്തു പടിഞ്ഞാറുവശത്തായി ഒരു സ്ഥലത്തു കൊണ്ടുപോയി ഇട്ടതായി കണ

Digitized By Kerala Sahitya Akademi

ങ്ങൾ പറഞ്ഞു് അദ്ദേഹം കേൾക്കുകയും മഹാദേവന്റെ കൃപ കൊണ്ടു തന്റെ ആപത്തു് ഇങ്ങിനെ കഴിഞ്ഞു എന്നു വിശ്വസിക്കുകയും ചെയ്തു.

അടുത്ത ദിവസംതന്നെ നമ്പൂരി സ്വദേശത്തേയ്ക്കു പുറപ്പെടുകയും ഇല്ലത്തെത്തി വിവരം മാതാപിതാക്കന്മാരെ അറിയിക്കുകയും അവർ അത്യന്തം സന്തോഷിക്കുകയും ചെയ്തു. അനന്തരം നമ്പൂരി ഏതാനും പണവുംകൊണ്ടു വീണ്ടും കൊട്ടാരക്കര എത്തുകയും രാജാവിന്റെ അനുവാദപ്രകാരം ചില കരിങ്കൽപ്പണികളോടുകൂടി മഹാദേവക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യിക്കുകയും അതിന്റെ തെക്കുവശത്തു കരിങ്കല്ലുകൊണ്ടുതന്നെ പുത്തനായി ഒരു ഗോശാല പണിയിക്കുകയും ചെയ്തു. ആ ഗോശാല തറമുതൽ മുഴുവനും മുകളിലത്തെ മേച്ചിൽകൂടിയും കരിങ്കല്ലുകൊണ്ടാണു് പണികഴിപ്പിച്ചിട്ടുള്ളതു്. ഗോശാലയുടെ വടക്കുവശമൊഴിച്ചു മൂന്നു വശങ്ങളും കരിങ്കല്ലുകൊണ്ടുതന്നെ ഭിത്തികെട്ടി അടവാക്കീട്ടുണ്ടു്. ഈ ഗോശാല പണിയിച്ചതു കൊല്ലം ൯൦൦-ാമാണ്ടിലാണെന്നാണു് കേൾവി. അതിനു് ഇപ്പോഴും യാതൊരു കേടും സംഭവിച്ചിട്ടില്ല. സപ്തം ചത്തു വീണ സ്ഥലത്തു് ആ നമ്പൂരി ഒരു നാഗപ്രതിഷ്ഠ നടത്തിക്കുകയും അവിടം കാലക്രമേണ ഒരു സർപ്പക്കാവായിത്തീരുകയും ചെയ്തു. ആ സർപ്പക്കാവു് ഇപ്പോൾ അവിടെക്കാണ്മാനുണ്ടു്.

മേൽപ്പറഞ്ഞ ഗോശാല ഇപ്പോൾ വലിയ ഉപയോഗമൊന്നുമില്ലാതെയാണു് കിടക്കുന്നതു്. എങ്കിലും ഉടമസ്ഥന്മാർക്കു പിടികൊടുക്കാതെ രാത്രികാലങ്ങളിൽ കന്നുകാലികളുടെ വിളവിൽക്കയറി തിന്നു നശിപ്പിച്ചുനടക്കുന്ന ചില കന്നുകാലികൾ ചിലപ്പോൾ ഇപ്പോഴും അവിടെ ചെന്നു കിടക്കാറുണ്ടു്. അതിനാൽ ആ ശാല പണിയിച്ച ആളുടെ ഉദ്ദേശം കേവലം നിഷ്ഫലമായിപ്പോയി എന്നു പറയാൻ പാടില്ല. ഇതുപണിയിച്ച നമ്പൂരിയുടെ ഇല്ലപ്പേരു് 'പറമ്പിൽ' എന്നാണെന്നു ചിലരും 'പറമ്പൂർ' എന്നാണെന്നു മറ്റു ചിലരും പറയുന്നു. ഈ ഗോ

Digitized By Kerala Sahitya Akademi

ശാല കൊല്ലം ഫറൻഷ്യാമാണ്ടിടയ്ക്കു പുരാതനസാധനാനേപ ഷിയായ മിസ്സർ ഗോപീനാഥറാവു സന്ദർശിക്കുകയും പഴമപ രിചയമുള്ള ചില വൃദ്ധന്മാരോട് ഇതിനെപ്പറ്റി ചോദിച്ചു ചില വിവരങ്ങൾ അറിയുകയും ചെയ്തിട്ടുണ്ട്.

൧൧. തേവലശ്ശേരി നമ്പി

തേവലശ്ശേരി നമ്പിയുടെ ഭവനം തിരുവിതാംകൂറിൽ പ്ര സിദ്ധപ്പെട്ട ചെങ്ങന്നൂർ ക്ഷേത്രത്തിൽനിന്നു സല്പം തെക്കു മാറിയായിരുന്നു. ഈ കുടുംബക്കാരെ 'തേവലശ്ശേരിത്താൻ' എ ന്നും പറഞ്ഞിരുന്നു. ഇവർ അമ്പലവാസിവർഗ്ഗത്തിലുൾപ്പെട്ട ഒരു ജാതിക്കാരാണു്. ഇവർക്കു പാരമ്പര്യമായിട്ടുള്ള കുലവിദ്യ മന്ത്രവാദമായിരുന്നു. ഇവരുടെ കുടുംബം വകയായി. ആറന്മുള വടക്കേക്കരെ നെടുപ്രയാർ എന്ന ദേശത്തു് ഏതാനും സ്ഥാവ രവസ്തുക്കളും ഒരു കളരിയുമുണ്ടു്. ആ കളരിയിൽ പ്രതിഷ്ഠിക്ക പ്പെട്ടിരിക്കുന്ന മൂർത്തി ഭദ്രകാളിയാണു്. തേവലശ്ശേരി നമ്പിയു ടെ ഗൃഹത്തിലുണ്ടാകുന്ന പുരുഷന്മാരെല്ലാവരും ഉപനയനവും സമാവർത്തനവും കഴിഞ്ഞാൽ അവിടെച്ചെന്നു് ഒരു സംവത്സ രക്കാലം ഭജിച്ചു പാർക്കുക മുമ്പിനാലുള്ള പതിവാണു്. അ ക്കാലത്താണു് അവർ മന്ത്രവാദം പഠിക്കുകയും മന്ത്രദീക്ഷ നിർവ്വ ഹിക്കുകയും മന്ത്രസിദ്ധി വരുത്തുകയും പതിവു്. ആ കാലത്തു് അവരെ മന്ത്രവാദഗ്രന്ഥങ്ങൾ നോക്കിക്കുന്നതിനും പഠിപ്പിക്കു ന്നതിനും ഉപദേശിക്കുന്നതിനും മറ്റുമായി ഗൃഹത്തിൽനിന്നു വയോവൃദ്ധന്മാരും വിദ്യാവൃദ്ധന്മാരുമായിട്ടുള്ളവരിൽ ഒരാൾ കൂടെ അവിടെച്ചെന്നു പാർക്കുകയും പതിവാണു്. ഇങ്ങിനെ ആ സംവത്സരഭജനം കഴിഞ്ഞതിനു ശേഷമേ അവർ മന്ത്രവാദം ചെയ്തു തുടങ്ങാറുള്ളൂ.

തേവലശ്ശേരിക്കുടുംബത്തിൽ കടവിൽ ശേഷിച്ചിരുന്ന ആളായ ദാമോദരൻനമ്പിയേക്കുറിച്ചാണു് ഇവിടെ വിവരിക്കു

Digitized By Kerala Sahitya Akademi

വാൻ ഭാവിക്കുന്നതു്. ഇദ്ദേഹം പൂവ്വാചാരപ്രകാരം നെടുംപ്ര യാറുകളരിയിൽ സംവത്സരഭജനവും മന്ത്രദീക്ഷയും നിവ്വി ഘ്നം നിവ്വഹിക്കുകയും മന്ത്രസിദ്ധി വരുത്തുകയും, മന്ത്രവാദം സംബന്ധിച്ച മന്ത്രസാരം, യന്ത്രസാരം, പ്രപഞ്ചസാരം, പ്ര യോഗസാരം, ശാരദാതിലകം മുതലായി അനേകം ഗ്രന്ഥ ങ്ങൾ നോക്കിപ്പഠിച്ച ഹൃദിസ്ഥമാക്കുകയും പൂവ്വികന്മാരോടു് ഉപദേശവും അനുഗ്രഹവും വാങ്ങുകയും ചെയ്തിരുന്നതുകൂടാ തെ സംസ്കൃതഭാഷയിൽ അപാരമായ പാണ്ഡിത്യവും സമ്പാ ദിച്ചിരുന്നു. ഇദ്ദേഹം മന്ത്രവാദം സംബന്ധിച്ച പ്രവർത്തിച്ചി ട്ടുള്ള അത്ഭുതകർമ്മങ്ങൾക്കു് അവസാനമില്ല. അദ്ദേഹത്തി ന്റെ പ്രസിദ്ധി ഭൂലോകത്തിൽ സർവ്വത്ര പ്രസരിച്ചിരുന്നു. ഐ തിഹ്യമാല രണ്ടാംഭാഗത്തിൽ നാലേക്കാട്ടു പിള്ളമാരെക്കുറിച്ചു വിവരിച്ചിട്ടുള്ള 12-ാം ഉപന്യാസത്തിൽ യോഗീശ്വരൻ രാ മൻപിള്ളയുടെ ഭാര്യയെ ബാധിച്ചിരുന്ന ഗന്ധർവ്വനെ കഴിച്ചു തായി പറയപ്പെട്ടിരിക്കുന്ന 'തേവലശ്ശേരിത്താൻ' ഈ മഹാൻ തന്നെയാണെന്നു വായനക്കാർ മനസ്സിലാക്കിക്കൊള്ളേണ്ട താണു്.

രാമോദരൻനമ്പിയുടെ ജനനം 930-മാണ്ടാണെന്നാണു് കേട്ടിട്ടുള്ളതു്. ഇദ്ദേഹത്തിനു മന്ത്രവാദത്തിൽ മാത്രമല്ല, വൈ ദ്യം ഇന്ദ്രജാലം മുതലായവയിലും അസാമാന്യമായ പാണ്ഡി ത്യമുണ്ടായിരുന്നു. ഇദ്ദേഹം നെടുംപ്രയാറുകളരിയിലെ സംവ ത്സരഭജനം നിവ്വഹിച്ചതിന്റെ ശേഷം മൂന്നു സംവത്സരക്കാ ലം മൌനവ്രതമായി സ്വഗൃഹത്തിൽ നിലവറയിലിരുന്നു ഭ ഗവതിയെ സേവിച്ചു. അക്കാലത്തു് അദ്ദേഹത്തിന്റെ കളി ഏഴരനാഴികവെളുപ്പാനുള്ളപ്പോഴും അസ്തമിച്ചു് പത്തു നാഴിക രാപ്പെന്നതിന്നു ശേഷവുമായിരുന്നു പതിവു്. ഈ മൂന്നു സംവ ത്സരക്കാലത്തിനിടയ്ക്കു് അദ്ദേഹം സ്വന്തം ജ്യേഷ്ഠനേയും അ മ്മയേയുമല്ലാതെ മറ്റാരേയും ദർശിക്കുകപോലുമുണ്ടായിട്ടില്ല. ഈ മൂന്നു സംവത്സരത്തെ മൌനവ്രതാനുഷ്ഠാനം കഴിഞ്ഞതി ന്റെ ശേഷം അദ്ദേഹം നാല്പത്തൊന്നു ദിവസം ചെങ്ങന്നൂർ

Digitized By Kerala Sahitya Akademi

ക്ഷേത്രത്തിൽ പടിഞ്ഞാറെ നടയിലും ഭജനം നടത്തി. ഇത്രയു മൊക്കെ സാധിച്ചതിന്റെ ശേഷം പതിനെട്ടാമത്തെ വയസ്സി ലാണ് അദ്ദേഹം മന്ത്രവാദം ചെയ്യുതുടങ്ങിയതു്.

ഇപ്രകാരം തേവലശ്ശേരിനമ്പി മന്ത്രവാദം ചെയ്യുതുടങ്ങിയ കാലത്തു പരദേശത്തുനിന്നു് ഒരു സ്ത്രീ അച്ചൻകോവിലിൽ വന്നു ശാസ്താവിന്റെ ക്ഷേത്രത്തിൽ ഭജനമിരിക്കുന്നുണ്ടായിരുന്നു. ഒരു ബാധയുടെ ഉപദ്രവം കഴിക്കാനായിട്ടാണു് അവർ അവിടെ വന്നു ഭജനം തുടങ്ങിയതു്. അവിടെ ഒരു സംവത്സരം ഭജിച്ചിട്ടും ബാധ കഴിഞ്ഞുപോകായ്കയാൽ ആ സ്ത്രീയുടെ ഉടമസ്ഥന്മാർ പിന്നെ മന്ത്രവാദികളെ അന്വേഷിച്ചു തുടങ്ങി. അപ്പോൾ തേവലശ്ശേരി നമ്പി വലിയ മന്ത്രവാദിയാണെന്നും അദ്ദേഹം ഏതു ബാധയേയും കഴിക്കുമെന്നും മറ്റും ചിലർ പറഞ്ഞറിയുകയാൽ അവർ, ആ സ്ത്രീയേയും കൊണ്ടു ചെങ്ങന്നൂക്കു പുറപ്പെട്ടു.. അവർ നമ്പിയേക്കണ്ടു വിവരം പറഞ്ഞപ്പോൾ "ആട്ടെ, പന്ത്രണ്ടുദിവസം ചെങ്ങന്നൂർ പടിഞ്ഞാറേനടയിൽ ഭജനമിരിക്കട്ടെ. അതു കഴിഞ്ഞിട്ടു പിന്നെ എന്തെങ്കിലും വേണമെങ്കിൽ ചെയ്യാം" എന്നാണു് അദ്ദേഹം പറഞ്ഞതു്. അതിനാൽ ആ സ്ത്രീയെ പടിഞ്ഞാറെ നടയിൽ കൊണ്ടുപോയി ഭജനമിരുത്തി. ഭജനമായിപ്പാത്ത പന്ത്രണ്ടുദിവസവും ആ സ്ത്രീ സദാ ചിരിച്ചുകൊണ്ടുതന്നെ ഇരുന്നിരുന്നു. സന്ധ്യാസമയത്തു നമ്പി പതിവായി തൊഴാൻ ചെല്ലുമ്പോൾ ആ സ്ത്രീ അദ്ദേഹത്തിന്റെ നേരെ നോക്കി കണ്ണുരുട്ടുകയും പതിവായിരുന്നു. പന്ത്രണ്ടാംദിവസം സന്ധ്യയ്ക്കു നമ്പി തൊഴാൻ ചെന്നപ്പോൾ ആ സ്ത്രീ പതിവിലധികം ക്രൂക്ഷതയോടുകൂടി നമ്പിയുടെ നേരെ തുറിച്ചുനോക്കുകയും വിശേഷാൽ ചില ഗോഷ്ടികൾകൂടി കാണിക്കുകയും ചെയ്തു. ഉടനെ നമ്പി ശാന്തിക്കാരനെ വിളിച്ചു "ഇന്നിന്ന മന്ത്രങ്ങൾകൊണ്ടു് ഇത്രയിത്ര ഉരുവീതം പുഷ്പാഞ്ജലി ചെയ്യണം. അതു കഴിയുമ്പോഴയ്ക്കും ഞാനൊന്നു പോയിവരാം" എന്നു പറഞ്ഞു ചട്ടംകെട്ടീട്ടു് അവിടെനിന്നു പോയി.

Digitized By Kerala Sahitya Akademi

നമ്പി സ്വഗൃഹത്തിൽച്ചെന്നു നിലവറയിലിറങ്ങി ചില മന്ത്രങ്ങൾ ജപിച്ചുകൊണ്ട് അവിടെ മൂന്നേമുക്കാൽ നാഴിക ഇരുന്നതിന്റെ ശേഷം താൻ പതിവായി ചെയ്തുപൂജിച്ചിരുന്ന പൂരൽവടിയുമെടുത്തുകൊണ്ടു വീണ്ടും അമ്പലത്തിലെത്തി. നമ്പിയേക്കണ്ടപ്പോൾ ആ സ്ത്രീ പിന്നെയും തുറിച്ചു നോക്കുകയും ഗോഷ്ടികൾ കാട്ടുകയും "എന്താ വടികൊണ്ടു വന്നിരിക്കുന്നത്? എന്നെ അടിച്ചോടിക്കാമെന്നു വിചാരിച്ചായിരിക്കും, അല്ലേ? എന്നാൽ അടികൊള്ളുന്നതും കാടുന്നതുമാരാണെന്നു കുക്കം നമുക്കറിയാം" എന്നും മറും പറയുകയും ചെയ്തുതുടങ്ങി. നമ്പി അതൊന്നും കണ്ടതായിട്ടും കേട്ടതായിട്ടും ഭാവിക്കാതെ അമ്പലത്തിനകത്തേക്കു ചെന്നു. അപ്പോഴേക്കും പുഷ്പാഞ്ജലി കഴിഞ്ഞിരുന്നതിനാൽ പ്രസാദം (പുഷ്പാഞ്ജലി കഴിച്ച പുവ്) വാങ്ങിക്കൊണ്ടു പുറത്തിറങ്ങി അമ്പലത്തിനു മൂന്നു പ്രദക്ഷിണംചെയ്തു വടിഞ്ഞാറെ നടയിലെത്തി. ആ സ്ത്രീ അപ്പോഴും ഗോഷ്ടികൾ കാട്ടുകയും മറും ചെയ്യുന്നുണ്ടായിരുന്നു. നമ്പി പുഷ്പാഞ്ജലിപ്രസാദം ആ സ്ത്രീയുടെ ശിരസ്സിലിട്ടിട്ടു പൂരൽവടി അവളുടെ കയ്യിൽ കൊടുത്തു. അപ്പോൾ തുള്ളിക്കൊണ്ട് ആ വടി വാങ്ങി തന്നത്താൻ അടിതുടങ്ങി. അങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ ആ സ്ത്രീ "അയ്യോ! ഞാൻ പൊയ്ക്കോള്ളാമെ. എന്റെ അമ്മ എന്നോടിങ്ങിനെ ചെയ്യുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എനിക്കു നിവൃത്തിയില്ലാതെയായിരിക്കുന്നു. അതിനാൽ ഞാൻ ഇനിയൊരിക്കലും ഈ ദേഹത്തെ ബാധിക്കയില്ലെന്നു സത്യംചെയ്ത് കഴിഞ്ഞുപോയ്ക്കോള്ളാം" എന്നു വിളിച്ചുപറഞ്ഞുതുടങ്ങി. ഉടനെ നമ്പി സത്യവാചകം പറഞ്ഞുകൊടുക്കുകയും ബാധ അപ്രകാരം സത്യംചെയ്ത് കഴിഞ്ഞുപോവുകയും സ്ത്രീ സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു. ആ സ്ത്രീയുടെ ഭർത്താവ് അമ്പലത്തിൽ അനേകം വഴിപാടുകൾ നടത്തുകയും നമ്പിക്കു പട്ടുകളും മുണ്ടുകളും പണവും മറുമായി അസംഖ്യം സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തിട്ടു സ്ത്രീയേയും കൊണ്ടു പരിവാരസമേതം സ്വദേശത്തേക്കു മടങ്ങിപ്പോയി.

Digitized By Kerala Sahitya Akademi

നമ്പി പട്ടം പണവുമെല്ലാം ചെങ്ങന്നൂർ ഭഗവതിക്ക വഴിപാ
ടായി നടയ്ക്കുവെച്ചിട്ടു മുണ്ടുകൾ മാത്രം സ്വഗൃഹത്തിലേയ്ക്ക
കൊണ്ടുപോവുകയും ചെയ്തു. ഈ മന്ത്രവാദം കഴിഞ്ഞപ്പോൾ
നമ്പിയുടെ കീർത്തി പരദേശങ്ങളിലും പൂർവ്വാധികം വ്യാപിച്ചു.

മന്ത്രവാദം സംബന്ധിച്ചു മോഹനം, സ്തംഭനം, ബന്ധ
നം, മാരണം, വിദ്വേഷണം, വശീകരണം, ആകർഷണം, ഉ
ച്ചാടനം മുതലായ പ്രയോഗങ്ങളെല്ലാം നമ്പികുറിയാമായിരു
ന്നു. എന്നല്ല, അദ്ദേഹത്തിനറിഞ്ഞുകൂടാത്തതായി ഒന്നുംതന്നെ
ഇല്ലായിരുന്നു എന്നു തീർച്ചയായിപ്പറയാം. യക്ഷി, ഗന്ധർവ്വൻ മു
തലായവരെ വരുത്തി അദ്ദേഹം പലരേയും പ്രത്യക്ഷമായി കാ
ണിച്ചിട്ടുണ്ട്. അദ്ദേഹം ഒന്നാന്തരം വൈദ്യനും അദ്വിതീയ
നായ വിഷവൈദ്യനുമായിരുന്നു. സിംഹവ്യാഘ്രാദികളായ ക്രൂ
രമൃഗങ്ങളെപ്പോലും അജ്ഞാനുസാരികളാക്കുന്നതിനുള്ള ശ
ക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ദാമോദരൻ നമ്പിയുടെ അ
ത്ഭുതകർമ്മങ്ങൾക്ക് ഒരു കയ്യുംകണക്കുമില്ല. വന്ധ്യകളെന്നു തീ
ർച്ചപ്പെടുത്തപ്പെട്ടവരും വയോവൃദ്ധകളുമായ അനേകം സ്ത്രീ
കൾ നമ്പിയുടെ ചികിത്സയും മന്ത്രവാദവുംകൊണ്ടു ഗർഭം ധ
രിക്കുകയും പ്രസവിക്കുകയും ചെയ്തിട്ടുണ്ട്. മരിച്ചവരെ ജീവി
പ്പിച്ചു കുറച്ചൂരം നടത്താനും രണ്ടുമൂന്നു വാക്കുകൾ സംസാരി
പ്പിക്കാനുംകൂടി അദ്ദേഹത്തിനു കഴിയുമായിരുന്നു. ആകപ്പാടെ
വിചാരിച്ചാൽ നമ്പി അമാനുഷപ്രഭാവനായ ഒരു ദിവ്യനായി
രുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

അത്യാവശ്യകാര്യങ്ങൾക്കായിട്ടല്ലാതെ നമ്പി സ്വഗൃഹ
ത്തിലെ നിലവറ വിട്ടു പുറത്തിറങ്ങാറില്ല. വെള്ളിയാഴ്ചയും
ചൊവ്വാഴ്ചയും രാവിലെ നെടുംപ്രയാറുകളരിയിൽ പോയി വ
ന്ദിക്കുകയും പ്രതിദിനം കാലത്തും വൈകുന്നേരവും ചെങ്ങ
ന്നൂർ പടിഞ്ഞാറേ നടയിൽച്ചെന്നു തൊഴുകയും അദ്ദേഹം ആ
ജീവനാന്തം പതിവായി നടത്തിയിരുന്നു. മന്ത്രവാദത്തിനും മ
റ്റുമായി ദൂരസ്ഥലങ്ങളിൽപ്പോയാലും ഈ പതിവു് അദ്ദേഹം
മുടക്കാറില്ല. എട്ടും പത്തും ദിവസത്തെ വഴിക്കപ്പുറത്തുള്ള

Digitized By Kerala Sahitya Akademi

സ്ഥലങ്ങളിൽപ്പോയി അദ്ദേഹം പത്തും പതിനഞ്ചും ദിവസം വീതം ചിലപ്പോൾ താമസിക്കാറുണ്ട്. അക്കാലങ്ങളിലും ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും രാവിലെ കളരിയിലും കാലത്തും വൈകുന്നേരവും ചെങ്ങന്നൂർ പടിഞ്ഞാറേ നടയിലും അദ്ദേഹത്തെ പതിവായിക്കണ്ടിരുന്നു. ഇതു സാധാരണ മനുഷ്യർക്കു സാദ്ധ്യമല്ലാത്ത ഒരു കായ്മാണല്ലോ.

മുൻകാലങ്ങളിൽ അടയ്ക്കാ, കവു (കഴു)ങ്ങിന്മൽ പഴുത്തു നിന്നാൽ സക്കാരിലേയ്ക്കു പറിപ്പിച്ചെടുക്കുകയല്ലാതെ കൂടികാൻ പറിച്ചെടുത്തുകൂടാ എന്നൊരേർപ്പാടുണ്ടായിരുന്നു. ഒരിക്കൽ നമ്പിയുടെ പുരയിടത്തിൽ വളരെ അടയ്ക്കാ പഴുത്തുനില്ക്കുന്നതായി അറിഞ്ഞു പാവ്വത്യക്കാർ, മുന്നിലക്കാരൻ, ചേരുമാനക്കാരൻ മുതലായവർ പഴുക്കാ പറിപ്പിക്കുന്നതിനായി അവിടെച്ചെന്നു. കവുങ്ങിന്മേൽ കയറുന്നതിനു വേറെ ആരേയും കിട്ടായ്കയാൽ ചേരുമാനക്കാരൻതന്നെ കയറിത്തുടങ്ങി. അപ്പോൾ നമ്പി നിലവറയിൽ ധ്യാനം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ നമ്പിയുടെ അമ്മ നിലവറവാതിൽക്കൽച്ചെന്നു "നമ്മുടെ പഴുക്കാപ്പാക്കെല്ലാം പറിച്ചുകൊണ്ടുപോകുവാൻ സക്കാരാളുകൾ വന്നിരിക്കുന്നു. ചേരുമാനക്കാരൻ അടയ്ക്കാമരത്തിന്മൽക്കയറിത്തുടങ്ങി" എന്നു പറഞ്ഞു. അതുകേട്ട നമ്പി ഒരു തിരിയുംകൊളുത്തിയെടുത്ത് ഒരു കിണ്ടി വെള്ളവുംകൊണ്ടു നിലവറയ്ക്കു പുറത്തുവന്നു നടുമുറ്റത്തിറങ്ങി തിരി മേൽപ്പോട്ട് എറിയുകയും വെള്ളം നടുമുറ്റത്തൊഴിക്കുകയും ചെയ്തിട്ട് അമ്മയോട് "അവർ കയറുകയോ ഇറങ്ങുകയോ എന്തെങ്കിലും ചെയ്യട്ടെ. അമ്മ സ്വസ്ഥമായി ഇരിക്കണം. നമുക്കുള്ളതൊന്നും ആരും കൊണ്ടുപോവുകില്ല" എന്നു പറയുകയും പിന്നെയും നിലവറയിൽത്തന്നെ പോയി ഇരിക്കുകയും ചെയ്തു.

ചേരുമാനക്കാരൻ അടയ്ക്കാമരത്തിന്റെ മദ്ധ്യത്തിലായപ്പോൾ അതിന്റെ അഗ്രഭാഗത്തു തീകത്തുന്നതു കണ്ടു ഭയപ്പെട്ടു കീഴ്പ്പോട്ടിറങ്ങിത്തുടങ്ങി. അപ്പോൾ അടിയിൽനിന്നു വെ

Digitized By Kerala Sahitya Akademi

ള്ളം പൊങ്ങിവരുന്നതായിക്കണ്ടു. വെള്ളത്തിലിറങ്ങിയാൽ നീന്തി എവിടെയെങ്കിലും ചെന്നു രക്ഷ പ്രാപിക്കാമെന്നു വിചാരിച്ചു കീഴ്പ്പോട്ടുതന്നെ ഇറങ്ങി നിലത്തുചന്നപ്പോൾ മുകളിൽ തീയും താഴെ വെള്ളവും കാണ്മാനില്ലായിരുന്നു. "ഇതു നമ്പിയുടെ ജാലവിദ്യകൊണ്ടു വെറുതെ തോന്നിയതാണു്. പഴക്കാക്കല പറിക്കുകതന്നെ വേണം" എന്നു പറഞ്ഞു് അയാൾ പിന്നെയും കയറിത്തുടങ്ങി. അപ്പോഴും യഥാപൂർവ്വം മുകളിൽ തീകത്തുന്നതും താഴെ വെള്ളം പൊങ്ങിവരുന്നതും കണ്ടു് അയാൾ പിന്നെയും താഴെയിറങ്ങി. ഇങ്ങിനെ നാലഞ്ചുപ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്തിട്ടു് ഒടുക്കം "ആശാന്റെ (ആ ദിക്കുകാർ നമ്പിയെ ആശാനെന്നാണു് പറഞ്ഞുവന്നിരുന്നതു്) പഴക്കാ നമുക്കു വേണ്ടാ" എന്നു പറഞ്ഞു് അവർ മടങ്ങിപ്പോയി. അതിൽപ്പിന്നെ പഴക്കാ പറിക്കാൻ അവിടെ ആരും ചെല്ലാറില്ല.

പണ്ടു റാന്നിക്കുത്താവു ദേശാധിപത്യമുള്ള കരിടപ്രഭുവായിരുന്നു. ആ ദേശത്തു കുഴിയിൽ വീഴുന്ന ആനകളുടെ ഉടമസ്ഥാവകാശം കുത്താവിനായിരുന്നു. അതിനാൽ കുത്താവു തന്റെ മലകളിൽ ആനക്കുഴികളുണ്ടാക്കിക്കയും ആനകളെ പിടിക്കുകയും പതിവായിരുന്നു. കൊണ്ടിൽ ആനകൾ കുഴിയിൽ വീഴേണ്ടുന്ന കാലത്തു വീഴാതെയിരുന്നതിനാൽ അതിന്റെ കാരണമറിയുന്നതിനായി കുത്താവു പ്രശ്നം വെപ്പിച്ചു നോക്കിച്ചു. അപ്പോൾ അച്ചൻകോവിൽ ശാസ്താവിന്റെ വിരോധംകൊണ്ടാണു് ആന കുഴിയിൽ വീഴാത്തതെന്നു പ്രശ്നക്കാരൻ വിധിച്ചു. ഈ വിരോധം തീരുന്നതിനു ചില പ്രതിവിധികൾ നിശ്ചയിച്ചു് അയാൾ ഒരു ചാത്തും എഴുതിക്കൊടുത്തു. ആ ചാത്തിൻപ്രകാരമുള്ള പ്രതിവിധികളെല്ലാം ചെയ്തിട്ടു് ആ ആണ്ടിൽ ആനകളെ പിടിക്കുന്ന കാര്യം അസാദ്ധ്യമായിരുന്നതിനാൽ കുത്താവിനു വളരെ മനസ്താപമുണ്ടായി.

അങ്ങിനെയിരുന്ന കാലത്തു് അവിടെ സമീപമൊരു സ്ഥലത്തു് ഒരു മന്ത്രവാദത്തിനായി തേവലശ്ശേരി നമ്പി വ

Digitized By Kerala Sahitya Akademi

ന്നിട്ടുണ്ടെന്നു കേട്ടു കത്താവു് അവിടെച്ചെന്നു നമ്പിയേക്കണ്ടു വിവരമെല്ലാം പറഞ്ഞു. അപ്പോൾ നമ്പി "ഇതിനെക്കുറിച്ചു് കട്ടം കുണ്ടിതം വേണ്ടാ. കായ്യം ഞാൻ സാധിപ്പിച്ചുതന്നുകൊള്ളാം. അങ്ങേയ്ക്കു് ഒമ്പതു കുഴികളല്ലേ ഉള്ളതു്? അവയിലെല്ലാം ഇന്നു രാത്രിയിൽത്തന്നെ ആന വീഴും, നാളെ രാവിലെ ചെന്നു നോക്കിയാൽ കാണാം" എന്നു പറഞ്ഞു. ഇതു കേട്ടിട്ടു കത്താവിനു നല്ല വിശ്വാസമായില്ല. "അച്ചൻകോവിൽ ശാസ്താവിന്റെ വിരോധം നമ്പിയുടെ ഇഴ വാക്കുകൊണ്ടു തീരുമോ?" എന്നു സംശയിച്ചുകൊണ്ടു കത്താവു പോയി. അത്താഴം കഴിച്ചു കിടന്നുറങ്ങി. പിറ്റേദിവസം രാവിലെ കത്താവു നല്ല വിശ്വാസത്തോടുകൂടിയല്ലെങ്കിലും മലയിൽച്ചെന്നു കുഴികളിൽ നോക്കിയപ്പോൾ ഒമ്പതു കുഴികളിലും ഓരോ ആന വീതം വീണിട്ടുണ്ടായിരുന്നു. പക്ഷേ ഒമ്പതും പിടിയാനകളായിരുന്നു. അതിനാൽ കത്താവിന്റെ കുണ്ടിതം മുഴുവനും വിട്ടുമാറിയില്ല. ആ ആനകളെ കുഴിയിൽനിന്നു കയറി കൂട്ടുകളിലാക്കി അടക്കാൻ ഏർപ്പാടുചെയ്തിട്ടു കത്താവു ചെന്നു പിന്നെയും നമ്പിയെ കണ്ടു "എന്താ, കുഴികളിലൊക്കെ ആനകൾ വീണില്ലേ?" എന്നു നമ്പി ചോദിച്ചു. "ആനകൾ വീണു. പക്ഷേ എല്ലാം പിടിയാനകളാണു്. രണ്ടുമൂന്നെണ്ണമെങ്കിലും കൊമ്പനായിരുന്നില്ലേല്ലാ എന്നുള്ള മനസ്താപമേയുള്ളൂ" എന്നു കത്താവു പറഞ്ഞു. അപ്പോൾ നമ്പി "കാ! അതു സാരമില്ല. ഇന്നു രാത്രിയിൽ വീഴുന്നതെല്ലാം കൊമ്പനായിരിക്കും; എന്നാൽ പോരേ? അങ്ങു പോയി കുഴികൾക്കു് ആറകുറ്റം വല്ലതും വന്നിട്ടുണ്ടെങ്കിൽ തീർത്തു് എല്ലാം ശരിയാക്കിയിടുവിക്കണം" എന്നു പറഞ്ഞു കത്താവിനെ അയച്ചു. കത്താവു പോയി കുഴികളെല്ലാം ആറകുറ്റങ്ങൾ തീർത്തു ശരിയാക്കിയിടുവിക്കുകയും ചെയ്തു.

അന്നു രാത്രിയിൽ കത്താവു കിടന്നുറങ്ങിയപ്പോൾ ഒരു സ്വപ്നം കണ്ടു. "കുഴികളിലെല്ലാം ആനകൾ വീണിട്ടുണ്ടു്. എല്ലാം കൊമ്പനാണു്. എങ്കിലും അഞ്ചാമത്തെക്കുഴിയിൽ വീ

Digitized By Kerala Sahitya Akademi

ണിരിക്കുന്ന ആനയെ തേവലശ്ശേരിനമ്പി കൂടെ വരാതെ കുഴി യിൽനിന്നു കരയ്ക്കു കയറരുതു്. അല്ലെങ്കിൽ ആപത്തുണ്ടാ കും" എന്നായിരുന്നു സ്വപ്നത്തിന്റെ സാരം.

പിറേറദിവസം രാവിലെ കത്താവു മലയിൽച്ചെന്നു കു ഴികളിൽ നോക്കിയപ്പോൾ എല്ലാ കുഴികളിലും ആനകൾ വീ ണിട്ടുണ്ടായിരുന്നു. എല്ലാം കൊമ്പനാനകളുമായിരുന്നു. അ പ്പോൾ കത്താവിനുണ്ടായ സന്തോഷം എത്രമാത്രമെന്നു പറ യാൻ പ്രയാസം. ഉടനെ താപ്പാനകളേയും മറ്റും വരുത്തി. നാലു കുഴികളിലെ ആനകളെ കയറ്റി കൂടുകളിലാക്കിയടച്ചു. അഞ്ചാമത്തെക്കുഴിയിലെ ആനയെക്കയറ്റാൻ നമ്പിയെക്കൂടെ വരുത്തീട്ടാവാമെന്നു വിചാരിച്ചു കത്താവു നമ്പി വന്നിരുന്ന സ്ഥലത്തേയ്ക്കു പോയി. അവിടെച്ചെന്നന്വേഷിച്ചപ്പോൾ ന മ്പി ഒരു മന്ത്രവാദത്തിനായി ചെങ്കോട്ടയ്ക്കു സമീപം ഒരു സ്ഥ ലത്തേയ്ക്കു തലേദിവസം രാത്രിയിൽത്തന്നെ പോയി എന്നും അവിടെനിന്നു രണ്ടുമൂന്നാളുകൾ വന്നു നാലഞ്ചു ദിവസംമുമ്പു മുതല്ലുതന്നെ നിർബ്ബന്ധിച്ചുകൊണ്ടു കൂടീട്ടുണ്ടായിരുന്നുവെന്നും അറിയുകയാൽ കത്താവു് ഇച്ഛാഭംഗത്തോടുകൂടി മടങ്ങിപ്പോ ന്നു. അദ്ദേഹം അഞ്ചാമത്തെക്കുഴിയുടെ സമീപത്തു ചെന്നു സൂക്ഷിച്ചുനോക്കിയപ്പോൾ മറ്റുള്ള ആനകളൊക്കെ പോയാ ലും ആ കുഴിയിൽ വീണിരിക്കുന്ന ആനയെ ഏതുവിധവും ക്ഷ ണത്തിൽ കുഴിയിൽനിന്നു കയറി കൂട്ടിലാക്കി അടയ്ക്കണമെ ന്നു് അദ്ദേഹത്തിനു തോന്നി. സകല ലക്ഷണങ്ങളും പൂർണ്ണമാ യിത്തികഞ്ഞ കരൊന്നാന്തരം കൊമ്പനായിരുന്നു ആ കുഴി യിൽ വീണിരുന്നതു്. ആഴകുകൊണ്ടും പുഷ്ടികൊണ്ടും ലക്ഷണ ങ്ങൾകൊണ്ടും മറ്റും ഇത്രയും യോഗ്യത തികഞ്ഞ കരാനയെ കത്താവു് അതിനുമുമ്പു് ഒരിക്കലും കരിടത്തും കണ്ടിട്ടുണ്ടായി രുന്നില്ല. അതിനാൽ ഉടനെ ആ ആനയെ കുഴിയിൽനിന്നു കയറ്റാനുള്ള ശ്രമം തുടങ്ങി. ആ സമയം അതിഭയങ്കരമൂർത്തി യായ ഒരു വലിയ വ്യാഘ്രം പെട്ടെന്നു കാട്ടിൽനിന്നു ചാടിയി റങ്ങിവന്നു കത്താവിനെ കടിച്ചെടുത്തുകൊണ്ടു കാട്ടിലേയ്ക്കു പ

Digitized By Kerala Sahitya Akademi

ന്നെ കയറിപ്പോയി. അപ്പോൾ അവിടെയുണ്ടായിരുന്ന ചേല ക്കാരും മറ്റും ഭയംകൊണ്ടും പരിഭ്രമംകൊണ്ടും വ്യസനംകൊ ണ്ടും വിവശന്മാരായിത്തീർന്നുവെന്നുള്ളതു വിശേഷിച്ചു പറയ ണമെന്നില്ലല്ലോ. എല്ലാവരും അവിടെനിന്നു നാലുവഴിക്കു മായി ക്ഷണത്തിൽ ഓടിപ്പോയി.

ഇനി നമ്പി മന്ത്രവാദത്തിനുപോയ സ്ഥലത്തെ കഥ പ റയാം. അവിടെ ഒരു സ്ത്രീക്ക് ഒരു ഗന്ധർവ്വന്റെ ഉപദ്രവമായി രുന്നു. അനേകം മന്ത്രവാദികൾ ആ ഗന്ധർവ്വനെ ഒഴിക്കാനാ യി പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കി. ഒന്നുകൊ ണ്ടും ഒരു ഫലവുമുണ്ടായില്ല. അക്കാലത്തു് 'ഉശകാരാവുത്തർ' എന്നു പ്രസിദ്ധനായ ഒരു മാന്ത്രികൻ തൊടുപുഴെ ഉണ്ടായിരു ന്നു. മേല്പറഞ്ഞ ഗന്ധർവ്വബാധിതയായ സ്ത്രീയുടെ വീട്ടിനു സ മീപം ഉശകാരാവുത്തരുടെ ചാച്ചുക്കാരനായ ഒരു മഹമ്മദീ യൻ താമസിച്ചിരുന്നു. അവൻ മുഖാന്തരം രാവുത്തരേയും അ വിടെക്കൊണ്ടുപോയി മന്ത്രവാദം ചെയ്യിച്ചു. രാവുത്തർ പഠി ച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കീട്ടും ഗന്ധർവ്വനെ ഒഴി ക്കാൻ കഴിഞ്ഞില്ല. ഇനി വേറെ വല്ല മന്ത്രവാദികളും വന്നു് ഈ ഗന്ധർവ്വനെ ഒഴിക്കുകയാണെങ്കിൽ അതു തനിക്കു കുറച്ചി ലായിത്തീരുമല്ലോ എന്നു വിചാരിച്ചു് ആരു വിചാരിച്ചാലും ആ ഗന്ധർവ്വനെ ഒഴിക്കാൻ കഴിയാത്തവിധത്തിൽ ചില പ്ര യോഗങ്ങൾകൂടി ചെയ്കയും ഇനി ഈ വീട്ടുകാർ വല്ല മന്ത്ര വാദികളേയും ഇവിടെ വരുത്തുന്നതായാൽ ഉടനെ ആ വിവ രം തന്നെ അറിയിക്കണമെന്നു തന്റെ ചാച്ചുക്കാരനോടു പറ ഞ്ഞു ചട്ടംകെട്ടുകയും ചെയ്തിട്ടാണു് കുറുക്കം രാവുത്തർ അവി ടെനിന്നു മടങ്ങിപ്പോന്നതു്. രാവുത്തരുടെ ഈ ഗൂഢപ്രയോഗ ങ്ങൾ ആരും അറിഞ്ഞുമില്ല.

ഇങ്ങിനെയിരുന്ന സമയത്താണു് ആ സ്ത്രീയുടെ ഉടമ സ്ഥന്മാർ തേവലശ്ശേരി നമ്പിയെ അവിടെ കൂട്ടിക്കൊണ്ടു പോ യതു്. നമ്പിയെക്കൊണ്ടുവരാൻ ആൾ പോകുന്നു എന്നു കേട്ട ക്ഷണത്തിൽ രാവുത്തരുടെ ചാച്ചുക്കാരനായ മഹമ്മദീയൻ ചി

Digitized By Kerala Sahitya Akademi

വരം രാവുത്തരെ അറിയിക്കുകയും നമ്പി അവിടെ എത്തുന്നതിനു മുമ്പുതന്നെ രാവുത്തർ ആ ചാമ്പ്രക്കാരന്റെ വീട്ടിലെത്തി താമസം തുടങ്ങുകയും ചെയ്തിരുന്നു. ഈ വിവരമൊന്നും അറിയാതെ നമ്പി അവിടെച്ചെന്നുചേർന്നു. നമ്പി സൌന്ദര്യവും ദേഹപുഷ്ടിയും വസ്ത്രാഭരണാദ്യലങ്കാരപ്രൌഢിയും മെരട്ടും തട്ടിമ്പും ജാടയുമൊന്നുമില്ലാത്ത ആളായിരുന്നതിനാൽ ആ ദ്വേഹത്തെക്കണ്ടിട്ട് ആ ടിക്കുകാക്ക് അത്ര ബഹുമാനമുണ്ടായില്ല. "ഉശകാരാവുത്തർ മുതലായ യോഗ്യന്മാർ വിചാരിച്ചിട്ട് കഴിക്കാൻ പോകുന്നതു്? ഇയ്യാളെ ഇവിടെ വലിച്ചുകൊണ്ടു വന്നതുതന്നെ കേവലം അനാവശ്യവും വിഡ്ഢിത്തവുമായിപ്പോയി" എന്നും മറും ചിലർ കുറേശ്ശ പറയുകയും ചെയ്തു. ഇതൊക്കെ കുറേശ്ശ നമ്പിയും കേട്ട എങ്കിലും അദ്ദേഹം അതൊന്നും കേട്ടതായി നടിച്ചില്ല. അന്യന്മാർ ഇങ്ങിനെയൊക്കെ പറയുകയും വിചാരിക്കുകയും ചെയ്തുവെങ്കിലും ആ സ്ത്രീയുടെ ഭർത്താവു മുതലായവർ നമ്പിയെ സാദരം സ്വീകരിക്കുകയും അദ്ദേഹത്തിനു ഭക്ഷണത്തിനും മറും വെടിപ്പായി ഏർപ്പാടുചെയ്തുകൊടുക്കുകയും ഈ ഗന്ധർവ്വന്റെ ഉപദ്രവംനിമിത്തമുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങളെക്കുറിച്ചും ഈ ബാധ കഴിക്കുന്നതിനായി കാരോ മന്ത്രവാദികളെ വരുത്തി മന്ത്രവാദങ്ങൾ ചെയ്യിച്ച വിവരവും വിസ്തരിച്ചു പറയുകയും ഏതുവിധവും ഈ ഉപദ്രവം കഴിച്ചുകൊടുക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തു. നമ്പി "പല യോഗ്യന്മാർ പരീക്ഷിച്ചിട്ടു സാധിക്കാത്ത കാര്യം സാധിക്കാമെന്നു ഞാൻ ഉറപ്പു പറയുന്നില്ല. എന്നാൽ കഴിയുന്നതു ഞാനും ചെയ്തുനോക്കാമെന്നു മാത്രമേ പറയാൻ നിവൃത്തിയുള്ളൂ. എങ്കിലും ഭഗവതിയുടെ കാരുണ്യംകൊണ്ടു സാധിക്കാതെ വരികയില്ലെന്നാണു് എന്റെ വിശ്വാസം. ഞാൻ ഒരു മന്ത്രവാദത്തിനു ചെന്നിട്ടു ബാധ കഴിയാതെ ഇതുവരെ ഉണ്ടായിട്ടില്ല. അതിനാൽ ഇതും കഴിയുമെന്നുതന്നെ വിചാരിക്കാം" എന്നു പറയുകയും വേണ്ടുന്ന ഉപകരണങ്ങൾക്കും മറും ഒരു

Digitized By Kerala Sahitya Akademi

ചാത്തെഴുതിക്കൊടുക്കുകയും ചെയ്തു. നമ്പിയുടെ മന്ത്രവാദത്തിനു് അധികമായിട്ടു് ഉപകരണങ്ങളൊന്നും പതിവില്ല. നമ്പി ആദ്യംതന്നെ പത്മമിട്ടു വിളക്കുവെച്ചു ഭഗവതിക്കു് ഒരു പൂജ കഴിക്കും. പിന്നെ ഉമിച്ചാരംകൊണ്ടു് ഒരു ചക്രം വരച്ചു് അതിൽ പിണിയാളെ ഇരുത്തും. പിണിയാളുടെ അടുക്കൽ ഒരു ചൂരൽവടിയും ജപിച്ചുവെയ്ക്കും. ഇത്രയും ചെയ്കിട്ടു നമ്പി കിടന്നുറങ്ങും. കുറച്ചു കഴിയുമ്പോൾ പിണിയാൾ തുള്ളി, ചൂരൽവടിയെടുത്തു തന്നെത്താൻ അടിച്ചുതുടങ്ങും. അങ്ങിനെ കുറച്ചുനേരം കഴിയുമ്പോൾ തുള്ളുന്നയാൾ "അയ്യോ! ഞാൻ പൊയ്ക്കോള്ളാമേ" എന്നു വിളിച്ചുപറഞ്ഞുതുടങ്ങും. അപ്പോൾ നമ്പിയെണീറ്റു പിണിയാളെക്കൊണ്ടു പൊന്നും വിളക്കും പിടിപ്പിച്ചു സത്യം ചെയ്യിക്കും. ബാധ കഴിഞ്ഞുപോവുകയും ചെയ്യും. ഇത്രയുമല്ലാതെ നമ്പിയുടെ മന്ത്രവാദത്തിനു വലിയ വട്ടങ്ങളൊന്നും പതിവില്ല. എന്നാൽ ഇവിടെ അങ്ങനെയായാൽപ്പോരെന്നു് അദ്ദേഹം നിശ്ചയിച്ചു. തന്നെ കണ്ടിട്ടുതന്നെ പുച്ഛം തോന്നിയിരിക്കുന്നവക്കു നിസ്സാരമായ ചാത്തുകൂടി കണ്ടാൽ ആക്ഷേപമധികമാകും എന്നു വിചാരിച്ചു നമ്പി കെങ്കേമമായിട്ടാണു് ചാത്തെഴുതിക്കൊടുത്തതു്. എങ്കിലും ഉച്ചയായപ്പോഴയ്ക്കും സകലവും ആ വീട്ടുകാർ തയ്യാറാക്കിക്കൊടുത്തു. മുറ്റത്തു കുത്തിമറച്ചു കെട്ടി വിതാനിച്ചു് അലങ്കരിച്ച പന്തലിൽ നമ്പി പഞ്ചവർണ്ണപ്പൊടികൾകൊണ്ടു ഗന്ധർവ്വന്റെ ഒരു കളം (ത്രുപം) എഴുതി. ജീവനുണ്ടെന്നു തോന്നത്തക്കവണ്ണം രസികനായ കളം കണ്ടപ്പോൾ നമ്പി നിസ്സാരനല്ലെന്നു ജനങ്ങൾക്കു തോന്നിത്തുടങ്ങി. കളം എഴുതിത്തീർന്നതിന്റെ ശേഷം അദ്ദേഹം പൂജയ്ക്കുള്ള പത്മമിടുകയും പിണിയാളെ ഇരുത്താനുള്ള ചക്രം. വരയ്ക്കുകയും കളത്തിനടുക്കൽ സുരഭിലകുസുമങ്ങൾകൊണ്ടു് ഒരു പൂപ്പട കൂട്ടുകയും ചെയ്തു. അപ്പോഴയ്ക്കും നേരം വൈകിത്തുടങ്ങിയതിനാൽ "ഇനി ശേഷമെല്ലാം സന്ധ്യാവന്ദനം കഴിഞ്ഞു വന്നിട്ടാവാം" എന്നു പറഞ്ഞു നമ്പി പുറത്തേയ്ക്കിറങ്ങിപ്പോയി. നാലഞ്ചു നാഴിക കഴിഞ്ഞിട്ടും നമ്പി

Digitized By Kerala Sahitya Akademi

മടങ്ങി വരാസ്സയാൽ ചിലർ "കഴിഞ്ഞു, അയാളുടെ മന്ത്രവാ ദം ഇത്രയേ ഉള്ളൂ. സാധു ഇവിടെ വന്നപ്പോഴാണ് ഇവിടെ സൂത്രംകൊണ്ടൊന്നും കായ്മംപറുകയില്ലെന്നും വലിയ കെങ്കേ മന്മാരൊക്കെ വിചാരിച്ചിട്ടു സാധിക്കാത്ത കായ്മമാണിതെന്നും മനസ്സിലാക്കിയതു്. അയാൾ കളിച്ചുപോയതാണു്. അയാൾ വരാനായിട്ടു് ഇനി കാത്തിരിക്കണമെന്നില്ല" എന്നും മറും പറഞ്ഞുതുടങ്ങി.

ഇങ്ങിനെ കാരോരുത്തർ കാരോന്നു പറഞ്ഞുകൊണ്ടിരുന്നപ്പോൾ നമ്പി വന്നുചേർന്നു. ഉടനെ അദ്ദേഹം ഭഗവതിയുടെ പൂജ ആരംഭിച്ചു. അപ്പോഴയ്ക്കും നമ്പിയുടെ മന്ത്രവാദം കാണ്മാനായി അസംഖ്യം ആളുകൾ അവിടെ വന്നുകൂടി. അക്കൂട്ടത്തിൽ ഉശകാരാവുത്തരുമുണ്ടായിരുന്നു. പിണിയാൾ തുള്ളാതെയിരിക്കുന്നതിനും തുള്ളിയാലും ബാധ കഴിയാതെയിരിക്കുന്നതിനുമായി ചില പ്രയോഗങ്ങൾ രാവുത്തർ മുമ്പേതന്നെ ചെയ്തിരുന്നതു കൂടാതെ അപ്പോഴും ചിലതൊക്കെക്കൂടെ ചെയ്തിട്ടാണു് അക്കൂട്ടത്തിൽ വന്നുകൂടിയതു്. പൂജ കഴിഞ്ഞപ്പോൾ പിണിയാളെക്കൊണ്ടുവന്നു ചക്രത്തിലിരുത്തി. നമ്പി ഉടനെ പൂജയ്ക്കു പുഷ്പാഞ്ജലി ചെയ്തതിൽനിന്നു കുറെ പൂവും അക്ഷതവും (നെല്ലുമരിയും) കൂടെയെടുത്തു ജപിച്ചു പിണിയാളുടെ ശിരസ്സിലിട്ടു. നമ്പി പൂവും അക്ഷതയും ജപിച്ചിട്ടാൽ ഏതു ബാധയും ഉടനെ തുള്ളുകയാണു് പതിവു്. എങ്കിലും ഈ പിണിയാൾ തുള്ളിയില്ല. അപ്പോൾത്തന്നെ അതിന്റെ കാരണം ഏകദേശം ഊഹിച്ചുകൊണ്ടു നമ്പി "ഈ കൂട്ടത്തിൽ മന്ത്രവാദിയായിട്ടാരെങ്കിലുമുണ്ടോ?" എന്നു വിളിച്ചുചോദിച്ചു. അപ്പോൾ അക്കൂട്ടത്തിൽനിന്നു് കരാൾ 'ഇല്ല' എന്നുത്തരം പറഞ്ഞു. അതു രാവുത്തരായിരുന്നു. ആ ആൾ ഇന്നാരാണെന്നു വ്യക്തമായിട്ടറിഞ്ഞില്ലെങ്കിലും ഈ പറഞ്ഞതാളാണു് തന്റെ പ്രതിയോഗി എന്നു് ആ ശബ്ദംകൊണ്ടു തീർച്ചപ്പെടുത്തിക്കൊണ്ടു നമ്പി "കുട്ടക്കം നിങ്ങളൊരു മന്ത്രവാദിയാണെന്നു വന്നേയ്ക്കാം" എന്നു പറഞ്ഞിട്ടു് അദ്ദേഹം കുറെ കഷണം കാലയെടു

Digitized By Kerala Sahitya Akademi

ത്തു് അതിൽ കരു മന്ത്രമെഴുതുകയും അതു ശകലംശകലമായി കീറി മേല്പോട്ടെറിയുകയും ചെയ്തു. അപ്പോൾ അവിടെ അടുത്തു നിന്നിരുന്ന കരിമ്പനയുടെ മുകളിൽ കിടന്നിരുന്ന വള്ളി തുള്ളിത്തുള്ളി കരിമ്പനയുടെ അഗ്രഭാഗംവരെ കയറുകയും ഉടനെ പന പൊട്ടിക്കീറി ഇഞ്ചനാരുപോലെയായി നിലത്തു വീഴുകയും ചെയ്തു. ആ വള്ളി നമ്പിയെ അകപ്പെടുത്താനായി രാവുത്തർ എന്തോ പ്രയോഗമൊപ്പിച്ചു് അവിടെ ഇട്ടിരുന്നതായിരുന്നു. എന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഇതുമെല്ലാം കഴിഞ്ഞപ്പോൾ രാവുത്തർ അവിടെനിന്നു പൊയ്കളഞ്ഞു. കുറച്ചു സമയം കഴിഞ്ഞപ്പോൾ നമ്പിയുടെ വയർ വല്ലാതെ വീർത്തുതുടങ്ങി. അതു വർദ്ധിച്ചു വർദ്ധിച്ചു് അദ്ദേഹം ഇരിക്കാനും ശ്വാസോച്ഛ്വാസം ചെയ്യാനും വയ്യാതെ ഏറ്റവും വിവശനായിത്തീർന്നു. ഉടനെ നമ്പി കരു നാരായമെടുത്തുകൊണ്ടു പുറത്തേയ്ക്കിറങ്ങി, ആ നാരായം ജപിച്ചു് കരു വാഴയിന്മേൽ കരു കുത്തുകൊടുത്തു. നാരായംകൊണ്ടു പ്രഹരത്തിൽക്കൂടി ഉടനെ വെള്ളംപ്രവഹിച്ചുതുടങ്ങി. അങ്ങിനെ കുറെ വെള്ളം വാഴയിൽനിന്നു പോയപ്പോൾ നമ്പിയുടെ വയറൊട്ടുകയും അദ്ദേഹം യഥാപൂർവ്വം സ്വസ്ഥശരീരനായിത്തീരുകയും ചെയ്തു. നമ്പിക്കു് ഈ ദുഃസ്വാസ്ഥ്യമുണ്ടായിത്തീർന്നതും രാവുത്തരുടെ ദുഷ്പ്രയോഗംകൊണ്ടാണെന്നുള്ളതു സ്പഷ്ടമാണല്ലോ. നമ്പിയെ അകപ്പെടുത്തുവാനും അവമാനിച്ചയയ്ക്കുവാനുമായി രാവുത്തർ ഇങ്ങിനെ പലതും പ്രയോഗിച്ചുനോക്കി. നമ്പി ഉടനുടൻ പ്രതിവിധികൾ ചെയ്തുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിനു് കുണ്ഠം പറ്റിയില്ല. തൻെറ വിദ്യകളൊന്നും നമ്പിയുടെ അടുക്കൽ ഫലിക്കുകയില്ലെന്നു തീർച്ചയായപ്പോൾ രാവുത്തർ പിന്നെയും ജനക്കൂട്ടത്തിൽ വന്നുനിന്നു. അപ്പോൾ രാവുത്തരെ കുണ്ഠം പറഞ്ഞിക്കേണമെന്നും ആളെ അറിയിക്കാതെ കളിച്ചുവന്നു നില്ക്കുന്ന അയാളെക്കൊണ്ടുതന്നെ അയാളുടെ പേരു വിളിച്ചുപറയിക്കണമെന്നും നിശ്ചയിച്ചു നമ്പി കുറച്ചു മണ്ണെടുത്തു ജപിച്ചു് ആൾക്കൂട്ടത്തിലേയ്ക്കു് ഊതിപ്പറപ്പിച്ചു. ആ മണ്ണും ആളുടെയെ

Digitized By Kerala Sahitya Akademi

ല്ലാം ദേഹത്തിൽ പതിച്ചുവോ അവരൊക്കെ ഉടനെ തുള്ളിത്തുടങ്ങി. ആ കൂട്ടത്തിൽ രാവുത്തരുമുണ്ടായിരുന്നു. ആ തുള്ളലിനിടയ്ക്കു നമ്പി ഗന്ധവ്വന്റെ കളത്തിങ്കലും ഒരു പൂജ കഴിച്ചു. രാവുത്തരുടെ തുള്ളൽ മുറുകിയപ്പോഴയ്ക്കും മറുള്ളവരുടെ തുള്ലെല്ലാം ശമിച്ചു. വലിയ തടിയനും കൂടവയറനുമായിരുന്ന രാവുത്തർ രണ്ടുമൂന്നു നാഴികനേരം ചാടിത്തുള്ളിയപ്പോഴയ്ക്കും വിയത്തൊലിച്ചു് ഏറവും പരവശനായിത്തീന്നു. ഒരു നിവൃത്തിയുമില്ലെന്നായപ്പോൾ രാവുത്തർ "അയ്യോ! എന്നെ രക്ഷിക്കണേ, ഞാൻ ഉശകാരാവുത്തരാണേ, അങ്ങയുടെ യോഗ്യത അറിയാതെയും എന്റെ അഹമ്മതിയും കഥയില്ലായ്മയുംകൊണ്ടും അങ്ങയുടെ മന്ത്രവാദം ഫലിക്കാതെയിരിക്കുന്നതിനും വിണിയാറ്റം തുള്ളാതിരിക്കുന്നതിനും അങ്ങയ്ക്കു ജീവഹാനി സംഭവിക്കുന്നതിനും ഞാൻ ചിലതൊക്കെ ചെയ്തുപോയി. അവയെല്ലാം വിഫലീഭവിക്കുകയും ചെയ്തു. എന്റെ തെറ്റുകളെല്ലാം ക്ഷമിച്ചു് അവിടുന്നെന്നെ സദയം രക്ഷിക്കണം. ഇനിയും എന്നെ ഇങ്ങിനെ തുള്ളിക്കുകയാണെങ്കിൽ ഞാൻ ഇവിടെത്തന്നെ വീണു മരിച്ചുപോകും. ഇനി ഞാൻ ഒരു കാലത്തും കരിടത്തും മന്ത്രവാദസംബന്ധമായി യാതൊന്നും ചെയ്കയില്ലെന്നു സത്യം ചെയ്യണമെങ്കിൽ അതും ചെയ്യാം. എന്നാലും എന്നെ കൊല്ലാതെ വിട്ടയയ്ക്കണമേ" എന്നു വിളിച്ചുപറഞ്ഞു. അതു കേട്ട നമ്പി, "ഉശകാരാവുത്തരോ? എന്നാൽ ഇവിടെ അടുത്തുവരാമല്ലോ" എന്നു പറഞ്ഞു. ഉടനെ രാവുത്തരുടെ തുള്ളൽ നിന്നു. അടുത്തുചെന്നപ്പോൾ നമ്പി, "രാവുത്തർ അവിടെ ഇരിക്കുക. ഉശകാരാവുത്തരെന്നു ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. ഇന്നു കാണാനുള്ള ഭാഗ്യവും സിദ്ധിച്ചുവല്ലോ. വളരെ സന്തോഷമായി. രാവുത്തർ ഇവിടെയുള്ള സ്ഥിതിക്കു് ഈ ഗന്ധവ്വനെ കഴിക്കാൻ രാവുത്തരുതന്നെ വേണം" എന്നു വീണ്ടും പറഞ്ഞു. ഇതു കേട്ടിട്ടു് ഇരിക്കാതെ വന്ദിച്ചുകൊണ്ടു രാവുത്തർ, "അവിടുന്നു് ഇനിയും എന്നെ അവമാനിക്കാൻ തുടങ്ങുന്നതു സങ്കടമാണു്. ഞാൻ പഠിച്ച വിദ്യകളെല്ലാം പ്ര

Digitized By Kerala Sahitya Akademi

യോഗിച്ചിട്ട് കഴിയാത്ത ഈ ഗന്ധവ്വനെ കഴിക്കാൻ ഞാൻ ശക്തനല്ല. എന്നു മാത്രമല്ല, ഇതു് കരിക്കലും കഴിയാതെയിരിക്കത്തക്കവണ്ണം ഞാൻ ചിലതൊക്കെ ചെയ്തുപോയിട്ടുമുണ്ടു്."

നമ്പി—അതു സാരമില്ല: അങ്ങിനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതിനു പരിഹാരം ചെയ്താൽ മതിയല്ലോ.

രാവുത്തർ:—പരിഹാരമില്ലാത്ത പ്രവൃത്തികളാണു് ഞാൻ ചെയ്തുപോയിട്ടുള്ളതു്.

നമ്പി:—പരിഹാരമില്ലാത്ത പ്രവൃത്തി കനുമില്ല.

രാവുത്തർ:—അവിടുന്നു വിചാരിച്ചാൽ എല്ലാത്തിനും പരിഹാരമുണ്ടാകും. എനിക്കു് അവിടുത്തെപ്പോലെ പഠിത്തവും പരിചയവും പാരമ്പര്യവുമില്ല. നിത്യവൃത്തിക്കു ഗതിയില്ലാതെ ഞാൻ കാട്ടുകേറി നടന്നപ്പോൾ കരാളിൽനിന്നു് കരു ഗ്രന്ഥം കിട്ടാനിടയായി. അതിൽ നോക്കി ഞാൻ ചിലതൊക്കെ പ്രയോഗിക്കുകയും ചിലതൊക്കെ ഫലിക്കുകയും തന്നിമിത്തം ദൈവഗത്യാ കരു പേരുകിട്ടുകയും ചെയ്തു എന്നല്ലാതെ എനിക്കു വാസ്തവത്തിൽ വലിയ പഠിപ്പൊന്നുമില്ല.

നമ്പി:—അതൊന്നുമല്ല. രാവുത്തരേക്കുറിച്ചു ഞാൻ നല്ലപോലെ കേട്ടു മനസ്സിലാക്കിയിട്ടുണ്ടു്. രാവുത്തർ കരു കനാന്തരം മന്ത്രവാദിയാണെന്നു് എനിക്കറിയാം. ഇതാ ഈ പുവ്വു് ആ പിണിയാളുടെ ശിരസ്സിലിടുക.

എന്നു പറഞ്ഞു നമ്പി ഗന്ധവ്വനു പൂജിച്ച പൂവു കരച്ചെടുത്തു രാവുത്തരുടെ കയ്യിൽ കൊടുത്തു. രാവുത്തർ അതു വാങ്ങി പിണിയാളുടെശിരസ്സിലിട്ടു. പിണിയാൾ തുള്ളിത്തുടങ്ങി. നമ്പിയുടെ ആജ്ഞപ്രകാരം രാവുത്തർ പിണിയാളെക്കൊണ്ടു പൊന്നും വിളക്കും പിടിപ്പിച്ചു സത്യം ചെയ്യിച്ചു. ഗന്ധവ്വൻ കഴിഞ്ഞു പോവുകയും ചെയ്തു. ആ വീട്ടുകാർ പണമായും പണ്ടങ്ങളായും നമ്പിക്കു വളരെ സമ്മാനങ്ങൾ കൊടുത്തു. നമ്പി അവയെല്ലാം കൈയിൽ വാങ്ങീട്ടു "വാസ്തവത്തിൽ കുടവിൽ ഗന്ധവ്വനെ കഴിച്ചതു രാവുത്തരാകയാൽ ഇവയെല്ലാംകൂടി അ

Digitized By Kerala Sahitya Akademi

ഫ്ൻ രാവുത്തരാണ്" എന്നു പറഞ്ഞു് അവയെല്ലാം രാവുത്തക്കു കൊടുത്തു. രാവുത്തർ അവ വാങ്ങാൻ വളരെ മടിച്ചു. കടുക്കം നമ്പിയുടെ നിർബ്ബന്ധംകൊണ്ടു മനസ്സില്ലാമനസ്സോടെ അവയെല്ലാം രാവുത്തർ വാങ്ങി. എങ്കിലും എന്നെങ്കിലും നമ്പിയെ അകപ്പെടുത്തണമെന്നുതന്നെയായിരുന്നു പിന്നെയും അയാളുടെ വിചാരം.

മന്ത്രവാദമെല്ലാം കഴിഞ്ഞയുടനെ നമ്പി സ്വദേശത്തേയ്ക്കു പുറപ്പെട്ടു. നമ്പി കരിക്കലും വാലിയക്കാരെ കൊണ്ടുനടക്കാറില്ല. വാലിയക്കാക്കു പകരം അദ്ദേഹം ചില സേവാമൂത്തികളെയാണു് ഉപയോഗപ്പെടുത്തുക പതിവു്. ഈ യാത്രയും അങ്ങിനെതന്നെയായിരുന്നു. രാത്രിയായിരുന്നതിനാൽ ചില മൂത്തികൾ വിളക്കുമായി മുൻപേ നടന്നു. പിന്നാലെ നമ്പിയും പോയി. നമ്പി ചെങ്കോട്ട, തെങ്കാശി മുതലായ കിഴക്കൻ ടിക്കുകളിലേയ്ക്കു പോവുകയും മടങ്ങിവരികയും ചെയ്യുന്നതു് അച്ചൻകോവിൽ വഴിക്കാണു് പതിവു്. അതിനാൽ ഈ പ്രാവശ്യവും ആ വഴിക്കുതന്നെയാണു് പോയതു്. രാത്രി ഏകദേശം കുറേ മണിയായപ്പോൾ അദ്ദേഹം അച്ചൻകോവിലിനു സമീപം കിഴക്കു വന്നു. ആ സമയം കറുത്തുതടിച്ചു ക്രൂരനായ ഒരു പാണ്ടിപ്പിള്ള കാട്ടിൽനിന്നു് ഇറങ്ങിവന്നു് "ഈ അസമയത്തു് ഇതിലെ കടന്നുപോകുന്നതാരാണു്?" എന്നു ചോദിച്ചു. നമ്പി മറുപടി ഒന്നും പറഞ്ഞില്ല. അപ്പോൾ ആ പാണ്ടിപ്പിള്ള, "ഓഹോ, മനസ്സിലായി. അച്ചൻകോവിലിലയ്യപ്പനേ ജയിച്ചു റാന്നികർത്താവിന്റെ കഴികളിൽ ആനകളെ വീഴിച്ചു കൊടുത്ത ആളാണു് അല്ലേ? കർത്താവിനെ അയ്യപ്പന്റെ കാട്ടുനായ്ക്കൾ പിടിച്ചുകൊണ്ടുപോയി. ഇതു് അയ്യപ്പന്റെ കാട്ടുനായ്ക്കൾ ധാരാളമുള്ള ടിക്കാണു്, സൂക്ഷിച്ചു നടക്കണം" എന്നു വീണ്ടും പറഞ്ഞു. അതിനും നമ്പി മറുപടിയൊന്നും പറഞ്ഞില്ല. എങ്കിലും നമ്പി അയാളുടെ നേരെ തിരിഞ്ഞുനിന്നു് കരാകർഷണവും ബന്ധനവും കരുതിച്ചു കഴിച്ചുകൊണ്ടു പിന്നെയും നടന്നുതുടങ്ങി. നമ്പിയുടെ പിന്നാലെ പിള്ളയും നടന്നു.

Digitized By Kerala Sahitya Akademi

കുറച്ചു കഴിഞ്ഞപ്പോൾ "ഛേ! അങ്ങനെന്തിനാണ് എന്നെ കുഴത്തിൽ കയറിട്ടുകെട്ടി എന്നെ വലിച്ചുകൊണ്ടു പോകുന്നതു്? എന്നെ വിട്ടയയ്ക്കുണം. ഞാൻ അച്ചൻകോവിൽ അമ്പലത്തിൽ വിളക്കുവെപ്പുകാരനാണ്. ഭൈരവൻപിള്ള എന്നാണ് എന്റെ പേരു്. എന്നെ വിട്ടയച്ചില്ലെങ്കിൽ ഞാൻ പോകും."

നമ്പി—പോകാനായി നിങ്ങൾ പല വിദ്യകൾ പ്രയോഗിച്ചു നോക്കിയല്ലോ. എന്നിട്ട് എന്താ പോകാഞ്ഞതു്? ഇനി ചിലതൊക്കെക്കൂടെ വിചാരിച്ചിട്ടുണ്ടല്ലോ. അവകൂടെക്കഴിയട്ടെ ഞാൻ നിങ്ങളുടെ കുഴത്തിൽ കയറിട്ടുകെട്ടി വലിയ്ക്കുന്നില്ല.

ഭൈരവൻപിള്ള—അങ്ങേയ്ക്കു കെട്ടിവലിക്കാൻ കയറും മറും വേണമെന്നില്ലല്ലോ.

ഇങ്ങിനെ പറഞ്ഞുകൊണ്ടു കുറച്ചുകൂടി നടന്നപ്പോൾ അസംഖ്യം വ്യാഘ്രങ്ങൾ വഴിയിൽ നിരന്നു നില്ക്കുന്നതായി കണ്ടു. ഇവയോടു നമ്പി മടങ്ങും. അപ്പോൾ തനിക്കു പോകാൻ മാർഗ്ഗമുണ്ടാകും എന്നു ഭൈരവൻപിള്ളയും ഇവയേക്കൂടെ കൊണ്ടുപോകണം എന്നു നമ്പിയും നിശ്ചയിച്ചു. (വ്യാഘ്രങ്ങളെ കണ്ടിട്ടു നമ്പിക്കു സല്പംപോലും ഭയവും ക്ലേശവുമുണ്ടായില്ല. അദ്ദേഹം അവയുടെ അടുക്കൽക്കൂടെ കടന്നുപോയി. നമ്പിയെ കണ്ട ക്ഷണത്തിൽ ഒരു വലിയ കടുവാ കാട്ടിലേയ്ക്കു് ഓടിപ്പോയി. ശേഷമുണ്ടായിരുന്നവ നമ്പിയുടെ പിന്നാലെ നടന്നുതുടങ്ങി. അവയുടെ പിന്നാലെ ഭൈരവൻപിള്ളയും നടന്നു.

അടുത്ത ദിവസം സന്ധ്യയ്ക്കുമുമ്പായി നമ്പി വ്യാഘ്രങ്ങളോടും ഭൈരവൻപിള്ളയോടുംകൂടി റാന്നിയിൽ കത്താഴിന്റെ ഗൃഹത്തിലെത്തി. അപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം കടുവാ പിടിച്ചുകൊണ്ടുപോയ കാരണവരുടെ പുല ആചരിച്ചുകൊണ്ടിരിക്കയായിരുന്നു. അവിടെയുണ്ടായിരുന്ന കത്താക്കന്മാർ കാരണവരുടെ മരണവൃത്താന്തം വിവരിച്ചു നമ്പിയോടു പറഞ്ഞുകൊണ്ടിരുന്ന അവസരത്തിൽ മുൻപു ന

Digitized By Kerala Sahitya Akademi

മ്പിയെ കണ്ട ക്ഷണത്തിൽ കാട്ടിലേയ്ക്കു കയറിപ്പോയ കടുവാ യുടെ കഴുത്തിൽക്കയറി, കാരണവൻകത്താവും അവിടെ എ ത്തി. അപ്പോൾ മുമ്പേ അവിടെവന്നു നിന്നിരുന്ന വ്യാഘ്രങ്ങ ളെല്ലാം അവിടെനിന്നു് ഓടിപ്പോയി. അതു നമ്പി അവയെ ഉച്ചാടനംചെയ്തിട്ടാണെന്നുള്ളതു പറയണമെന്നില്ലല്ലോ. ഇവ യെല്ലാം കണ്ടു് അവിടെയുണ്ടായിരുന്നവരെല്ലാം ഭയാത്ഭുതപ രവശന്മാരായിത്തീർന്നു. ആ സമയത്തും ഭൈരവൻപിള്ള ന മ്പിയോടു് "ഇനിയെങ്കിലും എന്നേക്കൂടെ വിട്ടയക്കണേ" എ ന്നുപേക്ഷിച്ചു. അതിനു മറുപടിയായി "നമ്പി എന്റെ മന സ്സോടുകൂടി ഇപ്പോൾ ഞാൻ നിങ്ങളെ വിട്ടയയ്ക്കുകയില്ല. പോ കാമെങ്കിൽ പൊയ്ക്കൊള്ളണം" എന്നാണു് പറഞ്ഞതു്. അ പ്പോൾ കാരണവൻകത്താവു ഭൈരവൻപിള്ളയെ കണ്ടിട്ടു്, "എന്നെ കടുവാ പിടിച്ചു കാട്ടിൽക്കൊണ്ടുപോയി താമസിപ്പി ച്ചിരുന്നപ്പോൾ എനിക്കു ഭക്ഷണവും മറ്റും തന്നു് എന്നെ രക്ഷിച്ചിരുന്നതു് ഈ ഭൈരവൻപിള്ളയാണല്ലോ. ഇദ്ദേഹം ഈ കടുവാക്കൂട്ടത്തിന്റെ ഒരു മേലാവാണു്" എന്നു പറഞ്ഞു. യൂഥത്തലവനായിരുന്ന ആ വലിയ കടുവാ ഭൈരവൻപിള്ള യുടെ പാദങ്ങളെ നക്കുകയും നമസ്കരിക്കുകയും മറ്റും ചെയ്തു് അദ്ദേഹത്തെ അസാമാന്യമായി ബഹുമാനിക്കുന്നതും അ പ്പോൾ എല്ലാവരും കണ്ടു.

അനന്തരം നമ്പി കത്താവിനോടു്, "ഇനി ഈയാണ്ടിൽ ആനകളെപ്പിടിക്കാൻ ശ്രമിക്കേണ്ട. നാലാമത്തെ കുഴിയിൽ വീണുകിട്ടിയ ആ കൊമ്പനെ അച്ചൻകോവിൽ ശാസ്താവിനു വഴിപാടായി അയച്ചുകൊടുത്തേയ്ക്കുണം. ഞാൻ ഇപ്പോൾ ത്തന്നെ പോകുന്നു" എന്നു പറഞ്ഞു യാത്രയായി. "ഇപ്പോൾ ത്തന്നെ പോകുന്നതു വലിയ സങ്കടമാണു്. രണ്ടു ദിവസമെങ്കി ലും ഇവിടെ താമസിച്ചിട്ടു പോയാൽ മതി" എന്നും മറ്റും കത്താക്കന്മാർ ലൌകികം പറഞ്ഞു. എങ്കിലും നമ്പി അതൊ ന്നും അനുവദിച്ചില്ല. അദ്ദേഹം ഭൈരവൻപിള്ളയെ ആ വലി യ കടുവായുടെ കഴുത്തിൽക്കയറി ഇരുത്തുകയും പിൻഭാഗ

Digitized By Kerala Sahitya Akademi

ഞ്ഞു താനും കയറിയിരിക്കുകയും ചെയ്തിട്ട്, "സന്ധ്യാവന്ദനത്തിനു് അമാന്തം വരാത്തവിധത്തിൽ ചെങ്ങന്നൂരെത്തിക്കണം" എന്നു കടുവായോടു പറഞ്ഞു. ഉടനെ കടുവാ യാത്രയാവുകയും നിശ്ചിതസമയത്തിനു മുൻപേതന്നെ ചെങ്ങന്നൂരെത്തുകയും ചെയ്തു. അനന്തരം നമ്പി കരയിലിറങ്ങി കടുവയുടെ കഴുത്തിൽ കെട്ടീട്ട്, "നിനക്കു ഞാൻ മണികണ്ഠൻ എന്നു പേരിട്ടിരിക്കുന്നു. ഇനിയും ഞാൻ വിചാരിക്കുന്ന സമയം എന്റെ അടുക്കൽ വരണം. ഇപ്പോൾ നിനക്കു പോകാം" എന്നു കടുവായോടു പറയുകയും കടുവാ നമ്പിയെയും ഭൈരവൻപിള്ളയേയും നമസ്കരിച്ചിട്ടു പോവുകയും ചെയ്തു. ആ സമയത്തും ഭൈരവൻപിള്ള "ഇനിയെങ്കിലും എന്നെ വിട്ടയയ്ക്കുണേ" എന്നു നമ്പിയോടപേക്ഷിച്ചു. "നിങ്ങളെ അത്രയെളുപ്പത്തിൽ വിട്ടയയ്ക്കുകയില്ല" എന്നു നമ്പി അപ്പോഴും മറുപടി പറഞ്ഞു.

അതിന്റെശേഷം നമ്പി കുളിയും നിത്യകർമ്മാനുഷ്ഠാനാടികളും അത്താഴവും കഴിക്കുകയും ഭൈരവൻപിള്ളയെ ഊണു കഴിപ്പിക്കുകയും ചെയ്തിട്ട് അവർ രണ്ടുപേരും ഒരു മുറിക്കകത്തു ചെന്നു കിടന്നു. അപ്പോൾ ഭൈരവൻപിള്ള "എന്നെ വെറുതെ ഇങ്ങിനെ താമസിപ്പിക്കുന്നതെന്തിനാണ്? വിട്ടയയ്ക്കുന്നതിനു് എന്താണു് വിരോധം?" എന്നു ചോദിച്ചു.

നമ്പി—വിരോധമൊന്നുമില്ല. കുറച്ചു ദിവസം ഇവിടെ താമസിപ്പിച്ചിട്ടു വിട്ടയയ്ക്കാം.

ഭൈര—ഇനിയും കുറച്ചുദിവസംകൂടി എന്നെ ഇവിടെ താമസിപ്പിക്കണമെന്നു വിചാരിക്കുന്ന പക്ഷം എനിക്കൊരാഗ്രഹമുണ്ട്; അതുകൂടി സാധിപ്പിച്ചുതന്നാൽ കൊള്ളാം.

നമ്പി—ആഗ്രഹമെന്താണു്?

ഭൈര—നിങ്ങളിൽനിന്നു കുറച്ചു മന്ത്രവാദം പഠിച്ചാൽ കൊള്ളാമെന്നാണു് എന്റെ ആഗ്രഹം.

നമ്പി—നിങ്ങൾ എന്നേക്കാൾ വലിയ മന്ത്രവാദിയും ശാസ്ത്രജ്ഞനുമാണെന്നു് എനിക്കറിയാം. പക്ഷേ നിങ്ങൾക്കു രണ്ടു

Digitized By Kerala Sahitya Akademi

ദോഷങ്ങളുണ്ടു്; അവ രണ്ടും ഉപേക്ഷിച്ചാൽ പിന്നെ നിങ്ങളെപ്പോലെ യോഗ്യനായ ഒരു മന്ത്രവാദി ലോകത്തിൽ വേറെ ഉണ്ടായിരിക്കയില്ല.

ഭൈര—ആ ദോഷങ്ങൾ എന്തെല്ലാമാണു്?

നമ്പി—ചില ബാധകൾ തുള്ളുമ്പോൾ നിങ്ങളെ അണ്ണം പെണ്ണും തിരിച്ചറിയാൻ വയ്യാത്തവനെ മകൻ എന്നും മറ്റും പറയും. അതു കേൾക്കുമ്പോൾ നിങ്ങൾക്കു ലജ്ജയുണ്ടാകുന്നു. അതൊരു ദോഷമാണു്. പിന്നെ നിങ്ങൾക്കു് ആശ്രിതന്മാരിൽ അനുകമ്പയില്ല. അതു സർവ്വപ്രധാനമായ വലിയ ദോഷമാണു്.

ഭൈര—ആശ്രിതന്മാരിൽ അനുകമ്പയില്ലാതെ ഞാൻ എന്താണു് പ്രവർത്തിച്ചിട്ടുള്ളതു്?

നമ്പി—റാന്നിക്കർത്താവു നിങ്ങളുടെ ഒരാശ്രിതനല്ലേ? അദ്ദേഹം എന്തോ തരാമെന്നു പറഞ്ഞിരുന്നതു് ആ അവധിദിവസംതന്നെ തരാതെയിരുന്നതുകൊണ്ടല്ല. അദ്ദേഹത്തിന്റെ കുഴികളിൽ ആനകൾ വീഴാതെയാക്കിയതു്? എന്നാൽ അദ്ദേഹം അതു് അവധിദിവസം തരാതെയിരുന്നതെന്തുകൊണ്ടാണെന്നും അവധി തെറ്റിയാലും അദ്ദേഹം തരുന്ന ആളാണെന്നും നിങ്ങൾ വിചാരിക്കാതെയിരുന്നതെന്താണു്? ആ അവധിദിവസം അദ്ദേഹത്തിനു് അമ്മ മരിച്ചപുലയല്ലായിരുന്നുവോ? പിന്നെ എന്റെ മന്ത്രശക്തികൊണ്ടു ഞാൻ കുഴിയിൽ വീഴിച്ച കൊമ്പനാനകളിൽ നാലെണ്ണത്തിനെ കുഴികളിൽനിന്നു കയറിയതിന്റെ ശേഷം അഞ്ചാമത്തെക്കുഴിയിൽനിന്നു് ആനയെ കയറാൻ ഭാവിച്ച സമയം നിങ്ങൾ നിങ്ങളുടെ ഒരു കാട്ടുനായെ അയച്ചു കത്താചിനയെടുപ്പിച്ചുകൊണ്ടുപോയി വലിയ ലഹള ഉണ്ടാക്കിത്തീർത്തതെന്തിനാണു്?

ഭൈര—ആ കൻപതാനകളിൽ വാസ്തവത്തിൽ നല്ല ലക്ഷണങ്ങളോടുകൂടിയ നാലെണ്ണമേ ഉണ്ടായിരുന്നുള്ളു. ശേഷമുണ്ടായിരുന്ന അഞ്ചാനകളും കണ്ടാൽ നല്ല ലക്ഷണയുക്തങ്ങളാണെന്നു തോന്നത്തക്കവയായിരുന്നുവെങ്കിലും വാസ്തു

Digitized By Kerala Sahitya Akademi

വത്തിൽ അവ വിലക്ഷണങ്ങളായിരുന്നു. ആ ആനകളെ കയറിക്കൊണ്ടു പോയിരുന്നുവെങ്കിൽ കുത്താവിന്റെ ഐശ്വര്യം നിശ്ശേഷം നശിക്കുകയും അദ്ദേഹത്തിനു് അനേക മനസ്താപങ്ങൾ ഉണ്ടായിത്തീരുകയും ചെയ്യുമായിരുന്നു. അങ്ങിനെ വരരുതെന്നു വിചാരിച്ചാണു് ഞാൻ എന്റെ കാട്ടുനായെ അയയ്ക്കുകയും മറ്റും ചെയ്തതു്.

നമ്പി—ശരി, എന്നാൽ ഞാനിങ്ങോട്ടു പോന്നപ്പോൾ നിങ്ങൾ എന്റെ പിന്നാലെ വന്നതെന്തിനാണു്?

ഭൈര—എന്റെ കാട്ടുനായ്ക്കളെ നിങ്ങൾ ഉപദ്രവിക്കാതെയിരിക്കാനായിട്ടും കുത്താവിന്റെ കായ്യം പറയാനായിട്ടുമാണു്.

നമ്പി—ശരി. നിങ്ങളിൽനിന്നു് അറിയാനുണ്ടായിരുന്നതെല്ലാം ഇപ്പോൾ ഞാനറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനാൽ ഇനി നിങ്ങൾക്കു പോകാം.

ഭൈര—ഞാനാരാണെന്നുള്ളതും നിങ്ങൾ അറിഞ്ഞുവല്ലോ?

നമ്പി—കാഹോ. അതു് അരുട്ട്യം പാണ്ടിപ്പിള്ളയുടെ വേഷത്തിൽ കണ്ടപ്പോൾത്തന്നെ ഞാൻ മനസ്സിലാക്കി.

ഭൈര—എന്നാൽ എനിക്കിനി ചില സംഗതികൾകൂടെ പറയാനുണ്ടു്. മുൻകാലങ്ങളിൽ പരദേശങ്ങളിലുള്ളവർക്കു വല്ല ബാധോപദ്രവമോ മറ്റോ ഉണ്ടായാൽ എന്റെ സന്നിധിയിൽ വന്നു് എന്നെ ഭജിക്കുകയും ശരണം പ്രാപിക്കുകയും ഞാൻ അവരുടെ ഉപദ്രവങ്ങൾ നീക്കി സുഖപ്പെടുത്തിയയയ്ക്കുകയുമായിരുന്നു പതിവു്. നിങ്ങൾ പരദേശങ്ങളിലും പോയി മന്ത്രവാദം ചെയ്യുതുടങ്ങിയതിൽപ്പിന്നെ എന്റെ അടുക്കൽ ആരും വരാതെയായിരിക്കുന്നു. അതിനാൽ എനിക്കു മുൻപുണ്ടായിക്കൊണ്ടിരുന്ന ആദായം ഇപ്പോൾ നിന്നുപോയിരിക്കുന്നതുകൊണ്ടു മേലാൽ നിങ്ങൾ പരദേശങ്ങളിൽപ്പോയി മന്ത്രവാദം ചെയ്കയില്ലെന്നു തീച്ചപ്പെടുത്തണം. പരദേശികൾക്കു ബാധോപദ്രവമോ മറ്റോ ഉണ്ടായാൽ അവർ എന്റെ സന്നിധിയിൽ വരണമെന്നും അതു ധനുമാസത്തിൽ എന്റെ ഉത്സവകാലത്തായിരിക്കു

Digitized By Kerala Sahitya Akademi

ണമെന്നും വ്യവസ്ഥചെയ്യുകയും അക്കാലത്തു നിങ്ങളും അവിടെ ഉണ്ടായിരിക്കുകയും വേണം. അക്കാലത്തു് അവക്കു വേണ്ടുന്ന മന്ത്രവാദം എന്റെ സന്നിധിയിൽവെച്ചു നിങ്ങൾതന്നെ ചെയ്യുന്നതിനു വിരോധമില്ല. പരദേശികൾക്കു നിങ്ങൾ മന്ത്രവാദം ചെയ്യുന്നതു് എന്റെ സന്നിധിയിൽവെച്ചും ഉത്സവകാലത്തുമായിരിക്കണമെന്നു മാത്രമേ എനിക്കു നിർബ്ബന്ധമുള്ളു. അങ്ങിനെയായാൽ അതും ഉത്സവത്തിന്റെ ആലോചനകളിലൊന്നായിത്തീരുമല്ലോ. നിങ്ങൾ ആണ്ടുതോറും ധനുമാസം കന്നാംതീയതി രാവിലെ അവിടെയെത്തുകയും ഉത്സവം കഴിയുന്നതുവരെ അവിടെത്താമസിക്കുകയും വേണം. നിങ്ങളെ അങ്ങോട്ടു കൊണ്ടുവരുന്നതിനു നമ്മുടെ മണികണ്ഠനെ ഞാനിവിടെ അയച്ചുകൊള്ളാം. നിങ്ങളെ ഞാനും എന്റെ ആശാനായി സ്വീകരിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ അവിടെ പന്നാൽ വേണ്ടുന്ന ആചാരോപചാരങ്ങളൊക്കെ ചെയ്യുന്നതിനു ഞാൻ ഏർപ്പാടു ചെയ്തുകൊള്ളാം.

ഭൈരവൻപിള്ള പറഞ്ഞതെല്ലാം നമ്പി പൂർണ്ണമായി സമ്മതിക്കുകയും ഭൈരവൻപിള്ള അപ്പോൾത്തന്നെ അവിടെനിന്നു പോവുകയും ചെയ്തു. ഈ ഭൈരവൻപിള്ള സാക്ഷാൽ അച്ചൻകോവിൽശാസ്താവായിരുന്നു എന്നുള്ള വാസ്തവം ഇപ്പോൾ വായനക്കാർ ഊഹിച്ചറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു.

ആ ആണ്ടിൽ ധനുമാസം കന്നാംതീയതിയുടെ തലേദിവസം രാത്രിയിൽ അച്ചൻകോവിൽദേവസ്വക്കാർക്കു് ഒരു സ്വപ്നമുണ്ടായി. "നാളെ രാവിലെ തേവലശ്ശേരി നമ്പി ഇവിടെ വരും. അദ്ദേഹം എന്റെയും ഗുരുവാണു്. അതിനാൽ നിങ്ങൾ അദ്ദേഹത്തെ സാദരം എതിരേൽക്കുകയും സബഹുമാനം ആചാരോപചാരങ്ങൾ ചെയ്യുകയും വേണം. ബലിക്കൽപുരയുടെ വടക്കേപ്പടിയിൽ വെള്ളയും കരിമ്പടവും വിരിച്ചു് അദ്ദേ

Digitized By Kerala Sahitya Akademi

ഥത്തെ ഇരുത്തണം. അവിടെ ഒരു ചങ്ങലവട്ടക കൊളുത്തി വെയ്ക്കുകയും വേണം. അദ്ദേഹം ഇപ്പിടെത്താമസിക്കുന്ന ദിവസങ്ങളിലെല്ലാം തന്ത്രിയുടെ പതിവുപോലെ അരിക്കോപ്പുകളും പകച്ചുയും കൊടുക്കണം. അദ്ദേഹത്തിന്റെ പരിവാരങ്ങളേയും യഥായോഗ്യം ആദരിക്കണം" എന്നായിരുന്നു സ്വപ്നം. ധനുമാസം ഒന്നാംതീയതിയുടെ തലേദിവസം വൈകുന്നേരം മണികണ്ഠൻ നമ്പിയുടെ അടുക്കൽ എത്തുകയും നമ്പി മണികണ്ഠന്റെ കഴുത്തിൽ കയറി പരിവാരസമേതം പുറപ്പെട്ട ധനുമാസം ഒന്നാംതീയതി രാവിലെ അച്ചൻകോവിലിൽ ചെന്നുചേരുകയും ദേവസ്വക്കാർ സ്വപ്നപ്രകാരമെല്ലാം അദ്ദേഹത്തെ എതിരേറ്റു സൽക്കരിക്കുകയും ചെയ്തു.

അച്ചൻകോവിലിൽ പ്രധാനമായിട്ടുള്ള നടവരവു നെയ്യാണു്. അതവിടെ ധാരാളമായി വരികയും ചെയ്യും. എങ്കിലും വിളക്കിനും മറ്റും ഉപയോഗിക്കയല്ലാതെ അതു് ആരും കൂട്ടി ഊണു കഴിക്കാറില്ല. അവിടെ നെയ്യുകൂട്ടിയൂണുകഴിച്ചാൽ മാത്രം കഴിയുമ്പോൾ പനി തുടങ്ങുമെന്നുള്ള കായ്യം തിച്ചയാണു്. അതുകൊണ്ടു് അവിടെ തന്ത്രിക്കുപോലും പകച്ചുണ്ണാനെയ്യു കൊടുക്കാറില്ല. എങ്കിലും തേവലശ്ശേരിനമ്പിക്കു പകച്ചുകൂട്ടത്തിൽ ഒരു തുടം നെയ്യുകൂടെ കൊടുക്കുകയും അദ്ദേഹം അതു കൂട്ടി ഉണ്ണുകയും ചെയ്തു. നമ്പിക്കു് അതുകൊണ്ടു പനിയെന്നല്ല, യാതൊരു സുഖക്കേടുമുണ്ടായില്ല. ഇതറിഞ്ഞപ്പോൾ തന്ത്രിക്കു് അപരിമിതമായ കുണ്ഠിതമുണ്ടായി. നെയ്യു കൂട്ടീട്ടു നമ്പിക്കു സുഖക്കേടൊന്നും ഉണ്ടാകാതെയിരുന്നതു ശാസ്താവിന്റെ കരുണകൊണ്ടായിരിക്കണമെന്നും താൻ തന്ത്രിയായിരിക്കുന്ന സ്ഥിതിക്കു തന്നെക്കുറിച്ചുള്ളതിലധികം കരുണ ശാസ്താവിനു മറ്റൊരാളുടെ പേരിലുണ്ടാകുന്നതു തനിക്കു കുറച്ചിലാണല്ലോ എന്നും മറ്റുമായിരുന്നു അദ്ദേഹത്തിന്റെ വിചാരം. അദ്ദേഹത്തിനു നെയ്യുകൂട്ടി ഉണ്ണണമെങ്കിൽ അവിടെ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. എങ്കിലും പനി വന്നെങ്കിലോ എന്നുള്ള ഭയംനിമിത്തം അദ്ദേഹത്തിനു് അതിനു ധൈര്യമുണ്ടാ

Digitized By Kerala Sahitya Akademi

യില്ല. "ഏതെങ്കിലും ഇതിനൊരു തീച്ചയുണ്ടായിട്ടല്ലാതെ ഇനി ഊണു കഴിക്കുകയില്ല" എന്നു നിശ്ചയിച്ചു് അദ്ദേഹം പിറ്റേദിവസം ഉച്ചതിരിയുന്നതുവരെ ഉണ്ണാതെയിരുന്നു. തന്ത്രി ഉണ്ണാതെ താനുണ്ണുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ചു നമ്പിയും ഊണു കഴിച്ചില്ല. ഉച്ചതിരിഞ്ഞപ്പോൾ ശ്രീകോവിലകത്തുനിന്നു "നമ്പിക്കു് ഒരു തുടം കൊടു, താഴമണ്ണിനു് ഒരു തുടം പൂടു" എന്നൊരശരീരിവാക്കുണ്ടായി. ഇതു ശാസ്താവിന്റെ കല്പനയാണെന്നു് അവിടെയുണ്ടായിരുന്ന സകലരും വിശ്വസിച്ചു. എങ്കിലും ഇതിന്റെ അർത്ഥമെന്തെന്നു സംശയിച്ചു ചിലർ നമ്പിയോടു ചോദിച്ചു. അപ്പോൾ നമ്പി, "ഇതിന്റെ അർത്ഥം എനിക്കു് ഒരു തുടം നെയ്യു തരണമെന്നും താഴമൺ പോറ്റി (ഇദ്ദേഹമാണു് ഇവിടുത്തെ തന്ത്രി) നെയ്യു തുടത്തിലെടുത്തു പൂടപിടിപ്പിച്ചു കൂട്ടിക്കൊള്ളണമെന്നുമാണു്" എന്നു പറഞ്ഞു. തന്ത്രി അപ്രകാരം നെയ്യു കൂട്ടിയുണ്ടു. അദ്ദേഹത്തിനു പനി വന്നുമില്ല. പിന്നെ അതു പതിവായിത്തീർന്നു.

തേവലശ്ശേരി നമ്പി അദ്ദേഹത്തിന്റെ ജീവാവസാനം വരെ ധനുമാസം ഒന്നാംതീയതിതോറും അമ്പൻകോവിലിലെത്തി ഉത്സവം കഴിയുന്നതുവരെ അവിടെ താമസിക്കുകയും അക്കാലത്തു ബാധോപദ്രവക്കാരായും മറ്റും അനേകം പരദേശികൾ അവിടെ വരികയും നമ്പി അവിടെവെച്ചു മന്ത്രവാദം ചെയ്തു് അവരുടെ ബാധകളേയും മറ്റും കഴിച്ചു സുഖപ്പെട്ടുത്തി അയയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനാൽ അക്കാലത്തു വഴിപാടുകളായും മറ്റും ദേവസ്വത്തിലേയ്ക്കുള്ള വരവു വളരെ വർദ്ധിച്ചു. നമ്പി വിചാരിക്കുന്ന കാര്യങ്ങളെല്ലാം അമ്പൻകോവിൽശ്ശാസ്താവു സാധിപ്പിച്ചുകൊടുത്തുകൊണ്ടുമിരുന്നു.

"കൊല്ലം തൊള്ളായിരത്തിൽപ്പരമൊരെഴുപത്തും മൂന്നാമാം കുംഭമാസേ" നാടുനീങ്ങിയ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് കരിങ്കൽ മണ്ഡപാധിപതിയായിത്തീർന്നു. അപ്പോൾ തേവലശ്ശേരി നമ്പി മണ്ഡപകാര്യാഗം ആകർഷിച്ചു മാറ്റുമെന്നുള്ളതു പ്രസിദ്ധമായിരുന്നതിനാൽ

Digitized By Kerala Sahitya Akademi

കല്പനപ്രകാരം ആൾ വന്നു നമ്പിയെ തിരുവനന്തപുരത്തു കൊണ്ടുപോയി. രോഗം ഏറ്റവും കടുത്ത വകയായിരുന്നതിനാൽ തിരുമനസ്സുകൊണ്ട് അത്യന്തം അവശനായി കിടപ്പുതന്നെയായിരുന്നു. നമ്പി ആ രോഗം ആകഷ്ടിച്ചു തന്നെ ദേഹത്തിന്മേലാക്കി. ഉടനെ തിരുമനസ്സിലെ ദേഹത്തിന്മേലുണ്ടായിരുന്ന കുരുക്കളെല്ലാം കാണാതെയായിത്തീരുകയും തിരുമനസ്സിലേയ്ക്കു വളരെ സുഖം തോന്നുകയാൽ അവിടുന്ന് എഴുന്നേറ്റിരിക്കുകയും ചെയ്തു. എങ്കിലും നമ്പിയുടെ ദേഹത്തിലെല്ലാം തൽക്ഷണം കുരുക്കൾ കാണപ്പെടുകയും നമ്പി ഏറ്റവും പരവശനായി അവിടെത്തന്നെ വീഴുകയും ചെയ്തു. അപ്പോൾ നമ്പിയുടെ ആകൃതി കണ്ടിട്ട് തിരുമനസ്സിലേയ്ക്കുതന്നെ ഭയം തോന്നി. ഉടനെ "ഇതു് എനിക്കും തനിക്കുമുള്ളതു്" എന്നു കല്പിച്ചു. അപ്പോൾ നമ്പി "പിന്നെ ആക്കാകാമെന്നുകൂടി കല്പിക്കണം" എന്നറിയിച്ചു. തിരുമനസ്സുകൊണ്ടു സല്പം ആലോചിച്ചിട്ട്, "ഇവിടെനിന്നു് ഏകദേശം നാല്പതു നാഴിക ദൂരം കിഴക്കു വഴിയരികിലായിട്ട് ഒരു കാവിൻകൂട്ടമുണ്ട്. അവിടെ രണ്ടു വലിയ പാലകൾ നില്ക്കുന്നുണ്ട്. അവയിൽ അനേകം ദേവതമാർ വന്നു വാസമായിട്ടുമുണ്ട്. ആ ദേവതമാരുടെ ഉപദ്രവംനിമിത്തം പകൽസ്സമയത്തുപോലും ആ വഴിയെ ജനങ്ങൾക്കു സഞ്ചരിക്കാൻ നിവൃത്തിയില്ലാതെയായിരിക്കുന്നു. ഈ രോഗം ആകഷ്ടിച്ചു് ആ പാലകളിൽ ആക്കിയാൽ അവ നശിക്കുകയും അപ്പോൾ ആ ദേവതമാർ അവിടംവിട്ടു പോവുകയും ആ വഴി ജനങ്ങൾക്കു സഞ്ചാരയോഗ്യമായിത്തീരുകയും ചെയ്യുന്നതാകയാൽ അതൊരു വലിയ ഉപകാരമായിരിക്കും. അതുകൊണ്ടു് അങ്ങിനെ ചെയ്താൽ കൊള്ളാം" എന്നരുളിച്ചെയ്തു. അപ്പോൾ നമ്പി, "എന്നാൽ എന്നെ ആ സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിനുകൂടി കല്പനയുണ്ടാകണം. എനിക്കു നടന്നുപോകാൻ നിവൃത്തിയില്ലാതെയായിരിക്കുന്നു" എന്നറിയിച്ചു. ഉടനെ കല്പനപ്രകാരം ഏതാനുമാളുകൾ വന്നു നമ്പിയെ ഒരു മഞ്ചലിലാക്കിയെടുത്തു് ആ സ്ഥലത്തു കൊണ്ടു

Digitized By Kerala Sahitya Akademi

പോവുകയും നമ്പി ആ മസൂരികാരോഗത്തെ തന്റെ ദേഹത്തിൽനിന്നു് ആകഷ്ടിച്ചു് ആ പാലകളിലാക്കുകയും ആ പാലകൾ ഏഴു ദിവസംകൊണ്ടു് ഉണങ്ങിയൊടിഞ്ഞു നിലംപതിക്കുകയും ഉദ്ദേശതമാരെല്ലാം അവിടംവിട്ടു പോവുകയും ആ വഴി ജനങ്ങൾക്കു സഞ്ചാരയോഗ്യമായിത്തീരുകയും നമ്പി സ്വസ്ഥശരീരനായി തിരിയെ തിരുവനന്തപുരത്തെത്തുകയും ചെയ്തു. അപ്പോഴെയ്ക്കും തിരുമനസ്സിലെയ്ക്കും ക്ഷീണവും മാറും തീർന്നു സുഖമാവുകയും ചെയ്തിരുന്നു. തിരുമനസ്സുകൊണ്ടു സന്തോഷിച്ചു നമ്പിക്കു പല സമ്മാനങ്ങൾ കല്പിച്ചുകൊടുത്തതുകൂടാതെ കല്പനപ്രകാരം ഏതാനും വസ്തുക്കൾ കരമൊഴിവായി പതിച്ചുകൊടുക്കുകയും ചെയ്തു.

ഈ നമ്പി പ്രസിദ്ധയുദ്ധവിദഗ്ദ്ധന്മാരായിരുന്ന കുഞ്ചിക്കുട്ടിസവ്വാധികായ്ക്കാർ, കുതിരപ്പക്ഷി, വൈക്കം പത്മനാഭപിള്ള എന്നിവർക്കു ചില ഉപദേശങ്ങൾ കൊടുക്കുകയും ശത്രുക്കളുടെ ആയുധംകൊണ്ടു മരിക്കാതെയിരിക്കുന്നതിന്നായി ചില യന്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തിരുന്നു. വേലുത്തമ്പിദളവാ അവസാനകാലത്തു രക്ഷാമാർഗ്ഗമൊന്നുമില്ലാതെയായപ്പോൾ വിവരം നമ്പിയെ ഗ്രഹിപ്പിക്കുകയും തേവലശ്ശേരിയിൽ ചെന്നാൽ രക്ഷിച്ചുകൊള്ളാമെന്നു നമ്പി തമ്പിയെ അറിയിക്കുകയും ചെയ്തിരുന്നു. ദുഷ്ടാലശക്തിനിമിത്തം തമ്പിക്കു് അവിടെ ച്ചെന്നുചേരാൻ സാധിക്കായ്കയാലാണു് കടുക്കം ആത്മഹത്യ ചെയ്യേണ്ടതായി വന്നതു്.

ഈ വേതലശ്ശേരിനമ്പിയുടെ കാലത്തുതന്നെ 'താമരശ്ശേരിനമ്പി' എന്നു പ്രസിദ്ധനായിട്ടു് കരു മന്ത്രവാദി ആറന്മുളെയുണ്ടായിരുന്നു. താമരശ്ശേരിനമ്പി, തേവലശ്ശേരിനമ്പിയുടെ സജാതീയനായിരുന്നുവെങ്കിലും ആദ്ദേഹത്തിനു തേവലശ്ശേരിനമ്പിയെക്കുറിച്ചു പുച്ഛമായിരുന്നു. തന്നെ ജയിക്കത്തക്കവണ്ണമുള്ള യോഗ്യത തേവലശ്ശേരിക്കില്ലെന്നായിരുന്നു താമരശ്ശേരിയുടെ വിചാരം. ഇങ്ങിനെ ആദ്ദേഹം ചിലപ്പോൾ ചിലരോ

Digitized By Kerala Sahitya Akademi

ട പ്രസംഗവശാൽ കുറച്ചു പറയാറുണ്ടായിരുന്നു. ഇതിനെ ക്കുറിച്ചു. തേവലശ്ശേരി നമ്പിയും അറിയാതെയിരുന്നില്ല.

"തേവലശ്ശേരിയുമായി നേരിട്ടുകാണാനിടയാക്കരുത്. നേരിട്ടുകണ്ടാൽ നാശമുണ്ടാകും" എന്നു് ആരോ തന്റെ അടുക്കൽ വന്നു പറഞ്ഞതായി താമരശ്ശേരി നമ്പി കൂടെക്കൂടെ സ്വപ്നം കാണാറുണ്ടായിരുന്നു. നേരിട്ടു കണ്ടാൽ നാശമുണ്ടാകുന്നതു തേവലശ്ശേരിക്കാണെന്നാണു് താമരശ്ശേരി നമ്പി ഈ സ്വപ്നം കൊണ്ടു മനസ്സിലാക്കിയതു്. തേവലശ്ശേരിയേക്കാൾ യോഗ്യത തനിക്കുണ്ടെന്നുള്ള വിചാരം മനസ്സിലായിരിക്കുമ്പോൾ അദ്ദേഹത്തിനു് അങ്ങിനെയല്ലാതെ തോന്നാൻ തരമില്ലല്ലോ.

തേവലശ്ശേരിനമ്പി അന്യദേശങ്ങളിൽപ്പോയിയും സ്വദേശത്തുവെച്ചും മന്ത്രവാദസംബന്ധമായി പ്രതിദിനമെന്നപോലെ കാരോ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ കീർത്തി വർദ്ധിച്ചു വർദ്ധിച്ചു ഭൂലോകത്തിൽ സർവ്വത്ര വ്യാപിച്ചു. അതിനാൽ മന്ത്രവാദത്തിനായി താമരശ്ശേരിനമ്പിയുടെ അടുക്കൽ ആരും ചെല്ലാതെയും അദ്ദേഹത്തെ ആരും ഏങ്ങും കൊണ്ടുപോകാതെയുമായി. അപ്പോൾ താമരശ്ശേരി നമ്പിക്കു തേവലശ്ശേരി നമ്പിയെക്കുറിച്ചുള്ള അസൂയ സഹിക്കവയ്യാതെയായിത്തീർന്നു. തേവലശ്ശേരി നമ്പി ജീവിച്ചിരിക്കുന്ന കാലത്തു തന്റെ കീർത്തിക്കു പ്രചാരമുണ്ടാകുന്ന കാര്യം അസാദ്ധ്യമാണെന്നു തോന്നുകയാൽ ഏതുവിധവും തേവലശ്ശേരി നമ്പിയുടെ കഥ കഴിക്കണമെന്നു താമരശ്ശേരി നമ്പി തീർച്ചപ്പെടുത്തി. നേരിട്ടു കണ്ടാൽ നാശമുണ്ടാകുമെന്നു സ്വപ്നമുണ്ടായിട്ടുണ്ടല്ലോ. അതിനാൽ നേരിട്ടുകാണ്മാൻ മാർഗ്ഗമുണ്ടാക്കണമെന്നതന്നെ അദ്ദേഹമുറച്ചു. അതിനെന്താണു് വഴിയെന്നാലോചിച്ചപ്പോൾ തേവലശ്ശേരിനമ്പി ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും വെളുപ്പാൻകാലത്തു പതിവായി നെടുംപ്രയാറുകളരിയിലേയ്ക്കു പോകാറുണ്ടെന്നും അതു് ആറിൽക്കൂടിയാണു് പതിവെന്നും അറിവു കിട്ടി. അതിനാൽ അടുത്ത വെള്ളിയാഴ്ച വെളുപ്പാൻകാലത്തു ജലമാർഗ്ഗമായി കുന്നു യാത്ര

Digitized By Kerala Sahitya Akademi

ചെയ്യണമെന്നു താമരശ്ശേരി നമ്പി നിശ്ചയിച്ചു. ഈ വിവരമെല്ലാം തേവലശ്ശേരിനമ്പി എങ്ങിനെയോ മനസ്സിലാക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിനു് അതുകൊണ്ടു ക്ലേശലൊന്നുമുണ്ടായില്ല. അദ്ദേഹം പതിവുപോലെ വെള്ളിയാഴ്ച വെളുപ്പാൻകാലത്തു നെടുംപ്രയാറ്റേയ്ക്കു പുറപ്പെട്ടു. തേവലശ്ശേരി നമ്പി കരകല്ലു് (അമ്മി) എടുത്തിട്ടു് അതിന്മേൽക്കയറി, അതിന്റെ തലയ്ക്കൽ കരുപന്തവും കൊളുത്തിക്കുത്തിക്കൊണ്ടാണു് ആറ്റിൽക്കൂടി കിഴക്കോട്ടു പുറപ്പെട്ടതു്. ആ സമയത്തുതന്നെ താമരശ്ശേരി നമ്പി കിഴക്കുനിന്നു പടിഞ്ഞാട്ടും പുറപ്പെട്ടു. താമരശ്ശേരി നമ്പി കരുതുശനിലവെട്ടി വെള്ളത്തിലിട്ടു് അതിന്മേൽക്കയറിയാണു് പുറപ്പെട്ടതു്. താമരശ്ശേരി നമ്പി 'അത്തിമൂട്ടു്' എന്ന സ്ഥലത്തായപ്പോൾ പടിഞ്ഞാറു് അസാമാന്യമായ കരുതേജസ്സു കണ്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ അതു തേവലശ്ശേരി നമ്പിയുടെ വരവാണെന്നു്, അദ്ദേഹത്തിനു മനസ്സിലായി. ആ സമയം "കഴിഞ്ഞുപൊയ്ക്കൊള്ളണം; അല്ലെങ്കിൽ ആപത്തുണ്ടാകും" എന്നു് ആരോ വിളിച്ചുപറഞ്ഞതായി താമരശ്ശേരി നമ്പിക്കു തോന്നി. ദുർനിരീക്ഷ്യമായ തേജസ്സു കാണുകയും മേല്പറഞ്ഞ വാക്കുകൾ കേൾക്കുകയും ചെയ്തപ്പോൾ താമരശ്ശേരി നമ്പിയുടെ ഹൃദയം വല്ലാതെ ഭയപരവശമായിത്തീർന്നു. എങ്കിലും അദ്ദേഹം പിന്നെയും മുൻപോട്ടുതന്നെ പോയി. അപ്പോഴെയ്ക്കും തേവലശ്ശേരി നമ്പി വനനടുത്തുകഴിഞ്ഞു. തേവലശ്ശേരി നമ്പിയുടെ മുഖത്തു് അപ്പോൾ അതിഭയങ്കരമായ കരുതേജസ്സു ജ്വലിച്ചുകൊണ്ടിരുന്നു. ആ മുഖം കണ്ടപ്പോൾ താമരശ്ശേരി നമ്പിയുടെ ഭയം ശതഗുണീഭവിച്ചു. അപ്പോൾ തേവലശ്ശേരി നമ്പി "ഇതു് കടവിലത്തെ കാഴ്ചയാണു്" എന്നു പറയുകയും താമരശ്ശേരി നമ്പിയുടെ തുശനിലയ്ക്കു തീപ്പിടിച്ചു് അതു ഭസ്മമായിപ്പോവുകയും നമ്പി അവിടെയുണ്ടായിരുന്ന കരുനീർച്ചുഴിയിൽ അകപ്പെട്ടു താണുപോവുകയും ചെയ്തു. തേവലശ്ശേരി നമ്പി നേരെ കിഴക്കോട്ടു ചെന്നു നെടുംപ്രയാറുകളരിയിലെത്തി വന്ദിച്ചിട്ടു തിരിയെപ്പോയി

Digitized By Kerala Sahitya Akademi

ചെങ്ങന്നൂർ പടിഞ്ഞാറെ നടയിലും ദർശനം കഴിച്ചു സ്വഗൃഹത്തിലേയ്ക്കു പോവുകയും ചെയ്തു.

വെള്ളപ്പാൻകാലത്തു വെള്ളത്തിൽ മുങ്ങിപ്പോയ താമരശ്ശേരി നമ്പി പിറേറദ്ദിവസം ആറേഴനാഴിക പുലർന്നപ്പോഴെയ്ക്കും കരുവിധത്തിൽ ആറന്മുളക്ഷേത്രത്തിനു വടക്കുവശത്തുള്ള കടവിലെത്തി. അപ്പോൾ അദ്ദേഹത്തിനു വലിയ തരക്കേടൊന്നും പററിയിരുന്നില്ല. കരയ്ക്കു കയറി സ്വല്പം നടന്നപ്പോഴെയ്ക്കും അദ്ദേഹം ബോധംകെട്ടു നിലത്തു വീണു. അതു കണ്ടു ചിലർകൂടി എടുത്തു് അദ്ദേഹത്തെ അദ്ദേഹത്തിന്റെ ഗൃഹത്തിൽ കൊണ്ടുചെന്നാക്കി. ഉടനെ പനി തുടങ്ങുകയും മൂന്നാംദിവസം ദേഹത്തിൽ സർവ്വത്ര മസൂരിക്കുരു പുറപ്പെടുകയും പന്ത്രണ്ടാംദിവസം അദ്ദേഹം മരിക്കുകയും അതോടുകൂടി ആ കുടുംബം അവസാനിക്കുകയും ചെയ്തു.

സാധാരണ മന്ത്രവാദികൾ കൈവിഷം ഛർദ്ദിപ്പിച്ചും മറുമാണല്ലോ കളയുക പതിവു്. എന്നാൽ തേവലശ്ശേരി നമ്പി അങ്ങിനെയൊന്നുമല്ല ചെയ്യാറുള്ളതു്. കൈവിഷം ഭക്ഷിച്ചിട്ടുള്ളവർ അതു കളയിക്കുന്നതിനായി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നാൽ ഒരു കാരിക്ക ചെത്തി തുളച്ചു വലിയ ഭാരമുണ്ടാക്കീട്ടു് അതു് ആ വിഷം ഭക്ഷിച്ചിട്ടുള്ള ആളുടെ വയറോടു ചേർത്തുപിടിച്ചുകൊണ്ടു് അദ്ദേഹം ഒരു മന്ത്രം ജപിക്കും. അതു കഴിഞ്ഞു കരിക്കെടുത്തുനോക്കിയാൽ കൈവിഷം ഏതു സാധനത്തിലാണു് അകത്തു ചേർന്നിട്ടുള്ളതെന്നുവെച്ചാൽ ആ സാധനം ആ കരിക്കിൻവെള്ളത്തിൽ കാണും. അതോടുകൂടി ആ കൈവിഷം ഭക്ഷിച്ച ആൾക്കു സുഖമാവുകയും ചെയ്യും. ഇങ്ങിനെയാണു് നമ്പിയുടെ പതിവു്.

തേവലശ്ശേരി നമ്പി ഒന്നാംതരം വിഷവൈദ്യനുമായിരുന്നു. ഒരു ദിവസം രാത്രിയിൽ അദ്ദേഹവും ഒരു വിഷവൈദ്യനുംകൂടി ഒരു സ്ഥലത്തേയ്ക്കു പൊയപ്പോൾ മദ്ധ്യമാർഗ്ഗം ഒരാൾകൂടെ വന്നുകൂടി. അയാളുടെ തലയിൽ ഒരു പാത്രവും അ

Digitized By Kerala Sahitya Akademi

തിൽ കുറച്ചു പായസവുമുണ്ടായിരുന്നു. മൂന്നുപേരുംകൂടി കുറച്ചു ദൂരം പോയപ്പോൾ ആ പായസം തലയിൽവെച്ചുകൊണ്ടുപോയ ആളുടെ കാലിന്മേൽ ഒരു പാമ്പു കടിച്ചു. ഉടനെ അയാൾ "അയ്യോ! ആശാനേ! എന്നെ കാലിന്മേൽ ഏതാണ്ടു കടിച്ചുവല്ലോ" എന്നു പറഞ്ഞു. അതു കേട്ടു നമ്പി, "കാ! അതു സാരമില്ല. വിഷം ഇപ്പോൾ ഇറക്കിക്കളയാം" എന്നു പറഞ്ഞു് അവിടെയിരുന്നു് ഒരു മന്ത്രം ജപിച്ചു വിഷമിറക്കിത്തുടങ്ങി. വിഷം സ്വല്പമിറങ്ങിയെങ്കിലും വീണ്ടും മേല്പോട്ടു കേറിത്തുടങ്ങി. അപ്പോൾ വിഷബാധിതൻ "അയ്യോ! ആശാനേ! വിഷം മേല്പോട്ടു കേറുകയാണെന്നാണല്ലോ തോന്നുന്നതു്. അതു് എന്റെ പാദത്തിന്മേലായിരുന്നു വേദന. അതിപ്പോൾ മുട്ടിന്മേലായിരിക്കുന്നു" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ കൂടെയുണ്ടായിരുന്ന വിഷവൈദ്യൻ തന്നെ പരീക്ഷിക്കാനോ അപമാനിക്കാനോ ആയിട്ടു് എന്തോ കൌശലം പ്രയോഗിക്കുന്നുണ്ടെന്നു നമ്പി തീർച്ചയാക്കി. "എന്നാൽ മേല്പോട്ടുതന്നെ കേറട്ടേ" എന്നു് അദ്ദേഹം നിശ്ചയിക്കുകയും ചെയ്തു. വിഷം മുറ്റും മേല്പോട്ടു കേറിക്കൊണ്ടിരുന്നു. "ഇപ്പോൾ വേദനയെവിടെയാണു്? ഇപ്പോൾ എവിടെയാണു്?" എന്നിങ്ങിനെ നമ്പി ക്കുടെക്കുടെ ചോദിച്ചുകൊണ്ടും സപ്തർഷ്ടിനായ ആൾ "ഇപ്പോൾ വയറ്റിൽ, ഇപ്പോൾ നെഞ്ചിൽ, ഇപ്പോൾ നെറ്റിയിൽ" എന്നിങ്ങിനെ പറഞ്ഞുകൊണ്ടുമിരുന്നു. ഒടുക്കം ഭഷ്ടൻ "ഇപ്പോൾ വേദന ഉച്ചി (നിറുക)യിലായിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ നമ്പി "എന്നാൽ തലയിൽ ഇരിക്കുന്നതു മുഴുക്കെ കളഞ്ഞേയ്ക്കൂ" എന്നു പറഞ്ഞു. ഭഷ്ടൻ തലയിലിരുന്ന പായസം മുഴുവൻ കളയുകയും ചെയ്തു. അപ്പോൾ നമ്പി "ഇപ്പോൾ എവിടെയെങ്കിലും വേദന തോന്നുന്നുണ്ടോ" എന്നു ചോദിച്ചു. "ഇല്ല സുഖമായി" എന്നു ഭഷ്ടൻ പറഞ്ഞു. ഉടനെ നമ്പി "എന്നാൽ പോയ്ക്കോളൂ. ഇനി ഭയപ്പെടാനൊന്നുമില്ല. വിഷമിറങ്ങിപ്പോയി" എന്നു പറയുകയും ഭഷ്ടൻ അവിടെനിന്നു പോവുകയും ചെയ്തു. അപ്പോൾ ആ വിഷവൈദ്യൻ ന

Digitized By Kerala Sahitya Akademi

മ്പിയാട്ട "തലയിലിരുന്നതു മുഴുക്കെ കളയാൻ പറഞ്ഞതെന്തിനാണ്?" എന്നു ചോദിച്ചു.

നമ്പി—വിഷം ശിരസ്സിലായി എന്നറിഞ്ഞപ്പോൾ ഞാനതു് അവിടേനിന്നു് ആകഷ്ടിച്ചു് ആ പായസത്തിലാക്കി. പിന്നെ ആ പായസം ആരെങ്കിലും ഭക്ഷിച്ചാൽ മരിച്ചുപോകുമല്ലോ. അതുകൊണ്ടാണു് അതു മുഴുക്കെ കളഞ്ഞേയ്ക്കാൻ പറഞ്ഞതു്.

വൈദ്യൻ—അതു ഞാൻ വിചാരിച്ചില്ല. വിഷം ശിരസ്സിൽക്കയറിയാൽ പിന്നെ ഇറക്കാൻ സാധിക്കയില്ലല്ലോ, ഭഷ്ടൻ മരിക്കയും ചെയ്യും; എന്നായിരുന്നു എന്റെ വിചാരം.

നമ്പി—കുന്നു വിചാരിച്ചാൽ അവസാനംവരെ വിചാരിക്കയും കുന്നു ചെയ്താൽ അവസാനംവരെ ചെയ്കയും ചെയ്യാത്തവരെയാണു് ജനങ്ങൾ 'മുറിവൈദ്യന്മാർ' എന്നു പറയുന്നതു്.

ഇതു കേട്ടു വിഷവൈദ്യൻ ഏറ്റവും ലജ്ജിക്കുകയും "എല്ലാംകൊണ്ടും ആശാനോടു മടക്കംതന്നെ. ശിരസ്സിൽക്കയറിയ വിഷം അവിടെനിന്നു് ആകഷ്ടിച്ചെടുത്തുകളയുക എന്നൊരു വിദ്യയുണ്ടെന്നു ഞാനിതുവരെ അറിയുകയും വിചാരിക്കുകയും ചെയ്തിരുന്നില്ല" എന്നു പറയുകയും ചെയ്തിട്ടുപോയി.

തേവലശ്ശേരി നമ്പിയുടെ ഗൃഹത്തിനു സമീപംതന്നെ കുരുപോറിയുടെ മഠത്തിൽ കുരു പുത്തൻതിരുവാതിരയ്ക്കു (വേളികഴിച്ചു കുടിവെച്ചിട്ടു് ആദ്യത്തെ ധനുമാസത്തിൽ തിരുവാതിരയ്ക്കു) സ്വജനങ്ങളുടെ മംഗളത്തിൽനിന്നും ദേശക്കാരുടെ വീടുകളിൽനിന്നും സ്ത്രീകളാരും പോകരുതെന്നു വേറൊരു പോറ്റി വിരോധിച്ചു. അദ്ദേഹം കുരു പ്രബലനായിരുന്നതിനാൽ അതു് എല്ലാവരും സമ്മതിക്കുകയും ചെയ്തു. പുത്തൻതിരുവാതിരയ്ക്കു സ്ത്രീകൾ ധാരാളമായി കൂടുകയും തിരുവാതിര കളിക്കുകയുമാണല്ലോ പ്രധാനമായിട്ടു വേണ്ടതു്. അതിനു സ്ത്രീകളാരും ചെല്ലുകയില്ലെന്നറിഞ്ഞപ്പോൾ പുത്തൻതിരുവാതിര നടത്തേണ്ടെന്നു മറ്റതിലെ പോറ്റിമാക്കും അന്തർജ്ജനങ്ങൾക്കും

Digitized By Kerala Sahitya Akademi

വലിയ കണ്ടിതമായി. ഈ വിരോധിച്ച പോററി ആ ടിയന്തിരക്കാരൻ പോററിയുടെ കരു ചാവ്ക്കാരനായിരുന്നു. ഈ ആടിയന്തിരക്കാരൻ തിരുവാതിര എതെല്ലാം പ്രകാരമാ ണ് ആഘോഷിക്കേണ്ടതെന്നു് ആ ചാവ്ക്കാരനുമായി ആലോ ചിക്കാമെന്നാണു് നിശ്ചയിച്ചതു്. അതു ചാവ്ക്കാരൻ പോ ററിക്കു രസിച്ചില്ല. അതുകൊണ്ടാണു് അദ്ദേഹം എല്ലാവരെ യും വിരോധിച്ചതു്. എന്നാൽ ഈ ആടിയന്തിരക്കാരൻ പോ ററി ചെന്നു മറേറ പോററിയോടു് കന്നു പറഞ്ഞാൽ എല്ലാ വരേയും പറഞ്ഞയയ്പ്പിക്കാം എന്നു് അദ്ദേഹത്തിന്നു സമ്മത മുണ്ടായിരുന്നു. എങ്കിലും അതു് ആടിയന്തിരക്കാരൻ പോ ററിക്കു സമ്മതമായില്ല. "എന്തെല്ലാം ദോഷങ്ങൾ വന്നാലും അയാളെ ചെന്നു് ആശ്രയിക്കാൻ കഴികയില്ല" എന്നായി രുന്നു ആടിയന്തിരക്കാരന്റെ വിചാരം. അതിനാൽ അദ്ദേ ഹം തേവലശ്ശേരി നമ്പിയുടെ അടുക്കൽ ചെന്നു വിവരമെ ല്ലാം ഗ്രഹിപ്പിക്കുകയും ഇതിലേയ്ക്കു് എന്തെങ്കിലും നിവൃത്തി യുണ്ടാക്കിക്കൊടുക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തു. അ തു കേട്ട നമ്പി, "ആട്ടെ, പൊയ്ക്കൊള്ളു. കളി തുടങ്ങാനുള്ള സമയമാകുമ്പോൾ കളിക്കു വേണ്ടുന്നവരെല്ലാം അവിടെയു ണ്ടായിരിയ്ക്കും" എന്നു പറഞ്ഞു് അദ്ദേഹത്തെ സമാധാന പ്പെടുത്തിയയച്ചു. നമ്പി പറഞ്ഞതുപോലെതന്നെ കളി തുട ങ്ങാനുള്ള സമയമായപ്പോഴെയ്ക്കും ആ ദിക്കിലുണ്ടായിരുന്ന അന്തർജ്ജനങ്ങളും ദേശക്കാരുടെ വീടുകളിലെ സ്ത്രീജനങ്ങളും എല്ലാം അവിടെയെത്തുകയും ഉടനെ തിരുവാതിരകളി തുട ങ്ങുകയും ചെയ്തു. പാട്ടു കേട്ടു് അവിടെ അടുത്തുള്ള ഒരു മഠ ത്തിലെ ഒരു പോററി അവിടെ ചെന്നുനോക്കിയപ്പോൾ ആ ദിക്കിലുള്ള സ്ത്രീജനങ്ങളെല്ലാം അവിടെ കളിക്കുന്നതായി ക ണ്ടു. എന്നു മാത്രമല്ല, കളിയിൽ പ്രാധാന്യം വഹിച്ചിരുന്ന തു് ആരും പോകരുതെന്നു വിരോധിച്ച പോററിയുടെ അന്ത ർജ്ജനവുമായിരുന്നു. ഇതു കണ്ടു് ആ പോററി ആ വിരോധി ച്ച പോററിയുടെ മഠത്തിലെത്തി അദ്ദേഹത്തെ കണ്ടു "ഹേ!

Digitized By Kerala Sahitya Akademi

ആങ്ങു നല്ല ചതിവാണല്ലോ പഠിപ്പിച്ചതു്. പുത്തൻ തിരുവാതിര യ്ക്കു് ആരും പോകരുതെന്നു് ആങ്ങു പറഞ്ഞതനുസരിച്ചാണല്ലോ ഞങ്ങളുടെ മഠത്തിൽനിന്നു് ആരഞ്ജനങ്ങളാരും പോകാതിരിക്കുന്നതു്. ഇവിടെനിന്നു് ആരഞ്ജനങ്ങളെ കൊണ്ടു പറഞ്ഞയയ്ക്കുകയും ചെയ്തു. ആ മഠക്കാർക്കു ഞങ്ങളോടു വെറുതെ വിരോധമുണ്ടാക്കിത്തീർക്കാനല്ലേ ആങ്ങു് ഈ വിദ്യ പ്രയോഗിച്ചതു്? ഇതൊട്ടും മര്യാദയായില്ല" എന്നും മാറും പറഞ്ഞു. അപ്പോൾ ആ മഠത്തിലെ ആരഞ്ജനങ്ങളെല്ലാവരും അവിടെത്തന്നെ ഉണ്ടായിരുന്നതിനാൽ ആ പോറ്റി "താനെന്താണു് അസംബന്ധം പറയുന്നതു്? ഇവിടെയുള്ളവരൊക്കെ ഇവിടെത്തന്നെയുണ്ടു്. അവരാരും എങ്ങും പോയിട്ടില്ല" എന്നു പറഞ്ഞു. "അസംബന്ധമല്ല ഛേ! ഇവിടുത്തെ ആരഞ്ജനം അവിടെ തിരുവാതിര കളിക്കുന്നതു സത്യമായിട്ടു് എന്റെ കണ്ണുകൊണ്ടു ഞാൻ കണ്ടതാണു്" എന്നു മറ്റേ പോറ്റി പറഞ്ഞു. അപ്പോൾ ആ മഠത്തിലെ പോറ്റി താനറിയാതെ ആരഞ്ജനങ്ങൾ പുത്തൻ തിരുവാതിരസ്ഥലത്തു പോവുകയും ക്ഷണത്തിൽ തിരിയെ പോരികയും ചെയ്തതായിരിക്കുമോ എന്നു സംശയിച്ചു് ആരഞ്ജനങ്ങളോടു ചോദിച്ചിട്ടു് അവരാരും ആ ദിവസം മഠത്തിൽനിന്നു പുറത്തിറങ്ങിയിട്ടില്ലെന്നു സത്യം ചെയ്തു പറഞ്ഞു. അതുകൂടെ പോറ്റിമാർക്കു വലിയ സംശയമായിത്തീർന്നു. "എന്നാൽ നമുക്കു് ആ തിരുവാതിരകളി നടക്കുന്ന സ്ഥലത്തുപോയി അന്വേഷിക്കാം" എന്നു പറഞ്ഞു പോറ്റിമാർ രണ്ടുപേരുംകൂടി അങ്ങോട്ടു പോയി. അവിടെച്ചെന്നു നോക്കിയപ്പോൾ രണ്ടു പേരുടെ ആരഞ്ജനങ്ങളും അവിടെ തിരുവാതിര കളിക്കുന്നുണ്ടായിരുന്നു. അവർ തിരിയെ അവരുടെ മഠത്തിൽ ചെന്നപ്പോൾ അവരുടെ ആരഞ്ജനങ്ങൾ എങ്ങും പോയിരുന്നില്ല. ആ രണ്ടു സ്ഥലത്തുമുണ്ടായിരുന്നു. ആ പോറ്റിമാർ പിന്നെ മറ്റു മഠങ്ങളിലും വീടുകളിലും പോയി അന്വേഷിച്ചു. ആരും എങ്ങും പോയിരുന്നില്ല. എല്ലാവരും അവരവരുടെ ഗൃഹങ്ങളിൽത്തന്നെ ഉണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

വീണ്ടും പുത്തൻതിരുവാതിരസ്ഥലത്തു ചെന്നു നോക്കിയപ്പോൾ സപ്രദേശത്തുള്ള സകല സ്ഥലങ്ങളിലെ അന്തർജ്ജനങ്ങളും മറ്റുള്ള സ്ത്രീജനങ്ങളും അവിടെ തിരുവാതിര കളിക്കുന്നതായിട്ടും കണ്ടു. ആകപ്പാടെ ആ ധോരണിമാർ അത്ഭുതപരവശന്മാരായിത്തീർന്നു. അവർ ഈ വിവരം ആ ദിക്കിലുള്ള മറ്റു ജനങ്ങളേയും അറിയിച്ചു. എല്ലാവരും അവരവരുടെ ഗൃഹങ്ങളിലുള്ള സ്ത്രീകൾ അവരവരുടെ ഗൃഹങ്ങളിലും തിരുവാതിരകളിസ്ഥലത്തും സ്ഥിതിചെയ്യുന്നതായി കണ്ടു വിസ്മയിച്ചു. കുറച്ചുകാലം ഇതു തേവലശ്ശേരി നമ്പി തന്റെ ഇന്ദ്രജാലവിദ്യകൊണ്ടു ജനങ്ങളെ ഭ്രമിപ്പിക്കുന്നതാണെന്നറിഞ്ഞു് എല്ലാവരും സമാധാനപ്പെട്ടു.

കുറിക്കൽ വിടനും രസികനുമായ ഒരു നമ്പൂരി തേവലശ്ശേരി നമ്പിയോടു, "യക്ഷികളുടെ ധ്യാനം പലവിധത്തിൽ, കാണുന്നുണ്ടു്. ആ ധ്യാനപ്രകാരം അവരെ കാണാൻ സാധിക്കുമോ?" എന്നു ചോദിച്ചു.

നമ്പി—യക്ഷികളെ കാണാൻ സാധിക്കും. അവരുടെ സൌന്ദര്യം കണ്ടു ഭ്രമിച്ചാൽ അപകടമായിത്തീരുകയും ചെയ്യും.

നമ്പൂരി—എനിക്കു് അങ്ങിനെയൊരു ഭ്രമവും മറുമുണ്ടാകുകയില്ല. സാധിക്കുമെങ്കിൽ ഒരു യക്ഷിയെ കാണിച്ചുതന്നാൽ കൊള്ളാം.

നമ്പി—കണ്ണെന്നു വെയ്ക്കുണ്ടു, ധാരാളം കാണിച്ചുതരാം. ഇന്നു പത്തു നാഴിക ഇരുട്ടുമ്പോൾ കാണാം, പ്രതീക്ഷിച്ചിരുന്നുകൊള്ളുക. അപകടത്തിൽ ചാടാതെ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം.

നമ്പൂരി അത്താഴം കഴിഞ്ഞു ശയനഗൃഹത്തിലെത്തി കാത്തിരുന്നു. ഏകദേശം പത്തു നാഴിക രാത്രിയായപ്പോൾ ചില സുരഭിലകുസുമങ്ങളുടെയും കളഭം, കസ്തൂരി മുതലായവയുടെയും സൌരഭ്യം വരുന്നതായി നമ്പൂരിക്കു തോന്നി. ഉടനെ സർവ്വാംഗസുന്ദരിയും നവയൌവനയുക്തയുമായ ഒരു സ്ത്രീ വാതിൽ തുറന്നു മുറിക്കകത്തുവന്നു കടന്നവന്നതു് ഭട്ടാരഹം കു

Digitized By Kerala Sahitya Akademi

ണ്ടു. അപ്പോൾത്തന്നെ അദ്ദേഹം കാമപരവശനായിത്തീർന്നു. സല്ലാപം കഴിഞ്ഞപ്പോൾ ലാവണ്യസമ്പൂർണ്ണകളായ അനേകം യുവതികൾ പിന്നാലെ പിന്നാലെയായി അവിടെ ചെന്നു കയറി നമ്പൂരി ഇരുന്നിരുന്ന കട്ടിലിന്റെ പുറകും ചെന്നു നില്പായി. അദ്ദേഹം വല്ലാതെ കുഴങ്ങി, എന്താണു് ചെയ്യേണ്ടതെന്നറിയാതെ വിഷമിച്ചു. കുറുക്കം അദ്ദേഹം വളരെ പ്രയാസപ്പെട്ടു്, ആദ്യം വന്ന ആ സ്ത്രീയോടു്, "ഇവരൊക്കെ എന്തിനാണു് വന്നതു്? ഇത്ര വളരെ ആളുകൾ ഇവിടെ ആവശ്യമില്ല. ഇവിടെ നീ മാത്രം മതി. മറ്റവരെയൊക്കെ പറഞ്ഞയയ്ക്കുക" എന്നു പറഞ്ഞു. നമ്പൂരി ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേക്കും പിന്നാലെ വന്ന സ്ത്രീകളെല്ലാം അദൃശ്യകളായിത്തീർന്നു. ആദ്യംവന്ന സ്ത്രീ മാത്രം പിന്നെയും അവിടെത്തന്നെ നിന്നിരുന്നു. അപ്പോൾ നമ്പൂരി "ഈ കട്ടിലിൽ ഇരിയ്ക്കുക" എന്നു പറഞ്ഞു് ആ സ്ത്രീയെ പിടിച്ചിരുത്താനായി കൈനീട്ടി. ആ സമയം ആ സ്ത്രീയുടെ മുഖഭാവം പെട്ടെന്നു മാറുകയും അവൾ അതിഭയങ്കരാകൃതിയായിത്തീരുകയും ഉറക്കെ അട്ടഹസിച്ചുകൊണ്ടു കൈ നിവർത്തു നമ്പൂരിയുടെ ചെകിട്ടത്തു് കരുത്തോടെ അടി ചെമ്പുകൊടുത്തിട്ടു് അവിടെനിന്നു് ഇറങ്ങിപ്പോവുകയും ചെയ്തു. നമ്പൂരി അടികൊണ്ട ക്ഷണത്തിൽ ബോധരഹിതനായി നിലത്തു വീണു. നേരത്തോടുനേരം കഴിഞ്ഞിട്ടേ അദ്ദേഹത്തിനു ബോധം വീണുള്ളൂ. ബോധം വീണു് എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന്റെ വായിൽ പല്ലൊന്നുമുണ്ടായിരുന്നില്ല. പല്ലെല്ലാം നിലത്തു കിടന്നിരുന്നു. എന്നാൽ രക്തം കരുതുള്ളിപോലും പോയിരുന്നുമില്ല. ബോധംവീണു കുറച്ചു കഴിഞ്ഞപ്പോഴാണു് നമ്പി പറഞ്ഞിരുന്നതു നമ്പൂരി കാത്തതു്. ആ സ്ത്രീകളെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ബുദ്ധി വല്ലാതെ ഭ്രമിച്ചുപോയതിനാൽ നമ്പി പറഞ്ഞിരുന്നതും മറും അദ്ദേഹം കാത്തില്ല. "പ്രായസ്സമാപന്നവിപത്തികാലേ ധിയോഽപി പുംസാം മലിനാ ഭവന്തി" എന്നുണ്ടല്ലോ.

കരിക്കൽ മണ്ണടിക്കാവിൽ ഭഗവതിയുടെ സങ്കേതത്തി

Digitized By Kerala Sahitya Akademi

ലുംപ്പെട്ട ഒരു ഗൃഹത്തിൽ ഒരു സ്ത്രീക്ക് ചില ബാധോപദ്രവങ്ങൾ ഉണ്ടായിത്തീർന്നു. ഈ ഉപദ്രവങ്ങൾനിമിത്തം ഗർഭം ധരിക്കാതെയും, ഈ സ്ത്രീ പ്രസവിച്ചിട്ടല്ലാതെ ആ ഗൃഹത്തിൽ സന്താനമുണ്ടാകുന്നതിനു വേറെ മാർഗ്ഗം ഇല്ലാതെയും ഇരുന്നു. ആ സങ്കേതത്തിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ ഏവിടെയെങ്കിലും ആർക്കെങ്കിലും ബാധോപദ്രവങ്ങളുണ്ടായാൽ കാവിൽ ചെന്നു ഭഗവതിയെ ഭജിച്ചു പാക്കുകയും കാമ്പിത്താൻ തുള്ളി ഭസ്മമിട്ടു ബാധകളെ ഒഴിക്കുകയുമല്ലാതെ അവിടെ ആരും മന്ത്രവാദികളെക്കൊണ്ടു് കന്നം ചെയ്യിക്കുകയും മന്ത്രവാദികൾ അവിടെ ചെന്നു് എന്തെങ്കിലും ചെയ്യുകയും പതിവില്ല. അതിനാൽ മേല്പറഞ്ഞ വീട്ടുകാർ ഈ സ്ത്രീയെ കീഴമ്മാടപ്രകാരം കാവിൽ കൊണ്ടുചെന്നു ഭജനമിരുത്തി. പന്ത്രണ്ടു ദിവസത്തെ ഭജനം കഴിഞ്ഞപ്പോൾ കാമ്പിത്താൻ തുള്ളി ഭസ്മമിട്ടു് കാരോ ബാധകളെ പ്രത്യേകം പ്രത്യേകം സത്യം ചെയ്യിച്ചു് ഒഴിച്ചു. ഒടുക്കം ഒരു ബാധ മാത്രം ശേഷിച്ചു. അതൊരു ഗന്ധർവ്വനായിരുന്നു. കാമ്പിത്താൻ വളരെ ശ്രമിച്ചിട്ടും ആ ഗന്ധർവ്വൻ ഒഴിഞ്ഞുപോയില്ല. ഒടുക്കം ആ സ്ത്രീ തുള്ളി, "ഞാനൊരു ഗന്ധർവ്വനാണു്. ഞാൻ ഈ ദേഹവുംകൊണ്ടല്ലാതെ ഒഴിഞ്ഞുപോവുകയില്ല. എന്നെ ഒഴിച്ചുവിടാനായി ആരും ശ്രമിക്കേണ്ട. തേവലശ്ശേരി വന്നാലും എന്നെ ഒഴിച്ചുവിടാൻ സാധിക്കയില്ല" എന്നു പറഞ്ഞു. അപ്പോൾ തുള്ളിക്കൊണ്ടു നിന്ന കാമ്പിത്താൻ, "എന്നാൽ തേവലശ്ശേരിൽത്തന്നെ കൊണ്ടുപോകണം. നമ്പി ഈ ഗന്ധർവ്വനെ ഒഴിച്ചുവിടും." എന്നു കല്പിച്ചു. ആ സ്ത്രീയുടെ വീട്ടുകാർ ആ വിവരം നമ്പിയെ അറിയിച്ചപ്പോൾ, "ആ സ്ത്രീയെ ഇവിടെ കൊണ്ടുവരേണ്ട. ഇവിടെവെച്ചു ഗന്ധർവ്വനെ ഒഴിക്കുന്ന കാര്യം അസാദ്ധ്യമാണു്. വേണമെങ്കിൽ ഞാനവിടെ വന്നു ശ്രമിച്ചുനോക്കാം." എന്നാണു് നമ്പി പറഞ്ഞതു്. അപ്പോൾ ആ വീട്ടുകാർക്കു വലിയ സംശയമായി. മണ്ണടിക്കാവിൽ ഭഗവതിയുടെ സങ്കേതത്തിൽവെച്ചു് ആരെക്കൊണ്ടും മന്ത്രവാദം ചെയ്യിക്കാറില്ലല്ലോ.

Digitized By Kerala Sahitya Akademi

ആ സ്ഥിതിക്കു നമ്പിയെ അവിടെ കൊണ്ടുപോയി മന്ത്രവാദം ചെയ്യിക്കുന്നതു ഭഗവതിക്കു ഹിതമാകുമോ? എന്നായിരുന്നു അവരുടെ സംശയം. ഇതിനെക്കുറിച്ചു കല്പന കേൾക്കുന്നതിനായി അവർ കാവിൽച്ചെന്നു മുട്ടുപാടിരുന്നു. അപ്പോൾ കാമ്പിത്താൻ തുള്ളി, "എന്റെ സങ്കേതത്തിൽവെച്ചു തേവലശ്ശേരി എന്തു ചെയ്യുന്നതും എനിക്കു സമ്മതവും സന്തോഷവുമാണു്. മറെറാരു മന്ത്രവാദി ഇവിടെ വന്നു് കർമ്മം ചെയ്യാൻപാടില്ലെന്നു മാത്രമേ എനിക്കു നിർബ്ബന്ധമുള്ളൂ" എന്നു കല്പിച്ചു. ആ വീട്ടുകാർ ഈ വിവരവും നമ്പിയെ അറിയിച്ചു. അപ്പോൾ അദ്ദേഹം കുറെ ചാത്തെഴുതിക്കൊടുക്കുകയും ദിവസം നിശ്ചയിച്ചു പറഞ്ഞയയ്ക്കുകയും ചെയ്തു. വീട്ടുകാർ ചാത്തിൻപ്രകാരമുള്ള ഉപകരണങ്ങളെല്ലാം ശേഖരിച്ചുവെച്ചു. നിശ്ചിതദിവസം വെളുപ്പാൻകാലത്തു നമ്പി അവിടെയെത്തി. പ്രായാധിക്യംകൊണ്ടു നടക്കാൻ പ്രയാസമായിരുന്നതിനാൽ മണികണ്ഠന്റെ കഴുത്തിൽ കയറിയാണു് അദ്ദേഹം അവിടെ എത്തിയതു്. ചെന്നയുടനെ കുളിയും നിത്യകർമ്മാനുഷ്ഠാനാദികളും കഴിച്ചു നമ്പി കാവിലെത്തി ഭഗവതിയെ സേവിച്ചുകൊണ്ടു് അവിടെയിരുന്നു. അന്നു പകലും രാത്രിയും മുഴുവൻ ക്ഷോത്രോപവാസമായി അവിടെത്തന്നെ ഇരുന്നതുകൊണ്ടു് അന്നു ജലപാനംപോലും അദ്ദേഹം കഴിച്ചില്ല. ഭഗവതിക്കു വഴിപാടായി ഒരു കൂട്ടുപായസനിവേദ്യവും പുഷ്പാഞ്ജലിയും നടത്തിക്കുകയും ചെയ്തു.

പിറേറദിവസം വെളുപ്പാൻകാലത്തെ കുളിയും നിത്യകർമ്മാദികളും കഴിച്ചു നമ്പി മന്ത്രവാദത്തിനു നിശ്ചയിച്ചിരുന്ന സ്ഥലത്തെത്തി. ആ വീട്ടുകാരുടെ വക ഒരു മഠത്തിൽവെച്ചാണു് മന്ത്രവാദം നടത്താൻ നിശ്ചയിച്ചിരുന്നതു്. നമ്പി അവിടെ ചെന്നയുടനെ-ഒരു ത്രികാലപൂജയ്ക്കു പത്മമിട്ടു വിളക്കുവെച്ചു പൂജ ആരംഭിക്കുകയും അഷ്ടദ്രവ്യം കൂട്ടി ഒരു ഗണപതിഹോമം കഴിക്കുകയും ചെയ്തു. ഉച്ചപ്പൂജയായപ്പോൾ ആ സ്ത്രീ തുള്ളി "എന്നെ കഴിച്ചുവിടാനായി ശ്രമിക്കരുതു്. ഞാൻ ഈ

Digitized By Kerala Sahitya Akademi

ശരീരത്തോട കൂടിയല്ലാതെ കഴിഞ്ഞുപോവുകയില്ല. അങ്ങി നെയല്ലാതെ എന്നെ കഴിച്ചാൽ ഞാൻ ശപിക്കും" എന്നും മ റും പറഞ്ഞുതുടങ്ങി. നമ്പി അതൊന്നും കേട്ടതായി ഭാവി ക്കപോലും ചെയ്തില്ല. ഉച്ചപ്പൂജയും പുഷ്പാഞ്ജലിയും കഴിഞ്ഞ പ്പോൾ നമ്പി വീട്ടുകാരോട "വൈകുന്നേരത്തെ പൂജയ്ക്കു നി വേദ്യത്തിനു മുപ്പത്താറിടങ്ങഴിപ്പാലും മുപ്പത്താറു പലം പഞ്ച സാരയും കൂടെ വേണം" എന്നു പറഞ്ഞു. അപ്പോൾ അ വീട്ടുകാർ, "അതൊക്കെ ഉണ്ടാക്കാം. അവിടുന്ന് ഊണു കഴി ക്കണം. ഇന്നലെത്തന്നെ ആഹാരമൊന്നും കഴിച്ചിട്ടില്ലല്ലോ. ഭക്ഷണത്തിനു വേണ്ടതെല്ലാം ബ്രാഹ്മണരെക്കൊണ്ടു തയ്യാറാ ക്കിച്ചിട്ടുണ്ട്. അവിടുന്ന് ഈ വയസ്സുകാലത്തു് ഇവിടെ വന്നു പട്ടിണി കിടക്കുന്നതു ഞങ്ങൾക്കു വലിയ സങ്കടമാണ്" എന്നു പറഞ്ഞു. നമ്പി അതിന്, "ഞാൻ ഉണ്ണാനായിട്ടല്ലല്ലോ ഇ വിടെ വന്നിരിക്കുന്നതു്. നിങ്ങൾ എന്നെ വരുത്തുകയും ഞാ നിവിടെ വരികയും ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശം സാധി ച്ചല്ലാതെ ഞാൻ ഊണു കഴിക്കയില്ല" എന്നാണ് മറുപടി പറഞ്ഞതു്. അദ്ദേഹം ആഹാരമൊന്നും കഴിക്കാതെതന്നെ ജപിച്ചുകൊണ്ടിരുന്നു.

നേരം വൈകിയപ്പോൾ നമ്പി പോയിക്കുളിച്ചു സന്ധ്യാ വന്ദനാദികളെല്ലാം കഴിച്ചു വന്നു. പൂജയ്ക്കു് ആത്യം നിശ്ചയി ച്ചിരുന്ന നിവേദ്യങ്ങളും മുപ്പത്താറിടങ്ങഴി പാൽ കാച്ചി പഞ്ച സാരയിട്ടു് അതും തയ്യാറാക്കിവെച്ചു. പൂജയ്ക്കു വിളക്കു വെച്ചി രുന്ന മുറിയുടെ വാതിൽക്കൽ പുറത്തായി ഉമിച്ചാരംകൊണ്ടു് ഒരു ചക്രം വരച്ചു് അതിൽ പിണിയാളെ (ബാധോപദ്രവമു ള്ള സ്ത്രീയെ) ഇരുത്തീട്ടു് അദ്ദേഹം മുറിക്കകത്തു കയറി വാതി ലടച്ചിരുന്നു പൂജ തുടങ്ങി. ഏകദേശം ഏഴര നാഴികയിരു ട്ടിയപ്പോഴയ്ക്കും പൂജയും പുഷ്പാഞ്ജലിയും കഴിഞ്ഞു നമ്പി മുറി യുടെ വാതിൽ തുറന്നു. ഉടനെ അദ്ദേഹം കൈ തീർത്ഥവും പ്ര സാദവും അക്ഷതവും കൂടെയെടുത്തു ഭയങ്കരമായ ഒരു ഹുങ്കാര ത്തോടുകൂടി പിണിയാളുടെ മുഖത്തെയ്ക്കു നോക്കിഞ്ഞു. ഉടനെ പി

Digitized By Kerala Sahitya Akademi

ണിയാൻ തുള്ളിത്തുടങ്ങി. അപ്പോഴയ്യം കാവിൽനിന്നു കാമ്പിത്താനും തുള്ളിക്കൊണ്ടു് അവിടെയെത്തി. പിണിയാൻ (ഗന്ധർവ്വൻ) അപ്പോൾ "അയ്യോ! എനിക്കു ദാഹിക്കുന്നു" എന്നു പറഞ്ഞു. നമ്പി, കാച്ചി പഞ്ചസാരയിട്ടുചെച്ചിരുന്ന പാലെടുത്തു പിണിയാളുടെ അടുക്കൽ ചെല്ലുകൊടുത്തു പിണിയാൻ ആ മുപ്പത്താറിട്ടങ്ങഴിപ്പാൽ മുഴവനും കുടിച്ചുകഴിഞ്ഞപ്പോൾ "ഇപ്പോൾ ഇതു മതി. തൃപ്തിയായി, സന്തോഷമായി. എങ്കിലും ഞാൻ ഈ ദേഹത്തെ വിട്ടൊഴിഞ്ഞു പോവുകയില്ല. അതിനായിട്ടു നിർബ്ബന്ധിക്കയുമരുതു്" എന്നു പറഞ്ഞു. അപ്പോൾ കാമ്പിത്താൻ, "എന്റെ നമ്പിയെ പരീക്ഷിക്കേണ്ട. ക്ഷണത്തിൽ ഈ ദേഹത്തിൽനിന്നു് ഒഴിഞ്ഞുപോവുകയാണു് നല്ലതു്. അല്ലെങ്കിൽ നമ്പി ഉപദ്രവിക്കും. കുറെക്കം സന്താപത്തോടും അപമാനത്തോടുംകൂടി പോകേണ്ടതായി വരും. ഇപ്പോളാണെങ്കിൽ സന്തോഷത്തോടും ബഹുമാനത്തോടുംകൂടി പോകാം" എന്നു കല്പിച്ചു. ഉടനെ പിണിയാൻ (ഗന്ധർവ്വൻ) "നമ്പി അത്ര യോഗ്യനോ? എന്നാൽ അതൊന്നറിയണമല്ലോ" എന്നു പറഞ്ഞിട്ടു മന്ത്രസാരം, യന്ത്രസാരം, പ്രയോഗസാരം, പ്രപഞ്ചസാരം മുതലായവയിലുള്ള ചില ഗ്രന്ഥാർത്ഥങ്ങളെപ്പറ്റി നമ്പിയോടു ചോദ്യം തുടങ്ങി. ഗന്ധർവ്വന്റെ ചോദ്യങ്ങൾക്കെല്ലാം നമ്പി ശരിയായിട്ടുത്തരം പറഞ്ഞു. അപ്പോൾ ഗന്ധർവ്വൻ, "ഇത്രയും പഠിപ്പും മറ്റു യോഗ്യതകളും തികഞ്ഞ ഒരു മന്ത്രവാദി ഒരഞ്ചാറു സംവത്സരത്തിനിപ്പുറം ഭൂലോകത്തിലുണ്ടായിട്ടില്ലെന്നുള്ളതിനു സംശയമില്ല. ഇപ്രകാരം യോഗ്യനായിരിക്കുന്ന ഇദ്ദേഹവുമായി പിണങ്ങേണ്ടതായി വന്നിരിക്കുന്നതിൽ എനിക്കു വളരെ മനസ്താപമുണ്ടു്. അതിനാൽ ഇദ്ദേഹം എന്നെ ഉപദ്രവിച്ചോടിക്കാനുദ്യമിക്കാതെ മടങ്ങിപ്പോവുകയാണു് വേണ്ടതു്. അഥവാ എന്നെ ഉപദ്രവിക്കാൻതന്നെ ഭാവിക്കുകയാണെങ്കിൽ ഞാൻ ശപിക്കും. ഈ ദേഹത്തെ വിട്ടു ഞാൻ പോവുകയുമില്ല" എന്നു പറഞ്ഞതിന്റെശേഷം കണ്ണാനന്ദകരമാകുംവണ്ണം ചില ദിവ്യരാഗങ്ങൾ

Digitized By Kerala Sahitya Akademi

ആലാപിക്കുകയും മനോഹരങ്ങളായ ചില ഗീതങ്ങൾ പാടുകയും ഇടയ്ക്കിടയ്ക്കു പുഞ്ചിരിയിടുകയും മറും ചെയ്തുതുടങ്ങി.

നമ്പി—ഈവക വിദ്യകൾകൊണ്ടു വിരണ്ടുപോകുന്നവനല്ല ഞാൻ. എനിക്കു ശാപത്തെക്കുറിച്ചും മറും ലേശംപോലും ഭയമില്ല. ഈശ്വരവിധിപോലെയല്ലാതെ കന്നും വരികയില്ലെന്നു് എനിക്കു നല്ല നിശ്ചയമുണ്ടു്. എന്റെ ശിരസ്സിലെഴുത്തിനെ മാറാൻ ഇനി ആരു വിചാരിച്ചാലും സാധിക്കയില്ലല്ലോ. അതിനാൽ വേഗത്തിൽ ഈ ദേഹത്തെ വിട്ടു പൊയ്ക്കൊള്ളുകയാണു് നല്ലതു്. മനസ്സോടുകൂടി പോകാത്തപക്ഷം ഞാനയയ്ക്കും.

ഗന്ധവ്വൻ—അയ്യോ! ഇതു സങ്കടമാണു്. ഞാൻ പോകണമെന്നു നിർബ്ബന്ധമാണെങ്കിൽ ഒരു മൂന്നു സംവത്സരത്തെ അവധി എനിക്കു തരണം. മൂന്നു വത്സരം കഴിഞ്ഞാൽ ഈ ദേഹം വിട്ടു ഞാൻ പൊയ്ക്കൊള്ളാം; അതിനനുവദിക്കണം.

നമ്പി—അനുവദിക്കയില്ല; മൂന്നു സംവത്സരമെന്നല്ല, മൂന്നു നാഴികപോലും ഇനി ഈ ദേഹത്തിലിരിക്കാൻ പാടില്ല.

എന്നു പറഞ്ഞു നമ്പി ഉമിച്ചാരംകൊണ്ടു് അവിടെ ഒരു ചക്രം വരച്ചിട്ടു് ഒരു ചൂരൽവടിയെടുത്തു ജപിച്ചു് ആ ചക്രത്തിൽ മൂന്നടി അടിച്ചു. അപ്പോൾ ഗന്ധവ്വൻ "അയ്യോ! ഞാൻ പൊയ്ക്കൊള്ളാമേ. അങ്ങയുടെ മന്ത്രശക്തിയെ തടുക്കുന്നതിനും സഹിക്കുന്നതിനും ഞാൻ ശക്തനല്ല. നിർബ്ബന്ധപൂർവ്വം എന്നെ ഇങ്ങിനെ ദണ്ഡിപ്പിച്ചയയ്ക്കുന്നതുകൊണ്ടു് അങ്ങേയ്ക്കു സന്തതിയുണ്ടാവാതെ പോട്ടെ; അങ്ങയുടെ വംശം അങ്ങയുടെ കാലാവസാനത്തോടുകൂടി നശിച്ചുപോട്ടെ" എന്നു പറഞ്ഞു.

നമ്പി—ഈ ശാപം ഒരനുഗ്രഹമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇതുവരെ ഞാൻ വിവാഹം കഴിച്ചിട്ടില്ല. എനിക്കിപ്പോൾ വയസ്സു് എഴുപത്തഞ്ചായിരിക്കുന്നു. ഇതുവരെ നിത്യബ്രഹ്മചാരിയായി ജീവിച്ച ഞാൻ ഇനി വിവാ

Digitized By Kerala Sahitya Akademi

ഫം കഴിക്കണമെന്നോ സന്തതിയുണ്ടാകണമെന്നോ വിചാരിച്ച എന്നു വരുന്നതല്ലല്ലോ. എന്റെ കുടുംബത്തിൽ ഇപ്പോൾ ഞാനല്ലാതെ വേറെ ആരുമില്ലതാനും. അതിനാൽ വിചാരിച്ചിരിക്കാത്ത ആപത്തൊന്നും ഈ ശാപംകൊണ്ടു് എനിക്കുണ്ടായിട്ടില്ല. ഇനി സത്യംചെയ്തു് കഴിഞ്ഞുപൊയ്ക്കോള്ളുക. പോകുന്നില്ലെങ്കിൽ ഇനിയും ഞാൻ ചില വിദ്യകൾ കൂടി പ്രയോഗിക്കും.

ഗന്ധർവ്വൻ — അയ്യോ! വേണ്ടാ. ഞാൻ പൊയ്ക്കോള്ളാം. ഞാൻ ഇതാ ഈ ദേഹത്തിൽനിന്നു വിട്ടുമാറുന്നു. ഇനി ഒരുകാലത്തും ഞാൻ ഈ ദേഹത്തേയും ഈ കുടുംബത്തേയും ബാധിക്കുകയില്ലെന്നു മാത്രമല്ല, ഈ ദേശത്തു കടക്കുകപോലും ചെയ്കയില്ല. ഇതു സത്യം, സത്യം, സത്യം.

സത്യംചെയ്തു കഴിഞ്ഞതിനോടുകൂടി പിണിയാൾ പിന്നാക്കം മലന്നുചീണു. ഉടനെ ആ ഗൃഹത്തിലുണ്ടായിരുന്ന പടിപ്പുരയും പുറത്തേയ്ക്കു മറിഞ്ഞുവീണു. അതു ഗന്ധർവ്വൻ പോയ പോക്കിനു തട്ടിയിട്ടതാണെന്നുള്ളതു പറയേണ്ടതില്ലല്ലോ. ഗന്ധർവ്വൻ പോയപ്പോൾ കാമ്പിത്താനൻ തുള്ളലും നിന്നു.

ആ വീട്ടുകാർ നമ്പിക്കു് ആയിരം പണം ദക്ഷിണയും മറനേകം സമ്മാനങ്ങളും കൊടുത്തു. ആ പണം മുഴുവനും നമ്പി മണ്ണടിക്കാവിൽ ഭഗവതിക്കു വഴിപാടായി കാമ്പിത്താനെ എല്പിച്ചുകൊടുത്തിട്ടു മണികണ്ഠനൻറെ കഴുത്തിൽക്കയറി അപ്പോൾത്തന്നെ സ്വദേശത്തേയ്ക്കു മടങ്ങുകയും ചെയ്തു.

ഗന്ധർവ്വൻ ബാധിച്ച സ്ത്രീക്കു ബാധ കഴിഞ്ഞതിൻറെശേഷം രണ്ടുമൂന്നു ദിവസത്തേയ്ക്കു വലിയ ക്ഷീണമുണ്ടായിരുന്നു. ക്രമേണ അതു ഭേദമാവുകയും ആ സ്ത്രീ ഗർഭംധരിച്ചു പ്രസവിച്ചു കാലക്രമേണ ആ ഗൃഹത്തിൽ ധാരാളം സന്തതികളുണ്ടാവുകയും ചെയ്തു. നമ്പിയുടെ കാലം കഴിയുന്നതുവരെ ആ വീട്ടുകാർ അദ്ദേഹത്തെ ഈശ്വരനിർവ്വിശേഷമായി ബഹുമാനിച്ചുകൊണ്ടിരുന്നു.

Digitized By Kerala Sahitya Akademi

തേവലശ്ശേരി നമ്പിയോടു മത്സരിച്ചു ജയിക്കാനായി അനേകം മന്ത്രവാദികളും ഉദ്യമിച്ചിട്ടുണ്ടു്. അവരെല്ലാവരും തോറ്റു് ഒടുക്കം അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീരുകയാണു് ചെയ്തിട്ടുള്ളതു്. ആവക കഥകളും നമ്പിയുടെ അത്ഭുതകർമ്മങ്ങളും പറഞ്ഞവസാനിപ്പിക്കാൻ ആരാലും കഴിയുന്നതല്ല. അതിനാൽ അതിനായിത്തുനിയുന്നില്ല. അദ്ദേഹത്തിന്റെ അവസാനത്തെക്കുറിച്ചുകൂടി പറഞ്ഞിട്ടു് ഈ ഉപന്യാസം സമാപിപ്പിക്കാമെന്നേ വിചാരിക്കുന്നുള്ളു.

കരിക്കൽ ഒരു നമ്പൂരി ഉശകാരാവുത്തരുടെ അടുക്കൽ ചെന്നു് ഒരു കായ്യം സാധിപ്പിച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടു. അതിലേയ്ക്കു് ഇന്നതു പ്രതിഫലം കിട്ടണമെന്നു രാവുത്തർ പറഞ്ഞതിനെ നമ്പൂരി സമ്മതിക്കുകയും ചെയ്തു. എങ്കിലും രാവുത്തർ വളരെ ശ്രമപ്പെട്ടിട്ടും അതു സാധിപ്പിച്ചുകൊടുക്കാൻ കഴിഞ്ഞില്ല. അതിനാൽ നമ്പൂരി ഇച്ഛാഭംഗത്തോടുകൂടി അവിടെനിന്നു പിരിയുകയും വിവരം തേവലശ്ശേരി നമ്പിയെ അറിയിക്കുകയും നമ്പി പ്രതിഫലേച്ഛകൂടാതെ കായ്യം നിഷ്പ്രയാസമായി നമ്പൂരിക്കു ചെയ്തു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. രാവുത്തർ പൂർവ്വവൈരം നിമിത്തം നമ്പിയെ അപകടപ്പെടുത്താനായി ചില ദുഷ്പ്രയോഗങ്ങളും ചെയ്തുകൊണ്ടുണർന്നിരുന്നിരുന്നാതു്. പക്ഷേ നമ്പിയുടെ മുൻകരുതലുകളുംകൊണ്ടു് അതൊന്നും ഫലിച്ചിരുന്നില്ല. അങ്ങിനെയിരുന്നപ്പോളാണു് ഈ സംഗതിയുണ്ടായതു്. ഇതു കേട്ടപ്പോൾ രാവുത്തക്കുണ്ടായിരുന്ന വൈരം ദ്വിഗുണീഭവിച്ചു. ഏതുവിധവും നമ്പിയെ താമസിയാതെ അപായപ്പെടുത്തണമെന്നു് അയാൾ അപ്പോൾ തീച്ചപ്പെടുത്തുകയും അതിനൊരുപായം കണ്ടുപിടിക്കുകയും അതു തയ്യാറാക്കിവെയ്ക്കുകയും ചെയ്തു.

അങ്ങിനെയിരുന്ന കാലത്തു രാവുത്തരും പണ്ടത്തെ നമ്പൂരിയും തമ്മിൽ കാണാനിടയായി. അപ്പോൾ പ്രസംഗവശാൽ നമ്പൂരി "രാവുത്തരു വിചാരിച്ചിട്ടു സാധിക്കാത്ത കായ്യം തേവലശ്ശേരി നമ്പി എനിക്കു സാധിപ്പിച്ചുതന്നു" എ

Digitized By Kerala Sahitya Akademi

ന്നു പറഞ്ഞു. രാവുത്തർ അതു മുൻപേതന്നെ അറിഞ്ഞിരുന്നുവെങ്കിലും അത് പറയാതെയും ഭാവിക്കാതേയും അപ്പോൾ മാത്രമേ അറിഞ്ഞുള്ളൂ എന്നുള്ള ഭാവത്തിൽ അത്ഭുതവും സന്തോഷവും നടിച്ചുകൊണ്ട് "അതുവ്വോ സന്തോഷമായി, തേവലശ്ശേരി നമ്പി സാമാന്യനല്ല. അദ്ദേഹത്തെപ്പോലെ സമർത്ഥനായിട്ട് ഒരു മന്ത്രവാദി ഇപ്പോൾ ഭൂലോകത്തിലില്ല. അവിടുന്ന് ആ കായ്യം സാധിപ്പിച്ചുതന്നതിൽ എനിക്കുള്ള അപാരമായ സന്തോഷത്തെക്കാണിക്കുന്നതിനായി ഞാൻ തരുന്ന സമ്മാനം അവിടുന്നുതന്നെ നമ്പിക്കുകൊണ്ടുചെന്നു കൊടുത്തു ഞാൻ തന്നയച്ചതെന്നു പറയണം" എന്നു പറഞ്ഞു, അയാളുടെ കൈവിരലിന്മേൽക്കിടന്നിരുന്ന ഒരു സ്വർണ്ണമോതിരമൂരി നമ്പൂരിയുടെ കയ്യിൽ കൊടുത്തു. നമ്പൂരി അതു കൊണ്ടുചെന്നു നമ്പിയുടെ കയ്യിൽ കൊടുത്തിട്ട് "എൻറെ കായ്യം സാധിപ്പിച്ചുതന്നതിൽ ഉശകാരാവുത്തക്കുള്ള സന്തോഷത്തെ പ്രദർശിപ്പിക്കാനായി ഇതു രാവുത്തർ തന്നയച്ചതാണു്" എന്നു പറഞ്ഞു. അതു കേട്ടപ്പോൾത്തന്നെ ഇതു തന്നെ അകപ്പെടുത്താനുള്ള വിദ്യയാണെന്നു നമ്പിക്കു മനസ്സിലായി. അതു കയ്യിൽ വാങ്ങിപ്പോയതിനാൽ പിന്നെ പരിഹാരമൊന്നുമില്ലാതെയിരുന്നതുകൊണ്ട് "ഇതു് ഈശ്വരവിധിതന്നെ" എന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. എങ്കിലും തനിക്കു് അബദ്ധം പറ്റിപ്പോയി എന്നുള്ള വിവരം ഭാവിക്കുകയും പറയുകയും ചെയ്യാതെ അദ്ദേഹം സന്തോഷഭാവത്തിൽ നമ്പൂരിയോടു്, "രാവുത്തരിൽനിന്നു് ഒരു സമ്മാനം കിട്ടാനിടയായതുകൊണ്ടു് എനിക്കു വളരെ സന്തോഷമുണ്ടു്. ഇതു് ഇവിടെക്കിട്ടിയ വിവരത്തിനു ഞാനൊരെഴുത്തു തരാം. അതു് അങ്ങുതന്നെ കൊണ്ടുചെന്നു രാവുത്തക്കു കൊടുക്കണം" എന്നു പറഞ്ഞു നമ്പി ഒരോലക്കഷണമെടുത്തു് അതിൽ "ഇതു് എന്നെങ്കിലുമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നതാണു്. ഇതുവരെ കമ്മവും കാലവും കൂടി കൊണ്ടുവന്നില്ല. ഇപ്പോൾ രണ്ടുമൊത്തു. ആട്ടെ, വിരോധമില്ല. എനിക്കു നാല്പത്തൊന്നെങ്കിൽ നിനക്കു പന്ത്ര

Digitized By Kerala Sahitya Akademi

ണ്ടു്" എന്നെഴുതി നമ്പൂതിരിയുടെ കയ്യിൽക്കൊടുത്തു. നമ്പൂരി അതു കൊണ്ടുചെന്നു രാവുത്തക്കും കൊടുത്തു. അതിന്റെ പന്ത്രണ്ടാംദിവസം രാവുത്തരും മോതിരം കയ്യിൽ വാങ്ങിയതിന്റെ നാല്പത്തൊന്നാം ദിവസം നമ്പിയും മരിച്ചു. അപ്പോൾ നമ്പിക്കു പ്രായം എഴുപത്തേഴു വയസ്സായിരുന്നു. അദ്ദേഹത്തോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ വംശവും തീർന്നു എന്നുള്ളതു പറയണമെന്നില്ലല്ലോ.

൧൨. ചില ഈശ്വരന്മാരുടെ പിണക്കം.

ടിപ്പുസുൽത്താന്റെ ആക്രമണകാലത്തു ഗുരുവായൂരപ്പനെ അവിടെനിന്നു് ഇളക്കിയെടുത്തു അമ്പലപ്പുഴയും പിന്നീടു മാവേലിക്കരയും എഴുന്നള്ളിച്ചു കൂടിയിരുത്തിയിരുന്നു എന്നുള്ളതു പ്രസിദ്ധമാണല്ലോ. ഗുരുവായൂരപ്പനും അമ്പലപ്പുഴ കൃഷ്ണസ്വാമിയും വാസ്തവത്തിൽ ആത്മ ഒന്നുതന്നെയാണെങ്കിലും അവർ രണ്ടുപേരുംകൂടി അമ്പലപ്പുഴ താമസിച്ചിരുന്ന കാലത്തു പല പിണക്കങ്ങളും മത്സരങ്ങളുമുണ്ടായിട്ടുള്ളതായി അനേകം ഐതിഹ്യങ്ങളുണ്ടു്.

ഗുരുവായൂരപ്പന്റെ പ്രീതിക്കായി നടത്തുന്ന നമസ്കാരസ്സദ്യകൾക്കുള്ള കാളൻ മുതലായ സാധനങ്ങൾ, വെണ്ണുന്ന കാട്ടുപാത്രങ്ങളിൽത്തന്നെ കിടക്കുകയല്ലാതെ മറ്റു പാത്രങ്ങളിൽ പകരുക പതിവില്ലെന്നും എന്നാൽ ആ സാധനങ്ങൾ കിളാവുചുവ ഉണ്ടാകാറില്ലെന്നുമുള്ളതു പ്രസിദ്ധമാണല്ലോ. എങ്കിലും ഗുരുവായൂരപ്പൻ അമ്പലപ്പുഴെ താമസിച്ചിരുന്ന കാലത്തു നമസ്കാരത്തിനായി വെച്ചുണ്ടാക്കുന്ന കാളനും മറ്റും കിളാവുചുവകൊണ്ടു മനുഷ്യർക്കു് ഉപയോഗിക്കാൻ നിവൃത്തിയില്ലാതെയായിത്തീർന്നു. ഇതിങ്ങിനെ ആകിത്തീർത്തതു ഗുരുവായൂരപ്പനോടുള്ള സ്പർദ്ധനിമിത്തം അമ്പലപ്പുഴെ കൃഷ്ണസ്വാമിയാണെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഇതിനു പകരം ഗുരുവായൂരപ്പനും ചിലതു

Digitized By Kerala Sahitya Akademi

പ്രവത്തിക്കാതെയിരുന്നില്ല. അമ്പലപ്പുഴെ കൃഷ്ണസ്വാമിക്ക പ്രതിദിനം മുപ്പത്താറു പറ പാൽകൊണ്ടു പഞ്ചസാരപ്പായസം പതിവുണ്ടായിരുന്നു. അതിൽ ഹരിവായൂരപ്പൻ അട്ടയും മറ്റും കാണിച്ചു നിവേദ്യത്തിനു കൊള്ളാത്ത വിധത്തിലാക്കിത്തീർത്തു തുടങ്ങി. ഇങ്ങിനെ ഇവർതമ്മിലുള്ള സ്പർദ്ധയും മത്സരവും നിമിത്തം രണ്ടുപേക്കും പൂജാനിവേദ്യാദികൾ നടത്താൻ നിവൃത്തിയില്ലാതെ വന്നതിനാൽ ഹരിവായൂരപ്പനെ ടിപ്പുസുൽത്താന്റെ ഉപദ്രവം ശമിക്കുന്നതുവരെ മാവേലിക്കരെ കൊണ്ടുപോയി. ഇരുത്തേണ്ടതായിവന്നു. ഹരിവായൂരപ്പനെ കുടിയിരുത്തിയിരുന്ന സ്ഥലവും അവിടുത്തെ വകയായി കരുകിണറും ഇപ്പോഴും അമ്പലപ്പുഴെ കാണ്മാനുണ്ട്.

ഇപ്രകാരംതന്നെ വൈക്കത്തപ്പനും ഏറുമാനൂർ ദേവനും തമ്മിലും ചില പിണക്കങ്ങളുണ്ടായിട്ടുണ്ട്. ൽനെടുമാണ്ടു നാടുനീങ്ങിയ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു വൈക്കത്തപ്പനു വഴിപാടായി ഏഴര (ഏഴു വലിയതും കുറെ ചെറിയതും) പൊന്നാനകളെ (പ്ലാവുകൊണ്ടു പണിയിച്ചു സ്വർണ്ണത്തകിടുകൊണ്ടു പൊതിയിച്ചു) തിരുവനന്തപുരത്തുനിന്നു വൈക്കത്തേയ്ക്കു കൊടുത്തയച്ചു. കല്പനപ്രകാരം ഥരിക്കാരന്മാർ പൊന്നാനകളെ പിരുത്തിക്കാരെക്കൊണ്ടു് എടുപ്പിച്ചുകൊണ്ടു കരമാർഗ്ഗമായി പുറപ്പെട്ടു് കുറെ ദിവസം ഏറുമാനൂർ വന്നുചേർന്നു. പൊന്നാനകളെ ക്ഷേത്രത്തിന്റെ പടിഞ്ഞാറേ ഗോപുരത്തറയിലിറക്കിവെച്ചു നടകാവൽക്കാരെ ഏല്പിച്ചിട്ടു ഥരിക്കാരന്മാരും പുമട്ടുകാരും കുളിക്കാനുമുണ്ണാനും പോയി. അവർ കുളിയും ഭക്ഷണവുമെല്ലാം കഴിഞ്ഞു വന്നു നോക്കിയപ്പോൾ പൊന്നാനകളുടെ തലയിൽ കാരോ വലിയ സപ്പുങ്ങളിരിക്കുന്നതായിക്കണ്ടു. ആരെങ്കിലും അടുത്തു ചെന്നാൽ ആ ഭയങ്കരസപ്പുങ്ങൾ ഫണങ്ങൾ വിടർത്തിക്കൊണ്ടു ചീറിത്തുടങ്ങും. അതിനാൽ എല്ലാവരും ഭയപ്പെട്ടു മാറിയതല്ലാതെ അടുത്തു ചെല്ലുന്നതിനു് ആർക്കും ധൈര്യമുണ്ടായില്ല. പിന്നെ ഇതിനെപ്പറ്റി പ്രശ്നംവെയ്പിച്ചു നോക്കിയതിൽ, ഈ ആനകൾ

Digitized By Kerala Sahitya Akademi

ളെ താൻ വിട്ടയയ്ക്കുകയില്ലെന്നും ഇവ തനിക്കു വേണമെന്നു മാണു് ഏറുമാനൂർ ദേവന്റെ അഭിപ്രായമെന്നു കാണുകയും ആ വിവരം തിരുമനസ്സറിയിക്കുന്നതിനു് എഴുതിയയയ്ക്കുകയും പ്രശ്നത്തിൽ കണ്ടതുപോലെതന്നെ മഹാരാജാവു തിരുമനസ്സിലേയ്ക്കു് കരു ദർശനമുണ്ടാവുകയും ചെയ്തു. അതിനാൽ ആ പൊന്നാനകളെ ഏറുമാനൂർ ദേവന്റെ ഭണ്ഡാരത്തിൽ എടുത്തു വെച്ചുകൊള്ളുന്നതിനു കല്പിച്ചുവരുവടിച്ചു. ഇപ്പോഴും ഏറുമാനൂർ ഭണ്ഡാരത്തിലിരിക്കുന്നവയും ഉത്സവകാലങ്ങളിൽ എഴുന്നള്ളത്തോടുകൂടി കൊണ്ടു നടക്കുന്നവയുമായ പൊന്നാനകൾ അവിടെ വന്നുചേർന്നതു് ഇപ്രകാരമാണു്.

വൈക്കത്തപ്പനു വഴിപാടായി നിശ്ചയിച്ചു് ഉണ്ടാക്കിച്ചു യച്ചുവയായ പൊന്നാനകളെ ഏറുമാനൂർ ദേവൻ ഇടയ്ക്കു വെച്ചു തട്ടിയെടുത്തതിനാൽ വീണ്ടും ഏഴരപ്പൊന്നാനകളെ ഉണ്ടാക്കിച്ചു വൈക്കത്തെത്തിയയ്ക്കുണമെന്നു മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു നിശ്ചയിച്ചു. അപ്പോൾ കരു ദിവസം രാത്രിയിൽ തിരുമനസ്സിലേയ്ക്കു് കരു ദർശനമുണ്ടായി. അതിന്റെ സാരം തനിക്കു പൊന്നാനയും മറും വേണമെന്നില്ലെന്നും അതിന്റെ വില ചിലവാക്കി കരു സഹസ്രകലശം നടത്തിയാൽ മതിയെന്നുമായിരുന്നു. ഇതു വൈക്കത്തപ്പന്റെ കല്പനയാണെന്നു വിശ്വസിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു് അപ്രകാരംതന്നെ അതിശ്രേമമായി വൈക്കത്തു് കരു സഹസ്രകലശം നടത്തിക്കുകയും ചെയ്തു. വൈക്കത്തപ്പനും ഏറുമാനൂർ ദേവനും തമ്മിൽ ഇപ്പോഴും പിണക്കമാണെന്നാണു് ജനങ്ങളുടെ വിശ്വാസം. അതിനാൽ വൈക്കത്തു് അഷ്ടമിദർശനത്തിനു് ഇപ്പോഴും ഏറുമാനൂർ ദേശക്കാരാരും പോകാറില്ല.

ആറന്മുളദേവനും ശബരിമലശ്ശാസ്താവും തമ്മിലും പിണക്കമാണെന്നാണു് ജനങ്ങളുടെ വിശ്വാസം. അതിനാൽ ആറന്മുളക്കാർ ശബരിമലയ്ക്കു പോകാറില്ല. പണ്ടൊരിക്കൽ ആറന്മുളക്കാരായ ചിലർ ശബരിമലയ്ക്കു പോകുന്നതിനു നിശ്ചയിച്ചു മുദ്രയും തുടങ്ങി. അപ്പോൾ അവർക്കു് ആറന്മുളദേവൻ

Digitized By Kerala Sahitya Akademi

സ്വപ്നത്തിൽ പ്രത്യക്ഷമായി 'എന്റെ ജനങ്ങൾ മലചവിട്ടണമെന്നില്ല; സകല കാര്യസിദ്ധിക്കും എന്നെ സേവിച്ചുകൊണ്ടാൽ മതി' എന്നരുളിച്ചെയ്തു. എങ്കിലും അവർ അതിനെ വകവെയ്ക്കാതെ യഥാകാലം ശബരിമലയ്ക്കു പോയി. ശബരിമലയ്ക്കു പോകുന്നവർ 'ശരണമയ്യപ്പോ' എന്നും 'അയ്യപ്പസ്വാമിയേ ശരണം' എന്നും മറ്റും വിളിച്ചു പറഞ്ഞുകൊണ്ടാണല്ലോ പോവുക പതിവു്. എന്നാൽ ആറന്മുളക്കാർ 'ആറന്മുളസ്വാമിയേ ശരണം' എന്നു വിളിച്ചുകൊണ്ടാണു് പോയതു്. അവർ ശബരിമലയ്ക്കു സമീപമായപ്പോൾ അയ്യപ്പസ്വാമിയുടെ നാക്കുകൾ (കടുവാകൾ) വായും പൊളിച്ചുകൊണ്ടു് അവരുടെ നേരെ പാഞ്ഞുചെന്നു. അതു കണ്ടു് ആറന്മുളക്കാർ ഭയപരവശന്മാരായി പൂർവ്വാധികമുറക്കെ ആറന്മുളസ്വാമിയെ വിളിച്ചുതുടങ്ങി. അപ്പോൾ ആ വ്യാഘ്രങ്ങളുടെ വായിൽ അമ്പുകൾ വന്നു തറയ്ക്കുകയും അവ മടങ്ങിപ്പോവുകയും ചെയ്തു. ആ സമയം ശബരിമലശ്ശാസ്താവിന്റെ വെളിപാടുണ്ടായി (വെളിച്ചപ്പാടു തുള്ളി) 'ആറന്മുളക്കാർ എന്റെ നാടയിൽ വരാൻ പാടില്ല' എന്നു കല്പിക്കുകയും ആറന്മുളക്കാർ അവിടെ ദർശനം കഴിക്കാതെ മടങ്ങിപ്പോവുകയും ചെയ്തു. അക്കാലം മുതല്ക്കാണു് ആറന്മുളക്കാർ ശബരിമലയ്ക്കു പോകാതെയായതു്. ആറന്മുളദേവൻ മഹാവിഷ്ണുവിന്റെ അവതാരമായ അർജ്ജുനനാണെന്നാണല്ലോ സങ്കല്പം. അതിനാൽ ശബരിമലയയ്യപ്പന്റെ നാക്കുകൾ നേരെ ശരമയച്ചതു് ആ ദേവൻതന്നെയാണെന്നാണു് വിശ്വാസം.

ഇങ്ങിനെ കേരളത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള അനേകം ദേവന്മാർ തമ്മിൽ പല പിണക്കങ്ങളുണ്ടായിട്ടുള്ളതായിട്ടും ഇപ്പോഴും പിണക്കമാണെന്നുള്ളതിലേയ്ക്കും വളരെ ഐതിഹ്യങ്ങളുണ്ടു്. ഇവയെല്ലാം മനുഷ്യരുടെ സങ്കല്പത്തിൽനിന്നുണ്ടായിട്ടുള്ളവയായിരിക്കാനല്ലാതെ കാരണമില്ലല്ലോ.

Digitized By Kerala Sahitya Akademi

൬൯ പറങ്ങോട്ട് നമ്പൂരി

ബ്രിട്ടീഷുമലബാറിൽ 'പറങ്ങോട്ട്' എന്നില്ലപ്പുരായി കരു നമ്പൂരിയുണ്ടായിരുന്നു. അദ്ദേഹം സകല വേദശാസ്ത്രങ്ങളും പുരാണേതിഹാസാദികളും ഗ്രഹിച്ചിട്ടുള്ള കരു വിദ്വാനും പ്രകൃത്യാ വിരക്തനും ഈശ്വരഭക്തനുമായിരുന്നു. ഐഹിക സുഖങ്ങളെല്ലാമുപേക്ഷിച്ച് അദ്ദേഹം കുറച്ചുകാലം ഈശ്വരനെ സേവിച്ചുകൊണ്ട് സ്വഗൃഹത്തിൽത്തന്നെ താമസിച്ചതിനൊശേഷം അത്മപുത്രമിത്രകളത്രാദികളെ എല്ലാമുപേക്ഷിച്ചു വളരെക്കാലം അന്യദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. അങ്ങിനെ പോയിപ്പോയി ഒടുവിൽ അദ്ദേഹം കരു വലിയ വനാന്തരത്തിൽ ചെന്നുചേർന്നു. അപ്പോഴേക്കും അദ്ദേഹം ക്ഷുൽപിപാസാദികൾകൊണ്ട് ഏറ്റവും പരവശനായിത്തീർന്നു. അതിനാൽ ഭക്ഷണപാനീയങ്ങളന്വേഷിച്ചുകൊണ്ട് അദ്ദേഹം ആ വനാന്തരത്തിൽ ചുറ്റിസ്സഞ്ചരിച്ചു. അപ്പോൾ ദൈവഗത്യാ കരു മുനിവരാശ്രമം കണ്ടെത്തുകയും അവിടെ തപസ്സുചെയ്തുകൊണ്ടിരുന്ന മഹർഷിശ്രേഷ്ഠന്റെ അടുക്കൽ ചെന്നു തനിക്കു വിശപ്പും ദാഹവും ഒട്ടസഹമായിത്തീർന്നിരിക്കുന്നുവെന്നും അവയെ ശമിപ്പിക്കുന്നതിനു വതുല്യം തരണമെന്നും യാചിക്കുകയും ചെയ്തു. അതു കേട്ട് ആ മഹർഷിശ്രേഷ്ഠൻ ചില ഭക്ഷണസാധനങ്ങളും മറ്റും കൊടുത്തു് ആ നമ്പൂരിയെ സംതൃപ്തനാക്കിയതിന്റെ ശേഷം 'അങ്ങ് ആരാണ്? എന്തിനായിട്ടാണ് ഇവിടെ വന്നതു്' എന്നും മറ്റും ചോദിച്ചു. അപ്പോൾ നമ്പൂരി താനൊരു ബ്രാഹ്മണനാണെന്നും മറ്റുമുള്ള പരമാർത്ഥമെല്ലാം മഹർഷിയെ ഗ്രഹിപ്പിച്ചു. ഉടനെ മഹർഷി 'അങ്ങു വേദാദ്ധ്യയനം ചെയ്തിട്ടില്ലേ' എന്നു ചോദിച്ചു. 'ഉണ്ടു' എന്നു നമ്പൂരി പറഞ്ഞപ്പോൾ മഹർഷി 'എന്നാൽ അങ്ങയ്ക്കു ക്ഷുൽപിപാസാദികളുടെ ബാധയുണ്ടാകാനിടയില്ലല്ലോ. ആട്ടെ, വേദം മുഴുവനും അങ്ങു പഠിച്ചപ്രകാരം കുറച്ചൊല്ലിക്കേൾക്കട്ടെ' എന്നു പറഞ്ഞു. അതു കേട്ട നമ്പൂതിരി

Digitized By Kerala Sahitya Akademi

ടം മുഴുവനും താൻ പഠിച്ചിരുന്നതുപോലെ ചൊല്ലിക്കേൾപ്പിച്ചു. അപ്പോൾ മഹർഷി 'ഇതു മുഴുവനും പിഴയാണു്; ഇതെല്ലാം മറന്നാൽ അങ്ങയ്ക്കു ഞാൻ വേദമുപദേശിച്ചുതരാം; ഇതു മറക്കുന്നതിനു കുറച്ചുദിവസം വടക്കോട്ടു തിരിഞ്ഞിരുന്നു് ഉരുവിട്ടാൽ മതി' എന്നു പറഞ്ഞു. അപ്രകാരം നമ്പൂരി വടക്കോട്ടു തിരിഞ്ഞിരുന്നു് ഏതാനും ദിവസം വേദം ഉരുവിടുകയും അപ്പോഴെല്ലാം അദ്ദേഹം പഠിച്ചിരുന്നതെല്ലാം മറക്കുകയും ചെയ്തു. പിന്നെ ആ മഹർഷിശ്രേഷ്ഠൻ വേദം ആദി മുതൽ അവസാനംവരെ നമ്പൂരിക്കു് ഉപദേശിക്കുകയും വേദത്തിൽ ഇന്നിന്ന മന്ത്രങ്ങൾ ജപിച്ചുകൊണ്ടാൽ വിശപ്പും ദാഹവുമുണ്ടാവുകയില്ലെന്നു പറഞ്ഞുകൊടുക്കുകയും ചെയ്തു. പിന്നെ നമ്പൂരി അപ്രകാരം ക്ഷുൽപിപാസാദികളെ അടക്കിക്കൊണ്ടും യോഗാഭ്യാസം ചെയ്തുകൊണ്ടും ആ മഹർഷിയുടെ അടുക്കൽ താമസിച്ചു.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം രണ്ടു ദിവ്യപുരുഷന്മാർ അവിടെ വരികയും മഹർഷിയെക്കണ്ടു് എന്തൊക്കെയോ ചിലതെല്ലാം പറഞ്ഞുപോവുകയും ചെയ്തു. അവരും മഹർഷിയുമായി ഉണ്ടായ സംഭാഷണമെല്ലാം കേട്ടുവെങ്കിലും അതു മനുഷ്യഭാഷയിൽ അല്ലായിരുന്നതിനാൽ നമ്പൂരിക്കു കായ്യമൊന്നും മനസ്സിലായില്ല. അതിനാൽ അദ്ദേഹം മഹർഷിയോടു് ആ വന്ന ദിവ്യപുരുഷന്മാരാരായിരുന്നുവെന്നും അവർ പറഞ്ഞതെന്തായിരുന്നുവെന്നും മറ്റും ചോദിച്ചു. അപ്പോൾ മഹർഷി 'ആ ദിവ്യന്മാർ കൈലാസവാസികളായ രണ്ടു ശിവഭ്രുതങ്ങളാണു്. ഇന്നു ശ്രീപാർവ്വതിക്കു സോമവാരവ്രുതമാകയാൽ കാൽകഴുകിച്ചുട്ടിനു ഞാൻക്കൂടി ചെല്ലുണമെന്നു ദേവി അരുളിചെയ്തിരിക്കുന്നു എന്നാണു് അവർ പറഞ്ഞതു്' എന്നു പറഞ്ഞു. അതു കേട്ടപ്പോൾ തനിക്കുകൂടി കൈലാസത്തിങ്കൽ പോയാൽക്കൊള്ളാമെന്നുള്ള ആഗ്രഹം കലശലായിത്തീരുകയാൽ നമ്പൂരി തന്നെക്കൂടി കൊണ്ടുപോകണമെന്നു മഹർഷിയോടപേക്ഷിച്ചു. അപ്പോൾ മഹർഷി 'ഞങ്ങൾ അതിനിപ്പോൾ ശക്തനായിട്ടില്ല.

Digitized By Kerala Sahitya Akademi

ഇവിടെത്താമസിച്ചാൽ കുറച്ചുകാലം കഴിയുമ്പോഠം ഞങ്ങും ഈ തിനു ശക്തനായിത്തീരുമായിരിക്കാം. ഈപ്പോഠം ഇതിനായി ട്ടാഗ്രഹിച്ചാൽ മതി' എന്നു പറഞ്ഞു. ഇതൊന്നും സമ്മതി ക്കാതെ നമ്പൂരി പിന്നെയും നിർബ്ബന്ധിക്കുകയാൽ ഒടുവിൽ മ ഹർഷി നമ്പൂരിയുടെ ഇഷ്ടംപോലെ ചെയ്യാമെന്നു സമ്മതിക്കു കയും എന്നാൽ കൈലാസത്തിങ്കൽച്ചെന്നാൽ ഞങ്ങുമിങ്ങുമൊ ക്കെ നോക്കുകയോ വല്ലതും സംസാരിക്കുകയോ ചെയ്യരുതെ ന്നും കണ്ണും മിണ്ടാതെ തലകുമ്പിട്ടു നിലത്തുതന്നെ നോക്കിക്കൊ ണ്ടു് ഇരുന്നുകൊള്ളണമെന്നും മഹർഷി പറയുകയും ഈപ്രകാര മായിക്കൊള്ളാമെന്നു നമ്പൂരി സമ്മതിക്കുകയും ചെയ്തു.

പോകാനുള്ള സമയമായപ്പോഠം മഹർഷി തന്റെ കൈ കൾ പിടിച്ചുകൊണ്ടു കണ്ണടയ്ക്കാൻ നമ്പൂരിയോടു പറഞ്ഞു. ന മ്പൂരി അപ്രകാരം ചെയ്കയും അനിമിഷംകൊണ്ടു രണ്ടുപേ രും കൈലാസത്തിങ്കലെത്തുകയും ചെയ്തു. അപ്പോഠം കാൽക ഴുകിച്ചൂട്ടിനായി അവിടെ അസംഖ്യം മഹർഷിമാർ എത്തീട്ടു ണ്ടായിരുന്നു. അവരെയൊക്കെ കാൽകഴുകിച്ചതു ശ്രീപരമേ ശ്വരനായിരുന്നു. ആ കൂട്ടത്തിൽ പറഞ്ഞോട്ടു നമ്പൂരിയേയും ഭഗവാൻ കാൽകഴുകിച്ചു. ഉടനെ എല്ലാവരും ഉണ്ണാനിരുന്നു. അപ്പോഴയ്ക്കും അവക്കു കുടിക്കുനീർവീഴ്ത്താനായി ശ്രീപാർവ്വതിയു ടെ പുറപ്പാടായി. ദേവിയുടെ കാൽച്ചിലമ്പിന്റെ മഞ്ജുളനാ ദം കേട്ടുതുടങ്ങിയപ്പോഠംതന്നെ നമ്പൂരിയുടെ മനസ്സിളകി ത്തുടങ്ങി. ശ്രീപാർവ്വതി കാരോരുത്തക്കു മുറയ്ക്കു കുടിക്കുനീർ വീ ഴ്ത്തി ക്രമേണ നമ്പൂരിയുടെ അടുക്കൽ വന്നുചേർന്നു. അദ്ദേഹ ത്തിനു കുടിക്കുനീർ വീഴ്ത്തിയ സമയം അദ്ദേഹം കുനിഞ്ഞിരി ക്കുകയായിരുന്നു. എങ്കിലും ശ്രീപാർവ്വതിയുടെ പാദങ്ങഠം അ ദ്ദേഹം സ്പഷ്ടമായിക്കണ്ടു. 'ഈ പാദങ്ങഠംതന്നെ ഇത്ര മനോഹ രങ്ങളായിരിക്കുന്ന സ്ഥിതിക്കു് ഈ ദേവിയുടെ മുഖം എത്രമാ ത്രം സുന്ദരമായിരിക്കും. എന്തൊക്കെയായാലും അതൊന്നു കാ ണാതെ കഴികയില്ല' എന്നു വിചാരിച്ചു നമ്പൂരി പതുക്കെ യൊന്നു തലയുയർത്താൻ ഭാവിച്ചു. അപ്പോഠം ദേവിയുടെ സ

Digitized By Kerala Sahitya Akademi

മീപത്തു നിന്നിരുന്ന നന്ദികേശ്വരന്റെ കരു ഹുങ്കാരം കേൾക്കപ്പെട്ടകയും നമ്പൂരി ബോധരഹിതനായി അവിടെനിന്നു തെറിച്ചുപോവുകയും ചെയ്തു.

പിറേറദ്ദിവസം പ്രഭാതമായപ്പോൾ നമ്പൂരിക്കു ബോധം വീണു. അദ്ദേഹം കണ്ണുതുറന്നു നോക്കിയപ്പോൾ താൻ കിടക്കുന്നതു് കരു കുളത്തിലാണെന്നു് അദ്ദേഹത്തിനു മനസ്സിലായി എങ്കിലും ആ ദേശം ഏതാണെന്നും മറും അദ്ദേഹത്തിനറിയാൻ പാടില്ലായിരുന്നു. അപ്പോൾ കരു വൃഷലി ചില പാത്രങ്ങൾ തേച്ചുമുക്കുന്നതിനായി ആ കുളത്തിൽ വന്നു. അവളോടു ചോദിച്ചപ്പോൾ ആ കുളം പുമുള്ളി മനയ്ക്കലെ വകയാണെന്നും മറും പറയുകയും നമ്പൂരി അവിടെ മുമ്പു പലപ്പോഴും പോയിരുന്നതുകൊണ്ടു് ആതു വാസ്തവംതന്നെയെന്നു മനസ്സിലാവുകയും ചെയ്തു. നമ്പൂരിക്കു സന്ധിബന്ധങ്ങളെല്ലാം തളർന്നിരുന്നുവെങ്കിലും അദ്ദേഹം കരുവിധം അവിടെനിന്നു കരയ്ക്കു കയറി. ആ സമയം പുമുള്ളിമനയ്ക്കൽ അതികലശലായി കരുകരച്ചിലും പിഴിച്ചിലും അലയും മുറയുമെല്ലാം കേൾക്കുകയാൽ അതിന്റെ കാരണമെന്തെന്നു് അദ്ദേഹം ആ വൃഷലിയോടു ചോദിച്ചു. അപ്പോൾ അവൾ—മനയ്ക്കലെ വലിയ തിരുമനസ്സിലേയ്ക്കു വളരെ മോഹിച്ചിരുന്നുണ്ടായ ഏകപുത്രൻ ഇന്നലെ രാത്രിയിൽ പെട്ടെന്നുണ്ടായ എന്തോ സുഖക്കേടുനിമിത്തം മരിച്ചുപോയി. ആ തങ്കക്കുട്ടപോലെയിരുന്ന കോമനക്കുട്ടനു മൂന്നു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളു. അതിന്റെ ശവം ഇപ്പോൾ ദഹിപ്പിക്കാനെടുത്തുകൊണ്ടു പോവുകയാണു്. അതിന്റെ കോലാഹലമാണു് ഈ കേൾക്കുന്നതു്—എന്നു പറഞ്ഞു.

ഇതു കേട്ട മാത്രയിൽ നമ്പൂരി മനയ്ക്കലേയ്ക്കു ചെന്നു. ആ സമയം വലിയ നമ്പൂരിപ്പാട്ടീനു തന്റെ ഏകപുത്രന്റെ മൃതശരീരം ദഹിപ്പിക്കാനായി എടുത്തു ചിതയിങ്കലേയ്ക്കു കൊണ്ടുപോവുകയായിരുന്നു. നമ്പൂരി അടുത്തു ചെന്നു, 'ഹേ! അവിടുന്നു് കട്ടം വ്യസനിക്കേണ്ട. ഉണ്ണിയെ ഞാനിപ്പോൾ ജീവിപ്പിച്ചുതരാം. അതിനെ അവിടെക്കിടത്തണം' എന്നു പറഞ്ഞു.

Digitized By Kerala Sahitya Akademi

ഇതു കേട്ടിട്ടു നമ്പൂരിപ്പാട്ടിലേയ്ക്ക് ഒട്ടും വിശ്വാസമുണ്ടായില്ല. എങ്കിലും മോഹാധിക്യം നിമിത്തം ആ മൃതശരീരത്തെ അവിടെകിടത്തി. നമ്പൂരി കുറച്ചു വെള്ളം കയ്യിലെടുത്തു കണ്ണടച്ച് എന്തോ കുറെ മന്ത്രം ജപിച്ച് ഉണ്ണിയുടെ മുഖത്തു തളിച്ചു. ഉണ്ണി ഉടനെ കണ്ണു തുറന്നു. നമ്പൂരി പിന്നേയും രണ്ടു പ്രാവശ്യംകൂടി വെള്ളം ജപിച്ചു തളിച്ചു. അപ്പോൾ മരിച്ചുകിടന്നിരുന്ന ഉണ്ണി സ്വസ്ഥശരീരനായി എണീറ്റു 'അച്ഛാ' എന്നു വിളിച്ചുകൊണ്ടു നമ്പൂരിപ്പാട്ടിലെ അടുക്കലേയ്ക്കു ചെന്നു. അപ്പോൾ നമ്പൂരിപ്പാട്ടിലേയ്ക്കും അവിടെക്കൂടിയിരുന്ന ജനങ്ങൾക്കും മറ്റുമുണ്ടായ സന്തോഷവും അത്ഭുതവും എത്രമാത്രമെന്നു പറയാൻ പ്രയാസം.

പറങ്ങോട്ടു നമ്പൂരി നമ്പൂരിപ്പാട്ടിലേയ്ക്കു പരിചിതനായിരുന്നു. എങ്കിലും അപ്പോൾ ജടയും മുടിയുമൊക്കെ ധരിച്ചും മരവിരി ഉടുത്തും മറ്റുമിരുന്നതുകൊണ്ടും കണ്ടിട്ടു വളരെക്കാലമായിരുന്നതിനാലും അദ്ദേഹം ഇന്നാളാണെന്നു നമ്പൂരിപ്പാട്ടിലേയ്ക്കു തൽക്കാലം മനസ്സിലായില്ല. പിന്നെ നമ്പൂരിപ്പാട്ടീന്നു ചോദിക്കുകയാൽ നമ്പൂരി തന്റെ ചരിത്രങ്ങളെല്ലാം നമ്പൂരിപ്പാട്ടിലെ ഗ്രഹിപ്പിച്ചു. അപ്പോൾ നമ്പൂരിപ്പാട്ടിലേയ്ക്കു നമ്പൂരിയുടെ മുഖച്ഛായ കാമ്മയിൽ പരികയും അദ്ദേഹം പറഞ്ഞതെല്ലാം ശരിയെന്നു വിശ്വസിക്കുകയും ചെയ്തു.

പറങ്ങോട്ടു നമ്പൂരിക്ക് ആഭിജാത്യം സ്വല്പം കുറവായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ യോഗ്യതയും ദിവ്യതപവും വിചാരിച്ചു നമ്പൂരിപ്പാട്ടീന്ന് അദ്ദേഹത്തിനു തന്റെ പുരോഹിതസ്ഥാനം കൊടുത്തു തന്റെ കൂടെത്തന്നെ ആജീവനാന്തം താമസിപ്പിച്ചു.

൫൪. പാക്കിൽശ്ശാസ്താവ്

പാക്കിൽശ്ശാസ്താവിന്റെ ക്ഷേത്രം തിരുവിതാംകൂറിൽ കോട്ടയം താലൂക്കിൽ നാട്ടകം പകുതിയിലാണ്. ഈ ക്ഷേത്രം

Digitized By Kerala Sahitya Akademi

പണ്ട് ഏറെറവും പ്രസിദ്ധിയും പ്രാധാന്യവുമുള്ളതായിരുന്നു. ഇതിനു പുരാതനത്വവും കുട്ടം കുറവില്ല.

ശ്രീപരശുരാമൻ കേരളത്തിന്റെ രക്ഷയ്ക്കായിട്ടു കിഴക്കു മലകളിലും പടിഞ്ഞാറു സമുദ്രതീരങ്ങളിലുമായി പല സ്ഥലങ്ങളിൽ ശാസ്താവിനെ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. പാക്കിൽശാസ്താവും ആ കൂട്ടത്തിലുള്ളതായി വിചാരിക്കാം. എന്നാൽ സത്യം ഭേദമില്ലെന്നുമില്ല.

ഒരിക്കൽ ബ്രഹ്മാവു തന്റെ യാഗകുണ്ഡത്തിൽനിന്നു് ഉൽഭ്രതമായ ഒരു ശാസ്താവിഗ്രഹം അഗസ്ത്യന്റെ കയ്യിൽ കൊടുത്തു്, "ഇതു പരശുരാമന്റെ കയ്യിൽകൊടുത്തു്, ഇതിനെ യഥോചിതം എവിടെയെങ്കിലും ഒരു നല്ല സ്ഥലത്തു പ്രതിഷ്ഠിക്കാൻ പറയണം" എന്നു പറഞ്ഞയച്ചു. അഗസ്ത്യൻ അപ്രകാരം ചെയ്കയാൽ പരശുരാമൻ ആ വിഗ്രഹവുംകൊണ്ടു പുറപ്പെട്ടു് ഇപ്പോൾ 'പാക്കു്' എന്നു പറഞ്ഞുവരുന്ന ആ സ്ഥലത്തു വന്നപ്പോൾ ഈ സ്ഥലം കൊള്ളാമെന്നു തോന്നുകയാൽ ആ ബിംബം അവിടെ പ്രതിഷ്ഠിച്ചു. എങ്കിലും അതു് അവിടെ ഉറയ്ക്കാതെ ഇളകി ഉൽഗമിച്ചുകൊണ്ടിരുന്നു. പല പ്രാവശ്യം പിടിച്ചിരുത്തീട്ടും ബിംബമവിടെ ഇരിക്കായ്കയാൽ പരശുരാമൻ ഏറെറവും വിഷണ്ണനായിത്തീർന്നു. ആ സമയം ദൈവഗത്യാ സാക്ഷാൽ പാക്കനാരും ഭാര്യയുംകൂടി അവിടെ വന്നുചേർന്നു. പാക്കനാരെക്കണ്ടപ്പോൾ പരശുരാമൻ പരമാത്മമെല്ലാം പറഞ്ഞു. ഉടനെ പാക്കനാർ ആ ബിംബത്തിന്മേൽപ്പിടിച്ചു കീഴ്പ്പോട്ടു് അമത്തിക്കൊണ്ടു് 'ഇവിടെപ്പാക്കു്' എന്നു പറഞ്ഞു. അതോടുകൂടി ബിംബം അവിടെ ഉറച്ചു. പാക്കനാർ 'പാക്കു്' എന്നു പറഞ്ഞതിനാൽ ആ ദേശത്തിനും 'പാക്കു്' എന്നതന്നെ പേരു സിദ്ധിച്ചു. അതു കാലക്രമേണ പാക്കു് എന്നായിത്തീർന്നു. ഇപ്രകാരമൊക്കെയാണു് പാക്കിൽശാസ്താവിന്റെ ആഗമം. അതിനാൽ ഈ ശാസ്താവിനെ പ്രതിഷ്ഠിച്ചതു പരശുരാമനാണെന്നും പാക്കനാരാണെന്നും അ

Digitized By Kerala Sahitya Akademi

ഗിദേവനാണെന്നും ചിലരൊക്കെ ചിലവിധം പറയുന്നു.

പ്രതിഷ്ഠ കഴിഞ്ഞു പരശുരാമൻ പോയതിന്റെ ശേഷം ശാസ്താവു ദിവ്യനായ പാക്കനാക്കു പ്രത്യക്ഷീഭവിക്കുകയും "പാക്കനാരെ ആണ്ടിലൊരിക്കലെങ്കിലും ഇവിടെ കണ്ടാൽക്കൊള്ളാമെന്നുണ്ടു" എന്നരുളിച്ചെയ്കയും അങ്ങിനെയാകാമെന്നു പാക്കനാർ സമ്മതിക്കുകയും ചെയ്തു. പാക്കനാർ മുറംപിറവു കൊണ്ടു സഞ്ചരിച്ചിരുന്ന അവസരത്തിലാണു് അവിടെച്ചെന്നിരുന്നതു്. അതുപോലെ പാക്കനാർ പിന്നെയും ആണ്ടുതോറും കുംഭകസംക്രാന്തിനാൾ അവിടെച്ചെന്നിരുന്നു. പാക്കനാരുടെ മുറംകച്ചവടം പ്രസിദ്ധമാണല്ലൊ. പാക്കനാർ പതിവായി കുംഭകസംക്രാന്തിനാൾ പാക്കിൽച്ചെന്നിരുന്നതിന്റെ സ്മാരകമായി ഇപ്പോഴും അവിടെ കുംഭകസംക്രാന്തിതോറും ജനങ്ങൾകൂടി ഒരു കച്ചവടം നടത്തിവരുന്നുണ്ടു്. അതിനു 'സംക്രാന്തിപ്പാണിഭം' എന്നാണു് പേരു പറഞ്ഞു വരുന്നതു്. ആ ദിവസം അവിടെ പല ജാതിക്കാരായി അസംഖ്യം ആളുകൾ കൂടുകയും കച്ചവടത്തിനായി അനേകം സാമാനങ്ങൾ കൊണ്ടുവരികയും ചെയ്യുന്നുണ്ടു്. എന്നാൽ വരുന്നവരിൽ അധികം പേരും പറയരും പുലയരും, സാമാനങ്ങളിൽ അധികവും കുട്ട, മുറം മുതലായവയുമായിരിക്കും.

പ്രതിഷ്ഠാനന്തരം പരശുരാമൻ തദ്ദേശവാസികളായ ജനങ്ങളെ അവിടെ വരുത്തി ഈ ശാസ്താവിനെ എല്ലാവരും ദേശപരദേവതയായി ആദരിക്കുകയും ആചരിക്കുകയും ചെയ്തുകൊള്ളണമെന്നു് ആജ്ഞാപിക്കുകയും അതനുസരിച്ചു ജനങ്ങൾകൂടി അവിടെ ഉപായത്തിൽ കരമ്പലം പണി കഴിപ്പിക്കുകയും സമീപസ്ഥനായ അയക്കാട്ടു നമ്പൂരിയെക്കൊണ്ടു കലശം നടത്തിക്കുകയും ചെയ്തു. ആ ദേവനു് ആട്ടും നിവേദ്യം കഴിച്ചതു നാഴിയരിച്ചെച്ചു് അതിന്റെ മുകളിൽ കുറെ തുടം വെണ്ണയും വെച്ചാണു്. ഒരുതിനാൽ അങ്ങിനെയുള്ള നിവേദ്യം ആ ദേവനു വളരെ പ്രധാനവും പ്രിയതരവുമായിത്തീർന്നു. അങ്ങിനെ വഴിപാടായിട്ടു് ഇപ്പോഴും പലരും അവിടെ നടത്തി

Digitized By Kerala Sahitya Akademi

വരുന്നുണ്ട്. നെയിറെ നാഴിയരിയും വെണ്ണയും എന്നാണ് പേരു പറഞ്ഞുവരുന്നതു്.

ദേശക്കാർകൂടി ഉപായത്തിൽ ആട്ടിയും പണി കഴിപ്പിച്ച ഈ ക്ഷേത്രത്തിറെ പിന്നീടു വേണ്ടുന്ന പുഷ്ടിയൊക്കെ വരുത്തിയതു തെക്കുംകൂർ രാജാവാണു്. കുറുകാലത്തു നാടുവാണിരുന്ന തെക്കുംകൂർ രാജാവു് ഓരോണ്ടുതോറും മകരസംക്രാന്തിക്കു ശബരിമല ക്ഷേത്രത്തിൽപ്പോയി സ്വാമിദർശനം കഴിച്ചുവന്നിരുന്നു. ആ തമ്പുരാനു പ്രായാധിക്യംകൊണ്ടുള്ള ക്ഷീണംനിമിത്തം അതു മുടക്കുമായിത്തുടങ്ങിയതിനാൽ കുറേണ്ടിൽ അവിടെച്ചെന്നിരുന്നപ്പോൾ നടയിൽ തൊഴുതുകൊണ്ടുനിന്നു്, "എൻറെ സ്വാമിൻ! ഇവിടെവന്നു ദർശനം കഴിച്ചുപോകാൻ ഞാൻ ശക്തനല്ലാതെയായിത്തീർന്നിരിക്കുന്നു. ഇതു മുടങ്ങീട്ടു ജീവിച്ചിരിക്കുകയെന്നുള്ളതു് എനിക്കു പരമസങ്കടമാണു്. അതിനാൽ ഇതിനു് എന്തെങ്കിലും നിവൃത്തിയുണ്ടാക്കിത്തരണേ" എന്നു ഭക്തിപൂർവ്വം പ്രാർത്ഥിച്ചു. അന്നു രാത്രിയിൽ തമ്പുരാൻ കിടന്നുറങ്ങിയിരുന്ന സമയം കുറാൾ അടുക്കൽവന്നു്, "ഇവിടെ വന്നു് എന്നെ ദർശിക്കുന്നതിനു നിവൃത്തിയില്ലാത്തവർ എൻറെ കിഴക്കേ നടയിൽ വന്നു് എന്നെക്കണ്ടാലും മതി. പാക്കിൽപ്പോകുന്നതും ഞാൻതന്നെയാണു്" എന്നു പറഞ്ഞതായി അദ്ദേഹത്തിനു തോന്നി. ഉടനെ ഉണർന്നു കണ്ണുതുറന്നു നോക്കിയപ്പോൾ അവിടെയെങ്ങും ആരേയും കണ്ടില്ല. അതിനാൽ ഇതു കരുണാനിധിയായ ശബരിമലശ്ശാസ്താവു തൻറെ പ്രാർത്ഥനയെ കൈക്കൊണ്ടു് അരുളിച്ചെയ്തതാണെന്നുതന്നെ തമ്പുരാൻ വിശ്വസിച്ചു.

തമ്പുരാൻ ശബരിമലയിൽനിന്നു തിരിയെ രാജധാനിയിൽ എത്തിയതിൻറെ ശേഷം കട്ടും താമസിയാതെ പാക്കിൽശ്ശാസ്താവിൻറെ അമ്പലം നാലമ്പലം, ബലിക്കൽപ്പുര, വാതിൽമാടം മുതലായവയോടുകൂടി ഭംഗിയായി പണിയിക്കുന്നതിനു കല്പന കൊടുത്തു. രണ്ടുമൂന്നു മാസംകൊണ്ടു് അമ്പലംപണിയും പരിവാരപ്രതിഷ്ഠയും കലശവും നടത്തിക്കുകയും

Digitized By Kerala Sahitya Akademi

ഉത്സവം മുതലായ ആട്ടവിശേഷങ്ങൾക്കും മാസവിശേഷങ്ങൾക്കും നിത്യനിദാനം മുതലായതിനും പതിവുകൾ നിശ്ചയിക്കുകയും അവയ്ക്കെല്ലാം വേണ്ടിടത്തോളം വസ്തുവകകൾ ദേവസ്വംപേരിൽ പതിച്ചുകൊടുക്കുകയും ചെയ്തു. ആകപ്പാടെ പാക്കിൽക്ഷേത്രം ഒരു മഹാക്ഷേത്രമാക്കിത്തീർത്തു എന്നു പറഞ്ഞാൽ മതിയല്ലോ. ക്ഷേത്രം പണികഴിഞ്ഞിട്ട് അന്നു കലശം നടത്തിച്ചതും അയക്കാട്ടു നമ്പൂരിയെക്കൊണ്ടുതന്നെയാണ്. അതിനാൽ ആ നമ്പൂരി ആ ക്ഷേത്രത്തിലെ തന്ത്രിയായിത്തീർന്നു. ഇപ്പോഴും അവിടെ തന്ത്രി അദ്ദേഹംതന്നെ. അക്കാലം മുതൽ തെക്കുംകൂർ രാജാക്കന്മാർ പാക്കിൽശാസ്താവിനെ അവരുടെ ഒരു പരദേവതയായി ആചരിച്ചുതുടങ്ങുകയും ചെയ്തു. അവർ അക്കാലത്തു മാസത്തിലൊരിക്കലെങ്കിലും അവിടെപ്പോയി സ്വാമിദർശനം കഴിക്കാതെയിരിക്കാറില്ല. അന്നു രാജധാനി കോട്ടയത്തു തളിയിലായിരുന്നതിനാൽ പാക്കിൽ ക്ഷേത്രത്തിലേയ്ക്കു നാലഞ്ചു നാഴികയിലധികം ദൂരമുണ്ടായിരുന്നില്ല. അതിനാൽ അങ്ങോട്ടു ക്കുടെക്കുടെപ്പോകുന്നതിനു സൌകര്യവുമുണ്ടായിരുന്നു.

പെരുമാക്കന്മാരുടെ ഭരണാനന്തരം കേരളരാജ്യം പലഖണ്ഡങ്ങളായി ഭാഗിച്ചു ചില രാജാക്കന്മാരും ഇടപ്രഭുക്കന്മാരും പ്രത്യേകം പ്രത്യേകം ഭരിച്ചുതുടങ്ങിയപ്പോൾ അവർ തമ്മിൽ ക്കുടെക്കുടെ യുദ്ധമുണ്ടാവുക സാധാരണമായിത്തീർന്നു. അതിനാൽ അവക്കെല്ലാവക്കും പ്രത്യേകം പ്രത്യേകം സൈന്യങ്ങളെ ശേഖരിക്കേണ്ടതു് അത്യാവശ്യമായും വന്നുകൂടി. തെക്കുംകൂർ രാജാവും ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ട ഒരിടപ്രഭുവായിരുന്നതിനാൽ അദ്ദേഹത്തിനും ഒരു സൈന്യശേഖരം വേണ്ടിവന്നു. അതിനാൽ അദ്ദേഹം രാജ്യത്തുള്ള കാരോ കരകളിലും കാരോരുത്തരെ ആശാന്മാരായി നിശ്ചയിക്കുകയും അവക്കെല്ലാം ചില സ്ഥാനമാനങ്ങളും മറ്റും കല്പിച്ചുകൊടുക്കുകയും ആ ആശാന്മാർ കാരോ കരകളിലും കളരികൾ കെട്ടി നാട്ടുകാരായ പുരുഷന്മാരെയെല്ലാം ആയോധനവിദ്യ അഭ്യസിപ്പിക്കണമെ

Digitized By Kerala Sahitya Akademi

ന്നു് ഏർപ്പാടുചെയ്കയും അങ്ങിനെ അവിടെയ്ക്കു ധാരാളം സൈന്യങ്ങളുണ്ടായിത്തീരുകയും ചെയ്തു. എന്നു മാത്രമല്ല, ഇ പ്രകാരം യുദ്ധം അഭ്യസിക്കപ്പെട്ടന്നവക്കു് ആണ്ടിലൊരിക്കൽ ഒരു പരീക്ഷ നടത്തണമെന്നും ആ പരീക്ഷ നടത്തുന്നതു പാക്കിൽശ്ശാസ്താവിന്റെ സന്നിധിയിൽവെച്ചു വേണമെന്നും നിശ്ചയിച്ചു.

ആണ്ടുതോറും വിജയദശമിക്കു വിദ്യാരംഭം കഴിഞ്ഞിട്ടു രാജാവു് ഒരു നല്ല ദിവസം നിശ്ചയിച്ചു പ്രസിദ്ധപ്പെടുത്തും. ആ ദിവസം രാജ്യത്തുള്ള സകല കരകളിൽനിന്നും ആശാന്മാർ അവരവരുടെ ശിഷ്യന്മാരോടുകൂടി പാക്കിൽ വന്നുചേരും. അപ്പോൾ രാജാവും അവിടെയെത്തും. പിന്നെ പോരാളികളായിട്ടുള്ളവരെ യഥായോഗ്യം രണ്ടു ഭാഗമായി തിരിച്ചുനിത്തും. അവർ തെക്കും വടക്കുമായിപ്പിരിഞ്ഞു് അണിനിരക്കും. എല്ലാവരും സന്നദ്ധരായി നിന്നുകഴിയുമ്പോൾ യുദ്ധം തുടങ്ങുന്നതിനു രാജാവു കല്പനകൊടുക്കും. ഉടനെ യുദ്ധമാരംഭിക്കുകയും ചെയ്യും. ഇങ്ങിനെയൊക്കെയായിരുന്നു ഇതിന്റെ പതിവു്. ഈ പരീക്ഷായുദ്ധത്തിനു പാക്കിൽപ്പട എന്നാണു് പേരു പറഞ്ഞുവന്നിരുന്നതു് ഈ യുദ്ധത്തിനായി പാക്കിൽക്ഷേത്രത്തിനു സമീപം മതിൽക്കു പുറത്തായിട്ടു് ഏതാനും സ്ഥലം ഒഴിച്ചിട്ടിരുന്നു. ആ സ്ഥലത്തിനു 'പടനിലം' എന്നാണു് നാമകരണം ചെയ്തിരുന്നതു്. ഈ യുദ്ധത്തിൽ ജയിക്കുന്നവക്കു സൈന്യത്തിൽ ചില സ്ഥാനങ്ങളും ചില സമ്മാനങ്ങളും മറ്റും രാജാവു കല്പിച്ചുകൊടുക്കുകയും ചെയ്തിരുന്നു.

യുദ്ധത്തിൽ ജയിക്കുന്നതിനു പ്രധാനമായി സഹായിക്കുന്ന ദേവന്മാർ വേട്ടയ്ക്കൊരു മകനും ശാസ്താവുമാണെന്നാണല്ലോ വെച്ചിരിക്കുന്നതു്. അതിനാൽ തെക്കുംക്കൂർ രാജാവും രാജ്യവാസികളും മാത്രമല്ല, മറു ചില രാജാക്കന്മാരും കോയിത്തമ്പുരാക്കന്മാരുംകൂടി പാക്കിൽശ്ശാസ്താവിനെ ഒരു പരദേവതയായിട്ടാണു് ആചരിച്ചുവരുന്നതു്. നാട്ടുരാജാക്കന്മാർ തമ്മിൽ യുദ്ധമില്ലാതെയായപ്പോൾ മുതൽ അതിനൊക്കെ സാല്പം

Digitized By Kerala Sahitya Akademi

കുറവു വന്നുതുടങ്ങി. എങ്കിലും പള്ളം, ലക്ഷ്മീപുരം, അനന്തപുരം, പാലിയക്കര, ഗ്രാമം മുതലായ കോയിത്തമ്പുരാക്കന്മാരുടെ കൊട്ടാരങ്ങളിലും മറും കൊച്ചുതമ്പുരാക്കന്മാരുടെ അന്നപ്രാശനവും കൊച്ചുതമ്പുരാട്ടിമാരുടെ പള്ളിക്കെട്ടും കഴിഞ്ഞാൽ പാക്കിൽ കൊണ്ടുചെന്നു ദർശനം കഴിപ്പിച്ചുകൊണ്ടുപോവുക ഇപ്പോഴും പതിവുണ്ട്.

ശബരിമലശ്ശാസ്താവും പാക്കിൽശ്ശാസ്താവും ഒന്നുതന്നെയെന്നാണു ജനങ്ങളുടെ വിശ്വാസം. ശബരിമലയ്ക്കു പോകുവാൻ സാധിക്കാത്തവരും മറുമായി അനേകം ജനങ്ങൾ മകരസംക്രാന്തിക്കു പാക്കിൽപ്പോയി ദർശനം കഴിക്കുക ഇപ്പോഴും പതിവാണു്.

പാക്കിൽശ്ശാസ്താവിനു മുൻകാലങ്ങളിൽ ഇപ്രകാരമെല്ലാം പ്രസിദ്ധിയും പ്രാധാന്യവുമുണ്ടായിരുന്നുവെങ്കിലും തെക്കുംകൂർ രാജ്യം തിരുവിതാംകൂറിൽച്ചേർന്നതോടുകൂടി അതിനൊക്കെ വളരെ ഭേദഗതി വന്നുപോയി. എങ്കിലും ദേവസാന്നിദ്ധ്യത്തിനു് ഇപ്പോഴും അവിടെ യാതൊരു കുറവും വന്നിട്ടില്ല. ആ ദേശക്കാർ ഇപ്പോഴും ആ ശാസ്താവിനെ തങ്ങളുടെ ദേശപ്രദേവതയായിട്ടുതന്നെ ആചരിച്ചു വരുന്നുണ്ടു്. ആണ്ടുതോറുമുള്ള ഉത്സവത്തിനു സർക്കാരിൽനിന്നു് സ്വല്പം നെല്ലും പണവും പതിവുവെച്ചിട്ടുണ്ടെങ്കിലും പോരാത്തതെല്ലാം ചെലവു ചെയ്തു് ഉത്സവം കേമമാക്കുന്നതും ആഘോഷം നടത്തുന്നതും ഇപ്പോഴും ദേശക്കാർതന്നെയാണു്.

പാക്കിൽശ്ശാസ്താവിന്റെ മാഹാത്മ്യങ്ങൾ പറയുകയാണെങ്കിൽ വളരെയുണ്ടു്. വിസ്തരഭയത്താൽ അതിനായി ഇപ്പോൾ മുനിയുന്നില്ല.

൧൫. കൊട്ടങ്ങല്ലൂർ വസൂരിമാല

മേലെഴുതിയിരിക്കുന്ന പേർ കൊട്ടങ്ങല്ലൂർ വെളിച്ചപ്പാടു് എന്നു പറഞ്ഞു ഭിക്ഷയ്ക്കു നടക്കുന്നവർ പറഞ്ഞെങ്കിലും കേട്ട

Digitized By Kerala Sahitya Akademi

ട്ടില്ലാത്തവർ കേരളത്തിൽ അധികമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അതാരാണെന്നും ആ മൂത്തിയുടെ ഉത്ഭവം ഏതു പ്രകാരമാണെന്നും മറ്റും അറിഞ്ഞിട്ടുള്ളവർ ചുരുക്കമാണെന്നാണു് തോന്നുന്നതു്. അതിനാൽ വസ്തുരിമാലയുടെ കഥ വിവരണം കേവലം അനാവശ്യമാവുകയില്ലെന്നു വിശ്വസിക്കുന്നു.

ത്രൈലോക്യകണ്ടകനായി താരകൻ എന്നൊരസുരൻ ഉണ്ടായിരുന്നു എന്നും അവനെ നിഗ്രഹിക്കുന്നതിനായി ശ്രീപരമേശ്വരന്റെ മൂന്നാം തൃക്കണ്ണിൽനിന്നു ഭദ്രകാളി അവതരിക്കുകയും ആ ദേവി യുദ്ധത്തിൽ അവനെ കൊല്ലുകയും ചെയ്തുവെന്നും മറ്റുമുള്ള കഥ മാർക്കണ്ഡേയപുരാണത്തിൽ അന്തർഭൂതമായ ഭദ്രോല്പത്തിപ്രകരണം വായിച്ചും മറ്റും എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ആ താരകാസുരന്റെ ഭാര്യ മയാസുരന്റെ പുത്രിയായ മനോദരി എന്ന സുന്ദരിയായിരുന്നു. താരകൻ ഭദ്രകാളിയുമായുള്ള യുദ്ധത്തിൽ മരിച്ചുപോകുമെന്നു് ഏകദേശം തീർച്ചയായപ്പോൾ മനോദരി കൈലാസസമീപത്തിങ്കൽ ചെന്നു ശ്രീപരമേശ്വരനെക്കുറിച്ചു് അതികഠിനമായ തപസ്സുതുടങ്ങി. അവൾ വളരെക്കാലം തപസ്സുചെയ്തിട്ടും ഭഗവാൻ പ്രസാദിക്കുകയോ അവൾക്കു വല്ലു വരവും കൊടുക്കുകയോ ചെയ്തില്ല. അതിനാൽ ശ്രീപാർവ്വതി "അല്ലയോ ഭഗവാനേ! പ്രാണനാഥ! ഈ സ്ത്രീ ഭഗവാനെക്കുറിച്ചു വളരെ നാളായല്ലോ അതികഠിനമായ തപസ്സുചെയ്യുന്നു. അവിടന്നു പ്രസാദിച്ചു് അവളുടെ അഭീഷ്ടങ്ങളെക്കൊടുത്തയയ്ക്കാത്തതെന്താണു്?" എന്നു ചോദിച്ചു. ശ്രീപരമേശ്വരൻ "അല്ലയോ ഭദ്രേ! പ്രാണപ്രിയേ! ഇവൾ ഏറ്റവും ദുഷ്ടയാണു്. ഇവളുടെ ഭർത്താവായ താരകാസുരനു ബ്രഹ്മാവു വേണ്ടുന്ന വരങ്ങളെല്ലാം കൊടുക്കുകനിമിത്തം അവൻ ത്രൈലോക്യവാസികളെ എത്രമാത്രം ഉപദ്രവിച്ചു എന്നുള്ളതു ഭവതിക്കും അറിയാമല്ലോ. ഇവളുടെ ഇഷ്ടപ്രകാരമുള്ള വരം ഞാൻ കൊടുക്കുകയാണെങ്കിൽ ഇവളും ലോകോപദ്രവകാരിണിയായിത്തീരും. അതിനാലാണു് ഞാൻ ഇവൾക്കു വരമൊന്നും കൊടുക്കാതെയിരിക്കുന്നതു്. താര

Digitized By Kerala Sahitya Akademi

കനെ ഇപ്പോൾ നമ്മുടെ പുത്രിയായ ഭദ്രകാളി നിഗ്രഹിച്ചിരിക്കും. അവന്റെ ഉപദ്രവം തീർന്നപ്പോഴേയ്ക്കും മറെറാരുപദ്രവം ഉണ്ടാക്കിവെച്ചു എന്നു വരുത്തുന്നതു കഷ്ടമാണല്ലോ.”

ശ്രീപാർവ്വതി—“അതൊക്കെ ശരിതന്നെ. എങ്കിലും ആശ്രയിക്കുന്നവരെ അനുഗ്രഹിക്കാതിരിക്കുന്നതും കഷ്ടമാണല്ലോ. ഇവളുടെ ഭർത്താവിനെ നമ്മുടെ പുത്രി നിഗ്രഹിച്ചുവെങ്കിൽ ഇവളിപ്പോൾ അനാഥയായ ഒരു വിധവയായിത്തീർന്നിരിക്കുന്നു. ഇവളെ അവിടുന്നു് അനുഗ്രഹിക്കാത്തപക്ഷം ഇവൾക്കു് ഇനി ആരാണു് ഒരു ശരണം? അതിനാൽ എന്തെല്ലാമായാലും അവിടുന്നു് ഇവളെ അനുഗ്രഹിച്ചയയ്ക്കുണം.”

ഇപ്രകാരം ശ്രീപാർവ്വതിയുടെ നിർബ്ബന്ധംനിമിത്തം ഭഗവാൻ ശ്രീപരമേശ്വരൻ തന്റെ ദേഹത്തിലെ വിയർപ്പുവെള്ളം വടിച്ചെടുത്തു കൊടുത്തിട്ടു “നീ ഇതു കൊണ്ടുപോയി മനുഷ്യരുടെ ദേഹത്തിൽ തളിക്കുക. നിനക്കു വേണ്ടുന്നതെല്ലാം മനുഷ്യർ തരും” എന്നരുളിച്ചെയ്തു മനോദരിയെ അയച്ചു.

മനോദരി ഇപ്രകാരം ഭഗവാന്റെ അനുഗ്രഹം വാങ്ങിക്കൊണ്ടു കൈലാസത്തിങ്കൽനിന്നു പുറപ്പെട്ടു. മദ്ധ്യമാർഗ്ഗം അവൾ ഭദ്രകാളിയെ കണ്ടു. ഭദ്രകാളി ദാരുകനെ കൊന്നു് അവന്റെ ശിരസ്സു മുറിച്ചെടുത്തു് ഇടത്തുകയ്യിൽ വഹിച്ചുകൊണ്ടും വേതാളിയുടെ കഴുത്തിൽ കയറി ഭൂതപ്രേതപിശാചാദികളോടുകൂടിയും ജയഭേരി മുഴങ്ങിച്ചുകൊണ്ടും ആർത്തുവിളിച്ചുകൊണ്ടും കൈലാസത്തിങ്കലേയ്ക്കുള്ള വരവായിരുന്നു. ഈ ഘോഷയാത്ര കണ്ടിട്ടു മനോദരിക്കു് കുറ്റം രസിച്ചില്ലെന്നുമല്ല വളരെ വ്യസനമുണ്ടാവുകയും ചെയ്തു. ഈ ദുഷ്ട എന്റെ ഭർത്താവിനെ കൊന്നുവല്ലോ. അതിനാൽ ഇതു് ആദ്യം ഇവളിൽത്തന്നെ പ്രയോഗിക്കാം എന്നു വിചാരിച്ചു മനോദരി ശ്രീപരമേശ്വരൻ കൊടുത്ത വിയർപ്പുവെള്ളത്തിൽനിന്നു സ്വല്പമെടുത്തു ഭദ്രകാളിയുടെ ദേഹത്തിൽ തളിച്ചു. ഉടനെ ഭഗവതിയുടെ ദേഹത്തിലെല്ലാം കുരുക്കൾ പുറപ്പെട്ടു. തലവേദന പനി മുതലായ സുഖക്കേടുകൾകൊണ്ടു ദേവി ഏറ്റവും പരവശയായി

Digitized By Kerala Sahitya Akademi

ത്തീന്നു. അതിനാൽ ഭഗവതി ഒരു വിധം, വാഹനത്തിൽ നി ന്നിറങ്ങി വഴിയിൽ തന്നെ കിടപ്പായി. ഉടനെ ഭൂതഗണങ്ങ ളിൽ ചിലർ കാടിപ്പെന്നു വിവരം ശ്രീപരമേശ്വരന്റെ അടു ക്കൽ ഉണത്തിച്ചു. അതു കേട്ട ഭഗവാൻ ഏറ്റവും കോപ ത്തോടും വ്യസനത്തോടുംകൂടി ആസനത്തിങ്കൽനിന്നു് എണീ റ്റു. അപ്പോൾ ഭഗവാന്റെ ചെവിയിൽനിന്നു് ഒരു ഭയങ്കരമൂ ർത്തി ഉത്ഭവിച്ചു. ഉടനെ ഭഗവാൻ ആ തനൂജനെ അടുക്കൽ വിളിച്ചു്, "അല്ലയോ വത്സ! ഞാൻ നിനക്കു ഘണ്ടാകർണ്ണൻ എന്നു പേരിട്ടിരിക്കുന്നു. നീ ക്ഷണത്തിൽപോയി നിന്റെ സ ഹോദരിയുടെ അവശത തീർത്തു വരണം. അവൾ ഏറ്റവും പരവശയായി വഴിയിൽ കിടക്കുന്നു" എന്നരുളിച്ചെയ്തു.

ഉടനെ ഘണ്ടാകർണ്ണൻ ശ്രീപരമേശ്വരന്റെ പാദങ്ങ ളിൽവീണു നമസ്കരിച്ചു് അനുഗ്രഹവും വാങ്ങിക്കൊണ്ടു പുറ പ്പെട്ടു. കുറേ ദൂരം ചെന്നപ്പോൾ പരവശയായി വഴിയിൽ കിടന്നിരുന്ന ഭദ്രകാളിയെക്കണ്ടിട്ടു് ആ ശിവപുത്രൻ ഭദ്രകാ ളിയുടെ പാദംമുതൽ നക്കി കുരുക്കളെല്ലാം തിന്നൊടുക്കി. കടുക്കം മുഖത്തു നക്കാനായി ഭാവിച്ചപ്പോൾ ഭദ്രകാളി മുഖം തിരിച്ചുകൊണ്ടു, "നീ എന്റെ സഹോദരനാണല്ലോ. മുഖ ത്തോടുമുഖം ചേർക്കുക ശരിയായിട്ടുള്ളതല്ല. അതിനാൽ മുഖ ത്തുള്ള കുരുക്കൾ എന്നും എനിക്കു ഭൂഷണമായിരിക്കട്ടെ ശേഷമുണ്ടായിരുന്നതെല്ലാം പോയപ്പോൾത്തന്നെ എനിക്കു സുഖമായിക്കഴിഞ്ഞു" എന്നരുളിച്ചെയ്തു. ഉടനെ ഭഗവതി ചുഴലവും നോക്കിയപ്പോൾ പേടിച്ചു വിറച്ചു ദൂരെമാറി നോ ക്കിക്കൊണ്ടുനിന്നിരുന്ന മനോദരിയെക്കണ്ടിട്ടു് അവളെ പിടി ച്ചുകൊണ്ടുവരുന്നതിനു ഘണ്ടാകർണ്ണനോടു കല്പിച്ചു. ഘണ്ടാക ർണ്ണൻ മനോദരിയെ പിടിച്ചു ഭദ്രകാളിയുടെ അടുക്കൽ കൊ ണ്ടുചെന്നു. ദേവി തന്റെ വാൾകൊണ്ടു് അവളുടെ കണ്ണും ചെവിയും കാലും മുറിച്ചിട്ടു "നീ ഇനി കണ്ടും കേട്ടും കാടി യും ചെന്നു മനുഷ്യരെ ഉപദ്രവിക്കരുതു്. നിന്റെ മനോദരി എന്നുള്ള പേരിനെ മാറ്റി നിനക്കു ഞാൻ 'വസൂരിമാല' എ

Digitized By Kerala Sahitya Akademi

ന്ന പേരിട്ടിരിക്കുന്നു. ഇനി നീ എന്നും എന്റെ ആജ്ഞാകാരിണിയായി പാത്തുകൊള്ളുക" എന്നരുളിച്ചെയ്കയും അവളെക്കൂടി തന്റെ ഭ്രതഗണങ്ങളുടെ കൂട്ടത്തിൽ കൈലാസത്തിങ്കലേയ്ക്കു കൊണ്ടുപോകയും ചെയ്തു.

ഇപ്രകാരമാണ് വസൂരിമാല എന്ന ദേവത ഉണ്ടായിത്തീർന്നത്. ആ ദേവത ബാധിച്ചിട്ടാണ് വസൂരി അല്ലെങ്കിൽ മസൂരി എന്ന വ്യാധി ഉണ്ടാകുന്നതെന്നും ഭദ്രകാളിക്കു വിരോധമുണ്ടാകുന്ന കാലങ്ങളിൽ ആ ദേവി പറഞ്ഞയച്ചിട്ടാണ് ഈ ദേവത മനുഷ്യരെ ബാധിക്കുന്നതെന്നുമാണ് ചിലരുടെ വിശ്വാസം. വസൂരിമാലയ്ക്കു കണ്ണും ചെവിയും കാലുമില്ലല്ലോ. അതിനാൽ ആ ദേവത മണം പിടിച്ചും നിരങ്ങിയും ചെന്നാണ് മനുഷ്യരെ ബാധിക്കുന്നതെന്നും അതുകൊണ്ടാണ് അടുത്ത സ്ഥലങ്ങളിൽ വസൂരിയുള്ളപ്പോൾ കടുക വറുക്കുകയും പപ്പടം കാച്ചുകയും മറ്റും ചെയ്യരുതെന്നു പറയുന്നതെന്നും ചിലർ പറയുന്നു.

പ്രശ്നക്കാർ പറയുന്നതും വസൂരി ചൊവ്വാസംബന്ധമായ ഒരു രോഗമാണെന്നും ചൊവ്വായുടെ വിരോധംകൊണ്ടാണ് അതുണ്ടാകുന്നതെന്നുമാണല്ലോ. ചൊവ്വാ എന്ന ഗ്രഹത്തെക്കൊണ്ടു നിർദ്ദേശിക്കുന്നതും ഭദ്രകാളിയെ ആണല്ലോ. എന്നാൽ വൈദ്യന്മാർ പറയുന്നതു വസൂരിയും ത്രിദോഷങ്ങൾ കോപിച്ചിട്ടുണ്ടാകുന്ന മറ്റു രോഗങ്ങളെപ്പോലെതന്നെ ഒന്നാണെന്നാണ്. രോഗങ്ങൾ എല്ലാംതന്നെ പകരുന്നതാണെന്നും നേത്രത്വഗ്രോഗങ്ങൾക്കു വിശേഷിച്ചും പകരാനുള്ള ശക്തിയുണ്ടെന്നുമാണല്ലോ വൈദ്യശാസ്ത്രം ഘോഷിക്കുന്നത്. വസൂരിയും ത്വഗ്രോഗങ്ങളുടെ കൂട്ടത്തിലുള്ളതാകയാൽ പകരുന്നതിനെപ്പറ്റിയും അതിനൊരു വിശേഷമുള്ളതായാണ് വൈദ്യന്മാർ പറയുന്നത്. എന്നാൽ വസൂരി ദീനത്തിനു സാധാരണ വൈദ്യന്മാർ ചികിത്സിക്കാറില്ല. വസൂരിക്കു ചികിത്സിക്കുന്ന വൈദ്യന്മാർ പ്രത്യേകമൊരു കൂട്ടക്കാരാണ്. അഷ്ടാംഗഹൃദയവും മറ്റും അവർ പഠിക്കാറുമില്ല. അവരുടെ ശാ

Digitized By Kerala Sahitya Akademi

സ്വയും വേറെയാണ്. 'വസൂരിപടലം' എന്നും മറും അവക്ക് പ്രത്യേകം ചില വൈദ്യശാസ്ത്രഗ്രന്ഥങ്ങളുണ്ട്. അവയിൽ പ റയുന്നപ്രകാരമാണ് അവർ ചികിത്സിക്കുന്നത്. എന്നാൽ വ സൂരി ഉണ്ടാകാതെയിരിക്കാനും ഉണ്ടായാൽ അതിന്റെ ശമ നത്തിനായിട്ടും ഭദ്രകാളിയെ സേവിക്കുകയാണ് വേണ്ടതെന്നു മിക്കവരും സമ്മതിക്കുന്നുണ്ട്. അതു യുക്തവുംതന്നെ. "ആ പദി കിം കരണീയം?" എന്ന ചോദ്യത്തിനു "സ്മരണീയം ച രണയുഗളമംബായാഃ" എന്നാണല്ലോ കാക്കശ്ശേരി ഭട്ടതിരി ഉ ത്തരം പറഞ്ഞിരിക്കുന്നത്.

൧൯. തൃപ്പൂണിത്തുറക്ഷേത്രത്തിലെ ഉത്സവങ്ങൾ

സനാതനഗോപാലമൂർത്തിയായ തൃപ്പൂണിത്തുറയപ്പന്റെ ക്ഷേത്രത്തിൽ ചിങ്ങം, വൃശ്ചികം, കുംഭം ഈ മാസങ്ങളിലായി ആണ്ടുതോറും മൂന്ന് ഉത്സവങ്ങൾ പതിവായി നടത്തിവരുന്നു. ഇവയിൽ പ്രസിദ്ധിയും പ്രാധാന്യവും കേമത്തവുമെല്ലാം വൃശ്ചികമാസത്തിലെ ഉത്സവത്തിനാണ്. 'തൃപ്പൂണിത്തുറയപ്പന്റെ ഉത്സവം' എന്നുള്ള പേരും ആ ഉത്സവത്തിനു മാത്രമേ ഉള്ളൂ. ആ ഉത്സവം മൻപിനാലേ ഉള്ളതാണ്; മറുള്ള ഉത്സവങ്ങൾ രണ്ടും മൻപിനാലേ ഉള്ളവയല്ല. അവ ഇടക്കാലത്തു ചില കാരണങ്ങളാൽ ഉണ്ടായിട്ടുള്ളവയാണ്.

ചിങ്ങമാസത്തിലെ ഉത്സവത്തിനു 'മൂശാരിയുടെ ഉത്സവം' എന്നാണ് പേരുപറയുന്നതു്. ആ ഉത്സവത്തിനു് അങ്ങിനെ പേരു വരുവാനുള്ള കാരണം താഴെപ്പറയുന്നു.

പണ്ടൊരിക്കൽ തൃപ്പൂണിത്തുറയപ്പന്റെ ബിംബത്തിനു കേടു സംഭവിക്കുകയാൽ ബിംബം മാറി പ്രതിഷ്ഠിക്കേണ്ടതായി വന്നു. അതിലേയ്ക്ക് ഒരു ബിംബം വാർക്കുന്നതിനായി ഒരു മൂശാരിയെ ഏല്പിച്ചു. പഞ്ചലോഹങ്ങൾ (സ്വർണ്ണം, വെള്ളി, ചെ

Digitized By Kerala Sahitya Akademi

ന്നു്, പിച്ചള, ഇരിമ്പു്) ചേത്താണു് ബിംബം വാർത്തുവാൻ ഏർപ്പാടു ചെയ്തതു്. മൂശാരി ലോഹങ്ങളെല്ലാം കൂട്ടിയുരുക്കി വാർത്തിട്ടു് എല്ലാ ലോഹങ്ങളും ഒരുപോലെ ഉരുകിച്ചേർന്നില്ല. രണ്ടു മൂന്നു പ്രാവശ്യം ഉരുക്കി വാർത്തിട്ടും ശരിയാകായ്കയാൽ മൂശാരി വല്ലാതെ വിഷണ്ണനായിത്തീർന്നു. ഒടുക്കം അവൻ ഭക്തിപൂർവ്വം ഭഗവാനെ ദൃഢമായി സ്മരിച്ചു "കൂടക്കൂടെന്റെ തൃപ്പണിത്തുറയപ്പാ!" എന്നു പറഞ്ഞുകൊണ്ടു വാർത്തപ്പോൾ എല്ലാം ശരിയായി കൂടിച്ചേരുകയും ആ ബിംബത്തിൽ ആ മൂശാരിയും കൂടിച്ചേർന്നുപോവുകയും ചെയ്തു. അങ്ങിനെ ഭഗവൽഭക്തനായ ആ മൂശാരിക്കു സായൂജ്യം സിദ്ധിച്ചതിന്റെ സ്മാരകമായി ഒരുത്സവംകൂടിത്തുടങ്ങി. അതിനാൽ ആ ഉത്സവത്തെ 'മൂശാരിയുടെ ഉത്സവം' എന്നു് ഇപ്പോൾ പറഞ്ഞുപോരുന്നു. ഇനി കുംഭമാസത്തിൽ ഉത്സവമുണ്ടായതിന്റെ കാരണം പറയാം.

കുംഭമാസത്തിലെ ഉത്സവത്തിനു 'നങ്ങി (കന്യാ)പ്പെണ്ണിന്റെ ഉത്സവം' എന്നാണു് പേരു പറഞ്ഞു വരുന്നതു്. പണ്ടൊരിക്കൽ ഏകാദശി (ഉദയമ്പേത്തൂർ) വടക്കേടത്തു നമ്പൂരിയുടെ ഇല്ലത്തു് അന്തർജ്ജനം പ്രസവിച്ചു് ഒരു പെൺകുട്ടിയുണ്ടായി. ആദ്യമായിട്ടുണ്ടായ ആ കുട്ടിയിൽ അതിന്റെ മാതാപിതാക്കന്മാർക്കു് അപരിമിതമായ വാത്സല്യമുണ്ടായിരുന്നു. ചില നമ്പൂരിമാർക്കു പെൺകുട്ടികളെക്കുറിച്ചു വാത്സല്യമുണ്ടായിരിക്കാറില്ല. അവരെ വിവാഹം കഴിച്ചുകൊടുക്കാനുള്ള ബുദ്ധിമുട്ടു വിചാരിച്ചിട്ടോ എന്തോ, "കന്യാപിതൃത്വം ബഹുദുഃഖഹേതുഃ" എന്നാണു് അവർ വിചാരിക്കുകയും പറകയും ചെയ്യുന്നതു്. അതു മനുഷ്യത്വമല്ലെന്നാണു് ചിലരുടെ അഭിപ്രായം. ചിലർക്കു് ആൺകുട്ടികളെക്കുറിച്ചുള്ളതിലധികം വാത്സല്യം പെൺകുട്ടികളെക്കുറിച്ചായിട്ടും കാണുന്നുണ്ടു്. "പ്രായശോ മാനവാനാം മകളിൽ മുകളേറും പക്ഷപാതാതിരേകം" എന്നുണ്ടല്ലോ. വടക്കേത്തു നമ്പൂരിയും ഇക്കൂട്ടത്തിലുള്ള ആളായിരുന്നു.

Digitized By Kerala Sahitya Akademi

ആപ്പെൺകുട്ടിക്ക് ജാതകവശാൽ പന്ത്രണ്ടു വയസ്സു കഴിയുന്നതുവരെ വലിയ ഗ്രഹപ്പിഴയാണെന്നും തദ്ദോഷപരിഹാരാർത്ഥമായി ആക്കാലം കഴിയുന്നതുവരെ കുട്ടിയെ പതിവായി തൃപ്പണിത്തുറ ക്ഷേത്രത്തിൽ കൊണ്ടുപോയി സ്വാമിദർശനം കഴിപ്പിക്കണമെന്നുമുണ്ടായ ജ്യോത്സ്യവിധിപ്രകാരം ആ കുട്ടിയെ ആറാംമാസത്തിൽ അതിന്റെ അന്നപ്രാശനം കഴിഞ്ഞപ്പോൾ മുതൽ പതിവായി തൃപ്പണിത്തുറെക്കൊണ്ടുപോയി തൊഴിയിച്ചിരുന്നു. അങ്ങിനെ ശൈശവകാലം മുതൽ ശീലിച്ചു വന്നതിനാൽ കൌമാരകാലമായപ്പോൾ ആ കുട്ടിക്ക് തൃപ്പണിത്തുറെ സ്വാമിദർശനത്തിനു പോകുന്ന കാര്യത്തിൽ വളരെ സന്തോഷവും ശ്രദ്ധയും നിർബ്ബന്ധവുമുണ്ടായിത്തീർന്നു. കുടുക്കം ആക്കന്യക തൃപ്പണിത്തുറയപ്പനെത്തൊഴാതെ ജലപാനം പോലും കഴിക്കയില്ലെന്നു തീർച്ചപ്പെടുത്തുകയും നിർവ്വിഘ്നം അതു് അങ്ങിനെതന്നെ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

അങ്ങിനെ ആക്കന്യകയ്ക്കു പന്ത്രണ്ടു വയസ്സു കഴിഞ്ഞു. അതുവരെ ആ ബ്രാഹ്മണകുമാരിക്കു യാതൊരു സുഖക്കേടുമുണ്ടായില്ല. ഇതിനിടയ്ക്ക് അച്ഛൻനമ്പൂരിക്ക് ആണായിട്ടും പെണ്ണായിട്ടും മൂന്നു നാലു കുട്ടികൾകൂടെയുണ്ടാവുകയും എല്ലാം തൃപ്പണിത്തുറയപ്പന്റെ കാരുണ്യംകൊണ്ടെന്നു വിശ്വസിച്ച് ആ ബ്രാഹ്മണകുടുംബക്കാർ സന്തോഷിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ജ്യോത്സ്യന്മാർ പറഞ്ഞിരുന്ന കാലാവധി കഴിഞ്ഞുകൂടിയതിനാൽ ഇനി ഈ കന്യകയ്ക്ക് ആപത്തൊന്നുമുണ്ടാവുകയില്ലെന്ന് അവിടെയെല്ലാവരും തീർച്ചയാക്കി. എങ്കിലും കന്യകതന്റെ സ്വാമിദർശനം പിന്നേയും വിഘ്നംകൂടാതെ നടത്തിക്കൊണ്ടുതന്നേയിരുന്നു.

അങ്ങിനെയിരിക്കുന്ന കാലത്ത് ഈ കന്യകയെ വിവാഹം കഴിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരുനമ്പൂരി വന്നുചേർന്നു. അദ്ദേഹം സമ്പത്തുകൊണ്ടും സൌന്ദര്യംകൊണ്ടും ആഭിജാത്യംകൊണ്ടും എന്നുവേണ്ട, എല്ലാംകൊണ്ടും ഈ കന്യകയ്ക്ക് അനുരൂപനായിരുന്നതിനാൽ അച്ഛൻനമ്പൂരി

Digitized By Kerala Sahitya Akademi

ജ്യോത്സ്യന്മാരെ വരുത്തി, വധൂവരന്മാരുടെ ജാതകങ്ങൾ നോക്കിക്കുകയും ജാതകം ചേരുമെന്നു ജ്യോത്സ്യന്മാർ സമ്മതിക്കുകയും കാര്യം തീർച്ചപ്പെടുത്തി വിവാഹത്തിനു മുഹൂർത്തം നിശ്ചയിക്കുകയും ചെയ്തു

ഈ വർത്തമാനമറിഞ്ഞപ്പോൾ ആ കന്യകയ്ക്കുണ്ടായ വ്യസനം അതിദുസ്സഹമായിരുന്നു. വേളി കഴിക്കാൻ വന്ന നമ്പൂരി ദൂരസ്ഥനാകയാൽ തന്റെ മാതാപിതാക്കന്മാരെപ്പിരിഞ്ഞു പോകണമല്ലോ എന്നു വിചാരിച്ചല്ല ആ പെൺകിടാവു ദുഃഖിച്ചതു്: അതിനെക്കുറിച്ചു് ആ സാധുശീല കാര്യമാ എന്നു തന്നെ സംശയമാണു്. വേളി നിശ്ചയിച്ചു എന്നറിഞ്ഞപ്പോൾത്തന്നെ തന്റെ സ്വാമിദർശനം മുടങ്ങുമല്ലോ എന്നുള്ള വിചാരമാണു് ആ പെൺകുട്ടിക്കുണ്ടായതു്. അതുനിമിത്തമുണ്ടായ ദുസ്സഹദുഃഖം മനസ്സിലൊതുക്കിക്കൊണ്ടു് ആ കന്യക തന്റെ പതിവു പിഴയ്ക്കാതെ നടത്തിക്കൊണ്ടിരുന്നു.

ആ കന്യക വേളിയുടെ തലേദിവസം തൊഴാനായി നടയിൽ ചെന്ന സമയം ദുഃഖം സഹിക്കവയ്യാതെ പൊട്ടിക്കരഞ്ഞുകൊണ്ടു്, "എന്റെ തൃപ്പൂണിത്തുറയപ്പാ! ഞാനിനി എന്നാണു് എന്റെ സ്വാമിയെക്കണ്ടു തൊഴുന്നതു്? നാളെക്കാലത്തു് എന്റെ വേളിയായി. അതു കഴിഞ്ഞാലുടനെ എന്നെക്കൊണ്ടുപോവുകയും ചെയ്യും. എന്റെ തൊഴലും മുട്ടും. പിന്നെ ഞാൻ ജീവിച്ചിരിക്കുന്നതെന്തിനാണു്? എന്റെ സ്വാമിദർശനം മുടങ്ങീട്ടു ജീവിച്ചിരിക്കുന്നതിനേക്കാൾ നല്ലതു മരിക്കുതന്നെയാണു്. എന്റെ ഭഗവാനേ! ഇതിനൊരു നിവൃത്തിയുണ്ടാക്കിത്തരണേ" എന്നിങ്ങനെ മനസ്സിൽ വിചാരിച്ചു ഭക്തിയോടുകൂടി തൊഴുതുംകൊണ്ടു നിന്നു. ആ സമയം തൃപ്പൂണിത്തുറയപ്പൻ കൈ നീട്ടി തന്നെ ശ്രീകോവിലകത്തേയ്ക്കു വിളിക്കുന്നതായി നങ്ങ്യാർക്കു (കന്യകയ്ക്കു) തോന്നി. ഉടനെ ആ പെൺകിടാവു് അകത്തേയ്ക്കു കയറിച്ചെല്ലുകയും ആ വിഗ്രഹം കൈ നീട്ടി ആ കന്യകയെപ്പിടിച്ചു തന്റെ മാറോടണയ്ക്കുകയും ആ സമയമുണ്ടായ പരമാനന്ദത്തോടുകൂടി കന്യക ആ ബിംബ

Digitized By Kerala Sahitya Akademi

ത്തെ മുറുകെ കെട്ടിപ്പിടിക്കുകയും ആ ബിംബത്തോടു ചേർന്ന് അദൃശ്യയായി ഭവിക്കുകയും ചെയ്തു. ദേവസായൂജ്യം സിദ്ധിച്ച ആ കന്യകയുടെ വളകൾ, മോതിരങ്ങൾ മുതലായ ആഭരണങ്ങൾ ബിംബത്തിന്റെ പീഠത്തിന്മൽക്കിടന്നിരുന്നതു ശാന്തിക്കാരനെടുത്തു ദേവസ്വത്തിലേല്പിച്ചു. അവ ഇപ്പോഴും അവിടെ ഭണ്ഡാരത്തിലിരിക്കുന്നുണ്ടെന്നാണ് അറിയുന്നത്.

ആ കന്യകയുടെ (നങ്ങപ്പെണ്ണിന്റെ) സ്മാരകമായി നടത്തിവരുന്നതാകയാലാണ് കുംഭമാസത്തിലെ ഉത്സവത്തിനു 'നങ്ങപ്പെണ്ണിന്റെ ഉത്സവം' എന്നു നാമം സിദ്ധിച്ചതു്. ഈ ഉത്സവക്കാലത്തു് കരുദിവസം വടക്കേടത്തു നമ്പൂരിയുടെ ഇല്ലത്തു തൃപ്പണിത്തുറയപ്പനെ എഴുന്നള്ളിച്ചുകൊണ്ടുപോവുക ഇപ്പോഴും പതിവുണ്ട്. ആ ദിവസം ആ ഇല്ലത്തു കേമമായി സദ്യ നടത്തുകയും ഇല്ലത്തുള്ളവർ തൃപ്പണിത്തുറയപ്പനെ മോതിരമിടുവിക്കുക, തൃപ്പണിത്തുറയപ്പന്റെ വകയായി ആ ഇല്ലത്തുള്ളവക്കൊക്കെ കാണപ്പുടവ കൊടുക്കുക മുതലായി അനേകം ചടങ്ങുകൾ ഈ ഉത്സവം സംബന്ധിച്ചു് ഇപ്പോഴും നടന്നു വരുന്ന സ്ഥിതിക്കു് ഈ ഐതിഹ്യം കേവലം അടിസ്ഥാനരഹിതമാണെന്നു വിചാരിക്കാൻ പാടില്ലല്ലോ.

൮. ആറന്മുള മാഹാത്മ്യം

തിരുവിതാംകൂർ സംസ്ഥാനത്തു തിരുവല്ലാത്താലൂക്കിലുള്ള ആറന്മുളക്ഷേത്രം ഏറ്റവും പുരാതനവും പ്രസിദ്ധവുമായിട്ടുള്ളതാണു്. ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവൻ പാർത്ഥസാരഥിയായ ശ്രീകൃഷ്ണസ്വാമിയാകുന്നു. സ്വാമിയെ ഇവിടെ പ്രതിഷ്ഠിച്ചതു മദ്ധ്യമപാണ്ഡവനായ അർജ്ജുനനാണെന്നാണു് കഥ. ഇവിടെ ഭഗവാന്റെ ചൈതന്യവും മാഹാത്മ്യവും അത്യത്ഭുതമാകുംവണ്ണം സർവ്വദാ വിളങ്ങിക്കൊണ്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

ബാല്യത്തിൽ അമ്പാടിയിൽ താമസിച്ചിരുന്ന കാല ത്തു ഗോപാലബാലന്മാരോടുകൂടി കളിച്ചുനടന്നിരുന്ന ആളാ യതുകൊണ്ടോ എന്തോ ആറന്മുളഭഗവാനു കുട്ടികളേയും കുട്ടികളുടെ കളികളേയും കുറിച്ചു വളരെ പ്രതിപത്തിയുള്ളതാ യിക്കാണണമെന്നുണ്ട്. ആറന്മുളദേവനു വഴിപാടെന്നു സങ്കല്പിച്ചു കുട്ടികൾക്കു തേച്ചുകുളിക്കാൻ എണ്ണയും അവർ തേച്ചുകുളിച്ചു വരുമ്പോൾ ചതുർവ്വിധവിഭവങ്ങളോടുകൂടി ഭക്ഷണവും മുണ്ടും മറ്റും കൊടുത്താൽ ദേവൻ പ്രസാദിക്കുകയും ഈ വഴിപാടു നടത്തുന്നവർ വിചാരിക്കുന്ന കാര്യം സാധിപ്പിച്ചുകൊടുക്കുക യും ചെയ്യും. ഇപ്രകാരം കുട്ടികൾക്കു ഭക്ഷണം കൊടുക്കുന്നതി നു് 'ആറന്മുളയൂട്ടു്' എന്നാണു് പേരു പറഞ്ഞു വരുന്നതു്. ഈ വഴിപാടു തിരുവിതാംകൂർ സംസ്ഥാനത്തു സർവ്വത്ര നടത്തിവ രുന്നുണ്ടു്. ഇതിനു് ഇത്ര കുട്ടികൾ വേണമെന്നില്ല. ചിലർ പ ത്തുണ്ടു കുട്ടികൾക്കും ചിലർ മുപ്പത്താറു കുട്ടികൾക്കും ധനവാ ന്മാരാണെങ്കിൽ നൂറൊട്ടും അതിലധികവും കുട്ടികൾക്കും സദ്യ നടത്തുന്നുണ്ടു്. സന്താനാർത്ഥമായും കുട്ടികൾക്കുണ്ടാകുന്ന ദീന ങ്ങൾ ഭേദമാകുന്നതിന്നും മറ്റുമാണു് സാധാരണമായി ആറന്മു ളയൂട്ടു നടത്തുന്നതു്. ആറന്മുളയൂട്ടു് ഇന്ന ജാതിയിലുള്ള കുട്ടി കൾക്കേ ആകാവൂ എന്നില്ല. ഏതു ജാതിയിലുള്ള കുട്ടികൾക്കു ഭക്ഷണം കൊടുക്കുന്നതും ആറന്മുളദേവനു പ്രീതികരമാണു്.

ആറന്മുളദേശത്തുള്ള കുട്ടികൾ ആണ്ടുതോറും ധനുമാസം ആദ്യംമുതൽ അവസാനംവരെ ഏതിക്കിലുള്ള പറമ്പുകളിലും തോട്ടങ്ങളിലും വീഴുന്ന തണങ്ങു (അടക്കാമരത്തിന്റെ കാലു) കളെല്ലാം പെറുക്കിശ്ശേഖരിക്കുക പതിവാണു്. ആറന്മുള അടക്കാ മരംവളരെയുള്ള പ്രദേശമാകയാൽ തണങ്ങു ധാരാളമുണ്ടായി രിക്കും. മുപ്പതും നാല്പതും ബാലന്മാർ കൂട്ടംകൂടി കരുവക അസ ഭ്യപ്പാട്ടുകൾ പാടുകയും തെറിപറയുകയും ചെയ്തുകൊണ്ടാണു് തണങ്ങു പെറുക്കാൻ പോകുന്നതു്. എന്നു മാത്രമല്ല, അവർ കാരോ സ്ഥലത്തും ചെന്നാൽ പല വിധത്തിലുള്ള ഉപദ്രവ ങ്ങൾ ചെയ്യുകയും പതിവാണു്. എന്നാൽ ആരും അവരെ

Digitized By Kerala Sahitya Akademi

വിരോധിക്കുകയും ശാസിക്കുകയും ചെയ്യാറില്ല. അങ്ങിനെ വല്ലതും ആരെങ്കിലും ചെയ്താൽ അവരോട് ദൈവകോപവും തന്നിമിത്തം അവക്ക് പലവിധത്തിലുള്ള ആപത്തുകളുമുണ്ടാകുമെന്നുള്ളതു തീച്ചയാണ്. പണ്ടൊരിക്കൽ തണ്ണു പെറുക്കാൻചെന്ന കുട്ടികളോട് ചില വീട്ടുകാർ അസഭ്യം പറയുകയും പാട്ടുകയും കലശൽകൂട്ടുകയും മറ്റുമതുതെന്നു പറഞ്ഞു വിരോധിക്കുകയാൽ അവക്ക് ദേവവിരോധമുണ്ടാവുകയും ഒടുക്കമവർ ആറന്മുളനടയിൽ വിളിച്ചുചൊല്ലി പ്രായശ്ചിത്തം ചെയ്യേണ്ടതായി വരികയും ചെയ്തിട്ടുണ്ട്. അങ്ങിനെ പലക്കുമുണ്ടായതിൽപ്പിന്നെയാണ് തണ്ണുപെറുക്കാൻ ചെല്ലുന്ന കുട്ടികളോട് ആരുമൊന്നും പറയാതെയായതു്.

കുട്ടികൾ പെറുക്കിയുണക്കിശ്ശേഖരിക്കുന്ന തണ്ണെല്ലാം അവർ മകരസ്സംക്രാന്തിയുടെ തലേദിവസം നടയിൽക്കൊണ്ടുചെന്ന കമ്പക്കാലുകൾ നാട്ടി അവയിൽ ചെച്ചുകെട്ടി തീകൊളുത്തും. ശ്രീകോവിലകത്തുനിന്ന് കരി തിരികൊളുത്തി വാങ്ങി, അപ്പം, വാഴക്കുല, വാദ്യഘോഷം മുതലായ ആഡംബരങ്ങളോടുകൂടി കൊണ്ടുവന്നാണ് ഈ കമ്പത്തിനു തീ കൊളുത്തുന്നതു്. ഇതു ദേവനു് ഏറ്റവും പ്രീതികരമായിട്ടുള്ളതാണ്. ഇതു കാണുന്നതിനു് ആണ്ടുതോറും ആ ദിവസം അവിടെ ആസംഖ്യമാളുകൾ കൂടും. ഇതു് ഇപ്പോഴും പതിവായി നടന്നുവരുന്നുണ്ട്.

ആറന്മുളക്ഷേത്രം പമ്പാനദിയുടെ തീരത്താണല്ലോ. ആക്ഷേത്രക്കടവിൽ അസംഖ്യം മത്സ്യങ്ങളുണ്ട്. അവയെ 'തിരുമക്കൾ' എന്നാണ് പറഞ്ഞുവരുന്നതു്. ദേവന്റെ തിരുമകളാകയാൽ അവയെ ആരും വലവീശിയും മറ്റും പിടിക്കാറില്ല. അവയെ പിടിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നവക്ക് ദേവകോപം നിമിത്തം പലവിധത്തിലുള്ള അനർത്ഥങ്ങളുണ്ടാകും. ആ മത്സ്യങ്ങൾക്ക് തേങ്ങാ ചിരവി അരിയും കൂട്ടിയിളക്കി ഇട്ടുകൊടുക്കുന്നതു് അവിടെ ദേവപ്രീതികരമായ ഒരു വഴിപാടാണ്. ഈ ഭീഷ്ടസിദ്ധിക്കായി പലരും ഈ വഴിപാടു് ഇ

Digitized By Kerala Sahitya Akademi

പ്പോഴും നടത്തിവരുന്നുണ്ട്. ചില സ്ത്രീകൾ പ്രസവിച്ചാൽ മുലയിൽ പാൽ ചുരുക്കമായിരിക്കുമല്ലോ. അങ്ങിനെ വന്നാൽ തിരുമക്കൾക്കു മേല്പറഞ്ഞപ്രകാരം അരി കൊടുത്താൽ മതി. മുലയിൽ പാൽ ധാരാളമായിട്ടുണ്ടാകും.

കുട്ടികൾക്കു കുടിക്കുന്നതിനു് അമ്മമാരുടെ മുലയിൽ പാലുണ്ടാവാൻ ഇവിടെ വേറെ ഒരു വഴിപാടുകൂടിയുണ്ടു്. അതു മഞ്ചാടിക്കുരു ശേഖരിച്ചുകൊണ്ടുചെന്നു നടയിൽ കുട്ടുകയെന്നുള്ളതാണു്. ഇങ്ങിനെ ചെയ്താലും തള്ളമാരുടെ മുലയിൽ ധാരാളമായി പാലുണ്ടാകും.

ആറന്മുളക്ഷേത്രം പണ്ടു് ഉരാളന്മാരുടെ (ഉരാണ്മക്കാരുടെ) വകയായിരുന്നു. അക്കാലത്തു ദേവസ്വം വകയായി പല സ്ഥലങ്ങളിൽ മഠങ്ങളും നെൽപ്പുരകളുമുണ്ടായിരുന്നു. ദേവസ്വംവക നെല്ലെല്ലാം പിരിച്ചു് ആ നെൽപുരകളിലാണു് ഇട്ടു സൂക്ഷിച്ചുവന്നിരുന്നതു്. ചിങ്ങമാസത്തിൽ കാണത്തിനു മുൻപു വരുന്ന പൂരാടത്തുന്നാൾ ആ നെൽപുരകളിലെല്ലാം ആ ഗതികൾക്കു നെല്ലു കൊടുക്കുക പതിവായിരുന്നു. ആ ദിവസം നെല്ലു വാങ്ങുന്നതിനായി അനേകമഗതികൾ നെൽപുരകളിലെല്ലാമെത്തുക പതിവാണു്. കാണത്തിനു നെല്ലിപ്പോഞ്ഞിട്ടു് ആ ദേശത്താരും പട്ടിണിയായിപ്പോയി എന്നു വരരുതെന്നാണു് ദേവന്റെ വിചാരം. പണ്ടൊരിക്കൽ പതിവുപോലെ കാണത്തിനു നെല്ലു കൊടുത്തപ്പോൾ നെല്ലു വാങ്ങുന്നതിനായി 'നാരങ്ങാനം' എന്ന സ്ഥലത്തുള്ള നെൽപ്പുരയിൽച്ചെന്ന ഒരു ചണ്ഡാലിക്കു നെല്ലളവുകാർ നെല്ലു കൊടുത്തില്ല. ശേഷമെല്ലാവർക്കും നെല്ലു കൊടുത്തു. വയോവൃദ്ധയും രോഗിണിയും ആഗതിയുമായിരുന്ന ആ ചണ്ഡാലിയെ ദുഷ്ടന്മാരായ നെല്ലളവുകാർ കണ്ടിട്ടും കണ്ടില്ലെന്നു ഭാവിച്ചു പൊയ്ക്കളഞ്ഞു. നെല്ലു കിട്ടും കിട്ടുമെന്നു വിചാരിച്ചു സന്ധ്യവരെ ആ പാവപ്പെട്ട ചണ്ഡാലി അവിടെ കാത്തുനിന്നു. സന്ധ്യയായപ്പോൾ അതികലശലായി മഴ തുടങ്ങി. മഴക്കാറുകൊണ്ടു ചന്ദ്രബിംബം മൂടിപ്പോയതിനാൽ വലിയ ഇരുട്ടും വന്നു. ഒരു വിധത്തിലും

Digitized By Kerala Sahitya Akademi

പോകാൻ നിവൃത്തിയില്ലാതെ മഴ നനഞ്ഞുകൊണ്ട് ആ പാവപ്പെട്ട വയോവൃദ്ധ അവിടെത്തന്നെ കിടന്നു. അവളുന്നു ജലപാനംപോലും കഴിച്ചിട്ടുമില്ലായിരുന്നു. വിശപ്പുകൊണ്ടും തണുപ്പുകൊണ്ടും പരവശയായിത്തീർന്ന ആ ചണ്ഡാലി പിറേറദ്ദിവസം നേരംവെളുക്കുന്നതിനു മുൻപ് അവിടെക്കിടന്നുതന്നെ മരിച്ചു. ഇതുനിമിത്തം അതികഠിനമാന ദേവകോപം സംഭവിക്കുകയും ഉൗരാളുന്മാക്കും കാരാളുന്മാക്കുമെല്ലാം പലവിധത്തിലുള്ള അനത്ഥങ്ങളുണ്ടായിത്തുടങ്ങുകയും ചെയ്തു. അവർ ഇതിന്റെ കാരണമറിയുന്നതിനായി പ്രശ്നംവെയ്പിച്ചു നോക്കിച്ചതിൽ പാവപ്പെട്ട ചണ്ഡാലിക്കു നെല്ലു കൊടുക്കാതെ പട്ടിണിക്കിട്ടു കൊന്നതിനാലുണ്ടായിട്ടുള്ള ദേവകോപമാണ് അനത്ഥകാരണമെന്നു കണ്ടു. ഈ ദോഷശാന്തിക്ക് ഉൗരാളുന്മാരുടേയും കാരാളുന്മാരുടേയും ഗൃഹത്തിൽനിന്ന് കാരോരുത്തർ എന്നും ആണ്ടുതോറും ചിങ്ങമാസത്തിൽ തിരുവോണദിവസം ഉപവാസമായി ക്ഷേത്രത്തിൽ താമസിക്കുകയല്ലാതെ വേറെ യാതൊരു പ്രതിവിധിയുമില്ലെന്നു പ്രശ്നക്കാരൻ വിധിക്കുകയും ചെയ്തു. ഈ വിധിപ്രകാരം ഇപ്പോഴും അവിടെ നടന്നുവരുന്നുണ്ട്. ക്ഷേത്രം സർക്കാരിൽച്ചേർത്തതിനോടുകൂടി കാണത്തിന്റെ നെല്ലളവു മുതലായ പതിവുകൾ ഭേദപ്പെട്ടുപോയെങ്കിലും അവിടെ ഉൗരാണ്മയും കാരാണ്മയുമുണ്ടായിരുന്നവരുടെ ഗൃഹങ്ങളിൽനിന്നു കാരോരുത്തർ ചിങ്ങമാസത്തിൽ തിരുവോണത്തുനാൾ ക്ഷേത്രോപവാസം ചെയ്തില്ലെങ്കിൽ അവർക്കു ദേവകോപംനിമിത്തം അനത്ഥങ്ങളുണ്ടാകുമെന്നുള്ളതു തീർച്ചയായിട്ടുള്ളതാകയാൽ അവർ ഇപ്പോഴും ആ പതിവിനെ ഭേദപ്പെടുത്തീട്ടില്ല.

ചിങ്ങമാസത്തിൽ തിരുവോണദിവസം ആറന്മുളക്ഷേത്രത്തിൽ അതികേമമായി സദ്യ പതിവുണ്ട്. ആ ദിവസം അവിടെയെല്ലുന്നവക്കെല്ലാം ജാതിമതഭേദം കൂടാതെ നാനാവിധവങ്ങളോടുകൂടി ഭക്ഷണം കൊടുക്കുക പതിവാണ്. ഈ സദ്യയ്ക്കുള്ള സാമാനങ്ങളെല്ലാം 'കാട്ടർ' എന്ന സ്ഥാനത്തുള്ള ദേവ

Digitized By Kerala Sahitya Akademi

സ്വംവക മഠത്തിൽ ശേഖരിച്ചു വെയ്ക്കുകയും അവിടെനിന്നു് അവയെല്ലാം വലിയ കെട്ടുവള്ള (വഞ്ചി) ങ്ങളിലാക്കി ഉത്രാടത്തുന്നാൾ രാത്രിയിൽ പുറപ്പെട്ട തിരുവോണദിവസം അരുണോദയമാകുമ്പോൾ ആറന്മുള ക്ഷേത്രക്കടവിലടുക്കുകയുമാണു് പതിവു്. സദ്യസ്സാമാനങ്ങളുംകൊണ്ടുള്ള ഈ വരവു വളരെക്കേമമാണു്. സാമാനവള്ളങ്ങൾ കൂടാതെ അവസ്സു് അകമ്പടിയായി ഏതാനും കളിവള്ളങ്ങളുമുണ്ടായിരിക്കും. കളിവള്ളങ്ങളിലെല്ലാം ആളുകൾ കയറി വഞ്ചിപ്പാട്ടു പാടിക്കളിച്ചും വാദ്യഘോഷങ്ങളോടും ആർപ്പുവിളി, വായ്ക്കുരവ മുതലായവയോടുംകൂടിയുള്ള ആ വരവു കാണാൻ ക്ഷേത്രനടയിലും സമീപപ്രദേശങ്ങളിലും അസംഖ്യമാളുകൾ കൂടുക പതിവാണു്.

പണ്ടൊരിക്കൽ പതിവുപോലെ തിരുവോണത്തിന്റെ തലേദിവസം രാത്രിയിൽ സാമാനങ്ങൾ കെട്ടുവള്ളങ്ങളിലാക്കിക്കൊണ്ടു് ആഘോഷസമേതം കാട്ടൂരുനിന്നു പുറപ്പെട്ടു. ഏതാനും വഴി ചോന്നപ്പോൾ സാമാനവള്ളങ്ങൾ മദ്ധ്യമാർഗ്ഗം കരു സ്ഥലത്തു കരയ്ക്കടുത്തു് ഉറച്ചു. വളരെ ആളുകൾകൂടി പലവിധത്തിൽ ശ്രമിച്ചുനോക്കീട്ടും ആ വള്ളങ്ങളെ അവിടെനിന്നിളക്കാൻ കഴിഞ്ഞില്ല. കരു നിവൃത്തിയുമില്ലെന്നായപ്പോൾ അവിടെ അടുത്തുണ്ടായിരുന്ന കരു ദൈവജ്ഞനെക്കൊണ്ടു പ്രശ്നംവെപ്പിച്ചുനോക്കിച്ചു. അപ്പോൾ ആ വള്ളങ്ങളടുത്തിരിക്കുന്ന സ്ഥലത്തിനു സമീപം കരു വീട്ടിലുള്ളവർ ഗതികേടുനിമിത്തം തലേദിവസംതന്നെ ആഹാരമൊന്നും കഴിക്കാതെ "ആറന്മുളയപ്പൻതന്നെ ശരണം" എന്നു പറഞ്ഞുകൊണ്ടു പട്ടിണികിടക്കുന്നുണ്ടെന്നും അവർക്കു് ആഹാരത്തിനു വല്ലതും കൊടുത്താൽ വള്ളങ്ങളിളകുമെന്നും പ്രശ്നക്കാരൻ വിധിച്ചു. ഉടനെ അരി കൊടുക്കാമെന്നു പറഞ്ഞു് ആ വീട്ടുകാരെ വിളിച്ചു. അവർ അരിവാങ്ങുന്നതിനു് കരു കൊച്ചുമുറവുംകൊണ്ടു വരികയും ആ മുറം നിറച്ചു് അരി കൊടുക്കുകയും തൽക്ഷണം വള്ളങ്ങളിളകുകയാൽ വേഗത്തിൽ ചോന്ന ക്ഷേത്രക്കടവിലടുക്കുകയും ചെയ്തു. പിന്നെ ആണ്ടുതോറും സാമാനങ്ങൾ വള്ളങ്ങളിൽക്കു

Digitized By Kerala Sahitya Akademi

യ്‌ററിക്കൊണ്ട് അവിടെ വരുമ്പോൾ ആ വീട്ടുകാരെ വിളിക്കുകയും അവരൊരു മുറവുംകൊണ്ടു വരികയും കൊണ്ടുവരുന്ന മുറം നിറച്ച് അരി കൊടുക്കുകയും പതിവായി. കൊണ്ടുചെല്ലുന്ന മുറം നിറച്ച് അരി കിട്ടുമെന്നു കണ്ടപ്പോൾ അത്യാഗ്രഹികളായ ആ വീട്ടുകാർ മുറത്തിന്റെ വലുപ്പം കൂട്ടിത്തുടങ്ങി. ഈ അരി വാങ്ങുന്നതിനായിത്തന്നെ അവർ പ്രത്യേകം പറഞ്ഞു വലിയ മുറമുണ്ടാക്കിച്ച് ആ മുറവുംകൊണ്ട് അരി വാങ്ങാൻ വരിക പതിവായി. അങ്ങിനെ കുറെക്കഴിഞ്ഞപ്പോൾ അവരുടെ മേൽ ദേവകോപമുണ്ടാവുകയും അവർ ക്രമേണ നശിച്ച് അന്യംനിന്നു പോവുകയും ചെയ്തു. എങ്കിലും ചിങ്ങമാസത്തിൽ ഉത്രാടത്തുനാൾ സാമാനവള്ളങ്ങൾ ആ സ്ഥലത്തു വരുമ്പോൾ ഈ പൂവ്വൃത്തത്തിന്റെ സ്മാരകമായി മൂന്നു മുഷ്ടി അരി വാങ്ങി അവിടെയിടുക ഇപ്പോഴും നടന്നുവരുന്നുണ്ട്.

ആറന്മുളെ വള്ളം (വഞ്ചി) കളി പ്രധാനവും പ്രസിദ്ധവുമാണല്ലോ. ഇതും ദേവന് ഏറ്റവും സന്തോഷകരമായിട്ടുള്ളതാണ്. അവിടെ പതിവായി വള്ളംകളി നടത്തുന്നതു ചിങ്ങമാസത്തിൽ തിരുവോണംമുതൽ ഉത്രട്ടാതിവരെയാണ്. ഉത്രട്ടാതി തിരുവാറന്മുളയപ്പന്റെ തിരുനാളാണെന്നാണ് വെപ്പ്. അന്നു ദിവസത്തെ ആ ദേശത്തുള്ളവർ തിരുവോണത്തേക്കാൾ പ്രധാനമായി ആചരിക്കുന്നുണ്ട്. പ്രധാനമായിട്ടുള്ള വള്ളംകളിയും അന്നാണ്. വള്ളംകളി നടത്തുന്നതു് അവിടെയുള്ള കര(ദേശ)ക്കാരാകുന്നു. ആറന്മുളദ്ദേവന്റെ സങ്കേതത്തിലുൾപ്പെട്ടതായി അനേകം കരകളുണ്ട്. ആ കരക്കാർക്ക് കാരോരുത്തർക്കും ഈ വള്ളംകളിയിലുള്ള വാശിയും മത്സരവും കട്ടും ചില്ലറയല്ല. അവരവരുടെ കളി കേമമാകണമെന്നുള്ള വിചാരം എല്ലാവർക്കുമുണ്ട്. ഇതിലേയ്ക്ക് ആ ദേശക്കാർ കാരോരുത്തരും പ്രത്യേകം പ്രത്യേകം വള്ളങ്ങളുണ്ടാക്കിച്ചിട്ടുണ്ട്. കാരോരുത്തരും മത്സരിച്ചു വള്ളത്തിനു നീളം കൂട്ടിക്കൂട്ടി ഇപ്പോൾ അവിടെ മുപ്പത്തിയാറേകാൽകോൽവരെ നീളമുള്ള വള്ളങ്ങൾ ധാരാളമായിരിക്കുന്നു. വള്ളങ്ങൾ ചുണ്ടൻ, ചുരുളൻ, കാ

Digitized By Kerala Sahitya Akademi

ടി, പരുന്തുവാലൻ ഇങ്ങിനെ പലവകയുണ്ടല്ലോ. അവയിൽ ആറന്മുളെ കളിക്കുന്നതിനായി ഉപയോഗിക്കുന്നതു പുണ്ടൻവ ള്ളമാണു്. ഇപ്പോൾ അവിടെ ദേശക്കാരുടെ വകയായി നാല്പ തിൽക്കുറയാതെ കളിവള്ളങ്ങളുണ്ടു്. അവ എല്ലാംകൂടി ചേൎന്നു കളിക്കുക ഉത്രട്ടാതിനാൾ മാത്രമേയുള്ളു. തിരുവോണംമുതൽ ദിവസംതോറും രണ്ടും നാലും വള്ളങ്ങൾ കൂടിക്കൂടി ഉത്രട്ടാതി നാൾ എല്ലാം വന്നുകൂടും. ആദ്യമായി വരുന്ന വള്ളങ്ങൾ 'നാരാണത്തു മണൽപ്പുറം' എന്നു പറയുന്ന സ്ഥലത്തു വന്നടു ത്തുകിടക്കും. എല്ലാ വള്ളങ്ങളും അവിടെ വന്നുചേൎന്നാൽ കളി തുടങ്ങും. പത്തുനാല്പതു വള്ളങ്ങൾ ഒരുമിച്ചു നിരന്നു കൊട്ടും ഘോഷവും, കൊടി, കുട മുതലായവയും പാട്ടും ആൎപ്പുവിളിയു മായുള്ള ആ വള്ളംകളി നയനാനന്ദകരമായ ഒരു കാഴ്ചതന്നെ യാണു്. നയ്മ്പുകാരും അമരക്കാരും പാട്ടുകാരും വാദ്യക്കാരും മറ്റുമായി ഓരോ വള്ളത്തിലും ഏകദേശം എഴുപത്തഞ്ചുപേ രോളം കാണും. ചിങ്ങമാസത്തിൽ പതിവുള്ള ഈ വള്ളംകളി കൂടാതെ ചിലരുടെ വകയ്ക്കു വഴിപാടായിട്ടും അവിടെ ചില പ്പോൾ വള്ളംകളി ഉണ്ടാകാറുണ്ടു്. അതിനു രണ്ടോ നാലോ വള്ളങ്ങളില്ലാതെ ഉണ്ടായിരിക്കാറില്ല. വഴിപാടുകളിയുടെ ചെ ലവെല്ലാം വഴിപാടുകാരൻതന്നെ വഹിക്കണമല്ലോ. വള്ളംക ളിക്കാൎക്കു കെങ്കേമമായി സദ്യ നടത്തുകയും മറ്റും വേണ്ടതാക യാൽ വള്ളങ്ങളധികമായാൽ ചെലവു ദുൎവ്വഹമായിത്തീരുമെ ന്നു വിചാരിച്ചു സാമാന്യക്കാർ വള്ളത്തിന്റെ എണ്ണം കൂട്ടാൻ ആഗ്രഹിക്കുകയില്ല. രണ്ടോ നാലോ വള്ളങ്ങൾകൊണ്ടു കളി നടത്തിക്കാൻതന്നെ ഒരുവിധം ധനികന്മാൎക്കേ സാധിക്കുക യുള്ളൂ.

ആറന്മുളദേവന്റെ വള്ളംകളിക്കാൎക്കു സദ്യ കഴിക്കുന്നതും സ്വാമിക്കു വഴിപാടുതന്നെ. വള്ളംകളിക്കാൎക്കുള്ള സദ്യയ്ക്കു 'വ ള്ളസ്സദ്യ' എന്നാണു് പേരു പറഞ്ഞുവരുന്നതു്. സന്താനാൎത്ഥ മായും രോഗശമനത്തിനായും മറ്റും ഈ വഴിപാടു പലരും

Digitized By Kerala Sahitya Akademi

നടത്തുന്നുണ്ട്. ആന്ധ്യദേശക്കാർ വള്ളസ്സദ്യ നടത്തുന്നതിന്റെ മുറ താഴെപ്പറയുംപ്രകാരമാണ്.

ആദ്യംതന്നെ ഏതു കരക്കാരുടെ വള്ളക്കാക്കാണ് സദ്യ നടത്തുന്നതെന്നും എത്ര വള്ളങ്ങൾ വരുത്തി സദ്യ നടത്തണമെന്നും നിശ്ചയിക്കണം. പിന്നെ ആ നിശ്ചയിക്കപ്പെട്ടന്ന കരയിലെ പ്രധാനന്റെ പേക്ക് വിവരത്തിന് എഴുതിയയയ്ക്കണം. അതിൽ സദ്യ നടത്താൻ നിശ്ചയിച്ചിരിക്കുന്നത് ഇന്ന മാസം ഇത്രാംതീയതിയാണെന്നും ഇത്ര വള്ളം വരണമെന്നും വിവരിച്ചിരിക്കുകയും വേണം. കരനാഥന്റെ മറുപടി കിട്ടിയാൽ സദ്യയ്ക്ക് വട്ടംകൂട്ടാം. നിശ്ചിതദിവസം രാവിലെ ക്ഷണിക്കപ്പെട്ടിട്ടുള്ളിടത്തോളം വള്ളങ്ങളിൽ നിറച്ച് ആളുകൾ കയറി കൊടി, കുട, തഴ മുതലായ ആഡംബരങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടി പാടിക്കളിച്ചു വഴിപാടുകാരന്റെ ഗൃഹത്തിൽ വന്നുചേരും. ആ സമയം വഴിപാടുകാരൻ അവിടെ നിറപറയും വിളക്കും വെച്ചു കാത്തുനിന്ന വള്ളക്കാരെ എതിരേറ്റിരുത്തി, മുറുക്കാനും മറ്റും കൊടുത്തു സൽക്കരിക്കണം., അവർ മുറുക്കി രസിച്ചു കുറച്ചുനേരമിരുന്നു വിശ്രമിച്ചുകഴിഞ്ഞാൽ എല്ലാവർക്കും തേച്ചുകുളിക്കാൻ എണ്ണയുമിഞ്ചയും മറ്റും കൊടുക്കണം. അവർ തേച്ചുകുളി കഴിഞ്ഞു വന്നാലുടനെ സദ്യയ്ക്ക് ഇലവെയ്ക്കണം. സദ്യയുടെ വട്ടം ഉപായത്തിലൊന്നുമായാൽ പ്പോര. കാളൻ, കാലൻ, എരിശ്ശേരി മുതലായ മലയാളക്കറികളും പരിപ്പു, പച്ചടി, കൂട്ടുകറി, സാംബാർ മുതലായ പരദേശക്കറികളും അപ്പം, വട, എള്ളുണ്ട, ബോളി മുതലായവയും പപ്പടം, (ചെറിയതും വലിയതും) പഴന്നുറുക്ക, പഞ്ചസാര മുതലായവയും ധാരാളമായിട്ടെടുത്തു വിലക്കണം. നാലുകൂട്ടം പ്രഥമൻ, എട്ടുകൂട്ടമപ്പേരി, അരുയും ഉപ്പിലിട്ടവ, ഉറത്തൈര, മോര മുതലായവയും ധാരാളമുണ്ടായിരിക്കണം. കുന്നിനും ലോപം പാടില്ല. സദ്യ വള്ളക്കാക്ക് മാത്രം കൊടുത്താൽപോര. ഉണ്ണാനായി വരുന്നവക്കെല്ലാവർക്കും കൊടുക്കണം. എല്ലാവർക്കും സകല വിഭവങ്ങളും ധാരാളമായിട്ടുണ്ടായിരിക്കുകയും വേണം.

Digitized By Kerala Sahitya Akademi

അങ്ങിനെയാണ് വള്ളസ്സദ്യയുടെ പതിവ്. സദ്യ കഴിയുമ്പോൾ എല്ലാവക്കും ചന്ദനം, പനിനീർ മുതലായവയും മുറുക്കാനും കൊടുക്കണം. വള്ളക്കാർ മുറുക്കി രസിച്ചു വെടികളും പറഞ്ഞു സ്വല്പനേരം ഇരുന്നതിന്റെ ശേഷം വഴിപാടുകാരന്റെ അഭീഷ്ടം ആറന്മുളയപ്പൻ സാധിപ്പിച്ചുകൊടുക്കട്ടേ എന്ന് ആശീർവ്വദിച്ചിട്ട യാത്രയാകും. ആ സമയം അവക്ക് വഴിക്ക തിന്നുന്നതിനു ധാരാളമായി ചെറിയ പുകയിലയും അവിൽ നനച്ചതും ചുമടുകെട്ടി വള്ളത്തിൽ വെച്ചുകൊടുക്കണം. കരക്കാരിൽ പ്രധാനന്മാക്ക് ചില സമ്മാനങ്ങളും കൊടുക്കണം. ഇങ്ങിനെ അവരെസ്സന്തോഷിപ്പിച്ചു വള്ളക്കടവുവരെ ആനയാത്രയായിച്ചെന്നു യാത്രപറഞ്ഞയയ്ക്കണം. ഇങ്ങിനെയെല്ലാമാണ് വള്ളസ്സദ്യയുടെ മുറ. ഈ വഴിപാട് ഇപ്പോഴും പലർ നടത്തുന്നുണ്ട്. അവർ വിചാരിക്കുന്ന കാര്യം ഭഗവാൻ സാധിപ്പിച്ചു കൊടുക്കുന്നുമുണ്ട്.

ഉത്രട്ടാതിനാൾ വള്ളങ്ങളെല്ലാം നാരാണത്തു മണൽപുറത്തു ചെന്നു ചേർന്നതിന്റെ ശേഷമാണ് കളി തുടങ്ങുന്നതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഒരാണ്ടിൽ വള്ളങ്ങളെല്ലാം നാരാണത്തു മൽപ്പുറത്തു ചെന്നു ചേർന്ന സമയം അക്കാലത്തു തിരുവല്ലാത്താശീൽദാരായിരുന്ന കേശവപിള്ള അവർകൾ അവിടെച്ചെന്ന് അവിടെ കൂടിയിരുന്ന ജനങ്ങളോട് 'ആറന്മുളഭഗവാന്റെ സങ്കേതത്തിലുള്ള സകല കരകളിലെ ജനങ്ങളും ഇവിടെ കൂടീട്ടുണ്ടല്ലോ. നിങ്ങളെ എല്ലാവരേയും കൂടെക്കണ്ട് ഒരു കാര്യം അപേക്ഷിക്കുന്നതിനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. കാര്യം മറ്റൊന്നുമല്ല, നമ്മുടെ ഭഗവാന്റെ അമ്പലം ചെമ്പിടുവിച്ചാൽക്കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു. അതിലേയ്ക്കു നിങ്ങളെല്ലാവരും യഥാശക്തി ധനസഹായം ചെയ്യണമെന്നുള്ളതാണ് എന്റെ അപേക്ഷ' എന്നു പറഞ്ഞു. ഇതു കേട്ട് ആ ജനക്കൂട്ടത്തിൽനിന്ന് ഒരാൾ "അങ്ങുന്നിന്റെ ഈ ഉദ്യമം കേവലം അനാവശ്യവും ഒരുവക ദോഷത്വവുമാണ്. ഇതു് ഒരിക്കലും നടക്കുന്നതുമല്ല.

Digitized By Kerala Sahitya Akademi

സക്കാർവക ക്ഷേത്രം ചെമ്പിടുവിക്കുന്നതിനു ജനങ്ങളിൽനിന്നു ദ്രവ്യം പണമുണ്ടാക്കീട്ടു വേണമെന്നുണ്ടോ? സക്കാരിൽ പണം ധാരാളമുണ്ടല്ലോ. ഇതിലേയ്ക്കു ജനങ്ങൾ ധനസഹായം ചെയ്യുന്നതു് ആരറിയാനാണു്? ഇതു് ഉറക്കത്തിൽ കാൽ തിരുമ്മുന്നതുപോലെയാണല്ലോ. ഇതിലേയ്ക്കു് ആരുമൊന്നും തരുമെന്നു തോന്നുന്നില്ല. ജനോപദ്രവം ചെയ്കയെന്നുള്ളതു് ഒരു സക്കാരുദ്യോഗസ്ഥനു യോഗ്യമായിട്ടുള്ളതാണോ? അങ്ങുന്നിതിനു പുറപ്പെട്ടതു് കട്ടം ശരിയായില്ല" എന്നു പറഞ്ഞു. ഇതു കേട്ടു തഹശീൽദാർ വല്ലാതെ വിഷണ്ണനായിത്തീർന്നു. അപ്പോഴെയ്ക്കും ആ മറുപടി പറഞ്ഞയാൾ ബോധരഹിതനായി ഏറവും പാരവശ്യത്തോടുകൂടി വെട്ടിയിട്ട മരംപോലെ പെട്ടെന്നു നിലംപതിച്ചു. എല്ലാവരും പരിഭ്രമിച്ചു് അടുത്തു ചെന്നു് അയാളോടു സുഖക്കേടെന്താണെന്നു ചോദിച്ചിട്ടു് അയാൾക്കു നാവിളക്കി സംസാരിക്കാൻ വഹിയായിരുന്നു. അയാളുടെ നാക്കു സ്തംഭിച്ചുപോയിരുന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന മറ്റു ജനങ്ങൾ തഹശീൽദാരോടു് "ഈ എഭ്യൻ കഥയില്ലായ്കകൊണ്ടു് ഇങ്ങിനെയൊക്കെ പറഞ്ഞതാണു്. അതുകൊണ്ടു് അങ്ങത്തേയ്ക്കു ഞങ്ങളോടു പരിഭവം തോന്നരുതു്. സ്വാമികാര്യത്തിനായി യഥാശക്തി ധനസഹായം ചെയ്വാൻ ഞങ്ങളെല്ലാവരും സന്നദ്ധരാണു്" എന്നു പറയുകയും ചിലർ ഏതാനും സംഖ്യ അപ്പോൾത്തന്നെ കൊടുക്കുകയും തഹശീൽദാർ കിട്ടിയതു വാങ്ങിക്കൊണ്ടു മടങ്ങിപ്പോവുകയും ചെയ്തു. അബോധരഹിതനായ ആളെ ചിലർകൂടി ഒരു ചെറുവള്ളത്തിലാക്കി അയാളുടെ വീട്ടിൽ കൊണ്ടുചെന്നാക്കി. ശേഷമുണ്ടായിരുന്നവർ കൂടി വള്ളംകളി പതിവുപോലെ നടത്തുകയും ചെയ്തു.

വള്ളംകളി കഴിഞ്ഞതിന്റെ ശേഷം എല്ലാവരുംകൂടി ആ സുഖക്കേടു പിടിപെട്ട ആളുടെ വീട്ടിലെത്തി. അപ്പോഴും ആയാൾ ബോധരഹിതനായിത്തന്നെ കിടന്നിരുന്നു. വൈദ്യന്മാർ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. അതിനാൽ ഒരു പ്രശ്നക്കാരനെ വരുത്തി പ്ര

Digitized By Kerala Sahitya Akademi

ശ്നം ചെയ്യിച്ചുനോക്കിച്ചു. അപ്പോൾ പ്രശ്നക്കാരൻ ഈ സുഖ
ക്കേട് ആറന്മുളെഭഗവാന്റെ കോപംനിമിത്തമുണ്ടായിട്ടുള്ള
താണെന്നും സ്വാമിഭക്തനായ തഛശീൽദാരെ ആക്ഷേപിച്ച
തിനാലാണ് സ്വാമിക്ക് അധികം വിരോധമുണ്ടായിട്ടുള്ളതെ
ന്നും അതിനാൽ ആ വീട്ടിൽനിന്ന ചിലർ ചെന്ന തഛശീൽ
ദാരവർകളുടെ അടുക്കൽ ക്ഷമായാചനം ചെയ്കയും അമ്പ
ലം ചെമ്പിടുവിക്കുന്ന വകയ്ക്ക് തക്കതായ ഒരു സംഖ്യ അവി
ടെ കൊടുക്കുകയും ഭഗവാന്റെ നടയിൽ വിളിച്ചുചൊല്ലി പ്രാ
യശ്ചിത്തം ചെയ്കയും ചെയ്താലല്ലാതെ ഈ സുഖക്കേട് ഭേദ
പ്പെടുകയില്ലെന്നും വിധിച്ചു. ഉടനെ പ്രശ്നവിധിപ്രകാരമെ
ല്ലാം ചെയ്തു. അപ്പോൾ സുഖക്കേടുകാരനു ബോധം വീണു
എങ്കിലും അയാൾക്കു സംസാരിക്കാറായില്ല. അധികം താമ
സിയാതെ അയാൾ മരിച്ചുപോവുകയും ചെയ്തു. ഈ വർത്തമാ
നം കേട്ടു ജനങ്ങൾക്കു ഭഗവാനെക്കുറിച്ചു ഭയവും ഭക്തിയും പൂ
ർവ്വാധികം വർദ്ധിക്കുകയാൽ ചോദിക്കാതെതന്നെ ചെമ്പുമേ
ച്ചിൽവകയ്ക്ക് എല്ലാവരും യഥാശക്തി കാരോ സംഖ്യ തഛ
ശീൽദാരദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുചെന്ന കൊടുത്തു.
അദ്ദേഹം നാലമ്പലത്തിനു ചെമ്പിടുവിക്കണമെന്നേ വിചാരി
ച്ചിരുന്നുള്ളൂ. അതു കഴിഞ്ഞിട്ടു പിന്നേയും പണം വളരെ അ
ധികമുണ്ടായിരുന്നതിനാൽ വിളക്കുമാടത്തിനുകൂടി അദ്ദേഹം
ചെമ്പിടുവിച്ചു. ഇപ്രകാരമാണ് ആറന്മുളക്ഷേത്രം ചെമ്പിട്ട
വിച്ചത്. ഭഗവാന്റെ മാഹാത്മ്യവിശേഷം ഇനിയും ഇങ്ങി
നെ വളരെപ്പറയാനുണ്ട്.

കരിക്കൽ ഒരു നായക്ക് നാഭിക്കു താഴെയായി ഒരു മുഴയു
ണ്ടായി. അതു ക്രമേണ വളർന്ന് ഒരുസഞ്ചിപോലെ തൂങ്ങി. അ
തു് അയാൾക്ക് ഏറ്റവും ഉപദ്രവകരമായിത്തീർന്നു. 'ഈ മുഴ
യോളം വലിപ്പത്തിൽ സ്വർണ്ണംകൊണ്ടു് ഒരു കുമിളയുണ്ടാക്കി
ച്ചു് ആറന്മുളഭഗവാനു നടയ്ക്കു വെയ്ക്കുകയും അവിടെ നാല്പ
ത്താനു ദിവസം ഭജിക്കുകയും ചെയ്താൽ ഈ മുഴ പോകും'
എന്നു ചിലർ പറയുകയാൽ അതു വിശ്വസിച്ചു നായർ ആ

Digitized By Kerala Sahitya Akademi

ാറന്മുളെച്ചെന്ന ക്ഷേത്രപൂവ്വം ഭജനം തുടങ്ങി. അക്കാലത്ത് ആ റന്മുളമതിൽക്കകത്ത് ഒരുകല (മാൻ) ഉണ്ടായിരുന്നു. അതു കുട്ടിയായിരുന്നപ്പോൾ ഒരാൾ കൊണ്ടുചെന്ന വഴിപാടായി നടയ്ക്കു കെട്ടിയതായിരുന്നു. അതു ക്രമേണ വളരുകയും വലിയ കൊമ്പുകളും മറ്റും ഉണ്ടായിത്തീരുകയും ചെയ്തിരുന്നു. എങ്കി ലും അത് ആരേയും ഉപദ്രവിക്കാറില്ല. ദേവസ്വത്തിൽനിന്ന് അതിനു തീറ്റിക്കു ചിലതൊക്കെ കൊടുപ്പിച്ചിരുന്നതുകൂടാതെ അവിടെ ദർശനത്തിനായും ഭജനത്തിനായും മറ്റും ചെല്ലുന്ന വരും ആ കലയ്ക്കു തിന്നാൻ എന്തെങ്കിലും കൊടുക്കുക പതി വായിരുന്നു. ഒരു ദിവസം ആ ഭജനക്കാരൻ നായർ ഭഗവന്നാ മങ്ങൾ ജപിച്ചുകൊണ്ടു ക്ഷേത്രപ്രദക്ഷിണം ചെയ്തുകൊണ്ടിരു ന്ന സമയം ആ കല അടുത്തു ചെല്ലുകയും അതു ചാടി നായ രുടെ നാഭിക്കു താഴെയായി ഒരു കുത്തു വെച്ചുകൊടുക്കുകയും ചെയ്തു. കുത്തുകൊണ്ട ക്ഷണത്തിൽ നായർ ബോധരഹിതനാ യ നിലത്തു വീണു. ഉടനെ ചിലർകൂടി അയാളെ എടുത്തു മതിൽക്കു പുറത്തു കൊണ്ടുപോയിക്കിടത്തി. അപ്പോൾ രക്തം ഇടമുറിയാതെ പ്രവഹിച്ചുതുടങ്ങി. അവിടെ ഉണ്ടായിരുന്നവർ പരിശോധിച്ചപ്പോൾ മുഴ കലയുടെ കൊമ്പുകൊണ്ടു പൊട്ടി ക്കീറിയിരിക്കുന്നതായി കണ്ടു. ഉടനെ ചിലർ ഒരു വൈദ്യനെ വരുത്തിക്കാണിച്ചു് 'ഇനി ഇതിനെന്താണു് ചെയ്യണ്ടതു്?' എന്നു ചോദിച്ചു. വൈദ്യൻ മുറിവു പരിശോധിച്ചിട്ടു് 'ഇതു് ആ കല ഭഗവാന്റെ കല്പനപ്രകാരം ചെയ്തതുതന്നെയാണു്. ഭഗവാന്റെ കലയ്ക്കും ശസ്ത്രക്രിയ അറിയാമെന്നാണു് തോന്നു ന്നതു്. ഈ കുത്തു സാമ്പ്രം മാറിയായിരുന്നു കൊണ്ടിരുന്നതെ ങ്കിൽ രോഗിയുടെ കഥ അപ്പോൾത്തന്നെ കഴിയുമായിരുന്നു. ഭഗവാൻ ചെയ്തതിനു ശേഷം ചെയ്വാൻ ഞാൻ ശക്തനല്ല. ഇ നി വേണ്ടുന്നതും ആറന്മുളയപ്പൻതന്നെ ചെയ്തുകൊള്ളും. ഇ ങ്ങിനെ രക്തം കുറെ പോയാൽപ്പിന്നെ മുഴ കാണുകയില്ല. പിന്നെ മുറിവുണങ്ങിയാൽ മതിയല്ലോ. അതു ഭഗവൽകൃപ കൊണ്ടു ക്രമേണ ശരിയായിക്കൊള്ളും' എന്നു പറഞ്ഞിട്ടു

Digitized By Kerala Sahitya Akademi

വൈദ്യൻ പോയി. പിന്നെ മൂന്നു ദിവസത്തേയ്ക്കു രക്തം കലിച്ചുകൊണ്ടുതന്നെയിരുന്നു. അപ്പോഴെയ്ക്കും മുഴ കാണ്മാനില്ലാതെയായി. ചികിത്സയൊന്നുംകൂടാതെതന്നെ ക്രമേണ മുറിവുമുണങ്ങി. നായർ പൂർണ്ണസുഖത്തെ പ്രാപിച്ചു. അനന്തരം ആ നായർ സദ്യക്കുമുട്ടുണ്ടാക്കിച്ചു നടയ്ക്കുവെയ്ക്കുകയും വേറെയും ചില വഴിപാടുകൾ നടത്തി ഭജനം കാലംകൂടി മടങ്ങിപ്പോവുകയും ചെയ്തു.

കരാൾ മറ്റൊരാൾക്കു കൊടുക്കാനുണ്ടായിരുന്ന മുതൽ കൊടുക്കാനില്ലെന്നു് ആറന്മുള നടയിൽ കള്ളസ്സത്യം ചെയ്തിട്ടു് ഉടൻ അയാളുടെ നാക്കിറങ്ങിപ്പോവുകയാൽ സംസാരിക്കാൻ വയ്യാതെയാവുകയും അന്നുതന്നെ അയാൾ മരിച്ചുപോവുകയും ചെയ്തതു് ഈ അടുത്ത കാലത്താണു്. ഇതു കണ്ടറിഞ്ഞവരിൽച്ചിലർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു്.

ഗുരുവായൂരപ്പനും അമ്പലപ്പുഴ കൃഷ്ണസ്വാമിയും തമ്മിലും വൈക്കത്തപ്പനും ഏറുമാനൂർ ദേവനും തമ്മിലും മറ്റും പണ്ടു ചില പിണക്കവും മത്സരവുമൊക്കെ ഉണ്ടായിട്ടുണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. അതുപോലെ ചില സംഗതികൾ ഇവിടെയുമുണ്ടായിട്ടുണ്ടു്. ആറന്മുളക്കാരൻ ഒരു നായർ കവിയൂരുള്ള ഒരു വീട്ടിൽ ഒരു സ്ത്രീക്കു സംബന്ധം ചെയ്തിരുന്നു. ആ നായർ അയാളുടെ വീട്ടിൽനിന്നു് ഒരു മൂവൻവാഴക്കന്നു കവിയൂർ ഭാഗ്യാഗ്രഹത്തിൽ കൊണ്ടുചെന്നു് അവരുടെ പറമ്പിൽ നല്ല വളക്കൂറുള്ള സ്ഥലം നോക്കി കുഴിച്ചുചെച്ചു. പിന്നെയും നല്ലപോലെ വളമിട്ടു ശുശ്രൂഷിച്ചതിനാൽ വാഴ യഥാകാലം കുലച്ചു വലിയ കുലയുണ്ടായി. കായ്കൾ നല്ല മൂപ്പായപ്പോൾ, 'ഈ കുല വെട്ടിപ്പഴുപ്പിച്ചു കൊണ്ടുപോയി ആറന്മുളഭഗവാനു നിവേദിപ്പിക്കണം' എന്നു നായർ പറഞ്ഞു. അപ്പോൾ ഭാര്യ 'ആ കുല വെട്ടേണ്ട; അതു് അവിടെനിന്നു പഴുക്കട്ടെ. പഴുത്തിട്ടു വെട്ടി കവിയൂർ ദേവനു നിവേദിപ്പിക്കണം' എന്നു പറഞ്ഞു. ഇങ്ങിനെ അവർ രണ്ടുപേരും തമ്മിൽ വലിയ വാദമായി. കുല ആരും വെട്ടാതെ അവിടെനിന്നു പഴുത്തുതുടങ്ങി. ഒരു പടല

Digitized By Kerala Sahitya Akademi

പഴത്തുപ്പോൾ ഒരു ദിവസം എവിടെനിന്നോ ഒരു കരുങ്ങു പന്നി പഴുത്ത കായ് തിന്നുതുടങ്ങി. അതു കണ്ടു നായർ കൊഴിയും കല്ലുമെടുത്തെറിഞ്ഞു കരുങ്ങിനെ ഓടിച്ചു. കരുങ്ങു വാഴയിൽ നിന്നു ചാടിയപ്പോൾ ചാട്ടം പിഴച്ചു് ഒരു കറിയിനേൽ വീണു വയറു കീറിപ്പോയതിനാൽ ഉടനെ മരിച്ചു. അപ്പോൾ ഭാര്യ, 'ആക്കുല ആറന്മുളയ്ക്കു കൊണ്ടുപോകണമെന്നു പറഞ്ഞതു കൊണ്ടു കവിയൂർദ്ദേവൻ തന്റെ ഹനുമാനെ പറഞ്ഞയച്ചു് ആക്കുല കടിപ്പിച്ചു് അശുദ്ധപ്പെടുത്തിച്ചതു കണ്ടില്ലേ? ഇനി ആക്കുല ആറന്മുളയ്ക്കു കൊണ്ടുപോകുന്നതു് എനിയ്ക്കൊന്നു കാണ്ണം. കവിയൂർ ദേവനോടു കളിച്ചാൽ ഇങ്ങിനെയായിരിക്കും. ഇനിയെങ്കിലും മനസ്സിലാക്കിക്കൊള്ളണം. ഇവിടത്തെ സ്വാമി ചില്ലറക്കാരനല്ല; വല്ലാത്ത ആളാണു്" എന്നു പറഞ്ഞു. അതു കേട്ടു്, 'തനിക്കു നിവേദിക്കാനായി നിശ്ചയിക്കപ്പെട്ടിരുന്ന വാഴയ്ക്കു ശുദ്ധംമാറിയ കരുങ്ങിനെ ആറന്മുളയപ്പൻ ഉടനെ നിഗ്രഹിച്ചതും കണ്ടില്ലേ? ആറന്മുളയപ്പനോടു കളിച്ചാൽ ഇങ്ങിനെയായിരിക്കും. ആറന്മുളദ്ദേവൻ വല്ലാത്തയാളെന്നു നീയും മനസ്സിലാക്കിക്കൊള്ളണം' എന്നു ഭർത്താവും പറഞ്ഞു.

ആറന്മുളേനിന്നു ചിലർ പണ്ടൊരിക്കൽ ശബരിമലയ്ക്കു പോയി. ശബരിമലയ്ക്കു പോകുന്നവർ 'സ്വാമിയേ ശരണമയ്യപ്പോ' എന്നു വിളിച്ചുകൊണ്ടാണല്ലോ പോവുക പതിവു്. 'സ്വാമിയേ ശരണമാറന്മുളയ്യപ്പോ' എന്നു വിളിച്ചുകൊണ്ടാണു് ആറന്മുളക്കാർ പോയതു്. അഴുത എന്ന സ്ഥലത്തുവെച്ചു് അയ്യപ്പന്റെ വെളിച്ചപ്പാടായി കരാൾ തുള്ളി, 'എന്റെ നാമം വിളിക്കാതെ എന്റെ മല കേറുന്നവരെല്ലാം എന്റെ നായ്ക്കൾക്കു (വ്യാഘ്രങ്ങൾക്കു്) ഇരയാകും' എന്നു കല്പിച്ചു. എന്നിട്ടും ആറന്മുളക്കാർ അവരുടെ ദേവനെ വിളിച്ചുകൊണ്ടുതന്നെ പോയി. അങ്ങിനെ പോയി വലിയ വനത്തിലായപ്പോൾ ഒട്ടു വളരെ വ്യാഘ്രങ്ങൾ വായും പൊളിച്ചുകൊണ്ടു് ആറന്മുളക്കാരുടെ നേരെ ചാടിച്ചെന്നു. അപ്പോൾ എവിടെനിന്നോ തുരുതു

Digitized By Kerala Sahitya Akademi

രെ അമ്പുകൾ ചെന്നു വ്യാഘ്രങ്ങളുടെ വായിലും ദേഹത്തിലു മെല്ലാം പതിച്ചുതുടങ്ങി. ഉടനെ വ്യാഘ്രങ്ങളെല്ലാമോടിക്കാട്ടു കേറി. എങ്കിലും അന്നു രാത്രിയിൽ ആറന്മുളക്കാർ കിടന്നുറ ങ്ങിയ സമയം 'നിങ്ങളാരും മല കേറരുതു്. നാളെത്തന്നെ തി രിയെപ്പോരണം' എന്നു് ഒരാൾ അവരുടെ അടുക്കൽച്ചെന്നു പറഞ്ഞതായി അവക്കെല്ലാവക്കും സ്വപ്നമുണ്ടായി. ഇപ്രകാരം സ്വപ്നംകാണിച്ചതും ശരംപ്രയോഗിച്ചു വ്യാഘ്രങ്ങളെ ഓടിച്ച തും തിരുവാറന്മുളയപ്പനാണെന്നുള്ളതു വിശേഷിച്ചു പറയണ മെന്നില്ലല്ലോ. സ്വപ്നം കണ്ടതിന്റെ പിറേറദ്ദിവസംതന്നെ ആറന്മുളക്കാർ തിരിയെപ്പോന്നു. അക്കാലംമുതൽ ആറന്മു ക്കാർ ശബരിമലയ്ക്കു പോകാതെയായി. ഇപ്പോഴും ആ ദേശ ക്കാരാരും ശബരിമലയ്ക്കു പോകാറില്ല.

ആറന്മുളദേവന്റെ ഭണ്ഡാരത്തിൽ തിരുവാഭരണങ്ങളാ യിട്ടും പണമായിട്ടും മറ്റും വളരെ മുതലുകളിരിപ്പുണ്ടെന്നറി ഞ്ഞു് അവ തട്ടിക്കൊണ്ടുപോകാനായി പണ്ടൊരിക്കൽ ഒട്ടവ ളരെ തുലുക്കന്മാർ ആയുധപാണികളായി അവിടെച്ചെന്നുകേ റി. തിരുവാഭരണങ്ങളും മറ്റും പെറുക്കിയെടുത്തു ഭാണ്ഡം കെ ട്ടിക്കൊണ്ടു് അവർ യാത്രയായ സമയം സംഖ്യയില്ലാതെ ശര ങ്ങൾ വന്നു് അവരുടെ ദേഹത്തിൽ തറച്ചുതുടങ്ങി. ശരങ്ങളയ യ്ക്കുന്നതു് ആരാണെന്നു നോക്കീട്ടു് അവിടെയെങ്ങും ആരേയും കാണ്മാനില്ലായിരുന്നു. നിവൃത്തിയില്ലാതെയായപ്പോൾ തുലുക്ക പ്പടകൾ അവിടെനിന്നെടുത്ത മുതലുകളും അവരുടെ ആയുധ ങ്ങളും അവിടെത്തന്നെ വലിച്ചെറിഞ്ഞിട്ടു് ആറുകടവിലേയ്ക്കു കാടി. അവർ ആ കടവിനടുത്തുള്ള ഇടവഴിയിൽച്ചെന്ന പ്പോൾ അവിടെ രണ്ടുവശത്തുമുണ്ടായിരുന്ന പാറകൾ ക്കൂടി യടുത്തു് അവക്കു മുമ്പോട്ടും പുറകോട്ടും പോകാൻ പാടില്ലാ ത്തവിധത്തിലാക്കുകയും അസംഖ്യം തുലുക്കന്മാരെ അവിടെയി ട്ടു ഞെക്കിഞെരുക്കിക്കൊല്ലുകയും ചെയ്തു. അവരിൽ ചിലർ മാത്രം ചത്തില്ല. എങ്കിലും അവരും 'പാകാതെ ചത്തു' എ ന്നുള്ള വിധത്തിൽ ഏറ്റവും പരവശന്മാരായിത്തീർന്നു. അങ്ങി

Digitized By Kerala Sahitya Akademi

നെ ശേഷിച്ചവർ 'ഇനി ഒരുകാലത്തും ഞങ്ങളും ഞങ്ങളുടെ ജാതിക്കാരും ആറന്മുളദേശത്തു കയറി മോഷ്ടിക്കുകയോ മറ്റു പദ്രവങ്ങൾ ചെയ്യുകയോ ചെയ്കയില്ല. പടച്ചവനാണ് സത്യം' എന്നു സത്യംചെയ്ത് അവിടെനിന്നു പോയിപ്പിഴച്ചു. അതിൽപ്പിന്നെ ഇക്കാലംവരെ ആറന്മുളദേശത്തു തുലുക്കന്മാരുടെ ഉപദ്രവമുണ്ടായിട്ടില്ല. അന്നവർ എറിഞ്ഞുകളഞ്ഞ വാളുകളെല്ലാം പെറുക്കിയെടുത്തു ക്ഷേത്രമാളികയുടെ മുകളിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അവയിൽ ഏതാനുമൊക്കെ തുരുമ്പു പിടിച്ചു കേടുവന്നു പോവുകയും കുറെവളരെയെണ്ണം ലേലം ചെയ്തു വില്ക്കുകയും ചെയ്തുവെങ്കിലും ശേഷമുള്ള വാളുകൾ ഇപ്പോഴുമവിടെ ബലിക്കൽപുരയുടെ മുകളിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഇത്രവളരെ വാളുകളുണ്ടായിരുന്നതുകൊണ്ടുതന്നെ അന്നു കൊള്ളയ്ക്കു വന്നിരുന്ന തുലുക്കന്മാരുടെ സംഖ്യ കുറെ ചില്ലറയല്ലായിരുന്നു എന്നു തീർച്ചയാക്കാം.

ആറന്മുളക്ഷേത്രത്തിൽ എല്ലാക്കാലത്തും ഭജനക്കാർ ധാരാളമുണ്ടായിരിക്കും. അവിടെ ദർശനത്തിനായി വരുന്നവരെല്ലാം യഥാശക്തി ഭജനക്കാക്കു വല്ലതും കൊടുക്കുക പതിവാണ്. ഭജനക്കാക്കു വല്ലതും കൊടുക്കുന്നതു സ്വാമിക്കു സന്തോഷവും ഒന്നും കൊടുക്കാതെയിരിക്കുന്നതു വലിയ വിരോധവുമാണ്. ഭജനക്കാക്കു് ഒന്നും കൊടുക്കാത്തവക്കു ദേവകോപവും തന്നിമിത്തം പല വിധത്തിലുള്ള അനർത്ഥങ്ങളുമുണ്ടാകുമെന്നുള്ളതു നിശ്ചയമാണ്. ചിലർ ഭജനക്കാക്കു ചതുർവ്വിധവിഭവങ്ങളോടുകൂടി ഭക്ഷണവും പണവും കൊടുത്തു് അവരെക്കൊണ്ടു ശയനപ്രദക്ഷിണം നടത്തിക്കുപതിവാകുന്നു. അതും അവിടെ ദേവപ്രീതികരമായ വഴിപാടാണ്.

ഉത്സവകാലങ്ങളിൽ ശിവേലിസമയത്തും കൂടെ കൊടിതഴ മുതലായവ എടുത്തുകൊണ്ടു നടക്കുന്നവക്കു പലഹാരങ്ങൾ അവിൽപ്പൊതി മുതലായവ കൊടുക്കുന്നതും അവിടെ വഴിപാടുതന്നെ. അവിടെ ക്ഷേത്രത്തിന്റെ പ്രധാനനടയിൽ വെളിയിൽനിന്നു മതിൽക്കകത്തു കയറാൻ പതിനെട്ടു കൽപ്പടി

Digitized By Kerala Sahitya Akademi

കഥ ഉണ്ട്. അതിനു 'പതിനെട്ടാംപടി' എന്നാണ് പേരു പറഞ്ഞുവരുന്നതു്. ഉത്സവകാലത്തു ചിലർ ദേവപ്രീതിക്കായി പഴക്കുലകഥ കൊണ്ടുവന്നു പതിനെട്ടാംപടിയുടെ മുകളിൽ നിന്നുകൊണ്ടു കുലുക്കും. അപ്പോൾ പഴം എടുക്കുന്നതിനായി പതിനെട്ടാംപടിയുടെ താഴത്തു കുട്ടികളായും അഗതികളായും അസംഖ്യം ജനങ്ങൾ കൂടും. അങ്ങിനെ പലക്കും തിന്നുന്നതിനായി പഴക്കുലകഥ കുലുക്കുന്നതും അവിടെ ഒരു വഴിപാടാണ്. ഇങ്ങിനെ ആറന്മുളദ്ദേവന്റെ മാഹാത്മ്യങ്ങഥ അവിടെയുള്ള വിശേഷങ്ങഥ മുതലായവ പറയുകയാണെങ്കിൽ ഇനിയും വളരെയുണ്ട്. ഈവക സംഗതികഥ വിശ്വസിക്കുന്നവർ ഇപ്പോൾ വളരെ കുറഞ്ഞുപോയിരിക്കുന്നതുകൊണ്ടും വിശ്വസിക്കുന്നവക്കു് ആറന്മുളഭഗവാന്റെ മാഹാത്മ്യം കുട്ടം ചില്ലറയല്ലെന്നു മനസ്സിലാക്കുന്നതിനു് ഇത്രയും പറഞ്ഞതുകൊണ്ടു മതിയാകുന്നതിനാലും ഇനി അധികം വിസ്തരിക്കുന്നില്ല.

൫൨. കോന്നിയിൽ കൊച്ചയ്യപ്പൻ

കോന്നിയിൽക്കൊച്ചയ്യപ്പനെന്നു പ്രസിദ്ധനായിരുന്ന താപ്പാനയെക്കുറിച്ചു കേട്ടിട്ടില്ലാത്തവരായി തിരുവിതാംകൂർ രാജ്യത്തും അടുത്ത പ്രദേശങ്ങളിലും അധികമാളുകഥ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഈ ആന ചരിഞ്ഞു (മരിച്ചു) പോയിട്ടു് ഇപ്പോൾ പതിനാലു കൊല്ലത്തിലധികം കാലമായിട്ടില്ലാത്തതിനാൽ ഇവനെ (ഈ ആനയുടെ സ്വഭാവം വിചാരിക്കുമ്പോൾ ഇതിനെ എന്നല്ല, 'ഇവനെ' എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.) കണ്ടിട്ടുള്ളവരായിട്ടുതന്നെ ഇപ്പോൾ അനേകം പേർ ജീവിച്ചിരിക്കുന്നുണ്ടു് എന്നുള്ളതിനു സംശയമില്ല. ഈ ആന ആദ്യം റാന്നിയിൽ കത്താവിന്റെ വകയായിരുന്നു. പ്രസിദ്ധ മാന്ത്രികനായിരുന്ന തേവലശ്ശേരി ദാമോദരൻനമ്പി പറഞ്ഞതനുസരിച്ചു കത്താവു് ഈ ആനയെ 990-ാമാണ്ടു് അച്ചൻകോവിൽ ശാസ്താവിനു വഴിപാടായി നടയ്ക്കിരുത്തി.

Digitized By Kerala Sahitya Akademi

നടയ്ക്കിരുത്തിയ സമയത്താണ് ഈ ആനയ്ക്ക് കൊച്ചയ്യപ്പൻഎ
ന്ന പേരിട്ടത്. അന്ന് ഈ ആനയ്ക്ക് ഏഴുവയസ്സു മാത്രമേ പ്രാ
യമായിരുന്നുള്ളൂ. നടയ്ക്കിരുത്തിയപ്പോൾ ആന ദേവസ്വംവക
യായിത്തീർന്നുവെങ്കിലും അവിടെ നിറുത്തിയിരുന്നാൽ ആനയ്ക്ക്
രക്ഷ മതിയാവുകയില്ലെന്നു വിചാരിച്ചും ആ ആനയെക്കുറിച്ചു
ണ്ടായിരുന്ന വാത്സല്യംകൊണ്ടും കത്താവ് ആനയെ അ
പ്പോൾത്തന്നെ ദേവസ്വക്കാരോട് ഏറുവാങ്ങി റാന്നിയിൽ
ത്തന്നെ കൊണ്ടുവന്നു നിറുത്തി രക്ഷിച്ചു വളർത്തിവന്നു. അക്കാ
ലത്തു കൊച്ചയ്യപ്പനു ചങ്ങല ഇടുകയോ അവനെ തല്ലുകയോ
ചെയ്തിരുന്നില്ല. അവനു കൊടുക്കുന്നതു തിന്നുകൊണ്ടു കത്താ
വിന്റെ വാസസ്ഥലത്തുതന്നെ മാറത്തും പറമ്പിലുമായി കളി
ച്ചുനടന്നാണ് കൊച്ചയ്യപ്പൻ വളർന്നത്. എന്നാലവൻ മനുഷ്യ
രെ ഉപദ്രവിക്കുകയോ, പറമ്പിലുള്ള തെങ്ങിൻതൈ, വാഴ മുത
ലായവ നശിപ്പിക്കുകയോ യാതൊന്നും ചെയ്തിരുന്നില്ല. കേവ
ലം മനുഷ്യബാലനെപ്പോലെയാണ് കൊച്ചയ്യപ്പൻ അവിടെ
താമസിച്ചിരുന്നതു്. കൊച്ചയ്യപ്പനു കത്താവിന്റെ ഗൃഹത്തി
ലുള്ള സ്ത്രീപുരുഷന്മാരോടു വളരെ സ്നേഹവും കുട്ടികളെക്കുറിച്ചു
പ്രത്യകം വാത്സല്യവുമുണ്ടായിരുന്നു. അവിടെയുള്ളവർക്കു കൊ
ച്ചയ്യപ്പനെക്കുറിച്ചുള്ള സ്നേഹവും അളവറ്റതായിരുന്നു. ആ
കുടുംബാംഗങ്ങളിൽ ആരെങ്കിലും "കൊച്ചയ്യപ്പാ!" എന്നു വി
ളിച്ചാൽ അവൻ അപ്പോൾ അവിടെയെത്തും. കത്താവിന്റെ
ഗൃഹത്തിലുള്ള കുട്ടികളെ കളിപ്പിക്കുന്നതിനു കൊച്ചയ്യപ്പനും
കൊച്ചയ്യപ്പന്റെ അടുക്കൽചെന്നു കളിക്കുന്നതിനു് അവിട
ത്തെ കുട്ടികൾക്കും വളരെ സന്തോഷവും ഉത്സാഹവുമുണ്ടായി
രുന്നു. കുട്ടികളെ കൊച്ചയ്യപ്പന്റെ അടുക്കലാക്കിയാൽ വേണ്ട
തുപോലെ സൂക്ഷിച്ചുകൊള്ളുമെന്നുള്ള വിശ്വാസം അവിടെയു
ള്ള അമ്മമാർക്കും മറ്റുമുണ്ടായിരുന്നതിനാൽ അവർ അതിന
നുവദിക്കുകയും നടക്കാറായ കുട്ടികളെല്ലാം കൊച്ചയ്യപ്പന്റെ
അടുക്കൽ ചെന്നു കളിക്കുകയും ചെയ്തിരുന്നു.

കൊച്ചയ്യപ്പനെ ഇടവും വലവും പഠിപ്പിച്ചു് ഇണക്കി,

Digitized By Kerala Sahitya Akademi

കൂട്ടിൽനിന്നിറക്കി കത്താവിന്റെ വാസസ്ഥലത്തു കൊണ്ടുവന്ന ദിവസം മുതൽ കാരണവരുകത്താവു നെയ്യും പരിപ്പും കൂട്ടിക്കുഴച്ചു് കരുരുളച്ചോറു കൊച്ചയ്യപ്പനു കൊടുക്കാതെ ഊണു കഴിക്കാറില്ല. അതു കണ്ടു് അവിടെയുള്ളവരെല്ലാവരും കൊച്ചയ്യപ്പനു് കരുരുളച്ചോറുവീതം പതിവായിക്കൊടുത്തുതുടങ്ങി. എന്നാൽ കാരണവരുകത്താവു് ഉരുളകൊടുക്കുന്നതിനു മുമ്പു് ആരെങ്കിലും ഉരുള കൊണ്ടുചെന്നാൽ കൊച്ചയ്യപ്പൻ വാങ്ങുകയില്ലെന്നുള്ളതു തീച്ചയാണു്. കാരണവരുകത്താവിന്റെ ഉരുള വാങ്ങിത്തിനു കഴിഞ്ഞാൽ പിന്നെ ആരു കൊണ്ടുചെന്നു കൊടുത്താലും അവൻ വാങ്ങിക്കൊള്ളും. പിന്നെ നിർബ്ബന്ധമൊന്നുമില്ല.

കൊച്ചയ്യപ്പൻ കത്താവിന്റെ വാസസ്ഥലത്തു താമസിച്ചിരുന്നപ്പോൾ അവനു് ആനക്കാരന്മാരുണ്ടായിരുന്നില്ല. അവനു തീററി തെങ്ങോല മുതലായവ ആരെക്കൊണ്ടെങ്കിലും കത്താവു വെട്ടിച്ചുകൊടുക്കും. അവൻ തീററി കഴിഞ്ഞാൽ മുറത്തോ പറമ്പിലോ എവിടെയെങ്കിലും യഥേഷ്ടം പോയികിടന്നുകൊള്ളും; അങ്ങനെയാണു് പതിവു്.

അക്കാലത്തു കത്താവിന്റെ ഗൃഹത്തിൽ മാന്യപ്പവൃത്തികഠിക്കായി ചക്കിയെന്നും വിക്കിയെന്നും പേരായിട്ടുള്ള രണ്ടു സ്ത്രീകൾ താമസിച്ചിരുന്നു. കൊച്ചയ്യപ്പന്റെ ശുശ്രൂഷയ്ക്കായി ആ സ്ത്രീകളെയാണു് കത്താവു് നിയമിച്ചിരുന്നതു്. അവർ പതിവായി കൊച്ചയ്യപ്പനെ പുഴയിൽകൊണ്ടുപോയി കുളിപ്പിച്ചുകൊണ്ടുവരണം. അതല്ലാതെ വിശേഷിച്ചൊന്നും ആനയെസ്സംബന്ധിച്ചു് അവർ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നില്ല. അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ചക്കിയും വിക്കിയും പെട്ടെന്നു മരിച്ചുപോയി. അപ്പോൾ കൊച്ചയ്യപ്പനുണ്ടായ സങ്കടം എത്രമാത്രമെന്നു പറയാൻ പ്രയാസം. വിക്കിക്കു മക്കളും മരുമക്കളുമുണ്ടായിരുന്നില്ല. ചക്കിക്കു് ഒരു മകളുണ്ടായിരുന്നു. ചക്കി മരിച്ചതിന്റെ ശേഷം കത്താവു് കൊച്ചയ്യപ്പനെ കുളിപ്പിക്കുന്നതിനു ചക്കിയുടെ മകളെ നിയമിച്ചു.

Digitized By Kerala Sahitya Akademi

അങ്ങനെ കുറച്ചുകാലംകൂടി കഴിഞ്ഞപ്പോൾ കാരണവ രുകത്താവും മരിച്ചു. അപ്പോൾ കൊച്ചയ്യപ്പനുണ്ടായ സങ്കടം കേവലം ഉസ്സഹംതന്നെയായിരുന്നു. കത്താവു മരിച്ചിട്ടു മൂന്നു ദിവസത്തേയ്ക്കു കൊച്ചയ്യപ്പൻ എന്തെങ്കിലും തിന്നുകയാകട്ടെ, വെള്ളം കുടിക്കുകയാകട്ടെ, ഉറങ്ങുകയാകട്ടെ ചെയ്തില്ല. അ ഹോരാത്രം കരഞ്ഞുകൊണ്ടുതന്നെ അവൻ കഴിച്ചുകൂട്ടി.

കാരണവരുകത്താവു മരിച്ചതുസംബന്ധിച്ചുള്ള അടിയ ന്തരങ്ങളെല്ലാം കഴിഞ്ഞതിന്റെഒശേഷം പതിനേഴാംദിവസം പിന്നത്തെ കാരണവരുകത്താവു തളത്തിൽച്ചെന്നു് ഉണ്ണാനി രുന്നപ്പോൾ മൻപതിവു വിചാരിച്ചു കൊച്ചയ്യപ്പൻ തളത്തി ന്റെറ വാതിൽക്കൽ ഹാജരായിനിന്നു. എന്നാൽ ആ കാരണ വരുടെ സ്വഭാവം കഴിഞ്ഞുപോയ കാരണവരുടെ സ്വഭാവം പോലെ അല്ലാതെയിരുന്നതിനാൽ അദ്ദേഹം കൊച്ചയ്യപ്പനു് ഉരുള കൊടുത്തില്ല. അപ്പോൾ കൊച്ചയ്യപ്പനു് അസാമാന്യ മായ കുണ്ഠിതമുണ്ടായി. എങ്കിലും അവിടെ ശേഷമുണ്ടായിരു ന്നവരെല്ലാം പതിവുപോലെ ഉരുള കൊടുത്തതിനാൽ കൊ ച്ചയ്യപ്പൻ കരുവിധം സമാധാനപ്പെട്ടു. എന്നാൽ ആ സമാ ധാനവും അധികദിവസത്തേയ്ക്കു നീണ്ടുനിന്നില്ല. അവിടെ ശേ ഷമുള്ളവരെല്ലാവരും ആനയ്ക്കു് ഉരുള കൊടുക്കുന്നുണ്ടെന്നു രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ പുതിയ കാരണവരറികയും അ തിനെക്കുറിച്ചു് അദ്ദേഹം കോപിച്ചു് എല്ലാവരേയും ശാസിക്ക കയും ചെയ്തു. ആനയ്ക്കു തിന്നാൻ തെങ്ങോലയോ മറ്റോ അ ല്ലാതെ ചോറു കൊടുക്കുന്നതു് അനാവശ്യമാണെന്നായിരുന്നു അദ്ദേഹത്തിന്റെറ അഭിപ്രായം. എന്നു മാത്രമല്ല, ആനയ്ക്കു കു ട്ടിപ്രായം കഴിഞ്ഞിരിക്കുന്നതിനാൽ ഇനി അതിനു് കരാനക്കാ രനെ നിയമിക്കുകയും ചങ്ങലയിട്ടു പണിയിച്ചു തുടങ്ങുകയും ചെയ്യണമെന്നുകൂടി അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതൊന്നുമ റിയാതെ കൊച്ചയ്യപ്പൻ പിറേറദിവസം പതിവുപോലെ ഉരു ളയ്ക്കായി അടുക്കളവാതിക്കൽ ഹാജരായി. അപ്പോൾ അവിട ത്തെ വലിയമ്മ കൊച്ചയ്യപ്പനോടു് "എന്റെ മകനേ! ഇയ്യി

Digitized By Kerala Sahitya Akademi

ട കാലമൊക്കെ മാറിപ്പോയി. നിനക്കു ചോറു തരുന്നതെന്നാ ണു് ഇപ്പോഴത്തെ കാരണവരുടെ കല്പന. അദ്ദേഹം പറയുന്ന തിനെ അനുസരിക്കാതെയിരിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ല ല്ലോ. നിനക്കു ചോറു തരുന്നതെന്നു മാത്രമല്ല, ചങ്ങലയിട്ടു നി ന്നെ ഇനി പണികഴയ്ക്കണമെന്നുകൂടി അദ്ദേഹം നിശ്ചയിച്ചി രിക്കുന്നു. ഞങ്ങൾക്കൊക്കെ ഇതു വലിയ സങ്കടമായിട്ടുള്ള കാ ര്യമാണു്. എങ്കിലും എന്തു ചെയ്യാം? എല്ലാം സഹിക്കുകയല്ലാ തെ നിവൃത്തിയില്ലല്ലോ" എന്നു പറഞ്ഞു. ഇതുകേട്ടു കൊച്ചയ്യ പ്പൻ കണ്ണീരൊഴിപ്പിച്ചു കരഞ്ഞുകൊണ്ടു സല്പനേരം വിചാ രമഗ്നനായി അവിടെ നിന്നു. ആ സമയം അവിടത്തെ ഒരു ചെറിയ കുഞ്ഞമ്മ കുറെ ചോറെടുത്തു കഴുകിയൂറ്റി കൊച്ചയ്യപ്പ നു കൊണ്ടുചെന്നു കൊടുത്തു. എങ്കിലും അവൻ അതു വാങ്ങി യില്ല. പിന്നെ അവൻ എല്ലാവരോടും യാത്ര പറയുന്ന ഭാവ ത്തിൽ തുമ്പിക്കൈകൊണ്ടു ചില അംഗ്യങ്ങൾ കാണിക്കുകയും ദീനസ്വരങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടു കണ്ണീരൊലി പ്പിച്ചുകൊണ്ടു് അവിടെനിന്നു് ഇറങ്ങിപ്പോയി. കൊച്ചയ്യപ്പ ന്റെ ആ യാത്ര കണ്ടു് അവിടെയുണ്ടായിരുന്ന എല്ലാവരും ബാലവൃദ്ധം പൊട്ടിക്കരഞ്ഞുപോയി.

കൊച്ചയ്യപ്പൻ നേരെ ചെന്നു് ആറ്റിലിറങ്ങി നാലു നാഴിക പകലാകുന്നതുവരെ വെള്ളത്തിൽത്തന്നെ കിടന്നു. നാ ലുനാഴിക പകലെ ചക്കിയുടെ മകൾ കുളിക്കാനായി ആറ്റു കടവിൽ ചെന്നു. ആ സമയം കൊച്ചയ്യപ്പൻ അവിടെനിന്നു് എഴുന്നേറ്റുപോയി ആറ്റുവക്കത്തു നിന്നിരുന്ന ഒരില്ലിക്കൂട്ടം കുത്തി മറിച്ചിട്ടു. അപ്പോൾ അതിന്റെ ചുവട്ടിൽ മണ്ണിനടി യിൽ ഇരുന്നിരുന്ന ഒരു ചെപ്പുകുടം ഉരുണ്ടു് ആറ്റിലേയ്ക്കു വീ ണു. കൊച്ചയ്യപ്പൻ ആ ചെപ്പുകുടമെടുത്തു ചക്കിയുടെ മകൾ ക്കു കൊടുക്കുകയും യാത്ര പറയുന്ന ഭാവത്തിൽ തുമ്പിക്കൈ കൊണ്ടു ചില അംഗ്യങ്ങൾ കാണിക്കുകയും ചില ദീനസ്വര ങ്ങൾ പുറപ്പെടുവിക്കുകയും പിന്നെ കുത്താമ്പിന്റെ ഗൃഹത്തി നുള്ളിൽ [illegible] കൂവുകയും ചെയ്തിട്ടു് അവിടെനിന്നു പോവുക യും ചെയ്തു. ആ ചെപ്പുകുടം നിറയെ രാശിയായിരുന്നു.

Digitized By Kerala Sahitya Akademi

പിറേറദിവസം രാവിലെ കൊച്ചയ്യപ്പൻ അച്ചൻകോവിൽശാസ്താവിന്റെ നടയിലെത്തി. ശാന്തിക്കാരൻ കൊച്ചയ്യപ്പനെ കണ്ടപ്പോൾ അറിയുകയാൽ കുറെ ചോറു കൊണ്ടുചെന്നു കൊടുത്തു. കൊച്ചയ്യപ്പൻ അതു വാങ്ങി തിന്നിട്ടു കാട്ടിൽകയറി കണ്ടതൊക്കെ പറിച്ചു തിന്നുതുടങ്ങി അന്നുമുതൽ കൊച്ചയ്യപ്പൻ കാട്ടിൽനിന്നു തീറ്റി നടത്തുകയും കണ്ടെത്തുന്ന തടാകങ്ങളിലും മറ്റും ഇറങ്ങി വെള്ളം കുടിക്കുകയും രാത്രിയാകുമ്പോൾ ദേവസ്വത്തിന്റെ തിരുമുറ്റത്തു ചെന്നു കിടന്നുറങ്ങുകയും പതിവാക്കി.

അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ദേവസ്വക്കാർ കൊച്ചയ്യപ്പനെ രക്ഷിക്കുന്നതിനു് ഒരാനക്കാരനെ നിയമിക്കുകയും വിവരം മേലാധികാരിയെ എഴുതിയറിയിക്കുകയും ചെയ്തു. അപ്പോൾ കൊച്ചയ്യപ്പന്റെ കഥകളെല്ലാം മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചറിയുകയും ഈ ആനയെ കോന്നിയിൽ താപ്പാനകളുടെ കൂട്ടത്തിൽ നിറുത്തി വേണ്ടതുപോലെ രക്ഷിച്ചുകൊള്ളണമെന്നു കല്പനയുണ്ടാവുകയും ചെയ്തു. അക്കാലത്തു നാടു വാണിരുന്നതു കൊല്ലം 1022-ാമാണ്ടു നാടു നീങ്ങിയ രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടായിരുന്നു. കല്പനപ്രകാരം കൊച്ചയ്യപ്പൻ കോന്നിയിലെത്തി താമസമായി കുറച്ചുകാലം കഴിഞ്ഞപ്പോൾ പത്മനാപുരം തിരുമൂലംപിള്ള എന്നൊരു പാണ്ടിപ്പിള്ള അവന്റെ രക്ഷകനായി നിയമിക്കപ്പെട്ടു. തിരുമൂലംപിള്ളയുടെ ശിക്ഷാസാമർത്ഥ്യംകൊണ്ടും കോന്നിയിലുണ്ടായിരുന്ന മറ്റു താപ്പാനകളുടെ സഹവാസംകൊണ്ടും മറ്റും കൊച്ചയ്യപ്പൻ കാലക്രമേണ ഒരു താപ്പാനയായിത്തീർന്നു. എന്നു മാത്രമല്ല, കുഴിയിൽ വീഴുന്ന ആനകളെ കരയ്ക്കു കയറി കൂട്ടിലാക്കി അടയ്ക്കുന്നതിനു കൊച്ചയ്യപ്പനെപ്പോലെ ബുദ്ധിയും സാമർത്ഥ്യവുമുള്ള ഒരു താപ്പാന തിരുവിതാംകൂറിൽ വേറെയില്ലെന്നുള്ള പ്രസിദ്ധി അവൻ അചിരേണ സമ്പാദിക്കുകയും ചെയ്തു.

Digitized By Kerala Sahitya Akademi

ഏറെത്താമസിയാതെ പത്മനാഭൻ എന്ന പ്രസിദ്ധനായ ഒരു താപ്പാനക്കുടി കോന്നിയിൽ വന്നുചേർന്നു. കുറച്ചുദിവസത്തെ സഹവാസംകൊണ്ടു കൊച്ചയ്യപ്പനും പത്മനാഭനും പരസ്പരം അത്യന്തം സ്നേഹാകുലന്മാരായിത്തീർന്നു. അവർ രണ്ടുപേരുംകൂടെ കൂടിയാൽ എത്ര വലിയ കാട്ടാനയായാലും കുഴിയിൽനിന്നു കരയ്ക്കുകയറി കൂട്ടിൽക്കൊണ്ടുചെന്നു് അടയ്ക്കുന്നതിനു് അവക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

അങ്ങിനെയിരുന്ന കാലത്തു് സർക്കാരിൽനിന്നു് ആനകളെ കുഴിയിൽ വീഴിച്ചു പിടിക്കുകയെന്നുള്ള ഏർപ്പാടു വേണ്ടെന്നുവെയ്ക്കുകയും ആനകളെ പിടിക്കുന്നതിനു കോന്നിയിൽനിന്നു പത്തുപന്ത്രണ്ടു നാഴിക കിഴക്കു 'മുണ്ടവൻപൂഴി' എന്ന സ്ഥലത്തു് ഒരു കൊപ്പമുണ്ടാക്കുകയും ചെയ്തു. കൊപ്പത്തിൽ കാട്ടാനകൾ വന്നുകയറുന്നതു കൂട്ടത്തോടെ ആണല്ലോ. കാട്ടാനകൾ കൊപ്പത്തിൽ കയറിക്കഴിഞ്ഞാൽ താപ്പാനകളെ അതിലേയ്ക്കു വിടുകയും താപ്പാനകൾ കാട്ടാനകളെ കാടിച്ചു പിള്ളക്കൊപ്പു(വലിയ കൊപ്പത്തിനകത്തുള്ള ചെറിയ കൊപ്പു)ത്തിലാക്കുകയും അവിടെവെച്ചു വടങ്ങളിട്ടു കെട്ടുകയും പിന്നെ താപ്പാനകൾ ഇടത്തുഭാഗത്തും വലത്തുഭാഗത്തും നിന്നു വടങ്ങളിൽ പിടിച്ചു വലിച്ചു കാട്ടാനകളെ കാരോന്നാരോന്നായി കൊണ്ടുപോയി കൂട്ടിലാക്കി അടയ്ക്കുകയുമാണല്ലോ പതിവു്. അങ്ങനെയായപ്പോൾ താപ്പാനകളുടെ ആവശ്യം അധികപ്പെടുകയും കൊച്ചയ്യപ്പൻ, പത്മനാഭൻ മുതലായി മുമ്പു പിടെ ഉണ്ടായിരുന്ന താപ്പാനകളെക്കൊണ്ടു മതിയാകാതെ വരികയും ചെയ്കയാൽ 'മഞ്ഞപ്രത്തിരുനീലകണ്ഠൻ' മുതലായ ചില താപ്പാനകളെക്കൂടി അവിടെ വരുത്തി. മഞ്ഞപ്രത്തിരുനീലകണ്ഠനും ഒരൊന്നാംതരം താപ്പാനതന്നെയായിരുന്നു. എങ്കിലും കൊച്ചയ്യപ്പന്റെ സ്വഭാവവും തിരുനീലകണ്ഠന്റെ സ്വഭാവവും തമ്മിൽ വളരെ അന്തരമുണ്ടായിരുന്നു. കൊച്ചയ്യപ്പൻ തന്റെ പിടിയിലകപ്പെടാത്ത ആനകളേയും അപകടമൊന്നും കൂടാതെ ഏതുവിധവും തന്റെ പിടിയിലമ

Digitized By Kerala Sahitya Akademi

ത്തിക്കൊണ്ടുപോയി കൂട്ടിലാക്കി അടയ്ക്കും. തിരുനീലകണ്ഠൻ തന്റെ പിടിയിലമരാത്ത ആനകളെ ഉടനെ കുത്തിക്കൊല്ലും. ഇതാണ് അവർ തമ്മിലുള്ള പ്രധാനവ്യത്യാസം. അങ്ങനെ മഞ്ഞപ്രത്തിരുനീലകണ്ഠൻ അനേകം നല്ലയാനകളെ കുത്തിക്കൊല്ലുകയും തന്നിമിത്തം സർക്കാരിലേയ്ക്ക് വളരെ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു നിമിത്തവും മറ്റു ചില കാരണങ്ങളാലും സർക്കാരിൽനിന്നു കൊപ്പം വേണ്ടെന്നുവെയ്ക്കുകയും ചൂവ്വസ്ഥിതിയിൽ ആനകളെ കുഴികളിൽ വീഴിച്ചു പിടിച്ചാൽ മതിയെന്നു തീർപ്പുണ്ടാക്കുകയും ചെയ്തു.

അക്കാലത്തു നേരം വൈകുമ്പോൾ കൊച്ചയ്യപ്പനേയും പത്മനാഭനേയും ചങ്ങലയെടുത്തു കാട്ടിലേയ്ക്കു വിട്ടയയ്ക്കുക പതിവായിരുന്നു. അവർ രണ്ടുപേരും കൂടി കാട്ടിൽക്കയറി കണ്ടതൊക്കെ കടിച്ചും പറിച്ചും തിന്നു വയറുനിറയ്ക്കുകയും ഉറക്കംവരുമ്പോൾ യഥേഷ്ടം എവിടെയെങ്കിലും കിടന്നുറങ്ങുകയും നേരം വെളുക്കുമ്പോൾ ആനക്കാരന്മാരുടെ വാസസ്ഥലത്തു ഹാജരാവുകയും ചെയ്തിരുന്നു. ഒരു ദിവസം പതിവുപോലെ രണ്ടാനകളും കരുതിച്ചു കാട്ടിലേയ്ക്കു പോയിട്ടു കൊച്ചയ്യപ്പൻ തിന്നു തിന്നു വടക്കോട്ടും പത്മനാഭൻ തിന്നു തിന്നു തെക്കോട്ടും പോയതിനാൽ അവർതമ്മിൽ പിരിയാനിടയായി. കുറച്ചൂരം പോയതിന്റെ ശേഷം പത്മനാഭൻ കൊച്ചയ്യപ്പൻ വരുന്നുണ്ടോ എന്നു നാലുപുറത്തേയ്ക്കും നോക്കി. അപ്പോൾ മൻവശത്തു കുറച്ചകലെയായി കരാന നിൽക്കുന്നതു കണ്ടു് അതു കൊച്ചയ്യപ്പനാണെന്നു വിചാരിച്ചു പത്മനാഭൻ അങ്ങോട്ടു ചെന്നു. അതു വാസ്തവത്തിൽ ഒരു വലിയ കാട്ടാനയായിരുന്നു. പത്മനാഭൻ ചെന്നടുത്തപ്പോൾ ആ കാട്ടാന ചാടിയൊരു കുത്തുകൊടുത്തു. പത്മനാഭൻ കൊമ്പുകൊണ്ടു തട്ടിക്കളഞ്ഞതിനാൽ കുത്തു കൊണ്ടില്ല. അപ്പോൾ കാട്ടാനയ്ക്കു ദ്വേഷ്യം കലശലായി. ആ ആന പത്മനാഭനെ കുത്താനായി വീണ്ടും ചാടിച്ചെന്നു. അപ്പോൾ പത്മനാഭനും കോപാന്ധനായിത്തീരുകയാൽ ആ കുത്തും കൊള്ളാതെ കൊമ്പുകൊണ്ടു തട്ടിക്കള

Digitized By Kerala Sahitya Akademi

ഞ്ഞിട്ട കാട്ടാനയെ കുത്താനായി പത്മനാഭൻ ചാടിവീണു. കാട്ടാനയും കുത്തുകൊള്ളാതെ കൊമ്പുകൊണ്ടു തട്ടിക്കളഞ്ഞു ഇങ്ങനെ ആ രണ്ടാനകളും ബാലിസുഗ്രീവന്മാരെപ്പോലെ അതിഭയങ്കരമായ യുദ്ധം പൊടിപൊടിച്ചുതുടങ്ങി. പിറേറദിവസം നേരം വെളുത്തിട്ടും ആ ആനകളുടെ യുദ്ധം അവസാനിച്ചില്ല. നേരം വെളുത്തപ്പോൾ കൊച്ചയ്യപ്പൻ പതിവുപോലെ ആനക്കാരന്മാരുടെ വാസസ്ഥലത്തെത്തി. അപ്പോൾ പത്മനാഭനെ അവിടെ കാണാഞ്ഞിട്ടു കൊച്ചയ്യപ്പനു വലിയ വിചാരമായി. നേരം രാത്രിയായിട്ടും പത്മനാഭൻ വന്നുചേർന്നില്ല. ഒരു വിധത്തിൽ രാത്രി കഴിച്ചുകൂട്ടീട്ടു നേരം വെളുത്തപ്പോൾ കൊച്ചയ്യപ്പൻ പത്മനാഭനെ അന്വേഷിക്കാനായി കാട്ടിലേയ്ക്കു യാത്രയായി. അവന്റെ പിന്നാലെ ചില താപ്പാനകളോടുകൂടി തിരുമൂലംപിള്ള മുതലായ ആനക്കാരന്മാരും പോയി. കുറെ ദൂരം ചെന്നപ്പോൾ ഒരു കാൽ നാഴികയ്ക്കു് അകലെയായി രണ്ടാനകളുടെ അമർച്ചയും കൊമ്പുകൾ കൂട്ടിയടിക്കുന്ന ശബ്ദങ്ങളും കേട്ടുതുടങ്ങി. അപ്പോൾത്തന്നെ കൊച്ചയ്യപ്പനും തിരുമൂലംപിള്ള മുതലായവരും സംഗതി മനസ്സിലാക്കി. ഉടനെ തിരുമൂലംപിള്ള ഒരു താപ്പാനയുടെ ചങ്ങല യഴിച്ചു കൊച്ചയ്യപ്പന്റെ മുമ്പിൽ ഇട്ടുകൊടുത്തു. കൊച്ചയ്യപ്പൻ ആ ചങ്ങല നാലായിട്ടു മടക്കിയെടുത്തുകൊണ്ടു നടന്നുതുടങ്ങി. പിന്നാലെ മറുള്ളവരും ചെന്നു. അങ്ങനെ കുറച്ചു ദൂരംകൂടി ചെന്നപ്പോൾ പത്മനാഭനും ഒരു വലിയ കാട്ടാനയും തമ്മിൽ യുദ്ധംചെയ്തുകൊണ്ടു നിൽക്കുന്നതു് അവർ സ്പഷ്ടമായി കണ്ടു. കാട്ടാന ചാടി പത്മനാഭനെ കുത്തുകയും പത്മനാഭൻ കൊമ്പുകൊണ്ടു തട്ടുകയും ചെയ്ത സമയം കൊച്ചയ്യപ്പൻ ചാടിച്ചെന്നു കൈയിലുണ്ടായിരുന്ന ചങ്ങലകൊണ്ടു കാട്ടാനയുടെ ഒരു മർമ്മസ്ഥലത്തു് ഉശക്കോടുക്കി ഒരടി കൊടുത്തു. അടികൊണ്ട ക്ഷണത്തിൽ കാട്ടാന മരണവേദനയോടുകൂടി മൂന്നു വട്ടംചുറ്റി നിലവതിച്ചു. അതോടുകൂടി ആ കാട്ടാനയുടെ കഥയും കഴിഞ്ഞു. പിന്നെ ഒട്ടുംവൈകാതെ

Digitized By Kerala Sahitya Akademi

കാട്ടിൽനിന്നു തിരികെപ്പോരികയും ചെയ്തു. അതിൽപ്പിന്നെ കൊച്ചയ്യപ്പനെ കൂടാതെ പത്മനാഭൻ തനിച്ചു് ഒരു കായ്ത്തിനും ഒരു സ്ഥലത്തും പോകാറില്ല.

ഒരിക്കൽ കുഴിയിൽ വീണ ഒരു കാട്ടാനയെ കുഴിയിൽ നിന്നു കയറാനായി വടങ്ങളിട്ടു കെട്ടിയ ശേഷം പുറകിലത്തെ വടം ഒരു മരത്തിന്മേൽ കെട്ടീട്ടു കുഴത്തിൽ കെട്ടിയിരുന്ന വടങ്ങളിൽ വലത്തുവശത്തെ വടം കൊച്ചയ്യപ്പനും ഇടത്തുവശത്തെ വടം മറൊരു താപ്പാനയും പിടിച്ചു. പിന്നെ കുഴിയുടെ മുകളിലിട്ടിരുന്ന തടികൾ മഞ്ഞപ്രത്തിരുനീലകണ്ഠനും പത്മനാഭനുംകൂടി തള്ളിനീക്കിക്കൊണ്ടുംനിന്നു. ആ സമയം കടുവിൽ പത്മനാഭൻ തള്ളിനീക്കിയ ഒരു തടിയുടെ ആററം മഞ്ഞപ്രത്തിരുനീകലണ്ഠന്റെ തുമ്പിക്കൈയിന്മേൽ കൊള്ളുന്നതിനിടയായി. തന്നിമിത്തം തിരുനീലകണ്ഠനു സപ്പല്പം വേദനയുണ്ടാവുകയും അവൻ കോപാന്ധനായിത്തീരുകയും ഉടനേക്കോട്ടുകൂടി ചാടി പത്മനാഭന്റെ പാർശ്വഭാഗത്തു് ഒരു കുത്തു കൊടുക്കുകയും പത്മനാഭൻ തൽക്ഷണം മറിഞ്ഞുവീണു ചാവുകയും ചെയ്തു. ആതു കണ്ടപ്പോൾ കൊച്ചയ്യപ്പന്റെ വിധം ആകപ്പാടെ ഒന്നു മാറി. അപ്പോൾ തിരുമൂലംപിള്ള "മകനേ! ചതിക്കരുതേ; വടം വിട്ടുകൂടയല്ലേ" എന്നു കൊച്ചയ്യപ്പനോടു പറയുകയും "തിരുനീലകണ്ഠനെ മാറിക്കൊള്ളണം" എന്നു് ആ ആനയുടെ ആനക്കാരനോടു് ആംഗ്യം കാണിക്കുകയും ചെയ്തു. കൊച്ചയ്യപ്പൻ തിരുമൂലംപിള്ളയുടെ വാക്കിനെ അവഗണിക്കാതെയിരിക്കാൻ നിവൃത്തിയില്ലായ്കകൊണ്ടു് അത്യന്തം കോപത്തോടും ദുസ്സഹമായ ദുഃഖത്തോടും വടം പിടിച്ചു കൊണ്ടുപോയി കാട്ടാനയെ കൂട്ടിലാക്കി അടച്ചതിന്റെ ശേഷം തിരുനീലകണ്ഠൻ നിന്നിരുന്ന സ്ഥലത്തേയ്ക്കു് അതിവേഗത്തിൽ ഓടിയെത്തി. അപ്പോൾ തിരുനീലകണ്ഠനെ അവിടെയെങ്ങും കാണായ്കയാൽ കൊമ്പിന്റെ തരിപ്പു തീർക്കാനായി അവിടെ നിന്നിരുന്ന ഒരു തെങ്ങുമരത്തിന്മേൽ ഇടതുകൊമ്പു കൊണ്ടാഞ്ഞുകുത്തി ഒരു കുത്തു കൊടുത്തു. കുത്തുകൊണ്ടു മരം ഇള

Digitized By Kerala Sahitya Akademi

ഞ്ഞു. കൊച്ചയ്യപ്പന്റെ കൊമ്പു മറുവശത്തു ചെന്നു. പിന്നെ കൊച്ചയ്യപ്പൻ കൊമ്പു് ഉരിയെടുത്തുകൊണ്ടു തിരുമൂലംപിള്ളയുടെ വാസസ്ഥലത്തേയ്ക്കു പോയി. കൊച്ചയ്യപ്പൻ കുത്തിത്തുളച്ച തേക്കുമരം ഇപ്പോഴും അവിടെ നില്ക്കുന്നുണ്ടത്രെ. ആ സമയം തിരുനീലകണ്ഠനെ കണ്ടിരുന്നുവെങ്കിൽ കൊച്ചയ്യപ്പൻ അവന്റെ കഥ കഴിക്കുമായിരുന്നു എന്നുള്ളതിനു സംശയമില്ല. ആ സമയത്തെന്നല്ല പിന്നെ കുറിക്കലും കൊച്ചയ്യപ്പനു മഞ്ഞപ്രത്തിരുനീലകണ്ഠനെ കാണുന്നതിനു് ഇടകൊടുത്തിട്ടില്ല. തിരുനീലകണ്ഠനെ ഉടനെ അരിപ്പാട്ടുക്ഷേത്രത്തിൽ എഴുന്നള്ളിപ്പിനായി അങ്ങോട്ടയച്ചു് അവിടെ നിറുത്തുകയും സാക്ഷാൽ വൈക്കത്തു തിരുനീലകണ്ഠൻ കഴിഞ്ഞതിന്റെ ശേഷം അങ്ങോട്ടയയ്ക്കുകയും അവനു പകരം കോന്നിയിലേയ്ക്കു താപ്പാനയായി വലിയ ബാലകൃഷ്ണൻ എന്നു പ്രസിദ്ധപ്പെട്ട ആനയെ നിയമിക്കുകയും ചെയ്തു. കൊച്ചയ്യപ്പൻ തിരുമൂലംപിള്ളയുടെ വാസസ്ഥലത്തു ചെന്നിട്ടു് ഏഴു ദിവസത്തേയ്ക്കു വെള്ളം കുടിക്കുകപോലും ചെയ്യാതെ രാപ്പകൽ കരഞ്ഞുകൊണ്ടു് അവിടെ ഒരു സ്ഥലത്തു കിടന്നു. പിന്നെ തിരുമൂലംപിള്ളയുടെ സാന്ത്വനവാക്കുകൾകൊണ്ടു് ഒരുവിധം സമാശ്വസിച്ചു കരച്ചിൽ തീർത്തു തിന്നുകയും വെള്ളം കുടിക്കാൻ തുടങ്ങുകയും ക്രമേണ പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ചെയ്തു. "വല്ല ദുഃഖമെന്നാലും കാലം ചെല്ലുമ്പോൾ കുറഞ്ഞുപോം" എന്നുണ്ടല്ലോ.

വലിയ ബാലകൃഷ്ണൻ എന്ന പ്രസിദ്ധപ്പെട്ട താപ്പാന കോന്നിയിൽ വന്നുചേർന്നതിന്റെ ശേഷം കുറച്ചുകാലത്തേയ്ക്കു് ആനകളെ കുഴിയിൽനിന്നു കയറ്റി കൂട്ടിലാക്കി അടയ്ക്കുയെന്നുള്ള കായ്യം ആ ആനയും കൊച്ചയ്യപ്പനുംകൂടിയാണു് നിർവ്വഹിച്ചുപോന്നതു്. കൊച്ചയ്യപ്പനു വലിയ ബാലകൃഷ്ണനെക്കുറിച്ചു പത്മനാഭനെക്കുറിച്ചുണ്ടായിരുന്നിടത്തോളം സ്നേഹമുണ്ടായിരുന്നില്ല. എങ്കിലും വിരോധവുമുണ്ടായിരുന്നില്ല.

അങ്ങിനെയിരുന്നപ്പോൾ ഒരു വലിയ കാട്ടാന കുഴിയിൽ

Digitized By Kerala Sahitya Akademi

പീണ. അതിനെ വടങ്ങളിട്ട കെട്ടി കഴിയിൽനിന്ന കയറി കഴത്തിൽ കെട്ടിയിരുന്ന വടങ്ങളിൽ ഇടത്തുവശത്തെ കൊ ച്ചയ്യപ്പനും വലത്തുവശത്തെ ബാലകൃഷ്ണനും കടിച്ചുപിടിച്ചു കൊണ്ടു കൂട്ടിലേയ്ക്കു പുറപ്പെട്ട അപ്പോൾ ആ കാട്ടാന കാട്ടിലേ യ്ക്കു പാഞ്ഞുതുടങ്ങി. ഈ രണ്ടാനകൾ പിടിച്ചിട്ടും ആ കാട്ടാന നിന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ വലിയ കാടായി. കാട്ടാന യെ തിരിച്ചുകൊണ്ടുവരുവാൻ സാധിക്കയില്ലെന്നു കണ്ടപ്പോൾ ബാലകൃഷ്ണൻ വടം വിട്ടുകളകയും പിൻതിരിഞ്ഞു് കാടിറപ്പോവു കയും ചെയ്തു. എങ്കിലും കൊച്ചയ്യപ്പൻ വടം വിട്ടില്ല. ആ കാട്ടാന കാട്ടിൽക്കൂടി കൊച്ചയ്യപ്പനേയും വലിച്ചുകൊണ്ടു നട ന്നു. കുറച്ചു കഴിഞ്ഞപ്പോൾ നേരം വൈകിത്തുടങ്ങി. അ പ്പോൾ തിരുമൂലംപിള്ള "മകനേ! നേരം വൈകിത്തുടങ്ങി. രാത്രിയിൽ നമ്മൾ കാട്ടിലകപ്പെട്ടാൽ ഈ ആനയുടെ കൂട്ടാന കൾ വന്നു നമ്മുടെ കഥ കഴിക്കും. അതിനാൽ നേരമിരുട്ടുന്ന തിനുമുമ്പു നമുക്കു തിരിച്ചുപോകാനുള്ള മാർഗ്ഗം നോക്കണം" എന്നു പറഞ്ഞു. ഉടനെ കൊച്ചയ്യപ്പൻ തല താഴ്ത്തി വടത്തി ന്മേൽ ചവിട്ടിപ്പിടിച്ചുകൊണ്ടു കൊമ്പുകൊണ്ടു വടത്തിന്മേൽ ഒരു തടകൊടുത്തു. അപ്പോൾ കാട്ടാനയുടെ തല പെട്ടെന്നു താഴുകയും കൊമ്പു നിലത്തു മുട്ടുകയും ചെയ്തു. അത്തരത്തിനു കൊച്ചയ്യപ്പൻ കാട്ടാനയുടെ പാർശ്വഭാഗത്തു് ഉയക്കോടുകൂടി ഒ രു കുത്തും അതോടുകൂടി ഒരു തള്ളും കൊടുത്തു. മലപോലെ യിരുന്ന കാട്ടാന തൽക്ഷണം മറിഞ്ഞുവീണു ചാകുകയും കൊ ച്ചയ്യപ്പനും തിരുമൂലംപിള്ളയും അപ്പോൾത്തന്നെ തിരികെ വാസസ്ഥലത്തേയ്ക്കു പോരികയും ചെയ്തു. ഈതിൽപ്പിന്നെ കൊ ച്ചയ്യപ്പൻ വലിയ ബാലകൃഷ്ണനോടുകൂടി യാതൊന്നിനും പോ യിരുന്നില്ല.

കോന്നിയിൽ താപ്പാനകളുടെ കൂട്ടത്തിൽ കല്യാണി എ ന്നു പേരായിട്ട് ഒരു പിടിയാനയും ഉണ്ടായിരുന്നു. ആനയുടെ ആനക്കാരൻ ഗോവിന്ദപ്പിള്ള എന്നൊരാളായിരുന്നു. അയാൾ കൊച്ചയ്യപ്പന്റെ ആനക്കാരനാകേണമെന്നാഗ്രഹിച്ചു് അതി

Digitized By Kerala Sahitya Akademi

ലേയ്ക്കു ചില ശുപാശ്കികൾ ചെയ്കൊണ്ടിരുന്നു. അനേകകാലത്തെ ഉത്സാഹവും ശുചാശ്യംകൊണ്ട് കടുക്കം അതു സാധിച്ചു. തിരുമൂലംപിള്ളയെ കല്യാണിയുടെ ആനക്കാരനായും ഗോവിന്ദപ്പിള്ളയെ കൊച്ചയ്യപ്പന്റെ ആനക്കാരനായും നിയമിച്ച മേലാവിൽനിന്ന് ഉത്തരവു വന്നു. തിരുമൂലംപിള്ളയ്ക്കും കൊച്ചയ്യപ്പനും ഇതു് ഏറവും സങ്കടകരമായിരുന്നു. എങ്കിലും നിവൃത്തിയില്ലായ്കയാൽ അവരതു സമ്മതിച്ചു. കൊച്ചയ്യപ്പനു ഗോവിന്ദപ്പിള്ളയോടു വിരോധമൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും അയാൾ പറയുന്നതുപോലെയൊന്നും അവൻ ചെയ്തിരുന്നില്ല. അതിനാൽ കായ്മനടപ്പില്ലാതെയായിത്തീർന്നു. അതറിഞ്ഞു മേലാവിൽനിന്നു രണ്ടാനക്കാരന്മാരേയും യഥാപൂർവ്വം കരു മാസത്തിനകം മാറി നിയമിക്കുകയും കായ്ങ്ങളെല്ലാം മുറയ്ക്കു മുമ്പിലത്തെപ്പോലെ നടന്നുതുടങ്ങുകയും ചെയ്തു.

പത്മനാഭൻ മരിച്ചതിന്റെ ശേഷം തിരുമൂലംപിള്ള പകലത്തെ പണി കഴിഞ്ഞു തന്റെ വാസസ്ഥലത്തേയ്ക്കു പോകുമ്പോൾ കൊച്ചയ്യപ്പനെക്കൂടെ കൊണ്ടുപോയി തീറ കൊടുത്തു് അവിടെ നിറുത്തുകയാണു് പതിവു്. കൊച്ചയ്യപ്പൻ ചെറുപ്പത്തിൽ റാണിയിൽക്കുത്താവിന്റെ വാസസ്ഥലത്തു് എപ്രകാരമോ അപ്രകാരംതന്നെയാണു് തിരുമൂലംപിള്ളയുടെ വാസസ്ഥലത്തു താമസിച്ചിരുന്നതു്. തിരുമൂലംപിള്ളയുടെ മക്കളും മറും കൊച്ചയ്യപ്പന്റെ അടുക്കൽ ചെന്നു കളിക്കുകയും അവൻ അവരെ കളിപ്പിക്കുകയും ചെയ്തിരുന്നു. കുട്ടികൾ ചെന്നു കൊച്ചയ്യപ്പന്റെ ചെവികളിലും തുമ്പിക്കയ്യിലുമെല്ലും വാലിലുമെല്ലും പിടിച്ചു തുങ്ങിയാലും അവൻ അവരെ ഉപദ്രവിക്കാറില്ല. ചിലപ്പോൾ കുട്ടികളുടെ ഉപദ്രവംകൊണ്ടു വേദന ഉണ്ടായാൽ കൊച്ചയ്യപ്പൻ അവരുടെ ചെവിക്കും തുടയ്ക്കും തുമ്പിക്കയ്യിന്റെ അഗ്രംകൊണ്ടു പിടിച്ചു തിരുമ്മും. എന്നാൽ കുട്ടികൾക്കു് അതുകൊണ്ടു വലിയ വേദന ഉണ്ടാകാറുമില്ല.

തിരുമൂലംപിള്ളയ്ക്കു് ഒരിക്കലും കൊച്ചയ്യപ്പനെ അടിക്കേണ്ടതായി വന്നിട്ടില്ല. തിരുമൂലംപിള്ള പറയുന്നവ മാത്രമല്ല,

Digitized By Kerala Sahitya Akademi

മനസ്സിൽ വിചാരിക്കുന്നവക്കൂടി കൊച്ചയ്യപ്പൻ അറിഞ്ഞു വേണ്ടതുപോലെ ചെയ്യും. പിന്നെ അവനെ അടിക്കുന്നതെന്തിനാണ്? ഇന്ന സ്ഥലത്തു കുഴിയിൽ കരാന വീണിട്ടുണ്ട്; അതിനെക്കയറാൻ ന മുക്ക് അങ്ങോട്ട പോകണം എന്നോ, അല്ലെങ്കിൽ ഇന്ന സ്ഥലത്ത് ഉത്സവമാണ്; അവിടെ എഴുന്നള്ളിപ്പിനു പോകണമെന്നോ പറഞ്ഞു തിരുമൂലംപിള്ള പുറത്തുകയറിക്കിടന്നുറങ്ങിയാൽ കൊച്ചയ്യപ്പൻ മുമ്പു പോയിട്ടുള്ള സ്ഥലമാണെങ്കിൽ അവൻ അവിടെ എത്തിക്കൊള്ളും. ഇടയ്ക്കു വഴിക്കു സംശയം തോന്നിയാൽ അവൻ അവിടെനിന്നു പതുക്കെ തിരുമൂലംപിള്ളയെ ഉണത്തും. അയാൾ വഴി പറഞ്ഞുകൊടുത്താൽ അവൻ പിന്നേയും നടന്നുതുടങ്ങുകയും വേണ്ടുന്ന സ്ഥലത്തു ചെന്നുചേരുകയും ചെയ്യും. അങ്ങനെയാണ് പതിവ്.

ഒരു കൊല്ലം ആറന്മുക്ഷേത്രത്തിൽ ഉത്സവകാലത്തു് എഴുന്നള്ളിപ്പിനായി കൊച്ചയ്യപ്പനെ കൊണ്ടുപോയിരുന്നു. അവിടെ എണ്ണയ്ക്കാട്ട കൊട്ടാരംവക ഒരു കൊമ്പനാനയും വന്നിരുന്നു. ആ ആനയ്ക്കു വെടിക്കെട്ടിനെക്കുറിച്ചു വളരെ ഭയമുണ്ടായിരുന്നു. വെടിയുടെ ശബ്ദം കേട്ടാൽ ആ ആന ക്ലുക്കിവിളിച്ചുകൊണ്ടു് ഓടും. അങ്ങനെയാണ് അതിന്റെ പതിവു്. അതിനാൽ ആ ആണ്ടിൽ പള്ളിവേട്ടനാൾ വെടിക്കെട്ടു് ഇറക്കിയെഴുന്നള്ളിച്ചതിന്റെ ശേഷമായിരുന്നു. ഇറക്കിയെഴുന്നള്ളിച്ചതിന്റെ ശേഷം കൊച്ചയ്യപ്പനെ മതിൽക്കകത്തു പടിഞ്ഞാറെ ഗോപുരത്തിനു വടക്കുവശത്തും കൊട്ടാരംവകയാനയെ കിഴക്കെ ഗോപുരത്തിനു തെക്കു വശത്തും കൊണ്ടുചെന്നു നിറുത്തി. കൊച്ചയ്യപ്പനു വെടിക്കെട്ടു കേട്ടാൽ ഒരിളക്കവുമില്ല; അവൻ ജനങ്ങളെ ഉപദ്രവിക്കുകയുമില്ല. അതിനാൽ തിരുമൂലംപിള്ള അവന്റെ ആടുകൽ നിൽക്കാതെ ദൂരെമാറി വെടിക്കെട്ടു കാണാൻ തയ്യാറായി നിന്നു. കൊട്ടാരംവക ആനയുടെ ആടുകൽ തോട്ടി, കുന്തം മുതലായ ആയുധങ്ങളോടുകൂടി രണ്ടാനക്കാരന്മാർ നിന്നിരുന്നു. ആനയ്ക്കു കയ്യിനു വിലങ്ങുമിട്ടു. ഉട

Digitized By Kerala Sahitya Akademi

നെ വെടിക്കെട്ട് ആരംഭിച്ചു. കമ്പക്കോട്ട പൊട്ടിത്തുടങ്ങിയപ്പോൾ കൊട്ടാരം വക ആന അത്യുച്ചത്തിൽ കരഞ്ഞു കൂകി. അപ്പോൾ മതിൽക്കകത്തു് അസംഖ്യം ജനങ്ങളുണ്ടായിരുന്നതിനാൽ അവിടെയുണ്ടായ ബഹളവും കോലാഹലവും ഇന്ന പ്രകാരമെന്നു പറയാൻ പ്രയാസംതന്നെ. കൊട്ടാരംവക ആനയുടെ ശബ്ദം കേട്ട ക്ഷണത്തിൽ കൊച്ചയ്യപ്പൻ കിഴക്കേ നടയിലെത്തി ആ ആനയെ പിടിക്കൂടി അതിനു് ഇളകാൻപാടില്ലാത്ത വിധത്തിൽ അവിടെ നിറുത്തി. വെടിക്കെട്ടു കഴിഞ്ഞു ജനങ്ങളെല്ലാം പിരിഞ്ഞതിന്റെ ശേഷമേ കൊച്ചയ്യപ്പൻ പിടിച്ച പിടി വിട്ടുള്ളു.

കൊച്ചയ്യപ്പനു ചോറുവകയ്ക്കു സക്കാരിൽനിന്നു പ്രതിദിനം രണ്ടുപറ അഞ്ചിടങ്ങഴി അരി പതിവുവെച്ചിട്ടുണ്ടായിരുന്നു. ആ അരി തിരുമൂലംപിള്ളയെ ഏല്പിച്ചുകൊടുക്കുകയാണു് പതിവു്. കോന്നിയിൽ കാട്ടതീററി ധാരാളമായിട്ടുണ്ടായിരുന്നതുകൊണ്ടു തിരുമൂലംപിള്ള തെങ്ങോല മുതലായവ ധാരാളമായി കൊടുത്തിരുന്നതിനാലും കൊച്ചയ്യപ്പൻ ഒരു പറ അരിയുടെ ചോറിലധികം തിന്നാറില്ല. ശേഷമുള്ള അരി തിരുമൂലംപിള്ള എടുക്കുകയാണു് പതിവു്. തിരുമൂലംപിള്ളയുടെ വീട്ടിൽ ഭാര്യയും മക്കളും മരുമായി അനേകം പേരുണ്ടായിരുന്നു. അയാൾക്കുള്ള ശമ്പളംകൊണ്ടു് ഏല്ലാവക്കുംകൂടി ചെലവിനു മതിയാവുകയില്ലായിരുന്നു. പിന്നെ അയാൾ ഈ അരികൊണ്ടുകൂടിയാണു് കുടുംബം പുലത്തിപ്പോന്നിരുന്നതു്. ഈ പരമാത്മാവറിഞ്ഞു കല്യാണിയുടെ ആനക്കാരനായ ഗോവിന്ദപ്പിള്ള പേരും ഒപ്പും കൂടാതെ കൺസർവേറാർ സായ്പിന്റെ പേക്കു് ഒരു കള്ളഹർജ്ജി എഴുതിയയച്ചു. ആ ഹർജ്ജിയിൽ കൊച്ചയ്യപ്പനാന ഒരു പറയരിയുടെ ചോറിലധികം തിന്നുകയില്ലെന്നും ശേഷമുള്ള അരി തിരുമൂലംപിള്ള അന്യായമായി അപഹരിക്കുകയാണെന്നും മറും വിവരിച്ചിരുന്നു. ഹർജ്ജി കിട്ടീട്ടു മുന്നറിവു കൊടുക്കാതെ ഉടനെ പുറപ്പെട്ടു് സായ്പ് കോന്നിയിലെത്തി. കാലത്തു് ആറുമണിക്കാണു് സായ്പ് അവിടെ എത്തി

Digitized By Kerala Sahitya Akademi

യതു്. ഉടനെ തിരുമൂലംപിള്ളയെ വിളിച്ചു, കൊച്ചയ്യപ്പനു, ചോറു, തന്നെക്കാൺകെ അരി അളന്നിട്ടു വെച്ചുകൊടുക്കണമെന്നു സായ്പ് ചട്ടംകെട്ടി. അപ്രകാരം തിരുമൂലംപിള്ള സായ്പിന്റെ മുമ്പിൽ വെച്ചുതന്നെ ഇരുപത്തഞ്ചിടങ്ങഴി അരി അളന്നിട്ടു വെച്ചു കൊച്ചയ്യപ്പനു ചോറു കൊടുത്തു. അതിനിടയ്ക്കു തിരുമൂലംപിള്ള കൊച്ചയ്യപ്പന്റെ ചെവിയിൽ "മകനേ! ചതിക്കരുതേ; എന്റെ കുഞ്ഞുകുട്ടികൾക്കു പട്ടിണിയാക്കരുതു" എന്നു സായ്പ് കേൾക്കാതെ സകായ്മയായി പറഞ്ഞു. കൊച്ചയ്യപ്പൻ അതു കേട്ടു കായ്യം മനസ്സിലായി എന്നുള്ള ഭാവത്തിൽ തല കുലുക്കുകയും ചെയ്തു. കൊച്ചയ്യപ്പൻ ആ ചോറു മുഴുവനും തിന്നതിന്റെ ശേഷം വിശപ്പടങ്ങിയില്ല എന്നുള്ള ഭാവത്തിൽ സായിപ്പിന്റെ മുമ്പിൽ ചെന്നുനിന്നു് ഉറക്കെ നിലവിളിച്ചു. ഉടനെ സായ്പ് അഞ്ചെട്ടു പഴക്കുലകൂടി വരുത്തി കൊച്ചയ്യപ്പനു കൊടുത്തു. അവൻ അതുമെല്ലാം വാങ്ങിത്തിന്നു. എന്നിട്ടും നല്ല തൃപ്തിയായ ഭാവമുണ്ടായില്ല. പിന്നെ സായ്പ് തിരുമൂലംപിള്ളയെ വിളിച്ചു കൊച്ചയ്യപ്പനെക്കൊണ്ടുപോയി അവനു വയർ നിറയത്തക്കവണ്ണം തെങ്ങോലയോ മറ്റോ കൊടുക്കാൻ ചട്ടംകെട്ടിയയച്ചു. അന്നുതന്നെ സായ്പ് അദ്ദേഹത്തിനു കിട്ടിയ ഫജ്ജി തിരുമൂലംപിള്ളയുടെ വിരോധികളിലാരോ അയച്ചു കള്ളഫർജിയാണെന്നു തീർച്ചപ്പെടുത്തുകയും കൊച്ചയ്യപ്പനു് അഞ്ചിടങ്ങഴി അരി കൂട്ടി പ്രതിദിനം മൂന്നു പറ അരിയുടെ ചോറുചീതം കൊടുക്കുന്നതിനും അതിനുള്ള അരി യഥാപൂർവ്വം തിരുമൂലംപിള്ളയെത്തന്നെ ഏല്പിച്ചുകൊടുക്കുന്നതിനും ഏർപ്പാടു ചെയ്കയും ചെയ്തു. അതിനാൽ ഗോവിന്ദപ്പിള്ള ചെയ്ത ഉപദ്രവം തിരുമൂലംപിള്ളയ്ക്കു് ഉപകാരമായിത്തീർന്നു.

അങ്ങനെ കുറച്ചു കാലം കഴിഞ്ഞപ്പോൾ വൈക്കത്തു ക്ഷേത്രത്തിൽ എഴുന്നള്ളിപ്പിനു തക്കതായ ആനയൊന്നും ഇല്ലാതെ വരികയാൽ കൊച്ചയ്യപ്പനെ അവിടെ അയച്ചു നിറുത്തണമെന്നു് ഉത്തരവു വരികയും അതനുസരിച്ചു് അവനെ അങ്ങോട്ടയയ്ക്കുകയും ചെയ്തു. അക്കാലം കോന്നിയിൽ തക്ക

Digitized By Kerala Sahitya Akademi

തായ താപ്പാന ഇല്ലാതെയിരുന്നതുകൊണ്ടു കഴിയിൽ വീണ ആനകളിൽ മിക്കവയും കയറിപ്പൊയ്ക്കളയുകയും പിടിച്ചവ യെത്തന്നെ കൂട്ടിലാക്കി അടയ്ക്കാൻ വളരെ പ്രയാസം നേരിടു കയും ചെയ്കയാൽ ആ വിവരങ്ങളെല്ലാം സായ്പ് എഴുതിയ യയ്ക്കുകയും കൊച്ചയ്യപ്പനെ തിരിയെ കോന്നിയിൽത്തന്നെ വ രുത്തി നിറുത്തിക്കൊള്ളുന്നതിനു് ഉത്തരവുണ്ടാകയും ചെയ്തു. അതനുസരിച്ചു കൊച്ചയ്യപ്പൻ പിന്നെയും കോന്നിയിൽത്ത ന്നെ വന്നുചേർന്നു.

കൊച്ചയ്യപ്പൻ കൊപ്പത്തിൽനിന്നു പിടിച്ചു കൂട്ടിലാക്കി അടച്ചിട്ടുള്ള ആനകൾക്കു കണക്കില്ല. അവൻ കഴികളിൽനി ന്നുതന്നെ എഴുനൂറിലധികം ആനയെ കയറി കൂട്ടിലാക്കി അ ടച്ചിട്ടുണ്ടു്. അവൻ അധികം ആനകളെ കൊന്നിട്ടുമില്ല. കൊച്ചയ്യപ്പൻ ഒരു കാട്ടാനയെ ചങ്ങലകൊണ്ടു് അടിച്ചും മ റൊന്നിനെ കുത്തിയും ഇങ്ങനെ രണ്ടാനകളെ കൊന്നിട്ടുള്ള തായി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതു കൂടാതെ അവൻ ഒരാ നയെക്കൂടെ കൊന്നിട്ടുണ്ടു്. ഒരിക്കൽ കോന്നിയിലുള്ള ആനക്കൂ ട്ടുകളിൽ സ്ഥലം മതിയാകാതെ വരികയാൽ പത്തനാപുരത്തും ചില ആനക്കൂട്ടുകളുണ്ടാക്കി. കൊച്ചയ്യപ്പനും മറൊരു താപ്പാ നയുംകൂടി ഒരു കാട്ടാനയെ കഴിയിൽനിന്നു കയറിക്കൊണ്ടു വന്നു പത്തനാപുരത്തുള്ള കൂട്ടിലാക്കി അടയ്ക്കാനായി പുറപ്പെ ട്ടു. ആ കാട്ടാന വലിയ പിണക്കക്കാരനായിരുന്നു. അതിനെ കൊണ്ടുപോകാനുള്ള പ്രയാസംകൊണ്ടും വല്ല പ്രകാരവും കൂട്ടി ലാക്കി അടച്ചാലും പിന്നീടു നാശങ്ങളുണ്ടാക്കിത്തീർത്തുകളമെ ന്നു തോന്നിയതിനാലും പിടി വിട്ടാൽ തന്നെത്തന്നെ അവൻ കുത്തിക്കൊന്നേയ്ക്കുമെന്നുള്ള ഭയംനിമിത്തവും കൊച്ചയ്യപ്പൻ ആ കാട്ടാനയെ വഴിയ്ക്കുവെച്ചു കുത്തിക്കൊന്നുകളഞ്ഞു. ഈ തും തിരുമൂലംപിള്ളയുടെ സമ്മതപ്രകാരമായിരുന്നു. കൊച്ചയ്യ പ്പനും കൂട്ടാനയും വിഷമിക്കുന്നു എന്നു കണ്ടപ്പോൾ "എ ന്നാൽ കാച്ചിക്കളക മകനേ!" എന്നു തിരുമൂലംപിള്ള പറഞ്ഞി ട്ടാണു് കൊച്ചയ്യപ്പൻ കുത്തിയതു്. തിരുമൂലംപിള്ള പറയാതെ

Digitized By Kerala Sahitya Akademi

കൊച്ചയ്യപ്പൻ സ്വമേധയാ അങ്ങനെയൊന്നും ചെയ്യാറില്ല.

ഇക്കഴിഞ്ഞ 1099-ാമാണ്ടു കർക്കടകമാസത്തിൽ നാടുനീങ്ങിയ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് കരിങ്കൽ കൊല്ലത്തു് എഴുന്നള്ളിയിരുന്ന സമയം കൊച്ചയ്യപ്പനെ കാണുന്നതിനു കല്പിച്ചാവശ്യപ്പെട്ട പ്രകാരം എഴുതിച്ചെല്ലുകയാൽ തിരുമൂലംപിള്ള അവനെ കൊല്ലത്തു കൊണ്ടുചെന്നു തിരുമുമ്പാകെ ഹാജരാക്കി. കൊച്ചയ്യപ്പൻ തിരുമുമ്പാകെച്ചെന്ന ഉടനെ തുമ്പിക്കയ്യിൽ മടക്കിപ്പിടിച്ചിരുന്ന ഒരു കടലാസു തിരുമുമ്പാകെ വെച്ചിട്ടു മുട്ടുകുത്തി തല കുനിച്ചു നമസ്കരിച്ചു. ഉടനെ എഴുന്നേറ്റു തിരുമുമ്പാകെ നിന്നു. തിരുമനസ്സുകൊണ്ടു് ആ കടലാസു തൃക്കയ്യിലെടുത്തു തൃക്കൺപാർത്തു. അതു് ഒരു ഹർജിയായിരുന്നു. അതിന്റെ സാരം—അടിയനു് ആകാമായിരുന്ന കാലത്തെല്ലാം തിരുമനസ്സിലെ ഗവർമ്മെൻറിലേയ്ക്കു നഷ്ടം നേരിടാത്ത വിധത്തിലും ആദായമുണ്ടാകത്തക്കവണ്ണവും മടിയും വ്യാജവും കൂടാതെ യഥാശക്തി അടിയൻ വേല ചെയ്തിട്ടുണ്ടു്. ഇപ്പോൾ അടിയനു പ്രായാധിക്യം നിമിത്തമുള്ള ക്ഷീണംകൊണ്ടു വേലചെയ്യാൻ നിവൃത്തിയില്ലാതെ ആയിരിക്കുന്നു. അതിനാൽ വേല പിടുത്തി പെൻഷൻ തരുന്നതിനു സദയം കല്പനയുണ്ടാകണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു—എന്നായിരുന്നു. കൊച്ചയ്യപ്പനു് ഇതു് എഴുതിക്കൊടുത്തതു് ആരാണെന്നും മറ്റും അന്വേഷിക്കാതെതന്നെ തിരുമനസ്സുകൊണ്ടു് അവനു പെൻഷൻ കൊടുക്കാൻ സസന്തോഷം കല്പിച്ചനുവദിച്ചു. കൊച്ചയ്യപ്പനെക്കൊണ്ടു മേലാൽ യാതൊരു വേലയും ചെയ്യിപ്പിച്ചുപോകരുതെന്നും അവനു പതിവുള്ള ചോറും മറ്റു തീറ്റികളും ശരിയായി കൊടുത്തുകൊള്ളണമെന്നും അവനെ മേലാൽ ആറ്റുനുള്ളെ നിറുത്തി രക്ഷിച്ചുകൊള്ളണമെന്നും രണ്ടു നേരവും ആറ്റിൽ കൊണ്ടുപോയി കുളിപ്പിക്കണമെന്നും ചോറു കൊടുക്കുന്നതിനും മറ്റും നേരനീക്കം വരുത്തരുതെന്നും മറ്റുമായിരുന്നു കല്പന. ഇങ്ങനെ ഒരു കല്പന തിരുവിതാംകൂറിൽ മറ്റൊരാനയെക്കുറിച്ചും ഉണ്ടായി

Digitized By Kerala Sahitya Akademi

ട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല. ഈ കല്പന ഉണ്ടായ കാലംമുതൽ കൊച്ചയ്യപ്പന്റെ താമസം ആറന്മുളയായിരുന്നു. അവിടെവെച്ചുതന്നെ അവൻ വിശേഷിച്ചു യാതൊരു കാരണവും കൂടാതെ അനായാസേന ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. അതു കൊല്ലം 1086-ാമാണ്ടു കുംഭമാസത്തിൽ കൊച്ചയ്യപ്പന്റെ 103-ാമത്തെ വയസ്സിലായിരുന്നു. കൊച്ചയ്യപ്പനെക്കുറിച്ചു് ഇനിയും പല കഥകൾ പറയാനുണ്ടു്. പക്ഷേ ഇക്കാലത്തുള്ള ചില ചെറുപ്പക്കാക്കു് അവയെല്ലാം കേവല അതിശയോക്തികളാണെന്നു തോന്നിയേയ്ക്കുമെന്നു വിചാരിച്ചാണു് അധികം വിസ്തരിക്കാതെ ചുരുക്കത്തിൽ പറഞ്ഞുതീർത്തതു്. കൊച്ചയ്യപ്പൻ കുഴിയിൽ വീണ കാലംമുതൽ കണക്കാക്കുകയാണെങ്കിൽ അവനു് അനേകം അനന്തരവന്മാരുണ്ടായിട്ടുണ്ടെന്നു പറയാം. എങ്കിലും അവന്റെ അമ്പതാമത്തെ വയസ്സുമുതൽ അവസാനകാലംവരെ അവന്റെ രക്ഷകനായി ഇരുന്നിട്ടുള്ളതു തിരുമൂലംപിള്ള തന്നെയാണു്. ആകപ്പാടെ വിചാരിച്ചാൽ ഇങ്ങനെ ഒരാനയും ഒരാനക്കാരനും വേറെ ഉണ്ടായിട്ടില്ലെന്നു പറയാം. ഇനി ഉണ്ടാകുന്നു കായ്മും സംശയവുമാണു്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

നോവലുകളും കഥകളും

1.	ചന്ദ്രലേഖ (ബങ്കിമചന്ദ്രചാറ്റർജി)	2	8
2.	പരിമള ,,	1	
3.	നിർമ്മല (പ്രേംചന്ദ്)	2	
4.	വഞ്ചന ,,	3	
5.	പ്രേമപഞ്ചമി ,, (കഥകൾ)	1	
6.	രാധാറാണി (ശരച്ചന്ദ്രചാറ്റർജി)	1	
7.	ബാബിലോണിലെ രാജകുമാരി (ഭവാൾട്ടയർ)	1	
8.	കാൻഡീഡ് ,,	2	
9.	ഒരു സ്ത്രീയുടെ ജീവിതം (മോപ്പസാങ്)	2	
10.	ആപ്പിൾപൂമരമാട്ട് (സിഗ്നെദ്ഹിപ്പിയസ്)	0	8
11.	മനുഷ്യപുത്രൻ (മാക്സിംഗോർക്കി)	1	
12.	ഇരുണ്ട ദിവസങ്ങൾ (ഇവാനസൻ)	1	
13.	രാജ്ഞിക്കഥാ (വാൻഡാവാസിലൂവ്സ്കി)	2	
14.	ഗ്രാമീണകഥകൾ (ഗോർക്കോർസ്)	1	
15.	ഡ്യൂമാസിന്റെ മരണാവിലാപം (ടുർഗ്നീവ്)	1	
16.	മോപ്പസാങ്ങ്—കഥകൾ (അബ്ബോസ്)	1	0
17.	റഷ്യൻ കഥകൾ (എൻ. വി. കൃഷ്ണവാരിയർ)	1	4
18.	ഒരു റഷ്യൻ കഥകൾ	1	4
	(വിവ: എൻ. പി. നാരായണൻനായർ)		
19.	രണ്ടു പുഷ്പിൻകഥകൾ (വിവ: എ. മാധവൻ)	1	0
20.	ഏകാകിനിയുടെ വിജയം (വിജയലക്ഷ്മി പണ്ഡിറ്റ്)	1	3
21.	പ്രതികാരം (ഒനോർവിജിയൻ നോവൽ)	2	8
22.	വിനോദിനി (ബങ്കിം)	2	8
23.	മഹാരാജാവും 2 മനുഷ്യരും	3	12
24.	ഒരാൾ ഗാന്ധിജിയുടെ (മൂയിഹിഷർ)	2	8
25.	എറിക്കാലോകോ (വെൻഡൽവിസ്കി)	3	0
26.	സ്റ്റാലിന്റെ ജീവചരിത്രം (ബാൻഡോസ്ലാസ്കി)	2	8
27.	ഐതിഹ്യമാല 1 മുതൽ 6 വരെയുള്ള ഭാഗങ്ങൾ ഓരോ ഭാഗത്തിനും	2	0

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ

Digitized By Kerala Sahitya Akademi